

# ഒരു കുടുംബപുരാണം

(ടെലിസീരിയൽ)

കഥ, തിരക്കഥ

## ഇ. ഹരികുമാർ




Oru Kudumbapuranam

**ഒരു കുടുംബപുരാണം**

Teleserial script

by E. Harikumar

Unauthorised use of this script or part thereof is prohibited

Copyright © 2013 E.Harikumar

*courtesy:*

*cover design based on a sketch that appeared in*

*vanitha fortnightly when serialised in that magazine*

# ഒരു കുടുംബപുരാണം

## ടെലി–സീരിയൽ

### രംഗങ്ങൾ.

നേർച്ചക്കോഴി
മലമുകളിലെ വെളിച്ചം
മാതാവിന്റെ ആശിസ്സുകളോടെ
ഉയിർത്തെഴുന്നേൽപ്പ്
ഒരു ഡിറ്റക്ടീവായി
കനിവിന്റെ സ്പർശം
പീഡാനുഭവം
ഒരു സമരിയക്കാരിയുടെ
പ്രശ്നങ്ങൾ
ആദ്യത്തെ കല്ലെറിയുമ്പോൾ
എന്റെ പ്രിയപുത്രൻ
വായനയുടെ പ്രശ്നങ്ങൾ
വരൻ വന്നത്
പല്ലക്കിലായിരുന്നില്ല
അമ്മച്ചിക്കൊരു
ഈസ്റ്റർ സമ്മാനം

# ഒരു കുടുംബപുരാണം
## (ടെലിസീരിയൽ)

### കഥ, തിരക്കഥ
## ഇ. ഹരികുമാർ

### കഥാപാത്രങ്ങൾ
### (ഒരു പരിചയം)

1. ത്രേസ്യാമ്മ: വയസ്സ് 47. കാണുന്നതെന്തും ലാഭകരമായി നടത്തുന്ന കച്ചവടമാക്കി മാറ്റാൻ അപാരമായ കഴിവുള്ള സ്ത്രീ. ബുദ്ധിശക്തിയിലും നിരീക്ഷണപാടവത്തിലും അവർക്കുള്ള കഴിവ് പക്ഷേ അവരെ പല അപകടം പിടിച്ച സ്ഥിതിവിശേഷങ്ങളിലും എത്തിക്കുന്നു.
2. ജോസപേട്ടൻ: വയസ്സ് 58. ത്രേസ്യാമ്മയുടെ ഭർത്താവ്. ഭാര്യയുടെ കച്ചവടസംരഭങ്ങളിലും കുറ്റാന്വേഷണ പര്യടനങ്ങളിലും കുടികൊള്ളുന്ന സാഹസികതകളും അവയുടെ ദാരുണമായ പരിസമാപ്തിയും ലാഘവത്തോടെ, അല്പം നർമ്മബോധത്തോടെ കാണാൻ കഴിവുള്ള ആൾ.
3. പാറുകുട്ടി: വയസ്സ് 20. ത്രേസ്യാമ്മയുടെ വീട്ടുജോലിക്കാരി മാത്രമായിരുന്നില്ല പാറുകുട്ടി. അവരുടെ മനസ്സാക്ഷി സൂക്ഷിപ്പുകാരിയും, സാഹസങ്ങളിൽ പങ്കാളികൂടിയായിരുന്നു അവൾ; ഷെർലക്ഹോംസിന് വാട്സനെപ്പോലെ. വളരെ ഒതുങ്ങി ജീവിച്ചിരുന്ന അവളുടെ ജീവിതത്തിൽ ഒരു ചെറുപ്പക്കാരൻ യാദൃശ്ചികമായി കടന്നുവന്നത് ഒരു വഴിത്തിരിവാകുന്നു. (അദ്ധ്യായം: വരൻ വന്നത് പല്ലക്കിലായിരുന്നില്ല).
4. ജോമോൻ: വയസ്സ് 26. ത്രേസ്യാമ്മയുടെയും ജോസഫേട്ടന്റെയും ഏകമകൻ. ഗൾഫിൽ ജോലി. കാര്യക്കുട്ടിയാണ്. അപ്പനും അമ്മയ്ക്കും വയസ്സുകാലത്ത് കണ്ടാസ്വദിക്കാൻ ഒരു ടിവിയും വിസിയാറും കൊണ്ടുവന്നു. ജോസഫേട്ടന് അത് വിനോദത്തിനുള്ള ഉപാധിയായപ്പോൾ ത്രേസ്യാമ്മയുടെ കച്ചവടബുദ്ധി ഉണർന്നു പ്രവർത്തിച്ചതിന്റെ ഫലം അത്ര ആശാവഹമായിരുന്നില്ല. (അദ്ധ്യായം : മലമുകളിലെ വെളിച്ചം).
5. മറിയാമ്മ: ജോസഫേട്ടന്റെ അമ്മ. വയസ്സ് 75. കുലീനയായ സ്ത്രീ, മരുമക്കൾക്ക് ഇഷ്ടപ്പെട്ട അമ്മായിയമ്മ. ത്രേസ്യാമ്മയുടെ വീഡിയോ ബിസിനസ്സിലെ നിർണായകമായ ഘട്ടത്തിൽ അവർ സ്വയമറിയാതെത്തന്നെ സാക്ഷിയാവുന്നു. (അദ്ധ്യായം: മലമുകളിലെ വെളിച്ചം). ഒരിക്കൽ വന്നപ്പോൾ അവർ, മനപ്പൂർവ്വമല്ലാതെ, മകൻ അദ്ധ്വാനിച്ചുണ്ടാക്കിയ പുൽത്തകിടി കിളച്ചുമറിക്കുന്നു. അത് മധുരമായ ഓർമ്മകളുടെ പ്രവാഹമുണ്ടാക്കുന്നു. (അദ്ധ്യായം: എന്റെ പ്രിയപുത്രൻ).
6. ശൈലജ: വയസ്സ് 25. സൂത്രക്കാരി. ത്രേസ്യാമ്മയുടെ മൂന്നാമത്തെ കച്ചവടമായ പ്ലേസ്കൂളിലെ ആദ്യത്തെ കസ്റ്റമർ, ശൈലജയുടെ മൂന്നുമാസം പ്രായമായ മകളായിരുന്നു. (അദ്ധ്യായം: മാതാവിന്റെ ആശിസ്സുകളോടെ).
7. എലിയുമ്മ എന്ന എലിസബത്ത്. വയസ്സ് 40. മുട്ടക്കച്ചവടക്കാരി. ആദ്യത്തെ കച്ചവടസംരഭത്തിൽത്തന്നെ ത്രേസ്യാമ്മയുടെ ആത്മാവിൽ ആഴത്തിലുള്ള മുറിവേല്പിച്ച സ്ത്രീ. (അദ്ധ്യായം: നേർച്ചക്കോഴി).
8. ഭവാനി. വയസ്സ് 30. അല്പം അപഥസഞ്ചാരമുണ്ട്. അവളുടെ അമ്മായിയമ്മ കല്യാണിയുടെ ആവശ്യപ്രകാരം ഇടപെടാൻ ചെന്ന ത്രേസ്യാമ്മയ്ക്കു പറ്റിയ ദുരന്തത്തിന്റെ ആഴം, പാറുകുട്ടി അതിനെതിരായി ഉപദേശിച്ചിരുന്നുവെന്നതുകൊണ്ട് കുറയുന്നില്ല. (അദ്ധ്യായം: ആദ്യത്തെ കല്ലെറിയുമ്പോൾ).
9. ജോർജ്ജൂട്ടി. വയസ്സ് 28. കാമുകി ഗ്രേസി. വളരെ അസാധാരണമായ പരിതസ്ഥിതിയിൽ ത്രേസ്യാമ്മ ഇവരെ കണ്ടുമുട്ടുന്നു. ആ പരിചയം അവർക്ക് പിന്നീട് വളരെ ഹൃദയഭേദകമായ ഒരനുഭവം ഉണ്ടാക്കുന്നു. മാത്രമല്ല മരിച്ച പെൺകുട്ടി തെരുവിലൂടെ നടക്കുന്നത് നേരിൽ കാണുന്നതുവരെയുള്ള സ്ഥിതിവിശേഷത്തിൽ എത്തിച്ചേരുന്നു. (അദ്ധ്യായം: ഉയർത്തെഴുന്നേല്പ്)
10. ക്ലാര. വയസ്സ് 38. ത്രേസ്യാമ്മയുടെ അനുജത്തി. ജോസഫേട്ടൻ അവളുടേതു കൂടിയാണെന്ന് ശഠിക്കുന്നു. ത്രേസ്യാമ്മയുടെ വിവാഹരാത്രിയിൽ കട്ടിലിന്നടിയിൽ ഒളിച്ചിരുന്ന് പ്രശ്നമുണ്ടാക്കിയ എട്ടു വയസ്സുകാരിയാണ് ക്ലാര. ജോസഫേട്ടൻ അപഥസഞ്ചാരം നടത്തുന്നുവെന്ന് സംശയം തോന്നിയപ്പോൾ ചേച്ചിയുടെ കൂടെ ഒരു ഡിറ്റക്ടീവായി അന്വേഷിക്കാൻ പോകുന്നു. (അദ്ധ്യായം: ഒരു ഡിറ്റക്ടീവായി...)

11. നാസർ. വയസ്സ് 30. മുന്തിരിക്കച്ചവടക്കാരൻ. ഒരു തമാശക്കാരനായ അയാൾ കോളനിയിലേയ്ക്ക് വന്നതോടെ ത്രേസ്യാമ്മയുടെ പീഡാനുഭവങ്ങൾ തുടങ്ങുന്നു. (അദ്ധ്യായം: പീഡാനുഭവം).
12. മരപ്പണിക്കാർ. വീടുമോടിപിടിപ്പിക്കുന്നതിന്റെ ഭാഗമായി ഏർപ്പെടുത്തിയവരാണ്, അവർ മുൻകൂർപണവും വാങ്ങി പെട്ടെന്ന് അപ്രത്യക്ഷരാകുന്നു. കേസുകൊടുക്കുവാൻ മുതിർന്ന ജോസഫേട്ടനെ വിധിയുടെ അജ്ഞാതകരങ്ങൾ എട്ടുവയസ്സുള്ള പീറ്ററെന്ന പയ്യൻന്റെ രൂപത്തിൽ വന്ന് പിൻതിരിപ്പിക്കുന്നു. (അദ്ധ്യായം: കനിവിന്റെ സ്പർശം).
13. വലിയ റസ്റ്റോറണ്ടിൽ പാറുകുട്ടിയുടെ ഒപ്പം ഭക്ഷണം കഴിക്കുമ്പോൾ മുമ്പിലിരിക്കുന്ന 'പാവപ്പെട്ട' കുട്ടിക്ക് ഐസ്ക്രീം വാങ്ങിക്കൊടുത്തതോടെ ഓട്ടോവിൽ പോകാനുള്ള പണം തികയാതെ വന്നപ്പോൾ ബസ്സ്സ്റ്റോപ്പിലേയ്ക്കു നടക്കുമ്പോൾ ആ 'പാവപ്പെട്ട' കുട്ടിയുടെയും അമ്മയുടെയും യഥാർത്ഥസ്ഥിതി മനസ്സിലാവുന്നു. താൻ സ്വപ്നം കാണുകയാണോ എന്നറിയാൻ നുള്ളാനാവശ്യപ്പെട്ടപ്പോൾ പാറു കുട്ടിയുടെ കമന്റ്. "അമ്മച്ചിയെ നുള്ളകയല്ല വേണ്ടത്, ഇടിക്കുകയാ." (അദ്ധ്യായം: ഒരു സമരിയക്കാരിയുടെ പ്രശ്നങ്ങൾ).
14. മനസ്സിന്റെ താളം തെറ്റിയ മനശ്ശാസ്ത്രജ്ഞനും അതേ നിലയിലുള്ള ഭാര്യയും. പഞ്ചസാര പൊതിഞ്ഞു കൊണ്ടുവന്ന കടലാസിലെ 'മനശ്ശാസ്ത്രജ്ഞനോടു സംസാരിക്കു' എന്ന കോളം വായിച്ചതിനെത്തുടർന്ന് ത്രേസ്യാമ്മയ്ക്കുണ്ടായ പ്രശ്നങ്ങൾ. (അദ്ധ്യായം: വായനയുടെ പ്രശ്നങ്ങൾ.)
15. രണ്ടാമത്തെ പ്രാവശ്യം ലീവിൽ വരുമ്പോൾ ഒപ്പം കൊണ്ടുവന്ന ഫ്രണ്ട്, ത്രേസ്യാമ്മ ജോമോന്‌വേണ്ടി ആ സൂത്രണം ചെയ്ത കാര്യങ്ങളെല്ലാം തകിടം മറിക്കുന്നു. അമ്മച്ചിക്കു ഈസ്റ്ററിനു കൊണ്ടുവന്ന വിചിത്രസമ്മാനം സ്വീകരിക്കാനും തിരസ്കരിക്കാനും വയ്യാത്ത പരുവത്തിലാവുന്നു ത്രേസ്യാമ്മ. (അദ്ധ്യായം: അമ്മച്ചിക്കൊരു ഈസ്റ്റർ സമ്മാനം).
16. ത്രേസ്യാമ്മയ്ക്ക്, സ്വന്തം ഭർത്താവ് ആശ്വസിപ്പിക്കാൻ എത്താത്തപ്പോൾക്കൂടി സാന്ത്വനമരുളുന്ന എല്ലാമറിയുന്ന, എല്ലാം പൊറുക്കുന്ന കർത്താവ്. (എല്ലാ അദ്ധ്യായത്തിലും നിറഞ്ഞുനിൽക്കുന്നു.)

കഥ, തിരക്കഥ
ഇ. ഹരികുമാർ

*Episode 1*

## നേർച്ചക്കോഴി.

ഈ  എപ്പിസോഡിലേയ്ക്കു വേണ്ട കഥാപാത്രങ്ങൾ

ജോസഫേട്ടൻ
ത്രേസ്യാമ്മ
പാറുകുട്ടി
പള്ളീലച്ചൻ
സോഫി
കോളനിയിലെ സ്ത്രീകൾ
കോഴി

സീൻ 1.
ഇടപ്പള്ളി ഫൊറോന പള്ളിയിൽ പെരുന്നാൾ. പള്ളിയുടെ ലോങ്ഷോട്ട്. മുകളിൽനിന്ന് താഴ്ന്നുവന്ന് ജനക്കൂട്ടത്തിൽ ഒരു നിമിഷം തങ്ങുന്നു. ക്രമേണ ക്ലോസപ്പിൽ കാണുന്നത് മദ്ധ്യവയസ്കയായ ഒരു സ്ത്രീ, ത്രേസ്യാമ്മ. തടിച്ച്, വെളുത്ത പ്രകൃതം. അപ്പർ മിഡിൽ ക്ലാസിൽ പെടുമെങ്കിലും ചട്ടയും മുണ്ടുമാണ് വേഷം. മാറിലിട്ട നാടൻ ഒരു സ്വർണ്ണനിറത്തിലുള്ള ബ്രോച്ചുകൊണ്ട് ബ്ലൗസിന്മേൽ ഉറപ്പിച്ചിരിക്കുന്നു. അവർ ചുറ്റും നോക്കുമ്പോൾ കാണുന്നത് സഞ്ചിയിലും അല്ലാതെ തൂക്കിപ്പിടിച്ച നിലയിലും കോഴികളെയാണ്. നേർച്ചക്കു കൊണ്ടുവന്ന കോഴികൾ. ത്രേസ്യാമ്മയുടെ ശ്രദ്ധ ഈ കോഴികളിൽ പതിയുന്നു. നോക്കുന്നിടത്തൊക്കെ കോഴികളെ കാണുന്ന പ്രതീതിയുണ്ടാക്കണം.
സീൻ 2.
പള്ളിയിലെ ഹാളിൽ വിശുദ്ധ കുർബ്ബാന. അച്ചൻ പ്രസംഗിക്കുന്നു. ഹാളിൽ നിൽക്കുന്നവരുടെ ഇടയിൽ ത്രേസ്യാമ്മയിൽ കാമറ തങ്ങുന്നു. അവർ പ്രസംഗം ശ്രദ്ധിക്കുകയല്ലെന്നു വ്യക്തം. അച്ചൻ പ്രസംഗം കഴിഞ്ഞ് കുരിശു വരച്ചപ്പോൾ പ്രാർത്ഥനക്കായി എല്ലാവരും മുട്ടുകുത്തുന്നു. ത്രേസ്യാമ്മ മാത്രം നിൽക്കുകയാണ്. അവർ ഈ ലോകത്തേ അല്ല. ആൾക്കാരുടെ ശ്രദ്ധ ത്രേസ്യാമ്മയിൽ പതിയുന്നതവർ അറിയുന്നില്ല.
മാത്യു അച്ചൻ: പ്രസംഗത്തിൽ ശ്രദ്ധ പതിപ്പിക്കാൻ കഴിയാതിരുന്ന ആൾക്കാരും പ്രാർഥന സമയത്ത് മുട്ടുകുത്തിയിരിക്കണം.
പെട്ടെന്ന് ത്രേസ്യാമ്മ ഞെട്ടുന്നു. ഹാളിൽ താൻ മാത്രം എഴുന്നേറ്റു നിൽക്കുകയാണെന്നും അടുത്തിരുന്ന സോഫി തന്റെ ചട്ട പിടിച്ചു വലിക്കുകയാണെന്നും അവർ മനസ്സിലാക്കുന്നു. ജാള്യത മറച്ചുവച്ചുകൊണ്ട് അവർ മുട്ടുകുത്തിയിരിക്കുന്നു.
സീൻ 3.
ത്രേസ്യാമ്മ ആലോചിക്കുന്നു. കോഴികൾ. ഭർത്താവ് ജോസഫേട്ടൻ കോഴിക്കു വേണ്ടി ഒരു കൂടുണ്ടാക്കുന്നത് സ്വപ്നം കാണുകയാണവർ.  ഒരു പീഞ്ഞപ്പെട്ടിയെടുത്ത്, ഈർച്ചവാളും ഉളിയും ചുറ്റികയുമെടുത്ത് ജോസ

ഫേട്ടൻ പെരുമാറുന്ന ചിത്രം ഒരു ഫ്ളാഷായി കാണിക്കണം. അവസാനം തയ്യാറായ കോഴിക്കൂടിന്റെ ചിത്രം മനസ്സിൽ തെളിയുമ്പോൾ അവർ കുറച്ചുറക്കെത്തന്നെ പറയുന്നു.

ത്രേസ്യാമ്മ: അപ്പോ കൂടു തയ്യാറായി, ഇനി കോഴി?

ഹാൾ ഒരു നിമിഷം നിശ്ശബ്ദമാവുന്നു, പിന്നെ പ്രാർഥന തുടരുന്നു. ഇടത്തുവശത്ത് കുമ്പിട്ടുനിൽക്കുന്ന ലില്ലി ത്രേസ്യാമ്മയെ കുറച്ചു ശക്തിയോടെത്തന്നെ തോണ്ടുന്നു. കോഴിക്കാര്യം പറഞ്ഞത് കുറച്ചുറക്കെയായി എന്നവർക്കു മനസ്സിലായപ്പോൾ അവർ മുന്നോട്ടു നോക്കി അക്ഷോഭ്യയായി അച്ചൻ പറഞ്ഞത് കുറച്ചുറക്കെത്തന്നെ ഏറ്റുപറയുന്നു.

ത്രേസ്യാമ്മ: കർത്താവായ യേശുവിനെ........

സീൻ 4.

പള്ളിക്കു പുറത്ത് നേർച്ചപ്പെട്ടിക്കു സമീപം ജോസഫേട്ടൻ, മറ്റു സ്ത്രീകളുടെ ഒപ്പം സാവധാനത്തിൽ നടന്നു വരുന്ന ത്രേസ്യാമ്മയെ നോക്കി നിൽക്കുന്നു. ത്രേസ്യാമ്മ അടുത്തു വന്നപ്പോൾ പറയുന്നു:

ജോസഫേട്ടൻ: താനിന്ന് എന്തോന്നാ കാട്ടിക്കൂട്ടീത്?

ത്രേസ്യാമ്മയുടെ മുഖത്ത് ചമ്മലുണ്ട്. അത് വിദഗ്ദമായി മറച്ചുകൊണ്ട് അവർ പറയുന്നു.

ത്രേസ്യാമ്മ: നമുക്കൊരു കോഴിയെ വാങ്ങണം.

ജോസഫേട്ടൻ (കുസൃതിയോടെ): അതെന്തിനാ? വീട്ടിൽ ഞാനുണ്ടല്ലോ? പിന്നെയെന്തിനാ വേറെയൊരെണ്ണം?

ത്രേസ്യാമ്മ വീണ്ടും ചമ്മുന്നു. ഒപ്പം നടന്നുവന്ന സ്ത്രീകൾ അത് കേട്ടുവോ എന്ന ഭയത്തോടെ നോക്കുന്നു. ഇല്ല, ആരും കേട്ടിട്ടില്ല.

ത്രേസ്യാമ്മ: (ശബ്ദമടക്കി, പല്ലുകടിച്ചുകൊണ്ട്) ഒരു പിടക്കോഴിയെ വാങ്ങാനാ പറഞ്ഞത്.

ജോസഫേട്ടൻ: വാങ്ങാലോ. ആദ്യം നീയൊരു കൂട് വാങ്ങ്, എന്നിട്ടാവാം കോഴി.

ത്രേസ്യാമ്മ: അതിന് നിങ്ങ ഇല്ലേ അവിടെ? ഒരു കൂടുണ്ടാക്കാൻ മേലാ?

ജോസഫേട്ടൻ ആലോചിക്കുന്നു. അദ്ദേഹത്തിന്ന് ആശാരിപ്പണി വളരെ ഇഷ്ടമാണ്. തന്റെ ടാലന്റ് കാണിക്കാൻ വന്നുചേർന്ന ഈ അവസരത്തിൽ അദ്ദേഹത്തിന് സന്തോഷമുണ്ട്. (ഇവിടെ നേരത്തെ കാണിച്ച കൂടുണ്ടാക്കുന്ന ക്ലിപ്പുകൾ ഒന്നോ രണ്ടോ കാണിക്കണം).

ജോസഫേട്ടൻ: (അമിതമായ സന്തോഷം മറച്ചുവെച്ചുകൊണ്ട്) നീ ആവശ്യപ്പെടാണെങ്കില് ഉണ്ടാക്കിത്തരാം. പക്ഷേ ഒന്നുരണ്ടു ദിവസം പിടിക്കും.

ത്രേസ്യാമ്മ: ശരി. അപ്പോ നമുക്ക് കോഴീനെ ഇപ്പൊത്തന്നെ വാങ്ങിക്കൂടെ?

ജോസഫേട്ടൻ: അതു വേണ്ട. അടുത്ത ഞായറാഴ്ചീം പള്ളീല് കോഴീനെ കിട്ടും. കൂട് തയ്യാറായിട്ട് കോഴീനെ വാങ്ങാം.

സീൻ 5:

ജോസഫേട്ടൻ അടുക്കള മുറ്റത്ത് തണലിൽ കോഴിക്കൂടുണ്ടാക്കുന്നു. ഇടയ്ക്ക് ത്രേസ്യാമ്മ കുടിക്കാനുള്ള വെള്ളമോ ചായയോ കൊണ്ടുവന്നു കൊടുക്കും. കുറച്ചുനേരം പണി നോക്കിക്കൊണ്ടു നിൽക്കും. ഉടനെ സംശയങ്ങൾ തല പൊക്കുകയായി. നിരവധി സംശയങ്ങൾ. അച്ചായൻ ശരിയായിട്ടു തന്നെയാണോ ചെയ്യുന്നത്? ചോദിക്കാൻ ധൈര്യമില്ലാതെ കുറച്ചു നേരം നില്ക്കും. സസ്പ്പെൻസ് സഹിക്കാതായാൽ അവസാനം ധൈര്യം സംഭരിച്ച് ചോദിക്കും.

ത്രേസ്യാമ്മ: ഇതെന്താ ഈ പലക ഇങ്ങനെ കണ്ടിച്ചിരിക്കണത്?

ജോസഫേട്ടൻ: അതോ, അത് കൂടിന്റെ വാതിലാ.

ത്രേസ്യാമ്മ: വാതിലോ? അതിന് ഇത്ര വലുപ്പം മതിയോ?

ജോസഫേട്ടൻ ഉളിയും ചുറ്റികയും നിലത്തിട്ട് നിവർന്നിരുന്ന്, മൂക്കിലേയ്ക്ക് ഊർന്നിറങ്ങിയ വെള്ളെഴുത്ത് കണ്ണടയുടെ മുകളിലൂടെ ഭാര്യയെ നോക്കുന്നു.

ജോസഫേട്ടൻ: കൊച്ചുത്രേസ്യേ, നീ എന്നോട് ഒട്ടകപ്പക്ഷിക്ക് കൂടുണ്ടാക്കാനാണോ പറഞ്ഞത്?

ഇനി സംസാരിച്ചാൽ ശരിയാവില്ലെന്ന് നന്നായറിയുന്ന ത്രേസ്യാമ്മ ഒഴിഞ്ഞ ഗ്ലാസെടുത്ത് നടക്കന്നു. തിരിഞ്ഞു നിന്ന് ഇത്രയും പറയുകയും ചെയ്തു.

ത്രേസ്യാമ്മ: നിങ്ങ എന്താച്ചാ ചെയ്തോ. പക്ഷെ, കോഴി വാതല് കടക്കുകേല കെട്ടോ.

(ഇത് അവരുടെ സ്വന്തം ഭാഷയല്ല, ഭർത്താവിന്റെ വീട്ടുകാരുടെ ഇടക്കൊച്ചി ഭാഷാശൈലിയാണ്. ഒരു കോമിക് സിറ്റ്വേഷനിൽ അവർ അനുകരിക്കുന്നുവെന്നു മാത്രം.)

സീൻ 6:

അടുക്കള. ത്രേസ്യാമ്മ ഭക്ഷണം പാകം ചെയ്യുന്ന തിരക്കിൽ. ഒപ്പം അസിസ്റ്റന്റ് പാറുക്കുട്ടിയുമുണ്ട്. 20 വയസ്സ്, കാണാൻ ചന്തമുള്ള കുട്ടി. ഒതുങ്ങിയ പ്രകൃതം.

ത്രേസ്യാമ്മ: അതിയാൻ എന്തോക്കെയോ ചെയ്യുന്നുണ്ട്. എന്താവുംന്ന് കണ്ടറിയ്യ്യന്നെ വേണം.

പാറുകുട്ടി: അമ്മച്ചി വെറുതെയിരി. ജോസഫേട്ടൻ ഒരു കാര്യം ഏറ്റാ അത് ഭംഗ്യായി ചെയ്യും.
ത്രേസ്യാമ്മ: നെനക്ക് ജോസഫേട്ടനെ അറിയാഞ്ഞിട്ടാ.
സീൻ 7:
ത്രേസ്യാമ്മ മുറ്റത്തേക്കിറങ്ങുന്നു. മുമ്പിൽ കണ്ട കാഴ്ചയിൽ അന്തിച്ചു നിൽക്കുന്നു. കാമറ പാൻ ചെയ്തു ചെല്ലുന്നത് ഭംഗിയുള്ള ഒരു മാളികയുടെ മട്ടിലുള്ള കോഴിക്കൂട്ടിലേയ്ക്കാണ്. കണ്ടാൽ ശരിക്കും ഒരു വീടു തന്നെ. രണ്ടുഭാഗത്തേക്കും ചെരിഞ്ഞു കിടക്കുന്ന മേൽപ്പുര. തുറക്കാൻ പിടിയുള്ള വാതിൽ. വീട് നിൽക്കുന്നത് നാലു കാലിൻമേലാണ്.
ത്രേസ്യാമ്മ: നിങ്ങള് നല്ലൊരു മരപ്പണിക്കാരനാണ്. (പിന്നെ ഭദ്രമായ അകലത്തിൽ നിന്നുകൊണ്ടവർ തുടരുന്നു) പോരാത്തതിന് പാരമ്പര്യവുമുണ്ടല്ലോ.
ജോസഫേട്ടൻ: (തലയുയർത്തിക്കൊണ്ട്) എടീ, മരപ്പണിക്ക് എന്താ മോശം? വൈകുന്നേരം വരെ ജോലിയെടുത്താൽ രൂപ നൂറ്റമ്പതാ കിട്ടുന്നത്. പിന്നെ പാരമ്പര്യം. മറിയത്തിന്റെ ഭർത്താവ് ജോസഫും മരപ്പണിക്കാരനായിരുന്നൂന്ന് ഓർക്കണം.”
(കന്യാമറിയത്തിന്റെ കാര്യമാണ് പറയുന്നത്. ത്രേസ്യാമ്മ മാറിൽ കുരിശു വരക്കന്നു.)
ത്രേസ്യാമ്മ: ഈശോ മിശിഹായ്ക്ക് സ്തുതിയായിരിക്കട്ടെ.
സീൻ 8:
ത്രേസ്യാമ്മ: (ഓരോ വീടുകളിൽ കയറിയിറങ്ങിക്കൊണ്ട്) അച്ചായൻ കോഴിക്കൂടുണ്ടാക്കീട്ട്ണ്ട്. നീ ഒന്ന് വന്ന് കാണ് പെണ്ണേ. (കൂടിനെപ്പറ്റിയുള്ള വർണ്ണനകൾ)
സീൻ 9:
കോളനിയിലെ സ്ത്രീജനങ്ങളെ കോഴിക്കൂടു കാണിക്കുന്ന ത്രേസ്യാമ്മ. കോളനിവാസികളുടെ അഭിപ്രായപ്രകടനങ്ങൾ. ‘നന്നായിട്ടുണ്ടല്ലേ ആന്റീ?’ ‘ജോസഫേട്ടന് അല്ലേലും മരാമത്തൊക്കെ നല്ല വശാണ്.’ തുടങ്ങിയ അഭിപ്രായങ്ങൾ.
ത്രേസ്യാമ്മ: ഇത് കണ്ടപ്പൊ ഇല്ലെടീ, എനിക്ക് ഒരു കോഴിയായിട്ട് ഇതില് വന്ന് ചേക്കേറാൻ തോന്ന്വാ. അത്രക്ക് നന്നായിട്ടുണ്ട്.
സീൻ 10:
ജോസഫേട്ടൻ പള്ളിയിൽ നിന്ന് തിരിച്ചു വന്ന് കയ്യിലുണ്ടായിരുന്ന സഞ്ചി നിലത്തുവെച്ച് സോഫയിൽ ഇരുന്ന് തോർത്തെടുത്ത് തലയിലും കഴുത്തിലും വിയർപ്പ് തുടക്കുന്നു.
ജോസഫേട്ടൻ: ഹാവു എന്തു ചൂട്.
നിലത്തുവച്ച സഞ്ചിക്കുള്ളിൽ നിന്ന് അനക്കം ത്രേസ്യാമ്മ ശ്രദ്ധിക്കുന്നു.
ത്രേസ്യാമ്മ: കോഴിയാണല്ലേ?
ജോസഫേട്ടൻ: നിനക്കെങ്ങനെ മനസ്സിലായെടി കൊച്ചുത്രേസ്യേ?”
ത്രേസ്യാമ്മ: അതിനകത്ത് അനങ്ങ്ണ്ണ്ട്.
ജോസഫേട്ടൻ: നെന്റെ ഒരു കഴിവുതന്നെ. എന്നോട് കോഴീനെ വാങ്ങിക്കൊണ്ടു വരാൻ പറഞ്ഞിട്ട് ഞാനൊരു സഞ്ചിയുമായിട്ട് തിരിച്ചു വര്വാ. എന്നിട്ട് അതു നെലത്ത് വെച്ചപ്പോ അതിനകത്ത്ന്ന് അനക്കവും. അപ്പോ നെന്റെ കണ്ടുപിടുത്തം അതു കോഴിയാണെന്ന് അല്ലെടീ കൊച്ചു ത്രേസ്യേ?
ത്രേസ്യാമ്മ: (ദേഷ്യത്തോടെ) നിങ്ങളതിനെ തുറന്ന് വിടുന്നുണ്ടോ? അതിന് ശ്വാസം മുട്ടുന്നുണ്ടാവും.
ജോസഫേട്ടൻ: നീതന്നെ അങ്ങ് തൊറന്നു നോക്ക്യേ.
ത്രേസ്യാമ്മക്ക് പേടിയുണ്ട്. തുറന്നാൽ അത് വെപ്രാളത്തിൽ തന്റെ തലയിലെങ്ങാനും കയറിയിരിക്കുമോ ആവോ. ധൈര്യം സംഭരിച്ച് സഞ്ചിയുടെ കെട്ടഴിച്ച് പക്ഷിയെ പുറത്തെടുക്കുന്നു. പ്രതീക്ഷക്കെതിരായി അത് അനങ്ങാതെ കിടക്കുകയാണ്. അതിന്റെ കാലുകൾ കെട്ടിയിട്ടിരുന്നു.
ത്രേസ്യാമ്മ: ഭംഗിയുള്ള കോഴി
(നാടൻ കോഴിയുടെ ചാരനിറമല്ല. പൂവൻ കോഴിയുടെ തൂവൽപോലെ വർണശബളമായ ചിറകുകൾ. കഴുത്തിന്റെ പൂടമേൽ മഴവില്ലിന്റെ ചാരുത.)
ത്രേസ്യാമ്മ: ഒരു പൂവൻ കോഴിടെ മാതിരിണ്ട് നല്ല തടീംണ്ട്
ജോസഫേട്ടൻ: നീ പോയി അതിനെ കൂട്ടിൽ കൊണ്ടുപോയി ഇട്, എന്നിട്ട് എനിക്ക് കുറച്ചു വെള്ളം കുടിക്കാൻ കൊണ്ടുവാ
ത്രേസ്യാമ്മ അതിനെ എടുത്ത് കൊണ്ടുപോകുന്നു. ജോസഫേട്ടന് കുടിക്കാനുള്ള വെള്ളവുമായി വരുന്ന പാറുകുട്ടി കോഴിയെ നോക്കി അഭിപ്രായം പറയുന്നു.
പാറുകുട്ടി: നല്ല ഭംഗീള്ള കോഴി.
സീൻ 11:
അടുക്കള മുറ്റത്ത് കോഴിക്കൂട്. ത്രേസ്യാമ്മ കോഴിയെ കൂട്ടിന്റെ വാതിൽ തുറന്ന് അകത്താക്കി കാലിന്റെ കെട്ട

ഴിക്കുന്നു. കെട്ടഴിച്ച വിവരം അറിയാതെ കോഴി കുറച്ചു നേരം കിടന്നു, പിന്നെ എഴുന്നേറ്റ് നൊണ്ടിക്കൊണ്ട് നടന്നു. ക്രമേണ അതിന്റെ കാലുകൾക്ക് സ്വാധീനം വെച്ചു. അത് വാതിലിന്റെ കമ്പിവലയുടെ അടുത്തു വന്ന് ത്രേസ്യാമ്മയെ നോക്കി, എന്തിനാണ് എന്നെ ഇതിനുള്ളിലാക്കിയിരിക്കുന്നതെന്ന് ചോദിക്കുന്ന മട്ടിൽ.

ത്രേസ്യാമ്മ: ഇനി മുതൽ നെന്റെ വീടാണിത് കെട്ടോ.

മുഴുവൻ ബോധ്യമാകാത്ത വിധത്തിൽ കോഴി ത്രേസ്യാമ്മയെ നോക്കുന്നു.

സീൻ 12:

പിറ്റേന്ന് രാവിലെ. ത്രേസ്യാമ്മ കോഴിക്കൂടിന്നടുത്തു വന്ന് നോക്കുന്നു. എന്താണ് ഭാവമെന്ന മട്ടിൽ കോഴി അവരെ നോക്കുന്നുണ്ട്. ത്രേസ്യാമ്മ കൂടുതുറന്ന് കോഴിയെ പുറത്തു വിടുന്നു. കോഴി പുറത്തുകടന്ന് അവരെ ഒരു നോക്കു നോക്കി തലവെട്ടിച്ച് നടന്നു പോകുന്നു. അപ്പോഴാണ് ത്രേസ്യാമ്മ കോഴിക്കൂട്ടിൽ മുട്ട കാണുന്നത്. വിശ്വാസമാവാത്ത മട്ടിൽ അവർ അതെടുക്കുന്നു. മുഖത്ത് സന്തോഷം. അവർ നന്ദിപൂർവ്വം കോഴിയെ നോക്കുന്നു. വീണ്ടും മുട്ടയിലേയ്ക്കും.

സീൻ 13:

അടുക്കള. പാറുകുട്ടി (പാവാടയും ബ്ലൗസും വേഷം) പുട്ടും കടലയും ഉണ്ടാക്കുന്ന തിരക്കിലാണ്. ത്രേസ്യാമ്മ സഹായിക്കുന്നുണ്ട്. ഇടക്കിടക്ക് അവരുടെ നോട്ടം മേശപ്പുറത്തു വച്ച മുട്ടയിലേയ്ക്ക് പോകുന്നുണ്ട്. അത വരെ സന്തോഷിപ്പിക്കുന്നതിനോടൊപ്പംതന്നെ വിഷമിപ്പിക്കുന്നുമുണ്ട്. അവർ ആലോചനയിലാണ്. പാറു കുട്ടി അവരെ ശ്രദ്ധിക്കുന്നുണ്ട്.

പാറുകുട്ടി: എന്താ അമ്മച്ചിക്കൊരാലോചന?

ത്രേസ്യാമ്മ: അല്ലെടീ, എന്നാലും ആദ്യത്തെ ദിവസംതന്നെ.....

സീൻ 14:

ഭക്ഷണമേശക്കു മുമ്പിലിരിക്കുന്ന ജോസഫേട്ടൻ. ത്രേസ്യാമ്മ ധൃതിയിൽ പിട്ടു വിളമ്പുന്നു. പാറുകുട്ടി ചായ കൊണ്ടുവന്നു വെയ്ക്കുന്നു. ത്രേസ്യാമ്മ അകത്തുപോയി ഒരു ചെറിയ നോട്ടു പുസ്തകവും പെന്നുമായി പുറത്തുവരുന്നു. ജോസഫേട്ടന് ഭക്ഷണം കൊടുക്കുന്ന കാര്യം പാറുകുട്ടിയെ ഏൽപ്പിച്ച് അവർ ധൃതിയിൽ പുറത്തു പോവുകയാണ്?

ജോസഫേട്ടൻ: എങ്ങോട്ടാ ത്രേസ്യേ ഈ രാവിലെ?

ത്രേസ്യാമ്മ: (നിൽക്കാതെ) ഞാനിപ്പോ വരാം.

സീൻ 15:

സ്വീകരണമുറി. ജോസഫേട്ടൻ പത്രപാരായണത്തിലാണ്. പുറത്തുനിന്ന് വരുന്ന ത്രേസ്യാമ്മയെ ശ്രദ്ധിക്കുന്നി ല്ല. അവരുടെ കയ്യിൽ പുറത്തുപോകുമ്പോൾ എടുത്ത പുസ്തകവും പെന്നുമുണ്ട്. അവർ ജോസഫേട്ടന്റെ അടുത്തു വന്നു നിൽക്കുന്നു. ഒരു യുദ്ധം ജയിച്ച സന്തോഷമുണ്ട് മുഖത്ത്.

ത്രേസ്യാമ്മ: നോക്കിക്കേ എന്തോരം ഓർഡറാ കിട്ടിയിരിക്കണത്?"

ജോസഫേട്ടൻ എടുത്തുമാറ്റിയ കണ്ണട വീണ്ടും വെച്ചു പുസ്തകം നിവർത്തി നോക്കുന്നു. ആദ്യത്തെ പേജിൽ എഴുതിയത് ഉറക്കെ വായിക്കുന്നു.

'ജലജ – 6 എണ്ണം.'

പേജു മറിക്കുന്നു. അടുത്തപേജിൽ, 'പത്മാവതി – 4 എണ്ണം.' അതിനടുത്ത പേജിൽ, 'ദേവകി – 4 എണ്ണം.'

ജോസഫേട്ടൻ: ഇതെന്തിന്റെ കണക്കാ കൊച്ചുത്രേസ്യേ?

ത്രേസ്യാമ്മ: അതേയ് നമ്മടെ കോഴീടെ മൊട്ടയ്ക്ക് കിട്ടിയ ഓർഡറാ.

ജോസഫേട്ടൻ കണക്കാക്കി നോക്കുന്നു.

ജോസഫേട്ടൻ: ആകെ നാൽപ്പത്തെട്ടു മുട്ടയുടെ ഓർഡർ ഉണ്ട്.

ത്രേസ്യാമ്മ: ഇവിടെ മുട്ട കൊണ്ടുവരണ ഉമ്മ ഒരു രൂപക്കാണ് വിൽക്കുന്നത്. ഞാൻ തൊണ്ണൂറു പൈസക്കു കൊടുക്കാംന്ന് ഏറ്റു. അപ്പോ എല്ലാരും എന്റെ അടുത്തുനിന്നേ വാങ്ങൂന്ന് പറഞ്ഞിരിക്ക്യാണ്. ഞാൻ അച്ചാരം വാങ്ങീട്ടൊണ്ട്.

അവർ ബ്ലൌസിന്റെ ഉള്ളിൽനിന്ന് കൊച്ചു പഴ്സ് പുറത്തെടുത്തു, നോട്ടുകളും ചില്ലറകളും മേശപ്പുറത്തിട്ട് എണ്ണാൻ തുടങ്ങി.

ത്രേസ്യാമ്മ: (ജോസഫേട്ടനെ സഹായാഭ്യർഥനയോടെ നോക്കിക്കൊണ്ട്) ഇതൊന്ന് കണക്കാക്കിയേ. പത്തി ന്റെ ഒരു നോട്ട്, അഞ്ചിന്റെ നാല്... (പെട്ടെന്ന് തലയുയർത്തിക്കൊണ്ടവർ ചോദിക്കുന്നു.) പെന്നും കടലാസും വേണോ?

ജോസഫേട്ടൻ: ഇല്ലാതെത്തന്നെ നോക്കട്ടെ, നീ പറ.

ത്രേസ്യാമ്മ: അഞ്ചിന്റെ കഴിഞ്ഞില്ലേ. ഇനി രണ്ടിന്റെ മൂന്ന് നോട്ട്. ഒറ്റ രൂപ രണ്ടെണ്ണം. പിന്നെ ചില്ലറയായിട്ട് രണ്ടു രൂപ മുപ്പത് പൈസ.

ജോസഫേട്ടൻ: നാല്പതു രൂപ മുപ്പതു പൈസ. നാല്പത്തെട്ടു മുട്ടക്ക് തൊണ്ണൂറ് പൈസ പ്രകാരം നാല്പത്തി

മൂന്ന് രൂപ ഇരുപത് പൈസ വരും. അപ്പോൾ ബാക്കിയുള്ള പൈസയോ?
ത്രേസ്യാമ്മ: അതോ, അത്.... (തല ചൊറിഞ്ഞുകൊണ്ട്) നാരായണി അച്ചാരം തന്നിട്ടില്ല. അവൾക്ക് ഒരു മുട്ടയേ വേണ്ടു. പാവം കൊച്ചിന് നല്ല ഇഷ്ടാത്രെ. അവളുടെ കയ്യിൽനിന്ന് അയ്മ്പതു പൈസയേ വാങ്ങൂ. ദേവകിക്ക് നാല്പത് പൈസ തിരിച്ചുകൊടുക്കണം. മേരിക്കുട്ടി ഒരു രൂപ തരാനുണ്ട്, അതോ അങ്ങോട്ടു കൊടുക്കാനോ? ജലജ മുഴുവൻ പണവും തന്നുവോ?.....

(കണക്കിന്റെ ദുരൂഹതയിൽ സ്വയം നഷ്ടപ്പെടുന്ന ത്രേസ്യാമ്മ.)

ജോസഫേട്ടൻ: അപ്പോ കൊച്ചു ത്രേസ്യേ, ഒരു കാര്യം ചോദിച്ചോട്ടേ?

ത്രേസ്യാമ്മയുടെ മുഖത്ത് ഒന്ന് പറഞ്ഞു തുലച്ചുകൂടെ എന്ന ഭാവം. പക്ഷേ മയപ്പെടുന്നു.

ത്രേസ്യാമ്മ: എന്തോന്നാ?

ജോസഫേട്ടൻ: നീയിപ്പോ നാല്പ്പത്തെട്ടു മുട്ടടെ ഓർഡർ പിടിച്ചില്ലേ?

ത്രേസ്യാമ്മ: ഉം?

ജോസഫേട്ടൻ: അത് ഒരാഴ്ചയ്ക്ക് വേണ്ടതല്ലെ?

ത്രേസ്യാമ്മ: അതേ. മുട്ടക്കാരി ഉമ്മ ആഴ്ചയിലൊരിക്കലാണ് വരവ്വാ. അപ്പോ ഒരാഴ്ചക്കുള്ള മൊട്ടയാണ് എല്ലാരും വാങ്ങിവെയ്ക്ക്യാ.

ജോസഫേട്ടൻ: ശരി, പക്ഷെ നമ്മടെ അടുത്ത് ഒരു കോഴിയല്ലെ ഉള്ളൂ. അതോണ്ട് എങ്ങനാ ഇത്രയും മുട്ട കൊടുക്കുന്നത്?

ത്രേസ്യാമ്മ: അതിനെന്താ? (അച്ചായന്റെ അറിവുകേടിൽ ത്രേസ്യാമ്മയ്ക്കുള്ള വിഷമം അവരുടെ മുഖത്തു നിഴലിക്കുന്നുണ്ട്) കോഴി ദെവസൂം മൊട്ടയിടില്ലേ?

അന്തംവിട്ടു നിൽക്കുന്ന ജോസഫേട്ടനെ വിട്ടുകൊണ്ട് അവർ അടുക്കളയിലേയ്ക്ക് നടക്കുന്നു. ജനലിലൂടെ അടുക്കള മുറ്റത്ത് ചിനക്കി ഭക്ഷണം തേടുന്ന കോഴിയെ അഭിമാനപൂർവം നോക്കി തിരിഞ്ഞ് ജോസഫേട്ടനോട് പറയുന്നു.

ത്രേസ്യാമ്മ: ദേണ്ടെ നോക്കിയേ, എന്തൊരൈശ്വര്യാ നമ്മടെ കോഴിക്ക്.

സീൻ 16:

വൈകുന്നേരം ചേക്കേറേണ്ട സമയം. ത്രേസ്യാമ്മ കൂടിന്റെ വാതിൽ മലർക്കേ തുറന്നിടുന്നു. കോഴിയെ കൂട്ടിലാക്കാനുള്ള ശ്രമങ്ങളാണ്. കോഴി പറമ്പിൽ നടന്നു കൊണ്ട് ത്രേസ്യാമ്മയുടെ നീക്കങ്ങൾ സംശയത്തോടെ വീക്ഷിക്കുന്നു. കൂട്ടിലേയ്ക്കു വരാൻ ധൃതിയൊന്നും കാണിക്കുന്നില്ല.

ത്രേസ്യാമ്മ: (അടുക്കളഭാഗത്തേയ്ക്കു നോക്കി, ഉറക്കെ) പാറുകുട്ടീ.

പാറുകുട്ടി: (അടുക്കളയിൽ നിന്നുതന്നെ) എന്താ അമ്മച്ചീ?

ത്രേസ്യാമ്മ: നീ നാലഞ്ചുമണി നെല്ലിങ്ങെടുത്തേ.

കോഴിയെ സ്വാധീനിക്കാനുള്ള ശ്രമങ്ങൾ തുടരുന്നു. പാറുകുട്ടി ഏതാനും നെന്മണികൾ കൊണ്ടുവന്ന് ത്രേസ്യാമ്മയുടെ കയ്യിൽ കൊടുക്കുന്നു. അതെടുത്ത് നോക്കി അവളുടെ മുഖത്തു നോക്കുന്നു.

ത്രേസ്യാമ്മ: നീ പോയി ജോസഫേട്ടന്റെ കണ്ണട ഇങ്ങെടുത്തേ.

പാറുകുട്ടി: (പെട്ടെന്ന് പോകാനായി തിരിയുന്നു. പിന്നെ സംശയത്തോടെ) എന്തിനാ അമ്മച്ചീ?

ത്രേസ്യാമ്മ: കോഴിക്ക് വച്ചുകൊടുക്കാനാ. ഇതു കാണണങ്കില് കോഴിക്ക് കണ്ണട വയ്ക്കണ്ടിവരും.

പാറുകുട്ടി: അമ്മച്ചി നാലഞ്ചു മണീന്ന് പറഞ്ഞതോണ്ടാ. അതില് എട്ടു മണീണ്ട്.

ത്രേസ്യാമ്മ നെന്മണികൾ കൂട്ടിനകത്തെപ്ലാസ്റ്റിക് പാത്രത്തിൽ ഇടുന്നു. ഇരുട്ടാൻതുടങ്ങി. കോഴി മുറ്റത്തു വന്നെങ്കിലും കൂട്ടിന്റെ അടുത്തു പോകാതെ നില്ക്കയാണ്. കൂട്ടിന്റെ വാതിൽ പതുക്കെ തട്ടി ത്രേസ്യാമ്മ കോഴിയുടെ ശ്രദ്ധയാകർഷിക്കുന്നു. ഉള്ളിൽ പ്ലാസ്റ്റിക്കു പാത്രത്തിലിട്ട നെന്മണികൾ കയ്യിലെടുത്തു ഉലർത്തിക്കാണിച്ചു കൊടുക്കുന്നു. കോഴി അതെല്ലാം നോക്കി താല്പര്യമില്ലാതെ തലതിരിക്കുമ്പോൾ അവർ മയത്തിൽ വിളിക്കുന്നു.

“കോയി ബാ ബാ...”

കോഴിക്ക് കേട്ട ഭാവമില്ല. ഇരുട്ടിത്തുടങ്ങി. സ്വമേധയാ കൂട്ടിൽ കയറില്ലെന്നുറപ്പായപ്പോൾ അവർ കോഴിയെ പിടിക്കാൻ ശ്രമമാരംഭിച്ചു. അതാകട്ടെ കൂടുതൽ അപകടത്തിൽ കലാശിക്കുന്നു. ത്രേസ്യാമ്മയെയും പാറുക്കുട്ടിയേയും പതിനഞ്ചു മിനുറ്റുനേരം ഓടിച്ചിട്ടശേഷം കോഴി പറന്നുയർന്ന് മുറ്റത്തെ മാവിന്റെ കൊമ്പത്ത് കയറിയിരിക്കുന്നു.

സീൻ 17:

രാത്രി. കിടപ്പറ. വാരിക വായിക്കുന്ന ജോസഫേട്ടന്നരികെ കിടക്കുന്ന ത്രേസ്യാമ്മയ്ക്ക് ഉറക്കം വരുന്നില്ല. കോഴിയെപ്പറ്റിയുള്ള ആശങ്കകൾ ജോസഫേട്ടനുമായി പങ്കുവയ്ക്കുന്നു.

ത്രേസ്യാമ്മ: നമ്മടെ കോഴിക്കെന്തു പറ്റിയാവോ? ഇനി അതിന് കൂട് ഇഷ്ടായില്ല്യാന്ന്ണ്ടോ?

ജോസഫേട്ടൻ: എടി കൊച്ചുത്രേസ്യേ. അതിന് ഒന്നുകൂടി പരിചയമാവണം. അതാണ് കാരണം, അല്ലാതെ

കൂട് ഇഷ്ടാവാതെയൊന്നുമല്ല.
ത്രേസ്യാമ്മ: അതിന് പെയ്ൻറിന്റെ മണം ഇഷ്ടായില്ലെ ആവോ?
ജോസഫേട്ടൻ: ഏയ് അതൊന്നുമല്ല. പക്ഷികളുടെ ജാതിസ്വഭാവാ മരത്തിമ്മല് ചേക്കേറണത്. നമ്മള് അവരെ ഇണക്കിയെടുത്തതോണ്ടാ കോഴികള് കൂട്ടില് താമസിക്കണത്. അത് അതിന്റെ ജാതി സ്വഭാവം കാണിക്ക്യാണ്. നീ എടയ്ക്ക് കാണിക്കാറില്ലേ, അതുപോലെ.
ജോസഫേട്ടന്റെ അഭിപ്രായം ത്രേസ്യാമ്മയിൽ പ്രതികരണമോ പ്രകോപനമോ സൃഷ്ടിക്കാൻ പര്യാപ്തമാകാത്തവിധം അവർ പരിഭ്രാന്തയാണ്.
സീൻ 18:
രാവിലെ. തന്നെ പിടിച്ചു കൂട്ടിലാക്കാനുള്ള ശ്രമങ്ങൾ കോഴി വിദഗ്ദമായി പരാജയപ്പെടുത്തുന്നു.
ത്രേസ്യാമ്മ: (വരാന്തയിൽ നോക്കിനിൽക്കുന്ന പാറുകുട്ടിയോട്) ഇന്നലെ മുട്ടയിട്ടതാ. ഇന്നും മുട്ടയിടാൻ സ്വയം തോന്നി കൂട്ടിൽ വരണ്ടതല്ലെ? ഇനി അതു വേറെ വല്ല വീട്ടു പറമ്പിലും പോയി മുട്ടയിടും.
പാറുകുട്ടി: അമ്മച്ചീ ഇങ്ങു വാ. അത് തന്നത്താൻ വന്ന് മുട്ടയിട്ടോളും.
അവൾ അടുക്കളയിലേയ്ക്ക് പോകുന്നു. അതിനെ എങ്ങിനെയെങ്കിലും പിടിക്കാൻ തന്നെ തീർച്ചയാക്കുന്നു ത്രേസ്യാമ്മ. കോഴിയും ത്രേസ്യാമ്മയും കൂടിയുണ്ടായ ബഹളം. അയൽക്കാർ എത്തിനോക്കുന്നു. അരമണിക്കൂറിനുശേഷം കോഴി അടുക്കളമുറ്റത്ത് മാവിൽകൊമ്പിൽ തലേന്നു ചേക്കേറിയ അതേ സ്ഥാനത്ത് കയറി താഴെ പോറലുകൾ തലോടി നില്ക്കുന്ന ത്രേസ്യാമ്മയേയും നോക്കിയിരിപ്പാകുന്നു.
ജോസഫേട്ടൻ: (ജനലിലൂടെ വിളിച്ചു പറയുന്നു.) താനതിനെ വെറുതെ വിട്. എന്നിട്ട് വന്ന് ചായയുണ്ടാക്കാൻ നോക്ക്.
ത്രേസ്യാമ്മ: ഞാനിതിന്റെ കുറുമ്പ് മാറ്റിക്കൊടുക്കാം.
ത്രേസ്യാമ്മ മുകളിലേക്കു നോക്കിക്കൊണ്ടു നിൽക്കുന്നു. അപ്പോഴാണ് അതു കാണുന്നത്. കോഴിയുടെ മൂട്ടിൽ ഒരു ചെറിയ വെള്ള നിറം. അതു വലുതായിവരുന്നു. അതെന്താണെന്ന് മനസ്സിലാവുമ്പോൾ "ഇതാ പോണു എന്റെ തൊണ്ണൂറു പൈസ" എന്നു പറഞ്ഞുകൊണ്ട് കൈനീട്ടി മുന്നോട്ടു കുതിക്കുകയും മാവിന്റെ വേരിൽ തടഞ്ഞ് കമിഴ്ന്നടിച്ചു വീഴുകയും ചെയ്യുന്നു.
ശബ്ദം കേട്ട് അടുക്കളയിൽനിന്ന് പാറുകുട്ടി ഓടിയെത്തുന്നു.
പാറുകുട്ടി: അമ്മച്ചി വീണുവോ.
ത്രേസ്യാമ്മ: (എഴുന്നേൽക്കാനുള്ള ശ്രമത്തിനിടയിൽ) ഇല്ലെടീ, ഞാൻ വെറുതെ ഒന്നു കിടന്നുനോക്കിയതാ. നീ ഇളിക്കാതെ എന്റെ കൈ പിടിച്ച് എഴുന്നേൽപ്പിക്കാൻ നോക്ക്
ജോസഫേട്ടൻ (പുറത്തു വന്നു നോക്കുന്നു) ഞാനപ്പോഴേ പറഞ്ഞതാ. ഒന്നും പറ്റിയില്ലല്ലോ കൊച്ചുത്രേസ്യേ?
കോഴി ഈ വിചിത്രമായ പരിപാടി അടുത്ത മൂന്ന് ദിവസങ്ങളിലും വിജയകരമായി അരങ്ങേറുന്നു. ത്രേസ്യാമ്മക്ക് പക്ഷെ തന്റെ ഭാഗം ആവർത്തിക്കാൻ തോന്നുന്നില്ല. മുറ്റത്ത് വീണുകിടക്കുന്ന മുട്ടത്തോടുകൾ പെറുക്കി പറമ്പിലേയ്ക്കു വലിച്ചെറിഞ്ഞുകൊണ്ട് അവർ കോഴിയെനോക്കി പ്രാകുന്നു.
ത്രേസ്യാമ്മ: നിന്നെ കാണിച്ചു തരാമെടി.
(കോഴി, പരിഹസിക്കുന്നപോലെ ശബ്ദമുണ്ടാക്കുന്നു.)
സീൻ 18:
ശനിയാഴ്ച. ത്രേസ്യാമ്മ പതിനൊന്നു മണിയുടെ ചായയും നുകർന്ന് ഉമ്മറത്തിരിക്കുന്നു. തലയിൽ മുട്ട നിറച്ച കൂടയുമായി മുട്ടക്കാരി ഉമ്മ ഗേയ്റ്റു കടന്നുവന്നു. മെലിഞ്ഞ സ്ത്രീ. നാൽപ്പതു വയസ്സേ പ്രായമുള്ളുവെങ്കിലും കൂടുതൽ പ്രായം തോന്നിക്കും. ചട്ടയും മുണ്ടും വേഷം. തുറന്ന വാതിൽക്കൽ കൂട ഇറക്കിവെച്ച്, ചട്ട ശരിയാക്കി അവർ ഉമ്മറപ്പടിയിലിരുന്ന് ത്രേസ്യാമ്മയെ നോക്കുന്നു. ത്രേസ്യാമ്മ അല്പം പരുങ്ങലോടെ ഉമ്മയെ നോക്കുന്നു. ഉമ്മ ഭാവഭേദമൊന്നുമില്ലാതെ തന്റെ ശുഭ്രവസ്ത്രത്തിൽ പറ്റിപ്പിടിച്ച വൈക്കോൽ തുരുമ്പ് എടുത്തുകളഞ്ഞുകൊണ്ട് ചോദിക്കുന്നു:
മുട്ടക്കാരി ഉമ്മ: എങ്ങനെണ്ട് മുട്ടക്കച്ചോടം ചേടത്തീ?
ത്രേസ്യാമ്മ: ആ തരക്കേടില്ല.
മറുപടി പറഞ്ഞുകഴിഞ്ഞപ്പോഴാണ് ചോദ്യത്തിന്റെ മുഴുവൻ വ്യാപ്തിയും അവർക്ക് പിടികിട്ടുന്നത്.
ത്രേസ്യാമ്മ: (തുടരുന്നു) എന്താ എലിസബത്തേ അങ്ങിനെ ചോദിക്കണത്?
എലിസബത്ത്: അല്ല, ചോദിച്ചതാ. നിങ്ങ മൊട്ടക്കച്ചോടം തൊടങ്ങീന്ന് കോളനീല് എല്ലാരും പറഞ്ഞു.
(മറുപടിയൊന്നുമില്ലെന്നു കണ്ടപ്പോൾ അവർ തുടരുന്നു.)
എലിസബത്ത്: ഞാൻ രാവിലെ ഒമ്പതു മണിക്ക് നടക്കാൻ തൊടങ്ങീതാ. ഒരൊറ്റ മൊട്ട ചെലവായിട്ടില്ല.
(അവർ കൂടയുടെ മൂടി തുറന്നു കാണിക്കുന്നു. അതിൽ നിറയെ മുട്ടകൾ.)
എലിസബത്ത്: രാവിലെ അഞ്ചരമണിക്ക് വീട്ടീന്ന് എറങ്ങിയതാ, മാർക്കറ്റിലേയ്ക്ക്. അവിടെപ്പോയി ലോറി വരണതും കാത്തു നിന്നു. എട്ടുമണിക്കാണ് ലോറി വന്നത്. ആ തെരക്കിന്റെ എടേന്ന് പൊറത്ത് കടന്നപ്പോ എട്ടേ

മുക്കാല്. അപ്പോ തൊടങ്ങിയ നടത്താ.
(ഉമ്മയുടെ സ്വരത്തിൽ പരിഭവമില്ല, ആക്ഷേപമില്ല.)
എലിസബത്ത്: കോളനീല് വന്നപ്പോഴാ മനസ്സിലായത് നെങ്ങ ഈ വിസിനസ്സ് തൊടങ്ങീന്ന്. എല്ലാരടേം അടുത്ത്ന്ന് അച്ചാരോം വാങ്ങീട്ട്ണ്ട്ന്ന്. ഇനിയിപ്പോ ഈ മൊട്ടയും വെച്ച് ഞാനെന്ത് ചെയ്യാനാ.
(അവർ കൂട കുറച്ചുകൂടി ഉള്ളിലേയ്ക്ക്, ത്രേസ്യാമ്മയുടെ അടുത്തേയ്ക്ക് നീക്കിവെക്കന്നു.)
എലിസബത്ത്: ഇതാ, ഇതിവിടെ വച്ചോ. ഇരുനൂറ് മൊട്ടണ്ട്, ഞാൻ തൊണ്ണൂറു പൈസ പ്രകാരം വാങ്ങിയതാ. ഒരു മൊട്ടേല് പത്തു പൈസ ലാഭം വെച്ച് ഒരു രൂപക്കാ കൊടുക്കണത്. വൈകുന്നേരം വരെ നടന്നാല് പത്തിരുപത് രൂപ തടയും. അതോണ്ടാ മക്കള് പട്ടിണിയില്ലാതെ കഴീണത്.
(അവർ ചട്ടയുടെ അറ്റംകൊണ്ട് കണ്ണു തുടക്കുന്നു.)
എലിസബത്ത്: ഇനിയിപ്പോ ഈ വിസിനസ്സും പറ്റില്ലല്ലോ. കർത്താവ് വേറെ വല്ല വഴീം കണ്ടിട്ട്ണ്ടാവും.
(ഉമ്മ എഴുന്നേറ്റു, ഒരിക്കൽകൂടി കണ്ണുതുടച്ച് യാത്രപോലും പറയാതെ ഇറങ്ങിപ്പോകുന്നു. ത്രേസ്യാമ്മ സ്തബ്ധയായി ഇരിക്കുന്നു. കാമറ മുട്ടക്കൂടയിലേയ്ക്ക് പാൻ ചെയ്യണം. തിരിച്ച് ത്രേസ്യാമ്മയിലേയ്ക്കുതന്നെ.)
സാധാരണ ഉമ്മ വന്നാൽ കുറേ നേരം നാട്ടുവർത്തമാനങ്ങൾ പറഞ്ഞ് ഇരിക്കാറുള്ളതെല്ലാം ഒരു കൊളാഷായി കാണിക്കണം. ചെല്ലാനം പള്ളിയിലെ പെരുന്നാൾ വിശേഷങ്ങൾ, വീട്ടിലെ ആടു പ്രസവിച്ചത്, അയൽപക്കത്തെ എട്ടു വയസ്സുള്ള കുട്ടി പരീക്ഷയിൽ തോല്ക്കുമെന്ന ഭയത്താൽ ഓടിപ്പോയത്, അങ്ങിനെയെല്ലാം. പകരമായി കോളനി വിശേഷങ്ങൾ ത്രേസ്യാമ്മ അവർക്കും പകർന്നുകൊടുക്കുന്നു, അതിനിടയിൽ കുഴലപ്പത്തിന്റേയോ അച്ചപ്പത്തിന്റേയോ കൂടെ കടുപ്പമുള്ള ചായയും.
സീൻ 19:
കഴിഞ്ഞ സീനിലെ രംഗത്തിലേയ്ക്ക് ജോസഫേട്ടൻ മാർക്കറ്റിൽ നിന്നു രണ്ടു കയ്യിലും സഞ്ചിയുമായി വരുന്നു. കാണുന്നത് ഒരു കൂട മുട്ടക്കു മുമ്പിലിരുന്ന് കണ്ണീരൊഴുക്കുന്ന ത്രേസ്യാമ്മയെയാണ്.
ജോസഫേട്ടൻ: (സഞ്ചി നിലത്തുവച്ച്, പരിഭ്രമത്തോടെ) എന്തു പറ്റി കൊച്ചു ത്രേസ്യേ?
ത്രേസ്യാമ്മ നടന്ന കാര്യങ്ങൾ പറയുന്നു. പാറുകുട്ടി ജോസഫേട്ടനു കുടിക്കാനുള്ള വെള്ളവുമായി വരുന്നു. ജോസഫേട്ടൻ നിലത്തുവച്ച സഞ്ചിയെടുത്ത് പോകുമ്പോൾ ഒരു നിമിഷം ത്രേസ്യാമ്മയെയും മുമ്പിൽവച്ച കൂടയും നോക്കുന്നു. വലിയ പ്രശ്നമൊന്നുമില്ലെന്നു കണ്ടപ്പോൾ അകത്തേയ്ക്കു തിരിച്ചുപോകുന്നു.
ജോസഫേട്ടൻ: എലിയുമ്മ പറഞ്ഞത് സത്യാണെടീ. ഞാനിന്ന് മൊത്തക്കച്ചോടക്കാരോട് വെല ചോദിച്ചു. തൊണ്ണൂറു പൈസ തന്നെയാ. പാവം ഉമ്മ പത്തു പൈസ തന്നെയാണ് ലാഭമെടുക്കണത്. പൊറത്ത് കടേലൊക്കെ ഒരു രൂപ പത്തു പൈസയാണ് വില. ഇങ്ങിനെ തലേല് ഏറ്റി നടന്ന് വിൽക്കണതിന് അവര് പത്തു പൈസയേ ലാഭമെടുക്കന്നുള്ളൂ.
(ജോസഫേട്ടൻ അടുത്തിരുന്ന് അവരുടെ പുറത്തു തട്ടി ആശ്വസിപ്പിക്കുന്നു. അവർ തേങ്ങുന്നു.)
ജോസഫേട്ടൻ: നീ ഒരു കാര്യം ചെയ്യ്. നാളെ നമുക്ക് ചെല്ലാനം പള്ളീല് പോവാം. എലിയുമ്മ അവിടെണ്ടാവും. ഇരുനൂറ് മൊട്ട എന്നല്ലെ പറഞ്ഞത്. ഇരുനൂറു രൂപ കൊടുക്കാം, കച്ചോടം നിർത്തണ്ടാന്നും പറ. ഇത് ഇവിടെ നീ ഓർഡറെടുത്തതനുസരിച്ച് തെണ്ണൂറു പൈസക്കു വിറ്റാൽ ഇരുപതു രൂപയല്ലേ നഷ്ടം വരൂ. അത് ഗീവർഗീസു പുണ്യാളന്റെ കാണിക്കപ്പെട്ടീല് ഇട്ടൂന്ന് കൂട്ടിക്കോ. പുണ്യാളനല്ലെ നെന്റെ തലേല് മുട്ടക്കച്ചോടം കുത്തിനെറച്ചത്.
സീൻ 20:
ഞായറാഴ്ച. ചെല്ലാനം പള്ളിയിൽ കുർബാന കഴിഞ്ഞ് പുറത്തിറങ്ങുന്ന ജനം. കാമറ ചെന്നുപെടുന്നത് മുട്ടക്കാരി എലിസബത്തിനെ അന്വേഷിക്കുന്ന ത്രേസ്യാമ്മയിലാണ്. കണ്ടുമുട്ടുമ്പോൾ ത്രേസ്യാമ്മ വിളിക്കുന്നു.
ത്രേസ്യാമ്മ: എലിയുമ്മേ.
എലിസബത്ത്: (തിരിഞ്ഞു നോക്കുന്നു. ത്രേസ്യാമ്മയെ കാണുമ്പോ മുഖത്ത് സമ്മിശ്രഭാവം). ചേടത്തിയോ? എന്താ ഇവിടെ?
ത്രേസ്യാമ്മ: ഞാൻ എലിയുമ്മേ കാണാൻ വന്നതാ.
എലിസബത്ത്: എന്തേ?
ത്രേസ്യാമ്മ കയ്യിലുള്ള പഴ്സിൽനിന്ന് നൂറിന്റെ രണ്ടു നോട്ടെടുത്ത് കൊടുക്കുന്നതും, എലിസബത്ത് അതെടുത്ത് കണ്ണിൽ വച്ചമർത്തി പള്ളിയെ നോക്കി കുരിശു വരക്കുന്നതും, മുഖം വികാരപരവശമാകുന്നതും കാണിക്കണം. ഡയലോഗില്ല. നിർവൃതിയോടെ നിൽക്കുന്ന ത്രേസ്യാമ്മയുടെ മുഖം ക്ലോസപ്പിൽ.
സീൻ 21:
അടുക്കള. പാറുകുട്ടി പച്ചക്കറി നുറുക്കുന്നു. ത്രേസ്യാമ്മ വരുന്നു. പള്ളിയിൽനിന്ന് അപ്പോൾ തിരിച്ചെത്തിയതേയുള്ളു. ബ്ലൗസിൽ കുത്തിയ ബ്രൂച്ചുകൂടി അഴിച്ചുവച്ചിട്ടില്ല. അവർ മേശപ്പുറത്തിരിക്കുന്ന കത്തിയെടുത്ത് കയ്യിൽ പിടിക്കുന്നു.

ത്രേസ്യാമ്മ: പാറുകുട്ടീ, നീയ് കോഴിക്കറിക്ക്ള്ള മസാല അരയ്ക്ക്.
പാറുകുട്ടി: എന്തിനാ അമ്മച്ചീ? ജോസഫേട്ടൻ കോഴിയെറച്ചി കൊണ്ടുവരോ?
ത്രേസ്യാമ്മ: നീ പറയണത് കേട്ടാ മാത്രം മതി. (പുറത്തേക്കിറങ്ങുന്നു).
പാറുകുട്ടി ചുമൽ ഉയർത്തി എന്തു പറ്റിയാവോ എന്ന മട്ടിൽ പച്ചക്കറി നുറുക്കൽ തുടരുന്നു.
സീൻ 22:

അടുക്കളമുറ്റം. കത്തിയുമായി വരുന്ന ത്രേസ്യാമ്മ ഒരു സുഹൃൽബന്ധത്തിനല്ല വരുന്നതെന്ന് കോഴിക്കു മനസ്സിലാകുന്നു. കോഴി രണ്ടു ചുവട് പിന്നോക്കം വെക്കന്നു, പിന്നെ ത്രേസ്യാമ്മയുടെ കാൽവെപ്പുകൾ ശ്രദ്ധിച്ചുകൊണ്ട് നടക്കാൻ തുടങ്ങുന്നു. കോഴിയെ പേടിപ്പിച്ച് പറപ്പിക്കാൻ ഉദ്ദേശമില്ലാതിരുന്ന ത്രേസ്യാമ്മ പതുക്കെ ചുവടുകൾ വെച്ചു. കോഴി മുറ്റത്തിന്റെ അരുകു പറ്റി നടന്ന് മറുവശത്ത് കൂട്ടിന്റെ അടുത്തെത്തി. പിന്നെ സംഭവിച്ച അദ്ഭുതം കണ്ട് ത്രേസ്യാമ്മ അന്തിച്ചു നിന്നുപോകുകയാണ്.

കൂട്ടിന്റെ മുമ്പിലെത്തിയ കോഴി അന്തസ്സോടെ വലതു കാൽ ആദ്യം വെച്ച് കൂട്ടിനുള്ളിൽ കയറി ഒത്ത നടുക്ക് ഇരുപ്പായി. ഒരു മിനുറ്റ് മാത്രം. ത്രേസ്യാമ്മ ശ്വാസമടക്കിപ്പിടിച്ചിരിക്കേ അത് എഴുന്നേറ്റ് താൻ ഇട്ട മുട്ട അഭിമാനപൂർവം വീക്ഷിച്ച്, ത്രേസ്യാമ്മയെ നോക്കി ഇത്രയല്ലെയുള്ളൂ, അതിന് നിങ്ങളെന്തിനാണ് ചൂടാവുന്നത് എന്ന മട്ടിൽ ഒരു ശബ്ദം പുറപ്പെടുവിച്ചു, കൂട്ടിനുള്ളിൽ കയറിയ അതേ അന്തസ്സോടെ പുറത്തേക്കിറങ്ങിപ്പോവുകയും ചെയ്യുന്നു.

അന്തിച്ചു നിൽക്കുന്ന ത്രേസ്യാമ്മയുടെ മുഖം സാവധാനത്തിൽ സൂം ചെയ്യുന്നു.

**End of Episode1**

BACK TO INDEX

*Episode 2*

## മലമുകളിലെ വെളിച്ചം

## Part I

ഈ എപ്പിസോഡിലേയ്ക്കു വേണ്ട കഥാപാത്രങ്ങൾ

ജോസഫേട്ടൻ
ത്രേസ്യാമ്മ
മകൻ ജോമോൻ
ജോസഫേട്ടന്റെ അമ്മ മറിയാമ്മ
പാറുകുട്ടി
കോളനിയിലെ സ്ത്രീകളും കുട്ടികളും

സീൻ 1:

ത്രേസ്യാമ്മായുടെ സ്വീകരണമുറി. ഒരറ്റത്തുള്ള മേശമേൽ പുതിയ സോണി ട്രിനിട്രോൺ ടിവി അപ്പോൾ പെട്ടിയിൽ നിന്ന് പുറത്തെടുത്തിട്ടേ ഉള്ളൂ. നിലത്ത് അതിന്റെ പെട്ടിയും തെർമോകോൾ പാകിങ്ങും കാണാം. ടിവിയുടെ അടുത്തു തന്നെ ഒരു പാനസോണിക് വിസിയാർ. ജോമോൻ ദുബായിൽ നിന്ന് വന്നപ്പോൾ കൊണ്ടു വന്നതാണ്. ത്രേസ്യാമ്മയും ജോസഫേട്ടനും പാറുകുട്ടിയും അടുത്തു തന്നെ നിന്ന് നോക്കി കാണുകയാണ്. ജോമോൻ എല്ലാം ഒരുക്കുന്ന തിരക്കിൽ തന്നെ. ജോമോൻ ഒരു ജീൻസാണിട്ടിരിക്കുന്നത്. ഷർട്ടില്ല.

പാറുകുട്ടി: നല്ല ഭംഗിണ്ടല്ലേ അമ്മച്ചീ?

ജോമോൻ: കാശു കൊടുത്ത് വാങ്ങിച്ചതാ പെണ്ണേ.

പാറുകുട്ടി: ഓ, ഞങ്ങളൊക്കെ പിന്നെ പാട്ടു പാടിക്കൊടുത്തിട്ടല്ലെ സാധനങ്ങള് വാങ്ങിക്കാറ്.

ജോമോൻ: (കളിപ്പിച്ചുകൊണ്ട്, എന്നാൽ കാര്യമാണെന്ന മട്ടിൽ) അതെയല്ലെ?

ത്രേസ്യാമ്മ: (അവർ ഒരിക്കലും തമാശയിൽ പങ്കെടുക്കാറില്ല. ആലോചിച്ചുകൊണ്ട്) ഇതിനു രണ്ടിനും കൂടി ഒത്തിരി രൂപയായിട്ടുണ്ടാവില്ലെടാ ജോമോനെ?

ജോസഫേട്ടൻ: (സോണി ടി.വി.യുടെ പെട്ടി എടുത്തു നോക്കിക്കൊണ്ട്.) നല്ല പെട്ടി. ഈ പെട്ടി നേരത്തെ കിട്ടീര്ന്നെങ്കില് കോഴിക്കൂട്ണ്ടാക്കായിരുന്നു. ഇത്ര അദ്ധ്വാനംണ്ടായിര്ന്നില്ല. ഭംഗീംണ്ടായിരുന്നു.

പാറുകുട്ടി: അത്വന്നെ ജോസഫേട്ടാ. നമ്മടെ കോഴിക്ക് ഒരു ഫോറിൻ വീടാവ്വായിരുന്നു.

ത്രേസ്യാമ്മ: (അവർ ജോസഫേട്ടനും പാറുകുട്ടിയും പറഞ്ഞത് ശ്രദ്ധിച്ചില്ല) എത്ര്യായെടാ മോനെ?

ജോമോൻ: അത്രയൊന്നും ഇല്ല അമ്മച്ചി. ടിവിക്ക് മുന്നൂറ്റമ്പത് റിയാല്, വിസിയാറിന്ന് മുന്നൂറ് റിയാല്.

ജോസഫേട്ടൻ: അവനേയ് ഗൾഫുകാരനാ. എല്ലാം റിയാലിലാക്കിയിട്ടേ പറയൂ. രൂപടെ കണക്ക് ആരെങ്കിലും പറഞ്ഞാൽത്തന്നെ ഉടനെ അത് റിയാലിലാക്കി പറയും. (മിമിക്രിപോലെ) 'ഈ നെയ്മീൻ എന്തുവിലയായി അമ്മച്ചീ?' 'അറുപത് രൂപയായെടാ മോനേ.' 'രണ്ടു റിയാല്. ലാഭാ അമ്മച്ചി. അവിടെ ചുരുങ്ങിയത് എട്ടു റിയാലെങ്കിലും

കൊടുക്കണം.' ഇങ്ങനാ സ്ഥിതി.
പാറുകുട്ടിയും ജോമോനും ചിരിക്കുന്നു.
ത്രേസ്യാമ്മ: (അപ്പൻ മകനെ കളിയാക്കുന്നത് അത്ര ഇഷ്ടപ്പെടുന്നില്ല, അത് മുഖഭാവത്തിൽ പ്രതിഫലിക്കണം) ടിവിക്കും ഈ സാധനത്തിനും കൂടി എത്ര രൂപയായീന്ന് പറ.
ജോമോൻ: ഡ്യൂട്ടിയൊക്കെ കൂടി ഇരുപത്തയ്യായിരം രൂപ.
ജോസഫേട്ടൻ: (തലയിൽ കൈ വെച്ചുകൊണ്ട്) എന്റെ കർത്താവേ! ഇരുപത്തയ്യായിരം രൂപ! അത്രേം രൂപ ബ്ലേഡിലിട്ടാൽ എന്തു പലിശ കിട്ടും?
ജോമോൻ: ബ്ലേഡീന്ന് പലിശ വാങ്ങീട്ടൊന്നും വേണ്ട അപ്പച്ചന് കഴിയാൻ. അപ്പച്ചനും അമ്മച്ചിക്കും ഈ വയസ്സു കാലത്ത് ഒരു ഭാഗത്തിരുന്ന് രസിക്കാനാ ഞാൻ ഈ സാധനം കൊണ്ടന്നത്.
ജോസഫേട്ടൻ: അത് വയസ്സുകാലാവുമ്പൊ പോരെ, ഇപ്പത്തന്നെ എന്തിനാ? രസം എത്രണ്ടാവുംന്ന് കണ്ടിട്ട് പറയാം.
പാറുകുട്ടി: ജോമോനെ, ഞാമ്പറഞ്ഞ വാച്ച് കൊണ്ടന്നാ?
ജോമോൻ ശ്രദ്ധിക്കുന്നില്ല.
പാറുകുട്ടി: കൊണ്ടന്നാ ജോമോനെ?
ത്രേസ്യാമ്മ: എന്താ പെണ്ണേ?
പാറുകുട്ടി: ഞാൻ ജോമോനോട് എനക്കൊരു വാച്ച് കൊണ്ടരാൻ പറഞ്ഞീർന്ന്.
ത്രേസ്യാമ്മ: എന്നിട്ട് നീയെന്താ പെണ്ണേ എന്നോട് പറയാഞ്ഞത്.
പാറുകുട്ടി: ഞാമ്പറഞ്ഞിട്ടൊണ്ട്. അമ്മച്ചി മറന്നതാ.
ജോമോൻ പ്ലഗ്ഗു കുത്തി വിസിയാർ കണക്ട് ചെയ്ത് ടി.വി യും വിസിയാറും ട്യൂൺ ചെയ്യുന്നു.
ജോമോൻ: (പാറുകുട്ടിയോട്) ഞാമ്മറന്നു പെണ്ണേ.
പാറുകുട്ടി: (മുഖം വാടിക്കൊണ്ട്) എനിക്കറിയാർന്നു.
ജോമോൻ ഒരു കാസറ്റിടുന്നു. സിനിമ കാണുന്ന രസത്തിൽ പാറുകുട്ടി അതു മറക്കുന്നു. എല്ലാവരും രസിച്ചു കാണുന്നു. സിനിമ കഴിഞ്ഞപ്പോൾ ജോമോൻ വിസിയാറിൽ നിന്ന് കാസ്സറ്റു പുറത്തെടുക്കുന്നു.
ത്രേസ്യാമ്മ: (പെട്ടെന്ന് എന്തോ ഓർത്തപോലെ) പോഴത്തായി.
ജോസഫേട്ടൻ: ഇതിന്റെ മുമ്പിലിരുന്നതല്ലെ?
ത്രേസ്യാമ്മ: (തമാശ മനസ്സിലാവുന്നില്ല) അല്ലാന്നേയ്, നമ്മള് ഒരു കാര്യം വിട്ടുപോയില്ലെ? കോളനീല്ള്ള പിള്ളാരെയൊക്കെ വിളിച്ച് കാണിക്കായിരുന്നു.
ജോസഫേട്ടൻ: അത്ര്യല്ലെള്ളൂ. അത് സാരല്ല്യ. എന്തുണ്ടായാലും ഒരു 'കോളനീലെ പിള്ളാര്.'
ത്രേസ്യാമ്മ: എന്നാലും പോഴത്തായി. പിള്ളേർക്ക് മോഹൻലാലിന്റെ പടം നല്ല ഇഷ്ടാ. കഷ്ടായി.
ജോമോൻ: അതിനെന്താ അമ്മച്ചി, അവരെ വൈകീട്ട് വിളിച്ച് കാണിച്ചു കൊടുത്തോ. ഞാനേതായാലും പൊറത്തു പോകും. അവറ്റ വന്നാപ്പിന്നെ ഇവിടൊന്നും ഇരിക്കാൻ പറ്റൂല. അവറ്റിന്റെ ഒരു നോട്ടോം മട്ടും കണ്ടാൽ....
ത്രേസ്യാമ്മ: പക്ഷെ നമ്മളത് ഇട്ടു കണ്ടുപോയില്ലെ?
ജോസഫേട്ടൻ: അതുകൊണ്ടെന്താ, ഇനീം വെച്ചുകൂടെ?
ത്രേസ്യാമ്മ: (ഭർത്താവിന്റെ അറിവില്ലായ്മയിൽ വിഷമമുണ്ട്) അതെങ്ങനാ? ഇപ്പോ വെച്ചപ്പോ അതില്ള്ള സിനിമ്യൊക്കെ കഴിഞ്ഞിട്ട്ണ്ടാവില്ലെ?
ജോസഫേട്ടൻ: അല്ലെടി മണ്ടി. ഇനി ഇതങ്ങട്ട് റീവൈന്റ് ചെയ്താൽ വീണ്ടും കാണാം.
പാറുകുട്ടി: അതെ അമ്മച്ചീ, നമ്മള് പാട്ട് കേക്കണ കാസറ്റില്ലേ, അതുപോലെത്തന്നാ ഇതും. ഇതില് ചിത്രം കൂടിണ്ടെന്നു മാത്രം. അതോണ്ടാ ഈ കാസറ്റ് ഇത്ര വലുതായിരിക്കണത്.
പാറുകുട്ടി കാസറ്റെടുത്ത് ഉയർത്തിക്കാണിക്കുന്നു.
പാറുകുട്ടി: നല്ല കനംണ്ട്.
ത്രേസ്യാമ്മ വിശ്വാസമാകാത്ത മട്ടിൽ പാറുകുട്ടിയെ നോക്കുന്നു.
ജോമോൻ: അതെ അമ്മച്ചീ.
ജോമോൻ കാസറ്റ് പാറുകുട്ടിയുടെ കയ്യിൽനിന്ന് തട്ടിപ്പറിച്ചു വാങ്ങുന്നു. പാറുകുട്ടിക്കത് ഇഷ്ടമാകുന്നില്ല. ജോമോൻ കാസറ്റ് അതിന്റെ കവറിലാക്കുന്നു. ത്രേസ്യാമ്മക്ക് സന്തോഷം സഹിക്കാനാവുന്നില്ല. അവർ വാതിൽ തുറന്ന് പുറത്തേക്കോടുന്നു.
ജോമോൻ: (പാറുകുട്ടിയെ നോക്കി) അമ്മച്ചി ഇപ്പോ എവിടേക്കാ ഓടിയത്?
പാറുകുട്ടി: (രസിക്കാതെ) ആ, അറിയാമ്പാട്ലാ.
സീൻ 1 എ.
ജോമോൻ മറ്റൊരു മേശപ്പുറത്തു തുറന്നുവെച്ച സൂട്ട്കേസിൽ നിന്ന് ഒരു ഡിജിറ്റൽ വാച്ചെടുത്ത് പാറുകുട്ടിക്ക് കൊടുക്കുന്നു. പാറുകുട്ടി സന്തോഷത്തോടെ വാച്ചു വാങ്ങി നോക്കുന്നു. നന്ദിയോടെ ജോമോനെ നോക്കുന്നു. ജോസഫേട്ടൻ, ജോമോൻ മേശപ്പുറത്തു വെച്ച കാസറ്റ് എടുത്ത് തിരിച്ചും മറിച്ചും നോക്കുകയാണ്.

പാറുകുട്ടി: കള്ളം പറഞ്ഞു അല്ലേ?
(ജോസഫേട്ടനെ വാച്ചു കാണിക്കുന്നു.)
പാറുകുട്ടി: ദേണ്ടേ നോക്കിയേ ജോമോൻ കൊണ്ടന്ന വാച്ച്. ഞാൻ പറഞ്ഞ പോലെത്തന്നെ.
(വാച്ച് വാങ്ങി നോക്കുന്ന ജോസഫേട്ടൻ.)
ജോസഫേട്ടൻ: എടാ ജോമോനെ, എനിക്കും ഇങ്ങനത്തെ ഒരു വാച്ച് കൊണ്ടെത്താ.
ജോമോൻ: അതൊന്നും വേണ്ട. അപ്പച്ചന്റെ കയ്യില്ള്ള ഫേവർലൂബ വാച്ചുതന്നെ മതി. ഈ ഡിജിറ്റൽ വാച്ചിലൊക്കെ നോക്കിയാൽ അപ്പച്ചന് തല കറങ്ങും.
ജോസഫേട്ടൻ: വാച്ചു വാങ്ങാൻ പണം ചെലവാക്കുമ്പോൾ നെന്റെ തലേം കറങ്ങും അല്ലെടാ.
(ജോമോനും പാറുകുട്ടിയും ചിരിക്കുന്നു.)
സീൻ 2:
തൊട്ടടുത്തുള്ള ശൈലജയുടെ വീട്. ത്രേസ്യാമ്മ വാതിൽക്കൽ മുട്ടുന്നു. ശൈലജ വാതിൽ തുറക്കുന്നു. ഒക്കത്ത് മൂന്നു മാസം പ്രായമായ കുട്ടിയുണ്ട്. സുന്ദരിയായ ഒരു കുട്ടി. ത്രേസ്യാമ്മയെ കാണുമ്പോൾ അവൾ ചാടുന്നു. കുട്ടിയെ എടുത്തുകൊണ്ട് ത്രേസ്യാമ്മ ധൃതിയിൽ പറയുന്നു.
ത്രേസ്യാമ്മ: ശൈലജേ ജോമോൻ വന്ന്.
ശൈലജ: ഞാങ്കണ്ടു അമ്മച്ചീ, ജോമോൻ ടാക്സീല് വന്നെറങ്ങണത്.
ത്രേസ്യാമ്മ: ജോമോൻ എന്താ കൊണ്ടന്നത്ന്ന് കേക്കണോ നെനക്ക്.
ശൈലജ: എന്താ അമ്മച്ചീ, പെർഫ്യൂമാണോ? ആണെങ്കി എനിക്ക് ഒരു കുപ്പി വേണം കെട്ടോ. പണം തരാം അമ്മച്ചി. എനിക്ക് വെറുത്യൊന്നും വേണ്ട.
ത്രേസ്യാമ്മ: പെർഫ്യൂമൊന്നും അല്ല പെണ്ണേ, ടിവീം പിന്നെ കാസറ്റിട്ട് സിനിമ കാണണ സാധനല്ല്യേ അതും.
ശൈലജ: വിസിയാറോ?
ത്രേസ്യാമ്മ: അത്വന്നെ.
ശൈലജ: അമ്മച്ചി കോളടിച്ചല്ലോ.
ത്രേസ്യാമ്മ: നിയതൊന്ന് കാണാൻ വാ, എന്തു രസാന്നോ.
ശൈലജ: (സാന്ത്വനത്തിന്റെ സ്വരത്തിൽ) ഞാൻ വരാട്ടോ.
ത്രേസ്യാമ്മ: ഞാമ്പോട്ടെ. കോളനീല്ത്തെ പിള്ളാരെ ഒക്കെ അറീക്കണം.
മോളെ ശൈലജയെ തിരിച്ചേൽപ്പിച്ച് ഓടുന്നു. മോൾ കരയാൻ തുടങ്ങുന്നു. പെട്ടെന്ന് തിരിച്ചേൽപ്പിച്ചത് അവൾക്ക് ഇഷ്ടമായില്ല.
ശൈലജ: സാരല്ല്യ മോളെ, അമ്മച്ചി ചെലപ്പൊക്കെ അങ്ങനാ. എന്തോ തലേല് കേറീട്ട്ള്ള ഓട്ടാണ്. അതാ മോളെ കൊഞ്ചിക്കാത്തത്.
ത്രേസ്യാമ്മ പോയ വഴിയെ നോക്കുന്നു. ധൃതി പിടിച്ച് ഓടുന്ന ത്രേസ്യാമ്മയുടെ പിന്നിൽനിന്നുള്ള ഷോട്ട്. ത്രേസ്യാമ്മ, തൊട്ടടുത്തുള്ള ജലജയുടെ വീടുതൊട്ട് ഏറ്റവും അകലെ കോളനിയുടെ പുറമ്പോക്കിൽ താമസിക്കുന്ന കൊച്ചുനാരായണി യുടെ കുടിലുവരെ ഒറ്റ വീർപ്പിന്നോടി എല്ലാവരോടും ടിവിയുടെ കാര്യം പറയുന്നത് കാണിക്കുന്നു. ഡയലോഗ് വേണ്ട. ആക്ഷൻ മാത്രം.
സീൻ 3:
ത്രേസ്യാമ്മയുടെ സ്വീകരണമുറി. സോഫയിൽ ജോമോനിരുന്ന് വാരിക വായിക്കുന്നു. കഴിഞ്ഞ സീനിലെ വേഷംതന്നെ. ത്രേസ്യാമ്മ പുറത്തുനിന്ന് തിരിച്ചെത്തുന്നു. ജോമോൻ ഒന്നു നോക്കി വാരികയിലേയ്ക്കു തന്നെ കണ്ണുതിരിക്കുന്നു. പിന്നെ എന്തോ സംശയം തോന്നി മുഖമുയർത്തിയപ്പോൾ കാണുന്നത് ത്രേസ്യാമ്മ യുടെ പിന്നിൽ വരുന്ന പടയാണ്. അവർ സ്വീകരണ മുറിയിലേയ്ക്ക് ഇരച്ചു കയറിയപ്പോൾ ജോമോന്റെ കണ്ണു തള്ളിപ്പോകുന്നു.
ജോമോൻ: എന്താ അമ്മച്ചി ഇത്? വൈകീട്ട് കാണിക്കാംന്നല്ലേ പറഞ്ഞത്?
ത്രേസ്യാമ്മ: (സന്തോഷത്തോടെ) അവര് നമ്മടെ സെറ്റ് കാണാൻ വന്നതാടാ. ഒന്ന് കാണിച്ചു കൊടുക്ക്.
സീൻ 3 എ :
അകത്തു കടന്ന സ്ത്രീകളും കുട്ടികളും കണ്ട ഇരിപ്പിടങ്ങളിലും നിലത്തും ഒക്കെയായി ഇരിപ്പുറപ്പിച്ചു കഴിഞ്ഞു. ഒരിരുപതുകാരി ജോമോൻ ഇരിക്കുന്നതിന്റെ അടുത്ത് സോഫയിൽ വന്ന് ഇരിക്കുന്നു. പത്തുമുറിയിലെ നളിനിയാണത്. പിന്നേയും സ്ത്രീകൾ ഇരിക്കാൻ സ്ഥലമില്ലാതെ നിന്നപ്പോൾ അവൾ വിളിക്കുന്നു.
നളിനി: (ഇരിക്കാൻ സ്ഥലമില്ലാതെ നിൽക്കുന്ന ജലജയെ നോക്കി) ജലജേ വാ, ഇവ്ടെ ഇരിക്കാം.
ജലജ ജോമോനെ കണ്ടപ്പോൾ മടിച്ചു നിൽക്കുന്നു. നളിനി വീണ്ടും വിളിക്കുന്നു. ജലജ മനസ്സില്ലാമനസ്സോടെ നളിനിയുടെ അടുത്തു വന്നിരിക്കുന്നു. നളിനി നോക്കുമ്പോൾ ദേവകിയും (45 വയസ്സ്) നിൽക്കുകയാണ്. അവൾ ദേവകിയേയും സോഫയിലേക്ക് ക്ഷണിക്കുന്നു. ദേവകി വന്ന് സോഫയിൽ ഇരിക്കുന്നു. അവൾ ജോമോന്റെ അടുത്തേയ്ക്ക് നീങ്ങി മറ്റുള്ളവർക്ക് സ്ഥലം ഉണ്ടാക്കിക്കൊടുത്തു.
ജോമോൻ: (ഒച്ചയെടുത്തുകൊണ്ട്) എടീ നളിനീ, നിനക്ക് നിലത്തിരിക്കാൻ പാടില്ലേ?

നളിനി: (ഒന്നുകൂടി അവനോടു ചേർന്നിരുന്നുകൊണ്ട്) പിന്നേ, ഞാൻ നെലത്തിരിക്കാൻ വന്നതല്ലെ.
ജോമോൻ: (എഴുന്നേറ്റുകൊണ്ടു പറയുന്നു) നീ എന്നെ പുകച്ചു ചാടിക്കാൻ വന്നതാ, പിശാച്.
നളിനി കൂസലൊന്നുമില്ലാതെ ചിരിക്കുന്നു.
ത്രേസ്യാമ്മ: മോനെ, ഇതൊന്നു കാണിച്ചു കൊടുക്കെടാ.
ജോമോൻ പോകുന്നു.
നളിനി: (ജലജയോട്) ഇങ്ങനെ പറേണതൊന്നും കാര്യാക്കണ്ട. ഒരു പാവാട്ടോ. കുട്ടിക്കാലത്ത് ഞാനവനെ എത്ര ഇട്ടോടിച്ചിട്ടുണ്ട്ന്ന് അറിയ്യോ? അതിന്റെ ദേഷ്യാ.
സീൻ 3-ബി:
ജോമോൻ വിസിയാറിൽ കാസറ്റിടുന്നു. ആ മുറി പൊട്ടിച്ചിരി നിറഞ്ഞ ഒരു മിനി സിനിമാഹാളായി മാറുന്നു. ജോമോൻ അകത്തു പോകുന്നു. ഉടനെ ഒരു ഷർട്ടെടുത്തിട്ടുകൊണ്ട് വരുന്നു. ഉമ്മറവാതിൽ കടന്ന് പുറത്തേയ്ക്കിറങ്ങുന്നു.
സീൻ 3-സി:
ബൈക്ക് സ്റ്റാർട്ടാക്കി പോകുന്ന ജോമോൻ.
സീൻ 4:
കാണികൾ ആവേശത്തോടെ സിനിമ കാണുമ്പോൾ ത്രേസ്യാമ്മ കച്ചവടസാദ്ധ്യതകളെപ്പറ്റി ആരായുകയാണ്. അവർ ആരും ശ്രദ്ധിക്കാതെ അവിടെ കൂടിയിരുന്നവരുടെ എണ്ണമെടുക്കുന്നു. ആദ്യത്തെ പ്രാവശ്യം എണ്ണിയത് ശരിയായില്ല എന്നു തോന്നിയപ്പോൾ വിരലിൽ എണ്ണം പിടിച്ചുകൊണ്ട് ഒരിക്കൽകൂടി എണ്ണി.
ത്രേസ്യാമ്മ: (അടുത്തിരുന്ന പാറുകുട്ടിയോട് സ്വകാര്യമായി) എടീ നീയൊന്ന് എണ്ണമെടുക്ക്.
പാറുകുട്ടി: (ഉറക്കെ) എന്തിന്റെ അമ്മച്ചീ?
അടുത്തുള്ളവരുടെ ശ്രദ്ധ പാറുകുട്ടിയിലേയ്ക്ക് തിരിയുന്നു. ഒരു നിമിഷ നേരത്തേയ്ക്കു മാത്രം. അവർ വീണ്ടും ടിവിയിലേക്കു ശ്രദ്ധിക്കുന്നു.
ത്രേസ്യാമ്മ: (ശബ്ദം താഴ്ത്തിക്കൊണ്ട്) ശ് ശ്...നീ ഇവിടെ ഇരിക്കണോര്ടെ എണ്ണം എടുക്ക്. ഞാൻ എടുത്തിട്ട് ശര്യായില്ല.
പാറുകുട്ടി ഒരു നിമിഷം കൊണ്ട് എണ്ണുന്നു.
പാറുകുട്ടി: പതിനെട്ടാള് അമ്മച്ചീ. എന്തിന്നാ അമ്മച്ചീ എണ്ണം എടുക്കണത്?
ത്രേസ്യാമ്മ: പിന്നെ പറയാടീ.
സീൻ 5:
സിനിമ കഴിഞ്ഞ് പോകാനായി എല്ലാവരും എഴുന്നേൽക്കുന്നു. ഒരു സിനിമാഹാളിൽ നിന്ന് പുറത്തു കടക്കുന്ന പോലെ ഓഫീഷ്യലായി അവർ പുറത്തു കടക്കാൻ നോക്കുമ്പോൾ ത്രേസ്യാമ്മ പറയുന്നു.
ത്രേസ്യാമ്മ: പോകാൻ വരട്ടെ പിള്ളാരെ.
പെട്ടെന്ന് എല്ലാവരും നിൽക്കുന്നു. വാതിലിനു പുറത്തു കടന്നവർ കൂടി അകത്തുകടന്നു നിൽക്കുന്നു. ത്രേസ്യാമ്മ അകത്തു പോകുന്നു. പിന്നാലെ പാറുകുട്ടിയും പോകുന്നു.
ഒരു പെൺകുട്ടി: എന്തിനാ ആന്റി നമ്മളോട് നിക്കാൻ പറഞ്ഞത്?
നളിനി: എന്തെങ്കിലും തിന്നാൻ തരാനായിരിക്കും.
മറ്റൊരു പെൺകുട്ടി: ത്രേസ്യാന്റി കൊഴലപ്പുണ്ടാക്കീട്ടുണ്ടാവും.
നളിനി: ഞാമ്പറയാമ്പോവായിരുന്നു. ടിവി വാങ്ങ്യതിന്റെ ചെലവ് വേണംന്ന്.
സീൻ 5 എ:
എല്ലാവരും ആശയോടെ അകത്തേയ്ക്ക് നോക്കി നിൽക്കുമ്പോൾ ത്രേസ്യാമ്മ അഞ്ചു കാസറ്റുകൾ കൊണ്ടുവന്നു കാണിക്കുന്നു. ഓരോ കാസറ്റും എടുത്ത് അതാതു സിനിമയുടെ പേര് വിളിച്ചു പറയുന്നു.
ത്രേസ്യാമ്മ: നാടോടിക്കാറ്റ്.
സദസ്സിൽനിന്ന്: ഹായ്, നല്ല തമാശ്യാടി പെണ്ണെ. മോഹൻലാലിന്റ്യാ. ശ്രീനിവാസന്റെ ഒപ്പാ.
ത്രേസ്യാമ്മ: ഒരു മറവത്തൂർ കനവ്.
സദസ്സിൽനിന്ന്: മമ്മൂട്ടിയല്ലേ?
മറ്റൊരാൾ: ആരടെ ഒപ്പാ?
ഒരാൾ: ദിവ്യാ ഉണ്ണിടെ.
ത്രേസ്യാമ്മ: മേലെപ്പറമ്പിൽ ആൺവീട്.
ഒരാൾ: ജയറാമിന്റെ സിനിമ്യാ.
മറ്റൊരാൾ: നല്ല പടാടീ, ശോഭന്യാ.
ത്രേസ്യാമ്മ: ലേലം.
സദസ്സിൽനിന്ന്: സുരേഷ് ഗോപിടെ പടാ. ഇടിപ്പടാ പക്ഷേ.
മറ്റൊരാൾ: അപ്പൊ നന്നാവും.
ആകെ ബഹളം. ഓരോ പടത്തിന്റെ പേരു പറയുമ്പോഴും ആൾക്കാർ ഉറക്കെ സന്തോഷത്തോടെ ശബ്ദം ഉണ്ടാക്കുന്നുണ്ട്.

ത്രേസ്യാമ്മ: നദി.
ദേവകി: ഹായ് നസീറിന്റെ പടാ. നസീറും ശാരദയും.
നദി എന്ന പേർ കേട്ടപ്പോൾ പൊതുവേ നിശ്ശബ്ദതയാണ് ഉണ്ടായത്. അതിനിടയിലാണ് ദേവകിയുടെ സന്തോഷ പ്രകടനം. എല്ലാവരും ദേവകിയെ അദ്ഭുതത്തോടെ നോക്കുന്നു. ദേവകിയുടെ സന്തോഷം ഒരൊറ്റപ്പെടലിൽ ഒതുങ്ങുന്നു. ത്രേസ്യാമ്മ അനുഭാവ പൂർവ്വം അവളെ വീക്ഷിക്കുന്നു.
ത്രേസ്യാമ്മ: നാളെത്തൊട്ട് ഓരോ പടായി കാണിച്ചു തരാം. എല്ലാവരും ഉച്ചതിരിഞ്ഞ് മൂന്നു മണിക്ക് വന്നാമതി.
ത്രേസ്യാമ്മ പറഞ്ഞുകഴിഞ്ഞതും, സന്തോഷത്തിന്റെ ആരവം ഉയർന്നതും ഒന്നിച്ചായിരുന്നു. ശബ്ദം ഒന്നടങ്ങിയപ്പോൾ ത്രേസ്യാമ്മ ഇത്രയും കൂട്ടിച്ചേർക്കുന്നു.
ത്രേസ്യാമ്മ: വരുമ്പോ ഓരോരുത്തരും ഈരണ്ടു രൂപ കയ്യിലെടുത്തോ.
പെട്ടെന്നവിടം നിശ്ശബ്ദമാകുന്നു. പിന്നെ ഒരേ സമയം എല്ലാ കണ്ഠങ്ങളും ഒരുമിച്ച് ഒരു കോറസ്സായി പറയുന്നു.
എല്ലാവരും: അതെന്തിനാ ആന്റീ?
ത്രേസ്യാമ്മ: സിനിമ കാണാൻ ടിക്കറ്റെടുക്കേണ്ടെ?
ദേവകി: ആന്റീടെ വീട്ടില് സിനിമ കാണാൻ എന്തിനാ ടിക്കറ്റ്?
ത്രേസ്യാമ്മ: നല്ല കാര്യായി. നിങ്ങള് ഹാളില് പോയി സിനിമ കാണുമ്പോ ടിക്കറ്റ് എടുക്കണ്ടെ? എന്താ ടിക്കറ്റനൊക്കെ വില? പത്തും ഇരുപതും രൂപയില്ലെ? ഇവിടെ ഞാൻ രണ്ടു രൂപയല്ലെ ചാർജ് ചെയ്യുന്നുള്ളൂ?
ദേവകി: ന്നാലും ആന്റി, ഞങ്ങടെ ആന്റീടെ വീട്ടില് സിനിമ കാണാൻ ഞങ്ങളെന്തിനാ പണം കൊടുക്കണത്.
ജലജ: അത്വന്നെ.
ത്രേസ്യാമ്മ: എടീ, ഈ ടിവിക്കും മറ്റേ സാധനത്തിനും കൂടി എത്രായിന്നറിയ്യോ?
ദേവകി: ഇരുപത്തയ്യായിരം.
ത്രേസ്യാമ്മ: ആ പണം എന്റെ മോന് വെറുതെ കിട്ടണതാണോ?
ദേവകി: അല്ല. പക്ഷേ അത് വാങ്ങിക്കഴിഞ്ഞതല്ലേ? ഞങ്ങക്ക് കാണിച്ചു തര്ണില്ലെങ്കിലും ആ പണം ചെലവായതല്ലെ. അപ്പോ ഞങ്ങക്ക് ഫ്രീയായിട്ട് കാണിച്ചു തര്വല്ലെ നല്ലത്?
ത്രേസ്യാമ്മക്ക് ദേവകിയുടെ യുക്തി പിടികിട്ടുന്നില്ല. അവർ വാക്കുകൾക്കു വേണ്ടി തപ്പുന്നു.
ത്രേസ്യാമ്മ: അതല്ല ഞാമ്പറേണത്. നിങ്ങ തീയേറ്ററിൽ പോയി സിനിമ..............
ഷോട്ട് അകന്നു പോകുന്നു, ശബ്ദം കുറഞ്ഞ് വന്ന് ഒരു മുറുമുറുപ്പായി മാറുന്നു. കൂന്നിരിക്കുന്ന തലകൾ, അസംതൃപ്ത മായ മുഖങ്ങൾ. ചർച്ചയുടേയും അനുരഞ്ജനത്തിന്റേയും ഷോട്ടു കളുടെ അവസാനം ഇങ്ങിനെ തീർച്ചയാക്കുന്നു.
സീൻ 5 ബി :
ത്രേസ്യാമ്മ: അപ്പൊ അങ്ങിനെ ചെയ്യാം. പതിനെട്ടു വയസ്സു കഴിഞ്ഞോര് രണ്ടു രൂപേം, അതിന് താഴെള്ളോര് ഒരു രൂപേം കൊണ്ടരണം. എന്താ?
എല്ലാവരും അർദ്ധസമ്മതത്തോടെ മൂളുന്നു. സാവധാനത്തിൽ സംസാരിച്ചുകൊണ്ട് സ്ഥലം വിടുന്നു. ആരുടെയും മുഖം പ്രസന്നമല്ല.
സീൻ 6:
എല്ലാവരും പോയിക്കഴിഞ്ഞു, ത്രേസ്യാമ്മ വാതിലടക്കാൻ പോകുന്നു. നാരായണിയും മൂന്ന് മക്കളും പുറത്തു നിൽക്കുക യാണ്. നാരായണി വീട്ടുവേലയെടുത്തു ജീവിക്കുന്ന ഒരു പാവപ്പെട്ട സ്ത്രീയാണ്. മോശം വസ്ത്രങ്ങളാണ് ധരിച്ചിരിക്കുന്നത്.
ത്രേസ്യാമ്മ: എന്താ കൊച്ചുനാരായണീ?
കൊച്ചു നാരായണി: ഒന്നുംല്ല ആന്റി. (പിന്നെ അവൾ മൂത്തവനായ മാധവനെ ഉന്തിക്കൊണ്ട് പറയുന്നു.) നീ പറ.
മാധവൻ: (പിന്നോക്കം വെച്ചുകൊണ്ട്.) അമ്മ പറ.
ത്രേസ്യാമ്മ: എന്താ നാരായണി, കാര്യം പറ.
കൊച്ചു നാരായണി: (മടിച്ചുമടിച്ച്) ആന്റി, എന്റീം മക്കടീം കാര്യത്തില് പൈസ ഇച്ചിരി കൊറക്കണം. ഒരു രൂപാന്ന്ള്ളത് അമ്പത് പൈസ ആക്ക്യാ മക്കൾക്ക് ആഴ്ചയില് ഒരു സിനിമേങ്കിലും കാണാൻ പറ്റും. എനിക്ക് കാണണംന്ന്ല്ല്യ. കെട്ടിയോന് ഇപ്പോ പണി കൊറവാ ആന്റി.
ത്രേസ്യാമ്മ കൊച്ചു നാരായണിയേയും അവളുടെ കുട്ടികളേയും നോക്കുന്നു. താഴെയുള്ള രണ്ടുപേരും പെൺകുട്ടികളാണ്. കൗതുകമുള്ള കുട്ടികൾ. അവരുടെ മുഖത്തിന്റെ ക്ലോസപ്പുകൾ. കീറിയ ഉടുപ്പുകളാണ് ഇട്ടിരിക്കുന്നത്. നാരായണി ജോലിയെടുക്കുന്ന ഏതോ വീട്ടിൽനിന്ന് ഇരന്നു വാങ്ങിയ ഉടുപ്പുകളാണവ. ത്രേസ്യാമ്മയുടെ മനസ്സിൽ സ്നേഹം നാമ്പിടുന്നു. ഏറ്റവും താഴെയുള്ള കുട്ടിയുടെ കവിളിൽ തലോടിക്കൊണ്ട് അവർ പറഞ്ഞു.
ത്രേസ്യാമ്മ: കൊച്ചു നാരായണി, നീയും മക്കളും രൂപ തരാതെത്തന്നെ വന്നു കണ്ടോ. (അവർ നിർത്തി, നാലുപാടും നോക്കി ശബ്ദം താഴ്ത്തി തുടരുന്നു.) പക്ഷെ, നീ ആരോടും പറയല്ലേ.
കൊച്ചു നാരായണി: (സന്തോഷത്തോടെ) ഇല്ല്യ ആന്റി.

മക്കളുടെ മുഖത്തും സന്തോഷം വിടരുന്നു. അതു കാണുമ്പോൾ ത്രേസ്യാമ്മ പറയുന്നു.

ത്രേസ്യാമ്മ: നീ ഇവിടെ നിക്ക്, ഞാനിപ്പോ വരാം. (ത്രേസ്യാമ്മ അകത്തു പോകുന്നു)

സീൻ 6 എ :

അതേ സെറ്റിങ്. ത്രേസ്യാമ്മ ഒരു പത്തുരൂപ നോട്ടുമായി വരുന്നു. നോട്ട് കൊച്ചുനാരായണിയുടെ കയ്യിൽ വെച്ചുകൊണ്ട് പറയുന്നു.

ത്രേസ്യാമ്മ: നീ മക്കൾക്ക് വല്ലതും തിന്നാൻ വാങ്ങിക്കൊടുക്ക്.

നാരായണി രണ്ടു കയ്യും നീട്ടി നോട്ടു വാങ്ങുന്നു. അതു നോക്കി നിൽക്കുന്ന കുട്ടികളിലേയ്ക്ക് കാമറ തിരിയുന്നു. ഫേയ്ഡൗട്ട്.

സീൻ 7:

ത്രേസ്യാമ്മയുടെ വീടിന്റെ സ്വീകരണമുറി. ഉച്ചക്ക് മൂന്നു മണി. ജോമോൻ സോഫയിലിരുന്ന് വായിക്കുന്നു. ത്രേസ്യാമ്മ വിസിയാറിൽ ഒരു കാസ്സറ്റിട്ട് റീവൈന്റ് ചെയ്യാൻ വെക്കുന്നു. പുറത്തു നിന്ന് തുറന്നിട്ട വാതിലിലൂടെ രണ്ടു മൂന്നു സ്ത്രീകൾ വരുന്നു ദേവകി, ജലജ, പിന്നെ മറ്റൊരു സ്ത്രീയും. തൊട്ടു പിന്നിലായി നാലഞ്ചു കുട്ടികളും വരുന്നു. വന്നവർ വന്നവർ ഓരോ ഇരിപ്പിടത്തിൽ സ്ഥാനം പിടിക്കുന്നു. ശരിക്കും ഒരു സിനിമാഹാളിൽ സിനിമ കാണാൻ വന്നിരിക്കുന്നപോലെ. സോഫയിലിരുന്ന് വായിക്കുന്ന ജോമോന് ദ്വേഷ്യം പിടിക്കുന്നുണ്ട്.

ജോമോൻ: അമ്മച്ചീ ഈ സിനിമ കാണിക്കല് നാലു മണിക്ക് പോരെ? എന്നാൽ എനിക്ക് ഫ്രന്റ്സിന്റെ അടുത്തേയ്ക്ക് പോകായിരുന്നു. ഇപ്പോ അവരൊക്കെ ഒറങ്ങ്യാവും. ഇന്നലെത്തന്നെ കൃഷ്ണൻ പറഞ്ഞു നെനക്ക് വേറെ പണിയൊന്നുംല്ലേന്ന്.

ത്രേസ്യാമ്മ: എടാ മോനെ ഇവർക്കൊക്കെ അഞ്ചു മണ്യാമ്പളേക്ക് വീട്ടില് ആണുങ്ങളെത്തും. അപ്പളക്ക് കഴിയണം.

സീൻ 7 എ:

നളിനി വരുന്നു. അവൾക്ക് സംശയമൊന്നുമില്ല. അവൾ നേരെ ജോമോൻ ഇരിക്കുന്ന സോഫയിൽ കയറി ഇരിക്കുന്നു.

ജോമോൻ: ഇതാ കുരിശ് എത്തി. (എഴുന്നേൽക്കുന്നു.) ഈ ടിവി കൊണ്ടന്നത് വടി കൊടുത്ത് അടിമേടിക്കണ പോലായി.

നളിനി: ഇങ്ങനൊക്കെ പറഞ്ഞാൽ ഞാൻ ജോമോനോട് കൂടൂല കേട്ടോ.

എല്ലാവരും ചിരിക്കുന്നു. ജോമോൻ ദേഷ്യം പിടിച്ച് അകത്തേയ്ക്കു പോകുന്നു.

ത്രേസ്യാമ്മ: അവൻ അങ്ങനത്തന്നാ. നീ ഒന്നും വിചാരിക്കര്ത് കേട്ടോ നളിനി.

നളിനി: ഇല്ല ആന്റി. പാവം അല്ലേ. പക്ഷേ അവന് എന്റെ ഒപ്പം ഇരുന്ന് സിനിമ കണ്ടാലെന്താ? ഒരു പത്രാസുകാരൻ!

സീൻ 7 ബി:

ജോമോൻ അകത്തുനിന്ന് വരുന്നു. ഒരു ഷർട്ടിന്റെ ബട്ടനിട്ടുകൊണ്ട് പുറത്തേയ്ക്കിറങ്ങുകയാണ്.

നളിനി: എന്നോട് ദ്വേഷ്യപ്പെട്ട് പോവ്വാണോ ജോമോൻ?

ജോമോൻ: അല്ലെടീ, നീയെന്നെക്കൊണ്ട് പറേപ്പിക്കണ്ട.

പുറത്തേയ്ക്ക് പോകുന്നു. എല്ലാവരും ചിരിക്കുന്നു. ജോമോൻ പുറത്തേയ്ക്കു പോയി എന്നുറപ്പായപ്പോൾ ത്രേസ്യാമ്മ അകത്തുനിന്ന് കൊണ്ടുവന്ന മിട്ടായി ടിന്നുമായി പണം പിരിക്കാൻ ഇറങ്ങുന്നു. രണ്ടുപേർ പണം ഇട്ടപ്പോഴേയ്ക്ക് പെട്ടെന്ന് ജോമോൻ തിരിച്ചു വരുന്നു. ത്രേസ്യാമ്മ പണപ്പെട്ടി പിന്നിലൊളിപ്പിക്കുന്നു. ജോമോൻ അമ്മയുടെ പരിഭ്രമം കാണുന്നുണ്ട്. പക്ഷേ മനസ്സിലാവുന്നില്ല.

ത്രേസ്യാമ്മ: എന്തേ ജോമോനെ?

ജോമോൻ: ഹെൽമെറ്റെടുക്കാൻ മറന്നൂ അമ്മച്ചീ.

സീൻ 7 സി:

ത്രേസ്യാമ്മയുടെ പിന്നിൽനിന്ന് ഷോട്ട്. അവർ ഒളിപ്പിച്ച ടിന്നിൽ രണ്ടു കുട്ടികളുടെ കണ്ണുകൾ പോകുന്നു. ഒരുത്തൻ മറ്റൊരുത്തനെ നോക്കി കണ്ണിറുക്കുന്നു. അവൻ ടിന്നിൽ കൈയ്യിട്ടു വാരി അതിലുള്ള നോട്ടുകൾ മാറ്റുന്നു. ത്രേസ്യാമ്മ അറിയുന്നില്ല. അതിനിടക്ക് ഒരു പെൺകുട്ടി രണ്ടു രൂപനോട്ട് ത്രേസ്യാമ്മയ്ക്കു നീട്ടുന്നു. അവർ ആ പെൺകുട്ടിയുടെ കൈ തട്ടി മാറ്റി ഇവിടെ ഒന്നും സംഭവിക്കുന്നില്ല എന്ന മട്ടിൽ നിൽക്കുന്നു. ജോമോൻ ഹെൽമെറ്റ് എടുത്ത് തലയിൽ വച്ചുകൊണ്ട് പുറത്തേയ്ക്കിറങ്ങുന്നു. കൂടുതൽ സ്ത്രീകളും കുട്ടികളും കയറി വരുന്നു. ത്രേസ്യാമ്മ ടിൻ മുമ്പിലേയ്ക്കെടുക്കുന്നു. ടിൻ കാലി. അവർ അദ്ഭുതത്തോടെ നോക്കുന്നു. ഒരു ആൺകുട്ടിയോട്.

ത്രേസ്യാമ്മ: എടാ കൊച്ചേ നീ ഇതിൽ പണമിട്ടില്ലേ?

ആൺകുട്ടി: ഇട്ടു ആന്റി.

ത്രേസ്യാമ്മ: എന്നിട്ട് അതെവിടെ പോയി?

ആൺകുട്ടി: ആ, അറിയാമ്പാട്ല.

മറ്റൊരു പെൺകുട്ടി: ആന്റി ഞാനും പണം ഇട്ടിട്ടുണ്ട് കെട്ടോ.

ത്രേസ്യാമ്മ: അപ്പൊ എവിടെ പോയീ ഈ പൈസ്യൊക്കെ. (ആശയക്കുഴപ്പം).

സീൻ 8:

പിന്നീടുള്ള ദിവസങ്ങളിൽ ജോമോൻ കൊണ്ടുവന്ന കാസറ്റുകളെല്ലാം പ്രദർശിക്കപ്പെടുന്നത് ഒരു ഫ്ളാഷായി

കാണിക്കണം. മൂന്നുമണിയായാൽ ഓരോരുത്തരായി വരാൻ തുടങ്ങുന്നത്. സിനിമാഹാളിൽ എന്നപോലെ ഓരോ സീറ്റിൽ ഇരിക്കുന്നത്. ത്രേസ്യാമ്മ കാസറ്റ് എടുത്തുകൊണ്ടുവന്ന് ഇടുന്നത്. ഉടനെ ജോമോൻ ശപിച്ച് പുറത്തിറങ്ങി ബൈക്കുമെടുത്ത് അവന്റെ സ്നേഹിതന്മാരുടെ അടുത്തേക്കു പോകുന്നത്. വാതിൽക്കൽ നോക്കി അവൻ പോയെന്നുറപ്പാകുമ്പോൾ ത്രേസ്യാമ്മ ഒരു ടിന്നുമായി വന്ന് പണം പിരിക്കുന്നത്.

സീൻ 9:

ശനിയാഴ്ച വൈകുന്നേരം. സ്വീകരണമുറി. ജോസഫേട്ടൻ ചായകുടി കഴിഞ്ഞ് എഴുന്നേറ്റ് സോഫയിൽ ഇരിക്കുകയാണ്. ജോമോൻ മേശയുടെ മുമ്പിലിരുന്ന് ചായ കുടിക്കുന്നു. പാറുകുട്ടി മേശയുടെ ഒരു ഭാഗം തുടക്കുകയാണ്.

പാറുകുട്ടി: ജോമോനെ ദോശ മതിയോ?

ജോമോൻ: മതിയോന്നറിയാൻ തിന്നുനോക്കണ്ടെ? ഒരു ദോശ തിന്നാൽ എങ്ങനാ അറിയ്യാ മതിയായോന്ന്.

പാറുകുട്ടി: ഒരു ദോശ്യോ? ഞാൻ പത്തെണ്ണംണ്ടാക്കിട്ട്ണ്ട്. ജോസഫേട്ടൻ രണ്ടു ദോശ്യേ തിന്നാറുള്ളൂ. അമ്മച്ചി രണ്ടെണ്ണും. ബാക്കിയൊക്കെ എവിടെപ്പോയി?

ജോമോൻ: ആ അറിയാമ്പാട്ലാ.

പാറുകുട്ടി: ഇതു കണ്ടാ.

സീൻ 8 എ:

ത്രേസ്യാമ്മ ഒരു ടിന്നെടുത്ത് മേശപ്പുറത്തു വെക്കുന്നു.

ജോമോൻ: (കൊതിയോടെ ടിന്നിലേയ്ക്കു നോക്കിക്കൊണ്ട്) എന്താ അമ്മച്ചി അത്? ഉണ്ണ്യപ്പാണോ?

ത്രേസ്യാമ്മ ഒന്നും മിണ്ടുന്നില്ല. ജോസഫേട്ടനും ജോമോനും നോക്കിക്കൊണ്ടിരിക്കെ അവർ ഒരു കസേലയിൽ ഇരുന്ന് ടിന്നെടുക്കുന്നു.

പാറുകുട്ടി: ങാ ഉണ്ണിയപ്പാ, കൊതിച്ചിരുന്നോ. (അകത്തേയ്ക്കു പോകുന്നു.) ഫേയ്ഡൗട്ട്.

## End of Part I

*Episode 2*

# മലമുകളിലെ വെളിച്ചം

## Part II

സീൻ 8 ബി:

സീൻ 8 ന്റെ തുടർച്ച. ത്രേസ്യാമ്മ ഒന്നും പറയാതെ മൂടി തുറന്ന് ടിൻ മേശമേൽ കമിഴ്ത്തുന്നു. കലപില ശബ്ദം ഉണ്ടാക്കിക്കൊണ്ട് ടിന്നിൽ നിന്ന് നാണയങ്ങൾ പുറത്തേക്കു ചാടുന്നു. കൂടെ നോട്ടുകളും.

ജോമോൻ: ഞാൻ വിചാരിച്ചു വല്ല പലഹാരവും ആയിരിക്കുംന്ന്. അമ്മച്ചീ പണ്ട് ഈ ടിന്നിലാ ഉണ്ണ്യപ്പംണ്ടാക്കി വെക്കാറ്.

ജോസഫേട്ടൻ: ഉണ്ണ്യപ്പം കട്ടുതിന്നതൊക്കെ അവന് നല്ല ഓർമ്മണ്ട്, അല്ലെടാ?

ജോമോൻ: ഇതെവിടുന്ന് കിട്ടീ അമ്മച്ചീ?

ത്രേസ്യാമ്മ ഒന്നും പറയാതെ മേശപ്പുറത്തു നിന്ന് ഉരുണ്ടുപോയ ഒറ്റ രൂപ നാണയം പെറുക്കിയെടുത്ത് കസേലയിൽ ഇരുന്ന് എണ്ണാൻ തുടങ്ങുന്നു. ജോമോൻ അപ്പുറത്ത് ചുക്കുവെള്ളവുമായി ഇരിക്കുന്ന അപ്പച്ചനെ നോക്കുന്നു.

ജോസഫേട്ടൻ: (അയാൾ കണ്ണിറുക്കിക്കൊണ്ട്) അത് അമ്മച്ചീടെ ബിസിനസ്സ് സമ്പാദ്യാടാ ജോമോനെ.

ജോമോൻ: ബിസിനസ്സോ? അമ്മച്ചി ഒരു കമ്പനി ഫ്ളോട്ടു ചെയ്തതായി കേട്ടിട്ടില്ലല്ലോ.

ജോസഫേട്ടൻ: അമ്മച്ചീടെ കാര്യം വല്ലതും നീ അറിയുന്നുണ്ടോ? ഇപ്പോ വല്ല്യ ബിസിനസുകാരിയായിരിക്ക്യാണ്. ഇതാ ഒരാഴ്ചത്തെ കലക്ഷനാ എണ്ണണത്.

ജോമോൻ: എന്തു ബിസിനസ്സാ അപ്പച്ചാ?

ജോസഫേട്ടൻ: സിനിമാ വ്യവസായാ. അമ്മച്ചി ഈ കോളനീല്ള്ള പിള്ളേര്ക്കൊക്കെ സിനിമ കാട്ടി പണം വാങ്ങ്വാണ്.

ത്രേസ്യാമ്മ അതൊന്നും ശ്രദ്ധിക്കാതെ പണം എണ്ണുന്നു. ജോമോൻ വാ തുറന്നിരിക്കുന്നു.

ജോമോൻ: (ത്രേസ്യാമ്മയെ നോക്കിക്കൊണ്ട്) എന്നാലും എന്റെ അമ്മച്ചീ!

സീൻ 8 സി:

അര മണിക്കൂർ നേരത്തെ പ്രയത്നത്തിനുശേഷം (അവർ എണ്ണുന്നു. തലയിൽ കൈ വയ്ക്കുന്നു. പെന്നെടുത്ത് കുത്തിക്കുറിക്കുന്നു. ഇതെല്ലാം ഒരു കോമിക് സ്വഭാവത്തിൽ ചിത്രീകരിക്കണം. സമയം കാണിക്കാൻ ക്ലോക്കിന്റെ സൂചി തിരിയുന്നതു കാട്ടിയാൽ മതി) അവർ എഴുന്നേറ്റത് ഒരു തുണ്ടു കടലാസ്സുമായാണ്. അതിൽ എഴുതി വെച്ചിരിക്കുന്ന കണക്ക് ജോസഫേട്ടനു നേരെ നീട്ടി അവർ പറയുന്നു.

ത്രേസ്യാമ്മ: ഇതൊന്ന് ശരിയാക്കിത്താ.

ജോസഫേട്ടൻ അതു വാങ്ങിനോക്കി ഉറക്കെ വായിക്കുന്നു.

| | |
|---|---|
| 25 പൈസ | .. പതിനെട്ട് |
| 50 പൈസ | .. ഇരുപത്തിനാല് |
| ഒറ്റരൂപ | .. നാല്പത്തിയെട്ട് |
| ഒറ്റരൂപ നോട്ട് | .. ഇരുപത്തി ഒന്ന് |
| രണ്ടു രൂപ നോട്ട് | .. പതിനാറ് |
| അഞ്ചുരൂപ | .. മൂന്ന് |

ജോസഫേട്ടൻ: (തമാശയായി തല ചൊറിഞ്ഞു കൊണ്ട്) ഇത്രയും വെഷമൊള്ള ഒരു കണക്ക് ഞാൻ ഇതുവരെ കൈകാര്യം ചെയ്തിട്ടില്ല കൊച്ചുത്രേസ്യേ.
ത്രേസ്യാമ്മ: (തമാശ മനസ്സിലാവുന്നില്ല) അതോണ്ടാ ജോമോനെ ഞാമ്പറഞ്ഞത് നീ അപ്പച്ചന് ഒരു കാൽക്കുലേറ്റർ വാങ്ങിക്കൊടുക്ക്ന്ന്.
ജോസഫേട്ടൻ: നൂറ്റിമുപ്പത്തിരണ്ട് രൂപ അമ്പതു പൈസ.
ത്രേസ്യാമ്മ: (അമ്പരന്നുകൊണ്ട്) അപ്പ നിങ്ങ എങ്ങനാ ഇത്ര പെട്ടെന്ന് കണക്കു കൂട്ടീത്?
ജോമോൻ ചിരിക്കുന്നു.
ത്രേസ്യാമ്മ: (വ്യസനത്തോടെ) ജോമോനെ എന്റെ ബിസിനസ്സൊക്കെ അവസാനിച്ചു.
ജോമോൻ: എന്തു പറ്റീ അമ്മച്ചീ?
ത്രേസ്യാമ്മ: നീ കൊണ്ടന്ന കാസറ്റൊക്കെ കഴിഞ്ഞു. ഇനി ഒന്നും കാണിക്കാനില്ല.
ജോമോൻ: അതിനെന്താ അമ്മച്ചീ, എറണാകുളത്തു പോയാൽ ഇഷ്ടംപോലെ കാസറ്റ് ലൈബ്രറിണ്ട്. ഒരു കാസറ്റിന് പതിനഞ്ചു രൂപയാ വാടക. അപ്പച്ചനോട് എടുത്തു കൊണ്ടുവരാൻ പറഞ്ഞാമതി.
ത്രേസ്യാമ്മ: (സന്തോഷത്തോടെ) അതെയല്ലേ? (തിരിഞ്ഞ് ജോസഫേട്ടനോട്) അങ്ങന്യാച്ചാൽ നിങ്ങ ഇപ്പൊത്തന്നെ പോയി ഒരു കാസറ്റെടുക്ക്.
ജോസഫേട്ടൻ: (തലയിൽ കൈ വച്ചുകൊണ്ട്) ന്റെ മോനേ, നീ ചതിച്ചല്ലോ. ഇനി ചെവീല് മൂട്ട പോയ പോലായിരിക്കും കാസറ്റ് കൈയ്യീ കൊണ്ടെക്കൊടുക്കണവരെ.
ത്രേസ്യാമ്മ: അങ്ങനല്ല. ഇപ്പോ കൊണ്ടന്നാ, രാവിലെത്തന്നെ പിള്ളാരോട് പറയാലോ ഏത് സിനിമ്യാണ്ന്ന്.
ജോസഫേട്ടൻ: നോക്ക് ജോമോനെ ഇനിണ്ടാവാൻ പോണതെന്താന്നറിയ്യോ? കാസറ്റിന്റെ വാടക എന്റെ മണ്ടേ പെടും. ന്ന്വെച്ചാൽ മൊതൽ മൊടക്കാൻ ഞാനും ലാഭം എടുക്കാൻ അമ്മച്ചീം.
ത്രേസ്യാമ്മ: (ചിരിച്ചുകൊണ്ട് അനുനയത്തിൽ) നിങ്ങ ഇങ്ങനെ ഓരോ ആവശ്യല്ല്യാത്ത കാര്യങ്ങള് പറഞ്ഞിരിക്കാതെ വെക്കം പോയി കട പൂട്ടണേന്റെ മുമ്പെ ഒരു കാസറ്റെടുത്തു കൊണ്ടുവാ. (ജോമോനോട്) മോനെ കടയെവിട്യാണ്ന്ന് നീയൊന്ന് പറഞ്ഞു കൊടുക്ക് അപ്പച്ചന്.
ജോസഫേട്ടൻ: കർത്താവേ. (ജോമോനോട്) നോക്ക് ജോമോനെ, നീ കൊണ്ടന്ന ഈ രണ്ടു സാധനങ്ങള്ണ്ടല്ലോ, അതൊന്ന് തിരിച്ചുകൊണ്ടുപോവാൻ എത്ര രൂപ തരണം? എന്നാലും എനിക്ക് ലാഭാ. (fade out).
സീൻ 9:
അടുക്കളയിൽ പാറുകുട്ടിയും ത്രേസ്യാമ്മയും ഉച്ചഭക്ഷണം പാകം ചെയ്യുന്ന തിരക്കിൽ. ജോസഫേട്ടൻ ഒരു പോസ്റ്റു കാർഡ് പിടിച്ചുകൊണ്ട് വരുന്നു
ജോസഫേട്ടൻ: കൊച്ചുത്രേസ്യേ, അമ്മച്ചീ ഇരുപത്തെട്ടാം തിയ്യതി വര്ണ്ണ്ട്.
ത്രേസ്യാമ്മ: അമ്മച്ചി വന്നോട്ടെ.
ജോസഫേട്ടൻ: അപ്പോ നെന്റെ അനുവാദം കിട്ടി, അല്ലേ കൊച്ചുത്രേസ്യേ. അമ്മച്ചി ഒന്നാന്ത്യല്ലെ വരാറ്? എന്താ ഒന്നാന്തി വരാതെ ഇരുപത്തെട്ടാന്തിയാക്കീത്ന്ന് നീ ചോദിച്ചില്ലല്ലോ.
ത്രേസ്യാമ്മ: അതെന്താ.
ജോസഫേട്ടൻ: അമ്മച്ചിക്ക് ജോമോന്റെ ഒപ്പം രണ്ടീസം കൂടണംത്രെ. അവൻ ഒന്നാന്തിയല്ലേ പോണത്.
ത്രേസ്യാമ്മ: പാവം അമ്മച്ചി. (പെട്ടെന്ന് എന്തോ ഓർത്തുകൊണ്ട്) അയ്യോ, അമ്മച്ചി വന്നാൽ.....
ജോസഫേട്ടൻ: വന്നാൽ?
ത്രേസ്യാമ്മ: അല്ല, ന്റെ സിനിമാ ബിസിനസ്സൊക്കെ കണ്ടാൽ എന്തു പറയുമാവോ?
ജോസഫേട്ടൻ: മിടുക്കീന്ന് പറേം. അമ്മച്ചി പണ്ട് ബ്ലേഡ് കമ്പനി നടത്തീർന്ന പാർട്ടിയാ.
പാറുകുട്ടി: ജോസഫേട്ടാ ഇന്നെന്ത് സിനിമ്യാ കിട്ടീത്?
ജോസഫേട്ടൻ: എന്തൊ ഒരു പേരു പറഞ്ഞു, മൈനാകംന്നോ മറ്റൊ.
പാറുകുട്ടി: ആരൊക്ക്യാ അഭിനയിക്കണത്?
ജോസഫേട്ടൻ: അതൊന്നും എനിക്കറീല്ല്യ.
പാറുകുട്ടി: അയ്യ്യേ എന്തിനാ ഇങ്ങനത്തെ സിനിമ എട്ക്കണത്. കേട്ടിട്ടും കൂടില്ല്യാ. ആരെങ്കിലും കാണാൻ വര്വോ?
ത്രേസ്യാമ്മ: എടീ ചീത്ത സിനിമ്യാന്ന് നീ ആരോടും പറയ്യ്യാന്നും വേണ്ട കേട്ടാ.
പാറുകുട്ടി: ഞാൻ പറയ്യോ അമ്മച്ചീ. ഈ ജോസഫേട്ടന് സിനിമേപ്പറ്റിയൊന്നും അറീല്ല്യ.
ജോസഫേട്ടൻ: എടി പാറുകുട്ടീ, ഇനി തൊട്ട് നീ ഒരു ലിസ്റ്റ്ണ്ടാക്കിത്തന്നാ മതി. അതു പ്രകാരം കൊണ്ടരാം. കാസറ്റിന്റെ കവറിമ്മല് നല്ല ചിത്രൊക്കെ കണ്ടപ്പൊ എടുത്തതാ.
പാറുകുട്ടി: ഞാൻ ഓരോ ദെവസും എട്ക്കണ്ട സിനിമേടെ പേര് അപ്പപ്പൊ പറഞ്ഞുതരാം.
ജോസഫേട്ടൻ: അങ്ങനെയാവട്ടെ. തല്ക്കാലം നീ ഒരു ചായയെടുക്ക്.
ത്രേസ്യാമ്മ: എടീ മധുരം കൊറച്ചിട്ടാ മതി.

സീൻ 10:
വീടിന്റെ പടിക്കൽ വന്നു നിൽക്കുന്ന ഓട്ടോവിൽ നിന്ന് ഏകദേശം എഴുപതു വയസ്സായ സ്ത്രീ ഇറങ്ങുന്നു. സ്ഥൂലശരീരം. ജോസഫേട്ടന്റെ അമ്മയാണ്. മറിയാമ്മ. ഇടതുകൈയ്യിൽ ഒരു ബിഗ് ഷോപ്പർ സഞ്ചി. കൈയ്യിലുള്ള കൊച്ചു പഴ്സിൽനിന്ന് പണമെണ്ണിക്കൊടുത്ത് ഗെയ്റ്റിലേയ്ക്കു കടക്കുന്നു.
സീൻ 10 എ:
മറിയാമ്മ: (മുറ്റത്തെത്തിയ ഉടനെ ഉറക്കെ വിളിക്കുന്നു) ത്രേസ്യേ, ജോസേ.
ത്രേസ്യാമ്മ വാതിൽക്കൽ വന്നു നോക്കുന്നു.
ത്രേസ്യാമ്മ: (അകത്തേയ്ക്കു നോക്കി) ദേണ്ടെ, അമ്മച്ചി വന്നിരിക്കുണു.
മറിയാമ്മ: ജോമോൻ എവിടെടീ?
സീൻ 11:
ത്രേസ്യാമ്മ മറിയാമ്മയ്ക്ക് ടിവിയും വിസിയാറും പ്രവർത്തിപ്പിച്ചു കാണിക്കുന്നു. പാറുകുട്ടി ഒരു ഗ്ലാസിൽ ചായ കൊണ്ടുവന്നു കൊടുക്കുന്നു. മറിയാമ്മ അതു വാങ്ങി കുടിക്കുന്നു.
മറിയാമ്മ: (പാറുകുട്ടിയോട്) എടി കൊച്ചേ നെനക്ക് സൊകല്ലേ?
പാറുകുട്ടി: അതേ വല്ല്യമ്മച്ചി.
മറിയാമ്മ: അല്ലെങ്കി നെനക്കിവിടെ സൊകത്തിനെന്താ ഒരു കൊറവ് അല്ലെടീ.
പാറുകുട്ടി ചിരിക്കുന്നു.
മറിയാമ്മ: (സോഫയിൽ ഇരിക്കുന്ന ജോമോനോട്) എടാ ജോമോനെ, നീ അപ്പപ്പക്കും ഇതുപോലൊരെണ്ണം കൊണ്ടു കൊടുക്കണം. കോട്ടയത്ത് പൗലോസിന്റേ വീട്ടീ ടിവിണ്ട്. ഈ സിനിമ കാണിക്കണ സാധനം മാത്രം കൊണ്ടന്നാൽ മതി. ഫ്രാൻസിസ്സിന്റെ വീട്ടിലും ടിവിണ്ട്. അവന്ന് പിന്നെ ഇതിലൊന്നും താല്പര്യല്യ്ള. പിള്ളേര് പഠിക്കത്തില്ല എന്നു പറഞ്ഞ് ടിവി തന്നെ വെക്കാറില്ല.
മറിയാമ്മ: (ജോമോന്റെ മുഖത്തു നോക്കിക്കൊണ്ടു പറയുന്നു.) നീയെന്താടാ ഒരു തൃപ്തില്ലാത്തപോലെ നിക്കണത്. അപ്പപ്പ പണൊക്കെ തരും.
ജോമോൻ: (ചിരിച്ചുകൊണ്ട്) അതല്ല വല്ല്യമ്മച്ചീ. അപ്പപ്പേ കേടുവരുത്തണ്ടാന്ന് വച്ചിട്ടാ. വല്ല്യമ്മച്ചീടെ മക്കളില് അപ്പപ്പ മാത്രേ കേടു വരാത്തതുള്ളു. ഇനി മൂപ്പരേം ടിവീം ഒക്കെ കാണിച്ച് കേടുവരുത്തണ്ടാന്ന് വച്ചിട്ടാ.
മറിയാമ്മ: (ചിരിച്ചുകൊണ്ട്) നീ പോടാ. ഒരു കാര്യം ചെയ്യ്, നീ അതില് ഒരു നല്ല പടം ഇട്, വല്ല്യമ്മച്ചി കാണട്ടേ.
സീൻ 12:
മറിയാമ്മ സിനിമ കാണുന്ന രംഗം, ഏതാനും സെക്കന്റുകൾ.
സീൻ 13:
ഉച്ചഭക്ഷണം. എല്ലാവരും മേശക്കു ചുറ്റുമിരുന്ന് ഭക്ഷണം കഴിക്കുന്നു. മറിയാമ്മ നന്നായി ഭക്ഷണം കഴിക്കുന്നുണ്ട്.
മറിയാമ്മ: എടീ ഇറച്ചി വരട്ടീത് നന്നായിട്ട്ണ്ട്. കോഴിക്കറീം. കോഴിക്കറി ആര്ണ്ടാക്കീതാ. പാറുകുട്ട്യാണോ?
ത്രേസ്യാമ്മ: പാറുകുട്ട്യാണ്.
പാറുകുട്ടി: അമ്മച്ചിയാണ്.
രണ്ടുപേരും ഒരുമിച്ചാണ് പറഞ്ഞത്. മറിയാമ്മ ആശയക്കുഴപ്പത്തിൽ ആവുന്നു.
മറിയാമ്മ: ശരിക്ക് ആരുണ്ടാക്കീന്ന് പറ.
ത്രേസ്യാമ്മ: രണ്ടുംണ്ടാക്കീത് പാറുകുട്ട്യന്ന്യാണ് അമ്മച്ചീ. ഞാൻ പറഞ്ഞു കൊടുത്തപോലെത്തന്ന്യാ അവള്ണ്ടാക്കണത്.
ജോസഫേട്ടൻ: കൂട്ടുകൃഷ്യാന്ന് സാരം.
മറിയാമ്മ: നെന്റെ കോഴിക്കറി എനിക്കിഷ്ടാ. എരിവും ഉപ്പും ഒക്കെ പാകാ. പാറുകുട്ടി നെന്റെ അട്ത്ത്ന്ന് തന്ന്യാ വെപ്പൊക്കെ പഠിച്ചത്ന്ന് എനിക്കറിഞ്ഞൂടെ.
ജോസഫേട്ടൻ: നല്ലോണം പഠിച്ചിട്ട്ണ്ട്. ഇപ്പൊ അവളും നല്ല വെപ്പ് വെക്കും.
എല്ലാവരും ചിരിക്കുന്നു. ത്രേസ്യാമ്മയ്ക്ക് തമാശ മനസ്സിലാവുന്നില്ല.
ത്രേസ്യാമ്മ: പക്ഷേ അവള്ടെ വെപ്പില് ഉപ്പ് സ്വൽപം കൂടുതലാ. ജോസഫേട്ടനും അമ്മച്ചിക്കും ഉപ്പ് കൊറവേ പാടൂ.
സീൻ 13-എ:
ഊണു കഴിഞ്ഞ ഉടനെ അമ്മായിയമ്മയെ കിടത്തി ഉറക്കാനുള്ള ശ്രമത്തിലാണ് മരുമകൾ. അമ്മച്ചി ആണെങ്കിൽ സംസാരിക്കാനുള്ള മൂഡിലും.
ത്രേസ്യാമ്മ: ഇനി അമ്മച്ചി പോയി കിടന്നോളൂ.
മറിയാമ്മ: (അതു ശ്രദ്ധിക്കാതെ) എടീ, ജോമോന് വല്ല പെണ്ണിനീം നോക്ക്ണ്ണ്ടോ.
ത്രേസ്യാമ്മ: ഇല്ല അമ്മച്ചീ, അവന് ആയിട്ടില്ല്യാത്രെ. അമ്മച്ചീടെ കെടക്ക വിരിച്ചിട്ട്ണ്ട്, പോയി കെടന്നോ.
മറിയാമ്മ: (അതു ശ്രദ്ധിക്കുന്നില്ല) അവന് ഈ മകരത്തില് ഇരുപത്താറ് തെകയില്ലേ?
ത്രേസ്യാമ്മ: (അശ്രദ്ധയോടെ) അറീല്ല അമ്മച്ചീ. പിന്നെ കുടിക്കാന്ള്ള വെള്ളം ഗ്ലാസില് കൊണ്ടെ വച്ചിട്ട്ണ്ട്.
മറിയാമ്മ: (അദ്ഭുതത്തോടെ) അറീല്ലാ?

ത്രേസ്യാമ്മ: (ക്ഷമാപണത്തോടെ) അയ്യോ അമ്മച്ചി എന്താ പറഞ്ഞേന്ന് ഞാൻ ശ്രദ്ധിച്ചില്ല. അമ്മച്ചീ പോയി കെടന്നോ.
മറിയാമ്മ: (കിടക്കാൻ പറയുന്നതു മാത്രം അവർ ശ്രദ്ധിക്കുന്നില്ല) നീയ് വല്ല പെൺകൊച്ചിനീം കണ്ടുവച്ചിട്ടുണ്ടോ കൊച്ചു ത്രേസ്യേ?
ത്രേസ്യാമ്മ പുറത്തേയ്ക്കുള്ള വാതിലിന്റെ വശത്തേയ്ക്ക് കുറച്ച് പരിഭ്രമത്തോടെ നോക്കുന്നു. സിനിമ കാണാൻ ആരെങ്കിലും വരുന്നുണ്ടോ എന്നാണ് നോക്കുന്നത്.
ത്രേസ്യാമ്മ: ഇല്ല അമ്മച്ചീ, നോക്കണം. പിന്നെ അമ്മച്ചി പോയി കെടന്നോ, ഇല്ലേല് ക്ഷീണാവും. ഫാനിട്ടിട്ട്ണ്ട്. കൊറച്ച് കഴിഞ്ഞാൽ ഞാൻ വന്ന് കൊറക്കാം. അല്ലേല് അമ്മച്ചിക്ക് തണുക്കും.
മറിയാമ്മ: നമ്മടെ കെഴക്കേലെ ബാബൂന്റെ പെങ്ങടെ കൊച്ചില്ലെ? എന്താ അതിന്റെ പേര്.....
ത്രേസ്യാമ്മ: അറീല്ലാ അമ്മച്ചീ. അമ്മച്ചി പോയി കെടന്നോ.
മറിയാമ്മ എന്തോ പറയാൻ പോകുമ്പോഴേക്കും ത്രേസ്യാമ്മ ധൃതിയിൽ അകത്തേയ്ക്കു പോകുന്നു.
മറിയാമ്മ: (സ്വയം പറയുന്നു, കുറച്ച് അദ്ഭുതത്തോടെ) അറീല്ല്യാ? എന്തു ചോദിച്ചാലും അറീല്ല്യാ?
സീൻ 14:
അടുക്കള. പാത്രങ്ങൾ കഴുകി വയ്ക്കുന്ന പാറുകുട്ടി. ത്രേസ്യാമ്മ ധൃതിയിൽ കടന്നു വരുന്നു.
ത്രേസ്യാമ്മ: (ശബ്ദം കുറച്ച്) എടീ, അമ്മച്ചി ഒറങ്ങാനുള്ള ഭാവൊന്നും ഇല്ല.
പാറുകുട്ടി: അതു നല്ലതാ അമ്മച്ചീ, വല്ല്യമ്മച്ചി രാത്രി നന്നായി ഉറങ്ങിക്കൊള്ളും.
ത്രേസ്യാമ്മ: നെനക്ക് പ്രശ്നം മനസ്സിലാവ്ണില്ല.
പാറുകുട്ടി: എന്താണമ്മച്ചീ?
ത്രേസ്യാമ്മ: സിനിമ കാണാൻ പിള്ളാര് വരുമ്പളയ്ക്ക് അമ്മച്ചീ ഒറങ്ങീലെങ്കി പ്രശ്നാ.
പാറുകുട്ടി മനസ്സിലാവാത്തപോലെ ത്രേസ്യാമ്മയെ നോക്കുന്നു.
പാറുകുട്ടി: അതെന്താ അമ്മച്ചീ?
ത്രേസ്യാമ്മ: നീയെന്തൊരു മണ്ട്യാ. നമ്മള് കാശു വാങ്ങി പിള്ളേരെ സിനിമ കാണിക്കണതൊന്നും അമ്മച്ചിയോടു പറഞ്ഞിട്ടില്ല. അമ്മച്ചിക്കത് ഇഷ്ടാവോ ആവോ. വീട്ടീത്തന്നെ എന്തിനാ കച്ചോടംന്നൊക്കെ പറയ്യോ ആവോ.
പാറുകുട്ടി: (ഗൗരവം മനസ്സിലാക്കി തലയാട്ടിക്കൊണ്ട്) ഇനി എന്നാ ചെയ്വാ?
ത്രേസ്യാമ്മ: അതാ ഞാനും ആലോചിക്കണത്.
പാറുകുട്ടി: (പെട്ടെന്ന് വെളിപാടു വന്നപോലെ) അമ്മച്ചി ഒരു കാര്യം ചെയ്യ്.
ത്രേസ്യാമ്മ: എന്താ പെണ്ണേ? വേം പറ. (തിരിഞ്ഞ് വാതിൽക്കലേയ്ക്കു ഭയത്തോടെ നോക്കുന്നു.)
പാറുകുട്ടി: വല്ല്യാമ്മച്ചിയോട് പറേ ഊണു കഴിച്ച് ഇങ്ങനെ ഇരുന്നാല് നടുവെട്ടുംന്ന്. ഓർമ്മണ്ടോ, കഴിഞ്ഞ പ്രാവശ്യം വന്നപ്പോ നടുവെട്ടിക്കെടന്നത്?
ത്രേസ്യാമ്മ: (ഉത്സാഹത്തോടെ) അതു ശര്യാ. (ധൃതിപിടിച്ച് പോകുന്നു.)
സീൻ 15:
സീൻ 13ലെ രംഗം തന്നെ. മറിയാമ്മ ത്രേസ്യാമ്മയെയും കാത്തിരിക്കയാണ്. ത്രേസ്യാമ്മ വരുന്നു.
മറിയാമ്മ: നീ അപ്പഴക്ക് എങ്ങാട്ട് പോയെടി കൊച്ചുത്രേസ്യേ?
ത്രേസ്യാമ്മ: അമ്മച്ചി പോയി കിടന്നോ. ഊണ് കഴിഞ്ഞ് ഇങ്ങിനെയിരുന്ന് അരയ്ക്ക് നീർക്കെട്ടു വരണ്ട.
മറിയാമ്മ: (പെട്ടെന്ന് ഓർത്ത്) അതു ശരിയാ കൊച്ചുത്രേസ്യേ, കഴിഞ്ഞ പ്രാവശ്യം നടുവെട്ടി കെടന്നിട്ട് എല്ലാർക്കും ഒപദ്രവായി.
മറിയാമ്മ എഴുന്നേൽക്കുന്നു. ത്രേസ്യാമ്മ ധൃതിയിൽ അവരുടെ ഒപ്പം നടന്നുചെന്ന് അമ്മായിയമ്മയെ കിടപ്പുമുറിയിലാക്കുന്നു.
സീൻ 16:
കിടപ്പുമുറിയിൽ ത്രേസ്യാമ്മ കട്ടിലിൽ കിടക്കയിലെ ചുളിവുകൾ നിവർത്തുന്നു. തലയിണ പതം വരുത്തുന്നു. എങ്ങിനെയെങ്കിലും അമ്മായിയമ്മയെ കിടത്തിയിട്ടു വേണം രക്ഷപ്പെടാനെന്ന ഭാവം.
ത്രേസ്യാമ്മ: അമ്മച്ചി കിടന്നോളൂ. ഞാൻ വാതില് ചാര്ണ്ണ്ട്. ശബ്ദം കാരണം അമ്മച്ചീടെ ഒറക്കം പോണ്ട.
മറിയാമ്മ: എന്തു ശബ്ദം കൊച്ചുത്രേസ്യേ.
ത്രേസ്യാമ്മ: (പെട്ടെന്ന്, പറഞ്ഞത് അബദ്ധമായെന്നു കണ്ട് തിരുത്തുന്നു) അല്ലമ്മച്ചീ, ജോമോന്റെ ഫ്രണ്ട്സ് ആരെങ്കിലും വന്നാൽ....
ത്രേസ്യാമ്മ വാതിൽ ചാരി പുറത്തുകടന്ന് ദീർഘശ്വാസമിടുന്നു. കാണികൾ ഓരോരുത്തരായി വന്നു തുടങ്ങുന്നു. ത്രേസ്യാമ്മ ടിന്നുമെടുത്ത് പണം പിരിക്കാൻ നടക്കുന്നു.
സീൻ 17:
നിറഞ്ഞ ഹാളിൽ സിനിമ കാണുന്ന ബഹളം. ബഹളം വല്ലാതെ കൂടുമ്പോൾ ത്രേസ്യാമ്മ അമ്മായിയമ്മ കിടക്കുന്ന മുറിയുടെ വാതലിലേയ്ക്കു ഭയത്തോടെ നോക്കുന്നു.
സീൻ 18:

കിടപ്പറയിൽ മറിയാമ്മ ഉണരുന്നു. എഴുന്നേറ്റ് തലക്കൽ ഭാഗത്തു വെച്ച ഗ്ലാസിൽ നിന്ന് ഒരു കവിൾ വെള്ളം കുടിച്ച് വീണ്ടും കിടക്കുന്നു. ഉറക്കം പിടിക്കുമ്പോഴേയ്ക്കും ഹാളിൽ നിന്നുള്ള ആരവം അവർ ശ്രദ്ധിക്കുന്നു. ഞെട്ടി ഉണരുന്നു. എഴുന്നേറ്റ് വാതിൽ തുറന്നു പുറത്തു കടക്കുന്നു.

സീൻ 18-എ:

ഹാളിൽ ആർത്തു ചിരിക്കുന്ന ജനം. മറിയാമ്മ കടന്നു വരുന്നു.

ത്രേസ്യാമ്മ: (പെട്ടെന്നെഴുന്നേറ്റുകൊണ്ട്) അയ്യോ, അമ്മച്ചീടെ ഉറക്കം മുറിഞ്ഞുപോയോ?

മറിയാമ്മ: ഇല്ലെടി, സാരംല്ല്യ. സിനിമ വെക്ക്ണ്ണ്ടെങ്കി എന്നീം വിളിക്കായിര്ന്നില്ലെ?

അവർ മുമ്പിൽത്തന്നെ ഒരു കുട്ടി ഒഴിവാക്കിക്കൊടുത്ത സ്ഥലത്ത് ഇരിക്കുന്നു.

ത്രേസ്യാമ്മ: (തൊട്ടടുത്തിരിക്കുന്ന പാറുകുട്ടിയോട്) എന്തായാലും പണം പിരിക്കുന്ന സമയത്ത് അമ്മച്ചി ഇല്ലാതിരുന്നത് നന്നായി എന്റെ പൊന്നേ.

സീൻ 19:

സിനിമ കഴിഞ്ഞ് എല്ലാവരും പോയി. സ്വീകരണമുറിയിൽ മറിയാമ്മയും ത്രേസ്യാമ്മയും മാത്രം. മറിയാമ്മ മടിയിൽ ഒരു പാത്രം വച്ച് പയർ കൈ കൊണ്ട് ഒടിച്ച് കഷ്ണമാക്കുകയാണ്.

മറിയാമ്മ: മോളെ നീ ഇക്കണ്ട നാട്ടുകാർക്കൊക്കെ എന്തിനാ സിനിമ കാണിച്ചു കൊടുക്കണത്?

ത്രേസ്യാമ്മ: അവർക്ക് കാണണംന്ന് പറഞ്ഞു, അമ്മച്ചീ.

മറിയാമ്മ: അങ്ങിനെയാണെങ്കില് ഒരു കാര്യം ചെയ്താ മതി. ഓരോരുത്തര്ടെ കയ്യിൽനിന്നും ഈരണ്ടു രൂപ മേടിച്ചോ. അപ്പോ നിനക്കും ഒരു ഗുണായില്ലെ. വെറുതെ കാണിച്ചു കൊടുത്താൽ വെലണ്ടാവില്ല.

പാറുകുട്ടി: (അവളും പയർ നേരെയാക്കുകയാണ്) അതിന് വല്ല്യമ്മച്ചീ, ഓരോരുത്തടെ അടുത്തുന്നും ഈരണ്ടു രൂപ വാങ്ങ്ണ്ണ്ട് അമ്മച്ചി.

മറിയാമ്മ: അതു നന്നായി.

ത്രേസ്യാമ്മ ദീർഘശ്വാസം വിടുന്നു. ഇത്തവണ കുറച്ചധികം ദീർഘമായിത്തന്നെ. പാറുകുട്ടിയെ നന്ദി പൂർവ്വം നോക്കുന്നു.

സീൻ 20:

ഒരു കാസറ്റ് ലൈബ്രറി. കാസറ്റുകൾ നിരത്തി വച്ചതിലൂടെ കണ്ണോടിക്കുന്ന ജോസഫേട്ടൻ. പെട്ടെന്ന് ഒരു കാസറ്റ് കയ്യിലെടുക്കുന്നു. കുറച്ചുറക്കെ വായിക്കുന്നു. 'ടെൻ കമാന്റ്മെന്റ്സ്.'

ജോസഫേട്ടൻ: (കടക്കാരനോട്) ഇതു മതി.

കടക്കാരൻ നിർവ്വികാരനായി കാസറ്റ് പൊതിഞ്ഞു കൊടുക്കുന്നു.

ജോസഫേട്ടൻ: പൊതിയും ഒന്നും വേണ്ട. ഇങ്ങട്ട് തന്നാൽ മതി.

കടക്കാരൻ: അല്ലാ പൊതിഞ്ഞു തരാം.

ജോസഫേട്ടൻ: അല്ലാ ഇന്നലെയൊന്നും പൊതിഞ്ഞു തന്നില്ലല്ലൊ. പൊതിച്ചിലൊക്കെ പുതുതായി തൊടങ്ങീതായിരിക്കും അല്ലെ?

കടക്കാരൻ ഒന്നും പറയുന്നില്ല. പൊതിയുമായി കടയിൽ നിന്ന് പുറത്തേയ്ക്കിറങ്ങുന്ന ജോസഫേട്ടൻ.

സീൻ 21:

രാത്രി ഭക്ഷണ സമയം. മറിയാമ്മയും ജോസഫേട്ടനും കഞ്ഞി കുടിക്കുന്നു. ത്രേസ്യാമ്മയും പാറുകുട്ടിയും ഊണാണ് കഴിക്കുന്നത്.

ജോസഫേട്ടൻ: അമ്മച്ചി, പത്തു കല്പനകൾ എന്ന സിനിമ കിട്ടിയിട്ടുണ്ട്. നാളെ കാണിച്ചു തരാം.

മറിയാമ്മ: മോശക്ക് കിട്ടിയ കല്പനകളല്ലെ?

ജോസഫേട്ടൻ: അമ്മച്ചി പഴയ നിയമം ഒന്നും മറന്നിട്ടില്ല അല്ലേ?

ത്രേസ്യാമ്മ: അതെ അമ്മച്ചി. ഞാനും അച്ചായനും കൂടി കണ്ട സിനിമയാ. അമ്മച്ചിക്ക് ഓർമ്മയില്ലെ, അമ്മച്ചി ജോമോനീം നോക്കി വീട്ടിലിരുന്നത്? മോനന്ന് രണ്ടു വയസ്സാ.

മറിയാമ്മ വലിയ ഓർമ്മയൊന്നുമില്ലാത്ത പോലെ ഇരിക്കുന്നു.

ത്രേസ്യാമ്മ: എന്നിട്ട് ജോമോൻ കരഞ്ഞപ്പോ അമ്മച്ചി ഊഞ്ഞാലിലിട്ട് ആട്ടീത്?

മറിയാമ്മ: എനിക്കതൊന്നും ഓർമ്മല്ല്യന്റെ കൊച്ചുത്രേസ്യേ.

ത്രേസ്യാമ്മ: നാളെ പരിപാടി രാവിലെ പത്തു മണിക്കാക്കാം.

ജോസഫേട്ടൻ: അതോണ്ടെന്താ ഗുണം?

ത്രേസ്യാമ്മ: ഞായറാഴ്ച്യല്ലെ? ഉച്ച തിരിഞ്ഞാൽ ഓരോരുത്തര് സ്ഥലം വിടും. നമുക്ക് കാണികള് കൊറയും. അമ്മച്ചീ പള്ളീന്ന് എത്താൻ പത്തു മണ്യാവും. അതാ ഞാൻ പത്തു മണീന്ന് പറഞ്ഞത്.

ജോസഫേട്ടൻ: ശരി, അങ്ങന്യായിക്കോട്ടെ.

മറിയാമ്മ: ജോമോൻ പോയപ്പൊ ഒരു രസൂംല്ല്യ. അവൻ ഇനി എന്നാ വരാ കൊച്ചുത്രേസ്യേ?

ത്രേസ്യാമ്മ: അവനിപ്പോ ആറാറു മാസം കൂടുമ്പൊ വരാം. ഇനി ഈസ്റ്ററിനു വരാംന്ന് പറഞ്ഞിട്ടാ പോയിരിക്കണത്.

മറിയാമ്മ: അപ്പഴയ്ക്ക് നീ അവനൊരു പെണ്ണിനെ നോക്കി വച്ചോ.

സീൻ 22:

പള്ളിമണി മുഴങ്ങുന്നു. പള്ളിയുടെ കവാടത്തിനു താഴെ കുർബാന കഴിഞ്ഞു പുറത്തിറങ്ങുന്ന ജനങ്ങൾ. ആൾക്കൂട്ടത്തിനിടയിൽ ത്രേസ്യാമ്മയും മറിയാമ്മയും. മറിയാമ്മയുടെ കൈയ്യിൽ പൂക്കൾ.

മറിയാമ്മ: നീ നടന്നോ കൊച്ചുത്രേസ്യേ, ഞാൻ അപ്പന്റെ കുഴിമാടത്തില് പൂവച്ച് വെക്കം വരാം.

ത്രേസ്യാമ്മ: ശരി അമ്മച്ചീ. ഞാൻ അപ്പഴക്ക് കോളനീല്ള്ള പിള്ളേരെ എല്ലാം വിളിക്കട്ടെ.

സീൻ 23:

കോളനിയിൽ ത്രേസ്യാമ്മ ഓരോ വീടുകളിലായി കയറിയിറങ്ങുകയാണ്. ആദ്യം കയറുന്നത് നളിനിയുടെ വീട്ടിൽ.

ത്രേസ്യാമ്മ: നളിനീ ഇന്ന് ടെൻ കമാന്റ്മെന്റ്സാണ് കെട്ടോ സിനിമ.

നളിനി: (മുഖം ചുളിച്ചുകൊണ്ട്) ഇംഗ്ലീഷ് സിനിമ്യാണല്ലേ ആന്റീ? മലയാളൊന്നും കിട്ടീലെ?

ത്രേസ്യാമ്മ: നീയെന്താ പറേണത് നളിനിക്കൊച്ചേ. എന്തൊക്കെ അദ്ഭുതങ്ങളാ അതില് കാണിച്ചിരിക്കണത്? വടി പാമ്പായി മാറണതും, മോശേം അടിമകളും നടന്നുപോമ്പ ചെങ്കടല് രണ്ടു ഭാഗത്തേയ്ക്ക് മാറി വഴിണ്ടാവണതും, പിന്നെ മലമുകളില് ദൈവം ഒരു വെളിച്ചായി വന്ന് മോശയ്ക്ക് പത്തു കല്പനകള് കൊടുക്കണതും കാണ്വന്നെ വേണം.

(നളിനി തൃപ്തയായിയെന്ന തോന്നലുണ്ടായപ്പോൾ ത്രേസ്യാമ്മ പറയുന്നു.)

ത്രേസ്യാമ്മ: പത്തു മണിക്ക്യന്നെ തൊടങ്ങും. നീ വരണം കേട്ടോടി കൊച്ചേ. ഞാൻ മറ്റുള്ള പിള്ളേരടെ അടുത്ത് പറഞ്ഞിട്ട് വരാം.

അടുത്ത വീട്ടിലേയ്ക്കു നടക്കുന്നു. ശൈലജയുടെ വീട്. ശൈലജ വാതിൽ തുറക്കുന്നു.

ത്രേസ്യാമ്മ: ശൈലജേ ഇന്ന് ഇംഗ്ലീഷ് സിനിമ്യാണ്ട്ടോ.

ശൈലജ: എന്തു സിനിമ്യാണ് ആന്റി.

ത്രേസ്യാമ്മ: ടെൻ കമാന്റ്മെന്റ്സ്.

ശൈലജ: അതു ഞാങ്കണ്ട സിനിമ്യാ ആന്റി. വേറെ നല്ല ഇംഗ്ലീഷ് സിനിമേംണ്ടങ്കി എടുക്കു, ഞാൻ വരാം.

ത്രേസ്യാമ്മ: നീ ഇതുവര്യായിട്ട് ഒരൊറ്റ സിനിമ കാണാൻ വന്നിട്ടില്ലല്ലോ.

ശൈലജ: രണ്ടു രൂപ വെറുതെ കളയണ്ടേ ആന്റീ.

ത്രേസ്യാമ്മ: പിശുക്കി. മോളെന്ത്യേ?

ശൈലജ: ഒറങ്ങ്വാണ്.

ത്രേസ്യാമ്മ: ശരി. (അടുത്ത വീട്ടിലേയ്ക്കു നടക്കുന്നു.)

സീൻ 24:

ഇംഗ്ലീഷു സിനിമയാണെങ്കിലും സ്വീകരണമുറി ഒരു മാതിരി നിറഞ്ഞുതന്നെയാണ്. ഇംഗ്ലീഷ് സിനിമയായതുകൊണ്ട് കഥയുടെ സാരാംശം പറഞ്ഞുകൊടുത്താലേ ആസ്വാദ്യത പൂർണമാവൂ എന്നതു കൊണ്ട് ജോസഫേട്ടൻ പുറപ്പാടിന്റെ കഥ വളരെ ലഘുവായി പറഞ്ഞു കൊടുക്കുന്നു.

ജോസഫേട്ടൻ: ഇംഗ്ലീഷ് സിനിമ്യായതോണ്ട് ഇതിന്റെ കഥ ഞാൻ പറഞ്ഞുതരാം. അപ്പൊപ്പിന്നെ മനസ്സിലാക്കാൻ എളുപ്പാണ്. ഇത് പഴയ നിയമത്തില്ള്ള കഥ്യാണ്. യാക്കോബിന്റെ മക്കളായ ഇസ്രായേൽ ജനം ഈജിപ്ത്കാരടെ അടിമകളായി. അവർക്ക് വല്ലാതെ കഷ്ടപ്പാടായപ്പോൾ ഒരു ദിവസം അവരുടെ നിലവിളി കേട്ട ദൈവം മോശയുടെ മുമ്പിൽ പ്രത്യക്ഷപ്പെട്ടു. അടിമകളായിത്തീർന്ന ഇസ്രായേൽ ജനത്തെ ഈജിപ്തിൽ നിന്നും മോചിപ്പിച്ചു കൊണ്ടുവരാൻ ഏല്പിച്ചു. എന്നിട്ട് ദൈവം മോശക്ക് പല അദ്ഭുതങ്ങളും ചെയ്യാനുള്ള കഴിവുണ്ടാക്കി. അപ്പോൾ ഈജിപ്തിൽ നിന്ന് ഓടിപ്പോന്ന മോശ തിരിച്ചുപോയി ഇസ്രായേലികളെ മോചിപ്പിച്ചു കൊണ്ടു പോവണ കഥ്യാണിത്. അതിനെടക്ക് എന്തൊക്കെ അദ്ഭുതങ്ങൾ ഉണ്ടെന്നറിയാമോ? വടി നിലത്തിട്ടാൽ പാമ്പായി ഇഴയണത്, നൈൽ നദീലെ വെള്ളം മോശ വടികൊണ്ടടിക്കുമ്പോ ചോരയാവണത്, പിന്നെ അടിമകളേം കൊണ്ട് പോമ്പ ചെങ്കടലിന്റെ അടുത്തെത്ത്യപ്പോ ഫറവോയുടെ സൈന്യങ്ങള് തൊട്ട പിന്നിലെത്തി. അപ്പോ മോശ കടലിന് മീതെ വടികൊണ്ടടിച്ചപ്പോ കടല് രണ്ടായി മാറി ഇസ്രായേല്കാർക്ക് പോകാൻ വഴിണ്ടാക്കി.... അങ്ങനെ എന്തൊക്കെ അദ്ഭുതങ്ങള്ണ്ടന്നാ.....

(ഒരു മിനിറ്റു സമയമേ എടുക്കാവൂ. മുഴുവൻ കഥയും പറയുന്നുവെന്ന പ്രതീതിയുണ്ടാക്കി കാതലായ ഏതാനും വാചകങ്ങളേ പറയേണ്ടൂ. വാചകങ്ങളുടെ ഇടയിൽ ഫേയ്ഡൗട്ടു ചെയ്തു പ്രേക്ഷകരുടെ മുഖഭാവം കാമറയിൽ പകർത്തിയാൽ മതി.)

സീൻ 24-എ:

അദ്ഭുതങ്ങൾ കാണാനായി എല്ലാവരും ടിവി സക്രീനിൽ കണ്ണും നട്ടിരിക്കുകയാണ്. മറിയാമ്മ മുമ്പിൽ തന്നെയാണ് ഇരിക്കുന്നത്. ഒരു കണ്ണട ഫിറ്റു ചെയ്തിട്ടുണ്ട്. വിസിയാർ ഓണാക്കി ത്രേസ്യാമ്മ റിമോട്ടു കൺട്രോളും കയ്യിലേന്തി ഏറ്റവും പിന്നിൽ സോഫയിൽ ഭർത്താവിന്റെ അടുത്തു ചെന്നിരിക്കുന്നു.

ത്രേസ്യാമ്മ: (ജോസഫേട്ടനോട്) നിങ്ങക്ക് സിനിമേലെ കഥ മുഴുവനും ഓർമ്മണ്ടോ?

ജോസഫേട്ടൻ: ഒരു മാതിരി.

ത്രേസ്യാമ്മ: നമ്മള് രണ്ടുപേരും ഒന്നിച്ച് തീയറ്ററിൽ പോയി കണ്ടത് ഓർമ്മണ്ടോ. നിങ്ങ ഐസ്ക്രീം വാങ്ങിത്തന്നതൊക്കെ.

ജോസഫേട്ടൻ: (ത്രേസ്യാമ്മയുടെ അനവസരത്തിലുള്ള ശൃംഗാരം ഇഷ്ടപ്പെടുന്നില്ല). എനിക്കതൊന്നും ഓർമ്മയില്ലെടീ.
ത്രേസ്യാമ്മ: അല്ലേലും നിങ്ങ അങ്ങനാ. അന്നൊക്കെ നിങ്ങക്ക് ന്നെ എന്തിഷ്ടായിരുന്നു. നിങ്ങ എന്നോട്.......
ഈ ലോഗ്യം ചോദിക്കുന്നതിനിടയിൽ ഹാളിൽ ഒരു ഭൂകമ്പം ഉണ്ടാവുകയാണ്. ഒരു കൂക്കുവിളിയും വിസിലടിയും കേട്ടപ്പോൾ പെട്ടെന്ന് എന്താണെന്ന് മനസ്സിലായില്ല. കാണികൾക്കിടയിൽ ഉറക്കെ ചിരിയും ബഹളവും. ചിരിക്കുന്ന കാണികളിൽ ചിലരുടെ ക്ലോസപ്പ് കാണിക്കണം. ത്രേസ്യാമ്മ പെട്ടെന്ന് സ്ക്രീനിൽ നോക്കുന്നു. സ്ക്രീനിന്റെ ഷോട്ട് (വ്യക്തമാക്കരുത്).
ത്രേസ്യാമ്മ: എന്റീശോയെ.......
ത്രേസ്യാമ്മ റിമോട്ട് കണ്ട്റോൾ എടുക്കാനുകൂടി മെനക്കെടാതെ ചാടിയെഴുന്നേറ്റ് ഓടിച്ചെല്ലുന്നു. ത്രേസ്യാമ്മ ഇരുന്നിരുന്ന ദീവാനിൽ കിടക്കുന്ന റിമോട്ട് കണ്ട്റോളിൽ കാമറ സൂം ചെയ്യണം. പെട്ടെന്ന് റിമോട്ട് എടുത്തിട്ടില്ല എന്നോർത്തപ്പോൾ അതെടുക്കാൻ ത്രേസ്യാമ്മ തിരിച്ചോടുന്നു. തിരിഞ്ഞ് സ്ക്രീനിൽ നോക്കുമ്പോൾ സംഗതി ഓരോ നിമിഷവും വഷളാവുകയാണെന്നു മനസ്സിലാവുന്നു.
മറിയാമ്മ: ങാ, ഇതില് ഉൽപ്പത്തി തൊട്ട് കാണിക്ക്ണ്ണ്ട്ന്ന് തോന്നുന്നു. ഇപ്പോ കണ്ടത് ഏദൻ തോട്ടത്തില് ആദാമും ഹവ്വയുമല്ലെ?
ത്രേസ്യാമ്മ റിമോട്ട് എടുക്കാതെ തലയിൽ കയ്യും വച്ച് വീണ്ടും തിരിച്ചോടി ചുമരിലെ പ്ലഗ്ഗിന്റെ സ്വിച്ച് ഓഫാക്കുന്നു.
മറിയാമ്മ: ങേ, എന്തേ നിർത്തിയത് കൊച്ചുത്രേസ്യേ?
സരള: (ഇരുപത്തെട്ട് മുപ്പതു വയസ്സുള്ള സ്ത്രീ) ഇവര് നീലപ്പടാടീ കാണിക്കണത്, ഞാൻ പോണു.
സീൻ 24-ബി:
ഹാളിൽ ഇതിനകം ബഹളമായിരുന്നു. ത്രേസ്യാമ്മ അകത്തു പോകുന്നു. ഹാളിൽ ഓരോരുത്തർ കൂട്ടം കൂടി നിന്ന് അടക്കിയ സ്വരത്തിൽ സംസാരിക്കുകയാണ്. ഇടക്കിടക്ക് നീലപ്പടമെന്ന പേര് വരുന്നുണ്ട്.
സീൻ 24-സി:
പണമിട്ട മിട്ടായിടിന്നുമായി ത്രേസ്യാമ്മ വരുന്നു, എല്ലാവരുടേയും പണം തിരിച്ചു കൊടുക്കുകയാണ്. തിരക്കിന്നിടയിൽ ചില വിരുതന്മാർ രണ്ടു കയ്യും നീട്ടി പണം വാങ്ങുന്നു. അവസാനം നോക്കുമ്പോൾ അഞ്ചു പേരുടെ പണം ഇനിയും കൊടുക്കാനുണ്ട്. ടിന്നിൽ പണമൊന്നുമില്ല താനും. അവർ അകത്തു പോയി പണം എടുത്തു കൊണ്ടു വരുന്നു.
മറിയാമ്മ: എന്തേണ്ടായേ കൊച്ചു ത്രേസ്യേ?
ത്രേസ്യാമ്മ ശ്രദ്ധിക്കുന്നില്ല. അവസാനത്തെ കസ്റ്റമറും പുറത്തു കടന്ന ശേഷം വാതിലടച്ച് കുറ്റിയിട്ട് ത്രേസ്യാമ്മ സോഫയിൽ തലക്ക് കയ്യും കൊടുത്തിരിക്കുന്നു.
മറിയാമ്മ: എന്തേണ്ടായേ കൊച്ചുത്രേസ്യേ? എന്തിനാ പടം നിർത്തീത്?
ത്രേസ്യാമ്മ: (ആവുന്നത്ര ശാന്തയായി) ഒന്നുംല്ല്യ അമ്മച്ചീ, കാസറ്റ് മാറിപ്പോയതാ.
സീൻ 25:
രാത്രി. ത്രേസ്യാമ്മക്ക് ഉറങ്ങാൻ പറ്റുന്നില്ല. കിടക്കയിൽ കിടന്നുകൊണ്ട് അവർ ആലോചിക്കുകയാണ്. കട്ടിലിൽ തിരിഞ്ഞു കിടക്കുന്ന ജോസഫേട്ടന്റെ തോളിൽ കൈ വെച്ചുകൊണ്ട് ത്രേസ്യാമ്മ ചോദിക്കുന്നു.
ത്രേസ്യാമ്മ: അപ്പളേയ്, ഇതെന്തേ ഇങ്ങനെ വരാൻ.
ജോസഫേട്ടൻ: എന്ത്, പെണ്ണേ?
ത്രേസ്യാമ്മ: അല്ലാ നിങ്ങള് ടെൻ കമാന്റ് മെന്റ്സ് തന്ന്യല്ലെ എടുത്തത്. അതില് ഇങ്ങനത്തെ ഒക്കെ വരാൻ എന്താ കാരണം? പണ്ട് നമ്മള് കണ്ടപ്പോ ഇങ്ങിന്യൊന്നുംണ്ടായിർന്നില്ലല്ലോ. അല്ലെങ്കീ അന്ന് നമ്മള് സിനിമ തൊടങ്ങിക്കഴിഞ്ഞിട്ടാണോ തീയേറ്ററീ ചെന്നത്? സിനിമേല് ഉൽപ്പത്തി തൊട്ട് തന്നെണ്ടാവോ? പിള്ളാര് പറേണത് നീലപ്പടാന്നാ.
ജോസഫേട്ടൻ: അങ്ങിനെയൊക്കെണ്ടാവും. അല്ല, ആ കടക്കാരൻ കാസറ്റ് പൊതിഞ്ഞ് തന്നേന്റെ കാരണം ഇപ്പഴല്ലേ മനസ്സിലായുള്ളൂ.
ത്രേസ്യാമ്മ: എന്താ പറഞ്ഞേ?
ജോസഫേട്ടൻ: ഒന്നുംല്ല്യ. ഞാൻ സ്വന്തം ഒരു ഡയലോഗ് ഫിറ്റ് ചെയ്തതാ. ഇനി തൊട്ട് കാസറ്റു കൊണ്ടുവന്നാൽ നമ്മള് ഒന്ന് ഓടിച്ചു നോക്കിയിട്ടു മതി പുറത്ത് കാണിക്കല്. (ഒന്ന് നിർത്തിയശേഷം അദ്ദേഹം തുടരുന്നു) ന്ന് വെച്ചാൽ ഇനി ആരെങ്കിലും സിനിമ കാണാൻ ഇവിടെ വര്വാണെങ്കിൽ.
ത്രേസ്യാമ്മ: എനിക്ക് വലിയ ഒറപ്പൊന്നുംല്ല്യ. ആകെ നാണക്കേടായി. ജോമോൻ പോയത് നന്നായി.
ജോസഫേട്ടൻ: അതെന്തേ?
ത്രേസ്യാമ്മ: അല്ല, അവനുംണ്ടായിരുന്നുവെങ്കില് എരട്ടി നാണക്കേടായേനെ.
ജോസഫേട്ടൻ: അതിന് അവൻ നീ വെക്കണ സിനിമ്യൊന്നും കാണാറില്ലല്ലോ.
ത്രേസ്യാമ്മ: അതല്ലെന്നേയ്, അവന് ഇംഗ്ലീഷ് സിനിമ്യൊക്കെ ഇഷ്ടാ. വന്നിരുന്ന് കണ്ടെങ്കിലോ?
ജോസഫേട്ടൻ: നന്നായി!
ത്രേസ്യാമ്മ പ്രാർത്ഥിക്കാനായി കുമ്പിട്ടിരിക്കുന്നു. (ഫെയ്ഡൗട്ട്)

സീൻ 26:

അതേ സെറ്റിങ്സ്. ത്രേസ്യാമ്മ കണ്ണടച്ചു കിടക്കുന്നു. തൊട്ടടുത്ത് ഭർത്താവ് കൂർക്കംവലിച്ചുറങ്ങുന്നു. ചുവരിൽ കുരിശിനു മുമ്പിലെ നൈറ്റ് ലാമ്പിന്റെ വെളിച്ചം മാത്രം. സാവധാനത്തിൽ ആ മുറിയിൽ ഒരു അലൗകികമായ വെളിച്ചം പരക്കുന്നു. ത്രേസ്യാമ്മ കണ്ണു തുറന്നു നോക്കുന്നു. അദ്ഭുതകരമായ ആ ദിവ്യ വെളിച്ചം മുറിയിൽ അലയടിക്കുകയാണ്. മുറി ഒരു മലയുടെ മുകൾ ഭാഗമായി മാറുന്നു. മലമുകളിൽ ധ്യാനനിരതനായി ഇരിക്കുന്ന മോശയെ ത്രേസ്യാമ്മ കാണുന്നു. മോശയുടെ മുഖത്തിന് ആ വെളിച്ചം ഒരു ദിവ്യപരിവേഷം നൽകുന്നു. ഇവിടെ 'ടെൻ കമാന്റ്മെന്റ്സി'ലെ സീൻ തന്നെ കാണിച്ചാൽ മതിയാവും.

ത്രേസ്യാമ്മ: (കിടക്കയിൽ എഴുന്നേറ്റിരിക്കുന്നു. കുരിശു വരച്ചുകൊണ്ട്) കർത്താവേ ഞാനെന്താണീ കാണുന്നത്?

ആ ദൃശ്യം നോക്കിക്കൊണ്ടിരിക്കെ അവരുടെ ഹൃദയം ഭക്തിസാന്ദ്രമാകുന്നു. സാവധാനത്തിൽ മലമുകളിൽ ഇരിക്കുന്ന മോശയുടെ രൂപം ജോസഫേട്ടന്റേതായി മാറുന്നു. ജോസഫേട്ടൻ കണ്ണിമക്കാതെ അനക്കമില്ലാതെ എന്തോ നോക്കിയിരിക്കയാണ്. ത്രേസ്യാമ്മയുടെ ഭക്തി അദ്ഭുതങ്ങൾക്ക് വഴിമാറിക്കൊടുക്കുന്നു. ക്രമേണ മല അപ്രത്യക്ഷമാവുകയും ചുറ്റുവട്ടം കൂടുതൽ തെളിയുകയും ചെയ്യുന്നു. ജോസഫേട്ടൻ ഇപ്പോൾ സ്വീകരണമുറിയിൽ സോഫയിൽ ഇരിക്കുന്നത് ഒരുമാതിരി വ്യക്തമായി കാണാൻ പറ്റും. ത്രേസ്യാമ്മയുടെ വീക്ഷണത്തിൽ കിടപ്പുമുറിയുടെ വാതിലിൽക്കൂടിയാണ് ജോസഫേട്ടനെ കാണുന്നത്. അദ്ദേഹം അനക്കമില്ലാതെ പ്രതിമ കണക്കെ ഇരിക്കുകയാണ്. മുഖത്ത് ഒരദ്ഭുത വെളിച്ചം വന്നടിക്കുന്നു.

ത്രേസ്യാമ്മ ഇപ്പോൾ നന്നായി ഉണർന്നിരിക്കുന്നു. അവർ എഴുന്നേറ്റു ചെല്ലുന്നു.

ജോസഫേട്ടൻ: (മുഖം തിരിക്കാതെത്തന്നെ പറയുന്നു) ഇവിടെ വന്നിരുന്ന് കണ്ടോ പെണ്ണേ, നല്ല രസോംണ്ട്.

ത്രേസ്യാമ്മ കിടപ്പുമുറിയുടെ വാതിൽ കടന്ന് സ്വീകരണ മുറിയിലേയ്ക്ക് കടക്കുന്നു. ടിവി സ്ക്രീനിലേയ്ക്ക് നോക്കുന്ന ത്രേസ്യാമ്മയുടെ മുഖം. കാണാൻ പാടില്ലാത്തത് കാണുന്നപോലെ അവർ അനങ്ങാതെ നിൽക്കുന്നു. ഷോക്കിൽനിന്ന് ഉണർന്ന അവർ തലയിൽ കൈവെച്ചുകൊണ്ട് പറയുന്നു.

ത്രേസ്യാമ്മ: എന്റെ കർത്താവേ.

**End of Part II**
**End of Episode 2**

BACK TO INDEX

*Episode 3*

## മാതാവിന്റെ ആശിസ്സുകളോടെ

## Part I

ഈ  എപ്പിസോഡിലേയ്ക്കു വേണ്ട കഥാപാത്രങ്ങൾ

ജോസഫേട്ടൻ
ത്രേസ്യാമ്മ
പാറുകുട്ടി
സഖറിയാസ് അച്ചൻ
ശൈലജ
6 മാസം പ്രായമായ മകൾ
4 വയസ്സിനു താഴെയുള്ള മൂന്നു കുട്ടികൾ
അവരുടെ അമ്മമാർ

സീൻ 1.

ത്രേസ്യാമ്മയുടെ വീടിന്റെ ഉമ്മറം. മുട്ടക്കച്ചവടക്കാരി എലിയാമ്മ വാതിലിനടുത്തുതന്നെ നിലത്തിരുന്ന് ചായയും കുഴലപ്പവും തിന്നുന്നു. അവർ സംസാരിക്കുകയാണ്. ത്രേസ്യാമ്മ അടുത്തു തന്നെ ഇരുന്ന് ശ്രദ്ധയോടെ കേൾക്കുന്നു.

എലിസബത്ത്: വീട്ടിനു പൊറത്ത് പ്ലേസ്കൂൾ എന്നൊരു ബോർഡ് വെച്ചേച്ചാൽ മാത്രം മതി. എന്തോരം പിള്ളാരെയാണ് കിട്ടുക. ജോലിക്ക് പോണ പെമ്പറന്നോരടെ വീട്ടിലെ കൊച്ചുങ്ങളെയൊക്കെ കിട്ടും. രാവിലെത്തൊട്ട് വൈകീട്ട് അഞ്ചുമണിവരെ അതുങ്ങളെ നോക്കാൻ മുന്നൂറ് രൂപയാ ചാർജ്ജ്. ഒരു പത്തു പിള്ളാരെ കിട്ടിയാൽ പോരെ, രൂപ മൂവ്വായിരം പോന്നില്ലേ?

ത്രേസ്യാമ്മ:  അല്ലേ! മൂവ്വായിരം രൂപ! ചില്ലറ കാശാണോ?

എലിസബത്ത്:  വെറുതെ വീട്ടിലിരുന്നോണ്ടാണേയ്.

ത്രേസ്യാമ്മ:  നമ്മടെ ശൈലജേടെ കൊച്ചിനെപ്പോലത്തെ പിള്ളാരല്ലെ? (ഭാവനയിൽ ശൈലജയുടെ അഞ്ചു മാസം പ്രായമായ കുട്ടിയെ കാണുന്നു.  അതിന്റെ കളിയും ചിരിയും മറ്റും മനസ്സിൽ കണ്ട് ചിരിച്ചുകൊണ്ട്) അതിനെ രാവിലെ മുതൽ വൈകുന്നേരം വരെ കയ്യിൽ കിട്ടാൻ മുന്നൂറു രൂപ അങ്ങോട്ടു കൊടുക്കാൻ ഞാൻ തയ്യാറാ.

എലിസബത്ത്: അല്ലേ?

പാറുകുട്ടി വരുന്നു. കൈയ്യിൽ മുട്ട കൊണ്ടുപോകാനുള്ള കൂടയുണ്ട്.

പാറുകുട്ടി: എലിയാമ്മച്ചേച്ചീ, ഈ ആഴ്ച ആറു മൊട്ട കൂടുതല് വേണം.

ത്രേസ്യാമ്മ: അതെന്തിനാ കൊച്ചേ?

പാറുകുട്ടി: ജോസഫേട്ടന്റെ വീട്ടുകാര് ക്ഷണിക്കാൻ വര്ണ്ണ്ട്.
ത്രേസ്യാമ്മ: അപ്പൊ നീയെന്താണ് അതെന്നോട് പറയാഞ്ഞത്?
പാറുകുട്ടി: അമ്മച്ചീ, ജോസഫേട്ടൻ അമ്മച്ച്യോട് തന്ന്യല്ലെ പറഞ്ഞത്. നമ്മള് ചായണ്ടാക്കുമ്പളാ ജോസഫേട്ടൻ പറഞ്ഞേ.
ത്രേസ്യാമ്മ: ഞാമ്മറന്നൂ കൊച്ചേ. (എലിസബത്തിനോട്) എലിയാമ്മേ ആറെണ്ണല്ലാ, ഒരു പത്തെണ്ണം വച്ചോ.
പാറുകുട്ടി: ഇരുന്നോട്ടെ എലിയാമ്മച്ചേച്ചി, അവറ്റ രാവിലെ വന്ന് വൈകീട്ട് തിരിച്ചുപോയാ അടുക്കള കാലിയാ. എന്തൊരു തീറ്റയാ.
ചായകുടി കഴിഞ്ഞ് എലിയാമ്മ ത്രേസ്യാമ്മയ്ക്കുള്ള മുട്ട കൂടയിൽ നിന്നെടുത്ത് മാറ്റി വയ്ക്കുന്നു.
സീൻ 2:
അടുക്കളയിൽ പച്ചക്കറി നുറുക്കുന്ന മേശക്കരികെ ജോസഫേട്ടൻ ഇരിക്കുന്നു. മേശമേൽ ജോസഫേട്ടൻ മാർക്കറ്റിൽ നിന്നു വാങ്ങിക്കൊണ്ടുവന്ന പച്ചക്കറികൾ സഞ്ചിയിൽനിന്നു പുറത്തെടുക്കുകയാണ് പാറുകുട്ടി. ഗ്ലാസ്സിൽ തണുത്ത വെള്ളം കുടിക്കാനെടുത്തുകൊടുക്കുന്നു ത്രേസ്യാമ്മ.
ജോസഫേട്ടൻ: അല്ല, നീയിത് എത്രാമത്തെ തവണയാ പറേണത്ന്നറിയ്യോ. ചെവീല് മൂട്ടപോയ പോലാ.
ത്രേസ്യാമ്മ: ഞാനിത് പറയാൻ തൊടങ്ങീട്ട് എത്ര ദെവസായി. ഒരു ബോർഡ്ണ്ടാക്കി കൊണ്ടുവര്ല്ലേ വേണ്ടൂ.
ജോസഫേട്ടൻ: എന്നിട്ട് എന്തു ചെയ്യാനാ? നെന്നെക്കൊണ്ട് പറ്റ്വോ ഇത്രേം കുട്ട്യോളെ നോക്കിണ്ടാക്കാൻ. (സ്വന്തം നെഞ്ചിൽ തൊട്ടുകൊണ്ട്) ഇതാ ഈ കൊച്ചു കുട്ടിയെക്കൂടി നെനക്ക് നോക്കിണ്ടാക്കാൻ പറ്റ്ണില്ല്യ.
ത്രേസ്യാമ്മ: പിന്നേയ്, നിങ്ങളല്ലെ ജോമോനെ വളർത്തിണ്ടാക്കീത്?
ജോസഫേട്ടൻ: ഞാനില്ലെങ്കില് കാണായിരുന്നു. ഓരോരുത്തര് ഓരോന്നു പറയാനും, നീ അതിനൊക്കെ ഒപ്പം തുള്ളാനും. ആ എലിയാമ്മ ഇങ്ങട്ട് വരട്ടേ. രണ്ടു വാക്കു പറയാനുണ്ട്.
ത്രേസ്യാമ്മ: നമുക്ക് നാലു കാശുണ്ടാക്കാൻ പറ്റണ ഒരു കാര്യല്ലേ എലിയാമ്മ പറഞ്ഞുതന്നത്. (മയത്തിൽ) നിങ്ങ പോയി ഒരു ബോർഡുണ്ടാക്കി കൊണ്ടുവാ.
പാറുകുട്ടി: ദേണ്ടേ അമ്മച്ചീ, ജോസഫേട്ടൻ ഇന്നും മറന്നു.
ജോസഫേട്ടനും ത്രേസ്യാമ്മയും: (ഒപ്പം) എന്ത്?
പാറുകുട്ടി: പാവയ്ക്ക. ഇന്ന് പാവയ്ക്ക തീയ്യല്ണ്ടാക്കാംന്ന് വെച്ചതാ.
ജോസഫേട്ടൻ: എടീ, ജോസഫേട്ടന് വയസ്സായി. അപ്പോ മറവിയൊക്കെണ്ടാവും.
പാറുകുട്ടി: അല്ലമ്മച്ചീ, ഇഷ്ടല്ല്യാത്തതൊക്കെ മറക്കണ ശീലംണ്ട് ജോസഫേട്ടന്.
(ജോസഫേട്ടൻ ചിരിക്കുകയാണ്.)
ത്രേസ്യാമ്മ: നിങ്ങ പോയിട്ട് ഇപ്പത്തന്നെ ആ ബോർഡൊന്ന് എഴുതി വാങ്ങ്.
പാറുകുട്ടി: അപ്പോ ഒരു കിലോ പാവക്കേം വാങ്ങിയേര്.
ജോസഫേട്ടൻ: (എഴുന്നേറ്റ് ചെവിയിൽ വിരലിട്ട് കറക്കുന്നു) മൂട്ട. ആട്ടെ എന്തു പേരാ എഴുതിക്കണ്ടത്?
ത്രേസ്യാമ്മ: പേരോ?
ജോസഫേട്ടൻ: അതെ, പേര് തന്നെ. സ്കൂളിനൊരു പേരു വേണ്ടെ?
ത്രേസ്യാമ്മ: ഓ, പേര് വേണല്ലേ?
ജോസഫേട്ടൻ: പിന്നെ നീ എന്താണ് എന്നോട് എഴുതിക്കൊണ്ടരാൻ പറഞ്ഞത്?
ത്രേസ്യാമ്മ ആലോചിക്കുന്നു.
പാറുകുട്ടി: ഞാനൊരു പേര് പറയട്ടെ?
ജോസഫേട്ടൻ: (കളിയായി വിലക്കിക്കൊണ്ട്) ഏയ് പറയല്ലേ.
പാറുകുട്ടി: ഞാൻ പറയാം. മദർ മേരി പ്ലേ സ്കൂൾ.
ത്രേസ്യാമ്മയ്ക്ക് ഇഷ്ടമായി എന്ന് മുഖഭാവം കൊണ്ട് മനസ്സിലാവുന്നു.
ജോസഫേട്ടൻ: ഇത് ഈ പെണ്ണ് എവിടന്നോ ചൂണ്ടിയതാണല്ലോ.
ത്രേസ്യാമ്മ: നല്ല പേര്. വിശുദ്ധ മാതാവിന്റെ അനുഗ്രഹം ണ്ടാവും. ഒപ്പംതന്നെ കൊച്ചുങ്ങളെ ഏല്പിക്കണ മാതാപിതാക്കൾക്ക് ഒരു വിശ്വാസവും ആവും. മദർ എന്നുള്ള പേരുള്ളതു കാരണം സ്വന്തം അമ്മേപ്പോലെ നമ്മള് അവരെ നോക്കുംന്ന്ള്ള തോന്നലുംണ്ടാവും.
പാറുകുട്ടി: ഞാൻ പറയട്ടേ.
ത്രേസ്യാമ്മ: എന്തെടീ?
പാറുകുട്ടി: ജോസഫേട്ടൻ പറഞ്ഞത് ശര്യാ. ഈ പേര് ഞാൻ മാർക്കറ്റ് റോഡിലൊരിടത്ത് കണ്ടിട്ട്ണ്ട്.
ജോസഫേട്ടൻ: ഞാൻ പറഞ്ഞില്ല്യേ.
സീൻ 3:
വീട്ടു പടിക്കൽ, ഗെയ്റ്റിനു മുകളിൽ നെയിം പ്ലേയ്റ്റ് പിടിപ്പിക്കുന്ന ജോസഫേട്ടൻ. ഒരു സ്റ്റൂളിൽ കയറിനിന്നാണ് അഭ്യാസം. ത്രേസ്യാമ്മ സ്റ്റൂൾ പിടിച്ചു കൊടുക്കുന്നുണ്ട്. പാറുകുട്ടി കുറച്ചു ദൂരെനിന്നുകൊണ്ട്

നോക്കുകയാണ്.
പാറുകുട്ടി: ദേണ്ടേ ബോഡ് ചെരിഞ്ഞിട്ടൊണ്ട്.
ത്രേസ്യാമ്മ: എവിടെ?
പെട്ടെന്ന് സ്റ്റൂൾ പിടി വിട്ട് മുകളിലേയ്ക്ക് നോക്കുന്നു. അതോടൊപ്പം ജോസഫേട്ടന് ബാലൻസ് തെറ്റുന്നു. വീഴാൻ പോകുന്നു. ജോസഫേട്ടൻ ബോർഡ് പിടിക്കുന്നു. അതോടെ ബോർഡിന്റെ ചെരിവ് ശരിയാവുന്നു.
പാറുകുട്ടി: ഇപ്പോ ചെരിവ് ശരിയായി.
ജോസഫേട്ടൻ: (പാറുകുട്ടിയെ കൊഞ്ഞനം കുത്തിക്കൊണ്ട്) ഇപ്പോ ശരിയായി! ഞാനിപ്പൊത്തന്നെ മൂക്കുകുത്തി വീണേനെ. (ത്രേസ്യാമ്മയോട്) ഒന്ന് നന്നായി പിടിക്ക്ണ്ടോ.
ജോസഫേട്ടൻ: നോക്ക് പേര് ഇംഗ്ലീഷിലും മലയാളത്തിലും എഴുതിയിട്ടുണ്ട്. (കാമറ ബോർഡിലേയ്ക്ക് സൂം ചെയ്യുന്നു. 'മദർ മേരി പ്ലേ സ്കൂൾ'. ) ഇനി ബിസിനസ്സു കിട്ടുന്നതിന് ഭാഷ ഒരു പ്രതിബന്ധാവണ്ട.
ത്രേസ്യാമ്മ: നാളെത്തന്നെ പോയിട്ട് സഖറിയാസച്ചനോട് വരാൻ പറേണം.
ജോസഫേട്ടൻ: അതെന്തിനാ കൊച്ചുത്രേസ്യേ?
ത്രേസ്യാമ്മ: നമ്മടെ സ്കൂള് വെഞ്ചരിക്കണ്ടേ? മാതാവിന്റെ പേരില് തൊടങ്ങീട്ട്ള്ള സ്കൂളാ.
ജോസഫേട്ടൻ: ആയിക്കോട്ടെ. നാളെത്തന്നെ ഒരു ഇൻഷൂറൻസ് ഏജന്റിനീം വിളിക്കാം.
ത്രേസ്യാമ്മ: അതെന്തിനാ?
ജോസഫേട്ടൻ: ഇപ്പോ വീഴാൻ പോയത് കണ്ടില്ലേ? ഇനീംണ്ടാവും ഇങ്ങനത്തെ അഭ്യാസങ്ങളൊക്കെ.
പാറുകുട്ടി ചിരിക്കുന്നു.
ജോസഫേട്ടൻ: ഇളിക്കണ്ട.
സീൻ 4:
ഞായറാഴ്ച ഫോർട്ടുകൊച്ചിയിൽ വിശുദ്ധ മാതാവിന്റെ പള്ളിയിൽ. മാതാവിന്റെ പ്രതിമയ്ക്കു മുമ്പിൽ മെഴുകുതിരി കത്തിച്ചുവെച്ചു പ്രാർഥിക്കുന്ന ത്രേസ്യാമ്മ. അടുത്തുതന്നെ അക്ഷമനായി ജോസഫേട്ടൻ നിൽക്കുന്നു.
ത്രേസ്യാമ്മ: (പ്രാർത്ഥനയാണ്) മാതാവേ, ഞാനീ പ്ലേസ്കൂൾ തുടങ്ങുന്നത് പിള്ളാരോടുള്ള ഇഷ്ടം കൊണ്ടാണ്, അല്ലാതെ ലാഭം നോക്കിയല്ല. (ജോസഫേട്ടൻ അർത്ഥം വെച്ച് നോക്കി തലയാട്ടുന്നു,) പക്ഷെ അതിനർത്ഥം നീ എനിക്ക് ലാഭമൊന്നും തരണ്ടാ എന്നല്ല. പണം നമുക്കാവശ്യമാണല്ലോ. നല്ല ലാഭമുണ്ടായാൽ നിന്റെ പെരുന്നാളിന്ന് മെഴുകുതിരി കത്തിക്കാം. (അവർ ഒന്നു നിർത്തി ചുറ്റും കണ്ണോടിച്ചുകൊണ്ട്) അല്ല, ലാഭമുണ്ടായില്ലെങ്കിൽ കത്തിക്കില്ലാ എന്നല്ലാ, പക്ഷെ മെഴുകുതിരിയുടെ വലുപ്പം കുറഞ്ഞുപോയാൽ എന്നെ പറയരുത്.
ജോസഫേട്ടൻ ഈ ഭീഷണിക്കുമുമ്പിൽ ഞെട്ടി പകച്ചു നിൽക്കുന്നു. നടക്കാൻ തുടങ്ങിയ ത്രേസ്യാമ്മയുടെ ഒപ്പം തിരിച്ചു നടക്കുന്നു.
ജോസഫേട്ടൻ: മാതാവിന് നിന്റെ പ്രലോഭനങ്ങളും താക്കീതും നല്ലോണം ഏറ്റിട്ടുണ്ട്ന്നാ തോന്നണത്. എന്തെങ്കിലും ചെയ്യാതിരിക്കില്ല.
ത്രേസ്യാമ്മ: അതെയല്ലെ?
ജോസഫേട്ടൻ: എന്താ സംശയം. ഒരു നിവൃത്തിണ്ടെങ്കീ ചെയ്യാതിരിക്കില്ല.
ത്രേസ്യാമ്മ: (സാധാരണ മട്ടിൽത്തന്നെ ജോസഫേട്ടന്റെ തമാശ മനസ്സിലാവുന്നില്ല) അങ്ങിന്യാണെങ്കീ നന്നായിരുന്നു. കർത്താവേ. (കുരിശു വരക്കുന്നു.)
സീൻ 5:
പള്ളിയിൽ നിന്നുള്ള വരവുതന്നെ. വീട്ടിന്റെ പടിക്കൽ എത്തിയപ്പോൾ ശൈലജ കാത്തു നില്ക്കയാണ്. ഇരുപത്തഞ്ചു വയസ്സു പ്രായം. സുന്ദരിയാണ്. സംസാരം ബിസിനസ്സ് ലൈക്കാണ്. കണ്ട ഉടനെ അവൾ പരാതി പറയാൻ തുടങ്ങുന്നു. തലയ്ക്കു മുകളിൽ മദർ മേരി പ്ലേസ്കൂൾ എന്ന ബോർഡു കാണണം.
ശൈലജ: പ്ലേസ്കൂൾ തുടങ്ങണ കാര്യം എന്തേ അമ്മച്ചി എന്നോട് പറയാതിരുന്നത്?
ത്രേസ്യാമ്മ: (സന്തോഷത്തോടെ) അതിന് പെണ്ണേ, തെടങ്ങാൻ പോണല്ലെ ഉള്ളൂ.
അവർ കുരിശു വരക്കുന്നു.
ജോസഫേട്ടൻ: മാതാവ് ആദ്യത്തെ കസ്റ്റമറെ പറഞ്ഞയച്ചിരിക്കുന്നു കൊച്ചു ത്രേസ്യേ. അതിനർഥം മാതാവിന് കാര്യങ്ങള് മനസ്സിലാവുന്നുണ്ട്ന്നാണ്.
ജോസഫേട്ടൻ പടികടന്ന് പോകുന്നു. ഇനിയുള്ള ഡയലോഗ് ത്രേസ്യാമ്മയും ശൈലജയും കൂടിയാണ്.
ശൈലജ: എന്താ ഫീസ്?
ത്രേസ്യാമ്മ: മുന്നൂറ് രൂപ. രാവിലെ എട്ടര തൊട്ട് വൈകുന്നേരം അഞ്ചരവരെ.
ശൈലജ: മുന്നൂറോ?
ത്രേസ്യാമ്മ: അതേ.... (സംഖ്യ കൂടിപ്പോയോ അതോ വല്ലാതെ കുറഞ്ഞുപോയോ എന്നറിയാതെ സംശയിച്ചു

നിൽക്കുന്നു. പിന്നെ തുടരുന്നു.) എറണാകുളത്തൊക്കെ മുന്നൂറ്റമ്പതും നാന്നൂറുമൊക്കെയാ ഫീസ്.
ശൈലജ: അവിടുത്തെ വാടകയാണോ ഈ കാട്ടുമുക്കിലെ വാടക? ഇവിടെ അമ്മച്ചി വീട്ടിലിരുന്നോണ്ട് ചെയ്യണതല്ലെ. ഞങ്ങള് മോളെ നോക്കാൻ വെച്ച ജോലിക്കാരിക്ക് ഇരുന്നൂറ് രൂപയാ കൊടുക്കണത്. പകല് ഞങ്ങളില്ലാത്തപ്പൊ അവള് കുട്ടിക്ക് പാല് കൊടുക്കണ്ണ്ടോ എന്നൊന്നും നോക്കാൻ പറ്റില്ലല്ലോ. ഇവിടെ പിന്നെ അമ്മച്ചി കള്ളത്തരം കാണിച്ചാൽ കണ്ടുപിടിക്കാൻ പാറുകുട്ടിയുണ്ടല്ലോ.
ത്രേസ്യാമ്മ: അതെ. (ശൈലജ പറഞ്ഞത് തലയിൽ കയറാൻ ട്യൂബ് ലൈറ്റിന്ന് കുറച്ചു സമയമെടുത്തു. അവർ ചിരിച്ചുകൊണ്ട് തുടരുന്നു.) വേണ്ടെടി കൊച്ചേ...
സീൻ 6:
രാവിലെ സഖറിയാസ് അച്ചൻ വന്ന് വെഞ്ചരിക്കുന്നു. ഗെയ്റ്റിൽ വെച്ച നെയിം പ്ലേയ്റ്റിൽ വിശുദ്ധ ജലം തളിച്ചു ശുദ്ധീകരിച്ചു. പിന്നീട് തളത്തിൽ എല്ലാവരും ചുറ്റും വട്ടമിട്ടുനിന്ന് പ്രാർഥന നടത്തുന്നു.
സഖറിയാസ് അച്ചൻ: കർത്താവേ അവിടുത്തെ ആശ്രിതയായ ത്രേസ്യയുടെ പുതിയ സംരംഭമായ മദർ മേരി പ്ലേ സ്കൂൾ അനുദിനം വളർന്ന് പുരോഗതി നേടുമാറാകണേ. ഇവിടെ വരുന്ന ശിശുക്കൾക്ക് ആരോഗ്യവും സൗഭാഗ്യവും പ്രദാനം ചെയ്യേണമേ. ത്രേസ്യക്കും അവരുടെ ഭർത്താവ് ജോസഫിനും (പെട്ടെന്ന് പാറുകുട്ടിയെ നോക്കിക്കൊണ്ട് ത്രേസ്യാമ്മയോട്) ഈ കൊച്ചിന്റെ പേരെന്താണ്?
ത്രേസ്യാമ്മ: പാറുകുട്ടി.
സഖറിയാസ് അച്ചൻ: ....അവരെ വീട്ടുവേലകളിൽ സഹായിക്കുന്ന നല്ലവളായ പാറുകുട്ടിക്കും സകല സൗഭാഗ്യങ്ങളും പ്രദാനം ചെയ്യേണമേ. ആമേൻ!
അച്ചന്റെ വാക്കുകൾ ഒന്നും വിടാതെ കാതോർത്ത് ധ്യാനനിരതയായി ത്രേസ്യാമ്മ കൈകൂപ്പി നിന്നു. അടുത്തുതന്നെ ജോസഫേട്ടനും പാറുക്കുട്ടിയും, ചടങ്ങിൽ പങ്കെടുക്കാനെത്തിയ അയൽക്കാരുമുണ്ട്. അച്ചൻ പ്രാർഥന കഴിഞ്ഞ് എല്ലാവരെയും അനുഗ്രഹിക്കുന്നു.
സീൻ 7:
ചായസൽക്കാരത്തിനുശേഷം സഖറിയാസ് അച്ചനെ യാത്രയാക്കി ത്രേസ്യാമ്മയും ജോസഫേട്ടനും ഗെയ്റ്റിൽ നിൽക്കുന്നു. ശൈലജ കുഞ്ഞിനേയും കൊണ്ടു വരികയാണ്. കയ്യിലുള്ള സഞ്ചി പാറുക്കുട്ടിയുടെ കയ്യിൽ കൊടുത്ത് അവൾ കുട്ടിയെ ത്രേസ്യാമ്മയെ ഏൽപ്പിക്കുന്നു; ഒപ്പം ഒരു തുണ്ട് കടലാസും.
ശൈലജ: മോൾക്ക് പാല്, കുറുക്കിയത്, വെള്ളം ഒക്കെ കൊടുക്കേണ്ട സമയം ഇതിലെഴുതിയിട്ടുണ്ട്. അതേ പോലെ കൊടുത്തോണം, ഒന്നും തെറ്റിക്കല്ലെ അമ്മച്ചി.
ത്രേസ്യാമ്മ: നീ സമാധാനത്തോടെ പോ കൊച്ചേ.
ശൈലജ: അല്ലേലും അമ്മച്ചീടെ അടുത്ത് മോളെ ആക്കിയാൽ എനിക്ക് എന്തോന്ന് സമാധാനക്കേടാ? ഞാൻ പോട്ടെ.
ശൈലജ കുട്ടിയുടെ കവിളിൽ ഉമ്മ വെച്ച്, ടാറ്റ പറഞ്ഞ് ഓടിപ്പോയി സ്കൂട്ടർ സ്റ്റാർട്ടാക്കി നിൽക്കുന്ന ഭർത്താവ് രവിയുടെ പിന്നിലിരുന്ന് പോകുന്നു. വീണ്ടും ടാറ്റ കൊടുക്കുന്നുണ്ട്. കുട്ടി അതു ശ്രദ്ധിക്കുന്നില്ല. കുഞ്ഞ് ത്രേസ്യാമ്മയുടെ മാറിൽ ചവിട്ടിക്കുതിച്ചു. ഒരു പരിചയക്കേടുമില്ല.
ത്രേസ്യാമ്മ: മാതാവിനു സ്തുതി. ഇത്രയും നല്ല ഒരു കൊച്ചിനെത്തന്നെ ആദ്യം അയച്ചുതന്നില്ലേ?
ജോസഫേട്ടൻ: 'മദർ മേരി' എന്ന് പേരിട്ടതോണ്ട് നീ വിശുദ്ധമാതാവിന്ന് വളരെയധികം ഉത്തരവാദിത്വം കൊടുക്കാണ് ചെയ്തിരിക്കണത്. മാതാവിന് ഇനി വിശ്രമംണ്ടാവില്ല.
ത്രേസ്യാമ്മ: അതെന്താ?
ജോസഫേട്ടൻ: എന്റെ സ്ഥിതിതന്നെയാവില്ലെ മാതാവിനും?
ത്രേസ്യാമ്മ: എന്നു വച്ചാൽ?
ജോസഫേട്ടൻ: അല്ലാ, തൊട്ടതിനും പിടിച്ചതിനും ഒക്കെ ഇട്ട് കറക്കില്ലെ?
ത്രേസ്യാമ്മ: (കൊച്ചിനെ കൊഞ്ചിച്ചുകൊണ്ട്: ഈ അപ്പൂപ്പൻ എന്തൊക്ക്യാണ് പറേണത്. അമ്മച്ചീടെ മോള് വാ, നമക്ക് പോവ്വാ. (അകത്തേയ്ക്കു പോകുന്നു.)
ജോസഫേട്ടൻ: അപ്പൂപ്പനോ? അവള് അമ്മച്ചി, ഞാൻ അപ്പൂപ്പനും. കൊള്ളാമല്ലോ. ചേച്ചീന്ന് വിളിപ്പിക്കാത്തത് ഭാഗ്യം.
ഫേയ്ഡൗട്ട്.
സീൻ 8:
അതേദിവസം ഒൻപത്, ഒൻപതര മണി. ഉമ്മറത്ത് ത്രേസ്യാമ്മ ശൈലജയുടെ കുട്ടിയെ എടുത്ത് നിൽക്കുന്നു. ഒരു ചെറുപ്പക്കാരനും, ഭാര്യയും(ശാരദ) അവരുടെ മൂന്നു വയസ്സുള്ള മകളുമായി വരുന്നു.
ത്രേസ്യാമ്മ: (എഴുന്നേറ്റുകൊണ്ട്) വാ, മോളെ വാ. (ഒരു കൈകൊണ്ട് അവളെ അടുത്തു പിടിച്ചിട്ട്) എന്താ മോടെ പേര്?
കുട്ടി ഒന്നും പറയാതെ അച്ഛനമ്മമാരോട് ചേർന്നു നിൽക്കുന്നു. അവർ രണ്ടുപേരുംകൂടി കുട്ടിയോട്:

ശാരദ: സുനീ, മോള് പേര് പറഞ്ഞുകൊടുക്ക്.
കുട്ടി അമ്മയെ പകച്ചുനോക്കുന്നു.
ത്രേസ്യാമ്മ: മോള് പേര് പറേ.
കുട്ടി: അമ്മ പറഞ്ഞുതന്നില്ലെ?
ത്രേസ്യാമ്മ: എന്ത്?
കുട്ടി: സുനീന്ന്ള്ള പേര്.
ത്രേസ്യാമ്മ: (ചമ്മിക്കൊണ്ട്) ഓ.
വാതിൽ കടന്ന് മറ്റൊരു ദമ്പതികൾ വരുന്നു. ഒപ്പം മൂന്നു വയസ്സായ ഒരു പെൺകുട്ടി.
ആദ്യം വന്നവർ: ത്രേസ്യാന്റീ ഞങ്ങൾ പോട്ടെ, മോളെ നല്ലോണം നോക്കണേയ്.
ത്രേസ്യാമ്മ: നിങ്ങള് സമാധാനത്തോടെ പോ.
പുതുതായി വന്നവർ പെൺകുട്ടിയെ ഏല്പിക്കുന്നു. ഒപ്പം ഒരു സഞ്ചിയുമുണ്ട്.
ത്രേസ്യാമ്മ: (പുതുതായി വന്ന കുട്ടിയോട്) എന്താ മോടെ പേര്? (പെട്ടെന്ന് ആലോചിച്ചിട്ട്) അല്ലെങ്കീ വേണ്ട.
മറ്റൊരു ദമ്പതികൾകൂടി വരുന്നു. ഒപ്പം രണ്ടു വയസ്സായ ഒരാൺകുട്ടിയും.
രണ്ടാമത് വന്നവർ: മോടെ പേര് റോസാന്നാ ആന്റീ. ഒന്ന് നല്ലോണം ശ്രദ്ധിക്കണം കെട്ടോ. കണ്ണു തെറ്റിയാൽ പുറത്തേയ്ക്ക് ഓടും.
ത്രേസ്യാമ്മ: നിങ്ങ ഒന്നും പേടിക്കണ്ട പിള്ളാരെ. എല്ലാം ഞാൻ നോക്കിക്കോളാം.
മൂന്നാമത് വന്നവരുടെ ഒപ്പമുള്ള ആൺകുട്ടി: എന്റെ പേര് സജീന്നാ.
ത്രേസ്യാമ്മ (അവന്റെ തല തൊട്ടു തലോടുന്നു): മിടുക്കൻ.
സജിയുടെ അച്ഛൻ: അതെന്താണെന്നറിയ്യോ ആന്റീ, ആന്റി ചോദിച്ചാൽ പേര് പറഞ്ഞുകൊടുക്കണംന്ന് ഞങ്ങള് പറഞ്ഞീര്ന്ന്.
ത്രേസ്യാമ്മ: അപ്പൊ ചോദിക്കാതെത്തന്നെ അവൻ പറഞ്ഞു അല്ലെ, മിടുക്കൻ.
പാറുകുട്ടി അകത്തുനിന്ന് വരുന്നു. അവൾ ഓരോരുത്തരുടെ സഞ്ചി എടുത്തുകൊണ്ട് ചോദിക്കുന്നു:
പാറുകുട്ടി: ഇതാര്ട്യാ?
സഞ്ചിയുടെ ഉടമയുടെ അച്ഛനമ്മമാർ ഉത്തരം പറയുന്നു. അവൾ സഞ്ചി മൂന്നും എടുത്ത് അകത്തേയ്ക്കു പോകുന്നു.
വന്നവർ: എന്നാൽ ഞങ്ങള് പോക ്വാണ് കേട്ടോ ത്രേസ്യാന്റി.
വന്നവർ മക്കളോട് നല്ല കുട്ടികളായി ഇരിക്കണമെന്നെല്ലാം പറഞ്ഞ് പോകുന്നു.
സീൻ 8-അ:
അച്ഛനമ്മമാർ പോയിക്കഴിഞ്ഞപ്പോൾ കുട്ടികൾ കരയാൻ തുടങ്ങി. ആദ്യം തുടങ്ങിവെച്ചത് ആൺകുട്ടിയായിരുന്നു. അതു കണ്ടതോടെ മറ്റു രണ്ടുപേരും കരച്ചിൽ തുടങ്ങി. ശൈലജയുടെ മകൾ അത്ഭുതത്തോടെ നോക്കും, എന്താണിത്ര കരയാനെന്ന മട്ടിൽ. ജോസഫേട്ടൻ പോക്കറ്റിൽ കരുതിയിരുന്ന മിട്ടായികൾ പുറത്തെടു ക്കുന്നു. പൊതിയിലെ മിട്ടായികൾ കഴിഞ്ഞു വരുന്നതോടൊപ്പം കുട്ടികളുടെ കരച്ചിലും കുറഞ്ഞുവന്ന് ഇല്ലാതാവുന്നു. മിട്ടായിപ്പൊതി ഒഴിഞ്ഞുകണ്ട് രണ്ടാമതൊരു വട്ടം കരയാൻ പുറപ്പെട്ട കുട്ടികളോട് ത്രേസ്യാമ്മ സംസാരിക്കുന്നു.
ത്രേസ്യാമ്മ: കണ്ടില്ലേ കൊച്ചു വാവ ചേട്ടനേം ചേച്ചിമാരേം നോക്കുണു. നല്ല ഇഷ്ടായിരിക്കുന്നു നിങ്ങളെ. നിങ്ങള് അവളെ കളിപ്പിക്കിൻ; അപ്പോ നിങ്ങളെ നല്ല ഇഷ്ടാവും. മോളെ, നോക്ക് ചേട്ടനും ചേച്ചിമാരും. ഇതാ മോള് കരയാതെ നോക്കണ്ടത് നിങ്ങളാട്ടോ.
കുട്ടികളുടെ ശ്രദ്ധ ജോസഫേട്ടന്റെ കയ്യിലെ ഒഴിഞ്ഞ സഞ്ചിയിൽനിന്ന് കൊച്ചു കുട്ടിയിലേയ്ക്ക് തിരിയുന്നു. പിന്നെയുണ്ടായ പ്രശ്നം അവരുടെ അമിതലാളനങ്ങളിൽനിന്ന് കുട്ടിയെ രക്ഷിക്കൽ മാത്രമാണ്. കുറച്ചു സമയം പ്രശ്നങ്ങളൊന്നുമില്ലാതെ കഴിഞ്ഞു. ചേച്ചിമാരുടേയും ചേട്ടന്റെയും കയ്യിലുള്ള വിഭവങ്ങൾ പരിമിതങ്ങളായിരുന്നു. ക്രമേണ മോൾക്ക് ബോറടിച്ചു തുടങ്ങി. അവൾ കോട്ടുവായിട്ടു, സാവധാനത്തിൽ മുട്ടുകുത്തി ത്രേസ്യാമ്മയുടെ മടിയിൽ കയറി. അവർ കുഞ്ഞിനെ എടുത്തു ഉമ്മവെച്ചുകൊണ്ട് ചോദിക്കുന്നു.
ത്രേസ്യാമ്മ: അമ്മച്ചീടെ മോക്ക് എന്നാ വേണം?
വേണ്ടതെന്താണെന്ന് ത്രേസ്യാമ്മയുടെ മാറിൽ കുഞ്ഞിക്കൈ കൊണ്ട് തപ്പിക്കൊണ്ട് അവൾ കാണിച്ചു കൊടുക്കുന്നു. അവൾ ത്രേസ്യാമ്മയുടെ ബ്ലൗസ് മാറ്റാൻ ശ്രമിക്കുകയാണ്.
ജോസഫേട്ടൻ: (ആത്മഗതം) എന്റെ കുത്തകാവകാശത്തിലല്ലേ അവള് കൈ കടത്തുന്നത്. (ത്രേസ്യാമ്മയോട്) എടീ, കൊച്ചിന് പാലു വേണംന്ന് തോന്നുന്നു.
ത്രേസ്യാമ്മ അകത്തേയ്ക്കു നോക്കി പാറുവിനെ വിളിക്കുന്നു.
പാറുകുട്ടി: (പ്രത്യക്ഷയായി) എന്നെ വിളിച്ചാ അമ്മച്ചീ?

ത്രേസ്യാമ്മ: നീ ശൈലജ കൊണ്ടുവന്ന ആ സഞ്ചി എടുത്തുകൊണ്ടുവാ.

പാറുകുട്ടി സഞ്ചി കൊണ്ടുവന്ന്, മറ്റു മൂന്നു കുട്ടികളും ചുറ്റും നോക്കിനില്ക്കെ ആർഭാടപൂർവം തുറക്കുന്നു. അതിൽ നിറയെ കുഞ്ഞിന്റെ ഉടുപ്പുകൾ. പിന്നെ ഒരു പാൽക്കുപ്പിയും. നിപ്പ്ൾ ഇട്ടു തയ്യാറാക്കിയ കുപ്പി. പക്ഷെ പാലില്ല.

ത്രേസ്യാമ്മ: എന്റീശോയെ, ആ തെറിച്ച പെണ്ണ് പാലും പൊടിയും ഒന്നും തന്നിട്ടില്ല.

ജോസഫേട്ടൻ: അപ്പോ നെനക്ക് അവളോട് പറയായിരുന്നില്ലെ?

ത്രേസ്യാമ്മ: അതിന് ഞാനറിഞ്ഞോ? സഞ്ചി തന്നപ്പോൾ അതിൽ എല്ലാംണ്ടാവുംന്ന് കരുതി.

തുറക്കാത്ത ബ്ലൗസ് കുഞ്ഞിക്കൈകൊണ്ട് മാറ്റാൻ ശ്രമിച്ച് പരാജയപ്പെട്ടപ്പോൾ മോൾ ബ്ലൗസിന്നു മീതെ കപ്പാൻ തുടങ്ങുന്നു. പാൽ കിട്ടുന്നില്ലെന്നു കണ്ടപ്പോൾ ദ്വേഷ്യം പിടിച്ച് കരയുന്നു.

ത്രേസ്യാമ്മ: നിങ്ങ പോയി ഒരു ടിന്ന് ബേബിഫുഡ് വാങ്ങിക്കൊണ്ടുവാ. വേഗം ആട്ടെ, പാവം കൊച്ചിന് വെശക്ക്ണ്ണ്ട്ന്ന് തോന്നുന്നു.

കുട്ടി അപ്പോഴേക്കും നിർത്താതെ കരച്ചിലായിരിക്കുന്നു. ജോസഫേട്ടൻ എഴുന്നേറ്റ് മുണ്ടു മുറുക്കി ഷർട്ട് എടുത്തിട്ട് പുറത്തേക്കിറങ്ങുന്നു.

സീൻ 9:

പുറത്തുനിന്ന് വിയർത്തുകുളിച്ചു വന്ന ജോസഫേട്ടന്റെ കയ്യിൽ വലിയ ഒരു ടിൻ ബേബിഫുഡ്.

ത്രേസ്യാമ്മ: അപ്പോ, നിങ്ങൾക്ക് ചെറിയ ടിന്ന് വാങ്ങായിരുന്നില്ലെ? ഇതിന് ഒത്തിരി കാശായിട്ടുണ്ടാകുമല്ലൊ.

ജോസഫേട്ടൻ: (വെയിലത്തു നടന്നു ക്ഷീണിച്ചിരുന്നു.) ഇല്ല (ഷർട്ടഴിച്ചിട്ട് ദേഹത്തേ വിയർപ്പ് വറ്റിക്കുന്നു.) അവര് വെറുതെ തന്നതാ.

ത്രേസ്യാമ്മ: (ദ്വേഷ്യത്തോടെ) ഞാനതല്ല പറഞ്ഞത്. ചെറിയ ടിന്ന് മത്യായിരുന്നുന്ന് മാത്രെ ഉദ്ദേശിച്ചുള്ളു.

ജോസഫേട്ടൻ: ചെറിയ ടിന്ന് ഇവിടുള്ള കടയിലില്ല. എറണാകുളത്തോട്ട് പോണം.

ത്രേസ്യാമ്മ: ഉം, സാരല്ല്യ.

ജോസഫേട്ടൻ: നീ വേഗം പാല് കൂട്ടി കൊച്ചിന് കൊടുക്ക്. അതിരുന്ന് കരയുന്നതു കണ്ടില്ലെ.

പാറുകുട്ടി: വെള്ളം തെളപ്പിച്ചിട്ട്ണ്ട്. ടിന്ന് താ.

ജോസഫേട്ടൻ പാൽടിൻ കൊടുക്കുന്നു. മേശപ്പുറത്ത് വെച്ച ഫ്ളാസ്കിൽനിന്ന് തിളപ്പിച്ച വെള്ളമെടുത്ത് പാറുകുട്ടി പാൽ കൂട്ടുന്നു. ചൂട് പാകമാണോ എന്നു നോക്കി അവൾ കുപ്പിയിലാക്കി നിപ്പ്ൾ ഇട്ട് ത്രേസ്യാമ്മ യുടെ കയ്യിൽ കൊടുക്കുന്നു.

കുട്ടി ആർത്തിയോടെ വലിച്ചുകുടിക്കുന്നതു കണ്ടപ്പോൾ ത്രേസ്യാമ്മ പറഞ്ഞു.

ത്രേസ്യാമ്മ: എന്റെ കർത്താവേ, അതിന് നല്ലവണ്ണം വെശന്നിരുന്നു കേട്ടോ.

അവർ വാത്സല്യത്തോടെ കുഞ്ഞിന്റെ തലയിൽ തടവി. അവളുടെ കണ്ണടഞ്ഞുവന്നു. കുപ്പിയിലെ പാൽ കഴിഞ്ഞപ്പോഴേക്കും അതുറക്കമായിരുന്നു.

സീൻ 10:

കിടപ്പറയിൽ കട്ടിലിന്മേൽ മോളെ കിടത്തി, തുടയിൽ തട്ടി താളം പിടിച്ച് തടവിന്നായി തലയണയും വെച്ച് അവളുടെ കിടത്തം നോക്കി പ്രശ്നങ്ങളൊക്കെ തൃപ്തിയാംവണ്ണം പരിഹരിച്ചല്ലോ എന്ന സമാധാന ത്തോടെ, സംതൃപ്തിയോടെ ത്രേസ്യാമ്മ തിരിക്കുന്നു.

സീൻ: 11:

തിരിച്ചു ഉമ്മറത്തേയ്ക്കു വന്ന ത്രേസ്യാമ്മക്ക് നേരിടേണ്ടി വന്നത് രണ്ട് കൊച്ചു പ്രശ്നങ്ങളെയായിരുന്നു. ഒരു സംഘട്ടനത്തിനു തയ്യാറായി നിൽക്കുന്നു രണ്ട് കൊച്ചുമുഖങ്ങൾ ക്ലോസപ്പിൽ കാണിക്കണം.

ആദ്യം പറഞ്ഞത് ശാരദയുടെ മകൾ സുനിയായിരുന്നു. അവൾ ചുണ്ടും പിളർത്തിക്കൊണ്ട് പറയുന്നു.

സുനി: നിക്കും വേണം പാല്.

ആദ്യം അതേറ്റു പറഞ്ഞയുന്നത് ലിസിയുടെ മകൾ റോസയായിരുന്നു.

റോസ: നിക്കും വേണം പാല്.

ജോസഫേട്ടന്റെ അടുത്തിരുന്നു കളിക്കുന്ന സജി അതു കേൾക്കരുതേ എന്ന് ത്രേസ്യാമ്മ ഭയത്തോടെ നോക്കുന്നു. അപ്പോഴേക്ക് അവനും എഴുന്നേറ്റു വന്നു.

സജി: നിക്കും വേണം ചേച്ചിമാര് തിന്നണത്.

ജോസഫേട്ടൻ: (രസിച്ചുകൊണ്ട്) ചേച്ചിമാരുടെ ആവശ്യം എന്തുതന്നെയായാലും അവനും അതിലൊരു പങ്കുവേണം; അത്രതന്നെ.

ത്രേസ്യാമ്മ: ആന്റി നിങ്ങൾക്ക് പാല് തരാലോ.

സുനി: ആന്റി നിക്ക് കുപ്പീല് പാലു കുടിക്കണം.

ത്ര്യേസ്യാമ്മ റോസയുടേയും സജിയുടേയും മുഖത്തുനോക്കുന്നു. ഇല്ല, അവർക്കും സംശയമൊന്നുമില്ല.

റോസ: നിക്കും വേണം കുപ്പീല് പാല്.

സജി: നിക്കും.
ജോസഫേട്ടൻ: നീ ഒരു കാര്യം ചെയ്യ് കൊച്ചു ത്രേസ്യേ. പാറൂനോട് കൊറച്ച് പാലും വെള്ളം ഉണ്ടാക്കാൻ പറ.
കുട്ടികളുടെ സ്വരം ഒന്നിച്ച് പൊങ്ങുന്നു.
മൂന്നു പേരും: പാല് വെള്ളം വേണ്ടാ.
ത്രേസ്യാമ്മ: (മയത്തിൽ) പിന്നെ എന്താണ് മക്കളെ വേണ്ടത്?
നിലത്തുവെച്ച ടിന്നിലേയ്ക്കു ചൂണ്ടിക്കാട്ടി അവർ മൂന്നുപേരും ഒരേ സ്വരത്തിൽ പറഞ്ഞു.
മൂന്നു പേരും: ഈൗൗ പാല്.
ത്രേസ്യാമ്മ: (തലയിൽ കൈവെച്ചുകൊണ്ട്) എന്റീശോയേ....

**End Of Part I**

*Episode 3*

## മാതാവിന്റെ ആശിസ്സുകളോടെ

## Part II

കഴിഞ്ഞ രംഗത്തിന്റെ തുടർച്ചയാണ്. മൂന്ന് കുട്ടികളും ടിന്നിലെ പാൽപ്പൊടിക്കു വേണ്ടി വാശി പിടിച്ച് നിൽക്കുകയാണ്. ജോസഫേട്ടന്റെ വക അനുരഞ്ജന സംഭാഷണം.

ജോസഫേട്ടൻ: മക്കള് ഇവിടെ വാ, അങ്കിള് ഒരു കാര്യം പറഞ്ഞുതരാം.

സുനി: കഥ്യാണോ?

കുട്ടികൾ ജോസഫേട്ടന്റെ ചുറ്റും നിൽക്കുന്നു.

ജോസഫേട്ടൻ: കഥ്യൊംന്നുല്ല. എന്നാൽ കഥ്യാണുതാനും. ഈ ടിന്ന് ആർക്കു വേണ്ടിയാ വാങ്ങീത്ന്നറിയ്യോ?

മൂന്നു പേരും: വാവയ്ക്ക്.

ജോസഫേട്ടൻ: അപ്പൊ അത് വാവയ്ക്കായിട്ട് മാറ്റി വയ്ക്ക്യല്ലെ നമുക്കൊക്കെ നല്ലത്?

കുട്ടികൾക്ക് പെട്ടെന്ന് ജോസഫേട്ടൻ പറയുന്നത് മനസ്സിലാവുന്നില്ല. കുറച്ചുനേരം ആലോചിച്ചശേഷം സുനി പറയുന്നു.

സുനി: അതെ.

ജോസഫേട്ടൻ: അപ്പൊ ആ കാര്യത്തില് നമുക്കെല്ലാം ഒത്തുതീർപ്പായിരിക്കുണു. ഇനി നമുക്ക് കൊറച്ചു നേരം കളിക്കാം.

മൂന്നു പേരും: (ഒരേ സ്വരത്തിൽ) പാല് വേണം.

ജോസഫേട്ടൻ: തരാലോ. (പാറുകുട്ടിയോട്) പാറുകുട്ടി ഈ കൊച്ചുങ്ങൾക്ക് പാല് കൊണ്ടുവാ.

മൂന്നു പേരും: (ഒപ്പം) ഈ പാല് വേണം.

ജോസഫേട്ടൻ: (ദ്വേഷ്യത്തോടെ) അപ്പൊ എന്തേ ഇത്രേം നേരം പറഞ്ഞിരുന്നത്?

ത്രേസ്യാമ്മ: നോക്കൂന്നേയ്, നിങ്ങളാ കൊച്ചുങ്ങളോട് കയർക്കണ്ട. (കുട്ടികളെ നോക്കി) ആന്റി നിങ്ങൾക്ക് ഈ പാല്തന്നെ തരാം കെട്ടോ. ഓരോ സ്പൂൺവീതം കയ്യിൽ തരാം.

കുട്ടികൾ തലയാട്ടുന്നു.

ജോസഫേട്ടൻ: ഒരു കാര്യം ഞാൻ പറഞ്ഞേക്കാം കൊച്ചുത്രേസ്യേ. ഇതൊക്കെ ഓരോ ചീത്ത കീഴ്വഴക്കങ്ങള് ണ്ടാക്കലാണ്. ഇനി എന്നും പിള്ളേര് ഇതാവശ്യപ്പെടും, നിനക്ക് കൊടുക്കേണ്ടതായും വരും.

ത്രേസ്യാമ്മ: അതൊന്നും സാരല്ല്യ. എങ്ങനെയെങ്കിലും സമാധാനംണ്ടാവട്ടെ.

ജോസഫേട്ടൻ: (സ്വയം പറയുന്നു) സമാധാനം, എന്തു വിലകൊടുത്തും.

ത്രേസ്യാമ്മ ടിന്ന് തുറന്ന് ഓരോ സ്പൂൺ പാൽപ്പൊടി വീതം കുട്ടികൾക്ക് കൊടുക്കുന്നു.

സീൻ 12:

പന്ത്രണ്ടുമണി കഴിഞ്ഞു ഭക്ഷണ സമയമായി.

ത്രേസ്യാമ്മ: ഇനി ഇവർക്കൊക്കെ ഭക്ഷണം കൊടുക്കാം അല്ലെ?

ജോസഫേട്ടൻ: അതെയതെ സമയായി. അവർക്ക് വെശക്ക്ണ്ണ്ടാവും.

ത്രേസ്യാമ്മ: പാറുകുട്ടീ.

ജോസഫേട്ടൻ: മക്കളെ നമുക്ക് ഊണു കഴിക്ക്യാ?
പാറുകുട്ടി: (അകത്തുനിന്ന് വരുന്നു) അമ്മച്ചീ വളിച്ചാ?
ത്രേസ്യാമ്മ: മോളേ, നീ പിള്ളാര്ടെ സഞ്ചി ഒന്ന് തൊറന്ന് നോക്ക്, ഭക്ഷണം വല്ലതും...
പാറുകുട്ടി: (അവരെ മുഴുമിക്കാൻ അനുവദിക്കാതെ) ഇല്ലമ്മച്ചീ, ഉടുപ്പു മാത്രെ ഉള്ളു.
ത്രേസ്യാമ്മ: നീ നോക്കിയോ, പെണ്ണേ?
പാറുകുട്ടി: നോക്കി അമ്മച്ചീ.
ത്രേസ്യാമ്മ: എപ്പോ?
പാറുകുട്ടി: വാവെടെ സഞ്ചി തൊറന്ന് നോക്കീല്ലെ, അപ്പോത്തന്നെ.
ത്രേസ്യാമ്മ: എന്നിട്ട് നീയെന്താ എന്നോട് പറയാതിരുന്നത്?
പാറുകുട്ടി: അമ്മച്ചീടെ മനസ്സമാധാനം കളയണ്ടാന്ന് കരുതി.
സംഭാഷണം ശ്രദ്ധയോടെ കേട്ടു രസിക്കുന്ന ജോസഫേട്ടൻ തലയാട്ടുന്നു.
ജോസഫേട്ടൻ: അവള് പറഞ്ഞതാ കാര്യം. കേൾക്കാൻ സുഖമില്ലാത്ത കാര്യങ്ങള് വൈകിക്കേൾക്കണതല്ലെ നല്ലത്? ആട്ടെ പിള്ളാർക്ക് കൊടുക്കാൻ എന്താണുള്ളത്?
പാറുകുട്ടി: ചോറ്ണ്ട്, ഇറച്ചിക്കറീണ്ട്, മീൻ വറുത്തതുംണ്ട്.
ജോസഫേട്ടൻ: പിന്നെന്താ?
സീൻ 13:
കുട്ടികൾ നല്ല രുചിയോടെ ഭക്ഷണം കഴിക്കുന്നത് ജോസഫേട്ടൻ നോക്കിയിരുന്നു. സജിക്കു മാത്രം കുഴച്ച് വായിൽ കൊടുക്കേണ്ടി വന്നു. ത്രേസ്യാമ്മ നല്ല വാക്കുകൾ പറഞ്ഞ് ഉരുളയും ഇറച്ചിയും മീനും അവന്റെ വായിൽ കൊടുത്തു. എരിവു കാരണം അവന്റെ കണ്ണുകളിൽനിന്ന് വെള്ളം ചാടുന്നുണ്ട്.
ശൈലജയുടെ മകൾ ഉണർന്നപ്പോൾ വീണ്ടും പാൽ കൂട്ടിക്കൊടുത്തു. ഒരു വാശിയുമില്ല. കുറേനേരം ഇരുന്ന് കളിച്ചു. ഉറക്കും വരുന്നുണ്ടെന്ന് തോന്നിയപ്പോൾ ത്രേസ്യാമ്മ കാലിൽ കിടത്തി ആട്ടി ഉറക്കി.
കുട്ടികളും ഓരോരുത്തരായി നിലത്തു വിരിച്ച കിടക്കയിൽ ഉറക്കമായി. സജി എഴുന്നേറ്റു നിൽക്കുന്നു. ദീവാനിൽ മലർന്നുകിടന്ന് കൂർക്കം വലിക്കുന്ന ജോസഫേട്ടനെ നോക്കി, പേടിയോടെ ചോദിക്കുന്നു.
സജി: എന്താണ് അപ്പൂപ്പൻ 'ഗ്രേലാം ഗ്രേലാം' ന്ന് ശബ്ദം ഉണ്ടാക്കണത്?
ത്രേസ്യാമ്മ: നീ ഇവിടെ വന്ന് കിടക്ക്.
സജിയും മറ്റു കുട്ടികളുടെ കൂടെ ചെന്നു കിടക്കുന്നു.
സീൻ 14:
അഞ്ചു മണിയോടെ ആദ്യത്തെ അമ്മ വരുന്നു.
സുനിയുടെ അമ്മ: മോള് ആന്റിയെ ശല്യം ചെയ്തതൊന്നുമില്ലല്ലോ.
ത്രേസ്യാമ്മ: ഏയ്, ഒരു കുഴപ്പവുമില്ല, അവര് നല്ല കൂട്ടായിരുന്നു.
ആ സ്ത്രീ പോയിക്കഴിഞ്ഞപ്പോഴാൾ ത്രേസ്യാമ്മ ഓർത്തു കൊണ്ട് ജോസഫേട്ടനോട് പറയുന്നു.
ത്രേസ്യാമ്മ: അല്ലാ, ഞാനൊരു കാര്യം അവളോട് പറയാൻ വിട്ടുപോയി.
ജോസഫേട്ടൻ: എന്തേ?
ത്രേസ്യാമ്മ: നാളെ കുട്ടിയെ കൊണ്ടുവരുമ്പോ ഒരു ടിഫിൻ ബോക്സില് ഭക്ഷണം കൊണ്ടുവരണംന്ന് പറയാൻ. എറണാകുളത്തൊക്കെ അങ്ങനാന്നാ എലിയാമ്മ പറഞ്ഞത്.
ജോസഫേട്ടൻ: അതൊന്നും സാരല്ല്യാന്നേയ്.
ത്രേസ്യാമ്മ: അല്ലേലും ഞാനും ആലോചിച്ചു. ഈ അമ്മമാര് രാവിലെ ഓഫീസിൽ ജോലിക്കു പോണ തെരക്കിൽ ചോറും എന്തെങ്കിലും പച്ചക്കറിയും പേരിനു മാത്രം ഉണ്ടാക്കി എന്നു വരുത്തും. അതായിരിക്കും കുട്ടികൾക്കും കൊടുത്തയക്കുക. കുട്ടികൾ മുമ്പിലിരുന്ന് ആ തണുത്ത് വെറുങ്ങലിച്ച ഭക്ഷണം കഴിക്കുമ്പോൾ നമ്മക്ക് ഇറച്ചിയും മീനുമൊക്കെ കൂട്ടി ഊണ് കഴിക്കാൻ വെഷമം തന്ന്യാ.
സീൻ 15:
വീട്ടു പടിക്കൽ കൊച്ചുകുട്ടിയെയും എടുത്ത് ശൈലജയെ കാത്തു നിൽക്കുന്ന ത്രേസ്യാമ്മ. ജോസഫേട്ടനും അസ്വസ്ഥനായിട്ടുണ്ട്. അദ്ദേഹം ഇടക്കിടക്ക് വാച്ചു നോക്കുന്നുണ്ട്. സമയം ആറുമണിയോടടുക്കുന്നു.
ത്രേസ്യാമ്മ: ഇതെന്തൊരമ്മയാണ് ! രാവിലെ കൊണ്ടുവന്നു വിട്ടതാണ്, മുലകുടി മാറിയിട്ടില്ലാത്ത കുട്ടിയെ.
കുട്ടി ഇടക്കിടക്ക് ത്രേസ്യാമ്മയുടെ മാറിൽ തപ്പിനോക്കുന്നുണ്ട്. പാറുകുട്ടി വന്ന് അവളെ എടുക്കുന്നു.
ജോസഫേട്ടൻ: അവള് സാധാരണ എത്ര മണിക്കാണ് ആപ്പീസീന്ന് വരാ?
ത്രേസ്യാമ്മ: അവള് അഞ്ചരക്കൊക്കെ എത്താറ്ണ്ട്, ഇല്ലേ പാറുകുട്ടീ?
പാറുകുട്ടി: ഓവർടൈമ്ണ്ടാവും അമ്മച്ചീ.
ജോസഫേട്ടൻ: എന്നാലും ഇങ്ങനെണ്ടോ ഒരു....... പാവം കൊച്ച്.
പാറുകുട്ടി: (മോളോട്) വാ മോക്ക് ചേച്ചീ കോഴീനെ കാട്ടിത്തരാം.

സീൻ 16:
കോഴിക്കുട്ടിന്നടുത്ത് ചേക്കേറാൻ ഭാവിക്കുന്ന കോഴിയെ പാറുകുട്ടി മോൾക്ക് കാട്ടിക്കൊടുക്കുന്നു.
പാറുകുട്ടി: നോക്ക് മോളെ കോഴി. കോഴി ബാ ബാ....
സീൻ 17:
വീട്ടു പടിക്കൽ ത്രേസ്യാമ്മയും ജോസഫേട്ടനും ശൈലജ ഓഫീസിൽനിന്ന് വരുന്ന ദിശയിൽ നോക്കി നിൽക്കുന്നു. പിന്നിൽനിന്ന് ശൈലജ വരുന്നതവർ കാണുന്നില്ല.
ശൈലജ: അമ്മച്ചീ, എന്റെ മോള്.
ജോസഫേട്ടൻ: (ഞെട്ടിക്കൊണ്ട്) അപ്പോ നീയെപ്പഴാ വന്നത്. ഞങ്ങള് എത്ര നേരായി നോക്കിനിൽക്കുന്നു.
ത്രേസ്യാമ്മ: (പരിഭവത്തോടെ) മോളെപ്പറ്റി വിചാരംള്ള ഒരമ്മയും! എന്തേ ഇത്ര വൈകിയത്? പാവം അതിന് കുടിക്കാൻ ധൃതിയായിരിക്കുന്നു.
ശൈലജ: ഞാനേയ് അമ്മച്ചി ഓഫീസിൽനിന്ന് വന്നിട്ട് ഒന്ന് മേൽകഴുകി. പിന്നെ കറിക്കുള്ള കഷ്ണങ്ങളൊക്കെ നുറുക്കിവെച്ചു. ഈ പെണ്ണ് അതിനൊന്നും സമ്മതിക്കത്തില്ല.
ത്രേസ്യാമ്മ: കഷ്ടം തന്നെ. (മൂക്കത്ത് വിരൽവെച്ചുകൊണ്ട്) ഇങ്ങിനേയും അമ്മമാരുണ്ടല്ലോ.
പാറുകുട്ടി മോളെ കൊണ്ടുവന്ന് ത്രേസ്യാമ്മയുടെ കയ്യിൽ കൊടുക്കുന്നു.
ത്രേസ്യാമ്മ: നോക്ക് മോളെ ആരാ വന്നിരിക്കണത്ന്ന്?
അമ്മയെ കണ്ടപ്പോൾ അവൾ കയ്യും കാലുമിട്ടടിച്ച് കുതിച്ചു. പക്ഷെ ശൈലജ എടുക്കാൻ കൈ നീട്ടിയപ്പോൾ അവൾ പെട്ടെന്ന് തിരിഞ്ഞ് ത്രേസ്യാമ്മയുടെ ചുമലിലേക്കു തന്നെ ചാടുന്നു.
ജോസഫേട്ടൻ: നോക്ക് പെണ്ണിന്റെ കാട്ടായങ്ങള് !
ശൈലജ കുഞ്ഞിനെയുംകൊണ്ട് നടന്നു പോകുന്നത് രണ്ടു പേരും നോക്കി നിൽക്കുന്നു. അവൾ പോയിക്കഴിഞ്ഞപ്പോൾ.
ത്രേസ്യാമ്മ: അതാ! ബേബിഫുഡ് വാങ്ങിയ കാര്യം ഞാൻ പറയാൻ വിട്ടുപോയി.
ജോസഫേട്ടൻ: സാരമില്ല, ഒന്നിച്ചു കണക്കു പറയാം.
സീൻ 18:
രാത്രി ഉറങ്ങാൻ കിടക്കാനുള്ള ഒരുക്കങ്ങൾ. ജോസഫേട്ടൻ മയക്കത്തിലായി. ത്രേസ്യാമ്മ മുട്ടുകുത്തി ഇരുന്ന് പ്രാർത്ഥിക്കുകയാണ്.
ത്രേസ്യാമ്മ: (കിടക്കയിൽ പ്രാർത്ഥനാനിരതയായി മുട്ടുകുത്തി ഇരുന്നുകൊണ്ട്) കർത്താവേ ഒത്തിരി നന്ദി പറയാനുണ്ട്. ജോമോൻ ഉണ്ടായതിൽപ്പിന്നെ ഇത്രയും നല്ല ഒരു കാര്യം സംഭവിക്കുന്നത് ഇന്നാണ്. ആ കൊച്ചുങ്ങടെ മുഖം കാണുമ്പോൾ എന്തു സന്തോഷാ ഉണ്ടാവണത്. കർത്താവേ ആ ചെറുതിന്റെ തുള്ളൽ കാണുകതന്നെ വേണം. ഒരു പഞ്ഞിക്കെട്ടു പോലത്തെ സാധനം. ഇപ്പോൾ അടുത്തു കിട്ടാൻ തോന്നുന്നു. ഇതെല്ലാം സാധിച്ചുതന്ന കർത്താവിന് സ്തുതി......"
ജോസഫേട്ടൻ: (മയക്കത്തിൽനിന്ന് ഉണർന്ന്) കൊച്ചു ത്രേസ്യേ, നീ മറ്റുള്ളവരുടെ ഉറക്കാണ് കളേണത്.
ത്രേസ്യാമ്മ വിളക്കണച്ചു ഒരിക്കൽ കൂടി കുരിശു വരച്ചു കിടക്കുന്നു. ക്ലോസപ്പിൽ കാണുന്ന മുഖത്ത് സന്തോഷം.
സീൻ 19:
ത്രേസ്യാമ്മയുടെ ഉമ്മറം. രാവിലെ എട്ടരക്കു തന്നെ ശൈലജ കുട്ടിയുമായി എത്തുന്നു. കുട്ടിയെ ത്രേസ്യാമ്മയെ ഏൽപ്പിച്ചു സഞ്ചി പാറുക്കുട്ടിക്കു കൊടുത്ത് ഓടാൻ തയ്യാറാകുന്നു.
ത്രേസ്യാമ്മ: ശൈലജേ ഒരു മിനിറ്റ് നിക്ക്. ഇന്നലെ ബേബിഫുഡ് വാങ്ങിയിട്ടുണ്ട് കെട്ടോ.
ശൈലജ: (തിരിഞ്ഞു നിന്നുകൊണ്ട്) ങാ, ഞാൻ ടിന്ന് മേശപ്പുറത്തിരിക്കുന്നതു കണ്ടു. അപ്പോ തോന്നി ജോസഫേട്ടൻ വാങ്ങിച്ചതായിരിക്കുംന്ന്. പിന്നെ, ഇന്നലെ മോക്ക് കുറുക്കിയത് കൊടുത്തുവോ?
ത്രേസ്യാമ്മ: ഇല്ല, നീയൊന്നും തന്നില്ലല്ലോ.
ശൈലജ: ഇന്ന് കൊടുക്കണംട്ടോ. ജോസഫേട്ടനോട് ഫാരക്സോ, സെറിലാക്കോ വാങ്ങാൻ പറയണം.
അവൾ ഓടിപ്പോയി ഭർത്താവ് രവിയുടെ സ്കൂട്ടറിനു പിന്നിൽ ഇരിക്കുന്നു. ടാറ്റ പറഞ്ഞു പോകുന്നു.
ത്രേസ്യാമ്മ: (കുട്ടിയെ കൊഞ്ചിച്ചുകൊണ്ട്) അമ്മച്ചീടെ മോള് വന്നല്ലോ.
പാറുകുട്ടി: (ശൈലജയുടെ പോക്ക് നോക്കിക്കൊണ്ട്) എനിക്ക് ഈ പെമ്പ്രന്നോര്ടെ കാട്ടായങ്ങളൊന്നും പിടിക്കിണില്ല്യ.
സീൻ 20:
ത്രേസ്യാമ്മയുടെ ഉമ്മറം. ത്രേസ്യാമ്മയും പാറുകുട്ടിയും മോളെ കളിപ്പിക്കുകയാണ്. വൈകുന്നേരം സമയം. ശൈലജ വരുന്നു. ഓഫീസിൽനിന്നു വരുന്ന വഴിയാണ്. തോളിൽ സഞ്ചിയുണ്ട്. വന്ന ഉടനെ നൂറിന്റെ രണ്ട് നോട്ടുകൾ ത്രേസ്യാമ്മയ്ക്കു നീട്ടുന്നു.
ത്രേസ്യാമ്മ: അല്ലാ, ഇന്ന് മുപ്പത്തൊന്നാം തിയ്യതിയാണല്ലേ? ഒരു മാസം എത്ര വേഗാ കഴിഞ്ഞത്?

പാറുകുട്ടി: ഇനിതൊട്ട് അമ്മച്ചി മാസം കഴീണത് ഓർത്തോളും.
ത്രേസ്യാമ്മ: അതെന്താ കൊച്ചേ?
പാറുകുട്ടി: മാസവസാനല്ലെ അമ്മച്ചീടെ ഫീസ് കിട്ട്വാ.
ത്രേസ്യാമ്മ: ഓ.
ശൈലജ കുഞ്ഞിനെയെടുത്ത് പോകുകയാണ്.
ത്രേസ്യാമ്മ: (കയ്യിൽ കിട്ടിയ രണ്ടു നോട്ടുകൾ നോക്കിക്കൊണ്ട്) നില്ല് പെണ്ണെ. കുറച്ചു കണക്ക് നോക്കാനുണ്ട്.
ശൈലജ: (തിരിഞ്ഞുനിന്ന്) എന്തു കണക്ക്?
ത്രേസ്യാമ്മ: കൊച്ചിന് ബേബിഫുഡ് വാങ്ങിയ വക.
ത്രേസ്യാമ്മ മേശവലിപ്പിൽനിന്ന് നോട്ടു പുസ്തകം പുറത്തെടുത്തു വായിക്കുന്നു.
ത്രേസ്യാമ്മ: നാൽപ്പത്തെട്ടും ഒരു ഇരുപത്തൊമ്പതും കൂട്ടി എഴുപത്തേഴു രൂപയുണ്ട്. ബേബിഫുഡ് വാങ്ങിയ വകയിലാണ്.
ശൈലജ: അതെല്ലാം അമ്മച്ചി വാങ്ങി വെക്കേണ്ടതാണ്. പിന്നെന്തിനാ ഇരുന്നൂറു രൂപ വാങ്ങുന്നത്?
ത്രേസ്യാമ്മ: അത് എന്റെ ഫീസാ മോളെ, കുട്ടിയെ നോക്കുന്നതിന്. മൂന്നൂറു രൂപാന്ന് പറഞ്ഞത് നീ പെശകി ഇരുന്നൂറാക്കി. ഭക്ഷണച്ചിലവ് വേറെയാ. എല്ലായിടത്തും അങ്ങനാ. നീ മൊട്ടക്കാരി എലിയാമ്മയോട് ചോദിച്ചു നോക്ക്.
ശൈലജ:(ചൊടിച്ചുകൊണ്ട്)ഞാനെന്തിനാ മറ്റുള്ളോരോടൊക്കെ ചോദിക്കണത്? എനിക്ക് വേറെ പൈസ തരാനൊന്നും സാധിക്കില്ല.
ത്രേസ്യാമ്മ: (പെട്ടെന്നു പറഞ്ഞുപോകുന്നു) എന്നാൽ എനിക്ക് നിന്റെ കുഞ്ഞിനെ നോക്കാനും പറ്റകേല കേട്ടോ.
ശൈലജ: ഇല്ല്യേ? വേണ്ട, ഞാൻ വേറെ വഴി നോക്കിക്കൊള്ളാം.
ശൈലജ കുട്ടിയേയും കൊണ്ടു പോകുന്നു.
സീൻ 21:
ത്രേസ്യാമ്മ തളർന്ന് കസേരയിലിരുപ്പാണ്; അടുത്തു നിൽക്കുന്ന പാറുകുട്ടിയോട് ചോദിക്കുന്നു.
ത്രേസ്യാമ്മ: അവള് ചെയ്തതു ന്യായാണോ മോളെ, നീ പറ.
പാറുകുട്ടി: അല്ലമ്മച്ചീ, ദുസ്സാമർത്ഥ്യം തന്നെയാ.
ത്രേസ്യാമ്മ: അല്ലേ.... അവള് മോളെ കൊണ്ടുവരില്ലാന്നാ പറഞ്ഞത്. പോട്ടെ അല്ലെ?
പാറുകുട്ടി: അല്ലാതെന്താ അമ്മച്ചി, നമുക്ക് ഈ മാസം വേറീം കുട്ടികളെ കിട്ടും. മൂന്ന് പേര് വന്ന് അനേഷിച്ചു പോയതല്ലെ. പോവ്വാച്ചാ പോട്ടെ. ഇങ്ങനെ നഷ്ടത്തിലെന്തിനാ നമ്മള് ജോലിയെടുക്കുന്നത്? എനിക്ക് അല്ലേലും ആ പെമ്പ്രന്നോരെ ഇഷ്ടല്ല. വല്ലാത്ത തണ്ടാണ്.
ത്രേസ്യാമ്മ നിശ്ചേഷ്ടയായി ഇരുിക്കുന്നു. അവർ ആകെ തകർന്ന മട്ടാണ്. അവർ വിളിക്കുന്നു.
ത്രേസ്യാമ്മ: പാറുകുട്ടീ.....
പാറുകുട്ടി: എന്നാ അമ്മച്ചീ?
ത്രേസ്യാമ്മ: എനിക്ക് എന്തോ വല്ലാതൊക്കെ തോന്നുന്നു. ആ കൊച്ചിന്റെ കളി കണ്ണിന്റെ മുമ്പില് കാണ്വാ.
പാറുകുട്ടി: കൊറച്ചു ദിവസം അങ്ങനെയൊക്കെണ്ടാവും അമ്മച്ചി, പിന്നെ അതങ്ങു ശരിയാവും.
ത്രേസ്യാമ്മ: (ശബ്ദം ഇടറിക്കൊണ്ട്) പാറൂ.... ഇതങ്ങനെയൊന്നും ശരിയാവുംന്ന് തോന്ന്ണില്ലാ കേട്ടോ.
പാറുകുട്ടി: (അവരുടെ പുറം തലോടി സമാശ്വസിപ്പിച്ചുകൊണ്ട്) അമ്മച്ചിയൊന്ന് മിണ്ടാതിരിക്ക്.
ത്രേസ്യാമ്മ: ജോസഫേട്ടനാണെങ്കിൽ പുറത്തു പോയിരിക്കും ആണ്. അല്ലേലും എനിക്കാവശ്യമുള്ളപ്പോൾ അതിയാനെ കിട്ടില്ല.
പാറുകുട്ടി: ഓ, ഈ അമ്മച്ചി! ജോസഫേട്ടൻ വന്നിട്ട് ഇപ്പൊ എന്തെടുക്കാനാ?
ത്രേസ്യാമ്മ: ന്നാലും അങ്ങിനെയല്ലല്ലോ.
സീൻ 22:
രാത്രി. കിടപ്പുമുറിയിൽ വിളക്കു കത്തി നിൽക്കയാണ്. ജോസഫേട്ടൻ കിടക്കയിൽ തിരിഞ്ഞും മറിഞ്ഞും കിടക്കുന്നു. ഉറക്കം പടിവാതിൽ വരെ വന്ന് തിരിച്ചു പോകുന്ന പ്രതീതി. കിടത്തം ശരിയാവാഞ്ഞിട്ടാണോ. കണ്ണടക്കാതെത്തന്നെ അദ്ദേഹം തിരിഞ്ഞു കിടന്നു. പെട്ടെന്നാണ് ഉറക്കം വാതിൽ കടന്ന് വരാത്തതിന്റെ കാരണം മനസ്സിലായത്. അദ്ദേഹം കണ്ണു തുറന്നു നോക്കുമ്പോൾ കാണുന്നത് കട്ടിലിൽ മുട്ടുകുത്തി ഇരുന്നുകൊണ്ട് ത്രേസ്യാമ്മ പ്രാർഥിക്കുന്നതാണ്. പരിദേവനങ്ങൾ, പ്രലോഭനങ്ങൾ, ഭീഷണികൾ, എല്ലാം കർത്താവിനോടുതന്നെ. ഒന്നും കർത്താവിന്റെ അടുത്ത് ഫലിക്കുന്നില്ലെന്നു കണ്ടപ്പോൾ അവർ കട്ടിലിൽ കിടന്ന് കരയാൻ തുടങ്ങുന്നു. ത്രേസ്യാമ്മ കരയുന്നതു കാണാൻ വയ്യാതെ അദ്ദേഹം അവരെ കെട്ടിപ്പിടിച്ചു പുറം തലോടുന്നു.
ജോസഫേട്ടൻ: എന്തിനാ മോളേ കരയുന്നത്?

ത്രേസ്യാമ്മ തന്റെ മാറിൽ ചവിട്ടിക്കുതിക്കുന്ന രണ്ടു കൊച്ചു പാദങ്ങൾ ഓർക്കുന്നു. അതോടെ അവരുടെ കരച്ചിലിന്ന് ശക്തി കൂടുകയും ചെയ്യുന്നു.

ജോസഫേട്ടൻ: നീയൊരു കാര്യം ചെയ്യ്. നാളെ രാവിലെ ശൈലജ ഓഫീസിൽ പോണതിന്റെ മുമ്പ് ഒന്ന് പോയി നോക്ക്. എന്താണവളുടെ ഉദ്ദേശംന്ന്. വേറെ എവിടെയെങ്കിലും കൊണ്ടെ ആക്കാണെങ്കിൽ നീ പറ ഇവിടെത്തന്നെ മതീന്ന്. ഇതില് അഭിമാനത്തിന്റെ പ്രശ്നമൊന്നുമില്ല.

ത്രേസ്യാമ്മ: (പെട്ടെന്ന് ഇരുട്ടിൽ വെളിച്ചം കണ്ടപോലെ) അതെയല്ലേ?

ജോസഫേട്ടൻ: അല്ലാതെന്താ? (ഒന്നു നിർത്തിക്കൊണ്ട്) ആ പെണ്ണ് ഇനി വരില്ല്യന്നോർക്കുമ്പോ എനിക്കും ഒരു വിഷമം.

ത്രേസ്യാമ്മ കരച്ചിൽ നിർത്തി. മുട്ടുകുത്തിക്കൊണ്ടുതന്നെ പ്രാർത്ഥന തുടരുന്നു.

ത്രേസ്യാമ്മത്രേസ്യാമ്മ: കർത്താവേ, ഇങ്ങനെ ഒരു വഴി കാട്ടിത്തന്ന കർത്താവിന് ആയിരം സ്തുതി.

അവർ മനസ്സമാധാനത്തോടെ കിടക്കുന്നു. ജോസഫേട്ടൻ അന്തം വിട്ടു നിൽക്കുന്നു.

ജോസഫേട്ടൻ: അപ്പോ കൊച്ചുത്രേസ്യേ, ഞാനല്ലെ നെനക്ക് ഒരു വഴി പറഞ്ഞുതന്നത്? അതിനും നീയ് കർത്താവിന് ക്രെഡിറ്റ് കൊടുക്കാണോ?

അതു ശ്രദ്ധിക്കാതെ ത്രേസ്യാമ്മ തിരിഞ്ഞു കിടന്ന് ഉറക്കമായി. ജോസഫേട്ടൻ ചുമൽ കുലുക്കി ഒരാംഗ്യം കാണിച്ച്, എഴുന്നേറ്റ് ലൈറ്റ് ഓഫാക്കുന്നു.

സീൻ 23:

രാവിലെ. നേരം നല്ലവണ്ണം വെളുത്തിരിക്കുന്നു. കിടപ്പറയിൽ ത്രേസ്യാമ്മ ഉറങ്ങുകയാണ്. ജോസഫേട്ടൻ എഴുന്നേറ്റു പോയിരിക്കുന്നു. പാറുകുട്ടി വാതിൽക്കൽ വന്നു നോക്കുന്നു. കുറച്ചു നേരമായി അവൾ ഇടക്കിടയ്ക്ക് വന്നുനോക്കുന്നുവെന്ന് തോന്നണം. അവൾ ത്രേസ്യാമ്മയുടെ അടുത്തുവന്ന് കുലുക്കി വിളിക്കുന്നു.

പാറുകുട്ടി: എന്തുറക്കാണിത് അമ്മച്ചി. ഞാൻ നാലഞ്ചു തവണ വന്നുനോക്കി.

ത്രേസ്യാമ്മ: (പിടഞ്ഞെഴുന്നേറ്റുകൊണ്ട്) നേരം ഇത്രയായോ?

പാറുകുട്ടി: ഉച്ച്യായി അമ്മച്ചി. ഊണു കഴിക്കാൻ വാ.

ത്രേസ്യാമ്മ: നീ പോടി, അത്രക്കൊന്നും ആയിട്ടില്ല. ആട്ടെ നിനക്കെന്നെ ഒന്ന് വിളിക്കാൻ മേലാ?

പാറുകുട്ടി: ഞാൻ എത്ര നേരായി വന്നു നോക്കുണു. നല്ല ഒറക്കം. അപ്പൊ വിളിക്കണ്ടാന്ന് വച്ചു.

ത്രേസ്യാമ്മ: (എഴുന്നേറ്റ് തലമുടി പിന്നിൽ കെട്ടിക്കൊണ്ട്) ചായ താ. എനിക്കിന്ന് ഒരുപാട് ജോലിണ്ട്.

സീൻ 24:

ത്രേസ്യാമ്മ കുളിച്ചു  ധൃതിയിൽ വസ്ത്രമുടുക്കുന്നു.

സീൻ 24-എ:

രാവിലത്തെ നടത്തം കഴിഞ്ഞുവരുന്ന ജോസഫേട്ടൻ. നേരെ പോകുന്നത് ഭക്ഷണ മേശയുടെ അടുത്തേയ്ക്കാണ്. മേശക്കരികെ കസേലയിൽ ഇരുന്നുകൊണ്ട് ചുറ്റും നോക്കുന്നു. ആരുമില്ല.

ജോസഫേട്ടൻ: (ഉറക്കെ) ഇതെന്താ ആരുംല്ല്യെ ഇവിടെ?

ത്രേസ്യാമ്മ അകത്തുനിന്ന് വരുന്നു. സ്റ്റൈലൻ വേഷം. ജോസഫേട്ടൻ അദ്ഭുതത്തോടെ നോക്കുന്നു.

ജോസഫേട്ടൻ: കൊച്ചുത്രേസ്യേ, നീ ഇത്ര കാലത്തേ കുളിച്ചു സുന്ദര്യായിട്ട്ണ്ടല്ലോ.

ത്രേസ്യാമ്മയ്ക്ക് നാണം വരുന്നുണ്ട്, പക്ഷേ ഒന്നും പറയുന്നില്ല.

ത്രേസ്യാമ്മ: (അകത്തേയ്ക്കു നോക്കിക്കൊണ്ട്) പാറുകുട്ടീ, ഇതാ ജോസഫേട്ടൻ വന്നിട്ടൊണ്ട്. ചായ കൊണ്ടുവാ.

പാറുകുട്ടി: ഒരു പാത്രത്തിൽ ദോശയും ചട്ടിണിയുമായി വരുന്നു.

ത്രേസ്യാമ്മ: എന്തേ നീ ജോസഫേട്ടൻ വന്നത് കണ്ടില്ലേ?

പാറുകുട്ടി: കണ്ടു അമ്മച്ചീ, പക്ഷേ ആവണ്ടെ. ദെവസൂം അമ്മച്ചിയല്ലെ ചട്ടിണി അരക്കാറ്. ഇന്ന് അമ്മച്ചി കുളിച്ച് പൊറപ്പെടായിര്ന്നില്ലേ. അതോണ്ടാ വൈകീത്.

പാറുകുട്ടി  ദോശയും ചായയും മേശപ്പുറത്ത് വച്ച്  ചായയെടുക്കാനായി അടുക്കളയിലേയ്ക്കു പോകുന്നു. ത്രേസ്യാമ്മ മേശപ്പുറത്തുനിന്ന് പ്ലേയ്റ്റെടുത്ത് ദോശയും ചട്ടിണിയും വിളമ്പുന്നു. എണ്ണിക്കൊണ്ട് രണ്ടെണ്ണമാണ് വിളമ്പുന്നത്. ത്രേസ്യാമ്മയുടെ കണ്ണുതെറ്റിയ നിമിഷത്തിൽ ജോസഫേട്ടൻ ഒരു ദോശകൂടി പ്ലേയ്റ്റിലേയ്ക്കിടുന്നു.

ജോസഫേട്ടൻ: അപ്പോ, നീയ് കഴിക്കിണില്ല്യേ?

ത്രേസ്യാമ്മ:  ഇല്ല, കൊറച്ച് കഴിഞ്ഞിട്ടേ കഴിക്കുണുള്ളൂ. (പാറുകുട്ടിയോട്) എടീ നീ ജോസഫേട്ടന് എന്താ വേണ്ടത്ച്ചാൽ വിളമ്പിക്കൊടുക്ക്. ഞാനിപ്പോ വരാം.

ജോസഫേട്ടൻ: നീ എങ്ങോട്ടാ ഇത്ര കാലത്ത് തന്നെ?

ത്രേസ്യാമ്മ: ഞാനിപ്പ വരാം.

സീൻ 25:

ത്രേസ്യാമ്മ ഗെയ്റ്റിനു പുറത്തിറങ്ങി നാലു വീടിന്നപ്പുറത്തുള്ള ശൈലജയുടെ വീടിനു മുമ്പിൽ പോയി നിൽക്കുന്നു. അവത്തു കടക്കാൻ വിഷമമായി അവർ നിൽക്കുകയാണ്. ഒരു ജാള്യത. എന്തു പറഞ്ഞിട്ടാണ് കയറുക? അവസാനം അവർ തിരിച്ചു  നടക്കുകയാണ്. വീട്ടിലേക്കും കയറാൻ മനസ്സു വരാതെ അവർ നിരത്തിൽത്തന്നെ ചുറ്റിപ്പറ്റി നിൽക്കുന്നു.

അപ്പോഴാണ് ശൈലജ മോളെയും എടുത്ത് സഞ്ചിയും തോളത്തിട്ട് വരുന്നതു കാണുന്നത്. ത്രേസ്യാമ്മ ധൃതിയിൽ ശൈലജയുടെ അടുത്തുചെന്നു. ത്രേസ്യാമ്മയെക്കണ്ടതും മോൾ കുതിക്കാൻ തുടങ്ങി.

ത്രേസ്യാമ്മ: നീ എങ്ങോട്ടാണ് കൊച്ചിനേയും കൊണ്ട്?

ശൈലജ: (ഗൗരവത്തിൽ. മുഖത്ത് ചിരിയൊന്നുമില്ല) ഞാൻ മോളെ പ്ലേസ്കൂളിൽ ആക്കാൻ കൊണ്ടു പോവ്വാണ്.

ത്രേസ്യാമ്മ: (ഒരാന്തലോടെ) ഏത് പ്ലേസ്കൂളിൽ?

ശൈലജ: (ഗൗരവം വിടാതെത്തന്നെ) മദർമേരി പ്ലേസ്കൂളിൽ.

ത്രേസ്യാമ്മ: (ശബ്ദം ഇടറിക്കൊണ്ട്) അപ്പോ നീ എന്താണ് ഞങ്ങടെ സ്കൂളിൽ വിടാത്തത്?

ശൈലജ: (ഗൗരവം വിടാതെത്തന്നെ) എന്റെ ഇഷ്ടം.

ത്രേസ്യാമ്മ: (ശബ്ദം ഇടറിക്കൊണ്ട്) അപ്പോ നീയ് മോളെ വേറെ സ്കൂളിൽ ചേർത്തു അല്ലേ? (കണ്ണിൽ വെള്ളം നിറയുന്നു.)

ശൈലജ: (കുസൃതിയോടെ, ചിരിച്ചുകൊണ്ട്) അമ്മച്ചീടെ പ്ലേസ്കൂളിന്റെ പേരെന്താ?

താനെന്തൊരു വിഡ്ഢിയാണെന്ന് ആശ്വാസത്തോടെ, ആഹ്ലാദത്തോടെ ത്രേസ്യാമ്മ മനസ്സിലാക്കുന്നു.

ശൈലജ: അമ്മച്ചി എന്തൊരു പാവാണ്. അമ്മച്ചിടെ അടുത്തല്ലാതെ വേറെ എവിടേങ്കിലും ഞാൻ മോളെ വിടോ?

കുതിച്ചു ചാടുന്ന കുഞ്ഞിനെ അവർ വാരിയെടുത്ത് ഉമ്മ വയ്ക്കുന്നു.

ശൈലജ: ഇതാ അമ്മച്ചി സഞ്ചി.

ത്രേസ്യാമ്മ: നീ അത് പാറുക്കുട്ടിയെ ഏല്പിക്ക്. അമ്മച്ചിം മോളും കൂടി കോളനീല് ടാറ്റ പോവ്വാ.

ശൈലജ: അമ്മച്ചീ സഞ്ചീല് രണ്ടു ടിന്നും വെച്ചിട്ടുണ്ട് കേട്ടോ.

ദൂരത്തെത്തിയ ത്രേസ്യാമ്മ അതു ശ്രദ്ധിക്കുന്നില്ല. ശൈലജ, വല്ലാത്തൊരു സ്ത്രീ എന്ന മട്ടിൽ അവരെ നോക്കി തലകുലുക്കി നടന്നുപോകുന്നു.

സീൻ 26:

ഞായറാഴ്ച ഫോർട്ട് കൊച്ചിയിൽ വിശുദ്ധ മാതാവിന്റെ പള്ളിയിൽ പുറത്തുള്ള മാതാവിന്റെ രൂപത്തിനു മുമ്പുൽ പ്രാർഥിക്കുകയാണ് ത്രേസ്യാമ്മ.

ത്രേസ്യാമ്മ: മാതാവേ, കാര്യം പറയാലോ, വലിയ ലാഭം ഒന്നുംണ്ടാവില്ല.  മൂന്ന് പിള്ളേര്  നല്ലവണ്ണം തിന്നും. ഭക്ഷണം വെറുതെ കിട്ടുന്നതൊന്നുമല്ലല്ലോ. (സ്വരം താഴ്ത്തിക്കൊണ്ട്) അവര് പക്ഷെ മുന്നൂറ് വീതം തര്ണ്ണ്ട് കേട്ടോ.  പിന്നെന്താ അതുങ്ങളുടെ കളി കണ്ടിരുന്നാൽ നേരം പോണതറിയില്ല.  ആ ചെറുതിന്റെ കാട്ടായങ്ങള് കണ്ടാ മതി. ഇന്ന് ഞായറാഴ്ച്യായലെന്താ ഇപ്പോ തിരിച്ചു പോയാൽ അതിനെ എടുത്തു കൊണ്ടു വരാൻ പോവ്വാണ്. ഇനി ഞാൻ കൊണ്ടു വന്നില്ലെങ്കിൽത്തന്നെ അച്ചായൻ പറയും കൊണ്ടു വരാൻ. അത്രയ്ക്ക് ഇഷ്ടായിരിക്കുന്നു.

ത്രേസ്യാമ്മ ചുറ്റും നോക്കുന്നു.  അടുത്ത് ആരുമില്ല.  അവർ സ്വരം താഴ്ത്തിക്കൊണ്ട് തുടരുന്നു.

ത്രേസ്യാമ്മ: പിന്നെ, നോക്ക്യേ ഞാൻ പറഞ്ഞപടി മെഴുകുതിരി കത്തിച്ചുവച്ചിട്ടൊണ്ട്.  ചെറുതല്ല വലുതു തന്നെ, ഒന്നല്ല, രണ്ടെണ്ണം.

കാമറ മുമ്പിൽ കത്തിച്ചുവച്ച രണ്ടു മെഴുകുതിരികളിൽ ഒരു നിമിഷം തങ്ങിനിന്ന ശേഷം പാൻ ചെയ്ത് കുഞ്ഞിയേശുവിനെ കയ്യിലേന്തി നില്ക്കുന്ന വിശുദ്ധ മാതാവിന്റെ രൂപത്തിലെത്തുന്നു. ആ രൂപം നോക്കി നില്ക്കെ ത്രേസ്യാമ്മയുടെ കണ്ണിൽനിന്ന് നീരുറവ ചാടുന്നു. ത്രേസ്യാമ്മായുടെ മുഖം ക്ലോസപ്പിൽ.

**End of Part II**
**End of Episode 3**

BACK TO INDEX

കഥ, തിരക്കഥ
ഇ. ഹരികുമാർ

*Episode 4*

# ഉയിർത്തെഴുന്നേല്പ്

**Part I**

ഈ  എപ്പിസോഡിലേയ്ക്കു വേണ്ട കഥാപാത്രങ്ങൾ

ജോസഫേട്ടൻ
ത്രേസ്യാമ്മ
പാറുകുട്ടി
ഡോക്ടർ നായർ
കപ്യാർ
പള്ളീലച്ചൻ
ശവസംസ്കാരത്തിന് കൂടിയവർ
ക്ലാര
ഗ്രേസി
ജോർജ്ജൂട്ടി
ലേഡീസ് കടയിലെ സേയ്ൽസ്മാൻ

ടൈറ്റിൽ സീൻ:
ജോസഫേട്ടൻ റോട്ടിലൂടെ നടന്നുപോകുന്നു.  പള്ളിയുടെ മുമ്പിൽ എത്തിയപ്പോൾ പള്ളിവളപ്പിൽ ഒരാൾക്കൂട്ടം കാണുന്നു. ജോസഫേട്ടൻ ഒന്ന് നിന്ന ശേഷം ഗെയ്റ്റു കടന്ന് അകത്തു കടക്കുന്നു. അവിടെ പുതുതായി കുഴിച്ച കുഴിക്കു ചുറ്റും ആൾക്കാർ കൂടിയിരിക്കുന്നു.  ഒരു വശത്ത് പാതിരി വിശുദ്ധപുസ്തകവും പിടിച്ച് അന്ത്യകർമ്മങ്ങൾ നടത്തുന്നു.  സാവധാനത്തിൽ ശവപ്പെട്ടി കുഴിയിലേയ്ക്ക് താഴ്ത്തപ്പെടുന്നു.....
സീൻ 1:
ത്രേസ്യാമ്മയുടെ വീടിന്റെ പൂമുഖം. വൈകുന്നേരം സമയം. മേശപ്പുറത്ത് ചായ കുടിച്ച കപ്പുകളും പാത്രങ്ങളും. ത്രേസ്യാമ്മ പുറത്തുപോയി വന്ന വേഷത്തിൽ. മുഖത്ത് ആകെ അങ്കലാപ്പ്.
ജോസഫേട്ടൻ എതിർവശത്തിരിക്കുന്നു. ചായ കുടിച്ചുവെങ്കിലും മുമ്പിലുള്ള പ്ലെയ്റ്റിൽ നിന്ന് മിക്സ്ചർ എടുത്തു കൊറിക്കുന്നു.
ജോസഫേട്ടൻ: നീ എവിടുന്നാണ് ഗ്രേസിയെ കണ്ടത്?
ത്രേസ്യാമ്മ: ഡിപ്പാർട്ട്മെന്റ് സ്റ്റോറിൽവെച്ച്.  എന്റെ ഒപ്പം പാറുകുട്ടിയുമുണ്ടായിരുന്നു. ഞാനവൾക്ക് കാണിച്ചു കൊടുക്കുമ്പോഴേയ്ക്ക് ഗ്രേസി എങ്ങാണ്ടോ പോയി മറഞ്ഞു.
ജോസഫേട്ടൻ: നീ കണ്ടത് പ്രേതത്തെയായിരിക്കും
ത്രേസ്യാമ്മ: പിന്നേയ്, പട്ടാപ്പകൽ പ്രേതമല്ലെ? പ്രേതങ്ങള് രാത്രി പന്ത്രണ്ട് മണി കഴിഞ്ഞാലാ എറങ്ങ്വാ.

പകലൊന്നും പ്രേതങ്ങള് നടക്കില്ല. പോരാത്തതിന് അവള് ചൂരിദാറാണ് ഇട്ടിരുന്നത്. ചൂരിദാറിട്ട പ്രേതങ്ങളെപ്പറ്റി കേട്ടിട്ടൊണ്ടോ?

ജോസഫേട്ടൻ: വെള്ള ചൂരിദാറാണോ?

ത്രേസ്യാമ്മ: അല്ലാന്നേയ് നല്ല ഇളം പച്ചേല് കടുംചോപ്പ് പൂക്കള്.

ജോസഫേട്ടൻ: എന്നാ അത് ഗ്രേസിയായിരിക്കില്ല.

ത്രേസ്യാമ്മ: നിങ്ങള് കണ്ടത് ഗ്രേസിയുടെ ശവമടക്കലായിരിക്കില്ല.

ജോസഫേട്ടൻ: അതെങ്ങനാ നീ പറയുന്നത്? പെട്ടി കുഴിയിലിറക്കണത് എന്റ കണ്ണുകൊണ്ട് കണ്ടതല്ലെ. ജോർജ്ജൂട്ടി കരയുണുംണ്ടായിരുന്നു. എനിക്ക് നല്ല ഓർമ്മണ്ട്. ഞാൻ കപ്യാരോട് ചോദിച്ചപ്പഴാ പറഞ്ഞത് അത് ജോർജ്ജൂട്ടീടെ ഭാര്യാന്ന്. കൊറേ കാലായി സുഖല്ല്യാതെ കെടക്ക്വായിരുന്നൂന്നും.

ജോസഫേട്ടൻ ആ രംഗം ഓർക്കുന്നു.

ഫ്ളാഷ്ബാക്ക്.......

ജോസഫേട്ടൻ നോക്കി നിൽക്കെ ഒരു ചെറുപ്പക്കാരൻ കരഞ്ഞുകൊണ്ട് ശവപ്പെട്ടിയിലേയ്ക്ക് ഒരുപിടി മണ്ണ് വിതറുന്നു. ജോസഫേട്ടൻ അടുത്തു നിൽക്കുന്ന പരിചയക്കാരനായ കപ്യാരോട് ചോദിക്കുന്നു.

ജോസഫേട്ടൻ: അത് ജോർജ്ജൂട്ടി അല്ലെ?

കപ്യാർ: അതേ, അയാക്കടെ ഫാര്യയാണ്. കൊറെക്കാലായി സുഖല്ല്യാതെ കെടക്ക്വായിരുന്നു. കഴിഞ്ഞത് നന്നായി.

ജോസഫേട്ടന്റെ മുഖത്ത് വല്ലായ്മ. അദ്ദേഹം ജോർജ്ജുകുട്ടിയെ അനുകമ്പാപൂർവ്വം നോക്കുന്നു. ജോർജ്ജുകുട്ടി അത് കാണുന്നില്ല. അയാൾ കരയുകതന്നെയാണ്.

(ഫ്ളാഷ്ബാക്ക് അവസാനിക്കുന്നു. )

ജോസഫേട്ടൻ തലയാട്ടിക്കൊണ്ട് പറയുന്നു.

ജോസഫേട്ടൻ: എനിക്ക് നല്ല ഓർമ്മണ്ട്. കഴിഞ്ഞ 22-ാം തീയ്യതിയാണ്. അന്നാണ് നമ്മടെ കുറി വിളിച്ചു കിട്ടിയത്. ഞാൻ കുറിക്കമ്പനീലിക്ക് പോവ്വായിരുന്നു. സമയം കൊറവായതോണ്ട് അവിടെ അധികനേരം നിന്നില്ല.

ത്രേസ്യാമ്മ: അപ്പൊ ഞാനാരേയാ കണ്ടത്? ഗ്രേസി തന്ന്യാന്നാ എനിക്കിപ്പഴും തോന്നണത്.

ജോസഫേട്ടൻ: അത് ഗ്രേസിയാവാൻ യാതൊരു വഴീം ഇല്ല്യ മോളെ.

ത്രേസ്യാമ്മ ആലോചനാമഗ്നയായി ഇരിക്കുന്നു. മുഖത്തെ അങ്കലാപ്പ് മാറിയിട്ടില്ല.

ജോസഫേട്ടൻ: ഈ ചായ തണുത്തു. നി പോയി നല്ലൊരു ചായണ്ടാക്കിത്താ.

ത്രേസ്യാമ്മ അടുക്കളയിലേയ്ക്കു പോകുന്നു.

സീൻ 2:

അടുക്കളയിൽ. നേരം ഇരുട്ടിത്തുടങ്ങിയിരുന്നു. പാറുകുട്ടി പച്ചക്കറി നുറുക്കുകയാണ്. ത്രേസ്യാമ്മയ്ക്ക് ഒന്നും വഴങ്ങുന്നില്ല. അവരുടെ മനസ്സിൽ ഇപ്പോഴും മരിച്ചുവെന്ന് കരുതിയ പെൺകുട്ടിയെ കണ്ട ഓർമ്മയാണ്.

ത്രേസ്യാമ്മ: എടീ, എന്തോ പ്രശ്നംണ്ട്ന്ന് എന്റെ മനസ്സു പറേണു. ഞാങ്കണ്ടത് ഗ്രേസ്യേത്തന്ന്യാ. പക്ഷേ അച്ചായന് തെറ്റു പറ്റില്ല. കാര്യങ്ങളടെ കെടപ്പെല്ലാം ചോദിച്ച് മനസ്സിലാക്കിയേ മൂപ്പര് അടങ്ങാറുള്ളൂ.

പാറുകുട്ടി: അമ്മച്ചിക്ക് തോന്നിയതാവും. പോട്ടെ.

ത്രേസ്യാമ്മ: നെനക്ക് ഓർമ്മല്ല്യേ ആ പെൺകൊച്ചിനെ?

പാറുകുട്ടി: പിന്നേ, എനിക്കതിനെ എവിടെ വച്ച് കണ്ടാലും മനസ്സിലാവും. ഒരാഴ്ച ദെവസൂം ആസ്പത്രീല്വച്ച് കണ്ടതല്ലെ.

രണ്ടുപേരും ആലോചിക്കുന്നു.

സീൻ 3:

ഫ്ളാഷ്ബാക്ക്......

ആശുപത്രി. ഒരു മുറിയിൽ കട്ടിലിൽ ജോസഫേട്ടൻ കിടക്കുകയാണ്. ഡ്രിപ്പ് കയറ്റുന്നുണ്ട്. മുഖത്ത് ക്ഷീണമുണ്ടെങ്കിലും പ്രസന്നഭാവമാണ്. കട്ടിലിന്നടുത്തുതന്നെ ഇട്ട കസേലയിൽ ത്രേസ്യാമ്മയുടെ അനുജത്തി ക്ലാര ഇരിക്കുന്നു.

ജോസഫേട്ടൻ: ഇനി നീ പോയിട്ട് വേണ്ടേ ബാബൂന് ചായയുണ്ടാക്കിക്കൊടുക്കാൻ?

ക്ലാര: ഓ, അതിയാൻ സ്വന്തംണ്ടാക്കി കുടിച്ചോളും. അതൊന്നും പറഞ്ഞതോണ്ട് ഞാനെന്റെ ബോയ് ഫ്രണ്ടിന്റെ അടുത്തുനിന്ന് പോവില്ല കേട്ടോ.

ജോസഫേട്ടൻ: ബോയ് ഫ്രണ്ട്! നിന്റെ ചേച്ചീ കേക്കണ്ട.

ക്ലാര: ചേച്ചീക്കതറിയാലോ? പക്ഷേ ഇങ്ങിനെ ഒരു അറ്റാക്കുകൂടിണ്ടായാൽ ഞാനെന്റെ ബോയ്ഫ്രണ്ടിനെ ഉപേക്ഷിക്കും.

ജോസഫേട്ടൻ: അതെന്താ?

ക്ലാര: ആരോഗ്യല്ലാത്ത ബോയ്ഫ്രണ്ടിനെക്കൊണ്ട് എന്തു കാര്യം?

ജോസഫേട്ടൻ ചിരിക്കുന്നു. വാതിൽ കടന്ന് ത്രേസ്യാമ്മയും പാറുകുട്ടിയും പ്രവേശിക്കുന്നു.

ജോസഫേട്ടൻ: (ക്ലാരയോട്) ഇനി വേഗം സ്ഥലം കാലിയാക്ക്.

ക്ലാര: കണ്ടില്ലെ? ഇതാണ് രാവിലെതൊട്ട് വൈകുന്നേരംവരെ ഒരു രോഗിയെ പരിചരിച്ചതിനുള്ള കൂലി.

ക്ലാര എഴുന്നേൽക്കുന്നു. കപടമായ ദേഷ്യത്തോടെ പോകാനുള്ള ഒരുക്കങ്ങൾ കൂട്ടുന്നു. സഞ്ചി എടുക്കുന്നു.

ക്ലാര: ബോയ്ഫ്രണ്ടിന് നാളെ ബ്രേക്ഫാസ്റ്റിന് എന്താണാവോ വേണ്ടത്? ഓംലറ്റും ബ്രഡ്ഡും കൊണ്ടരട്ടെ?

ത്രേസ്യാമ്മ: അയ്യോ പെണ്ണേ അതിയാന് മുട്ടയൊന്നും കൊടുക്കണ്ട. ഡോക്ടറ് പ്രത്യേകം പറഞ്ഞിട്ടൊണ്ട്.

ജോസഫേട്ടൻ: നീ അതൊന്നും നോക്കണ്ട പെണ്ണേ, ഓംലറ്റ് കൊണ്ടുവാ.

ഡോക്ടർ നായർ കടന്നു വരുന്നു. അറുപതിനടുത്ത പ്രായം. തല മുഴുവനും നരച്ചിരിക്കുന്നു. മുഖത്തു കാണുന്ന ഗൗരവം പെരുമാറ്റത്തിലില്ല. കയ്യിൽ സെത്തത്തുണ്ട്. പിന്നിൽ രോഗിയുടെ കടലാസുകളുമായി ഒരു നഴ്സും. ജോസഫേട്ടൻ പറഞ്ഞത് ഡോക്ടർ കേട്ടിരിക്കുന്നു. ഡോക്ടർ നായർ ജോസഫേട്ടന്റെ പൾസ് നോക്കുന്നു. നഴ്സു കൊടുത്ത ചാർട്ട് പരിശോധിക്കുന്നു.

ഡോക്ടർ നായർ: ആർക്കാണ് ഓംലറ്റ് തിന്നാൻ പൂതി?

ജോസഫേട്ടൻ: (ചമ്മിയ ചിരി) ഞാനേയ് ക്ലാര്യോട് പറയ്യായിരുന്നു.

ഡോക്ടർ നായർ: എന്ത്? ഓംലറ്റു കൊണ്ടരാൻ അല്ലേ? (തിരിഞ്ഞ് ക്ലാരയോട്) കൊണ്ടന്നോളൂ. ഡബ്ളായിക്കോട്ടെ.

ത്രേസ്യാമ്മയുടെ മുഖത്ത് അദ്ഭുതം. ഡോക്ടർ നായർ ത്രേസ്യാമ്മയുടെ മുഖത്തു നോക്കുന്നു.

ത്രേസ്യാമ്മ: അപ്പോ ഡോക്ടർ പറഞ്ഞത്.....

ഡോക്ടർ നായർ: മുട്ടയൊന്നും കൊടുക്കണ്ടാന്നല്ലെ. അതു സാരല്ല്യ വയസ്സ് പത്തറുപതായില്ല്യേ.

ത്രേസ്യാമ്മ: ഇല്ല്യാ, ഈ വൃശ്ചികത്തില് അമ്പത്തഞ്ചു കഴിയ്യേള്ളൂ.

ഡോക്ടർ നായർ: അപ്പോ ജോസ് റിട്ടയർ ചെയ്തത് അമ്പത്തിമൂന്നാം വയസ്സിലാ?

ത്രേസ്യാമ്മ: അത്?......

ജോസഫേട്ടൻ ചിരിക്കുന്നു. ക്ലാരയും. ത്രേസ്യാമ്മ ഇതെല്ലാം ഗൗരവത്തിൽത്തന്നെയാണ് എടുത്തിരിക്കുന്നത്.

ഡോക്ടർ നായർ: ആട്ടെ കൊച്ചുത്രേസേടെ വയസ്സ് എത്രയാ?

ത്രേസ്യാമ്മ പരുങ്ങുന്നു.

ഡോക്ടർ നായർ: എനിക്കറിയാം. ഞാൻ നിങ്ങളെ പരിചയപ്പെട്ടത് അഞ്ചുകൊല്ലം മുമ്പാണ്. അതിനുശേഷം കൊച്ചു ത്രേസ്യേടെ വയസ്സിന് മാറ്റൊന്നുംണ്ടായിട്ടില്ലല്ലോ?

ത്രേസ്യാമ്മ: ഇല്ല.

എല്ലാവരും ചിരിക്കുന്നു. ത്രേസ്യാമ്മയ്ക്ക് അപ്പോഴും താൻ പറഞ്ഞതിലെ വിഡ്ഢിത്തം മനസ്സിലാവുന്നില്ല.

ഡോക്ടർ നായർ: ജോസിന് മുട്ടയൊക്കെ കൊടുത്തോളു. ആൾക്കാര് ഭക്ഷണത്തിലൊക്കെ ഇങ്ങനെ ക്രമം പാലിച്ചാൽ ഞാൻ രോഗികളൊന്നും ഇല്ല്യാതെ ഈ ക്ലിനിക്ക് പൂട്ടിപ്പോകേണ്ടിവരില്ലേ. (ക്ലാരയോട്) കുട്ടി ഡബ്ളല്ല ഒരു ട്രിബ്ള് ഓലറ്റുതന്നെ കൊണ്ടുവരൂ. അടുത്ത അറ്റാക്കിന്ള്ള കോള് ഇപ്പൊത്തന്നെ തൊടങ്ങണ്ടെ?

ഡോക്ടർ പോകാനായി വാതിൽക്കലെത്തുന്നു. വാതിൽ തുറന്നു പിടിച്ച് ജോസഫേട്ടനോട്:

ഡോക്ടർ നായർ: രണ്ടു ദിവസത്തേയ്ക്കുകൂടി കഞ്ഞി കുടിച്ചാൽ മതി കെട്ടോ ജോസെ. രാവിലെ വേണങ്കിൽ രണ്ട് ഇഡ്ഡലി കഴിച്ചോളൂ. (ക്ലാരയെ നോക്കി) കുട്ടി കേട്ടോ?

ക്ലാര ചിരിച്ചുകൊണ്ട് തലയാട്ടുന്നു. ഡോക്ടർ വാതിൽ കടന്നശേഷം ജോസഫേട്ടനെ നോക്കി പറയുന്നു.

ക്ലാര: നന്നായിട്ടൊണ്ട്. എന്റെ ബോയ്ഫ്രേണ്ടിന് ആർത്തി കുറച്ചു കൂടുതലാ.

ജോസഫേട്ടൻ: നീ പോടീ.

ക്ലാര പോകുന്നു.

ജോസഫേട്ടൻ: അവള് കണ്ടോ പറയണത്. ഓംലറ്റിന്റെ കാര്യം പറഞ്ഞ് എന്നെ കൊതിപ്പിച്ചത് അവള്തന്നാ. കള്ളി.

പാറുകുട്ടി ഫ്ളാസ്കു തുറന്ന് കപ്പിൽ ജോസഫേട്ടന് ചായ കൊടുക്കുന്നു. ഒരു ചെറിയ പ്ലേയ്റ്റിൽ നാലു ബിസ്കറ്റുകളും. ജോസഫേട്ടൻ ബിസ്കറ്റുകൾ നോക്കുന്നു.

ജോസഫേടൻ: ബിസ്കറ്റ്! എത്ര ദിവസായി ഈ ബിസ്കറ്റ് തന്നെ. നല്ല പരിപ്പുവട തിന്നാൻ തോന്നുണു.

ത്രേസ്യാമ്മ, കൊണ്ടുവന്ന സഞ്ചിയിൽ നിന്ന് ടിഫിൻ കാരിയറും മറ്റും എടുത്ത് മേശമേൽ വെയ്ക്കുകയാണ്. എല്ലാം കഴിഞ്ഞപ്പോൾ ജോസഫേട്ടന്റെ കട്ടിലിൽ വന്നിരിക്കുന്നു.

ത്രേസ്യാമ്മ: ഇന്നെങ്ങനാ ക്ഷീണൊന്നുല്ല്യല്ലോ.

ജോസഫേട്ടൻ: ആ പെണ്ണിന്റെ വർത്തമാനം കേട്ടു ക്ഷീണിച്ചു.

ത്രേസ്യാമ്മ: അവളങ്ങനാ, വർത്തമാനം പറഞ്ഞാൽ നിർത്തില്ല.

പാറുകുട്ടി: അമ്മച്ചിയെന്താ മോശം?

ത്രേസ്യാമ്മ എഴുന്നേൽക്കുന്നു.
ത്രേസ്യാമ്മ: ഞാനൊന്ന് പിള്ളാരെയൊക്കെ നോക്കിവരാം.
ജോസഫേട്ടൻ ഒന്നും പറയാതെ ചായ കുടിക്കുന്നു. പാറുകുട്ടി ത്രേസ്യാമ്മ പോകുന്നതും നോക്കി ചിരിച്ചുകൊണ്ട് തലയാട്ടുന്നു.
പാറുകുട്ടി: അമ്മച്ചീടെ വിചാരം ഇത് നമ്മടെ കോളന്യാന്നാ. ഇനി ഓരോരുത്തര് കെടക്ക്ണേടത്തും ചെല്ലും സൂക്കേട് അന്വേഷിക്കും, നാട്ടുവർത്തമാനം പറയും.
സീൻ 4:
ആശുപത്രി വരാന്തയിലൂടെ നടക്കുന്നു ത്രേസ്യാമ്മ. അവർ ഓരോ മുറിയിലും എത്തിനോക്കുകയാണ്. ഒരു മുറിയുടെ വാതിലിൽ എത്തിനോക്കിയ ശേഷം അകത്തു കടക്കുന്നു.
സീൻ: 4എ:
ആശുപത്രയിൽ ഒരു മുറി കട്ടിലിൽ സുന്ദരിയായ പെൺകുട്ടി ചാരിയിരിക്കുന്നു. വയസ്സ് ഇരുപത്, ഇരുപത്തൊന്ന്. ത്രേസ്യാമ്മ വാതിൽ കടന്ന് വരുന്നു. ത്രേസ്യാമ്മയെ കണ്ടതും അവളുടെ മുഖം വികസിക്കുന്നു.
ത്രേസ്യാമ്മ: ഇന്നെങ്ങനെ ഒണ്ട് ഗ്രേസിമോളെ?
ഗ്രേസി: സുഖംണ്ട് ആന്റി. ആന്റി എന്താ ഇന്ന് നേരം വൈകിയോ?
ത്രേസ്യാമ്മ: വീട്ടീന്ന് എളുപ്പം പൊറത്ത് കടക്കാൻ പറ്റ്വോ മോളെ. കൊച്ചുങ്ങളെ ഒക്കെ അച്ചനമ്മമാര്ടെ ഒപ്പം പറഞ്ഞയക്കണ്ടേ. ചെലര് വരാൻ വൈകും. പിന്നെ വീട് പൂട്ടിവരല്ലെ. എന്തൊക്കെ കാര്യങ്ങള് നോക്കണം? ജോർജൂട്ടി എവിടെ?
ഗ്രേസി: ഇച്ചായൻ പൊറത്തു പോയിരിക്ക്യാണ്.
ത്രേസ്യാമ്മ: എന്നാ മോളെ ഡിസ്ചാർജാവണത്?
ഗ്രേസി: രണ്ടീസത്തില്ണ്ടാവുംന്ന് തോന്നുണു. അങ്ക്ളോ?
ത്രേസ്യാമ്മ: അതിയാന് വലിയ കൊഴപ്പൊന്നുംല്ല്യാന്നാ തോന്നണത്. വല്ല പിക്നിക്കിനും വന്നപോലാ പെരുമാറ്റം. ഓംലറ്റ് വേണം പരിപ്പ്വട വേണംന്നൊക്കെ പറഞ്ഞോണ്ടിരിക്ക്യാ.
ഗ്രേസി: വയസ്സായാൽ അങ്ങനൊക്കെണ്ടാവും ആന്റീ.
ത്രേസ്യാമ്മ: അതിന് അതിയാന് അത്ര്യ്യാന്നും വയസ്സായിട്ടില്ല മോളെ. ഈ വൃശ്ചികത്തില്....... (പെട്ടെന്ന് എന്തോ ഓർത്ത് നിർത്തുന്നു.)
ഗ്രേസി: ആന്റി ഇരിക്കൂ.
ത്രേസ്യാമ്മ കട്ടിലിൽ ഇരിക്കുന്നു. ജോർജൂകുട്ടി വരുന്നു. സുമുഖൻ. ഇരുപത്തെട്ടു വയസ്സു പ്രായം. പാന്റസും ഷർട്ടും വേഷം. കയ്യിൽ മെഡിൽക്കൽ റെപ്രസൽന്റേറ്റീവിന്റെ ബാഗ്.
ജോർജൂട്ടി: ഞാൻ വരുമ്പോൾ ജോസഫ് അങ്കിളിനെ കണ്ടു. അപ്പോ പറഞ്ഞു ആന്റി ഇങ്ങട്ട് വന്നിട്ടൊണ്ട് എന്ന്. അപ്പോ ഞാൻ ഓടി വര്വാണ്. എന്റെ ഭാര്യയെ എങ്ങാനും റാഞ്ചിക്കൊണ്ടുപോയാലോന്നു കരുതി.
ത്രേസ്യാമ്മ: കണ്ടാൽ റാഞ്ചിക്കൊണ്ടുപോകന്നെ ചെയ്യും. അത്രയ്ക്ക് സുന്ദര്യാണ് എന്റെ മോള്.
ജോർജൂട്ടി: എന്തു സുന്ദരി. എന്റെ മണ്ടക്കിട്ടതല്ലെ.
ത്രേസ്യാമ്മ: അതൊന്നും പറയണ്ട. അവള്ടെ അസുഖൊക്കെ ഇപ്പൊ മാറും.
ജോർജൂട്ടി: അങ്കിളിനെ നാളെ ഡിസ്ചാർജ്ജ് ചെയ്യുംന്നാ പറഞ്ഞത്. ഞാനവിടെ ഇരിക്കുമ്പഴാ സിസ്റ്റര് വന്ന് പറഞ്ഞത്.
ത്രേസ്യാമ്മ: ആവൂ, നന്നായി. (പെട്ടെന്നെന്തോ ഓർത്തുകൊണ്ട്) അപ്പൊ ഞാനീ മോളെ ഇനി എങ്ങനാ കാണ്വാ.
ജോർജൂട്ടി: അതിനെന്താ ആന്റീ, ഞങ്ങള് എല്ലാ ഞായറാഴ്ച്ചേം ആന്റീടെ വീട്ടിലായിരിക്കും. ആന്റീടെ ചില്ലി ചിക്കനും ബിരിയാണീം ഒക്കെ സ്വാദു നോക്കണം.
ത്രേസ്യാമ്മ: ഞാനതൊക്കെ ഗ്രേസിമോക്ക് പഠിപ്പിച്ചു കൊടുത്തിട്ടൊണ്ട്.
ജോർജൂട്ടി: അപ്പൊ അങ്ങോട്ടു വരണ്ട അല്ലേ?
ത്രേസ്യാമ്മ: അയ്യോ അതല്ല. നിങ്ങള് എന്തായാലും വരണം. അപ്പൊ ഞാൻ എല്ലാം ഉണ്ടാക്കി കാട്ടിക്കൊടുക്കാം. (ഫ്ളാഷ്ബാക്ക് കഴിഞ്ഞു.)
സീൻ 5:
അടുക്കളയിൽ. ഇപ്പോൾ രാത്രിയായിരിക്കുന്നു. സീൻ 3 ന്റെ തുടർച്ചയാണ്. പാറുകുട്ടിയും ത്രേസ്യാമ്മയും സംസാരിച്ചു കൊണ്ടിരിക്കുന്നു. ത്രേസ്യാമ്മ ചായ കൂട്ടുകയാണ്.
പാറുകുട്ടി: പാവം കൊച്ചായിരുന്നു. നല്ല ഭംഗിണ്ട്. ന്നാ ആ ഭാവൊട്ടുംല്ല്യ താനും. ഹാർട്ടിന്റെ അസുഖം കാരണല്ലെ അവള് ആശുപത്രീല് വന്നത്?
ത്രേസ്യാമ്മ: അതെ.
പാറുകുട്ടി: അതു കൂടീട്ട്ണ്ടാവും.

ത്രേസ്യാമ്മ: ആ, ആർക്കറിയാം. എന്തോ എന്റെ മനസ്സില് എന്തൊക്കെയോ തോന്നുണു.
ത്രേസ്യാമ്മ ചായ കൂട്ടിയത് ഒരു കപ്പിലാക്കി അടുക്കളയിൽനിന്ന് പോകുന്നു.
സീൻ 6:
പൂമുഖം. സോഫയിലിരുന്ന് വായിക്കുന്ന ജോസഫേട്ടന്റെ അടുത്തേയ്ക്ക് ത്രേസ്യാമ്മ കപ്പുമായി ചെല്ലുന്നു.
ത്രേസ്യാമ്മ: ഇതാ ചായ. നിങ്ങടെ ചായകുടി കൂട്ണ്ണ്ട് കെട്ടോ.
ജോസഫേട്ടൻ: സാരംല്ല്യ പെണ്ണേ.
ചായ കുടിക്കുന്നു.
ജോസഫേട്ടൻ: അവര് ആശുപത്രി വിട്ടേന്റെ ശേഷം നീ അവരെ കണ്ടിട്ടില്ലേ?
ത്രേസ്യാമ്മ: ഒന്നുരണ്ടു വട്ടം ഗ്രേസിയെ തനിച്ചു കണ്ടു. അപ്പൊഴൊക്കെ പറയും സമയം കിട്ട്ണില്ല്യ ആന്റീ. ജോർജൂട്ടി മെഡിക്കൽ റെപ്രസന്റേറ്റീവല്ലെ. അപ്പൊ ഡോക്ടർമാര്ടെയൊക്കെ സമയൂം ഭാവൂം ഒക്കെ നോക്കീട്ട് വേണല്ലോ ജോലി. ഒരു ദിവസം നമ്മളെ വന്ന് സർപ്രൈസ് ചെയ്യാംന്ന് പറഞ്ഞതാ.
ജോസഫേട്ടൻ: (വ്യസനത്തോടെ) ആ സർപ്രൈസാ സെമിത്തേരിയില് കണ്ടത്.
ത്രേസ്യാമ്മ: ന്നാലും ഇങ്ങനെണ്ടോ. ഗ്രേസി തന്ന്യാന്നാ എനിക്ക് തോന്നീത്.
ജോസഫേട്ടൻ: തോന്നീത് തന്ന്യായിരിക്കും. ശവമടക്ക് ഞാനെന്റെ കണ്ണുകൊണ്ട് കണ്ടതാ
ത്രേസ്യാമ്മ: ഒരു കാര്യം അദ്ഭുതമായിരിക്കുണു. അതിനുശേഷം ജോർജൂട്ടിയെ കണ്ടിട്ടേയില്ല. ഇപ്പോ അഞ്ചെട്ടു മാസായില്ലേ?
ജോസഫേട്ടൻ: അവൻ എങ്ങോട്ടെങ്കിലും ട്രാൻസ്ഫർ വാങ്ങി പോയിട്ടുണ്ടാകും. ഭാര്യ മരിച്ചപ്പോ ഈ നാട്ടിൽത്തന്നെ കഴിയാൻ വെഷമായിട്ടുണ്ടാവും.
ത്രേസ്യാമ്മ: പോണേന് മുമ്പ് നമ്മളെ ഒന്ന് വന്ന് കണ്ടില്ല.
ജോസഫേട്ടൻ: ട്രാൻസ്ഫറായീന്ന് ഞാൻ ഊഹിച്ചതാണ് കെട്ടോ ത്രേസ്യേ. പിന്നെ ഭാര്യ മരിച്ചതിന്റെ ശേഷം നമ്മളെ ഒക്കെ വന്ന് കാണാൻ അവന് വെഷമമുണ്ടാകും. അത് പിന്നെ സാധാരണല്ലെ?
ത്രേസ്യാമ്മ: ആയിരിക്കാം. എന്തോ എനിക്ക്.........
സീൻ 7:
കിടപ്പറ. ജോസഫേട്ടൻ കിടക്കുകയാണ്. ഒരുമാതിരി ഉറക്കത്തിലെത്തിയിരിക്കുന്നു. ത്രേസ്യാമ്മ മുട്ടുകുത്തി പ്രാർത്ഥനയാണ്. മുമ്പിലെ ചുവരിലുള്ള കർത്താവാണ് ലക്ഷ്യം.
ത്രേസ്യാമ്മ: കർത്താവേ ഈ കുരിശ് എന്നിൽനിന്ന് എടുത്തു മാറ്റണേ. ഓരോ ദിവസം കൂടുംതോറും എനിക്ക് ഉറപ്പായി വരുന്നുണ്ട്, ഞാൻ കണ്ടത് ഗ്രേസിയെത്തന്നെയാണെന്ന്. ഗ്രേസിക്കെന്നേയും മനസ്സിലായിരിക്കുന്നു. നമ്മൾ ഒരാളെ നോക്കുമ്പോൾ അവൾക്ക് നമ്മെ പരിചയമുണ്ടെങ്കിൽ കണ്ണിൽ ഒരു പ്രത്യേക ഭാവമുണ്ടാവില്ലെ, ഒരു തിളക്കം. അതു ഞാൻ ഗ്രേസിയുടെ കണ്ണിൽ കണ്ടതാണ്. ഞാൻ പാറുകുട്ടിയെ വിളിക്കാൻ തിരിഞ്ഞപ്പോഴേയ്ക്ക് അവൾ എവിടെ പോയി മറഞ്ഞൂന്ന് അറിയില്ല. കർത്താവേ പ്രേതങ്ങള് ചൂരിദാറിട്ട് നടക്കാറുണ്ടോ? അതും പട്ടാപ്പകൽ?
ഒരു മറുപടിക്കെന്നപോലെ അവർ കർത്താവിന്റെ ചിത്രത്തിൽ നോക്കുന്നു. മറുപടിയൊന്നുമില്ല. അവർ വീണ്ടും പ്രാർത്ഥിക്കാൻ തുടങ്ങുന്നു.
ത്രേസ്യാമ്മ: അവള് പ്രേതല്ലെങ്കില് പിന്നെ എന്തിനാ എന്നെ കണ്ടപ്പോൾ പെട്ടെന്ന് ഓടിപ്പോയത്?
ജോസഫേട്ടൻ പെട്ടെന്ന് കണ്ണുതുറന്ന് നോക്കുന്നു.
ജോസഫേട്ടൻ: നീയൊന്ന് വിളക്കണച്ച് കിടക്കാൻ നോക്ക് കൊച്ചുത്രേസ്യേ. കർത്താവിനും വേണ്ടേ കുറച്ച് സൈ്വരം ഒക്കെ?
ത്രേസ്യാമ്മ ഒരു നെടുവീർപ്പോടെ വിളക്കണച്ച് കുരിശു വരച്ചു കിടക്കുന്നു.
സീൻ 8:
കോൺവെന്റ് ജങ്ക്ഷനിൽ ഒരു ഫാൻസി ഷോപ്പ്. കൗണ്ടറിൽ വളകൾ, പൊട്ടുകൾ മുതലായവ നിരത്തി വെച്ചിട്ടുണ്ട്. ത്രേസ്യാമ്മയും പാറുകുട്ടിയും മുമ്പിൽ നിരത്തിവച്ച സാധനങ്ങൾ നോക്കി തെരഞ്ഞെടുക്കുന്നു. പെട്ടെന്ന് ത്രേസ്യാമ്മയുടെ കണ്ണുകൾ ഒരുജോടി കൈകളിലേയ്ക്ക് വീഴുന്നു. വെളുത്തു നീണ്ട വിരലുകൾ, വളർത്തി ഭംഗിയായി കമാനത്തിൽ വെട്ടിനിർത്തിയ നഖങ്ങളിൽ ചുവന്ന പോളിഷ്. മുമ്പിലുള്ള പൊട്ടുകൾ തെരഞ്ഞെടുക്കുക യാണ് മനോഹരങ്ങളായ ആ കൈകൾ. അതിന്റെ ഉടമസ്ഥയെ കാണാനായി ത്രേസ്യാമ്മ കണ്ണുകൾ ഉയർത്തുന്നു. നോക്കുന്നത് അതേപോലെ മുഖമുയർത്തി നോക്കുന്ന ഗ്രേസിയുടെ മുഖത്തേയ്ക്കാണ്. ഒരു നിമിഷം മാത്രം. പെട്ടെന്ന് അവൾ തിരിഞ്ഞ് ഷോപ്പിൽനിന്ന് പുറത്തേയ്ക്ക് പോകുന്നു. പാറുകുട്ടി ഇതൊന്നും അറിയുന്നില്ല.
ത്രേസ്യാമ്മ സ്തബ്ധയായി നിൽക്കുന്നു.
കൗണ്ടറിലെ സേയ്ൽസ്മാൻ പയ്യൻ : ചേച്ചി ഏതു കളറാണ് വേണ്ടത്?”
ത്രേസ്യാമ്മ ഞെട്ടുന്നു.

ത്രേസ്യാമ്മ: പാറുകുട്ടി നീ എന്നെ ഒന്ന് നുള്ളിയേ.
പാറുകുട്ടി: എന്തിനാ അമ്മച്ചീ?
ത്രേസ്യാമ്മ: ഞാൻ ഒറങ്ങ്വാണോ അതോ ഉണർന്നിരിക്ക്യാണോന്ന് നോക്കാനാ.
പാറുകുട്ടി: അമ്മച്ചി ഉറങ്ങ്വൊന്നും അല്ല.
ത്രേസ്യാമ്മ: നീ കണ്ടോ പെണ്ണേ, ഇപ്പം പോയത് ഗ്രേസി അല്ലായിരുന്നോ?
പാറുകുട്ടി തിരിഞ്ഞുനോക്കുന്നു. കൈ മലർത്തുന്നു.
പാറുകുട്ടി: ആ ഞാൻ കണ്ടില്ലമ്മച്ചീ.
അവൾ കൗണ്ടറിൽ നിരത്തിയ വർണപ്രപഞ്ചത്തിലേയ്ക്ക് തിരിയുന്നു.
ത്രേസ്യാമ്മ: ഇതു രണ്ടാമത്തെ തവണയാണ് അവൾ കൈവിട്ടു പോണത്.
ത്രേസ്യാമ്മ ദീർഘശ്വാസമിടുന്നു. വീണ്ടും കൗണ്ടറിലേയ്ക്ക് തിരിയുന്നു. കയ്യിൽ പിടിച്ച ലിസ്റ്റിൽ നോക്കി വായിക്കുന്നു.
ത്രേസ്യാമ്മ: ശ്യാമളയ്ക്ക് നാലു ജോടി വളകളാണ് വേണ്ടത്. ഇതാ ഈ അളവിൽ. കടും ചൊമപ്പ്. എടുത്തോ.
പെട്ടെന്ന് മനോഹരങ്ങളായ ഒരു ജോടി കൈകൾ പിന്നിൽനിന്ന് വന്ന് അവരുടെ കണ്ണുകൾ മൂടുന്നു.
ശബ്ദം: ആരാണെന്നു പറഞ്ഞാൽ ഒരു സമ്മാനം.
ത്രേസ്യാമ്മയുടെ മുഖത്ത് ചിരിവിടരുന്നു.

**End Of Part I**

*Episode 4*

# ഉയിർത്തെഴുന്നേല്പ്

**Part II**

സീൻ 8:

കഴിഞ്ഞ സീനിലെ സെറ്റിങ് തന്നെ. ലേഡീസ് കടയിൽ കൗണ്ടറിന്നു മുമ്പിൽ നിൽക്കുന്ന ത്രേസ്യാമ്മയുടെ കണ്ണുകൾ ഒരു ജോടി കൈകൾ വന്നു മൂടുന്നു.

ശബ്ദം: ആരാണെന്നു പറഞ്ഞാൽ ഒരു സമ്മാനം.

ത്രേസ്യാമ്മയുടെ മുഖം വികസിക്കുന്നു. അവർ പെട്ടെന്ന് തിരിഞ്ഞ് ഗ്രേസിയെ കെട്ടിപ്പിടിക്കുന്നു.

ത്രേസ്യാമ്മ: എന്റെ മോളെ.

ത്രേസ്യാമ്മ ഗ്രേസിയുടെ കവിളിൽ ഉമ്മ വെയ്ക്കുന്നു.

ഗ്രേസി: ഇനി സമ്മാനം വേണ്ടേ? അതാ നിൽക്കുന്നു സമ്മാനം.

അവൾ ചൂണ്ടിക്കാട്ടിയ സ്ഥലത്തേയ്ക്ക് ത്രേസ്യാമ്മ നോക്കുന്നു. അവിടെ ജോർജൂട്ടി ചിരിച്ചുകൊണ്ട് നിൽക്കുന്നു.

ത്രേസ്യാമ്മ: ജോർജൂട്ടി!

ജോർജൂട്ടി: ആന്റീ, അങ്കിളെന്തു പറയുന്നു? സുഖം?

നീ കുറേയേറെ കാര്യങ്ങൾക്ക് ഉത്തരം പറയേണ്ടിയിരിക്കുന്നു എന്ന മട്ടിൽ ത്രേസ്യാമ്മ അവനെ നോക്കുന്നു.

ജോർജൂട്ടി: ആന്റി. ഞങ്ങൾക്ക് നാളെ ഞായറാഴ്ച ആന്റിയുടെയും അങ്കിളിന്റെയും അടുത്താണ് ഊണ്. ഞങ്ങൾ കൃത്യം പന്ത്രണ്ടുമണിക്ക് എത്തും. അപ്പോ കാണാം.

അയാൾ ഗ്രേസിയുടെ കൈ പിടിച്ച് നടക്കുന്നു. പിന്നെ ഒരു കാര്യം പറയാനായി തിരിച്ചു വരുന്നു.

ജോർജൂട്ടി: ഞങ്ങക്ക് ചില്ലിചിക്കൻ വേണം. ആന്റിയുടെ ചില്ലിചിക്കൻ കേമമാണെന്ന് ഗ്രേസി പറഞ്ഞിട്ടൊണ്ട്. അതുണ്ടാക്കാൻ അവളെ പഠിപ്പിക്ക്യേം വേണം.

ആകെ സന്തോഷവും അദ്ഭുതവും കൊണ്ട് അനങ്ങാനാവാതെ നിൽക്കുന്ന ത്രേസ്യാമ്മയുടെ ഷോട്ട്.

സീൻ 8 എ:

ത്രേസ്യാമ്മ വീണ്ടും കൗണ്ടറിലെത്തി. സാവധാനത്തിൽ കൈയ്യിലുള്ള കടലാസു നിവർത്തുന്നു.

പാറുകുട്ടി: അപ്പൊ അമ്മച്ചി പറഞ്ഞത് ശര്യാണല്ലേ? ആർടെ ശവമടക്കാണാവോ ജോസഫേട്ടൻ കണ്ടത്?

ത്രേസ്യാമ്മ: ആ. (കടക്കാരനോട്) എടോ, നാലുജോടി മറൂൺ വളകളെടുത്തുവോ? (പാറുകുട്ടിയോട്) ശൈലജ പൊട്ടു വാങ്ങാൻ പറഞ്ഞിട്ടുണ്ട്. ആരാണ് ഹെയർപിൻ വാങ്ങാൻ എല്പിച്ചിട്ടുള്ളത്?

പാറുകുട്ടി: നളിനിയായിരിക്കും അമ്മച്ചീ. അത് കാശു തന്നെങ്കീ മാത്രം വാങ്ങ്യാ മതി.

ത്രേസ്യാമ്മ വീണ്ടും ആലോചനയിൽ പെടുന്നു. അവരുടെ മുഖത്തിന്റെ ക്ലോസപ്പ്. ഫേയ്ഡൗട്ട്.

സീൻ 9:

വീട്ടിലെ പൂമുഖം. ത്രേസ്യാമ്മ സോഫയിലിരിക്കുന്ന ജോസഫേട്ടനോട് അന്നു നടന്ന കാര്യങ്ങളെല്ലാം പറഞ്ഞുകൊടുക്കുയാണ്.

ജോസഫേട്ടൻ: അപ്പോ നെനക്ക് ചോദിക്കാൻ മേലായിരുന്നോ.

ത്രേസ്യാമ്മ: എന്ത്?
ജോസഫേട്ടൻ: ഞാൻ അവന്റെ ഭാര്യടെ ശവമടക്കിന് പോയ കാര്യം.
ത്രേസ്യാമ്മ: ഗ്രേസിയെ മുന്നിൽ വെച്ചുകൊണ്ട് ഞാൻ എങ്ങനാ അതു ചോദിക്കണത്. പിന്നെ പോരാത്തതിന് അതിനൊന്നും സമയം കിട്ടിയതുമില്ല.
ജോസഫേട്ടൻ: അതും ശരിയാ, നിന്നെയല്ലെ പള്ളീല് അടക്കം ചെയ്യണത് കണ്ടത്ന്ന് ഒരാളോട് ചോദിക്കാൻ പറ്റ്വോ? എന്തോ എനിക്കൊന്നും മനസ്സിലാവുന്നില്ല. ന്നാലും അതിശയായിരിക്കുന്നു.
ത്രേസ്യാമ്മ: നാളെ നിങ്ങ മാർക്കറ്റീ പോമ്പ നല്ല തൊടള്ള ചിക്കൻ വാങ്ങിക്കൊണ്ടരണം. അവർക്ക് ചില്ലി ചിക്കൻ വേണത്രെ.
ജോസഫേട്ടൻ: ഒരൂണില് നിർത്താൻ തന്ന്യാ നെന്റെ ഭാവം അല്ലേ?
ത്രേസ്യാമ്മയ്ക്ക് മനസ്സിലാവുന്നില്ല. പക്ഷേ അവർ ഒന്നും ചോദിക്കുന്നില്ല.
ത്രേസ്യാമ്മ: പിന്നെ കൊറച്ച് സെലറീം വേണം. അതൊക്കെ ഇട്ടാലെ ചില്ലി ചിക്കന് സ്വാദുണ്ടാവൂ. നല്ലത് നോക്കി രണ്ടു കട എടുത്താ മതി.
സീൻ 10:
ത്രേസ്യാമ്മയുടെ ഉമ്മറം. ജോർജൂട്ടിയും ഗ്രേസിയും അപ്പോൾ എത്തിയിട്ടേ ഉള്ളൂ. എല്ലാവരും എഴുന്നേറ്റു നിന്ന് സംസാരിക്കുകയാണ്.
ത്രേസ്യാമ്മ: ഞാൻ നിങ്ങളെ കൊറച്ച് നേരത്തെ പ്രതീക്ഷിച്ചിരുന്നു.
ജോർജൂട്ടി: അതിന് ആന്റീ ഇവിടെ ഒരാൾക്ക് രണ്ടു പള്ളീലും പോണം. അവള് പ്രൊട്ടസ്റ്റന്റാണ്. ഞാൻ റോമൻ കാത്തലിക്കും. എല്ലാം കഴിഞ്ഞപ്പോൾ സമയങ്ങു പോയി.
പാറുകുട്ടി ഒരു ട്രെയിൽ ഓറഞ്ച് സ്ക്വാഷുമായി വന്ന് എല്ലാവർക്കും കൊടുക്കുന്നു.
ജോർജൂട്ടി: എന്താ മാഡം ഓർമ്മയുണ്ടോ?
പാറുകുട്ടീ: എന്താ ഓർമ്മയില്ലാതെ? ഞാൻ ഇന്നലെകൂടി കണ്ടതല്ലേ?
ജോർജൂട്ടി: എവിടന്ന്?
പാറുകുട്ടി: കടേല് വന്നപ്പോ ഞാനുംണ്ടായിര്ന്ന് അമ്മച്ചീടെ ഒപ്പം.
ത്രേസ്യാമ്മ: (പെട്ടെന്ന് ഓർമ്മ വന്ന്) അപ്പോ എന്തേണ്ടായത് ജോർജൂട്ടി. ജോസഫേട്ടൻ ഒരു ദിവസം ജോർജൂട്ടീനെ പള്ളീല്വെച്ച് കണ്ടൂന്ന് പറഞ്ഞു.
ജോർജൂട്ടി: ആന്റീ, എന്താണിത്ര ധൃതി? നിങ്ങളുടെ ഊണ് നശിപ്പിക്കണ്ട. ഊണു കഴിഞ്ഞ് സാവധാനം പറയാം പോരെ?"
ജോസഫേട്ടൻ: അവൻ സൂത്രക്കാരനാ കൊച്ചു ത്രേസ്യേ. ഊണു കഴിഞ്ഞാൽ പെമ്പ്രന്നോരേം പൊക്കിയെടുത്ത് അവൻ പറക്കും.
ജോർജൂട്ടി: ഇല്ല അങ്കിൾ, ഞാൻ വാക്കു തരാം.
സീൻ 11:
ഊൺമേശക്കുചുറ്റും എല്ലാവരും ഭക്ഷണം കഴിക്കുന്നു. വിഭവങ്ങളെപ്പറ്റി അഭിപ്രായങ്ങൾ, അഭിനന്ദനങ്ങൾ.
ജോർജൂട്ടി: ആന്റീ, ഞാൻ ഗ്രേസിയെ ഒരാഴ്ച ഇവിടെ നിർത്താൻ പോവാണ്. ആന്റി ട്രെയിനിങ് കൊടുത്താൽ മതി.
ത്രേസ്യാമ്മ: ബിരിയാണി ഞാനല്ല, പാറുകുട്ടിയാണ് ഉണ്ടാക്കീട്ട്ള്ളത്.
പാറുകുട്ടി: (വിളമ്പുന്നതിനിടയിൽ) എന്നെ എല്ലാം പഠിപ്പിച്ചത് അമ്മച്ചിതന്നാ.
ജോസഫേട്ടൻ: (പാറുകുട്ടിയോട്) എല്ലാം കൊണ്ടുവന്നു വെച്ചില്ലേ? ഇനി നിനക്കും ഇരുന്നുകൂടെ?
ജോർജൂട്ടി: മാഡം ഇരിക്കണം.
പാറുകുട്ടി ഒരൊഴിഞ്ഞ കസേലയിൽ ഇരുന്ന് ഭക്ഷണം തുടങ്ങുന്നു.
സീൻ 12:
സോഫയിലും കസേലയിലും ഒക്കെയായി എല്ലാവരും ഇരിക്കുന്നു. ജോർജൂട്ടി കഥ പറയുകയാണ്.
ജോർജൂട്ടി: അങ്കിൾ കണ്ടതെല്ലാം ശരിയായിരുന്നു. മരിച്ചത് എന്റെ ഭാര്യതന്നെയായിരുന്നു. ഒരു കൊല്ലമായി ലിസി കിടപ്പലായിരുന്നു. കല്യാണം കഴിഞ്ഞ ദിവസം തൊട്ട്. സുഖമില്ലാത്ത ഒരു കുട്ടിയെ അവളുടെ അപ്പനും മൂന്നാനും കൂടി എന്റെ തലയിലിട്ടതായിരുന്നു. പിന്നീടാണെല്ലാമറിഞ്ഞത്. അവൾ ഒരു നിത്യരോഗിയായിരുന്നു.
കഥ കേൾക്കുന്ന ജോസഫേട്ടന്റെയും ത്രേസ്യാമ്മയുടെയും അവരുടെ പിന്നിൽ കസേലയിൽ പിടിച്ചു നിൽക്കുന്ന പാറുകുട്ടിയുടെയും മുഖം മാറിമാറി കാണിക്കണം.
ജോർജൂട്ടി: ആദ്യത്തെ രാത്രിയിൽത്തന്നെ അവൾക്കൊരു അറ്റാക്കുണ്ടായി, ഒരു ഭാഗം തളരുകയും ചെയ്തു.
കഥ തുടരവേ കഥയിലെ രംഗങ്ങൾ ഒരു ഫ്ളാഷ്ബാക്കായി കാണിക്കണം. പശ്ചാത്തലത്തിൽ ജോർജൂട്ടിയുടെ ശബ്ദം.
ജോർജൂട്ടി: വലിയ പ്രതീക്ഷകളോടെ മണിയറയിലേക്കു ചെന്ന ഞാൻ കണ്ടത് വായിൽനിന്നു നുരയും പതയും

വന്ന് തളർന്നു കിടക്കുന്ന നവവധുവിനെയാണ്. ഉടനെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു, അവളുടെ വീട്ടുകാരെ അറിയിക്കുകയും ചെയ്തു. ആരും വന്നില്ല. അപ്പച്ചൻ ചൂടായി, അവളെ ഉടനെ വീട്ടിൽ കൊണ്ടുപോയാക്കണമെന്നു പറഞ്ഞു. ഞാൻ സമ്മതിച്ചില്ല. സംഭവിക്കേണ്ടത് സംഭവിച്ചു. അവളിപ്പോൾ രോഗിയാണ്. ഭേദമായശേഷം നമുക്കെന്തെങ്കിലും തീരുമാനിക്കാം. അവളുടെ അസുഖം പക്ഷെ മാറുകയുണ്ടായില്ല. എട്ടുമാസം കിടന്നു. ആ എട്ടു മാസവും ഞാനവളെ ശുശ്രൂഷിച്ചു. അവൾക്ക് എഴുന്നേൽക്കാൻ കൂടി പാടില്ലായിരുന്നു. ഒരു ദിവസം രാവിലെ എഴുന്നേറ്റപ്പോൾ അവൾ മരിച്ചുകിടക്കുന്നു.

ത്രേസ്യാമ്മ: കഷ്ടം തന്നെ.

ജോസഫേട്ടൻ: (ഒപ്പംതന്നെ ത്രേസ്യാമ്മയും) അപ്പോ ഗ്രേസി ആരാണ്?

ജോർജൂട്ടി: കർത്താവു പറഞ്ഞയച്ച മാലാഖ. ആ എട്ടുമാസത്തെ നരകത്തിൽ എനിക്ക് ആകെയുണ്ടായിരുന്ന അഭയമായിരുന്നു ഗ്രേസി.

ത്രേസ്യാമ്മ: (ത്രേസ്യാമ്മ തലയിൽ കൈ വെച്ചുകൊണ്ട്) എന്തൊക്കെയാണ് കർത്താവേ കേൾക്കണത് !

ജോർജ്ജൂട്ടി മേശമേൽ വെച്ചിരുന്ന കവറെടുത്ത് അതിൽ നിന്ന് ഒരു ക്ഷണക്കത്തെടുത്ത് ജോസഫേട്ടന്റെ നേരെ നീട്ടുന്നു.

ജോർജൂട്ടി: ഞങ്ങളുടെ കല്യാണമാണ് വരുന്ന ഞായറാഴ്ച. സെന്റ് പോൾസ് ചർച്ചിൽവെച്ച്. നിങ്ങൾ മൂന്നുപേരും വരണം.

ജോസഫേട്ടൻ കണ്ണടയെടുത്തുവെച്ച് ക്ഷണക്കത്തു വായിക്കുന്നു. കത്തിന്റെ അവസാനഭാഗം ജോസഫേട്ടൻ ഉറക്കെ വായിക്കുന്നു.

ജോസഫേട്ടൻ: ദേണ്ടേ എഴുതിയിരിക്കണത്. 'ദയവു ചെയ്ത് ഉപഹാരങ്ങൾ ഒന്നും കൊണ്ടുവരരുത്.'

ജോർജ്ജൂട്ടി: അത് അങ്കിൾ......ആരെങ്കിലും പ്രസന്റേഷൻ കൊണ്ടുവരാൻ മറന്നെങ്കിലോ എന്നു കരുതി ഓർമ്മിപ്പിക്കാൻ എഴുതിച്ചേർത്തതാണ്.

ഗ്രേസി: ഇതു കണ്ടോ നാണമില്ലാതെ....

എല്ലാവരും ചിരിക്കുന്നു. ത്രേസ്യാമ്മ പക്ഷേ മുഴുവൻ തൃപ്തയായിട്ടില്ല. അവരുടെ മുഖത്ത് ഒരു സന്ദേഹം കിടന്നു കളിക്കുന്നത് കാണാം. അവർക്ക് എന്തോ ചോദിക്കാനുണ്ടെന്ന് സ്പഷ്ടം, പക്ഷേ അതു ചോദിക്കാൻ കഴിയുന്നുമില്ല. അപ്പോഴാണ് ജോസഫേട്ടൻ പറയുന്നത്.

ജോസഫേട്ടൻ: ഗ്രേസിയുടെ അസുഖം ഒക്കെ മാറിയില്ലെ?

ജോർജൂട്ടി: എന്തസുഖം അങ്കിൾ?

ത്രേസ്യാമ്മ: ഗ്രേസിയെ ആശുപത്രിയിൽ കിടത്തിയിരുന്നില്ലെ, ഹൃദയത്തിന്റെ വാൾവിന് എന്തോ കുഴപ്പണ്ടെന്ന് പറഞ്ഞ്?

ജോർജ്ജൂട്ടിയുടെ ചിരി പെട്ടെന്ന് മായുന്നു. അയാളുടെ മുഖം ഗൗരവമായി. താഴ്ന്ന സ്വരത്തിൽ അയാൾ പറഞ്ഞുതുടങ്ങുന്നു.

ജോർജൂട്ടി: പറയാൻ കൊള്ളില്ല അങ്കിൾ, പക്ഷെ അതു ഞങ്ങളുടെ മധുവിധുവായിരുന്നു.

ജോസഫേട്ടനും ത്രേസ്യാമ്മയും ഒപ്പം: മധുവിധു?

ജോർജൂട്ടി: അതെ ഹണിമൂൺ. ഞങ്ങൾ രഹസ്യമായി കല്യാണം കഴിച്ചു. പള്ളിയിൽ പോയി കല്യാണം കഴിക്കണമെങ്കിൽ ഭാര്യയുടെ മരണശേഷമേ പറ്റൂ. അതിനു കാത്തു നില്കാനുള്ള ക്ഷമയില്ലാതായി. ഹോട്ടൽ മുറികളൊന്നും അത്ര സുരക്ഷിതമല്ല. അപ്പോഴാണ് ഇങ്ങിനെ ഒരാശയം മനസ്സിൽ വന്നത്. ഗ്രേസി സമ്മതിച്ചതേയില്ല. ഞാൻ നിർബ്ബന്ധിച്ചു കൊണ്ടുവന്നതാണ്.

ഗ്രേസി തല താഴ്ത്തിയിരിക്കയാണ്. നാണം കൊണ്ട് അവളുടെ മുഖം ചുവന്നിരുന്നു.

ജോർജൂട്ടി: പരിചയമുള്ള ഒരു ഡോക്ടറും നഴ്സും ഉള്ളതുകൊണ്ടാണത് കഴിഞ്ഞത്. ആശുപത്രി മണവും ശ്വസിച്ച് രോഗികളുടേയും മരുന്നുകളുടേയും നടുവിൽ ഒരു മധുവിധു. അവസാനം പക്ഷെ പ്രശ്നമായി. ഡോക്ടർ നായർ അറിഞ്ഞപ്പോൾ ആകെ ചൂടായി, കേസെടുക്കും എന്നൊക്കെ പറഞ്ഞു. ഒരു വിധം പറഞ്ഞു നിർത്തിയതാണ്. അതൊക്കെയാണ് ആന്റി, ഞങ്ങളുടെ കഥ. ഇപ്പോൾ തോന്നുന്നുണ്ടാവും കേൾക്കേണ്ടിയിരുന്നില്ലാന്ന്, അല്ലേ?

ത്രേസ്യാമ്മ ഒന്നും പറയാതെ ഇരിക്കുകയാണ്.

ജോർജൂട്ടി: അങ്കിൾ, ആന്റി ഞങ്ങൾ ഇറങ്ങട്ടെ. (പാറുകുട്ടിയോട്) മാഡം ഭക്ഷണത്തിന് നന്ദി.

പാറുകുട്ടി ചിരിക്കുന്നു.

എല്ലാവരും എഴുന്നേൽക്കുന്നു. വീടിനു പുറത്തേയ്ക്കിറങ്ങി, ഗെയ്റ്റിനു പുറത്ത്.

ജോർജൂട്ടി ബൈക്ക് സ്റ്റാർട്ടാക്കുന്നു. ഗ്രേസി പിന്നിൽ കയറി ഇരിക്കുന്നു.

ജോർജൂട്ടി: (ഉച്ചത്തിൽ) കല്യാണത്തിന് വരണം കേട്ടോ. പിന്നെ പ്രസന്റേഷന്റെ കാര്യം മറക്കരുതേ.

(ചിരി. ഗ്രേസി കൈ വീശുന്നു. യാത്രയയക്കുന്നവരും.)

**End of Part II,**
**End of Episode4**

BACK TO INDEX

## *Episode 5*
## ഒരു ഡിറ്റക്ടീവായി.

**Part I**

ഈ എപ്പിസോഡിലേയ്ക്കു വേണ്ട കഥാപാത്രങ്ങൾ

ജോസഫേട്ടൻ
ത്രേസ്യാമ്മ
പാറുകുട്ടി
ത്രേസ്യാമ്മയുടെ അനുജത്തി ക്ലാര
ഓട്ടോഡ്രൈവർ – 2

ടൈറ്റിൽ സീൻ:
രാവിലത്തെ ചായ കൂട്ടുന്ന പാറുകുട്ടി. ത്രേസ്യാമ്മ സിങ്കിൽ ചില പച്ചക്കറികൾ ഇട്ട് കഴുകുകയാണ്.
പാറുകുട്ടി: ഇതാ അമ്മച്ചീ, ജോസഫേട്ടന്റെ ചായ.
ത്രേസ്യാമ്മ: (നനഞ്ഞ കൈകൾ നോക്കി) നീ തന്നെ കൊണ്ടുപോയി കൊടുക്ക്.
പാറുകുട്ടി ഒരു തുണികൊണ്ട് കൈതുടച്ച് ഗ്ലാസ്സുമായി പോകുന്നു.
സീൻ 1:
ഉമ്മറത്ത് ജോസഫേട്ടൻ ഇരുന്ന് പേപ്പർ വായിക്കുകയാണ്. മുഖം വ്യക്തമല്ല. അകത്തുനിന്നുള്ള വാതിൽ കടന്ന് പാറുകുട്ടി ഗ്ലാസ്സുമായി വരുന്നു. ജോസഫേട്ടന്റെ അടുത്തുവന്ന് നിന്ന് പറയുന്നു.
പാറുകുട്ടി: ഇതാ ചായ.
ജോസഫേട്ടൻ മുഖമുയർത്തുന്നു.
പാറുകുട്ടിയുടെ മുഖത്ത് അദ്ഭുതം സ്ഫുരിക്കുന്നു. അവൾ ഒന്നുകൂടി സൂക്ഷിച്ചുനോക്കുന്നു. ജോസഫേട്ടൻ ഒന്നുമറിയാതെ ചായ വാങ്ങി ചുണ്ടോടടുപ്പിക്കുന്നു. ജോസഫേട്ടന്റെ മുഖം ക്േസാസപ്പ്. നരച്ച തലമുടിയും പുരികവും. മീശമാത്രം നന്നായി കറുപ്പിച്ചിരിക്കുന്നു. പാറുകുട്ടി നോക്കുന്നതൊന്നും അദ്ദേഹം കാണുന്നില്ല. പാറുകുട്ടിക്ക് ചിരി സഹിക്കുന്നില്ല. അവൾ കൈകൊണ്ട് വാ പൊത്തി അകത്തേയ്ക്ക് ഓടുന്നു.
സീൻ 2:
അടുക്കള. ത്രേസ്യാമ്മ മേശക്കരികെ ഇട്ട കസേരയിൽ ഇരുന്ന് ചായ കുടിക്കുന്നു. പാറുകുട്ടി ചിരിച്ചുകൊണ്ട് ഓടി വരുന്നു. കിതയ്ക്കുന്നുണ്ട്.
ത്രേസ്യാമ്മ: (അല്പം നീരസത്തോടെ) എന്താ പെണ്ണേ നിന്നെ ആരെങ്കിലും കിക്കിളിയാക്കിയോ?
പാറുകുട്ടി: ആ അമ്മച്ചീ. (ത്രേസ്യാമ്മ തുറിച്ചുനോക്കുന്നു. പറഞ്ഞതിലെ അബദ്ധം മനസ്സിലാക്കുന്നു) ഇല്ലമ്മച്ചീ. അമ്മച്ചിയൊന്ന് പോയി നോക്കിയേ....
ത്രേസ്യാമ്മ: എന്ത് പെണ്ണേ?
പാറുകുട്ടി: ജോസഫേട്ടനെ ഒന്ന് പോയി നോക്കിയേ. മോത്ത് എന്താണ്ടൊക്കെ.....

ത്രേസ്യാമ്മ ഗ്ലാസ്സ് മേശപ്പുറത്തു വച്ച് പോകുന്നു.
പാറുകുട്ടിയ്ക്ക് ചിരി അടക്കാൻ പറ്റുന്നില്ല. ഉറക്കെ ചിരിക്കുന്ന പാറുകുട്ടിയുടെ മുഖം ക്ലോസപ്പിൽ.
സീൻ 3 എ:
ഉമ്മറത്ത് കസേലയിലിരുന്ന് പത്രം വായിക്കുന്ന ജോസഫേട്ടൻ. കയ്യിൽ ഒരു കപ്പ് ചായ. ചായ കുടിക്കാതെ കയ്യിൽ പിടിച്ചിരിക്കുകയാണ്. അതുപോലെ പത്രവും വായിക്കാതെ ഇടത്തെ കയ്യിൽ വെറുതെ പിടിച്ചിരിക്കുകയാണ്. എന്തോ അഗാധമായ ചിന്തയിലാണ് അദ്ദേഹം.
അകത്തു നിന്നുള്ള വാതിൽ കടന്ന് ത്രേസ്യാമ്മ ഉമ്മറത്തേയ്ക്കു വരുന്നു. ജോസഫേട്ടന്റെ അടുത്തേയ്ക്കു നടന്നു വരുന്നു. ത്രേസ്യാമ്മ കാണുംവിധത്തിൽ ജോസഫേട്ടന്റെ മുഖം ക്ലോസപ്പിൽ സൂം ചെയ്ത് കാണിക്കണം. പെട്ടെന്ന് ത്രേസ്യാമ്മയ്ക്ക് ചിരി പൊട്ടുന്നു. അവൾ അടുത്തു ചെന്ന് ജോസഫേട്ടന്റെ മുഖം പരിശോധിക്കുന്നു. ചിരി സഹിക്കുന്നില്ല.
ത്രേസ്യാമ്മ അടുത്തു വന്നതും മുഖത്തേയ്ക്കു നോക്കിയതുമൊന്നും ജോസഫേട്ടൻ അറിയുന്നില്ല. അദ്ദേഹം വലിയ ചിന്തയിലാണ്. പെട്ടെന്ന് എന്തോ ഓർത്ത് അദ്ദേഹം പുഞ്ചിരിക്കുന്നു. ത്രേസ്യാമ്മയുടെ മുഖം മാറുന്നു. എന്തോ അദ്ഭുതം കണ്ടപോലെ അവർ നിൽക്കുന്നു. ജോസഫേട്ടൻ അപ്പോഴും പത്രം ഇടത്തെ കയ്യിൽ വെറുതെ പിടിക്കുകയല്ലാതെ വായിക്കുന്നില്ല. അതുപോലെ ചായക്കപ്പും വെറുതെ കയ്യിൽ വയ്ക്കുകയല്ലാതെ കുടിക്കുന്നില്ല. ഇടയ്ക്കിടയ്ക്ക് എന്തോ ഓർത്ത് ചിരിക്കുകയും.
ത്രേസ്യാമ്മ വേവലാതി പിടിച്ച് അകത്തേയ്ക്ക് ഓടുന്നു.
സീൻ 3 ബി:
അടുക്കളയിൽ പാത്രം കഴുകുന്ന പാറുകുട്ടി. മുഖത്ത് അപ്പോഴും ചിരിയുണ്ട്. ത്രേസ്യാമ്മ ധൃതിയിൽ അടുക്കളയിലേയ്ക്ക് വരുന്നു.
പാറുകുട്ടി: (ചിരിച്ചുകൊണ്ട്) അമ്മച്ചി കണ്ടോ?
ത്രേസ്യാമ്മ ഒന്നും പറയാതെ ചുമരരുകിൽ വെറും നിലത്ത് ഇരിക്കുന്നു. തലയിൽ കയ്യും വച്ചിട്ടുണ്ട്.
പാറുകുട്ടി: എന്തു പറ്റീ അമ്മച്ചീ?
അവൾ ത്രേസ്യാമ്മയുടെ അടുത്തേയ്ക്ക് ഓടി വരുന്നു.
ത്രേസ്യാമ്മ: (ആത്മഗതം) കർത്താവേ ഇയ്യാക്ക് എന്താ പറ്റീത്?
പാറുകുട്ടി: എന്തു പറ്റീ അമ്മച്ചീ?
ത്രേസ്യാമ്മ: അല്ലാ, അതിയാന് ഇപ്പോ ഇതിന്റെയൊക്കെ വല്ല ആവശ്യമുണ്ടോടീ?
പാറുകുട്ടി: ഏതിന്റെ, അമ്മച്ചീ?
ത്രേസ്യാമ്മ: അല്ല, മീശേമ്മല് ഇങ്ങനെ ഓരോന്ന് തേച്ച് പിടിപ്പിച്ച്.....
പാറുകുട്ടി: നല്ല ഭംഗീണ്ട് അല്ലെ അമ്മച്ചീ?
ത്രേസ്യാമ്മ: (ദ്വേഷ്യത്തോടെ) എന്തൂട്ട് ഭംഗീ?
ത്രേസ്യാമ്മ ആലോചിക്കുന്നു. അച്ചായന്റെ അക്ഷോഭ്യനായ ആ ഇരുത്തം അവർ മനസ്സിൽ കാണുന്നത് ഫ്ളാഷ്ബാക്കായി കാണിക്കണം.
ത്രേസ്യാമ്മ: (എഴുന്നേറ്റുകൊണ്ട്) പാറുകുട്ടീ......
പാറുകുട്ടി: എന്തോ.
ത്രേസ്യാമ്മ: നമുക്ക് ഇതൊന്നറിയണം.
പാറുകുട്ടി: എന്ത് അമ്മച്ചീ?
ത്രേസ്യാമ്മ: അച്ചായൻ പ്രേമത്തിലാണ്ന്നാണ് തോന്നണത്.
പാറുകുട്ടി: ജോസഫേട്ടനോ? ഈ വയസ്സു കാലത്തോ?
ത്രേസ്യാമ്മ: എന്തെടീ ജോസഫേട്ടന് അത്രയൊന്നും വയസ്സായിട്ടില്ല. പോരാത്തേന് പ്രേമം എപ്പഴാ ഉണ്ടാവാന്നൊന്നും പറയാൻ പറ്റില്ലല്ലോ.
അന്തം വിട്ടു നിൽക്കുന്ന പാറുകുട്ടിയുടെ മുഖം ക്ലോസപ്പിൽ.
പാറുകുട്ടി: അമ്മച്ചീ വയസ്സായോർക്ക് ചെറുപ്പക്കാരികളോട് പ്രേമം തോന്നുവോ?
ത്രേസ്യാമ്മ: ഊം, എന്താ തോന്നാതെ?
പാറുകുട്ടി: അപ്പോ....
അവൾ സംശയിച്ചുകൊണ്ട് നിൽക്കുന്നു
ത്രേസ്യാമ്മ: എന്തെടീ
പാറുകുട്ടി: ജോസഫേട്ടന് എന്നോടായിരിക്കുമോ പ്രേമം?
ത്രേസ്യാമ്മ: (ഉറക്കെ) നിന്നോടോ? എന്നിട്ട് നീയെന്താണ് എന്നൊടൊന്നും പറയാതിരുന്നത്?
പാറുകുട്ടി: എനിക്കറിയില്ല അമ്മച്ചീ, ഞാൻ ചോദിച്ചതാ.
ത്രേസ്യാമ്മ പാറുകുട്ടിയെ ആകെയൊന്ന് ഉഴിഞ്ഞു നോക്കുന്നു. കാമറ പാറുകുട്ടിയെ അടിമുതൽ മുടിവരെ

കാണിക്കണം.
ത്രേസ്യാമ്മ: നെന്നോട് പ്രേമംണ്ടായാൽ കുറ്റൊന്നും പറയാനില്ല. (ഒരു നിമിഷനേരത്തെ ആലോചനയ്ക്കു ശേഷം) ആട്ടെ ജോസഫേട്ടൻ നിന്നെ നോക്കി ചിരിച്ചുവോ?
പാറുകുട്ടി: ഇന്ന് ചിരിച്ചതൊന്നുംല്ല്യ. പക്ഷെ സാധാരണ ചിരിക്കാറ്ണ്ട്.
ത്രേസ്യാമ്മ (ഞെട്ടിക്കൊണ്ട്) ങേ! (പാറുകുട്ടിയെ തുറിച്ചു നോക്കുന്നു.)
ത്രേസ്യാമ്മ ആലോചനയിലാണ്. അങ്ങോട്ടുമിങ്ങോട്ടും നാലു ചാൽ നടന്നശേഷം തിരിഞ്ഞു നിൽക്കുന്നു.
ത്രേസ്യാമ്മ: പാറുകുട്ടി, നീയൊരു ചായകൂട്ടി ജോസഫേട്ടന് കൊണ്ടുപോയികൊടുക്ക്. എന്തു പറയുന്നു എന്ന് നോക്കാം. നെന്നോടാണ് പ്രേമംച്ചാല് അതു കാണിക്കാതിരിക്കില്ല.
പാറുകുട്ടി (ഉത്സാഹത്തോടെ) ശരിയാ അമ്മച്ചീ.
അവൾ വേഗം ചായ കൂട്ടുന്നു.
ത്രേസ്യാമ്മ: ഞാൻ ഒന്നുകൂടി പോയി നോക്കട്ടെ.
ത്രേസ്യാമ്മ പോകുന്നു.
സീൻ 3 സി:
ജോസഫേട്ടൻ അതേ ഇരിപ്പുതന്നെ കയ്യിൽ പത്രം മാത്രം. ചായ കുടിച്ച് കപ്പ് മേശമേൽ വച്ചിരിക്കുന്നു. വാതിൽ നടന്ന് ത്രേസ്യാമ്മ പതുങ്ങി വരുന്നു. ജോസഫേട്ടൻ കണ്ട ഭാവമേയില്ല. അവർ വേവലാതിപ്പെട്ട് തിരിഞ്ഞു പോകുന്നു.
സീൻ 3 ഡി:
അടുക്കളയിൽ പാറുകുട്ടി ചായയുണ്ടാക്കൽ കഴിഞ്ഞിരിക്കുന്നു. ഉണ്ടാക്കിയ ചായ ഒരു കപ്പിൽ പകരുകയാണ്.
ത്രേസ്യാമ്മ: എടീ അതേ ഇരുപ്പുതന്നാ.
പാറുകുട്ടി: അമ്മച്ചീ ഞാനീ ചായ കൊടുത്തുനോക്കാം.
അവൾ ചായക്കപ്പെടുത്ത് പോകാൻ നോക്കുന്നു. പെട്ടെന്ന് പരിഭ്രമമായി കപ്പ് താഴെ വയ്ക്കുന്നു.
പാറുകുട്ടി: അമ്മച്ചീ ഞാനിപ്പ വരാം.
ത്രേസ്യാമ്മ: (അതിലേറെ പരിഭ്രമത്തോടെ) നീ എങ്ങോട്ടാണ് പോണത്?
പാറുകുട്ടി അതിനു മറുപടി പറയുന്നില്ല. അവൾ അടുക്കളയോടു ചേർന്ന കുളിമുറിയിലേയ്ക്ക് ധൃതിയിൽ പോകുന്നു.
സീൻ 3 ഇ:
കുളിമുറിയിൽ പാറുകുട്ടി. കണ്ണാടിയിൽ നോക്കി മുഖത്തെ എണ്ണമയം തോർത്തുകൊണ്ട് തുടയ്ക്കുന്നു. പൗഡറെടുത്തിടുന്നു. കണ്ണാടിയിൽ നോക്കി തൃപ്തിവരാതെ വീണ്ടും പൗഡറെടുത്തണിയുന്നു.
സീൻ 3 എഫ്:
കുളിമുറിയിൽനിന്ന് പുറത്തുവരുന്ന പാറുകുട്ടി. സുന്ദരിയായിരിക്കുന്നു. ത്രേസ്യാമ്മ അവളെ സംശയത്തോടെ നോക്കുന്നു. എന്താണ് ഒരുമ്പെട്ടോളുടെ ഭാവം എന്ന മട്ടിൽ. പാറുകുട്ടി ഒന്നും പറയാതെ ചായക്കപ്പെടുത്ത് പോകുന്നു. ഒരകലത്തിൽ പതുങ്ങിപ്പതുങ്ങിക്കൊണ്ട് ത്രേസ്യാമ്മയും പോകുന്നു. ത്രേസ്യാമ്മയുടെ പിന്നാലെ കാമറ. ഉമ്മറത്തേയ്ക്കുള്ള ജനലിനരികെ ത്രേസ്യാമ്മ നിൽക്കുന്നു.
സീൻ 4:
ഉമ്മറത്ത് ജോസഫേട്ടൻ അതേ ഇരിപ്പുതന്നെയാണ്. പേപ്പർ മടക്കി വച്ചിട്ടുണ്ടെന്നു മാത്രം. പാറുകുട്ടി ഒരു പുഞ്ചിരിയോടെ ജോസഫേട്ടനെ സമീപിക്കുന്നു. ജോസഫേട്ടൻ അവളെ ശ്രദ്ധിക്കുന്നില്ല. എന്തോ ആലോചനയിൽത്തന്നെയാണ്. പാറുകുട്ടി മുമ്പിൽ ചെന്നുനിന്ന് ചിരിച്ചുകൊണ്ട് കപ്പുനീട്ടുന്നു. പാറുകുട്ടിയുടെ മുഖം ശ്രദ്ധിക്കാതെ ജോസഫേട്ടൻ കപ്പു വാങ്ങി ചായ കുടിക്കുന്നു. ഒരു നിമിഷം അവിടെ ശ്രദ്ധിക്കപ്പെടാതെ നിന്നപ്പോൾ പാറുകുട്ടി നേരത്തെ ചായ കുടിച്ചുവച്ച ഗ്ലാസ്സ് എടുത്ത് തിരിച്ചു നടക്കുന്നു. അവളുടെ മുഖം മ്ലാനം.
സീൻ 5:
അടുക്കളയിൽ പാറുകുട്ടി മേശക്കരികിൽ നിൽക്കുകയാണ്. ത്രേസ്യാമ്മ വരുന്നു. പാറുകുട്ടിയുടെ മുഖം വല്ലാതെ ഇരിക്കുന്നു.
ത്രേസ്യാമ്മ: എന്തു പറ്റീ പാറുകുട്ടീ?
പാറുകുട്ടി: ഒന്നുമില്ലമ്മച്ചീ.
പാറുകുട്ടി മുഖം തിരിക്കുന്നു. കാമറ മറ്റൊരു കോണിൽനിന്ന് പാറുകുട്ടിയുടെ ഷോട്ടെടുക്കണം. സങ്കടം നിറഞ്ഞ മുഖം. കണ്ണിൽ നിറഞ്ഞ ജലം.
ത്രേസ്യാമ്മ: എടീ നീ ശ്രദ്ധിച്ചോ? അച്ചായൻ ആ ചായ മുഴുവൻ കുടിച്ചു. സാധാരണ മൂന്നാമത്തെ ചായ പ്രാതലിന്റെ ഒപ്പല്ലേ കുടിക്കാറ്. അതൊക്കെ മറന്നു പോയീന്ന് തോന്നുണു.
പാറുകുട്ടി ഒന്നും പറയുന്നില്ല.

ത്രേസ്യാമ്മ: പാറുകുട്ടീ, ഞാനൊന്നുകൂടി പോയി നോക്കട്ടെ. എന്താ അച്ചായന് പറ്റീത്ന്ന് അറിയണല്ലോ.
(ത്രേസ്യാമ്മ പോകുന്നു. പാറുകുട്ടി ഒരു മിനുറ്റ് സംശയിച്ചു നിന്നശേഷം അവരുടെ പിന്നാലെ പോകുന്നു.)

സീൻ 6:

കിടപ്പറയിൽ ജോസഫേട്ടൻ ധൃതിയിൽ പുറപ്പെടുകയാണ്. അലമാറിയിൽനിന്ന് അലക്കിത്തേച്ച സ്റ്റൈലൻ വരയൻ ഷർട്ടെടുത്തിട്ടു. കസവുകരയുള്ള മുണ്ടെടുത്തുടുത്തു. അലമാറിയുടെ കണ്ണാടിയിൽ നോക്കി തലമുടി നേരെയാക്കുന്നു. കാമറ തിരിയുന്നത് ഇതെല്ലാം അദ്ഭുതത്തോടെ വാതിൽക്കൽ നോക്കി നിൽക്കുന്ന ത്രേസ്യാമ്മയിലേയ്ക്കാണ്. പിന്നിൽ പാറുകുട്ടിയുമുണ്ട്.

ജോസഫേട്ടൻ തിരിഞ്ഞുനോക്കുമ്പോൾ കാണുന്നത് ഇവരെയാണ്.

ജോസഫേട്ടൻ: കൊച്ചുത്രേസ്യേ ഞാനൊന്ന് ടൗണിലോട്ടു പോയി വരാം.

ത്രേസ്യാമ്മ: (കുറച്ചു നീരസത്തോടെ) എങ്ങോട്ടാ ഇത്ര നേരത്തെത്തന്നെ?

ജോസഫേട്ടൻ അദ്ഭുതത്തോടെ അവരെ നോക്കുന്നു. പിന്നെ കുറച്ച് അടുത്തുവന്നുകൊണ്ട് പറയുന്നു.

ജോസഫേട്ടൻ: ഇങ്ങനത്തെ ചോദ്യോന്നും പതിവില്ലല്ലോ കൊച്ചുത്രേസ്യേ, ഇന്നെന്താ ഇത്ര പ്രത്യേകത?

ത്രേസ്യാമ്മ: (നീരസത്തോടെ) അല്ലാ ഭക്ഷണോം കഴിക്കാതെ എങ്ങാട്ടാന്നു ചോദിച്ചതാ.

ജോസഫേട്ടൻ (ആ കാര്യം ഓർക്കുന്ന മട്ടിൽ) ഓ, സാരല്ല്യ, ഇനി വന്നിട്ടാവാം.

ജോസഫേട്ടൻ പോകാനായി വാതിൽക്കൽ വരെ വരുന്നു. ഇപ്പോഴേയ്ക്ക് ത്രേസ്യാമ്മയും പാറുകുട്ടിയും മുറിയുടെ നടുവിലെത്തിയിരിക്കുന്നു. ജോസഫേട്ടൻ പെട്ടെന്ന് എന്തോ ഓർത്ത് തിരിച്ചുവരുന്നു. ചുമരിൽ ആണിമേൽ തൂക്കിയിട്ട ഷർട്ടിൽനിന്ന് ഒരു പോസ്റ്റ്കാർഡ് വലുപ്പത്തിലുള്ള ഫോട്ടോ എടുത്ത് നോക്കുന്നു. ഒരു ഇരുപതുകാരി സുന്ദരിയുടെ ഫോട്ടോവാണത്. ത്രേസ്യാമ്മ ഒരു നോട്ടം കാണുന്നുണ്ടത്. ഫോട്ടോ ധൃതിയിൽ പോക്കറ്റിലിട്ട് ജോസഫേട്ടൻ പോകുന്നു.

ത്രേസ്യാമ്മ: (പാറുകുട്ടിയോട്) പോഴത്തായി.

പാറുകുട്ടി: എന്ത് അമ്മച്ചീ?

ത്രേസ്യാമ്മ: നീ കണ്ടോ, ഇന്നലെ അഴിച്ചിട്ട ആ ഷർട്ടിലുണ്ടായിരുന്നു.

പാറുകുട്ടി: എന്ത് അമ്മച്ചീ?

ത്രേസ്യാമ്മ: എടി പൊട്ടീ, ആ പെണ്ണിന്റെ ഫോട്ടോ. ഒരു ചെറുപ്പക്കാരിയാ. നമ്മള് ഇന്നലെത്തന്നെ ആ ഷർട്ടിന്റെ പോക്കറ്റ് നോക്കണ്ടതായിരുന്നു.

പാറുകുട്ടി: അതിന് അമ്മച്ചി, ജോസഫേട്ടൻ പോക്കറ്റില് പെൺപിള്ളാർടെ ഫോട്ടോ ഇട്ടോണ്ട് നടക്വാണ്ന്ന് നമ്മ ഓർത്തോ.

ത്രേസ്യാമ്മ: (ദ്വേഷ്യത്തോടെ) നീയെന്താണ് കൊച്ചേ അങ്ങനെ പറേണത്. ആരടെ ഫോട്ടോ ആണെന്നൊന്നും ഞാങ്കണ്ടില്ല.

പാറുകുട്ടി: അമ്മച്ചി തന്നാ പറഞ്ഞത് നല്ലൊരുപെൺകൊച്ചിന്റെ ഫോട്ടോ ആണെന്ന്.

ത്രേസ്യാമ്മ: ഞാമ്പറഞ്ഞോ?

പാറുകുട്ടി: ഓ.

ത്രേസ്യാമ്മ: പിന്നെ നീയൊരു കാര്യം ശ്രദ്ധിച്ചോ പെണ്ണേ, എട്ടുമണിക്ക് ചായേം പലഹാരോം കിട്ടിയില്ലെങ്കില് ബഹളുണ്ടാക്കണ ആളാണ് ഇന്ന് ഭക്ഷണം കഴിക്കാൻ തന്നെ മറന്നത്.

പാറുകുട്ടി: ശരിയാ അമ്മച്ചീ.

അവർക്കിടയിൽ ഒരു മൂകത വ്യാപിക്കുന്നു. രണ്ടുപേരും തലതാഴ്ത്തി നടന്നുപോകുന്നു.

സീൻ 7:

അടുക്കള. പാറുകുട്ടി അടുപ്പത്ത് എന്തോ ഇളക്കുന്നുണ്ട്. ഇടയ്ക്കിടയ്ക്ക് ചുട്ടഴിയിൽക്കൂടി പുറത്തേയ്ക്കു നോക്കിനിൽക്കുന്നുണ്ട്. ത്രേസ്യാമ്മ മേശമേൽ വച്ച് പച്ചക്കറികൾ നുറുക്കുകയാണ്.

പാറുകുട്ടി: (പെട്ടെന്ന്) അമ്മച്ചീ, ജോസഫേട്ടൻ വരുന്നൊണ്ട്.

ത്രേസ്യാമ്മ ഒന്നും പറയുന്നില്ല.

പാറുകുട്ടി: അമ്മച്ചീ, ദേണ്ടേ ജോസഫേട്ടൻ!

ത്രേസ്യാമ്മ അദ്ഭുതത്തോടെ പാറുകുട്ടിയെ നോക്കുന്നു. ഇതിലെന്താണ് വിശേഷമെന്ന മട്ടിൽ.

പാറുകുട്ടി: ദേ, ജോസഫേട്ടൻ മിറ്റത്തെത്തീ.

ത്രേസ്യാമ്മവീണ്ടും അദ്ഭുതത്തോടെ പാറുകുട്ടിയെ നോക്കുന്നു. പെട്ടെന്ന് ഓർമ്മ വരുന്നു.

ത്രേസ്യാമ്മ: അരണടെ ബുദ്ധിയാണ് എനിക്ക്. ഞാനതു മറന്നേ പോയി.

ത്രേസ്യാമ്മ കത്തിയും പച്ചക്കറിയും മേശപ്പുറത്ത് ഇട്ട് ധൃതിയിൽ കൈതുടച്ച് ഉമ്മറത്തേയ്ക്ക് ഓടുന്നു. പാറുകുട്ടി ഒരു ഗ്ലാസ്സിൽ വെള്ളവുമായി പിന്നാലെ ഓടുന്നുണ്ട്.

**End of Part I**

## *Episode 5*
# ഒരു ഡിറ്റക്ടീവായി.

**Part I**

സീൻ 8:

ഉമ്മറത്ത് ജോസഫേട്ടൻ തുറന്ന വാതിലിലൂടെ അകത്തു കയറുന്നു. ആകെ വിയർത്തിട്ടുണ്ട്.അകത്തെ വാതിൽ കടന്ന് ഓടിയെത്തുന്ന ത്രേസ്യാമ്മയും പാറുകുട്ടിയും. വാതിൽ കടന്നതും ജോസഫേട്ടനെ കാണുമ്പോൾ ഓട്ടം നിർത്തി അറിയാത്ത ഭാവത്തിൽ നടത്തമാക്കുന്നു.

സീൻ 8എ:

ജോസഫേട്ടൻ ഷർട്ട് ഊരിയശേഷം പാറുകുട്ടി കൊടുത്ത വെള്ളം കുടിക്കുന്നു. ആകെ വിയർത്തിട്ടുണ്ട്. ത്രേസ്യാമ്മയുടെ കണ്ണുകൾ ഭർത്താവ് ഊരി കയ്യിൽ പിടിച്ചിരിക്കുന്ന ഷർട്ടിലായിരുന്നു. ഒന്നുരണ്ടു പ്രാവശ്യം അതു വാങ്ങാൻ അവർ ശ്രമിച്ചു. പക്ഷെ അവർ അതു തൊടാൻ പോകുമ്പോഴേയ്ക്ക് ജോസഫേട്ടൻ അതു മറ്റെ കയ്യിലേക്കു മാറ്റും. ഇനിയുണ്ടാകുന്ന ഡയലോഗിനിടയിൽ ഈ അഭ്യാസം തുടരുന്നുണ്ട്.

ജോസഫേട്ടൻ: ത്രേസ്യേ, എനിക്കെന്താണിന്ന് വല്ലാത്ത വിശപ്പ്.

ത്രേസ്യാമ്മ: ഇപ്പപ്പോഴായി ഭക്ഷണം കഴിക്കാനും കൂടി മറക്ക്ണ്ണ്ട്.

ജോസഫേട്ടൻ: എന്തേ, ഞാനിന്ന് ഒന്നും തിന്നില്ലേ?

ത്രേസ്യാമ്മ: (പരിഭവത്തോടെ) ഇല്ല, അതിനു മുമ്പല്ലെ ധൃതിപിടിച്ച് പോയത്? എങ്ങോട്ടാണ് രാവിലെത്തന്നെ പോയത്?

അതിനു മറുപടി പറയാതെ ജോസഫേട്ടൻ ഷർട്ടെടുത്ത് ഭാര്യയുടെ കയ്യിൽ കൊടുക്കുന്നു

ജോസഫേട്ടൻ: നീ ഇതൊന്ന് വിരിച്ചിട്. ആകെ വിയർത്തിരിക്കുന്നു. പാറുകുട്ടി ഒരു ചായയുണ്ടാക്ക്.

ത്രേസ്യാമ്മ അദ്ഭുതത്തോടെ അതു വാങ്ങുന്നു. അർത്ഥഗർഭമായി പാറുകുട്ടിയെ നോക്കുന്നു. അവളുടെ മുഖത്തും അദ്ഭുതമുണ്ട്.

ജോസഫേട്ടൻ: പാറുകുട്ടീ, ചായയുണ്ടാക്ക്. ഇന്നെന്താണ്? ദോശയോ?

പാറുകുട്ടി: അല്ല ഇഡ്ഡലി. നാളികേരച്ചട്ടിണീംണ്ട്.

ജോസഫേട്ടൻ: എന്നാൽ ചായണ്ടാക്ക്. ഞാനൊന്ന് കുളിച്ചിട്ടു വരാം.

സീൻ 8ബി:

ജോസഫേട്ടൻ കുളിമുറിയിലേയ്ക്ക് കയറുന്നത് കിടപ്പുമുറിയുടെ വാതിലിൽക്കൂടി കാണാം. ത്രേസ്യാമ്മയും പാറുകുട്ടിയും അതു നോക്കിനിൽക്കുന്നു. ജോസഫേട്ടൻ വാതിലടച്ചുകഴിഞ്ഞ ഉടനെ അവർ ഷർട്ടിന്റെ പോക്കറ്റു പരിശോധന തുടങ്ങുന്നു. ത്രേസ്യാമ്മ ഷർട്ടിന്റെ പോക്കറ്റിൽ നിന്ന് ഒരു ഫോട്ടോ പുറത്തെടുത്തു നോക്കുന്നു. ഫോട്ടോ ക്ലാസപ്പിൽ. 22 വയസ്സായ ഒരു സുന്ദരിയുടെ ഫോട്ടോ. ത്രേസ്യാമ്മയുടെയും ഒപ്പം നിന്ന് ഫോട്ടോ നോക്കുന്ന പാറുകുട്ടിയുടെയും മുഖത്ത് സമ്മിശ്രഭാവം.

ത്രേസ്യാമ്മ: ഈ കൊച്ചിനെ എവിടെയോ കണ്ടിട്ടൊണ്ട്. അല്ലെടീ?

പാറുകുട്ടി: ആ, അറിയാമ്പാട്ല.

ത്രേസ്യാമ്മ: ഇവിടെ അടുത്ത് തന്നെള്ള വല്ല പെമ്പിള്ളാരും ആയിരിക്കും. അതാണ് എടക്കിടയ്ക്ക്.........

പെട്ടെന്ന് പാറുകുട്ടിയുടെ മുഖത്തു നോക്കുന്നു.

ത്രേസ്യാമ്മ: എടീ നീയെന്താണ് നോക്കി നിക്കണത്. പോയി ചായണ്ടാക്ക്. പിള്ളാര് ഇപ്പോ വരാൻ തൊടങ്ങും. പിന്നെ ഒന്നിനും നേരം കിട്ടില്ല.

പാറുകുട്ടി പോകുന്നു. അവളുടെ മുഖം പ്രസന്നമല്ല.

സീൻ 9:

അടുക്കളയിൽ പച്ചക്കറി നുറുക്കുന്ന ത്രേസ്യാമ്മ. പാറുകുട്ടി അടുപ്പത്ത് എന്തോ വച്ച് ഇളക്കുകയാണ്. ത്രേസ്യാമ്മയുടെ മുഖം വല്ലാതെയിരിക്കുന്നു.

ത്രേസ്യാമ്മ ഇടയ്ക്കിടയ്ക്ക് പാറുകുട്ടിയെ നോക്കുന്നുണ്ട്. എന്താണ് ആശ്വസിപ്പിക്കാൻ ഒന്നും പറയാത്ത തെന്ന മട്ടിൽ. അവസാനം  പച്ചക്കറികളും കത്തിയും മേശപ്പുറത്ത് ഇട്ട് അവർ പറയുന്നു.

ത്രേസ്യാമ്മ: എടീ കൊച്ചേ......

പാറുകുട്ടി ഞെട്ടുന്നു. അവളും അവളുടേതായ ഒരു ലോകത്തിലായിരുന്നു.

പാറുകുട്ടി: എന്താ അമ്മച്ചീ?

ത്രേസ്യാമ്മ: അല്ലാ, നീതന്നെ പറേ.....

പാറുകുട്ടി: എന്ത് അമ്മച്ചീ?

ത്രേസ്യാമ്മ: ഇങ്ങനെയൊക്കെയായാൽ ഞാനെന്താ ചെയ്യാ? ഇത കൊല്ലം ഒരുമിച്ച് കഴിഞ്ഞ് ഈ വയസ്സു കാലത്ത്.....

പാറുകുട്ടി: അമ്മച്ചീ ഒരു കാര്യം ചെയ്യൂ.

ത്രേസ്യാമ്മ: എന്ത്, പറേ കൊച്ചേ.

പാറുകുട്ടി: അമ്മച്ചീ ആരോടെങ്കിലും ജോസഫേട്ടനോട് ഒന്നു പറയാൻ പറ.

ത്രേസ്യാമ്മ: (പെട്ടെന്ന് വാതിൽക്കലേയ്ക്കു നോക്കിയിട്ട്) പെണ്ണേ പതുക്കെ പറ. അതിയാൻ മാർക്കറ്റീന്ന് വരേണ്ട നേരായി. നീ കണ്ടില്ലേ പെണ്ണേ, മാർക്കറ്റീ പോണ്ട കാര്യം പറഞ്ഞപ്പോ അയാക്കടെ ഒരു കാട്ടായം. ഏതു മാർക്കറ്റില്ന്ന്. ഈ ലോകത്തൊന്നും അല്ല.

പെട്ടെന്ന് ബെല്ലടിക്കുന്നു. ത്രേസ്യാമ്മ ഞെട്ടി പച്ചക്കറികളും കത്തിയുമെടുത്ത് ധൃതിയിൽ നുറുക്കുന്നു.

പാറുകുട്ടി: അത് സജിയെ കൊണ്ടുവന്നു വിട്ടതാ അമ്മച്ചീ.

ത്രേസ്യാമ്മ: ഇനി പിള്ളാരും ഓരോരുത്തരായി വരും. അവര്ടെ കാര്യം നോക്കാനെ എനിക്ക് എടണ്ടാവു. അതിന്റെ എടേല് ഞാനെന്താ ചെയ്യാ? നീ എന്താ പറഞ്ഞത് പെണ്ണേ?

പാറുകുട്ടി: ഞാനോ? അതേയ്.... അമ്മച്ചി വെഷമിക്കാതെ ആരോടെങ്കിലും ജോസഫേട്ടനെ ഒന്ന് ഉപദേശിക്കാൻ പറ.

പെട്ടെന്ന് ഒരു പോംവഴി കിട്ടിയപോലെ ത്രേസ്യാമ്മയുടെ മുഖം തെളിയുന്നു.

ത്രേസ്യാമ്മ: ശരിയാ, ഞാൻ ക്ലാരടെ അട്ത്ത് പോയി വരാം.

പാറുകുട്ടി: ഉച്ചയ്ക്ക് ഊണു കഴിഞ്ഞിട്ട് പോയാ മതി അമ്മച്ചീ. അല്ലേല് ജോസഫേട്ടൻ ചോദിച്ചാ എന്താ പറയ്യാ?

ത്രേസ്യാമ്മ: അതു ശരിയാ.

സജി അടുക്കള വാതിൽ കടന്ന് വരുന്നു.

സജി: ആന്റീ.....

ത്രേസ്യാമ്മ: മോൻ പോയി ഉമ്മറത്തിരിക്ക്. ആന്റി ഇപ്പ വരാം.

വീണ്ടും ബെല്ലടിക്കുന്നു.

ത്രേസ്യാമ്മ: ചെല്ല്. വേറെ ആരോ വന്നിട്ട്ണ്ട്. നീ പോയി ഒപ്പം കളിച്ചോ. ആന്റി ഇപ്പ വരാം.

പാറുകുട്ടി: അമ്മച്ചീ ഞാൻ പോവാം. ശൈലജ ചേച്ചിയായിരിക്കും. കൊച്ചിനേം കൊണ്ട് വന്നതാ.

അവൾ സജിയെയും കൂട്ടി പോകുന്നു. ത്രേസ്യാമ്മ കയ്യിലുള്ള പച്ചക്കറിയും കത്തിയും കുറച്ച് ദേഷ്യത്തോടെ മേശപ്പുറത്തിടുന്നു.

സീൻ 10.

ഉച്ചയ്ക്ക് ഊണു കഴിഞ്ഞുള്ള സമയം. പാറുകുട്ടി ഊൺമേശ തുടച്ചു വൃത്തിയാക്കുന്നു. കുട്ടികൾ ഊണു കഴിഞ്ഞ് ഓരോ സ്ഥലത്ത് ചെന്നിരിക്കുന്നു. ജോസഫേട്ടൻ ദീവാനിൽ കിടന്ന് എന്തോ വായിക്കുകയാണ്. ത്രേസ്യാമ്മ ശൈലജയുടെ കുട്ടിയെ എടുത്തുകൊണ്ട് നിൽക്കുകയാണ്. പാറുകുട്ടിയെ തോണ്ടി അകത്തേയ്ക്കു വരാൻ ആംഗ്യം കാണിക്കുന്നു.

പാറുകുട്ടി: (പെട്ടെന്ന് ഉറക്കെ) എന്താ അമ്മച്ചീ?

ത്രേസ്യാമ്മ ഞെട്ടി എല്ലാവരേയും നോക്കുന്നു. ജോസഫേട്ടൻ തലയുയർത്തി നോക്കി വീണ്ടും വായന തുടരുന്നു. കുട്ടികളുടെ ശ്രദ്ധയും പാറുകുട്ടിയിൽ. ത്രേസ്യാമ്മ പാറുകുട്ടിയുടെ അടുത്തു ചെന്ന്

പല്ലിറുമ്മിക്കൊണ്ട് പറയുന്നു.
ത്രേസ്യാമ്മ: എടീ ഞാൻ നിന്നെ സ്വകാര്യായിട്ട് വിളിച്ചതാ, അകത്തേയ്ക്ക് വരാൻ.
പാറുകുട്ടി: (സ്വരം താഴ്ത്തി) ഇപ്പ വരാം അമ്മച്ചീ.
ത്രേസ്യാമ്മ ശൈലജയുടെ മോളെ കൊഞ്ചിച്ചുകൊണ്ട് അകത്തേയ്ക്കു പോകുന്നു, അസ്വാഭാവികമായി ഒന്നുമില്ലെന്ന മട്ടിൽ. പോകുമ്പോൾ ഇടംകണ്ണിട്ട് ജോസഫേട്ടനെയും നോക്കുന്നുണ്ട്.
സീൻ 11:
അകത്തളത്തിൽ കാത്തുനിൽക്കുന്ന ത്രേസ്യാമ്മ. ഉമ്മറവാതിൽ കടന്ന് പാറുകുട്ടി അകത്തേയ്ക്കു വരുന്നു. കയ്യിൽ മേശതുടച്ച ശീലയും കുറച്ചു പാത്രങ്ങളുമുണ്ട്.
ത്രേസ്യാമ്മ: എടീ നീ ഈ കൊച്ചിനെയൊന്ന് എടുക്ക്. ഞാൻ പെട്ടെന്ന് ക്ലാരടെ അട്ത്ത് പോയി വരാം. ആരും അറിയണ്ട. നീ പിള്ളാരെ നല്ലോണം നോക്കണം. ജോസഫേട്ടൻ ഇപ്പ കെടന്ന് ഒറക്കാവും. ഇനി മൂന്നര മണിക്കേ ഒണരൂ. അതിനുള്ളിൽ ഞാൻ തിരിച്ചെത്താം. ഞാൻ പോണ കാര്യം പിള്ളാര് അറിയണ്ട. നീ അവരെ കൂട്ടി പിന്നിലെ മുറ്റത്ത് കളിപ്പിച്ചാ മതി.
പാറുകുട്ടി: (സ്വരം താഴ്ത്തി) ശരി അമ്മച്ചീ.
പാറുകുട്ടി അടുക്കളഭാഗത്തേയ്ക്ക് നടക്കുന്നു. ത്രേസ്യാമ്മ ഒന്നുമറിയാത്ത ഭാവത്തിൽ ഉമ്മറത്തേയ്ക്കും.

സീൻ 12:
ത്രേസ്യാമ്മ ഓട്ടോ റിക്ഷയിൽ. ഓട്ടോ മെയിൻ റോഡിൽ നിന്ന് ഒരു സൈഡ് റോഡിലേയ്ക്കു മാറി സാമാന്യം നല്ല ഒരു വീട്ടിന്റെ ഗെയ്റ്റിൽ നിൽക്കുന്നു. ത്രേസ്യാമ്മ പണം കൊടുത്തശേഷം ഗെയ്റ്റുകടന്ന് വീട്ടിന്റെ മുറ്റത്തേയ്ക്കു കടക്കുന്നു. ഉമ്മറത്തു കയറി ബെല്ലടിച്ചു നിൽക്കുന്നു.
വാതിൽ തുറക്കുന്നത് സുന്ദരിയായ ക്ലാര (ത്രേസ്യാമ്മയുടെ അനുജത്തി). സാരിയാണ് വേഷം. നാൽപതു വയസ്സു പ്രായമായിട്ടുണ്ടാവും. ഒരു മുപ്പത്തഞ്ചേ തോന്നിക്കൂ.
ക്ലാര: ആ ചേച്ചിയാണോ? ഞാനെന്റെ ബോയ്ഫ്രണ്ട്സ് ആരെങ്കിലുമായിരിക്കുംന്ന് കരുതി.
ത്രേസ്യാമ്മയുടെ മുഖത്തെ ഭാവം അപ്പോഴാണ് ക്ലാര ശ്രദ്ധിക്കുന്നത്. അവൾ ആകാംക്ഷയോടെ, എങ്കിലും കളിയായി ചോദിക്കുന്നു.
ക്ലാര: എന്തു പറ്റീ ചേച്ചീ ജോസഫേട്ടൻ ചേച്ചീനെ വീട്ടീന്ന് പൊറത്താക്ക്യോ?
ത്രേസ്യാമ്മ: അട്ത്ത് തന്നെ പൊറത്താക്കുംന്ന് തോന്നുണു. അങ്ങേര് ഇപ്പൊ ഏതൊ ഒരു പെൺപിള്ളടെ പിന്നാലെയാ.
ക്ലാര: (ക്ഷോഭിച്ചുകൊണ്ട്) ഞാനല്ലാതെ വേറെയൊരു പ്രേമഭാജനമോ ജോസഫേട്ടന്. ഇയ്യാക്കടെ കുറുമ്പ് ഞാൻ മാറ്റിക്കൊടുക്കാം.
ത്രേസ്യാമ്മ: നീ കളി പറയല്ലെ എന്റെ ക്ലാരെ, എന്റെ മനസ്സാകെ തീയാണ്. അതിയാന് ഈ വയസ്സുകാലത്ത് ഇതിന്റെയൊക്കെ ആവശ്യമുണ്ടായിരുന്നോ.
ക്ലാര: ഞാൻ കളി പറയല്ല, ഞാനും ചേച്ചിയുമല്ലാതെ വേറെയാരും വേണ്ട അച്ചായന്. എന്തേണ്ടായത് പറയൂ.
ത്രേസ്യാമ്മ: അതിയാനുണ്ട് മീശയൊക്കെ കറുപ്പിച്ചിരിക്കുന്നു.
ക്ലാര: അതത്ര കാര്യമാക്കാനുണ്ടോ ചേച്ചി, ഞാൻ തന്നെ ചേട്ടനോട് പറയാറുള്ളതാണത്. എന്റെ ബോയ് ഫ്രണ്ടായി നടക്കണമെങ്കിൽ മുടീം മീശേം ഒക്കെ കറുപ്പിക്കണമെന്ന്.
തേസ്യാമ്മ: (ദേഷ്യത്തോടെ) നെനക്ക് കളിയാണ്, അച്ചായൻ ഏതോ പെങ്കൊച്ചിന്റെ ഫോട്ടോവും പോക്കറ്റിലിട്ടാ ഇപ്പം നടത്തം.
ക്ലാര: ഫോട്ടോവോ, പെങ്കൊച്ചിന്റെയോ?
ഇപ്പോൾ ചേച്ചി പറയുന്നതിൽ കാര്യമുണ്ടെന്നമട്ടിൽ ക്ലാര എഴുന്നേൽക്കുന്നു.
ക്ലാര: എന്നിട്ട്?
ത്രേസ്യാമ്മ: മാത്രല്ലെടീ, ജോസഫേട്ടൻ രാവിലെ പലഹാരം കഴിക്കാൻ കൂടി മറന്നു.
കാര്യം ഗൗരവമാണെന്ന മട്ടിൽ ക്ലാര തലകുലുക്കുന്നു.
ക്ലാര: അച്ചായൻ ശ്വാസം കഴിക്കാൻ മറന്നെന്നു വരും, പക്ഷെ പ്രാതൽ കഴിക്കാൻ മറക്കില്ല. (ഒന്നുരണ്ടു വട്ടം ഉലാത്തിയ ശേഷം) ചേച്ചി നിക്ക്, ഞാൻ വരാം. ജോസഫേട്ടനെ ഒന്ന് കാണട്ടെ.
ക്ലാര അകത്തേയ്ക്ക് പോകുന്നു. വാതിലിന്റെ അടുത്തെത്തിയ ശേഷം തിരിഞ്ഞു നോക്കുന്നു. നെർവസ്സായി ഇരിക്കുന്ന ചേച്ചിയെ നോക്കുന്നു.
ക്ലാര: ചേച്ചീ വെഷമിക്കാതിരിക്ക്. നമുക്ക് വഴിണ്ടാക്കാം.
സീൻ 13:
ഓട്ടോവിൽ ത്രേസ്യാമ്മയും ക്ലാരയും. പെട്ടെന്ന് പുറത്തേയ്ക്കു നോക്കിയിരിക്കുന്ന ത്രേസ്യാമ്മ എന്തോ കണ്ടപോലെ വിരൽ ചൂണ്ടുന്നു.

ത്രേസ്യാമ്മ: എടീ നോക്ക് അത് ജോസഫേട്ടനല്ലെ? (ഓട്ടോക്കാരനോട്) ഒന്ന് നിർത്തൂ.
ക്ലാര: (പുറത്തേയ്ക്ക് നോക്കിക്കൊണ്ട്) ഏത്, ചേച്ചീ?
ത്രേസ്യാമ്മ: അതാ ആ ആലുവാ ബസ്സ് പിടിക്കാൻ ഓടണത് കണ്ടില്ലെ?
ക്ലാര നോക്കുന്നു. അപ്പോൾ വന്നുനിന്ന ഒരു ബസ്സ് പിടിക്കാൻ ഓടുന്നവരിൽ ജോസഫേട്ടനെ അവൾ കാണുന്നു.
ക്ലാര: അതേ ചേച്ചീ, അത് ജോസഫേട്ടൻ തന്നാ. എനിക്ക് അച്ചായനെ പിന്നിലെ കൊച്ചു കഷണ്ടി കൊണ്ട് തിരിച്ചറിയാം.
ത്രേസ്യാമ്മ: പോടി, ജോസഫേട്ടന് കഷണ്ടിയൊന്നുമില്ല. തലമുടി ചെറുതാക്കി വെട്ടുന്നതുകൊണ്ട് തോന്നുന്നതാ.
ബസ്സ് സ്റ്റാർട്ടാക്കി പോകുന്നു.
ക്ലാര: വാ ചേച്ചി നമുക്ക് പിന്നാലെ പോവാം. (തിരിഞ്ഞ് ഓട്ടോക്കാരനോട്) ഈ ബസ്സിന്റെ പിന്നാലെ പോണം.
ഓട്ടോ ഡ്രൈവർ ഓട്ടോ സ്റ്റാർട്ടാക്കി ബസ്സിന്റെ പിന്നാലെ പോകുന്നു.
ക്ലാര: (ഡ്രൈവറോട്) ഓരോ സ്റ്റോപ്പിലെത്തിയാലും ഒന്ന് പതുക്കെയാക്കണം. ഞങ്ങടെ ഒരാള് ബസ്സിലില്ണ്ട്. അയാളെ കിട്ടാനാണ്.
ഓട്ടോ: ശരി. (തിരിഞ്ഞ് സ്വയം) ആകെ അലമ്പായല്ലോ.
കുറച്ചു ദൂരം ബസ്സിനു പിന്നിലായി ഓട്ടോ വേഗത്തിൽ ചേസ് ചെയ്യുന്നതു കാണിക്കണം.
സീൻ 14:
കലൂർ ബസ്സ് സ്റ്റോപ്പ്. നിർത്തിയ ബസ്സിന്റെ പിന്നിലായി ഓട്ടോ നിൽക്കുന്നു. ബസ്സിൽ നിന്നിറങ്ങുന്ന ആൾക്കാരിൽ ജോസഫേട്ടനുമുണ്ട്. ത്രേസ്യാമ്മ ഓട്ടോവിൽനിന്ന് പുറത്തേയ്ക്കിറങ്ങാൻ ശ്രമിക്കുന്നു. ക്ലാര തടഞ്ഞു നിർത്തുന്നു.
ക്ലാര: നിക്ക് ചേച്ചീ. അതിയാൻ നമ്മെ കാണണ്ട. (ഓട്ടോ ഡ്രൈവറോട്) എത്രയായി?
ഓട്ടോ ഡ്രൈവർ: ഇരുപത്തഞ്ച്.
ത്രേസ്യാമ്മ: എന്റെ കർത്താവേ. (പഴ്സിൽ നിന്ന് പണമെടുത്തു കൊടുക്കുന്നു.)
ജോസഫേട്ടൻ ബസ്സിൽ നിന്ന് ഇറങ്ങി നേരെ നടക്കുന്നു. രണ്ടുപേരും ഓട്ടോവിൽ നിന്നിറങ്ങി ജോസഫേട്ടന്റെ പിന്നിൽ, പക്ഷേ ഒരു നിശ്ചിത അകലം വച്ചുകൊണ്ട് നടക്കുന്നു. ജോസഫേട്ടൻ വല്ലപ്പോഴും തിരിഞ്ഞു നോക്കുമ്പോൾ രണ്ടുപേരും ഉടനെ തിരിഞ്ഞ് വേറെ എങ്ങോട്ടോ ആണ് പോകുന്നത് എന്നു ഭാവിക്കുന്നു.
ത്രേസ്യാമ്മ: എടീ അതിയാൻ നമ്മളെ കണ്ടിട്ടൊണ്ടാവുമോ?
ക്ലാര: ഇല്ല ചേച്ചീ. ഒന്ന് ധൈര്യമായിരിക്ക്. നമ്മള് ഡിറ്റക്ടീവ് പണിയാ ചെയ്യണത്. അതിന് കൊറച്ച് ധൈര്യോക്കെ വേണം. വാ.
ജോസഫേട്ടൻ ഒരിടവഴിയിലേയ്ക്ക് തിരിയുന്നു. ഒരു പഴയ വീട്ടിലെ വാതിൽക്കൽ മുട്ടുന്നു. ഒരു ഒളിസ്ഥലത്തു നിന്ന് ത്രേസ്യാമ്മയും ക്ലാരയും അതു നോക്കുന്നു. വീട്ടിന്റെ വാതിൽ തുറക്കുന്നു. ആരാണ് തുറന്നതെന്ന് കാണുന്നില്ല. ജോസഫേട്ടൻ അകത്തു കടക്കുന്നു. വാതിൽ അടയുന്നു.
ത്രേസ്യാമ്മ: (പെട്ടെന്ന്) വാ, നമുക്കൊന്ന് പോയി നോക്കാ. കയ്യോടെ പിടിക്കാലോ.
ക്ലാര: (ചേച്ചിയെ തടഞ്ഞുകൊണ്ട്) അരുത് ചേച്ചീ. നമ്മള് നാറിപ്പോകും. കാര്യമെന്താണ്ന്ന് അറിഞ്ഞിട്ട് മതി.
ത്രേസ്യാമ്മ: സമയം എത്ര്യായിട്ട്ണ്ടാവും?
ക്ലാര: (കൈയ്യിലെ വാച്ചു നോക്കിക്കൊണ്ട്) മൂന്ന് മണി, ചേച്ചീ. (മുമ്പിലുള്ള കൂൾ ബാർ നോക്കുന്നു) നമുക്കീ കൂൾ ബാറിൽ പോയിരിക്കാം ചേച്ചീ. ജോസഫേട്ടൻ വരുമ്പോ കാണാലോ.
സീൻ 15:
പഴയ വീടിന്റെ വാതിൽ തുറക്കുന്നു. ജോസഫേട്ടൻ പുറത്തു വരുന്നു. ഉള്ളിലുള്ള ആളെ അപ്പോഴും കാണുന്നില്ല. ജോസഫേട്ടൻ ഗെയ്റ്റിലേയ്ക്കു നടക്കുന്നു. വാതിൽ അടയുന്നു.
സീൻ 16:
കൂൾ ബാറിൽ ത്രേസ്യാമ്മയും ക്ലാരയും. മുമ്പിലെ മേശമേൽ ഒഴിഞ്ഞ ഗ്ലാസ്സുകൾ. ജോസഫേട്ടൻ വരുന്നത് അവർ കാണുന്നുണ്ട്. വെയ്റ്ററോട് ബിൽ ആവശ്യപ്പെടുന്നു. പണം കൊടുക്കുന്നു. ജോസഫേട്ടൻ മെയിൻ റോഡിലെത്തുമ്പോൾ കാണാതിരിക്കാൻ അവർ മുഖം താഴ്ത്തുന്നു. ജോസഫേട്ടൻ കടന്നു കഴിഞ്ഞപ്പോൾ അവർ കൂൾ ബാറിൽനിന്ന് പുറത്തിറങ്ങുന്നു. ഒരു നിശ്ചിത അകലത്തിൽ പിന്തുടരുന്നു.
ജോസഫേട്ടൻ ബസ്സ് സ്റ്റോപ്പ് ലക്ഷ്യമാക്കി നടക്കുമ്പോൾ ത്രേസ്യാമ്മയും ക്ലാരയും ഒരു ഓട്ടോവിൽ കയറി പോകുന്നു.
സീൻ 17:
ജോസഫേട്ടന്റെ വീടിന്റെ ഉമ്മറം. മുറ്റത്ത് കുട്ടികൾ കളിക്കുന്നുണ്ട്. ഉമ്മറത്ത് ഒരു മൂലയിലിട്ട കസേലകളിൽ ത്രേസ്യാമ്മയും ക്ലാരയും ഇരിക്കുന്നുണ്ട്. ജോസഫേട്ടൻ വാതിൽ കടന്ന് വരുന്നു. ആകെ വിയർത്തിട്ടുണ്ട്.

അകത്തു കടക്കുമ്പോൾത്തന്നെ ഷർട്ടഴിക്കുന്നു. അഴിച്ച ഷർട്ട് കയ്യിൽ പിടിച്ച് ഫാനിന്റെ കീഴെ വന്നു നിൽക്കുന്നു. അപ്പോഴാണ് ഒരു മൂലയിൽ ഇരിക്കുന്ന സ്ത്രീകളെ കാണുന്നത്.

ജോസഫേട്ടൻ: ങാ, നീയിവിടെണ്ടോ, ക്ലാരേ. ഞാൻ കലൂര് നിന്നെപ്പോലെ ഒരു പെണ്ണിനെ കണ്ടു. നിയാണെന്നു തന്നെ വിചാരിച്ചു. ഒപ്പം ഒരു വയസ്സായ സ്ത്രീയുണ്ടായിരുന്നു.

ക്ലാര ചിരിക്കുന്നു.

ത്രേസ്യാമ്മ: (പല്ലു കടിച്ചുകൊണ്ട്) വയസ്സായ സ്ത്രീ....കാണിച്ചു തരാം.

ക്ലാര: (ഒന്നുമറിയാത്തപോലെ) ജോസഫേട്ടനെന്തിനാ കലൂരില് പോയത്?

ജോസഫേട്ടൻ: ഒരു കാര്യം അന്വേഷിക്കാനാ പെണ്ണേ.

ജോസഫേട്ടൻ കീശയിൽ നിന്ന് ഒരു ഫോട്ടോ എടുത്തു മേശപ്പുറത്തുവെക്കുന്നു. പിന്നെ ത്രേസ്യാമ്മയോടായി പറയുന്നു.

ജോസഫേട്ടൻ: നിന്റെ ചിറ്റപ്പൻ എഴുതിയ കാര്യമില്ലെ കൊച്ചു ത്രേസ്യേ, അത് നടക്കുന്നാണ് തോന്നണത്. പെണ്ണ് ഭംഗിള്ള കാരണം അവര് രണ്ടു ലക്ഷും അമ്പത് പവനും മാത്രം മതീന്ന് പറഞ്ഞു. നെന്റെ ചിറ്റപ്പന് അത്രേം കൊടുത്തുകൂടെ?

ത്രേസ്യാമ്മ: (തലയിൽ കൈ വച്ചുകൊണ്ട്) എന്റെ കർത്താവേ! ഞാനെന്തൊക്കെയാണ് ആലോചിച്ചുണ്ടാക്കിയത്! ഞാനാ കാര്യംതന്നെ മറന്നുപോയി.

ജോസഫേട്ടൻ അതു ശ്രദ്ധിക്കുന്നില്ല.

ജോസഫേട്ടൻ: നല്ല കുടുംബക്കാരാണ്. വീട്ടിന് തെട്ടടുത്ത്തന്നെ ഒരു കൂൾ ബാറുണ്ട്. ബ്രോഡ്‌വേയില് വല്ല്യ സ്റ്റേഷനറിക്കടേംണ്ട്. ഞാനതോണ്ടാ ഇത്രേം പെട്ടെന്ന് അന്വേഷിച്ചത്. വിടണ്ടാന്ന് പറഞ്ഞോ ചിറ്റപ്പനോട്.

ത്രേസ്യാമ്മ തലയിൽ കൈ വച്ചുകൊണ്ട് ഇരിക്കയാണ്.

ക്ലാര: ഇതെന്താണ് മോത്ത് കാട്ടിക്കൂട്ടിയിരിക്കണത്?

ജോസഫേട്ടൻ: എന്തേ?

ക്ലാര: ഡൈചെയ്യാനറിയില്ലെങ്കിൽ, അറിയുന്ന ആളെ ഏല്പിക്ക്യാ. ഇങ്ങട്ടു വരു ഞാൻ ചെയ്തു തരാം. അല്ലെങ്കിൽ അവിടെ ഇരുന്നാ മതി. ഞാൻ ഡൈ കൊണ്ടുവരാം.

ക്ലാര കുളിമുറിയിലേയ്ക്കു പോകുന്നു. ത്രേസ്യാമ്മ അകത്തേയ്ക്കും പോകുന്നു. വാതിൽക്കൽ പാറുകുട്ടി ഇതെല്ലാംകണ്ടും കേട്ടും നിൽക്കുന്നുണ്ട്. അവളുടെ മുഖത്ത് ചിരി. അവളും ത്രേസ്യാമ്മയുടെ ഒപ്പം അകത്തേയ്ക്കു പോകുന്നു.

സീൻ 18:

അടുക്കളയിൽ. പാറുകുട്ടി നിന്ന് ചിരിക്കുന്നു. ത്രേസ്യാമ്മയുടെ മുഖത്ത് ജാള്യതയുണ്ട്.

ത്രേസ്യാമ്മ: എന്തു പോഴത്താ ഞാൻ ചെയ്തത് പാറുകുട്ടീ. ഞാൻതന്നാ ജോസഫേട്ടന് ചിറ്റപ്പന്റെ കത്തും ജെൻസിടെ ഫോട്ടവും കൊടുത്തത്. തരി ബോധം വേണ്ടേ?

പാറുകുട്ടി: (ചിരിക്കിടയിൽ) ബോധംണ്ടെങ്കിൽ ഇതാ സ്ഥിതി അമ്മച്ചീടെ?

ത്രേസ്യാമ്മ: പാവം അങ്ങേരെ ഞാൻ വെറുതെ സംശയിച്ചു.

അതു കേട്ടുകൊണ്ട് ജോസഫേട്ടൻ വരുന്നു.

ജോസഫേട്ടൻ: ആരെയാ നീ സംശയിച്ചത് കൊച്ചുത്രേസ്യേ?

ത്രേസ്യാമ്മ: ആരുംല്ല്യ. അതൊന്നും പറഞ്ഞാൽ ശരിയാവില്ല.

ജോസഫേട്ടൻ പാറുകുട്ടിയോട് ത്രേസ്യാമ്മയുടെ തലയ്ക്ക് നല്ല സുഖമില്ലെന്ന് ആംഗ്യം കാണിക്കുന്നു.

പാറുകുട്ടി ഉറക്കെ പൊട്ടിച്ചിരിക്കുന്നു.

**End of Part II**
**End of Episode 5**

BACK TO INDEX

*Episode 6*

# കനിവിന്റെ സ്പർശം

**Part I**

ഈ  എപ്പിസോഡിലേയ്ക്കു വേണ്ട കഥാപാത്രങ്ങൾ

ജോസഫേട്ടൻ
ത്രേസ്യാമ്മ
പാറുകുട്ടി
മരപ്പണിക്കാർ രണ്ടു പേർ
പ്ലേസ്കൂളിലെ നാലു കുട്ടികൾ
എട്ടു വയസ്സുകാരൻ പീറ്റർ

ടൈറ്റിൽ സീൻ:
രാവിലെ എട്ടുമണി സമയം. ജോമോന്റെ മുറി. വലിയ ആഢംഭരം ഒന്നുമില്ലെങ്കിലും പണക്കാരുടെ കിടപ്പു മുറിയാണെന്നു  ഒറ്റ നോട്ടത്തിൽ മനസ്സിലാവും.  കട്ടിയുള്ള ഈട്ടിയുടെ കട്ടിൽ, മേശ, കസേല തുടങ്ങിയ വീട്ടുസാമാനങ്ങൾ. രണ്ടു മരപ്പണിക്കാർ മുറിയിൽ അളവെടുക്കുന്ന തിരക്കിലാണ്. ഒരാൾ മെലിഞ്ഞ് ഉണങ്ങിയതും മറ്റെയാൾ ഉയരമില്ലാത്ത ആളുമാണ്. അവർ ചുമരിലാണ് അളക്കുന്നത്. അളവുകൾ ഒരു കുറിയ പെൻസിൽ കൊണ്ട് മുഷിഞ്ഞ ഒരു കടലാസിൽ രേഖപ്പെടുത്തുന്നുണ്ട്. നോക്കി നിൽക്കുന്ന ത്രേസ്യാമ്മയുടെ കണ്ണിൽ അദ്ഭുതമാണ്, കാരണം അവർ ചെയ്യുന്നതു മുഴുവൻ അവർക്കു മനസ്സിലാവുന്നില്ല. എന്തോ വലിയ കാര്യമാണ് ചെയ്യുന്നതെന്ന മട്ടിൽ അവർ നോക്കി നിൽക്കുകയാണ്.  മറിച്ച്, അല്പം അകലെനിന്ന് വിമർശന ബുദ്ധിയോടെ നോക്കിനിൽക്കുന്ന ജോസഫേട്ടന് തീരെ തൃപ്തിയാവുന്നില്ല. മെലിഞ്ഞ ആൾ ഇടക്കിടക്ക് അസിസ്റ്റന്റിനെ മുറിക്കു പുറത്തേയ്ക്ക് വിളിപ്പിച്ച് ഗൗരവമായ ചർച്ചയിലേർപ്പെടും.
(ടൈറ്റിൽസ്  കഴിയുന്നു)
സീൻ 1:
മെലിഞ്ഞ ആൾ (ജോസ്): (ത്രേസ്യാമ്മയെ മുറിയിലേയ്ക്ക് വിളിക്കുന്നു), ചേച്ചീ ഇങ്ങു വന്നേ.
ത്രേസ്യാമ്മ അടുത്തേയ്ക്കു ചെല്ലുന്നു.
ജോസ്: ഇതാ (ചുമരിന്റെ ഒരു മൂലയിലേയ്ക്കു ചൂണ്ടിക്കൊണ്ട്) അവിട്ന്ന് തൊട്ട് ഇത്വരെ നീളംണ്ടാവും അലമാറി. ഇതാ ഈ ഒയരും. പോരെ?
ത്രേസ്യാമ്മ നല്ലവണ്ണം ആലോചിച്ച ശേഷം തലയാട്ടുന്നു.
ജോസ്:  പോരെങ്കി  ഇപ്പത്തന്നെ പറേണം.
ത്രേസ്യാമ്മ:  മതി. പക്ഷേ, അത്ര നീളംണ്ടായാൽ ജനല് തൊറക്കാൻ പറ്റ്വോ.

ജോസ്: പറ്റൂലോ, ചേച്ചീ, ഇതാ ഇതുവരെ മാത്രെ വരൂ.

കൈകൊണ്ട് കാണിക്കുന്നു. പെട്ടെന്ന് എന്തൊ സംശയമുണ്ടായി അയാൾ ടേയ്പ്പെടുത്ത് അളക്കാൻ തുടങ്ങുന്നു. കടലാസ്സിൽ കുത്തിക്കുറിക്കുന്നു. അസിസ്റ്റന്റ് കൃഷ്ണനുമായി കൂടിയാലോചിക്കുന്നു.

ജോസ്: (കൃഷ്ണനോട്) ചേച്ചി പറഞ്ഞത് ശര്യാ. വീതി ഇത്രേം വച്ചാ ജനല് തൊറക്കാൻ പറ്റൂല.

കൃഷ്ണൻ: ഞാനത് തൊടക്കത്തിലേ പറഞ്ഞതല്ലേ?

ഇതെല്ലാം സംശയദൃഷ്ടിയോടെ നോക്കിനിൽക്കുന്ന ജോസഫേട്ടൻ ഭാര്യയെ വിളിക്കുന്നു.

ജോസഫേട്ടൻ: കൊച്ചുത്രേസ്യേ.

ത്രേസ്യാമ്മ: (തിരിഞ്ഞു നോക്കിക്കൊണ്ട്) എന്തോ?

ജോസഫേട്ടൻ: ഇങ്ങു വന്നേ.

ത്രേസ്യാമ്മ പൂർണസമ്മതത്തോടെയല്ലെങ്കിലും പുറത്തേയ്ക്കു വരുന്നു. അവർക്ക് ആ മുറി വിട്ടുപോകാൻ എന്തുകൊണ്ടോ താൽപര്യമില്ല.

ജോസഫേട്ടൻ സ്വീകരണമുറിയിലേയ്ക്കു നടക്കുന്നു. ത്രേസ്യാമ്മ ഒരു സംശയത്തോടെ ഭർത്താവിനെ പിൻതുടരുന്നു, ഇതെന്തു ഭ്രാന്താണെന്ന മട്ടിൽ.

സീൻ 2:

സീകരണമുറി. ജോസഫേട്ടൻ ത്രേസ്യാമ്മയെ അടുത്തു വിളിക്കുന്നു. കിടപ്പുമുറിയിൽ പണിയെടുക്കുന്ന ജോലിക്കാർ കേൾക്കില്ലെന്ന് ഉറപ്പായപ്പോൾ പറയുന്നു.

ജോസഫേട്ടൻ: കൊച്ചു ത്രേസ്യേ, ആ മെലിഞ്ഞ് ക്ഷയ രോഗിയെപ്പോലെയുള്ളവൻ ഇല്ലേ, എന്താണ് അയാക്കടെ പേര്?

ത്രേസ്യാമ്മ: ജോസ്ന്നാ.

ജോസഫേട്ടൻ: ആ അത് തന്നെ, അയാളാണ് മാസ്റ്റർ. അയാക്കടെ കയ്യൊന്ന് നോക്കിയെ, എന്തോരം മെലിഞ്ഞിട്ടാണ്. അയാക്ക്ണ്ടോ ഉളി എടുത്ത് പെരുമാറാൻ പറ്റുണു?

ത്രേസ്യാമ്മ: അല്ലെന്നേ, അവര് നല്ല പണിക്കാരാന്നാ ക്ലാര പറഞ്ഞത്. അവള്ടെ മുഴുവൻ മരപ്പണീം ഇവരാത്രെ ചെയ്തത്.

ജോസഫേട്ടൻ: നെന്റെ അനിയത്തി അങ്ങനെയൊക്കെ പറയും. ഞാൻ പറേണ്ടത് പറഞ്ഞു. ഇനിയൊക്കെ നെന്റെ ഇഷ്ടം. മോശം പണിക്കാരെ എനിക്ക് ഒറ്റ നോട്ടത്തില് മനസ്സിലാവും.

അകത്തുനിന്ന് ജോസ് വിളിക്കുന്നു

ജോസ്: ചേച്ചീ.....

ത്രേസ്യാമ്മ ധൃതിയിൽ അകത്തേയ്ക്കു പോകുന്നു.

സീൻ 3:

ജോമോന്റെ കിടപ്പറ. ജോസ് അളവെടുക്കൽ കഴിഞ്ഞ് നിൽക്കുകയാണ്.

ജോസ്: ചേച്ചീ ഇങ്ങുവന്നേ.

ത്രേസ്യാമ്മ: എന്താ?

ജോസ്: ഇതാ ഒരലമാറ ഇവിടെയാണുണ്ടാക്കണത്. അരയടി വീതി കുറച്ചു. ഇപ്പോ ജനലിന്റെ അടുത്തുവരെ എത്തും. നല്ല വീതിണ്ടാവും. (വീതി ആംഗ്യത്തിൽ കാണിക്കുന്നു.) മേളില് രണ്ടു തട്ടുണ്ടായിരിക്കും.....

ത്രേസ്യാമ്മ ഭാവനയുടെ ലോകത്തെത്തുന്നു. ജോസിന്റെ വിവരണം അവരുടെ മനസ്സിൽ ചിത്രങ്ങളുണ്ടാക്കുന്നു. മുകളിൽ രണ്ടു തട്ടുണ്ടായിരിക്കുമെന്നു പറയുമ്പോൾ അവർ ജോമോന്റെ ഷർട്ടുകളും പാന്റുകളും അവയിൽ കൊണ്ടുവന്നു വയ്ക്കുന്നതായി സ്വപ്നം കാണുന്നു.

ജോസ്: ഇതാ, അതിനു താഴെ ഇത്ര ഒയരത്തിൽ വലിയൊരു കള്ളിണ്ടാവും അതാണ് വാർഡ്റോബ്. അവ്ടെ ഷർട്ടും പാന്റുമൊക്കെ ഇങ്ങനെ തൂക്കിയിടാം.

ത്രേസ്യാമ്മ ഭാവനയിൽ മുകളിലെ കള്ളിയിൽ ഒതുക്കിവച്ച ഷർട്ടുകളും പാന്റുകളും എടുത്ത് ഹാങ്ങറിൽ തൂക്കി വാർഡ്റോബിൽ തൂക്കുന്നു.

ജോസഫേട്ടൻ വാതിൽക്കൽ വന്നുനോക്കുമ്പോൾ കാണുന്നത് ജോസ് വെറുതെ വാചകമടിച്ചു നിൽക്കുന്നതാണ്. ദേഷ്യം പിടിച്ചുകൊണ്ട് വിളിക്കുന്നു.

ജോസഫേട്ടൻ: കൊച്ചുത്രേസ്യേ....

ത്രേസ്യാമ്മ: എന്തോ?

ജോസഫേട്ടൻ: ഇങ്ങു വന്നേ.

ത്രേസ്യാമ്മ ജോസഫേട്ടനോടൊപ്പം സ്വീകരണമുറിയിലേയ്ക്കു പോകുന്നു. അവിടെ എത്തുമ്പോഴേയ്ക്ക് ജോസിന്റെ വിളി കേൾക്കുന്നു.

ജോസ്: ചേച്ചീ, ഒന്നിങ്ങു വന്നേ.

എന്തോ പറയാൻ ഓങ്ങിയ ജോസഫേട്ടനെ തടഞ്ഞുകൊണ്ട് ത്രേസ്യാമ്മ കിടപ്പുമുറിയിലേയ്ക്കുതന്നെ

പോകുന്നു.
ജോസ്: ചേച്ചീ, ഈ മേളീല്ത്തെ കള്ളീല് ഒരു ലോക്കറ്ണ്ടാക്കാം.
ജോസഫേട്ടൻ വാതിൽക്കൽ വന്നു ത്രേസ്യാമ്മയെ വിളിക്കുന്നു.
ജോസഫേട്ടൻ: കൊച്ചുത്രേസ്യേ..... ഇങ്ങു വന്നേ ഒരു കാര്യം പറയാന്ണ്ട്.
ത്രേസ്യാമ്മ ജോസഫേട്ടനേയും ജോസിനേയും മാറിമാറി നോക്കുന്നു. എന്താണ് ചെയ്യേണ്ടതെന്നറിയാതെ ആശയക്കുഴപ്പത്തിലായ ത്രേസ്യാമ്മയുടെ മുഖം.
സീൻ 4:
വീടിന്റെ മുറ്റത്ത് ജോസും കൃഷ്ണനും ജോസഫേട്ടനുമായി സംസാരിച്ചു നിൽക്കുന്നു.
ജോസ്: സാധാരണ ഇങ്ങനത്തെ അലമാറിയൊക്കെ മറീൻ പ്ലൈകൊണ്ടാണ്ണ്ടാക്വാ. കാലാക്കാലത്തേയ്ക്ക് നിക്കും. തേക്കൊന്നും വാങ്ങ്യാൽ മൊതലാവില്ല. മാത്രല്ല നമ്മള് ഉദ്ദേശിക്കണത് മൈക്ക ഒട്ടിക്ക്യാണ്ന്നല്ലേ? അപ്പൊ പിന്നെ അതിന്റെ ഉള്ളില് എന്തായാലെന്താ?
ജോസഫേട്ടൻ: (ഇപ്പോഴും നോട്ടത്തിൽ വിശ്വാസമില്ലായ്മ ഉണ്ട്). മൈക്ക മാറ്റ് ഫിനിഷ് വാങ്ങ്യാ മതി. മറ്റേത് പളപളാന്ന് തെളങ്ങും.
ജോസ്: ശര്യാ, മാറ്റ് തന്നെ വാങ്ങ്യാ മതി. സാറിന് വെവരംണ്ട്. പറ്റ്വാങ്കീ സാറ് വാങ്ങിക്കൊണ്ടന്നാ മതി.
ജോസഫേട്ടൻ: അത് വേണ്ട ജോസെ, നീതന്നെ വാങ്ങിക്കോ. നിങ്ങടെ പതിവ്കാര്ണ്ടാവൂലോ, അവര് വെല കൊറച്ചുതരൂം ചെയ്യും.
ജോസ്: ഞങ്ങ ഫാഷൻ ഹാർഡ്‌വെയറീന്നാ വാങ്ങാറ്. മൂന്നലമാറയല്ലേണ്ടാക്കാൻ പറഞ്ഞിട്ട്ള്ളത്. മൂന്നിനുംള്ള പ്ലൈ ഒപ്പം വാങ്ങട്ടെ?
ജോസഫേട്ടൻ: അത് വേണ്ട ജോസെ, ഒരെണ്ണത്തിന്ള്ളത് മതി. അത്ണ്ടാക്ക്യാല് നമുക്കൊരു കണക്കും കിട്ടൂലോ. ഓട്ടോവില് കൊണ്ടരാൻ അത്ര ചെലവൊന്നും വരില്ല.
പടി കടന്ന് അമ്മമാർ കൊച്ചുകുട്ടികളെ കൊണ്ടുവരാൻ തുടങ്ങിയിരിക്കുന്നു. അമ്മമാർ പടിക്കൽ നിന്ന് സ്വന്തം കുട്ടികൾക്ക് ടാറ്റ പറഞ്ഞു തിരിച്ചുപോകുകയാണ്. ഉമ്മറത്തു നിൽക്കുന്ന ത്രേസ്യാമ്മ കുട്ടികളെ സ്നേഹപൂർവ്വം സ്വീകരിക്കുന്നുണ്ട്. പാറുകുട്ടി വന്ന് അവരുടെ സഞ്ചി വാങ്ങി അകത്തു കൊണ്ടു പോകുന്നു.
ജോസ്: (കുട്ടികളെ നോക്കിക്കൊണ്ട്) ചേച്ചി പ്ലേസ്കൂള് നടത്ത്ണ്ണ്ട്ല്ലേ്യ?
ജോസഫേട്ടൻ: (അല്പം ചമ്മിക്കൊണ്ട്) ങാ.
ജോസ്: നല്ല കാര്യാ സാറെ. പെണ്ണുങ്ങള് ജോലിക്ക് പോവുമ്പോ കുട്ട്യോളെ നോക്കാൻ ആരെങ്കിലുംണ്ടായാൽ എത്ര നല്ലതാ. പിന്നെ ചേച്ചിക്കും നല്ലതല്ലേ, വെറുതെ വീട്ടിലിര്ന്ന് സമയം പോവാൻ.
ജോസഫേട്ടൻ: (വിഷയം മാറ്റിക്കൊണ്ട്) അപ്പോ ജോസെ സാധനങ്ങള് വാങ്ങാൻ എത്ര അഡ്വാൻസ് വേണം?
ജോസ് വീണ്ടും കടലാസെടുത്ത് കുത്തിക്കുറിക്കുന്നു, അല്പം വിട്ടു നിൽക്കുന്ന കൃഷ്ണനെ സമീപിച്ച് വീണ്ടും ചർച്ച നടത്തുന്നു. പിന്നെ ജോസഫേട്ടന്റെ അടുത്ത് വരുന്നു.
ജോസ്: മുക്കാലിഞ്ചിന്റെ രണ്ട് ഷീറ്റ് വേണം, പിന്നെ ഒരു ഷീറ്റ് കാലിഞ്ചിന്റെ. പിന്നെ പശ, ആണി. മൈക്ക പിന്നെ വാങ്ങ്യാപ്പോരെ?
ജോസഫേട്ടൻ: വേണ്ട, ഇപ്പത്തന്നെ വാങ്ങിക്കോ.
ജോസ്: ഒരു രണ്ടായിരം രൂപ എടുത്തൊ. ബാക്കി തിരിച്ചുകൊണ്ടരാലോ.
ജോസഫേട്ടൻ: കൊച്ചുത്രേസ്യേ.......
ത്രേസ്യാമ്മ: (കുട്ടികളെ സ്വീകരിക്കുന്നതിനിടയിൽ) എന്തോ.
ജോസഫേട്ടൻ: ഈയ്യാക്ക് ഒരു രണ്ടായിരം രൂപ കൊടുക്ക്.
ത്രേസ്യാമ്മ: എന്തിനാന്നേയ് രണ്ടായിരം?
ജോസഫേട്ടൻ: അവർക്ക് മരം വാങ്ങാനാ കൊച്ചു ത്രേസ്യേ. അവരാവുമ്പൊ നോക്കി വാങ്ങിക്കോളും. വെലേം കൊറച്ചുതരും. നമ്മള് പോമ്പ വെല കൂട്ടീടും. അങ്ങനാ.
ജോസ്: ശര്യാ ചേച്ചീ, ഞങ്ങക്ക് പിന്നെ ഇതിന്റ്യൊക്കെ വെല അറിയാലോ.
ത്രേസ്യാമ്മ അകത്തു പോകുന്നു. പിൻതുടരുന്ന കാമറ ഉമ്മറത്ത് കളിക്കുന്ന കുട്ടികളിൽ തങ്ങിനിൽക്കുന്നു. (fade out)
സീൻ 4:
മുറ്റത്തിനരുകിലുള്ള ഒരു ഷെഡ്ഡിലാണ് മരപ്പണി നടക്കുന്നത്. ജോസും കൃഷ്ണനും ജോലിയെടുക്കുന്നു. പ്ലേസ്കൂളിലെ കുട്ടികൾ അതു നോക്കിക്കൊണ്ടു നിൽക്കുന്നുണ്ട്. ഇടയ്ക്ക് ത്രേസ്യാമ്മയും വന്നു നോക്കും. ജോസ് ഉളിയെടുത്ത് പെരുമാറുന്നത് നോക്കി നിൽക്കും. ഓരോ അടിക്കും വലിയ കഷ്ണങ്ങൾ തെറിച്ചു പോകുന്നത് അദ്ഭുതത്തോടെ നോക്കിനിൽക്കും. അവർക്ക് ജോലിക്കാരെപ്പറ്റി നല്ല മതിപ്പുണ്ടാവുന്നു. അതിനിടയ്ക്ക് അവർ ഒരു സംശയം ചോദിക്കുന്നു.

ത്രേസ്യാമ്മ: ജോസി, ഇതെന്താ ഇങ്ങനെ കണ്ടിച്ചിരിക്കണത്?
ഉളി നിലത്തുവച്ച് നിവർന്നിരിക്കുന്നു. എന്തെങ്കിലും ചോദിച്ചാൽ ഉടനെ ഉളി നിലത്തുവച്ച് സംസാരം തുടങ്ങുന്ന പ്രകൃതമാണ് ജോസിയുടെ.
ജോസി: അത് ചേച്ചീ അലമാറീടെ സൈഡാണ്.
ത്രേസ്യാമ്മ: അലമാറിക്ക് ഇത്ര ഉള്ള് വേണോ?
ജോസ്: അതേയ് ചേച്ചീ, ഹാങ്ങറില് തുണിയിടുമ്പോ തടയാൻ പാടില്ലല്ലോ. അതിനാണ് വീതി ഇത്ര വച്ചിരിക്കണത്.
ഒപ്പം നിൽക്കുന്ന കുട്ടികളിൽ ഒരുവൻ, സജി ചോദിക്കുന്നു.
സജി: ആന്റി, ഇവര് എന്താണ്ടാക്കണത്?
ത്രേസ്യാമ്മ: അത് മോനെ, ജോമോൻ ചേട്ടന് വേണ്ടി അലമാറിണ്ടാക്കാ.
സജി: ജോമോൻ ചേട്ടനെന്തിനാ അലമാറ?
ത്രേസ്യാമ്മ: ജോമോൻ ചേട്ടൻ വന്നാൽ കല്ല്യാണം കഴിക്കണ്ടേ? അപ്പോ ഒരു ചേച്ചി വരില്ലേ? അവര്ടെ രണ്ട്പേര്ടേം ഉടുപ്പുകള് വെയ്ക്കാൻ അലമാറ വേണ്ടേ?
സജി: ജോമോൻ ചേട്ടൻ എന്നാ വരാ?
ത്രേസ്യാമ്മ: ഇനീം സമയണ്ട്. ഞാൻ അടുക്കളേലേയ്ക്ക് പോട്ടെ. മക്കളെ ഒന്ന് നോക്കണംട്ടോ ജോസെ.
ജോസ്: (ഉളി നിലത്തു വച്ച്) ഒന്നും പേടിക്കണ്ട ചേച്ചീ. അവര് ഇവിടെ കളിച്ചോട്ടെ. (തിരിഞ്ഞ്, കുട്ടികളോട്) മക്കളെ ആയുധങ്ങളൊന്നും തൊടരുത് കേട്ടോ?
സീൻ 5:
ജോസഫേട്ടൻ പുറത്തുനിന്നു വരുന്നു. ഉമ്മറത്തേയ്ക്കു കയറാതെ നേരെ മരപ്പണിക്കാർ ജോലിയെടുക്കുന്നിടത്തേയ്ക്കു നടക്കുന്നു.
സീൻ 6:
ജോലിയെടുത്തുകൊണ്ടിരിക്കുന്ന മരപ്പണിക്കാർ ജോലി നിർത്തി ജോസഫേട്ടനെ ശ്രദ്ധിക്കുന്നു.
ജോസഫേട്ടൻ: എവിടെത്തീ ജോലിയൊക്കെ?
ജോസ്: ഇന്ന് എല്ലാം കൂട്ടിലാക്കും. ബാക്കി പണിയാണ് കാര്യായിട്ട്ള്ളത്.
ജോസഫേട്ടൻ വിമർശനബുദ്ധിയോടെ അവർ മുറിച്ചു വച്ചിരിക്കുന്ന മരപ്പലകകൾ വീക്ഷിക്കുന്നു.
ജോസഫേട്ടൻ: ഉം, ജോലി നിർത്തണ്ട. (നടന്നു പോകുന്നു.)
സീൻ 7:
കഴിഞ്ഞ സീനിന്റെ തുടർച്ചയാണ്. ജോസഫേട്ടൻ പോകുന്നത് വീടിനു പിൻപുറത്തു താൻ നേരത്തെ ഉണ്ടാക്കിവച്ചിട്ടുള്ള കോഴിക്കൂടിന്റെ അടുത്തേയ്ക്കാണ്. കുറച്ചുനേരം അതിന്റെ ഭംഗി നോക്കി ആസ്വദിക്കുന്നു. മുഖത്ത് ആത്മസംതൃപ്തി, പെട്ടെന്ന് എന്തോ ഒരു പിശക് ശ്രദ്ധിച്ചപോലെ അടുത്തു ചെന്നു നോക്കുന്നു. ഒരു ചെറിയ കോട്ടം ശ്രദ്ധയിൽ പെടുകയാണ്. അദ്ദേഹം ജോലിക്കാർ പണിയെടുക്കുന്ന സ്ഥലത്തേയ്ക്കു നോക്കുന്നു. പിന്നെ എന്തോ തീർച്ചപ്പെടുത്തിയ പോലെ നടന്നു പോകുന്നു. ആ സമയം കാമറ അടുക്കള വരാന്തയിൽ ജോസഫേട്ടനെ ശ്രദ്ധിച്ചുകൊണ്ട് നിൽക്കുന്ന ത്രേസ്യാമ്മയിലേയ്ക്ക് തിരിയുന്നു.
സീൻ 8:
അടുക്കള. പാറുകുട്ടിയും ത്രേസ്യാമ്മയും പാചകത്തിന്റെ തിരക്കിലാണ്. പാറുകുട്ടി ചായ കൂട്ടുന്നു.
ത്രേസ്യാമ്മ: അല്ല കൊച്ചേ നീയൊരു കാര്യം ശ്രദ്ധിച്ചോ?
പാറുകുട്ടി: എന്തമ്മച്ചീ?
ത്രേസ്യാമ്മ: നമ്മടെ ഈ മരപ്പണിക്കാരില്ല്യേ? അവര് വന്നശേഷം തൊടങ്ങീതാ ജോസഫേട്ടന് ഒരു വെഷമം.
പാറുകുട്ടി: വെഷമോ?
ത്രേസ്യാമ്മ: അതെ പെണ്ണേ, ഒരു വെഷമം മാതിരി. എടക്കെടക്ക് കോഴിക്കൂട്ടിന്റെ അടുത്ത് പോയി നിൽക്കും.
പാറുകുട്ടി: അതെയ് ജോസഫേട്ടൻ ജാതിസ്വഭാവം കാണിക്ക്യാണ്.
ത്രേസ്യാമ്മയ്ക്ക് പാറുകുട്ടി പറഞ്ഞത് മനസ്സിലായില്ല. അവർ ചോദിക്കുന്നു.
ത്രേസ്യാമ്മ: നീയെന്തേ പറഞ്ഞത് പാറു?
പാറുകുട്ടി: (ചിരിച്ചുകൊണ്ട്) അല്ല എന്തേ ഇപ്പം ഇങ്ങനെ പറ്റാൻ?
ത്രേസ്യാമ്മ: അറീല്ല്യ. ഇതുവരെ ഒരു കൊഴപ്പും ഇല്ലാത്ത ആളായിരുന്നു.
പാറുകുട്ടി: (ചായ ഗ്ലാസിലെടുത്തുകൊണ്ട്) അമ്മച്ചീ ഞാൻ ഈ ചായ ജോസഫേട്ടന് കൊടുത്തിട്ടു വരാം.
ത്രേസ്യാമ്മ: നീ പിള്ളാരെം ഒന്ന് ശ്രദ്ധിക്കണം കേട്ടോടീ?
പാറുകുട്ടി: (നടന്നു നീങ്ങുമ്പോൾ) ആ, അമ്മച്ചീ.

സീൻ 9:

ഉമ്മറത്ത് ചാരുകസേലയിൽ ഇരിക്കുന്ന ജോസഫേട്ടൻ. ശ്രദ്ധ മുഴുവൻ പണിക്കാരിലാണ്. അവിടെ കുട്ടികൾ ചുറ്റും ഓടിക്കളിക്കുന്നുമുണ്ട്. പാറുകുട്ടി ചായ ഗ്ലാസ് ജോസഫേട്ടന് കൊണ്ടുവന്നു കൊടുക്കുന്നു. ജോസഫേട്ടൻ ഗ്ലാസ് വാങ്ങി ഒരിറക്ക് കുടിച്ചശേഷം മുഖം ചുളിക്കുന്നു.

ജോസഫേട്ടൻ: ഇതെന്താ പെണ്ണേ ഇവിടെ പഞ്ചസാര ഇല്ല്യേ?

പാറുകുട്ടി: (ചിരിച്ചുകൊണ്ട്) ഇത്രേം ഇട്ടു തന്നത് തന്നെ അമ്മച്ചീ കാണാതെയാ. അമ്മച്ചി കണ്ടാൽ ഒട്ടും ഇടാൻ സമ്മതിക്കത്തില്ല.

ജോസഫേട്ടൻ: എന്റെ കർത്താവേ ഈ കഷായം എങ്ങിനെ കുടിച്ചുണ്ടാക്കും?

പെട്ടെന്ന് ജോലിക്കാർ രണ്ടുപേരും ആയുധങ്ങൾ നിലത്തുവച്ച് എഴുന്നേൽക്കുന്നു. അവർ പുറത്തേയ്ക്ക് ചായ കുടിക്കാൻ പോകാനുള്ള ഒരുക്കങ്ങളാണ്. കുട്ടികളോട് ഒന്നും തൊടരുതെന്ന് പറയുന്നു. മുറ്റത്തേയ്ക്ക് വന്ന് ജോസഫേട്ടനോട് പറയുന്നു.

ജോസ്: സാറെ ഞങ്ങള് ചായ കുടിച്ചിട്ടു വരാം. പിള്ളാരെ ശ്രദ്ധിക്കണം കെട്ടോ. ആയുധങ്ങളൊക്കെ നല്ല മൂർച്ചയൊള്ളതാ.

ജോസഫേട്ടൻ: ശരി ജോസെ, നിങ്ങ പൊയ്ക്കോ.

ജോസഫേട്ടൻ ചായപ്പാത്രം മേശമേൽ വച്ച് എഴുന്നേൽക്കുന്നു. മുറ്റത്തേയ്ക്കിറങ്ങാനുള്ള ഭാവമാണ്.

പാറുകുട്ടി: ജോസഫേട്ടൻ ചായ കുടിച്ചിട്ടില്ല.

ജോസഫേട്ടൻ: (ധൃതിയിൽ) അത് നീതന്നെ കുടിച്ചാൽ മതി. എടീ നീയീ പിള്ളാരെ ഒന്ന് നോക്ക്. എനിക്ക് കൊറച്ച് പണിണ്ട്.

പടിക്കലേയ്ക്ക് നോക്കി പണിക്കാർ പോയി എന്ന് ഉറപ്പായപ്പോൾ ജോലിയെടുക്കുന്നിടത്തു ചെന്ന് രണ്ട് ഉളിയും ചുറ്റികയും തെരഞ്ഞെടുക്കുന്നു.

പാറുകുട്ടി ഒപ്പം ചെന്ന് കുട്ടികളെ വിളിക്കുന്നുണ്ട്.

പാറുകുട്ടി: ഈ ഉളിയൊക്കെ എന്തിനാ എടുക്കണത് ജോസഫേട്ടാ?

ജോസഫേട്ടൻ: അതേയ് എനിക്കൊരു ശവപ്പെട്ടിണ്ടാക്കാനാ. നീ പോയി ഈ പിള്ളാരെ അങ്ങട്ട് വിളിച്ചു കൊണ്ടുപോണുണ്ടോ?

ആകെ ടെൻഷനുള്ള പോലെ തോന്നണം.

പാറുകുട്ടി ചിരിച്ചുകൊണ്ട് കുട്ടികളെ വിളിക്കുന്നു.

പാറുകുട്ടി: പിള്ളാരെല്ലാം ഇവിടെ വാ. ഞാൻ കോഴീനെ കാണിച്ചുതരാം.

ജോസഫേട്ടൻ: പിന്നെള്ളത് ഒരു കോഴി. കോഴി, കോഴി. നീ ഈ പിള്ളാരെ ഉമ്മറത്തു കൊണ്ടുപോയി കളിപ്പിക്ക്.

ധൃതിയിൽ വീടിനു പുറകുവശത്തേയ്ക്കു നടന്നു പോകുന്നു.

ഇപ്രാവശ്യം പാറുകുട്ടി ശരിക്കും അന്തം വിട്ടുപോയിരിക്കുന്നു. ജോസഫേട്ടനെ ഈ പരുവത്തിൽ സാധാരണ കാണാറില്ല. അവൾ കുട്ടികളെ വിളിച്ച് ഉമ്മറത്തേയ്ക്ക് കയറുമ്പോൾ ത്രേസ്യാമ്മ അകത്തുനിന്നു വരുന്നു.

പാറുകുട്ടി: അമ്മച്ചി പറഞ്ഞത് ശര്യാന്നാ തോന്നണത്.

ത്രേസ്യാമ്മ: എന്ത്, പാറുകുട്ടി?

പാറുകുട്ടി: ജോസഫേട്ടന് എന്തോ പറ്റീട്ട്ണ്ട്.

ത്രേസ്യാമ്മ: ഞാമ്പറഞ്ഞില്ല്യേ? എന്നിട്ട് ഇപ്പം എവിട്യാ അതിയാൻ?

പാറുകുട്ടി: ഉളീം എടുത്തോണ്ട് വീടിന്റെ പിന്നിലേയ്ക്ക് പോയിട്ടൊണ്ട്.

ത്രേസ്യാമ്മ: എന്തെങ്കിലും കാണിച്ചു കൂട്ടുമോ ആവോ. ഞാനൊന്ന് ചെല്ലട്ടെ!

## End of Part I

*Episode 6*

# കനിവിന്റെ സ്പർശം

**Part II**

സീൻ 10:

ലോങ് ഷോട്ടിൽ കാണുന്നത് ജോസഫേട്ടൻ കോഴിക്കൂടിന്റെ മുമ്പിൽ നിന്ന് പണിയെടുക്കുകയാണ്. സാവധാനത്തിൽ സൂം ചെയ്യുമ്പോൾ സംഗതികൾ വ്യക്തമായി കാണുന്നു. താൻ ഉണ്ടാക്കിയ കോഴിക്കൂടിന്റെ ചെറിയ കോട്ടങ്ങൾ പരിഹരിക്കുകയാണ് അദ്ദേഹം. ഉളിയെടുത്ത് തുറിച്ചു നിൽക്കുന്ന ഒരു പട്ടിക ചെത്തി മിനുക്കുക, ഒരു പലകയുടെ വശം ചുരണ്ടുക. അങ്ങിനെ സ്വയം മറന്ന് പണിയിലേർപ്പെട്ട ജോസഫേട്ടൻ പെട്ടെന്ന് എന്തോ ഓർമ്മ വന്ന് തലയുയർത്തുമ്പോൾ കാണുന്നത് തന്നെ ശ്രദ്ധിച്ചു നോക്കിക്കൊണ്ടിരിക്കുന്ന കോഴിയെയാണ്. അതിനു പിന്നിലായി ത്രേസ്യാമ്മയും.

ജോസഫേട്ടൻ: (കോഴിയോട്) എന്താ പിടിച്ചില്ല്യേ?

കോഴി തല വെട്ടിച്ച് ഒരു ശബ്ദമുണ്ടാക്കി നടന്നു പോകുന്നു.

ത്രേസ്യാമ്മ: നിങ്ങ എന്തോന്നാ ചെയ്യണത്?

ജോസഫേട്ടൻ: എടീ, ഇവര്ടെ ആയുധങ്ങള് നല്ല മൂർച്ചയാ, എന്നും അണച്ച് മൂർച്ച കൂട്ടണതല്ലേ. അതോണ്ട് എടുത്ത് പെരുമാറാൻ സുഖാ. അവര് വരണ്ട സമയായി. ഞാനിതൊന്നവിടെ കൊണ്ടു വെക്കട്ടെ. (പോകുന്നു.)

സീൻ 11:

വൈകുന്നേരം. ജോമോന്റെ കിടപ്പറയിൽ ചുവരരുകിൽ അലമാറി കൂട്ടിവച്ചിട്ടുണ്ട്. വാതിലില്ലാതെ പലകകൾ കൂട്ടി ഒരു ഷെൽഫ് ആക്കിയിരിക്കയാണ്. വെറുമൊരു ഷെൽഫ് മാത്രമേ ആയിട്ടുള്ളു എങ്കിലും ത്രേസ്യാമ്മയ്ക്ക് വളരെ മതിപ്പുണ്ടായിരിക്കുന്നു.

ത്രേസ്യാമ്മ: അവര് രണ്ടീസംകൊണ്ട് ഇത്രേം പണി ചെയ്തു അല്ലേ?

ജോസഫേട്ടൻ: (ഷെൽഫുകൾ കൈകൊണ്ട് തൊട്ട് തലോടിക്കൊണ്ട്) കൊച്ചു ത്രേസ്യേ, ഇനിയുള്ള പണിക്കാണ് സമയമെടുക്കുക. ഇത്രീം പണി ശരിക്കു പറഞ്ഞാൽ ഒരു ദിവസത്തേക്കേ ഉള്ളു, അവര് വലിച്ച് നീട്ടണതാ. എന്താ പണിള്ളത്, പലക അറക്കണം, ചെറിയൊരു കൊതണ്ടാക്കണം, പശവച്ച് ആണിയടിക്കണം. അത്ര്യേള്ളൂ. ഇന്യാണ് പണിയൊക്കെ. ഫ്രെയിംണ്ടാക്കണം, വാതില് വെയ്ക്കണം, മൈക്ക ഒട്ടിക്കണം. ഇക്കണക്കിന് പോയാൽ ഇനി ഒരു എട്ടു ദിവസത്തെ പണിയെങ്കിലുമുണ്ടാകും. ഞാമ്പറഞ്ഞില്ല്യേ, പണിക്കാര് മോശാ.

ത്രേസ്യാമ്മ: എനിക്ക് തോന്ന്ണ്ല്ല്യ.

ജോസഫേട്ടൻ: തൊന്ന്ണില്ല്യെങ്കിൽ വേണ്ട. സാവധാനത്തിൽ നെനക്ക് മനസ്സിലാവും കൊച്ചുത്രേസ്യേ. അവര് മോശം പണിക്കാരന്ന്യാ. മോശം പണിക്കാരെ എനിക്ക് ഒറ്റ നോട്ടത്തില് മനസ്സിലാവും.

കാമറ കോഴിയിലേയ്ക്ക് തിരിയുന്നു. ജോസഫേട്ടൻ അവസാനത്തെ വാചകം പറഞ്ഞു കഴിയുമ്പോൾ കോഴി തലയുയർത്തി നോക്കുന്നു, ങാ! അങ്ങിനെയാണോ? എന്ന മട്ടിൽ.

സീൻ 12:

ഉച്ച സമയം. ത്രേസ്യാമ്മ പ്ലേസ്കൂളിലെ കുട്ടികളെ കിടത്തി ഉറക്കാൻ ശ്രമിക്കുന്നു. പശ്ചാത്തലത്തിൽ

മരപ്പണിക്കാർ മേടുന്ന ശബ്ദം കേട്ട് കുട്ടികൾ അസ്വസ്ഥരാകുന്നു. ഉറങ്ങാൻ പറ്റുന്നില്ല. നിലത്ത് കുട്ടികളുടെ ഒപ്പം കിടക്കുന്ന ത്രേസ്യാമ്മ കട്ടിലിന്മേൽ കിടക്കുന്ന ജോസഫേട്ടനോട്.

ത്രേസ്യാമ്മ: ദേണ്ടേ, ഒന്ന് നോക്കിയേ.

ജോസഫേട്ടൻ: (ഒരു മയക്കത്തിൽനിന്ന് ഉണർന്ന്) എന്തേ?

ത്രേസ്യാമ്മ: ഈ പിള്ളാര് ഒറങ്ങ്ണില്ല്യാട്ടോ.

ജോസഫേട്ടൻ: നെന്റെ പിള്ളാർക്ക് എന്താ വേണ്ടത്?

ത്രേസ്യാമ്മ: ഈ ശബ്ദം ഇല്ല്യേ, അതു കാരണാ. ഇങ്ങിന്യായാൽ വൈകുന്നേരാവുമ്പഴയ്ക്ക് ഒക്കെ വാശിക്കാരാവും. എന്നിട്ട് അച്ഛനമ്മമാര് വരുമ്പോൾ ഓരോന്നു പറഞ്ഞുകൊടുക്കും. ആന്റി പിച്ചി, ചേച്ചി അടിച്ചൂന്നൊക്കെ. അവരതൊക്കെ വിശ്വസിക്കീം ചെയ്യും. നമ്മടെ ബിസിനസ്സാ മോശാവാ.

ജോസഫേട്ടൻ: അതിന്പ്പൊ എന്താ ചെയ്യാ? മൂന്ന് അലമാറിയുണ്ടാക്കണം. പിന്നെ ഒരു ടീപോയ്, ഡ്രെസിംഗ് ടേബ്ൾ. ചുരുങ്ങീത് ഒരു മാസത്തെ ജോലിണ്ടാവും.

ത്രേസ്യാമ്മ: അതു കഴീമ്പളേക്കും നമ്മടെ പ്ലേസ്കൂള് പൂട്ടേണ്ടി വരും.

കുട്ടികളിൽ ഒരുവൻ ഉറക്കെ കരയുന്നു.

ത്രേസ്യാമ്മ: എന്തു പറ്റിയെടാ?

കുട്ടി: സുനിച്ചേച്ചീ എന്നെ പിച്ചി.

ത്രേസ്യാമ്മ: (ജോസഫേട്ടനെ നോക്കി) ഞാമ്പറഞ്ഞില്ല്യേ?

ജോസഫേട്ടൻ: (കുറച്ചുറക്കെ) ഒന്നു മിണ്ടാതിരിക്കിൻ പിള്ളാരെ. (കുട്ടികൾ നിശ്ശബ്ദരാകുന്നു.) നമുക്കൊരു കാര്യം ചെയ്യാം ത്രേസ്യേ.

ത്രേസ്യാമ്മ: എന്തോന്നാ?

ജോസഫേട്ടൻ: ഒരലമാറിണ്ടാക്കാൻ തൊടങ്ങീലെ, അത് തീർക്കട്ടെ. പിന്നെണ്ടാക്കണ്ട അലമാറീം, ഡ്രെസ്സിംഗ് ടേബ്ളും അവര് വീട്ടീ കൊണ്ടുപോയിട്ട് ഉണ്ടാക്കട്ടെ. കോൺട്രാക്ട് കൊടുക്കാം. ഒരലമാറിണ്ടാക്കിയ പരിചയുംല്ല്യേ? വലിയ സുഖൊംന്നുല്ല്യ, ഈ മേട്ടം കേട്ടോണ്ട് ഉറങ്ങാൻ.

ത്രേസ്യാമ്മ: അവര് അങ്ങനെയൊക്കെ ചെയ്യോ ആവോ? എന്താ ചെയ്യാതെ അല്ലേ? വീട്ടീന്ന്ണ്ടാക്കുമ്പോ സൗകര്യായിട്ട് ചെയ്യാലോ? എന്തെങ്കിലും ആവശ്യംണ്ടെങ്കില് പള്ളുരുത്തീന്ന് ഇത്വരെ വരല്ലെ വേണ്ടൂ? അവര്ടെ അഡ്രസ്സ് തന്നിട്ടുണ്ടോ?

ജോസഫേട്ടൻ പോക്കറ്റിൽനിന്ന് ഒരു തുണ്ടു കടലാസെടുത്ത് കണ്ണട വച്ച് വായിക്കുന്നു. 'മാഞ്ചുവട്ടിൽ ജോസ് വർഗ്ഗീസ്, എസ്.ഡി.പി.വൈ.ക്കു സമീപം, പള്ളുരുത്തി.'

ത്രേസ്യാമ്മ: ഇങ്ങനെ ഒരഡ്രസ്സൊക്കെ മത്യോ? കണ്ട മാഞ്ചോട്ടിലൊക്കെ പോയാൽ ഇയ്യാളെ കാണാൻ പറ്റ്വോ?

ജോസഫേട്ടൻ: മാഞ്ചോട്ടിൽന്നത് ഇയ്യാക്കടെ വീട്ടുപേരാണ്. പിന്നെ മരപ്പണിക്കാരേം രാഷ്ട്രീയക്കാരേം എല്ലാരും അറിയും. എല്ലാരും തെരക്കിപോണ കൂട്ടരല്ലെ.

ത്രേസ്യാമ്മ: നെങ്ങ നാളെത്തന്നെ ഒന്ന് ചോദിക്ക്.

ജോസഫേട്ടൻ: നാളെ വേണ്ട, ഈ അലമാറിടെ ജോലി ഒന്ന് കഴിഞ്ഞോട്ടെ.

സീൻ 13:

ജോസഫേട്ടൻ ഉമ്മറത്തിരിക്കുന്നു. പണിക്കാർ ചായ കുടിക്കാൻ പോകുന്നതും നോക്കിയിരിക്കയാണ്. ഏകദേശം സീൻ 9-ലെ സ്ഥിതിവിശേഷം തന്നെയാണ്. പണിക്കാർ പടിയിറങ്ങിയതും ജോസഫേട്ടൻ പോയി പണിയായുധ ങ്ങളുമായി വീടിനു പുറകുവശത്തേയ്ക്കു പോകുന്നു.

സീൻ 14:

പണിക്കാർ ചായ കുടിച്ചു തിരിച്ചു വരുന്നു. പണി തുടങ്ങാൻ നോക്കുമ്പോൾ ആയുധമില്ല.

ജോസ്: എവിടെപ്പോയി വീതുളി?

കൃഷ്ണൻ: ന്റെ ചുറ്റികേീം കാണാൻല്ല്യ. എവിടെപ്പോയി ആവോ.

സ്വല്പനേരത്തെ തെരച്ചിലിനു ശേഷം അവർ ജോസഫേട്ടനെ അന്വേഷിക്കുന്നു.

ജോസ്: അല്ല, സാറിനീം കാണാൻല്ല്യ.

അതെല്ലാം ശ്രദ്ധിച്ചുകൊണ്ടു നിന്ന ഒരു കുട്ടി വീടിനു പിറകുവശത്തേയ്ക്ക് ചൂണ്ടിക്കൊണ്ട് പറയുന്നു.

കുട്ടി: അങ്ക്ൾ അങ്ങോട്ടു പോയിട്ട്ണ്ട്.

പണിക്കാർ വീടിനു പിറകുവശത്തേയ്ക്ക് പോകുന്നു.

സീൻ 15:

ജോസഫേട്ടൻ കോഴിവീടിനു ഭംഗികൊടുക്കുന്നതിൽ മുഴുകിയിരിക്കയാണ്. ചുറ്റുവട്ടത്തുമെന്താണ് നടക്കുന്നതെന്ന് അറിയുന്നില്ല. ഒരു പട്ടികയുടെ നീളം അല്പം കുറക്കുക, ഒരു പലകയുടെ അറ്റം ചിന്തേരിടുക എന്നീ ജോലികൾ ചെയ്യുന്നു. ജോസും കൃഷ്ണനും മുമ്പിൽ വന്നു നിൽക്കുന്നത് കാണുന്നില്ല.

ജോസ്: ഇത് സാറ്ണ്ടാക്ക്യതാണോ?
ജോസഫേട്ടൻ ഞെട്ടിത്തിരിയുന്നു. മുഖത്ത് ചമ്മലുണ്ട്.
ജോസഫേട്ടൻ: അതെ ജോസെ എങ്ങനെണ്ട്?
ജോസ്ഃ: ഗംഭീരായിട്ടുണ്ട്.
ത്രേസ്യാമ്മ അടുക്കള വരാന്തയിൽനിന്ന് മുറ്റത്തേയ്ക്കിറങ്ങി അടുത്തു വരുന്നു.
ജോസ്ഃ: (ചിരിച്ചുകൊണ്ട്) ചേച്ചീ, ഞങ്ങളൊക്കെ ആയുധം വെച്ച് കീഴടങ്ങണ്ടി വരുംന്ന് തോന്നുണു. അത്ര നന്നായിട്ട്ണ്ട്.
ജോസഫേട്ടന്റെ മുഖം വികസിക്കുന്നു. അദ്ദേഹം കൊടുത്ത ആയുധങ്ങളുമായി പണിക്കാർ പോകുന്നു.
ജോസഫേട്ടൻ: (പണിക്കാർ പോയ ശേഷം) അവര് നല്ല പണിക്കാരാ കൊച്ചു ത്രേസ്യേ. നല്ല പണിക്കാർക്ക് നല്ല പണി പെട്ടെന്ന് മനസ്സിലാവും.
പെട്ടെന്ന് അതുവരെ ചുറ്റിപ്പറ്റി നിന്ന കോഴി കഴുത്തുയർത്തി ജോസഫേട്ടനെ നോക്കി ഒരു പ്രത്യേക ശബ്ദം പുറപ്പെടുവിക്കുന്നു.
ജോസഫേട്ടൻ: (കോഴിയെ ശത്രുതയോടെ നോക്കിക്കൊണ്ട്). വേണ്ടെടീ.
സീൻ 16:
ജോമോന്റെ കിടപ്പറ. അലമാറി  രൂപംകൊണ്ടു വരുന്നു. മൈക്ക ഒട്ടിക്കുന്ന തിരക്കിലാണ് ജോലിക്കാർ. ത്രേസ്യാമ്മ പ്രവേശിച്ച് ഒരു നിമിഷം ജോലി നോക്കിക്കൊണ്ടിരിക്കുന്നു.
ത്രേസ്യാമ്മ: ജോസേ.
ജോസ്: (താൻ ചെയ്യുന്ന ജോലി നിർത്തിവച്ച് എഴുന്നേൽക്കുന്നു) എന്തോ ചേച്ചീ?
ത്രേസ്യാമ്മ: നമുക്കേയ് ഇനില്ള രണ്ടാളമാറേം ഡ്രെസ്സിംഗ് ടേബ്ളും ജോസിന്റെ വീട്ടിന്ന്ണ്ടാക്കിക്കൊണ്ടരാൻ പറ്റ്വോ?
ജോസ്: അയ്യോ ചേച്ചീ, അതു മാത്രം പറയല്ലെ.
ത്രേസ്യാമ്മ: എന്തേ?
ജോസ്: വീട്ടിലിരുന്നാല് പണിയൊന്നും നടക്കില്ല. ഒന്നാമതായി പെമ്പ്രന്നോര് സൈ്വരം തരില്ല. പിന്നെ ആരെങ്കിലും ജോലിയെന്നു പറഞ്ഞ് വരീം ചെയ്യും.
ത്രേസ്യാമ്മ: എന്താ കാര്യംന്നറിയ്യോ ജോസെ, ഇവിടെ ഈ ജോലിക്കെടേല് പിള്ളാര്  ഒറങ്ങ്ണില്ല്യ. എല്ലാം വാശിക്കാരാവ്വാണ്. വൈകുന്നേരം അച്ഛനമ്മമാര് എത്തുമ്പഴേക്കും നെറയെ പരാതികളാണ്. അവര് എന്താ വിചാരിക്ക്യാ ഞങ്ങള് കുട്ട്യോളെ നല്ലോണം നോക്ക്ണില്ല്യാന്നല്ലെ?
ജോസ്: അയ്യ്യോ ചേച്ചി സ്വന്തം മക്കളെപ്പോലെയല്ലെ ഈ പിള്ളാരെ നോക്കണത്?
ത്രേസ്യാമ്മ: അപ്പൊ, ജോസെ എങ്ങനെയെങ്കിലും വീട്ടീന്ന് ചെയ്തു കൊണ്ടുവാ.
ജോസ്: നോക്കാം ചേച്ചീ. ഒരലമാറിണ്ടാക്കി കഴിഞ്ഞാൽ പറയാൻ പറ്റും വീട്ടീന്ന് ജോലി നടക്ക്വോന്ന്.
കാമറ ചുമരിൽ തൂങ്ങുന്ന ക്ലോക്കിൽ സമയം 3 മണിയെന്നു കാണിക്കണം. ജോസ് അസിസ്റ്റന്റ് കൃഷ്ണനെ വിളിക്കുന്നു. ചെയ്തുകൊണ്ടിരുന്ന ജോലി നിർത്തി അളവെടുക്കാൻ തുടങ്ങുന്നു. കുറിയ പെൻസിൽ ഉളികൊണ്ട് മൂർച്ചകൂട്ടി കീശയിൽ നിന്നെടുത്ത ചുളിഞ്ഞ കടലാസ്സിൽ കണക്കുകൾ കുത്തിക്കുറിക്കുന്നു. കുറച്ചു കഴിഞ്ഞ് കാമറ ക്ലോക്കിലേയ്ക്കു തിരിക്കുമ്പോൾ കാണുന്നത് നാലര മണിയായെന്നാണ്. തേസ്യാമ്മ അവർ അളക്കുന്നതും കണക്കുകൾ എഴുതുന്നതും നോക്കി നിൽക്കുകയാണ്. പെട്ടെന്ന് ജോസഫേട്ടൻ ത്രേസ്യാമ്മയെ വിളിക്കുന്നു.
ജോസഫേട്ടൻ: കൊച്ചു ത്രേസ്യേ.
ത്രേസ്യാമ്മ: എന്തോ?
ജോസഫേട്ടൻ: ഒന്നിത്രേടം വരെ വാ.
ത്രേസ്യാമ്മ ജോസഫേട്ടനോടൊപ്പം ഉമ്മറത്തേയ്ക്ക് പോകുന്നു.  പണിക്കാർ കേൾക്കില്ലെന്നുറപ്പായപ്പോൾ സ്വകാര്യമായി പറയുന്നു.
ജോസഫേട്ടൻ: കൊച്ചുത്രേസ്യേ, അവര് ഇപ്പോ ചെയ്യ്ണ പണിണ്ടല്ലോ, ഈ അളവെടുക്കല്.
ത്രേസ്യാമ്മ:  അതേ...
ജോസഫേട്ടൻ: അത് നമ്മടെ സമയത്താ ചെയ്യ്ണത്. നമ്മള് ദെവസക്കൂലി കൊടുക്കണത് പണിയെടുക്കാനാ, അല്ലാതെ ടേപ്പെടുത്ത് അളന്ന് സമയം കളയാനല്ല. വീട്ടീക്കൊണ്ടോയി ചെയ്യ്ണ കാര്യം നീ ഇപ്പോ പറയേണ്ടീര്ന്നില്ല.
ത്രേസ്യാമ്മ: (ആത്മാർത്ഥമായി പറയുന്നു) പോഴത്തായി.
ജോസഫേട്ടൻ: പോഴത്തായീന്ന് പറഞ്ഞാൽ പോര. ആ അലമാറീമ്മല് ആകെപ്പാടെ രണ്ടു മണിക്കൂറിന്റെ ജോലിംകൂടിയേണ്ടായിരുന്നുള്ള.  ഇനി നാളെയും അത്മ്മല് ജോലിയെടുക്കേണ്ടി വരും.  നമുക്ക് രണ്ട് തച്ച് നഷ്ടം.

ത്രേസ്യാമ്മ: ശരിയാ അല്ലെ?

സീൻ 17:

അടുക്കളയിൽ ത്രേസ്യാമ്മ വൈകുന്നേരത്തെ ഭക്ഷണം തയ്യാറാക്കുന്ന പാറുകുട്ടിയോട് സംസാരിക്കുകയാണ്.

ത്രേസ്യാമ്മ: എടീ എനിക്ക് ഒരബദ്ധം പറ്റീതാ. അല്ലേല് ഇന്നത്തൊടുകൂടി ഒരലമാറീടെ ജോലി കഴിഞ്ഞേനെ. ഞാനെടയ്ക്ക് എന്തെങ്കിലും സംശയം ചോദിച്ചാൽ മതി അയാള് ഉളി താഴത്തിട്ട് എണീക്കും. നല്ല സംസാരപ്രിയനാ ജോസ്. അങ്ങനെ എത്ര സമയം പോയിട്ട്ണ്ടാവും? ഒരു രണ്ട് തച്ചിന്റെ സമയം പോയിട്ട്ണ്ടാവുംന്നാ തോന്നണത്. അച്ചായൻ അറിഞ്ഞാൽ എന്നെ കൊല്ലും.

പാറുകുട്ടി: ഒരു കാര്യം പറഞ്ഞാൽ അമ്മച്ചി പെണങ്ങ്വോ?

ത്രേസ്യാമ്മ: ഇല്ലെടി, നീ പറഞ്ഞോ.

പാറുകുട്ടി: അമ്മച്ചീ ചെലപ്പോ ചെയ്യണതൊക്കെ  പോഴത്താ.

ത്രേസ്യാമ്മ: ശര്യാടി കൊച്ചേ.

സീൻ 18:

ജോമോന്റെ കിടപ്പറ. അലമാറിയുടെ പണി കഴിഞ്ഞിരിക്കുന്നു. ജോസ് ത്രേസ്യാമ്മയ്ക്കും ജോസഫേട്ടനും അലമാറി തുറന്നു കാണിക്കുന്നു. അകത്ത് പെയ്ന്റ് ചെയ്തിട്ടുണ്ട്. പൂട്ട് അടച്ചു തുറന്ന് കാണിക്കുന്നു. പൊതുവേ ജോസഫേട്ടനും ത്രേസ്യാമ്മയ്ക്കും തൃപ്തിയായിരിക്കുന്നു.

ജോസഫേട്ടൻ: അപ്പൊ ഒരു രണ്ടായിരം അഡ്വാൻസ് തന്നാൽ പണി തൊടങ്ങിക്കൂടെ?

ജോസ്: അതു മതിയാവും. ഇനി വേണങ്കീ  ഇവിടംവരെ വരല്ലെ വേണ്ടൂ.

ജോസഫേട്ടൻ: കൊച്ചുത്രേസ്യേ, ഒരു രണ്ടായിരം രൂപ ജോസിനെടുത്തു കൊടുക്ക്.

ത്രേസ്യാമ്മ അകത്തു പോകുന്നു.

ജോസഫേട്ടൻ: ജോസെ ഒരു കാര്യം പറഞ്ഞേക്കാം. വീട്ടീ വെച്ച് പണിയെടുക്കാന്നുള്ളതോണ്ട് ഒഴപ്പരുത്. ഇന്നു തൊട്ട് പത്താം ദിവസം സാധനം വീട്ടിലെത്തിക്കണം.

ജോസ്: സാറെ അതു ഞാനേറ്റു.

ജോസഫേട്ടൻ: ആദ്യത്തെ അലമാറ കൊണ്ടുവന്നാൽ, പിന്നെള്ളതിന് അഡ്വാൻസ് തരാം, കൂലീം. പോരെ?

ജോസ്: പിന്നെയല്ലാതെ?

ത്രേസ്യാമ്മ വന്ന് രണ്ടായിരം രൂപ ജോസിന്റെ കയ്യിൽ കൊടുക്കുന്നു.

ജോസഫേട്ടൻ: ഇന്നത്തെ തച്ചിന്റെ കൂലി പിടിച്ചോ.

കീശയിൽ നിന്ന് ഏതാനും നോട്ടുകൾ എടുത്തു കൊടുക്കുന്നു.

സീൻ 19:

ഉച്ചയുറക്കത്തിന്റെ സമയം. ത്രേസ്യാമ്മ കുട്ടികളെ കിടത്തി ഉറക്കാൻ ശ്രമിക്കുകയാണ്.  ആരും ഉറങ്ങുന്നില്ല. ഉറക്കം വരാതെ തിരിഞ്ഞും മറിഞ്ഞും കിടക്കുന്നു. ശൈലജയുടെ മോൾ കൂടി ഉറങ്ങാതെ എഴുന്നേറ്റിരിക്കുന്നു.

ത്രേസ്യാമ്മ: എന്താ പിള്ളേരെ ഉറങ്ങാത്തത്?

കുട്ടികൾ എഴുന്നേറ്റു നിൽക്കുന്നു. പിന്നെ ഒന്നും പറയാതെ പുറത്തേയ്ക്ക് മാർച്ചു ചെയ്യുന്നു. പിന്നാലെ ശൈലജയുടെ മകളും മുട്ടുകുത്തിപ്പോകുന്നു. ഉമ്മറവാതിൽ തുറന്ന് ഓരോരുത്തരായി മുറ്റത്തേയ്ക്ക് ഇറങ്ങി, തലേന്നുവരെ മരപ്പണിക്കാർ ജോലിയെടുത്തിരുന്ന സ്ഥലത്തെത്തി നിൽക്കുന്നു. അവിടം ഒഴിഞ്ഞുകിടക്കുകയാണ്. അവർ ചോദ്യത്തോടെ പിന്നാലെ മോളെയും ഒക്കത്തിരുത്തി നടന്നുവന്ന ത്രേസ്യാമ്മയെ നോക്കുന്നു.

ത്രേസ്യാമ്മ: എന്റീശോയെ!

കുട്ടികളെകൂട്ടി തിരിച്ച് ഉമ്മറത്തേയ്ക്കു കയറുമ്പോൾ ജോസഫേട്ടൻ എഴുന്നേറ്റു വന്നത് കാണുന്നു.

ജോസഫേട്ടൻ: കൊച്ചുത്രേസ്യേ, എന്താ കാര്യംന്ന് മനസ്സിലായോ. ഇനി പിള്ളേര് ഒറങ്ങണങ്കില് മരപ്പണിക്കാർടെ ശബ്ദം കേൾപ്പിക്കണം.

ത്രേസ്യാമ്മ: എന്റെ കർത്താവേ!

സീൻ 20:

അടുക്കളയിൽ ത്രേസ്യാമ്മ പാറുകുട്ടിയോട് സംസാരിക്കുകയാണ്.

ത്രേസ്യാമ്മ: എന്റെ പാറുകുട്ടീ, നീ കേൾക്ക്ണുണ്ടോ?  അമ്മ ആശുപത്രീല് കെടക്വാണ്ന്ന് വച്ചിട്ട് ഒരാള് ഏതു നേരോം അവിട്യാ.

പാറുകുട്ടി: അതിന് അമ്മച്ചിക്കെന്താ? വല്ല്യമ്മച്ചീടെ പുന്നാര മോനല്ലെ. വല്ല്യമ്മച്ചി വിട്ണ്ണ്ടാവില്ല്യ.

ത്രേസ്യാമ്മ: അങ്ങനെയല്ല പാറുകുട്ടീ ഇത്. രാവിലെയായാൽ അച്ചായൻ അവിടെ കട്ടിലിന്റെ അടുത്ത് പോയിരിക്കും. എന്നിട്ട് ഓരോ പഴയ കാര്യങ്ങള് പറഞ്ഞുതൊടങ്ങും.  എന്നിട്ട് അമ്മച്ചിയോട് ഒരു ചോദ്യംണ്ട്. അമ്മച്ചിക്ക് ഓർമ്മണ്ടോ?  അതോടെ അമ്മച്ചിടെ പ്രഷറ് കൂടൂം ചെയ്യും. അത്ര സുഖംള്ള കാര്യൊന്നും അല്ല

ജോസഫേട്ടൻ പറേണത്.
പാറുകുട്ടി: അപ്പോ അമ്മച്ചിക്ക് പറയായിരുന്നില്ലെ, എപ്പഴും ആശുപത്രീല് ഇങ്ങനെ പോയി ഇരിക്കണ്ടാന്ന്.
ത്രേസ്യാമ്മ: ശരിയായി എന്നാൽ. കണ്ണും കാതും വച്ചിരിക്കണ്ട പിന്നെ. നോക്ക് ഇവിടെ എന്തൊക്കെ കാര്യങ്ങള് നോക്കാന്ണ്ട്. ആ മരപ്പണിക്കാര് 2000 രൂപ അഡ്വാൻസ് വാങ്ങിക്കൊണ്ടോയിട്ട് വല്ല വിവരോംണ്ടോ? ഒന്ന് പോയി അന്വേഷിക്കാൻ പറഞ്ഞാൽ കേൾക്ക്വോ?
പാറുകുട്ടി: ശരിതന്നെ അമ്മച്ചീ. ആ മരപ്പണിക്കാര് അച്ചാരോം കൊണ്ട് മുങ്ങീന്നാ തോന്നണത്.
ത്രേസ്യാമ്മ: ചോദിച്ചാൽ പറയും, മരപ്പണിയാണ് സമയം എടുക്കുംന്നൊക്കെ.
പാറുകുട്ടി: എന്നാലും ഇങ്ങിനെ ഒരു സമയംണ്ടോ? ഇപ്പോ മാസം രണ്ടായില്ല്യേ?
ത്രേസ്യാമ്മ: അതുതന്നേ.
സീൻ 21:
രാത്രി കിടക്കാനുള്ള പുറപ്പാടാണ് ത്രേസ്യാമ്മയും ജോസഫേട്ടനും. കിടപ്പു മുറിയിൽ കിടക്കയിൽ വിരിപ്പു വിരിക്കുന്ന ത്രേസ്യാമ്മ. ജോസഫേട്ടൻ കസേരയിലിരുന്ന് കലണ്ടർ മറിച്ചുനോക്കുകയാണ്. പെട്ടെന്ന് ഒരു തീയ്യതി നോക്കിക്കൊണ്ട് പറയുന്നു.
ജോസഫേട്ടൻ: എടി കൊച്ചുത്രേസ്യേ ഇതൊന്ന് നോക്ക്?
ത്രേസ്യാമ്മ: എന്തോന്നാ?
ജോസഫേട്ടൻ: ആ ക്ഷയരോഗിടെപോലത്തെ മരപ്പണിക്കാരൻ, എന്താ അയാക്കടെ പേര്. അയാള് അച്ചാരം വാങ്ങിക്കൊണ്ടു പോയിട്ട് മാസം രണ്ടാവാൻ പോണു.
ത്രേസ്യാമ്മ: അതിന് ഞാൻ നിങ്ങളോട് എത്ര പ്രാവശ്യായി പറേണു, ഒന്ന് ചെന്നു നോക്ക്, ചെന്നു നോക്ക്ന്ന്.
ജോസഫേട്ടൻ: നീയെപ്പഴാ എന്നോട് പറഞ്ഞത്?
ത്രേസ്യാമ്മ: ദേ, എന്നെക്കൊണ്ട് പറേക്കല്ലെ. ഏതു നെരോം ആശുപത്രീന്ന് പറഞ്ഞ് ഇരിക്ക്യായിര്ന്നില്ലേ?
ജോസഫേട്ടൻ: നല്ല കാര്യായി. അമ്മച്ചി ആശുപത്രീല് കെടക്കുമ്പോ ഞാൻ പോണ്ടേ?
ത്രേസ്യാമ്മ: നിങ്ങ പോയിട്ടില്ല്യായിരുന്നൂന്ന്ണ്ടെങ്കില് അമ്മച്ചിക്ക് രണ്ടാഴ്ച മുമ്പേ ആശുപത്രീന്ന് പോരായിരുന്നു.
ജോസഫേട്ടൻ: അതും ശര്യാണ്. അമ്മച്ചി എന്നും പറയും 'ജോസെ നീ ഇവിടെ നിക്ക്വാണെങ്കില് എന്റെ പ്ലഷറ് മാറുകേല കെട്ടോ'ന്ന്. അതൊക്കെ പോട്ടെ നാളെത്തന്നെ ഒരു കത്തെഴുതി ഇടണം.
ത്രേസ്യാമ്മ: അയാള് നമ്മളെ വച്ചുപോയതായിരിക്ക്യോ?
ജോസഫേട്ടൻ: ഏയ്, അതൊന്നും ആവില്ല. വേറെ എന്തെങ്കിലും പണി കിട്ടീട്ടുണ്ടാവും.
ത്രേസ്യാമ്മ: എന്നാലും അയാക്ക് ഇത്രേടം വന്ന് പറഞ്ഞു പോകായിരുന്നില്ലേ?
ജോസഫേട്ടൻ: നമുക്ക് കത്തെഴുതി നോക്കാം.
സീൻ 22:
ജോസഫേട്ടൻ ഉമ്മറത്തിരുന്ന് എഴുതിത്തീർന്ന ഒരു കത്ത് വായിച്ചുനോക്കുകയാണ്. ത്രേസ്യാമ്മ ചായയും കൊണ്ട് വരുന്നു.
ജോസഫേട്ടൻ: നോക്ക് കൊച്ചു ത്രേസ്യേ, ഇത് ഏഴാമത്തെ കത്താണ്. ഇതിനും മറുപടിയില്ലെങ്കിൽ ഞാൻ കേസുകൊടുക്കും. ഞാൻ വായിച്ചുതരാം.
ജോസഫേട്ടൻ കത്തു വായിക്കുന്നു:

'അച്ചാരമായി തന്ന രണ്ടായിരം രൂപ മൂന്നുമാസത്തെ ഇരുപതു ശതമാനം തോതിൽ പലിശയായി വന്ന നൂറ്റമ്പതു രൂപയടക്കം റൊക്കം രണ്ടായിരത്തി ഒരുനൂറ്റമ്പതു രൂപ ഇന്നേയ്ക്ക് പത്തു ദിവസത്തിന്നുള്ളിൽ തിരിച്ചടച്ചില്ലെങ്കിൽ നിങ്ങൾക്കെതിരായി വഞ്ചനാക്കേസ് എടുക്കുമെന്ന് ഇതിനാൽ അറിയിച്ചുകൊള്ളുന്നു. എന്ന് വിധേയൻ ജോസഫ് കെ. വഞ്ചിക്കാടൻ.'

പി.എസ്. കേസ് കൊടുത്താൽ പോലീസുവന്ന് നിങ്ങളെ തല്ലിച്ചതച്ചാൽ അതിന് ഞാൻ ഉത്തരവാദിയല്ല എന്നുകൂടി പറഞ്ഞുകൊള്ളുന്നു.

ത്രേസ്യാമ്മ ശ്രദ്ധയോടെ കേൾക്കുന്നു. ഓരോ വാചകം കഴിയുമ്പോഴും അവർ ശരിയെന്ന മട്ടിൽ തലയാട്ടും. അവസാനം പി.എസ് വായിച്ചുകേട്ടപ്പോൾ അവർ ചോദിച്ചു.
ത്രേസ്യാമ്മ: കേസു കൊടുത്താല് പോലീസൊക്കെ വന്ന് തല്ലിച്ചതക്കുമോ?
ജോസഫേട്ടൻ: ഏയ്, ഒന്നു വെരട്ടാൻ വേണ്ടി എഴുതിയതല്ലെ.
ത്രേസ്യാമ്മ: തീർച്ചയല്ലേ?
ജോസഫേട്ടൻ: ഒന്നും പറയാൻ പറ്റില്ല. പോലീസിന്റെ കാര്യല്ലെ.
ത്രേസ്യാമ്മ: എന്നാപ്പിന്നെ കേസുകൊടുക്കണ്ട.
ജോസഫേട്ടൻ: അങ്ങിനെ വിട്ടാൽ പറ്റ്വോ. അയാൾ വല്ല ഗൾഫിലും പോയിട്ടുണ്ടെങ്കിൽ അയാളുടെ ഫാര്യയില്ലേ, ആ പെമ്പ്രന്നോർക്ക് ഒരു കാർഡ് എഴുതി ഇടായിരുന്നില്ലേ?

ത്രേസ്യാമ്മ: അതും ശരിയാണ്, എന്നാലും പോലീസ് വന്ന് തല്ലിച്ചതക്ക്യാന്നൊക്കെ പറേമ്പോ.....
സീൻ 23:
ജോസഫേട്ടൻ പുറത്തേയ്ക്കു പോകാൻ പുറപ്പെട്ടു നിൽക്കുന്നു. കയ്യിൽ കുറച്ചു കടലാസ്സുകൾ, കുട.
ജോസഫേട്ടൻ: കൊച്ചുത്രേസ്യേ, ഞാനൊന്നു പോയേച്ചു വരാം.
ത്രേസ്യാമ്മ: (ആകെ പരിഭ്രമിച്ചിട്ടുണ്ട്) വക്കീലിന്റെ അടുത്ത് രണ്ടു ദിവസംകൂടി കാത്തിട്ട് പോയാപ്പോരെ?
ജോസഫേട്ടൻ: പോരാ. ഞാൻ 10 ദിവസത്തെ എട കൊടുത്തിട്ട് ദിവസം പന്ത്രണ്ട് കഴിഞ്ഞിരിക്കുന്നു. ഇനി ക്ഷമിക്കാൻ എനിക്കാവില്ല.
ത്രേസ്യാമ്മ: എന്റെ കർത്താവെ.
ജോസഫേട്ടൻ: നീ എന്തിനാണ് കർത്താവിനെ വിളിക്കണത്.
ത്രേസ്യാമ്മ: അല്ല, പോലീസൊക്കെ പോയിട്ട് അവരെ......
അകത്തേയ്ക്കു പോകുന്നു. ജോസഫേട്ടൻ പടിയിറങ്ങുകയാണ്.
സീൻ 24:
ത്രേസ്യാമ്മ കിടപ്പുമുറിയിൽ കുരിശിൽകിടക്കുന്ന യേശുവിന്റെ പടത്തിനു മുമ്പിൽ നിന്ന് പ്രാർത്ഥിക്കുകയാണ്. അവരുടെ മനസ്സിൽ വരുന്ന രംഗങ്ങളും ചിത്രങ്ങളും ഒരു കൊളാഷായി കാണിക്കണം. പോലീസ് ജീപ്പ് ഇരച്ചു വന്ന് ഒരു ചെറിയ വീട്ടിനുമുമ്പിൽ ശബ്ദത്തോടെ ബ്രേക്കിട്ടു നില്ക്കുന്നു. നാലഞ്ചു പോലീസുകാർ ചാടിയിറങ്ങുന്നു. വാതിൽ മുട്ടി വിളിക്കുന്നു. തുറക്കുന്നില്ല. അവർ വാതിൽ ചവിട്ടിപ്പൊളിച്ച് അകത്തുകടന്ന് ഒളിച്ചിരിക്കുന്ന മെലിഞ്ഞ മനുഷ്യനെ പുറത്തേയ്ക്ക വലിച്ചിഴക്കുന്നു. ഇടിക്കുന്നു, തൂക്കി ജീപ്പിലേയ്ക്ക് എറിയുന്നു.......
ത്രേസ്യാമ്മ: (പെട്ടെന്ന് ഉറക്കെ) എന്റീശോയേ........(പിന്നെ സ്വരം താഴ്ത്തിക്കൊണ്ട്) കർത്താവേ ഞാൻ ടി.വി. കാണുന്നത് കുറച്ചു കൂടുന്നുണ്ടെന്നു തോന്നുന്നു. പോലീസുകാര് ഇങ്ങനെയൊക്കെ ഇടിക്ക്യോ? ഇനി ജോസ് വീട്ടിലില്ലെങ്കിലോ, അയാള്ടെ പാവം പെമ്പ്രന്നോരെ അവരെന്തെങ്കിലും ചെയ്യുമോ?
ത്രേസ്യാമ്മ ഉമ്മറത്തേയ്ക്ക് ഓടുന്നു.
സീൻ 25:
ഗെയ്റ്റിനു പുറത്ത് ജോസഫേട്ടൻ എട്ടുപത്തു വയസ്സുള്ള ഒരു മെലിഞ്ഞുണങ്ങിയ പയ്യനെ ചോദ്യം ചെയ്യുകയാണ്. ത്രേസ്യാമ്മ ഓടി വന്നപ്പോൾ ജോസഫേട്ടനെ കാണുമ്പോൾ സമാധാനമാകുന്നു.
ത്രേസ്യാമ്മ: നോക്കുന്നേയ്, ഇന്ന് പോണ്ട വക്കീലിന്റെ അടുത്തേയ്ക്ക്.
ജോസഫേട്ടൻ: (ത്രേസ്യാമ്മ പറഞ്ഞത് ശ്രദ്ധിക്കുന്നില്ല - പയ്യനോട്) ചെക്കാ, നിന്റെ മൊഖത്ത് എന്തോ കള്ളത്തരംണ്ടല്ലോ.
ത്രേസ്യാമ്മ: (ഇടപെട്ടുകൊണ്ട് - മയത്തിൽ) എന്താടാ മോനെ നെന്റെ പേര്?
പയ്യൻ: (ഭയത്തോടെ)പീറ്റർ.
ത്രേസ്യാമ്മ: നിനക്കെന്നാ വേണം?
പീറ്റർ: (ഇപ്പോൾ കുറച്ചുകൂടി ധൈര്യം കിട്ടിയിരിക്കുന്നു) എനിക്ക് ജോസഫ് മൊതലാളീനെ കാണണം.
ജോസഫേട്ടൻ: എടാ, അത് ഞാൻ തന്ന്യാണ്. നീയെവിടുന്നാ വരണത്?
പീറ്റർ: പള്ളുരുത്തീന്ന്.
ത്രേസ്യാമ്മ: പള്ളുരുത്തീന്നോ?
പീറ്റർ: അതേ, ഞാൻ മരപ്പണിക്കാരൻ ജോസിന്റെ മോനാണ്.
ജോസഫേട്ടൻ: അപ്പനെവിടെ? രണ്ടായിരും രൂപേംകൊണ്ട് പോയതാ.
പീറ്ററിന്റെ മുഖം ഭയംകൊണ്ട് ഇരുളുന്നു. അവന്റെ ചുണ്ടുകൾ വിറക്കാൻ തുടങ്ങി. കണ്ണിൽ ഊറിവന്ന ജലം ഷർട്ടിന്റെ കയ്യിൽ തുടച്ചുകൊണ്ട് അവൻ ട്രൌസറിന്റെ പോക്കറ്റിനു മീതെ തിരുപ്പിടിക്കാൻ തുടങ്ങുന്നു. പെട്ടെന്ന് ഭയം അവനെ കീഴ്പ്പെടുത്തി, അവൻ കരഞ്ഞുകൊണ്ട് പറയാൻ തുടങ്ങി.
പീറ്റർ: മൊതലാളി, അമ്മച്ചീനെ പോലീസിനെക്കൊണ്ട് പിടിപ്പിക്കല്ലേ. പണം കൊണ്ടന്നിട്ട്ണ്ട്.
ജോസഫേട്ടൻ: അമ്മച്ചീനെ പോലീസിനെക്കൊണ്ട് പിടിപ്പിക്ക്യേ? നെന്റെ അപ്പനെവിടെ?
പീറ്റർ: അപ്പൻ ചത്തു.
അവന്റെ കരച്ചിൽ ഉറക്കെയാവുന്നു. ഒപ്പം തന്നെ അവൻ ട്രൌസറിന്റെ പോക്കറ്റിനുമേൽ കുത്തിയ പിന്ന് അഴിക്കാൻ ശ്രമിക്കുന്നുമുണ്ട്. പരിഭ്രമം കാരണം അവനതു പറ്റുന്നില്ല. ത്രേസ്യാമ്മയ്ക്കു വിഷമമാവുന്നു. അവർ അവന്റെ അടുത്തു ചെന്ന് അവന്റെ തോളിൽ കൈയ്യിട്ടുകൊണ്ട് പറയുന്നു.
ത്രേസ്യാമ്മ: നീ കരയാതെ മോനെ. അപ്പൻ എങ്ങനാ മരിച്ചത്?
പീറ്റർ: അപ്പൻ ആശുപത്രീന്നാ മരിച്ചത്.
ത്രേസ്യാമ്മ: നീയെന്തിനാ പോക്കറ്റില് പിന്ന് കുത്തിയിരിക്കണത്?
പീറ്റർ: അത് അമ്മച്ചി കുത്തിത്തന്നതാ, പണം പോവാണ്ടിരിക്കാൻ.

ത്രേസ്യാമ്മ കുമ്പിട്ടിരുന്ന് ആ പിൻ അഴിക്കുന്നു. അവൻ പോക്കറ്റിൽ നിന്ന് ഒരു കടലാസുപൊതിയെടുത്തു ത്രേസ്യാമ്മയ്ക്കു കൊടുക്കുന്നു. അവർ അത് ഭർത്താവിന്റെ കയ്യിൽ ഏല്പ്പിക്കുന്നു.

പീറ്റർ: ആയിരം രൂപണ്ട്, ബാക്കി ആയിരും പലശേം കൊറച്ച് ദെവസത്തിനുള്ളില് തരാന്ന് പറഞ്ഞു അമ്മച്ചി. കേസ് കൊടുക്കല്ലേ മൊതലാളി.

ജോസഫേട്ടൻ പൊതി തുറന്നു നോക്കുന്നു. നൂറിന്റെ പത്തു നോട്ടുകൾ.

ജോസഫേട്ടൻ: എങ്ങനാ ഇത്രേം രൂപണ്ടാക്കീത്?

പീറ്റർ: അമ്മച്ചീടെ താലിചെയിൻ ബാങ്കില് കൊടുത്തിട്ട് കിട്ടീതാ.

ത്രേസ്യാമ്മ സ്തബ്ധയായി നിൽക്കുകയാണ്. അവരുടെ മനസ്സിലൂടെ വരുന്ന ചിത്രം - ഒരു മെലിഞ്ഞുണങ്ങിയ സ്ത്രീ മകന്റെ പോക്കറ്റിൽ പണത്തിന്റെ പൊതി ഇട്ട്, അതു നഷ്ടപ്പെടാതിരിക്കാൻ പിൻ കുത്തിക്കൊടുക്കുന്നു. മകനെ ദൂരയാത്രക്കായി പറഞ്ഞയക്കുന്നു - മറ്റുള്ളവരുടെ കാരുണ്യത്തിന്നായി.

ജോസഫേട്ടൻ: നീ എങ്ങിനെയാണ് വന്നത്?

പീറ്റർ: ഞാന്നടന്നിട്ടാ വന്നത്?

ജോസഫേട്ടൻ: (സ്വയം പറയുന്നു) എട്ടു കിലോമീറ്റർ ദൂരം നീ നടന്നു വന്നൂ?

പീറ്റർ: അതെ മൊതലാളി.

സീൻ 26:

അകത്ത് ഊൺ മേശമേൽ ഇരുത്തി ത്രേസ്യാമ്മ പീറ്ററിന് ഭക്ഷണം കൊടുക്കുന്നു. ത്രേസ്യാമ്മ ഓരോന്നും നിർബ്ബന്ധിച്ച് തീറ്റുകയാണ്. ഭക്ഷണം കഴിഞ്ഞപ്പോൾ അവർ അവൻ കൊണ്ടുവന്ന പണം വീണ്ടും പൊതിഞ്ഞ് പോക്കറ്റിലിട്ട് പിന്നു കുത്തിക്കൊടുക്കുന്നു. പിന്നെ ഷർട്ടിന്റെ പോക്കറ്റിൽ അമ്പതുരൂപയും ബസ്സുകൂലിക്കുള്ള ചില്ലറയും ഇടുന്നു.

ത്രേസ്യാമ്മ: മോനെ നീ സൂക്ഷിച്ചു പോണം കെട്ടോ. അമ്മച്ചീനോട് പറേ, മൊതലാളി കേസും കൂട്ടോം ഒന്നും ചെയ്യില്ലാന്ന്. ഇത്ര കഷ്ടായിരുന്നു സ്ഥിതിന്ന് അറിഞ്ഞിരുന്നെങ്കിൽ.......

സീൻ 27:

പടിക്കൽ നിന്ന് പീറ്ററിനെ യാത്രയാക്കുന്ന ത്രേസ്യാമ്മ. ഒപ്പം പാറുകുട്ടിയുമുണ്ട്.

പാറുകുട്ടി: പാവം, അല്ലേ അമ്മച്ചീ.

ത്രേസ്യാമ്മ ഒന്നും പറയുന്നില്ല. അവരുടെ മനസ്സ് വിങ്ങി പ്പൊട്ടുകയാണെന്ന് മുഖം വ്യക്തമാക്കുന്നുണ്ട്. അവർ നേരിട്ട് അകത്തേയ്ക്കു പോകുന്നു.

സീൻ 28:

കിടപ്പറയിൽ കർത്താവിന്റെ പടത്തിനു മുമ്പിൽ മുട്ടുകുത്തി നിൽക്കുന്ന ത്രേസ്യാമ്മ. അവരുടെ കണ്ണിൽനിന്ന് ധാരയായി കണ്ണീർ ഒഴുകുന്നു.

ത്രേസ്യാമ്മ: തലനാരിഴകൊണ്ട് അവിടുന്ന് രക്ഷിച്ചു. ജോസഫേട്ടൻ പോയതിനുശേഷാണ് പീറ്ററ് വന്നതെങ്കിലോ? ഒരു വലിയ മഹാപാപത്തിൽനിന്ന് നീ എന്നേം എന്റെ കുടുംബത്തേം രക്ഷിച്ചു. കർത്താവേ, ആ കൊച്ചു കുട്ടിയെ എങ്ങിനെയെങ്കിലും രക്ഷിക്കു.

കണ്ണീർ ഒഴുകുന്നു. തല കുമ്പിട്ടുകൊണ്ടിരിക്കുകതന്നെയാണ്. പെട്ടെന്ന് ഒരു സ്പർശം അനുഭവപ്പെട്ടപ്പോൾ തിരിഞ്ഞു നോക്കുന്നു. ശൈലജയുടെ മോൾ മുട്ടുകുത്തി അവരെ അന്വേഷിച്ചു വന്നതാണ്.

ത്രേസ്യാമ്മ: (കണ്ണീർ തുടച്ചുകൊണ്ട്) അമ്മച്ചീടെ മോള് വന്നല്ലോ.

അവർ അവളെ വാരിയെടുക്കുന്നു.

**End of Part II**

**End of Episode 6**

# *Episode 7*
# പീഡാനുഭവം
## Part I

ഈ എപ്പിസോഡിലേയ്ക്കു വേണ്ട കഥാപാത്രങ്ങൾ

ജോസഫേട്ടൻ
ത്രേസ്യാമ്മ
പാറുകുട്ടി
മുന്തിരിക്കാരൻ നാസർ
പെട്ടിക്കടക്കാരൻ നാരായണൻ
നഴ്സറിയിലെ കുട്ടികൾ
നളിനി
ഭവാനി
കല്യാണിയമ്മ
ഭവാനിയുടെ 2–3 വയസ്സുള്ള മകൾ
ജലജ
ജലജയുടെ 8 വയസ്സുള്ള മകൻ നീലൻ

ടൈറ്റിൽ സീൻ:
രാവിലെ പത്തു മണി. കോളനിയിലേയ്ക്ക് ഒരു വണ്ടി ഉന്തിക്കൊണ്ട് വരുന്ന ചെറുപ്പക്കാരന്റെ ഷോട്ട്. അടുത്തുവരുന്തോറും വണ്ടിയുടെ വിശദാംശങ്ങൾ കാണപ്പെടുന്നു. പച്ച്ച്ചായം തേച്ചതിനു മേലെ മുന്തിരിക്കുലകളുടെ ചിത്രം, ചുറ്റും മുന്തിരിവള്ളി പടർന്നപോലെ വരച്ചിരിക്കുന്നു. നാലു സൈക്കിൾ ചക്രത്തിന്മേലാണ് വണ്ടി. വണ്ടിയിൽ നിറയെ പച്ച മുന്തിരിക്കുലകൾ ഭംഗിയിൽ ഒതുക്കി വച്ചിരിക്കുന്നു. കാമറ ഉയരുമ്പോൾ കാണുന്നത് ചെറുപ്പക്കാരനായ ഉന്തുവണ്ടിക്കാരന്റെ പ്രസന്നമായ മുഖമാണ്. പാന്റ്സും ഷർട്ടും വേഷം. തലയിൽ ഒരു കള്ളി ടൗവ്വൽകൊണ്ട് കെട്ടിയിട്ടുണ്ട്. ഇടക്കിടക്ക് അയാൾ ഒരു ചരടു വലിക്കുമ്പോൾ മധുരമായ മണിനാദം കേൾക്കുന്നു. മണിനാദം കേട്ട് വാതിൽ തുറന്ന് പുറത്തേയ്ക്കു നോക്കുന്ന കോളനിവാസികളുടെ മുഖം.
മുന്തിരിക്കാരൻ: മുന്തിരി, നല്ല മധുരംള്ള മുന്തിരി, കുരുവില്ലാത്ത മുന്തിരി.
സീൻ 1:
ഒരു സ്ത്രീ മുന്തിരി വാങ്ങുന്നത് കാണിക്കുന്നു.
സീൻ 2:
ത്രേസ്യാമ്മയുടെ അടുക്കള. ത്രേസ്യാമ്മയും പാറുകുട്ടിയും ഉച്ചഭക്ഷണമുണ്ടാക്കുന്ന തിരക്കിലാണ്. പാറുകുട്ടി പെട്ടെന്ന് ചെവിയോർക്കുന്നു. നേരിയ മണികളുടെ ശബ്ദം.
പാറുകുട്ടി: അമ്മച്ചി കേട്ടാ, ഒരു മണിശബ്ദം?

ത്രേസ്യാമ്മ: (ശ്രദ്ധിച്ചുകൊണ്ട്) ആരെങ്കിലും വല്ല കന്നു കാലികളേം കോളനീല്ക്ക് കേറ്റിവിട്ടിട്ടുണ്ടാവും. എടീ നമ്മടെ ഗെയ്റ്റ് അടച്ചിട്ട് തന്ന്യല്ലെ?

പാറുകുട്ടി: അതെ അമ്മച്ചി. ജോസഫേട്ടൻ പോയപ്പോ ഞാൻ ഗെയ്റ്റ് അടച്ച് പൂട്ടി. അല്ലെങ്കീ പിള്ളാര് പൊറത്തേയ്ക്കോടും.

ത്രേസ്യാമ്മ: ഞാൻ പിള്ളാരെയൊന്ന് നോക്കീട്ട് വരാം. മോള് ഒണരണ്ട നേരായി. അവൾക്ക് പാല് കൂട്ടിവെച്ചോ. ഒരഞ്ചു മിനിറ്റ് കഴിഞ്ഞാൽ നീ ഈ ഗാസ് ഓഫാക്കിക്കോ. മീൻ കൂടുതൽ വെന്താൽ ജോസഫേട്ടന് ഇഷ്ടല്ല.

പാറുകുട്ടി: ശരി അമ്മച്ചീ.

ത്രേസ്യാമ്മ മേശപ്പുറത്തുനിന്ന് ഒരു തോർത്തെടുത്ത് കൈതുടച്ച് അടുക്കളയിൽ നിന്ന് പോകുന്നു.

സീൻ 3:

ഉമ്മറം. അകത്തുനിന്ന് ഉമ്മറത്തേയ്ക്കു കടക്കുന്ന ത്രേസ്യാമ്മ, പെട്ടെന്ന് എന്തോ കണ്ടപോലെ ഗെയ്റ്റിലേയ്ക്കു നോക്കി നിൽക്കുന്നു. ഗെയ്റ്റിനു പുറത്ത് മുന്തിരിക്കാരൻ വണ്ടിയിൽനിന്ന് ഒരു കുലയെടുത്ത് മുന്തിരി നന്നായി തുടച്ച് ഗെയ്റ്റിനുള്ളിൽ കാത്തുനിൽക്കുന്ന കുട്ടികൾക്ക് ഓരോ മുന്തിരി സാമ്പിളായി കൊടുക്കുകയാണ്. കൊച്ചുകൈകൾ നീട്ടി നിൽക്കുന്ന കുട്ടികൾ. ത്രേസ്യാമ്മ മുറ്റത്തേയ്ക്കിറങ്ങുന്നു.

സീൻ 4:

കുട്ടികൾ തിരിഞ്ഞ് ത്രേസ്യാമ്മയോട് പറയുന്നു.

കുട്ടികൾ: (ഒന്നിച്ച് കോറസ്സായി) മുന്തിരിങ്ങ വേണം.

ത്രേസ്യാമ്മ: (ഗെയ്റ്റിനടുത്തേയ്ക്കു നടന്നുകൊണ്ട്) എന്താടോ മുന്തിരി വെല?

മുന്തിരിക്കാരൻ: നല്ല മുന്തിരിയാ ചേച്ചീ, ഒരു രണ്ടു കിലോ എടുക്കട്ടെ.

മുന്തിരിക്കാരൻ മറുപടിക്കു കാക്കാതെ തുലാസ്സിൽ രണ്ടു കിലോയുടെ കട്ടി വെച്ച് മറ്റെ തട്ടിലേയ്ക്ക് മുന്തിരിക്കുലകൾ നിറക്കുകയാണ്.

ത്രേസ്യാമ്മ: എന്താ വെലാന്ന് പറ ആദ്യം.

മുന്തിരിക്കാരൻ: വെല്യൊന്നും നോക്കണ്ട ചേച്ചീ. രണ്ടു കിലോ മത്യോ?

ത്രേസ്യാമ്മ: പുളിണ്ടോ?

മുന്തിരിക്കാരൻ: (പുളി ഇല്ല എന്നത് തന്റെ ഉൽപ്പന്നത്തിന്റെ ചീത്ത വശം പറയുകയാണെന്ന മട്ടിൽ) പുളില്ല്യ ചേച്ചീ. പുളിള്ളത് വേണങ്കീ നാളെ കൊണ്ടരാം.

ത്രേസ്യാമ്മ: തമാശക്കാരൻ! ആട്ടെ വെല പറ.

മുന്തിരിക്കാരൻ: വെല കൊറവാ ചേച്ചീ. 400 ഗ്രാമിന് പത്തുറുപ്പിക.

ത്രേസ്യാമ്മ കുറച്ച് ആശയക്കുഴപ്പത്തിലാണ്. കിലോവിന്റെ വിലയാണ് അറിയേണ്ടിയിരുന്നത്. അതു ഗണിച്ചുണ്ടാക്കാനും പറ്റുന്നില്ല.

ത്രേസ്യാമ്മ: (സ്വയം പറയുന്നു) അപ്പോ കിലോവിന് എന്താവും? ആ. (ഉറക്കെ) മാർക്കറ്റിലൊക്കെ വെല വളരെ കൊറവാണ്.

മുന്തിരിക്കാരൻ: കുരുള്ള മുന്തിരിക്ക് മാർക്കറ്റില് വെല 25 ഉറുപ്പികയാ. ഞാൻ കുരു ഇല്ലാത്ത മുന്തിരിയാണ് 25ന് തരണത്.

ത്രേസ്യാമ്മ: 20 രൂപയാണെങ്കീ ഒരു കിലോ എടുത്തോ.

മുന്തിരിക്കാരൻ: ഒരു കിലോ കൊണ്ട് എന്താവാനാണ്. ചേച്ചീടെ പേരക്കുട്ടികൾക്ക് അതൊക്കെ മതിയാവോ?

ത്രേസ്യാമ്മ: എന്റെ പേരക്കുട്ടികളോ?

മുന്തിരിക്കാരൻ: അതേ, ഒരു രണ്ടു കിലോ വാങ്ങിക്കൊടുക്ക്.

ത്രേസ്യാമ്മ: ഇയ്യാക്ക് എന്തിന്റെ കേടാ, ഇതൊന്നും എന്റെ പേരക്കുട്ടികളല്ല.

മുന്തിരിക്കാരൻ: പിന്നെ?

ത്രേസ്യാമ്മ: തനിക്ക് വായിക്കാനറിയ്യോ. ആ ബോർഡൊന്ന് നോക്ക്.

മുന്തിരിക്കാരൻ മുകളിൽ തൂങ്ങിക്കിടക്കുന്ന ബോർഡ് നോക്കുന്നു.

മുന്തിരിക്കാരൻ: ഓ പ്ലേസ്കൂളാണല്ലെ? അപ്പൊ അകത്തും കാണൂലോ കൊറേ എണ്ണം. ഒരു നാലു കിലോ വാങ്ങ് ചേച്ചീ.

ത്രേസ്യാമ്മ: എന്താ തന്റെ പേര്?

മുന്തിരിക്കാരൻ: നാസർന്നാ ചേച്ചീ.

ത്രേസ്യാമ്മ: കാക്കയാണല്ലേ?

സജി: (സംസാരം ശ്രദ്ധിച്ചുകൊണ്ട്). ഈയ്യാക്ക് പറക്കാൻ പറ്റോ ആന്റീ?

നാസർ: പിന്നേ? ഞാൻ ചാവക്കാട്ട്ന്ന് രാവിലെ പറന്നിട്ടല്ലേ വന്നത്. ചേച്ചീ രണ്ടു കിലോ എടുക്കട്ടേ?

ത്രേസ്യാമ്മ: തൽക്കാലം താൻ ഒരു കിലോ എടുക്ക്. 20 രൂപേലും ഒരു പൈസ കൂടുതൽ തരുകേല പറഞ്ഞേക്കാം.

മുന്തിരിക്കാരൻ രണ്ടു കിലോ കട്ടി മാറ്റി ഒരു കിലോ കട്ടി വെയ്ക്കുന്നു. തുലാസ് ഉയർത്തി കാണിക്കുന്നു. മുന്തിരിയിട്ട തട്ട് നല്ലവണ്ണം താണിരിക്കുന്നു. ത്രേസ്യാമ്മയ്ക്ക് തൃപ്തിയാവുന്നു. മുന്തിരിക്കാരൻ മുന്തിരി കടലാസ്സിൽ പൊതിഞ്ഞ് കൊടുക്കുന്നു.

ത്രേസ്യാമ്മ പൊതി ഉമ്മറത്ത് വച്ച് അകത്തു പോകുന്നു. പാറുകുട്ടി ഉമ്മറത്തേയ്ക്കു വരുന്നു.

സീൻ 4:

കുട്ടികൾ പൊതി തുറക്കാൻ ധൃതി പിടിക്കുന്നു. പാറുകുട്ടി അവരെ വിലക്കുന്നു. ത്രേസ്യാമ്മ പത്തിന്റെ രണ്ടു നോട്ടുകളുമായി പടിക്കൽ പോയി മുന്തിരിക്കാരനെ ഒഴിവാക്കുന്നു.

മുന്തിരിക്കാരൻ: ഇനി നാളെ കാണാം ചേച്ചീ.

മുന്തിരിക്കാരന്റെ മണിയടി കേൾക്കുന്നു.

മുന്തിരിക്കാരൻ: (വിളിച്ചു പറയുന്നു) മുന്തിരി, നല്ല കുരുവില്ലാത്ത മുന്തിരി.

ത്രേസ്യാമ്മ ഉമ്മറത്തേയ്ക്കു നടക്കുന്നു. പാറുകുട്ടി പൊതി അഴിക്കുകയാണ്.

ത്രേസ്യാമ്മ: പാറുകുട്ടീ, നല്ല തൂക്കം തര്ണ്ണ്ട്ന്ന് തോന്നുണു.

പാറുകുട്ടി: അത്യോ അമ്മച്ചീ.

ത്രേസ്യാമ്മ: നിക്ക് പെണ്ണേ, നീ പോയി ആ ബാലൻസ്ല്ലേ, ജോമോൻ കഴിഞ്ഞ തവണ കൊണ്ടന്നത്? അതെടുത്ത് കൊണ്ടുവാ. എത്ര തുക്കംണ്ട്ന്ന് നോക്കാലോ.

പാറുകുട്ടി പൊതി തിണ്ണമേൽ വെച്ച് അകത്തേയ്ക്കു പോകുന്നു.

ത്രേസ്യാമ്മ: (ധൃതി പിടിക്കുന്ന കുട്ടികളോട്) നിൽക്കിൻ പിള്ളാരെ.

പാറുകുട്ടി ഒരു ഡയൽടൈപ്പ് ബാലൻസുമായി വരുന്നു. അത് തിണ്ണമേൽ വച്ച് പൊതി മീതെ വയ്ക്കുന്നു. ഡയലിന്റെ ക്ലോസപ്പിൽ കാണുന്നത് സൂചി 900 ഗ്രാമിനു നേരെ നിൽക്കുന്നതാണ്. ത്രേസ്യാമ്മയുടെ കണ്ണുകളിൽ അദ്ഭുതം, ദേഷ്യം.

ത്രേസ്യാമ്മ: എന്റെ കർത്താവേ, ആ മുന്തിരിക്കാരൻ എനിക്കിട്ടു വെച്ചതാ.

പാറുകുട്ടി: എന്താ അമ്മച്ചീ...?

ത്രേസ്യാമ്മ: ദേണ്ടെ, പെണ്ണെ നോക്ക്. ഇത് ഒരു കിലൊ ഒന്നുംല്ല്യ.

ത്രേസ്യാമ്മ ധൃതിപിടിച്ച് ഗെയ്റ്റിലേയ്ക്കോടുന്നു. പാറുകുട്ടി ഡയലിൽ നോക്കുന്നു. ഡയൽ സത്യസന്ധമായി 900 ഗ്രാമെന്നു കാണിക്കുന്നു. പാറുകുട്ടിയും തലയിൽ കൈവെക്കുന്നു.

പാറുകുട്ടി: എന്റീശ്വരമ്മാരേ.

സീൻ 5:

ത്രേസ്യാമ്മ ഗെയ്റ്റിനു പുറത്ത് നിരത്തിൽ ഇറങ്ങി നോക്കുന്നു. വണ്ടിയുന്തി നടന്നുനീങ്ങുന്ന മുന്തിരിക്കാരന്റെ പിന്നിൽനിന്നുള്ള ഷോട്ട്.

ത്രേസ്യാമ്മ: ശ്, ശ്, ശ്.

മുന്തിരിക്കാരൻ തിരിഞ്ഞു നോക്കുന്നു.

ത്രേസ്യാമ്മ: ഒന്ന് ഇത്രേടം വാ.

മുന്തിരിക്കാരൻ: എന്താ ചേച്ചീ.

ത്രേസ്യാമ്മ: താനൊന്ന് ഇത്രേടം വന്നുപോ.

സംശയിക്കാത്ത മുന്തിരിക്കാരൻ വണ്ടിയുന്തി തിരിച്ചു വരുന്നു.

സീൻ 5എ:

ഗെയ്റ്റു കടന്നു വരുന്ന നാസർ. ത്രേസ്യാമ്മ തിണ്ണയുടെ അടുത്ത് നിൽക്കുകയാണ്.

ത്രേസ്യാമ്മ: താനിതു വന്നു നോക്ക്.

നാസർക്ക് കാര്യം പിടികിട്ടുന്നു. അയാൾ പക്ഷേ അതു വിദഗ്ദ്ധമായി മറച്ചുവെക്കുന്നു.

നാസർ: എന്താണ് ചേച്ചീ?

ത്രേസ്യാമ്മ: താനെനിക്ക് ഒരു കിലോ എന്നു പറഞ്ഞ് തന്നത് 900 ഗ്രാമാണ്. നോക്ക്?

നാസർ അടുത്തു വന്ന് ഒരു വിദഗ്ദ്ധനെപ്പോലെ തുലാസ് പരിശോധിക്കുന്നു. പെട്ടെന്ന് കാര്യം മനസ്സിലായ പോലെ തലയാട്ടുന്നു.

നാസർ: ചേച്ചീ ഇത് ഫോറിനാണല്ലേ?

ത്രേസ്യാമ്മ: അതേ...?

നാസർ: (തലയാട്ടിക്കൊണ്ട്) അതാണ് കാര്യം ചേച്ചീ. ഫോറിൻ ത്ലാസും നാടൻ ത്ലാസുമായി 100 ഗ്രാമിന്റെ വ്യത്യാസംണ്ട്. ഇതാ ഇതില് എഴുതീട്ട്ണ്ട്.

നാസർ ഡയലിന്റെ അടിഭാഗത്തായി ചൂണ്ടിക്കാട്ടുന്നു. ത്രേസ്യാമ്മ അടുത്തു വന്നു നോക്കുന്നു. വിശ്വാസമായ പോലെ നാസറെ നോക്കുന്നു.

നാസർ: അതേ ചേച്ചീ, അത് അവിട്ത്തീം ഇവിട്ത്തീം കാലാവസ്ഥടെ മാറ്റം കാരണാ. അവിട്യോക്കെ നല്ല

തണുപ്പല്ലേ?
ത്രേസ്യാമ്മ: തണുപ്പോ? ഗൾഫിലോ?
നാസർ: അതേ ചേച്ചീ, അവിടൊക്കെ അങ്ങനാ. പകല് നല്ല ചൂട്, രാത്രി നല്ല തണുപ്പ്.
ത്രേസ്യാമ്മ: അതേല്ലേ?
നാസർ: അതേ ചേച്ചീ, ഞാൻ പോട്ടെ.
നാസർ പോകുന്നു.
ത്രേസ്യാമ്മ: (പാറുകുട്ടിയോട്) അവനോട് കയർത്തത് മോശായി അല്ലേ?
പാറുകുട്ടി: സാരല്ല്യ അമ്മച്ചീ. ഞാനിതൊന്ന് കഴുകി കൊണ്ടരട്ടെ? പിള്ളാര് സമ്മതിക്ക്ണില്ല്യ.
സീൻ 6:
രാത്രി. ത്രേസ്യാമ്മയുടെ കിടപ്പറ. ജോസഫേട്ടൻ പുറം തിരിഞ്ഞ് കിടന്നുറങ്ങുന്നു. ത്രേസ്യാമ്മ പ്രാർത്ഥനയിലാണ്. കിടക്കയിൽ മുട്ടുകുത്തിനിന്നാണ് പ്രാർത്ഥന. നേരെയുള്ള ചുമരിൽ യേശുവിന്റെ ചിത്രത്തിനു മുമ്പിൽ കത്തിച്ചുവച്ച മെഴുകുതിരി കെടാറായിരിക്കുന്നു. യേശുവിനെ നോക്കിയാണ് പ്രാർത്ഥന.
ത്രേസ്യാമ്മ: കർത്താവേ, അപ്പച്ചൻ എന്നെ മലയാളം മീഡിയം സ്കൂളിൽ പഠിപ്പിക്കുന്നതിനു പകരം ഇംഗ്ലീഷു മീഡിയത്തിൽ പഠിപ്പിച്ചിരുന്നെങ്കിൽ എനിക്കിന്ന് ഈ പോഴത്തം പറ്റില്ലായിരുന്നു. ഒരു കാര്യവുമില്ലാതെ ഞാൻ ആ സാധു മനുഷ്യനെ തെറ്റിദ്ധരിച്ചു......
ജോസഫേട്ടൻ ഇതിനകം തിരിഞ്ഞു കിടന്നുകൊണ്ട് ഭാര്യയുടെ അസാധാരണമായ പ്രാർത്ഥന ശ്രദ്ധിക്കുകയാണ്.
ജോസഫേട്ടൻ: എന്തു പറ്റീ കൊച്ചു ത്രേസ്യേ?
ത്രേസ്യാമ്മ: ഒന്നുമില്ല കർത്താവേ, ആ മുന്തിരിക്കാരൻ....
പെട്ടെന്ന് ത്രേസ്യാമ്മ കടക്കൺകോണിലൂടെ നോക്കുമ്പോൾ ജോസഫേട്ടൻ ഉണർന്നു കിടക്കുന്നു. ജോസഫേട്ടനാണ് എന്തു പറ്റീ എന്നു ചോദിച്ചതെന്നു മനസ്സിലായപ്പോൾ അവർ വേഗം കുരിശു വരച്ച് കിടക്കുന്നു.
ജോസഫേട്ടൻ: എന്തു പറ്റീ കൊച്ചു ത്രേസ്യേ?
ജോസഫേട്ടൻ വിടില്ലെന്നു മനസ്സിലായപ്പോൾ ത്രേസ്യാമ്മ എഴുന്നേറ്റിരിക്കുന്നു.
ത്രേസ്യാമ്മ: ഞാനിന്നേയ് ഒരു മുന്തിരിക്കാരനുമായി വഴക്കിട്ടു.
ജോസഫേട്ടൻ: മുന്തിരിക്കാരൻ ഞാനായിരുന്നു എന്ന് കരുതിയോ?
ത്രേസ്യാമ്മ: അല്ലാന്നേയ്. അയാള് മുന്തിരിങ്ങ തൂക്കിത്തന്നത് ജോമോൻ കൊണ്ടന്ന ബാലൻസില് നോക്ക്യപ്പോ 900 ഗ്രാം മാത്രം. ഞാൻ വഴക്കു പറഞ്ഞു. അപ്പോഴാണ് അയാള് പറഞ്ഞു തന്നത് അത് ഫോറിൻ സാധനായ തൊണ്ടാന്ന്.
ജോസഫേട്ടൻ: ഫോറിൻ സാധനായാൽ എങ്ങനാ കൊച്ചുത്രേസ്യേ തൂക്കം കൊറച്ചു കാണിക്കണത്?
ത്രേസ്യാമ്മ: അത് ശരിയാ. അയാള് എനിക്ക് കാണിച്ചുതന്നു.
ജോസഫേട്ടൻ: എന്ത്?
ത്രേസ്യാമ്മ: അതിന്റെ ഡയലിമ്മല് എഴുതീത്. അതില് 100 ഗ്രാം എന്നെഴുതി ഇംഗ്ലീഷിലെന്തൊക്കെയൊ എഴുതീട്ട്ണ്ട്. അത് ഇതാണത്രെ. അവിട്യൊക്കെ നല്ല തണുപ്പല്ലേ, അതോണ്ടത്രെ വ്യത്യാസം.
ജോസഫേട്ടൻ ചിരിക്കാൻ തുടങ്ങുന്നു. ത്രേസ്യാമ്മയ്ക്ക് അതിഷ്ടപ്പെടുന്നില്ല. അവർ ദേഷ്യത്തോടെ പറയുന്നു.
ത്രേസ്യാമ്മ: എന്താ ചിരിക്കണത്?
ജോസഫേട്ടൻ: എന്റെ കൊച്ചുത്രേസ്യേ, ആ ചാവക്കാട്ടുകാരൻ നിനക്കിട്ട് പാര വെച്ചതാ.
ത്രേസ്യാമ്മ: അത്യോ?
ജോസഫേട്ടൻ: അല്ലാതെ? നൂറു ഗ്രാം എന്നെഴുതിയത് ഡയലീമ്മലത്തെ ഓരോ വരയെത്രയാന്നാ. എന്നുവച്ചാ ഒരു കിലോവിൽ പത്തു വരയുണ്ടാവും. ഓരോ വര കൂടുമ്പോഴും നൂറു ഗ്രാം കൂടും എന്നർഥം.
ത്രേസ്യാമ്മ: എന്റെ കർത്താവേ, ആ ചാവക്കാട്ടുകാരൻ നാളെയിങ്ങട്ടു വരട്ടെ!
ജോസഫേട്ടൻ ചിരിച്ചുകൊണ്ട് കിടക്കുന്നു. ത്രേസ്യാമ്മ കർത്താവിന്റെ ചുവരിലുള്ള ചിത്രം ഒരിക്കൽക്കൂടി നോക്കി ഖിന്നയായി കുരിശുവരച്ചു കിടന്ന് തലക്കൽഭാഗത്തുള്ള വിളക്കണക്കുന്നു.

**End Of Part I**

## *Episode 7*
## പീഡാനുഭവം

## Part II

സീൻ 7:

രാവിലെ 7 മണി സമയം. കോളനിയുടെ പ്രധാന നിരത്തിലൂടെ ജോസഫേട്ടൻ രാവിലത്തെ നടത്തം കഴിഞ്ഞ് തിരിച്ചു വരവാണ്. പെട്ടെന്ന് ഒരു തിരിവിൽ കാണുന്നത് ത്രേസ്യാമ്മ നളിനിയുമായി സംസാരിച്ചു നിൽക്കുന്നതാണ്. ജോസഫേട്ടൻ നടത്തം പതുക്കെയാക്കി ഭാര്യയുടെ സംസാരം ശ്രദ്ധിക്കുന്നു. ത്രേസ്യാമ്മ ഭർത്താവ് പിന്നിൽ വന്നുനിന്നത് കാണുന്നില്ല.

ത്രേസ്യാമ്മ: അതെ എന്റെ കൊച്ചെ 200 ഗ്രാം കൊറവ്. ശരിക്കും 800 ഗ്രാമാണ് കാണിച്ചത്. ഇനി അവന്റെ അടുത്ത്ന്ന് മുന്തിരി വാങ്ങരുത്.

നളിനി: അല്ലാതെ ആന്റി, നമ്മക്കിട്ട് പാര വെയ്ക്കണതല്ലെ. നമ്മളെന്താ വിഡ്ഢികളാണോ? ഞാനിന്നലെ കാൽകിലോ വാങ്ങിയതാ അവന്റെ അടുത്ത്ന്ന്. ഇനി വാങ്ങില്ല.

ത്രേസ്യാമ്മ: ഞാനീ വിവരം കോളനീല് എല്ലാരോടും പറയട്ടെ. ആരും അവന്റെ അടുത്ത്ന്ന് മുന്തിരി വാങ്ങര്ത്.

നളിനി: ശരി ആന്റി, ഞാമ്പോട്ടെ, കെട്ടിയോൻ ചായേം കാത്ത് ഇരിപ്പൊണ്ട്.

നളിനി അവളുടെ ഗെയ്റ്റിനുള്ളിലേയ്ക്ക് പോകുന്നു. ത്രേസ്യാമ്മ തിരിഞ്ഞു നടക്കുന്നു. പെട്ടെന്ന് ജോസഫേട്ടനെ കാണുന്നു. മുഖത്ത് ഒരു ചമ്മൽ.

ജോസഫേട്ടൻ: കൊച്ചുത്രേസ്യേ മുന്തിരിക്കാരൻ എത്ര കൊറച്ചൂന്നാ പറഞ്ഞത്?

ത്രേസ്യാമ്മ: ഇരുന്നൂറ് ഗ്രാം.

ജോസഫേട്ടൻ: അയാള് 100 ഗ്രാമല്ലെ കൊറച്ചുള്ളൂ. നെന്റെ വക ഒരുനൂറുംകൂടി കൊറച്ചു അല്ലെ?

ത്രേസ്യാമ്മ: അയാക്ക് 100 ഗ്രാം കൊറക്കാംന്ന് വെച്ചാൽ എന്റെ വക നൂറുംകൂടി കൊറച്ചുകൂടെ? അതല്ലാ കാര്യം 200 ഗ്രാം തൂക്കം കൊറച്ചൂന്ന് പറഞ്ഞാലേ കോളനീല്ത്തെ പിള്ളാർക്ക് ചൂടുണ്ടാവൂ.

ജോസഫേട്ടൻ: (ചിരിച്ചുകൊണ്ട്) നടക്കട്ടെ, നടക്കട്ടെ. നിന്റെ കുരിശുയുദ്ധം. (നടന്നു നീങ്ങുന്നു)

ത്രേസ്യാമ്മ: നോക്കു ഞാനിപ്പ വരാം. കോളനീല് ഒന്ന് രണ്ടു് സ്ഥലത്തൂടെ പറഞ്ഞിട്ട് വരാം.

ജോസഫേട്ടൻ നടക്കുന്നു. അടുത്ത വീട്ടിലേയ്ക്ക് കുതിക്കുന്ന ത്രേസ്യാമ്മ.

സീൻ 8:

ടൈറ്റിൽ സീനിൽ കാണിച്ച രംഗം തന്നെ നാസർ വണ്ടിയുന്തി കോളനിയിൽ നടക്കുന്നു. മണിനാദത്തിനൊപ്പം അയാളുടെ ശബ്ദവും. 'മുന്തിരി വേണോ, കുരുവില്ലാത്ത പച്ചമുന്തിരി....' ഓരോ പടിക്കലും നാസർ വണ്ടി നിർത്തി ഇതാവർത്തിക്കുന്നു. അടഞ്ഞുകിടക്കുന്ന വാതിലുകളുടെ ഷോട്ട്. ഒഴിഞ്ഞ നിരത്തുകൾ. ആ കോളനി ജനവാസമില്ലാതെ ഉപേക്ഷിക്കപ്പെട്ട തോന്നൽ ഉണ്ടാക്കണം. നാസർ കോളനി ഒരു വട്ടം ചുറ്റി വീണ്ടും പ്രധാന നിരത്തിന്റെ വശത്തുള്ള പെട്ടിക്കടയുടെ അടുത്ത് വണ്ടി നിർത്തി, പെട്ടിക്കടയിലേയ്ക്കു നടക്കുന്നു.

സീൻ 8എ:

പെട്ടിക്കടയുടെ മുമ്പിൽ നാസർ. കടക്കാരൻ നാരായണൻ കടക്കുള്ളിൽ ഒരു നാരങ്ങ സോഡ തയ്യാറാക്കുകയാണ്. നാസറുടെ മുഖത്തെ നിരാശയും അമ്പരപ്പും അയാൾ ശ്രദ്ധിക്കുന്നുണ്ട്. സോഡാഗ്ലാസ് നാസർക്കു

നീട്ടുന്നു.
നാരായണൻ: എന്താ മാഷെ ഒന്നും ചെലവായില്ലേ?
നാസർ ഇല്ലെന്നു കാണിക്കുന്നു.
നാരായണൻ: ഇവിടെ ഇതൊന്നും പോവില്ല മാഷെ. വല്ല ചക്കയൊ മാങ്ങയൊ ഒക്കെയാണെങ്കി ചെലവാവും. മുന്തിരിയൊന്നും ഇവിടെ ആർക്കും ദഹിക്കൂല.
നാസറിന് അതത്ര തൃപ്തികരമായി തോന്നിയില്ല. അയാൾ വെറുതെ തലയാട്ടുക മാത്രം ചെയ്യുന്നു. അയാൾ വീണ്ടും വണ്ടി ഉന്തിക്കൊണ്ട് കോളനി ചുറ്റുന്നു.
സീൻ 8എ:
നാസർ വണ്ടിയുമായി നിരത്തിൽ. ഒരു തിരിവിൽ വച്ച് നടന്നു വരികയായിരുന്ന ത്രേസ്യാമ്മയുമായി നേരിട്ട് കൂട്ടിമുട്ടുന്നു. രണ്ടു പ്രതിയോഗികൾ അന്യോന്യം നോക്കിനിൽക്കുന്നു. നാസർ പെട്ടെന്ന് മുഖഭാവം മാറ്റി പ്രസന്നത കൈവരിക്കുന്നു.
നാസർ: എന്താ ചേച്ചീ, മുന്തിരിങ്ങ വേണ്ടേ?
ത്രേസ്യാമ്മ: താൻ എന്നെ പറ്റിച്ചു അല്ലെ?
നാസർ: എന്താ ചേച്ചീ അങ്ങനെ പറയണത്?
ത്രേസ്യാമ്മ: തൂക്കം കൊറച്ചിട്ട് എന്റെ ബാലൻസ് ശരിയല്ലെന്നു പറഞ്ഞു, അല്ലെ? താനെന്നെ വിഡ്ഢിയാക്കായിരുന്നു അല്ലേ?
നാസർ ഒന്നും പറയുന്നില്ല.
ത്രേസ്യാമ്മ: ഒരു കാര്യം പറഞ്ഞേക്കാം. ഈ കോളനീന്ന് ഒരാളും ഇനി തന്റെ മുന്തിരി വാങ്ങുകേലാ കേട്ടോ.
നാസറിന്റെ മുഖം വാടുന്നു. ത്രേസ്യാമ്മ നടന്നു നീങ്ങുന്നു. അവരെ നോക്കിക്കൊണ്ട് വിഷണ്ണനായി നിൽക്കുന്ന നാസറുടെ ഷോട്ട്.
സീൻ 9:
ത്രേസ്യാമ്മയുടെ വീടിന്റെ മുറ്റം. ത്രേസ്യാമ്മഗെയ്റ്റിലേയ്ക്കു നടക്കുന്നു. ഗെയ്റ്റിന്റെ അഴികൾ പിടിച്ച് പുറത്തേയ്ക്കു നോക്കുന്നു. ലോങ് ഷോട്ടിൽ നിരത്തിന്റെ ഒരറ്റത്ത് നാസറിന്റെ മുന്തിരിവണ്ടി നിർത്തിയിട്ടത് കാണാം. വരാത്ത കസ്റ്റമേഴ്സിനെ പ്രതീക്ഷിച്ച് നിരത്തിലേയ്ക്ക് നോക്കിനിൽക്കുന്ന നാസറുടെ ഷോട്ട്.
സീൻ 10:
ത്രേസ്യാമ്മയുടെ ഉമ്മറം. ഉമ്മറത്തിന്റെ ഒരരുക്കിലാണ് ഊൺമേശ. കുട്ടികൾ ഊൺ കഴിഞ്ഞ് എഴുന്നേൽക്കുകയാണ്. ജോസഫേട്ടൻ തോർത്തുമുണ്ടിൽ കൈയ്യും മുഖവും തുടക്കുന്നു.
സുനി കൈകഴുകി ത്രേസ്യാമ്മയുടെ അടുത്തേയ്ക്കു പോകുന്നു.
സുനി: ആന്റീ എനിക്ക് മുന്തിരിങ്ങ വേണം.
ത്രേസ്യാമ്മ പെട്ടെന്ന് അവളെ തടഞ്ഞുകൊണ്ട് ശബ്ദം താഴ്ത്തി പറയുന്നു.
ത്രേസ്യാമ്മ: മോളെ ഇന്ന് മുന്തിരിങ്ങ്യൊന്നും വാങ്ങ്ണ്ല്ല്യ. ഇനി വേണ്ടാതെ അതും ഇതും പറഞ്ഞ് ശാഠ്യം പിടിക്കര്ത്.
സജി ഈ ഡയലോഗ് ശ്രദ്ധിക്കുന്നുണ്ട്. അവനും അടുത്തു കൂടുന്നു.
സജീ: നിക്കും വേണം മുന്തിരിങ്ങ.
ത്രേസ്യാമ്മ: ഞാൻ പറഞ്ഞില്ലേ ഇന്ന് വാങ്ങ്ണില്ല്യാന്ന്. പിന്നെയെന്തിനാ വാശി പിടിക്കണത്. ഇതൊക്കെ എന്നും വാങ്ങാൻ പറ്റ്വോ?
ജോസഫേട്ടൻ: കൊച്ചു ത്രേസേ അവർക്ക് കൊറച്ച് വാങ്ങിക്കൊടുക്ക്. പിള്ളാരല്ലേ?
ത്രേസ്യാമ്മ: (ജോസഫേട്ടനോട്) അപ്പൊ എന്താ ഞാൻ നിങ്ങളോട് പറഞ്ഞത്. ആ മുന്തിരിക്കാരന്റെ അടുത്ത്ന്ന് ഞാൻ മുന്തിരി വാങ്ങില്ല. ഞാനെന്നല്ല, ഈ കോളനീല്ള്ള ആരും വാങ്ങില്ല്യ.
സുനി: അതെന്താ ആന്റീ?
ത്രേസ്യാമ്മ: അതോ മക്കളെ, അയാള് ചീത്ത മനുഷ്യനാ. മക്കള് നല്ല കുട്ടികളായി പോയി ഒറങ്ങാൻ നോക്ക്.
ത്രേസ്യാമ്മ അടുക്കളയിലേയ്ക്കു പോകുന്നു. ഇതിനിടക്ക് പാറുകുട്ടി വന്ന് എച്ചിൽ പാത്രങ്ങൾ എടുത്തു കൊണ്ടു പോകുന്നുണ്ട്.
സീൻ 11:
ത്രേസ്യാമ്മ: (ഉമ്മറത്തുനിന്ന് പാത്രങ്ങളുമായി വരുന്ന പാറുകുട്ടിയോട്) കൊച്ചേ ഞാനൊന്ന് പൊറത്തെറങ്ങീട്ട് വരാം.
പാറുകുട്ടി: അതെന്തിനാ അമ്മച്ചീ ഇപ്പ പോണേ?
ത്രേസ്യാമ്മ: അതേയ്, ഭവാനീടെ അമ്മയ്ക്ക് സുഖംല്ല്യാന്ന് പറഞ്ഞിര്ന്ന്.
പാറുകുട്ടി: പിന്നെ പോയാ പോരേ അമ്മച്ചീ. അമ്മച്ചീക്ക് ഒന്നരമണീടെ സീരിയല് കാണണംന്ന് പറഞ്ഞതല്ലേ?
ത്രേസ്യാമ്മ: അല്ലെടീ, ഇപ്പത്തന്നെ പോണം. ആരെങ്കിലും മുന്തിരിക്കാരന്റെ അട്ത്ത്ന്ന് മുന്തിരി വാങ്ങ്ണ്ണ്ടോ

ന്നു കൂടി നോക്കണം. കോളനീലെ പിള്ളാരല്ലെ, എനിക്കത്ര വിശ്വാസംല്ല ഒന്നിനീം.
പാറുകുട്ടി: (ചിരിച്ചുകൊണ്ട്) അത് ശരി, ഞാനും വിചാരിച്ചു അമ്മച്ചീ എന്തിനാ വായു പിടിച്ച് ഓടണത്ന്ന്.
ത്രേസ്യാമ്മ ചട്ടയിൽ കൈ തുടച്ച് വാതിൽ കടന്നു പോകുന്നു. പാറുകുട്ടി ചിരിച്ചുകൊണ്ട് തലയാട്ടുന്നു.
സീൻ 12:
ഭവാനിയുടെ വീട്ടിന്റെ സ്വീകരണമുറി. സോഫയിൽ ഭവാനി ഇരിക്കുന്നു. കൈയ്യിലുള്ള പൊതി കെട്ടഴിക്കുകയാണ്. തൊട്ടടുത്തു തന്നെ അവളുടെ മൂന്നു വയസ്സായ മകൾ ആകാംക്ഷയോടെ കാത്തിരിക്കുന്നു. ഭവാനിയുടെ അമ്മായിയമ്മ മുറിയുടെ ഒരു മൂലയിലിട്ട കസേലയിൽ ഇരിക്കുന്നുണ്ട്. അവർ ഭവാനിയെ ശ്രദ്ധിക്കുകയല്ല. പെട്ടെന്ന് തുറന്നിട്ട വാതിലിലൂടെ ത്രേസ്യാമ്മ വരുന്നു. ഭവാനിയുടെ മുഖം വിളറുന്നുണ്ട്. അവൾ പെട്ടെന്ന് എഴുന്നേറ്റ് പൊതിയുമായി അകത്തേയ്ക്കു പോകുന്നു. ഉടനെത്തന്നെ തിരിച്ചുവന്ന് ത്രേസ്യാമ്മയോട് ലോഗ്യം ചോദിക്കുന്നു.
ഭവാനി: എന്താ ചേച്ചീ ഈ സമയത്ത്? ഇത്ര വേഗം ഊണു കഴിഞ്ഞോ?
ഭവാനിയുടെ മകൾക്ക് അമ്മയുടെ കളികളൊന്നും മനസ്സിലാവുന്നില്ല. മുന്തിരിങ്ങ കിട്ടില്ലെന്നു മാത്രം മനസ്സിലായി. അവൾ കരയാൻ തുടങ്ങി.
ത്രേസ്യാമ്മ: എന്തിനാ മോള് കരേണത്?
കുട്ടി: മുന്തീഞ്ഞ, നിക്ക് മുന്തീഞ്ഞ മേണം.
ത്രേസ്യാമ്മ വല്ലാതാവുന്നു.
ത്രേസ്യാമ്മ: നമ്മള് അയാക്കടെ കയ്യീന്ന് വാങ്ങണ്ടാന്ന് പറഞ്ഞതോണ്ട് കുട്ടികൾക്ക് വെഷമായീ അല്ലേ ഭവാനി?
കുട്ടീ: നിക്ക് മുന്തീഞ്ഞ മേണം.
ഭവാനി: ഇവിടെ മുന്തിരിങ്ങ്യൊന്നും ഇല്ല.
ത്രേസ്യാമ്മ: നമക്ക് നാളെ വേറെ ആള്ടെ അട്ത്ത്ന്ന് മുന്തിരിങ്ങ വാങ്ങാംട്ടോ മോളെ. മോള് കരേണ്ട.
കുട്ടി: (അകത്തേയ്ക്കു ചൂണ്ടിക്കാട്ടിക്കൊണ്ട്) മുന്തീഞ്ഞ പൊതീല്ണ്ട്.
ത്രേസ്യാമ്മ: (ഭവാനിയെ തുറിച്ചു നോക്കിക്കൊണ്ട്) പൊതീലോ?
കുട്ടി: അതേ, അടുക്കളേല് പൊതീല്ണ്ട്.
ത്രേസ്യാമ്മ: അപ്പോ ന്റെ ഭവാനി നീ അയാക്കടെ അട്ത്ത്ന്ന് മുന്തിരിങ്ങ വാങ്ങ്യോ.
ഭവാനിയുടെ അമ്മായിയമ്മ: അയ്യാള് കൊണ്ടുവന്ന് കൊടുത്തതാടി കൊച്ചേ. ഓരോരുത്തരെ വിളിച്ചു കേറ്റും അശ്രീകരം. ശേഖരൻ ഇങ്ങട്ട് വരട്ടെ.....
ത്രേസ്യാമ്മ എഴുന്നേറ്റ് പോകുന്നു. ദേഷ്യവും സങ്കടവും ഒന്നിച്ച് പ്രതിഫലിക്കുന്ന മുഖം. പിന്നിൽനിന്ന് ഒരടിയുടെ ശബ്ദം. കുട്ടിയുടെ വേദനിച്ചുള്ള കരച്ചിലും. അവർ തിരിഞ്ഞുനോക്കാതെ നടക്കുന്നു.
സീൻ 12എ:
ത്രേസ്യാമ്മ നടക്കുന്നു. തീരെ പ്രസന്നമല്ലാത്ത മുഖം. ഒരു തിരിവിൽ എന്തോ അദ്ഭുതം കാണുന്നപോലെ അവർ പെട്ടെന്ന് നിൽക്കുന്നു. അവരുടെ കാഴ്ചയുടെ ഉറവിടം തേടി പോകുന്ന കാമറ കാണുന്ന കാഴ്ച നളിനിയുടെ ഗെയ്റ്റാണ്. അവിടെ നാസർ ഒരു പൊതിയുമായി നിൽക്കുന്നു. ത്രേസ്യാമ്മയെ കണ്ടപ്പോൾ അയാൾ കയ്യിലുള്ള പൊതി പിന്നിലൊളിപ്പിക്കാൻ ശ്രമിക്കുന്നു. ചമ്മിയ മുഖം. അതേ സമയത്താണ് നളിനി ഉള്ളിൽനിന്ന് ഒരു നോട്ടുമായി വരുന്നത്. നോട്ട് നാസറിന്റെ നേരെ നീട്ടി പൊതി വാങ്ങാൻ മറ്റെ കൈ നീട്ടുമ്പോഴാണ് ത്രേസ്യാമ്മയെ കാണുന്നത്. അവൾ ഫ്രീസ് ചെയ്യുന്നു.
സീൻ 12ബി:
ജലജയുടെ വീട്. ത്രേസ്യാമ്മ വാതിൽക്കൽ മുട്ടിക്കൊണ്ട് നിൽക്കുന്നു. ജലജ വന്ന് വാതിൽ തുറക്കുന്നു. ത്രേസ്യാമ്മ അകത്ത് കടക്കുന്നു.
അകത്ത് ജലജയുടെ എട്ടു വയസ്സുള്ള മകൻ മുന്തിരിങ്ങ തിന്നുകൊണ്ടിരിക്കയാണ്. പെട്ടെന്ന് ജലജ അവനെ അകത്തേയ്ക്ക് ഉന്തിപ്പറഞ്ഞയക്കുന്നു.
ജലജ: നീ പോയി മുഖം കഴുകി വാ. വേഗാട്ടെ. (തിരിഞ്ഞ് ത്രേസ്യാമ്മയോട്) ആന്റി എന്താണ് ഇന്നേരത്ത്. നീലൻ നെല്ലിക്ക തിന്ന്വാണ്. അതിന് കറ ഉണ്ടാവുംന്ന് പറയ്യ്യായിരുന്നു.
നീലൻ: ഇത് നെല്ലിക്ക്യല്ല, മുന്തിരിങ്ങ്യാണ്.
അവന് പറയാൻ അവസരം നൽകാതെ ജലജ അവന്റെ വായ പൊത്തി അകത്തേയ്ക്ക് തള്ളിവിടുന്നു. ത്രേസ്യാമ്മയുടെ കണ്ണുകൾ മേശപ്പുറത്തിരിക്കുന്ന മുന്തിരിക്കുലയിൽ തങ്ങുന്നു. അവർ അർത്ഥഗർഭമായി ജലജയെ നോക്കുന്നു.
അവർ ഒന്നും പറയാതെ പുറത്തിറങ്ങുന്നു.
ജലജ: ആന്റി ഇരിക്കിണില്ലേ?
ത്രേസ്യാമ്മ മറുപടി പറയുന്നില്ല. ഗെയ്റ്റു കടന്ന് നിരത്തിലേയ്ക്കിറങ്ങുകയാണ്.
തുടർന്ന് ഓരോ വീട്ടിലും മുന്തിരിങ്ങ വാങ്ങിയതായി ത്രേസ്യാമ്മ അറിയുന്നത് ഒരു കൊള്ളാഷായി കാണി

ക്കണം. ഒന്നുകിൽ കുട്ടികളുടെ സംസാരത്തിൽ നിന്ന്. അല്ലെങ്കിൽ മേശപ്പുറത്തോ, അടുക്കളയിലോ മുന്തിരിക്കുലകൾ ഇരിക്കുന്നതായി കണ്ടുകൊണ്ട്. മനസ്സിടിഞ്ഞ് തിരിച്ചുള്ള വരവ് ക്ലോസപ്പിൽ.

സീൻ 12 സി:

ത്രേസ്യാമ്മ സ്വന്തം വീട്ടിന്റെ ഗെയ്റ്റിനു മുമ്പിൽ നിൽക്കുന്നു. തലക്കു മുകളിൽ മദർ മേരി പ്ലേസ്കൂൾ എന്ന ബോർഡുണ്ട്. അവർ നിരത്തിന്റെ അറ്റത്തേയ്ക്ക് നോക്കുകയാണ്. അവിടെ നാസറിന്റെ വണ്ടി കിടപ്പുണ്ട്. വളരെ കുറച്ചു മുന്തിരികൾ മാത്രം. രാവിലെ നോക്കിയ സമയത്ത് നിറയെ ഉണ്ടായിരുന്നത് ഓർമ്മ വരുന്നു.

സീൻ 13:

ത്രേസ്യാമ്മ ഉമ്മറത്ത്. ചുറ്റും ആരുമില്ല. കുറച്ചൊരു പരിഭ്രമം. ചുറ്റും നോക്കുന്നു. അകത്തേയ്ക്കു പോകുന്നു. അടുക്കളയിലും ആരുമില്ല. പരിഭ്രമമേറുന്നു. അകത്ത് ഓരോ മുറിയിലും നോക്കുന്നു. ആരുമില്ല. ഉമ്മറത്തേയ്ക്ക് ഒരിക്കൽക്കൂടി വരുന്നു. മുറ്റത്തേക്കിറങ്ങി നോക്കുന്നു. വീടിനു ചുറ്റും നടന്നു. ആരുമില്ല. വീണ്ടും ഉമ്മറത്തേയ്ക്ക് കയറി കിടപ്പുമുറിയിൽ എത്തി നോക്കുന്നു. ആരേയും കാണുന്നില്ല. തിരിച്ചുപോകാൻ നോക്കുമ്പോൾ ഒരു വിളി:

ഏതോ ഒരു കുട്ടി: ആന്റീ.....

അവർ ഞെട്ടിത്തിരിയുന്നു. സൂക്ഷ്മമായി നോക്കുമ്പോൾ കാണുന്നത് കട്ടിലിന്നപ്പുറത്ത് ഒരു നരച്ച തല, പിന്നെ കുറേ കൊച്ചു തലകളും. ഒരറ്റത്ത് പാറുകുട്ടിയുടെ ചിരിച്ചുകൊണ്ടുള്ള മോന്തയും. അവർ അടുത്ത് ചെല്ലുന്നു.

ത്രേസ്യാമ്മ: നിങ്ങ ഇവിടെ എന്തെടുക്കാണ്?

സുനി: ഞങ്ങള് മുന്തിരിങ്ങ കട്ടുതിന്നുവാ.

ത്രേസ്യാമ്മ കട്ടിൽ ചുറ്റി അവരിരിക്കുന്നിടത്തേയ്ക്കു പോകുന്നു.

ത്രേസ്യാമ്മ: എന്റെ കർത്താവേ!

സീൻ വളരെ വിശദമായി കാണിക്കണം. മുമ്പിൽ ഒരു പാത്രത്തിൽ മുന്തിരിങ്ങ കഴുകി വച്ചിരിക്കയാണ്. കുട്ടികൾ അതിൽനിന്ന് സ്വന്തം എടുത്തു തിന്നുകയാണ്. കവിളിൽക്കൂടി മുന്തിരിച്ചാർ ഒലിക്കുന്നു. ശൈലജയുടെ ആറു മാസമായ മകൾ ജോസഫേട്ടന്റെ മടിയിലിരുന്ന് ജോസഫേട്ടൻ തോൽ കളഞ്ഞ് കൊടുക്കുന്ന മുന്തിരിങ്ങ തിന്നുന്നു. ത്രേസ്യാമ്മയെ കണ്ട ഭാവമില്ല അവൾക്ക്. ജോസഫേട്ടൻ ചിരിക്കുകയാണ്.

ത്രേസ്യാമ്മ പെട്ടെന്ന് തിരിഞ്ഞ് ദേഷ്യത്തോടെ പോകുന്നു.

സീൻ 14:

ത്രേസ്യാമ്മ സോഫയിൽ മുഖം തിരിഞ്ഞിരിക്കുന്നു. അവരുടെ മുഖത്ത് സങ്കടമുണ്ട്. ജോസഫേട്ടൻ അവരെ സമാശ്വസിപ്പിക്കാൻ അടുത്തുതന്നെ ഇരിക്കുന്നു.

ജോസഫേട്ടൻ: നീ ഞാൻ പറയുന്നതൊന്ന് കേക്ക്.

ത്രേസ്യാമ്മ: കോളനിക്കാരെല്ലാം എന്നെ പറ്റിച്ചു. സാരമില്ല, പക്ഷെ നിങ്ങളും...

ജോസഫേട്ടൻ ത്രേസ്യാമ്മയുടെ പുറത്ത് കൈവെച്ച് ആശ്വസിപ്പിക്കയാണ്. അപ്പോഴാണ് പാറുകുട്ടി ചായയുമായി വരുന്നത്. അവൾക്ക് ചിരി വരുന്നുണ്ട്. അവൾ അതു കണ്ടില്ലെന്ന ഭാവത്തിൽ മുഖം തിരിച്ച് കൈകൊണ്ട് കണ്ണുപൊത്തി, ചായ ജോസഫേട്ടന്റെ അടുത്തുള്ള ടീപോയിമേൽ വച്ച് പോകുന്നു. അതു കാണുന്ന ജോസഫേട്ടൻ ചിരിക്കുന്നു.

ത്രേസ്യാമ്മ: (ഇതൊന്നും കാണാത്തതുകൊണ്ട് ജോസഫേട്ടൻ ചിരിയുടെ കാരണം അറിയുന്നില്ല) നിങ്ങൾക്ക് ചിരിയാണ്. എന്റെ സങ്കടമെന്താണെന്ന് നിങ്ങൾക്കറിയ്യോ?

ജോസഫേട്ടൻ: കൊച്ചു ത്രേസ്യേ, അവൻ എന്നോടു സംസാരിച്ചു. എന്താ ആ ചാവക്കാട്ടുകാരന്റെ പേര്. അവൻ പറയുന്നതുകൂടി നീ കേൾക്ക്. ഈ മുന്തിരിയൊക്കെ വരണത് ഉത്തരേന്ത്യയീന്നാ. അവിട്ന്ന്ള്ള യാത്രക്കൂലീം ടാക്സും കൂലിക്കാരടെ ചാർജ്ജും ഒക്കെ കൂട്ടിയാൽ ഇവർക്കു വരും കിലോവിന്ന് പതിനഞ്ച്, പതിനെട്ട് രൂപ. ആ സാധനം കിലോവിന്ന് ഇരുപത്തഞ്ചായി കൊടുത്താ കിലോവില് അഞ്ചെട്ടുരൂപ തടയും. അങ്ങനെ പത്തിരുപത് കിലോ വിറ്റാൽ എന്തു കിട്ടും. അതോണ്ടൊന്നും അയാള് പണക്കാരനാവില്ല. പിന്നെ കിലോവിന് ഇരുപത്തഞ്ചൊന്നും ആരും കൊടുക്കില്ല. നീ കൊടുത്തോ? ഇല്ലല്ലോ. അപ്പൊപ്പിന്നെ ആയാളെന്താ ചെയ്യ്വാ? നൂറു ഗ്രാം തൂക്കം കൊറച്ചാലും ആയാക്ക് ഇരുപത്തഞ്ചൊന്നും കിട്ടുകേല. സാധനങ്ങടെ വെലേല് പെശങ്ങണതും, തൂക്കം കൊറക്കണമാതിരിത്തന്നെ ചീത്ത്യാണ് കൊച്ചു ത്രേസ്യേ. പലപ്പോഴും നമ്മള് അവരടെ വെല കൊറക്കുമ്പഴാണ് അവര് തൂക്കോം കൊറക്കണത്. അതു നീ മനസ്സിലാക്ക്.

ജോസഫേട്ടന്റെ സംസാരം തുടർന്നുകൊണ്ടിരിക്കുമ്പോൾ ത്രേസ്യാമ്മയുടെ മുഖഭാവം മാറുന്നു. ക്രമേണ മുഖത്തെ ശോകഭാവം മാറുന്നു.

ജോസഫേട്ടൻ തുടരുന്നു: അയാക്കടെ പെമ്പ്രന്നോരും നാലു മക്കളുംണ്ട് നാട്ടില്. അയാള് നാലു

കാശുണ്ടാക്കീട്ടു വേണം ആ പാവങ്ങൾക്ക് കഞ്ഞി കുടിക്കാൻ. ആ പാവങ്ങള് എങ്ങനേങ്കിലും പെഴച്ചുപോട്ടെ കൊച്ചു ത്രേസ്യേ.

ത്രേസ്യാമ്മ തിരിഞ്ഞിരിക്കുന്നു. ടീപോയിമേൽ വെച്ച ചായ കാണുന്നു.

ത്രേസ്യാമ്മ: നിങ്ങ ചായ കുടി.

പാറുകുട്ടി ഒരു പ്ലെയ്റ്റിൽ മുന്തിരിങ്ങയുമായി വന്ന് ത്രേസ്യാമ്മയ്ക്കു കൊടുക്കുന്നു. അപ്പോഴും മുഴുവൻ മൂഡിലെത്തിയിട്ടില്ലാത്ത ത്രേസ്യാമ്മ അതു നിരസിക്കുന്നു.

ജോസഫേട്ടൻ: എടീ ഇങ്ങു കൊണ്ടുവാ. ഞാനൊന്ന് കൊടുത്തു നോക്കട്ടെ.

ജോസഫേട്ടൻ പ്ലെയ്റ്റ് പാറുകുട്ടിയുടെ കയ്യിൽ നിന്നു വാങ്ങുന്നു. അതിലൊരെണ്ണം എടുത്ത് ത്രേസ്യാമ്മയുടെ വായിൽ വച്ചുകൊടുക്കുന്നു. അവർ നാണം കൊണ്ട് തല തിരിക്കുന്നു. കാണുന്നത് കണ്ണുംപൊത്തി കൈവിരലിലൂടെ ഈ കാഴ്ച കണ്ട് ആസ്വദിക്കുന്ന പാറുകുട്ടിയെയാണ്.

ത്രേസ്യാമ്മ: (നാണം നിറഞ്ഞ ചിരിയോടെ) നീ പോടി.

പാറുകുട്ടി അകത്തേയ്ക്കോടുന്നു.

സീൻ 15:

രാത്രി. ത്രേസ്യാമ്മയുടെ കിടപ്പറ. ജോസഫേട്ടൻ ഒരു വശം തിരിഞ്ഞ് ഉറങ്ങുകയാണ്. ത്രേസ്യാമ്മ കിടക്കയിൽ മുട്ടുകുത്തി പ്രാർത്ഥനയാണ്. കുറച്ചുനേരമായി പ്രാർത്ഥന തുങ്ങിയിട്ട് എന്ന പ്രതീതി ഉണ്ടാക്കണം.

ത്രേസ്യാമ്മ: കർത്താവേ വല്ലാത്തൊരു ദെവസായി ഇന്നത്തെത്. എന്തിനാണ് എന്നെക്കൊണ്ട് ഇങ്ങനത്തെ വിഡ്ഢി വേഷം കെട്ടിക്കണത്. അയാള് നൂറു ഗ്രാം കൊറച്ചതിനല്ല എനിക്കു ദേഷ്യം പിടിച്ചത്. ജോമോൻ കൊണ്ടുവന്ന തുലാസ് ശരിയല്ലെന്നു പറഞ്ഞ് എന്നെ പറ്റിച്ചിതിലാണ്. ഇപ്പോ ഞാൻ എവിടെയുമല്ലാത്ത പരുവത്തിലായി. ഞാനിനി കോളനീല്ത്തെ പിള്ളാര്ടെ മൊകത്ത് എങ്ങിനെ നോക്കും?

ഒരു ശബ്ദം: അതൊന്നും സാര്യംല്ല്യ കൊച്ചുത്രേസ്യേ, ഞാൻ അതിലുമധികം അപമാനം സഹിച്ചവനല്ലെ?

ത്രേസ്യാമ്മ:(തിരിഞ്ഞ് നോക്കാതെ) അച്ചായന് അങ്ങിനെയൊക്കെ പറയാം. ഒക്കെ സഹിച്ചത് ഞാനല്ലെ. എന്തൊക്കെ കോമാളി വേഷാ ഞാനിന്ന് കെട്ടിയത്? ഒക്കെക്കഴിഞ്ഞ് വീട്ടീ വന്നപ്പോ.....

ഒരു ശബ്ദം: അവർ മുൾക്കിരീടം മെടഞ്ഞ് എന്നെ അണിയിച്ച് 'യഹൂദരുടെ രാജാവേ, സ്വസ്തി!' എന്നു പറഞ്ഞു. അവർ എന്റെ മേൽ തുപ്പി....

ത്രേസ്യാമ്മയുടെ മുഖത്ത് അമ്പരപ്പ്. അവർ തന്നത്താൻ പറയുന്നു.

ത്രേസ്യാമ്മ: (സ്വയം പറയുന്നു) മുൾക്കിരീടോ? അച്ചായനോ? അച്ചായൻ ഒരു ഗാന്ധിത്തൊപ്പികൂടി വെച്ചിട്ടില്ലല്ലോ.

ത്രേസ്യാമ്മ സാവധാനത്തിൽ വലത്തോട്ട്, അതായത് ജോസഫേട്ടൻ കിടക്കുന്നിടത്തേയ്ക്കു ഇടംകണ്ണിട്ട് നോക്കുന്നു. അച്ചായൻ നല്ല കൂർക്കം വലിച്ച് ഉറങ്ങുന്ന ഷോട്ട്. കുറച്ചുനേരമായി ഉറങ്ങാൻ തുടങ്ങിയിട്ടെന്ന് സ്പഷ്ടം. സംസാരിച്ചത് ജോസഫേട്ടനല്ലെന്ന് ഭയത്തോടെ അമ്പരപ്പോടെ അവർ മനസ്സിലാക്കുന്നു. അവർ പെട്ടെന്ന് ഞെട്ടുന്നു. ചുവരിൽ വച്ചിട്ടുള്ള കർത്താവിന്റെ ചിത്രത്തിൽ ഭയത്തോടെ നോക്കുന്നു. തുടർച്ചയായി കുരിശു വരക്കുന്നു.

ത്രേസ്യാമ്മ: രാജാക്കന്മാരുടെ രാജാവേ അവിടുത്തേയ്ക്ക് സ്തുതി.

**End of Part II**
**End of Episode 7**

BACK TO INDEX

*Episode 8*

## ഒരു സമരിയക്കാരിയുടെ പ്രശ്നങ്ങൾ

ഈ  എപ്പിസോഡിലേയ്ക്കു വേണ്ട കഥാപാത്രങ്ങൾ

ജോസഫേട്ടൻ
ത്രേസ്യാമ്മ
പാറുകുട്ടി
നഴ്സറിയിലെ കുട്ടികൾ
നളിനി
ജലജ
സാരിക്കടയിലെ സേയ്ൽസ്ഗേൾസ്
റസ്റ്റോറണ്ടിലെ കാഷിയർ
റസ്റ്റോറണ്ടിലെ കസ്റ്റമേഴ്സ്
(കോളേജ് കുട്ടികൾ, ഗർഭിണി, ഭർത്താവ്)
നാൽപതു വയസ്സായ പാവം സ്ത്രീ
അവരുടെ മകൾ, എട്ടു വയസ്സ

ടൈറ്റിൽ സീൻ:
ത്രേസ്യാമ്മയുടെ വീടിന്റെ പൂമുഖം. രാവിലെ 10 മണി. കുട്ടികൾ അവിടവിടെയായി ഇരുന്ന് കളിക്കുന്നുണ്ട്. ത്രേസ്യാമ്മ മേശക്കരികെ ഇരുന്ന് ഒരു കടലാസിൽ എന്തോ കാര്യമായി എഴുതുകയാണ്.  നളിനി വരുന്നു. എന്തോ പറയുന്നു, ഒപ്പം കുറച്ച് നോട്ടുകളും ത്രേസ്യാമ്മയ്ക്ക് കൊടുക്കുന്നു. ത്രേസ്യാമ്മ നോട്ടുകൾ വാങ്ങി കടലാസിൽ കുത്തിക്കുറിക്കുന്നു. വീണ്ടും സംസാരിക്കുന്നു. ജോസഫേട്ടൻ കുറച്ചപ്പുറത്ത് സോഫയിലിരുന്ന് ഇതെല്ലാം ശ്രദ്ധിക്കുന്നുണ്ട്. അദ്ദേഹത്തിന് അത് വളരെയൊന്നും ഇഷ്ടമാവുന്നില്ല.
ടൈറ്റിൽ സീൻ കഴിഞ്ഞു.
സീൻ 1:
ജലജ വരുന്നു. കയ്യിൽ ഒരു നോട്ടുണ്ട്.
ത്രേസ്യാമ്മ: അപ്പൊ നീയല്ലെ പറഞ്ഞത് ഈയാഴ്ച ഒന്നും വേണ്ടെന്ന്.
ജലജ: എന്തായാലും ആന്റി ടൗണീ പോവ്വല്ലേ. എനിക്കെ;രു....(സോഫയിലിരിക്കുന്ന ജോസഫേട്ടനെ നോക്കുന്നു. ജോസഫേട്ടൻ ശ്രദ്ധിക്കുന്നില്ല.) എനിക്കൊരു 36 സൈസ് വേണം. കഴിഞ്ഞതവണ ആന്റി കൊണ്ടുവന്നത് മുപ്പത്തിനാലാന്നു തോന്നുന്നു.
ത്രേസ്യാമ്മ: അല്ലെടീ 36 തന്നാ. നീ പിന്നേം തടിച്ചിട്ടൊണ്ട്. അതാ പാകാവാത്തത്?
അതുവരെ ശ്രദ്ധിക്കാതിരുന്ന ജോസഫേട്ടൻ ഈ ഡയലോഗ് ശ്രദ്ധിക്കുന്നു. ജലജ അല്പം അസ്വസ്ഥയായി

ജോസഫേട്ടനെ നോക്കുന്നു. ജോസഫേട്ടൻ മുഖം തിരിക്കുന്നു.
ത്രേസ്യാമ്മ: വെല കൊറഞ്ഞത് തന്നെ മത്യോടീ.
ജലജ: (പതുക്കെ) മതി ആന്റീ.
ത്രേസ്യാമ്മ നോട്ട് വാങ്ങി വയ്ക്കുന്നു. എഴുതിക്കൊണ്ടിരുന്ന കടലാസ്സിൽ കുറിച്ചു വയ്ക്കുന്നു. ജലജ പോകുന്നു. പോകുന്ന പോക്കിൽ അവൾ ജോസഫേട്ടനെ നോക്കുന്നു. അതേ സമയത്തുതന്നെ ജോസഫേട്ടനും അവളെ നോക്കുകയാണ്. അയാൾ മുഖം തിരിക്കുന്നു.
അവൾ പോയെന്നുറപ്പായപ്പോൾ ജോസഫേട്ടൻ സംസാരിക്കുന്നു.
ജോസഫേട്ടൻ: അവൾക്കെന്താ വേണ്ടത്?
ത്രേസ്യാമ്മ: അതേയ്, ഒന്നുംല്ല്യ.
ജോസഫേട്ടൻ: എന്തോ സൈസിന്റെ കാര്യോക്കെ പറേണത് കേട്ടല്ലോ.
ത്രേസ്യാമ്മ: ഒന്നുംല്ല്യ, അതൊക്കെ പെണ്ണുങ്ങൾക്ക് വേണ്ട കാര്യങ്ങളാണ്. ഒന്നും അറീല്ല്യ. ഭാര്യക്ക് കാലാകാലത്ത് ഓരോ സാധനങ്ങള് വാങ്ങിക്കൊടുക്കാത്തോണ്ടാണ് ഇതൊന്നും മനസ്സിലാവാത്ത്.
ജോസഫേട്ടൻ: നോക്ക് കാര്യം എന്തായാലും പന്ത്രണ്ട് മണിക്ക് മുമ്പെ ഇങ്ങെത്തണം. പിള്ളാരെ ഒക്കെ എന്റെ മണ്ടയ്ക്കിട്ടുകൊണ്ടാ പോക്ക്.
പാറുകുട്ടി അകത്തുനിന്ന് വരുന്നു. കയ്യിൽ ഒന്നുരണ്ടു പാത്രങ്ങളും പാൽക്കുപ്പിയും ഉണ്ട്. അവ മേശപ്പുറത്ത് വച്ചുകൊണ്ട് ജോസഫേട്ടനോട്.
പാറുകുട്ടി: ജോസഫേട്ടാ കൊച്ചുകുഞ്ഞിന്റെ പാല് ഇവിടെ വച്ചിട്ടൊണ്ട്. പതിനൊന്ന് മണിക്ക് കൊടുക്കണം. പന്ത്രണ്ട് മണിക്ക് കുറുക്കീത് കൊടുക്കണം. തളപ്പിച്ച പാല് അടുക്കളേല് ഫ്ളാസ്കില് വച്ചിട്ടൊണ്ട്.
ജോസഫേട്ടൻ: അതൊക്കെ നിങ്ങള് വന്നട്ട് കൊടുത്താ മതി.
ത്രേസ്യാമ്മ: അയ്യോ കൊടുക്കണേ. ഞങ്ങളെങ്ങാനും വൈകിയാല് കുഞ്ഞ് വെഷമിക്കും. കോളനീലെ ഒരുമാതിരി എല്ലാ പിള്ളാരും സാധനങ്ങള് വാങ്ങാൻ ഏൽപ്പിച്ചിട്ടുണ്ട്.
ജോസഫേട്ടൻ: (ദേഷ്യം പിടിച്ചുകൊണ്ട്) നിന്റെ ഒരു കോളനി പിള്ളാര്. എന്തിനാ നീ അവർക്കൊക്കെ സാധനങ്ങള് വാങ്ങിക്കൊടുക്കണത്. അവര് സ്വന്തം പോയി വാങ്ങട്ടെ.
ത്രേസ്യാമ്മ: (മയത്തിൽ) എന്താന്നേയ്. ഞാൻ ഏതായാലും പോണ്ണ്ട്. അപ്പൊ അവർക്കുള്ളതുകൂടി വാങ്ങിയാൽ എന്താ നഷ്ടം. പാവങ്ങൾക്ക് കോൺവെന്റ് ജങ്ക്ഷനിൽ പോയി വരാൻ ചെലവെന്തുണ്ട്?
പാറുകുട്ടി: ചോറും മീൻ കറീം ണ്ടാക്കി വച്ചിട്ടൊണ്ട്. പപ്പടം വറുത്തത് ടിന്നിലടച്ചുവച്ചിട്ടൊണ്ട്. പിന്നെ.....
ജോസഫേട്ടൻ: (അവൾക്കു പാറയാനിട കൊടുക്കാതെ) കാബേജ് തോരൻ സ്റ്റീൽ പാത്രത്തില് അടച്ചു വച്ചിട്ടൊണ്ട്..... ഒന്നു വേഗം പോയി വരുന്നുണ്ടോ?
ഇവിടെ കാബേജ് തോരൻ എന്ന് രണ്ടുപേരും ഒരേ സമയത്ത് പറയണം. ജോസഫേട്ടനും അതുതന്നെ പറയുമ്പോൾ പാറുകുട്ടി നിർത്തി നാവു കടിക്കുന്നു.
സജീ: ആന്റീ പൊറത്ത് പോവ്വാണോ?
ത്രേസ്യാമ്മ: അതേ മക്കളെ, നിങ്ങള് നല്ല കുട്ടികളായി കളിക്കണം. അപ്പൂപ്പനെ ഒപദ്രവിക്കരുത്.
സജി: ഇല്ല, അപ്പൂപ്പൻ ഞങ്ങക്ക് മിട്ടായി തരും.
പാറുകുട്ടി: (ചിരിച്ചുകൊണ്ട് തലയാട്ടി) അതു ശരി, അതാണല്ലെ സൂത്രം. അമ്മച്ചീ, നമ്മള്ള്ളപ്പോ പിള്ളാര് ശാഠ്യം പിടിച്ചാല് നല്ല വാക്ക് പറഞ്ഞ് സമാധാനിപ്പിക്ക്യാ. ജോസഫേട്ടൻ ഒറ്റക്ക്ള്ളപ്പോ എളുപ്പപ്പണീം.
ത്രേസ്യാമ്മ: (മനസ്സിലാവാതെ) അതെന്താണ് പെണ്ണേ എളുപ്പപ്പണീ?
പാറുകുട്ടി: ഈ അമ്മച്ചിക്കൊന്നും മനസ്സിലാവില്ല. വാ, പോവ്വാ.
പാറുകുട്ടി നടക്കുന്നു. ത്രേസ്യാമ്മ എഴുന്നേൽക്കുന്നു.
ത്രേസ്യാമ്മ: ഇതാ, ഞാൻ പോണേണ്.
കുട്ടികളെല്ലാവരും കൂടി ടാറ്റാ പറയുന്നു. കൊച്ചുകുഞ്ഞ് ദിവാനിൽ ഉറങ്ങുന്നത് കാണാം.
ത്രേസ്യാമ്മ വാതിൽക്കലെത്തി തിരിഞ്ഞ് നോക്കിക്കൊണ്ട്:
ത്രേസ്യാമ്മ: കൊച്ചുകുഞ്ഞിനെ നല്ലോണം നോക്കണേ.
ജോസഫേട്ടൻ: താനൊന്ന് വെക്കം പോയി വന്നേച്ചാൽ മതി.
സീൻ 2:
ഒരു ഇടത്തരം സാരിക്കട. ഒരു കുന്നു സാരികളുടെ മുമ്പിൽ തീരുമാനമെടുക്കാനാവാതെ ഇരിക്കുന്ന ത്രേസ്യാമ്മ. അടുത്തു തന്നെ പാറുകുട്ടി.
ത്രേസ്യാമ്മ: (പാറുകുട്ടിയോട്) മോളെ ശൈലജ പറഞ്ഞത് ഓറഞ്ചില് ചൊമന്ന പൂക്കള്ള്ള സാരീന്നാണോ, അതോ ചോപ്പില് ഓറഞ്ച് പൂക്കള്ള്ള് സാരീന്നാണോ?
പാറുകുട്ടി: ആ അറിയാമ്പാട്ല. ആ സാധനം ഒരു ടൈപ്പാ. നമ്മള് ഇത്രേം കഷ്ടപ്പെട്ട് സാരി വാങ്ങികൊണ്ടേ കൊടുക്കും. അതു കിട്ട്യാല് പിന്നെ കുറ്റം പറച്ചിലാ. ആന്റി ഇതിന്റെ എഴ സുഖല്ല്യ. ഈ കളറല്ല

ഞാനുദ്ദേശിച്ചത്, കൊറച്ചുകൂടെ ഡാർക്കാ വേണ്ടീര്ന്നത്.
സാരിക്കൂമ്പാരത്തിനു പുറകിൽ ഇരിക്കുന്ന രണ്ടു സേയ്ൽസ് ഗേൾസ്  മുഖത്തോടുമുഖം നോക്കുന്നു.
ത്രേസ്യാമ്മ: അപ്പോ നമക്ക്  ഒന്നുകൂടി ചോദിച്ചിട്ട് വാങ്ങാം അല്ലെടീ?
പാറുകുട്ടി: അതാ നല്ലത് അമ്മച്ചീ.
ത്രേസ്യാമ്മ എഴുന്നേൽക്കുന്നു. പാറുകുട്ടിയും. സേയ്ൽസ് ഗേൾസ് അർത്ഥം വച്ച് ചിരിക്കുന്നു.
സീൻ 3:
സാരിക്കടക്കു പുറത്ത്. എങ്ങോട്ടു പോകണമെന്ന് തീർച്ചയില്ലാതെ നിൽക്കുകയാണ്. പിന്നെ സാവധാനത്തിൽ നടന്നു നീങ്ങുന്നു. നടന്നുകൊണ്ട് സംസാരം.
ത്രേസ്യാമ്മ: എടീ എനിക്ക് ഓർമ്മല്ല്യാഞ്ഞിട്ടൊന്നും അല്ല.  ശൈലജ പറഞ്ഞത് ഓറഞ്ചില് ചൊമന്ന പൂക്കള്ന്ന് തന്ന്യാ.  എനിക്കാ കടേന്ന് വാങ്ങാൻ താല്പര്യാണ്ടായിര്ന്നില്ല്യ. എന്തൊരു ഭാവമാണ് ആ പെൺകൊച്ചിന്. ഒരു സാരിയെടുത്തു കാണിക്കാൻ പറഞ്ഞാൽ അതിന്റെ ഭാവമൊന്നു കാണണം. മോന്തക്കിട്ട് ഒന്നു കൊടുക്കാൻ തോന്നും.
പാറുകുട്ടി: ശരിയാ അമ്മച്ചീ. അതിന്റെ ഭാവം കണ്ടാൽ തോന്നും അവളാണ് കടേടെ ഒടമസ്ഥാന്ന്.
ത്രേസ്യാമ്മ: നോക്ക് ഞാനീ ചട്ടയ്ക്കു പകരം ഒരു പട്ടുസാരിയും ഉടുത്ത് മൊഖത്ത് ചായോം തേച്ച് ചെന്നാൽ അവള് ഷാപ്പില്ത്തെ സാരികള് മുഴുവൻ നമ്മടെ മുമ്പില് വാരിയിടും.
പാറുകുട്ടി: ശരിയാ അമ്മച്ചീ, നമ്മള് സാരി നോക്ക്യോണ്ടിരിക്കുമ്പൊ ഒരു പൊങ്ങച്ചക്കാരി വന്നപ്പൊ എന്തായിരുന്നു അവള്ടെ വെപ്രാളം !
ത്രേസ്യാമ്മ: അല്ലേ? എടീ പണക്കാരെ മാത്രെ ആൾക്കാര് വെലവെക്കു. അവരവരെപ്പോലെള്ളോരെ ആർക്കും വെലല്ല്യ.
പാറുകുട്ടി: അമ്മച്ചിക്ക് എന്നതാ പണംല്ല്യാഞ്ഞിട്ടാ.
ത്രേസ്യാമ്മ: അല്ല പെണ്ണെ, പണംണ്ടാവല്ല കാര്യം. പണംണ്ട്ന്ന് മറ്റുള്ളവരെ ബോദ്ധ്യപ്പെട്ത്ത്വാണ് വേണ്ടത്. നീ നോക്ക്യോ,  ആ പെമ്പ്രന്നോര് അവ്ട്ന്ന് ഒരൊറ്റ സാരി എടുത്തില്ല. എല്ലാറ്റിന്റീം വെല നോക്കി പോയി, അത്രതന്നെ. ഇനി വല്ല വല്ല്യ ഷാപ്പില് പോയി ഒരു സാരിയും എടുത്ത് അയൽക്കാരോടൊകെ വീമ്പും പറയും. ഈ ഷാപ്പീന്നൊക്കെ വാങ്ങീന്ന് പറഞ്ഞാൽ അവക്ക് മാനക്കെടല്ലെ?
പാറുകുട്ടി: ശര്യാ അമ്മച്ചീ.
ത്രേസ്യാമ്മ: (പെട്ടെന്ന് നിന്നുകൊണ്ട്) സമയം എത്ര്യായി പെണ്ണേ?
പാറുകുട്ടി: പന്ത്രണ്ട് നാല്പ്പത്തിയാറ്, അമ്മച്ചീ.
ത്രേസ്യാമ്മ: പന്ത്രണ്ട് നാല്പ്പത്തിയാറ്?
പാറുകുട്ടി: (വാച്ചിൽത്തന്നെ നോക്കിക്കൊണ്ട്) അതേ അമ്മച്ചീ, ഇതാ ഇപ്പൊ നാല്പ്പത്തേഴാവും?
ത്രേസ്യാമ്മ ചുമൽ കുലുക്കുന്നു. അവർക്ക് ഡിജിറ്റൽ ലോകത്തിന്റെ മായകൾ മനസ്സിലാവുന്നില്ല.
ത്രേസ്യാമ്മ: ഇനി എന്തോരം സാധനങ്ങള് വാങ്ങാൻ കെടക്കുണു. അപ്പോ നമ്മക്ക് ഭക്ഷണം കഴിക്കേണ്ടേ?
പാറുകുട്ടി: (ഉടനെത്തന്നെ പറയുന്നു) വേണം അമ്മച്ചീ.
ത്രേസ്യാമ്മ: (എന്തോ ആലോചിച്ചുറപ്പിച്ച പോലെ) ഞാൻ നിന്നെ ഒരു നല്ല ഹോട്ടലില് കൊണ്ടുപോവാം. ജോസ് ജങ്ക്ഷനില് ഒരു നല്ല ഹോട്ടല്ണ്ട്. അവിടെ കൊണ്ടോവാം. പോണ വഴിക്ക് ബാക്കിള്ളതും കൂടി വാങ്ങാം, പോരെ?
പാറുകുട്ടി: മതി അമ്മച്ചീ.
സീൻ 4:
വേറൊരു സാരിഷോപ്പിൽനിന്ന് ത്രേസ്യാമ്മയും പാറുകുട്ടിയും ഇറങ്ങുന്നു. കയ്യിൽ ആ ഷോപ്പിന്റെ ബാഗുണ്ട്. ത്രേസ്യാമ്മയുടെ മുഖത്ത് സന്തോഷം.
ത്രേസ്യാമ്മ: നല്ല പെരുമാറ്റം അല്ലേ.
പാറുകുട്ടി: അതേ അമ്മച്ചീ. അതോണ്ട് അവർക്ക് ഗുണംണ്ടായി. മുന്നൂറു രൂപേടെ ഒരു സാരി വിറ്റില്ല്യേ?
ത്രേസ്യാമ്മ: അത് തന്നേ.....
പാറുകുട്ടി: അമ്മച്ചീ ഇനി വല്ലതും കഴിച്ചിട്ട് മതി ബാക്കിയൊക്കെ വാങ്ങല്. വയറ് കത്തിത്തൊടങ്ങി.
ത്രേസ്യാമ്മ: നീ വാ.
സീൻ 5:
ത്രേസ്യാമ്മയും പാറുകുട്ടിയും നടന്നു വരുന്നു.
ത്രേസ്യാമ്മ: ജോമോൻ കഴിഞ്ഞ തവണ വന്നപ്പോ എന്റെ കണ്ണ് പരിശോധിക്കാൻ ഡോക്ടറ്ടെ അടുത്തു കൊണ്ടു പോയില്ലേ?
പാറുകുട്ടി: ആ അമ്മച്ചീ. എന്നിട്ട് അമ്മച്ചിയോട് കണ്ണട വെക്കണംന്ന് പറഞ്ഞ്.
ത്രേസ്യാമ്മ: ഇല്ലെടി, കണ്ണട വെക്കാനൊന്നും ആയിട്ടില്ലാന്നാ പറഞ്ഞത്. അന്ന് അവൻ എന്നെ ഒരു ഹോട്ടലില്

കൊണ്ടുപോയിരുന്നു. അവ്ടെ എങ്ങിന്യാച്ചാ നമ്മള് ആദ്യം പണം കൊടുത്ത് ബില്ല് വാങ്ങണം. എന്നിട്ട് ആ ബില്ലുംകൊണ്ട് അവര്ടെ അടുക്കളേപ്പോണം. അവിടെ തലേല് വെള്ള തൊപ്പിവച്ച കുശ്നിക്കാർണ്ടാവും. സാധനങ്ങള് അപ്പപ്പണ്ടാക്കിത്തരും. എന്തോരം സ്വാദാ.

പാറുകുട്ടി: അവിട്യ്യൊന്നും നമക്ക് പോണ്ടാ അമ്മച്ചീ. എനിക്ക് തൊപ്പി വെച്ചോരെ പേടിയാ. ഒരിക്കല് തൊപ്പിവച്ച ഒരാളെന്റെ പിന്നാലെ നടന്ന് ശല്യം ചെയ്തത്.

ത്രേസ്യാമ്മ: എന്നിട്ട് നീയെന്താ ആ കാര്യം എന്നോട് പറയാഞ്ഞത്?

പാറുകുട്ടി: ഞാമ്പറഞ്ഞിട്ടൊണ്ട്. അമ്മച്ചിക്ക് ഓർമ്മല്ല്യാഞ്ഞിട്ടാ. നമുക്ക് വല്ല ചെറിയ ഹോട്ടലീല് പോവാം.

ത്രേസ്യാമ്മ: നില്ല് പെണ്ണെ.

അവർ ഒരു റസ്റ്റോറണ്ടിനു മുമ്പിലെത്തിയിരിക്കുന്നു.

ത്രേസ്യാമ്മ: ഇത്തന്നെയാ സ്ഥലം.

ത്രേസ്യാമ്മ പറഞ്ഞത് കുറച്ചുറക്കെയായി. ചുറ്റുമുള്ളവർ അവരെ തുറിച്ചു നോക്കുന്നു. പാറുകുട്ടി ചമ്മുന്നു.

ത്രേസ്യാമ്മ: വാ പെണ്ണേ.

ത്രേസ്യാമ്മ മുമ്പിലുള്ള മാർബിൾ പടികൾ കൂസലില്ലാതെ കയറുന്നു. പാറുകുട്ടി, ഒരു നിമിഷം അന്തം വിട്ട് നിന്നശേഷം ത്രേസ്യാമ്മയുടെ പിന്നാലെ പോകുന്നു.

സീൻ 6:

കാഷ് കൗണ്ടറിന്റെ അടുത്ത് ത്രേസ്യാമ്മ നിൽക്കുന്നു. അല്പം പരിഭ്രമമുണ്ട്.

ത്രേസ്യാമ്മ: (താഴ്ന്ന സ്വരത്തിൽ) എടീ ഞാൻ ജോമോന്റെ ഒപ്പം വന്നപ്പോ ഒരു സാധനം കഴിച്ചു. നല്ല സ്വാദുള്ളതാ. എന്താ അതിന്റെ പേര്ന്ന് ഓർമ്മയില്ല.

പാറുകുട്ടി: അവരോട് ചോദിച്ചാ പോരെ അമ്മച്ചീ?

ത്രേസ്യാമ്മ: അവർക്കതൊക്കെ ഓർമ്മണ്ടാവ്വോ? മാസം അഞ്ചെട്ടു കഴിഞ്ഞില്ലേ.

പാറുകുട്ടി: അതല്ല അമ്മച്ചീ, അവരോട് ചോദിക്ക്യാ എന്തൊക്കെണ്ട്ന്ന്. അപ്പ അമ്മച്ചിക്ക് മനസ്സിലാവും.

കാമറ പാൻ ചെയ്ത് ഭക്ഷണം കഴിക്കുന്നവരിൽ ഒരു ചെറുപ്പക്കാരായ ദമ്പതികളിൽ തങ്ങി നിൽക്കുന്നു. പെൺകുട്ടി നാലോ അഞ്ചോ മാസം ഗർഭിണിയാണ്. അവൾ നൂഡിൽസ് സ്വാദോടെ തിന്നുകയാണ്. അവരുടെ മേശ കൗണ്ടറിനു വളരെ അടുത്താണ്.

ത്രേസ്യാമ്മയും പാറുകുട്ടിയും ക്യൂവിലാണ്.

ത്രേസ്യാമ്മ: അമ്മച്ചിക്ക് ഞാൻ ഒരുഗ്രൻ സാധനം വാങ്ങിച്ചുതരാം എന്നു പറഞ്ഞാണ് അവൻ അതു വാങ്ങിത്തന്നത്. ഉഗ്രൻ സാധനം എന്നൊക്കെ പറഞ്ഞാൽ അവർക്കു മനസ്സിലാകുമോ.

പാറുകുട്ടി: അമ്മച്ചി ചോദിച്ചു നോക്ക്.

ക്യൂവിൽ ത്രേസ്യാമ്മയുടെ ഊഴം എത്തുന്നു. ത്രേസ്യാമ്മ ധൈര്യപൂർവ്വം ഉറക്കെ ചോദിക്കുന്നു.

ത്രേസ്യാമ്മ: ഈ ഞാഞ്ഞൂലിനെപ്പോലത്തെ ഒരു സാധനം ഇല്ലെ. അതാ വേണ്ടത്?

കാഷിയർ: ഞാഞ്ഞൂലോ?

ഈ ഡയലോഗ് വളരെ അസാധാരണമായ ഒരു പ്രതികരണമാണ് ഗർഭിണിയായ പെൺകുട്ടിയിൽ ഉണ്ടാക്കുന്നത്. അവൾ പെട്ടെന്ന് വായ പൊത്തി ശർദ്ധിക്കാനായി വാഷ് ബേസിനിലേയ്ക്ക് ഓടുന്നു. ഭർത്താവും ഭക്ഷണം നിർത്തി പിന്നാലെ ഓടുന്നു.

ത്രേസ്യാമ്മ: (അവർ അതൊന്നും ശ്രദ്ധിക്കുന്നില്ല) അതേ ഈ മണ്ണിര പോലത്തെ ഒരു പലഹാരം ഇല്ലെ? അതാ വേണ്ടത്.

കാഷിയർ: ശരി, ശരി, മനസ്സിലായി. നിങ്ങൾക്ക് വേണ്ടത് നൂഡിൽസാണ്. എത്ര പ്ലേയ്റ്റ് വേണം?

ത്രേസ്യാമ്മ: രണ്ട്.

സീൻ 6എ:

വാഷ് ബേസിന്റെ അടുത്ത് ഭാര്യയുടെ പുറം തലോടുന്ന ചെറുപ്പക്കാരൻ. പെൺകുട്ടി ഓക്കാനിക്കുന്നു.

സീൻ 6ബി:

കാഷിയർ കാഷ് രജിസ്റ്ററിൽ ബില്ലടിക്കുന്നു. മെഷിന്റെ പിന്നിൽ പൊങ്ങിയ കടലാസ് തുണ്ട് ത്രേസ്യാമ്മയുടെ കൈയ്യിൽ കൊടുക്കുന്നു.

കാഷിയർ: അമ്പത്താറു രൂപ.

ത്രേസ്യാമ്മ: (ഒന്ന് ഞെട്ടിക്കൊണ്ട്) എത്ര?

കാഷിയർ: അമ്പത്താറ് രൂപ.

അവർ പഴ്സു തുറന്ന് നോട്ടുകൾ എടുത്തു കൊടുക്കുന്നു. കാഷിയർ ബാക്കി എടുക്കുമ്പോഴേയ്ക്ക് ത്രേസ്യാമ്മ ബില്ലെടുത്ത് പാറുകുട്ടിയുടെ കയ്യിൽ കൊടുക്കുന്നു.

ത്രേസ്യാമ്മ: എടീ, നീ ഇതൊന്ന് നോക്കിയേ, എത്ര രൂപയായി എന്ന്.

പാറുകുട്ടി: അമ്മച്ചിക്ക് നോക്കാൻ പാട്ലാ?

ത്രേസ്യാമ്മ: എന്തോരം ചെറുതാ, നീ വായിക്ക്.
പാറുകുട്ടി: അമ്മച്ചീ, ഇത് ഇംഗ്ലീഷാ.
ത്രേസ്യാമ്മ: എടീ അതില് അവസാനം എഴുതിയ തുക പറഞ്ഞാമതി.
പാറുകുട്ടി: അമ്പത്താറ്..... ശരിയാ അമ്മേച്ചീ.
ത്രേസ്യാമ്മ: എന്റീശോയേ!
ത്രേസ്യാമ്മയുടെയും പാറുകുട്ടിയുടെയും ഡയലോഗ് സാമാന്യത്തിലധികം ശബ്ദത്തിലായതുകൊണ്ട് ചുറ്റും ഉള്ളവർ അവരെ ശ്രദ്ധിക്കാൻ തുടങ്ങിയിരിക്കുന്നു.
കാഷിയർ കൊടുത്ത ചില്ലറ പഴ്സിലിട്ട് അവർ ഉള്ളിലേയ്ക്കു പോകുന്നു. പോകുന്ന വഴിയിലുള്ള ഒരു മേശക്കരികെ ഇരിക്കുന്ന കോളേജ് കുമാരികൾ ത്രേസ്യാമ്മയെ നോക്കി അർത്ഥം വച്ച് ചിരിക്കുന്നുണ്ട്. ത്രേസ്യാമ്മ പക്ഷേ അതൊന്നും ശ്രദ്ധിക്കുന്നില്ല. അവർ പഴയ ഓർമ്മ വച്ചുകൊണ്ട് പിന്നിലേയ്ക്കു നടക്കുകയാണ്.
സീൻ 6 സി:
കൗണ്ടറിൽനിന്ന് നൂഡിൽസിന്റെ പ്ലെയ്റ്റുമായി ത്രേസ്യാമ്മ മുന്നിലേയ്ക്കു വരുന്നു. പിന്നാലെ മറ്റൊരു പ്ലെയ്റ്റുമായി പാറുകുട്ടിയുമുണ്ട്. ഒഴിഞ്ഞ മേശ നോക്കി അവരെത്തുന്നത് ഗർഭിണിയായ ചെറുപ്പക്കാരിയും ഭർത്താവും ഇരിക്കുന്ന മേശക്കരികെയാണ്. പ്ലെയ്റ്റ് മേശമേൽ വച്ച് അവർ രണ്ടുപേരും ഇരിക്കുന്നു. മുമ്പിലുള്ള ചെറുപ്പക്കാരി നൂഡിൽസ് വിഷമത്തോടെ നോക്കുന്നു. ഉടനെത്തന്നെ വായപൊത്തി ശർദ്ധിക്കാനായി ഓടുന്നു.
ഭർത്താവ്: ഇനി ഇവിടെ ഇരുന്നാൽ ശരിയാവില്ല.
അയാൾ എഴുന്നേറ്റ് ഭാര്യയുടെ പിന്നാലെ പോകുന്നു.
ത്രേസ്യാമ്മ: (അദ്ഭുതത്തോടെ രണ്ടു പേരെയും നോക്കുന്നു) ആ കൊച്ചിന്ന് എന്തോ പറ്റിയിട്ടുണ്ട്, പാറുകുട്ടി.
പാറുകുട്ടി: ആ അമ്മച്ചീ, നേരത്തെ നമ്മള് ബില്ല് വാങ്ങുമ്പളും ഉണ്ടായി.
ഭക്ഷണം കഴിക്കാൻ തുടങ്ങുന്നു.
സീൻ 6 ഡി:
മേശപ്പുറത്ത് നൂഡിൽസിന്റെ ഒഴിഞ്ഞ പ്ലെയ്റ്റുകൾ ഒരു പയ്യൻ വന്ന് എടുത്തു കൊണ്ടുപോകുന്നു.
ത്രേസ്യാമ്മ: നീ ഇവിടെ ഇരിക്ക്. ഞാനൊരു ഐസ്ക്രീം വാങ്ങിക്കൊണ്ടുവരാം.
പാറുകുട്ടി: (വിശ്വാസമാവാത്തപോലെ) ഐസ്ക്രീമോ അമ്മച്ചീ?
ത്രേസ്യാമ്മ: ആടി, എന്തായാലും നല്ലൊരു ഹോട്ടലില് വന്നില്ലേ. ഒര് ഐസ്ക്രീമും കൂടി ആവട്ടെ.
ത്രേസ്യാമ്മ എഴുന്നേറ്റു പോകുന്നു. മേശയിൽ അവർക്കു മുമ്പിൽ ഒരമ്മയും നാലഞ്ചു വയസ്സുള്ള മകളും വന്നിരിക്കുന്നു.
ത്രേസ്യാമ്മ രണ്ട് പ്ലെയ്റ്റിൽ ഐസ്ക്രീമുമായി വരുന്നു. ഒരെണ്ണം പാറുകുട്ടിയുടെ മുമ്പിൽ വച്ച് കഴിക്കാൻ തുടങ്ങുന്നു. പിന്നിൽ ഭക്ഷണം കഴിച്ചുകൊണ്ടിരുന്ന പെൺകുട്ടികൾ എഴുന്നേറ്റ് പോകുകയാണ്. പോകുന്ന പോക്കിൽ അവർ ത്രേസ്യാമ്മയുടെ മുമ്പിൽ നിൽക്കുന്നു. അവൾ കുനിഞ്ഞു നിന്നുകൊണ്ട് ചോദിക്കുന്നു.
ഒരു പെൺകുട്ടി: ആന്റി ഏതു കോളേജിലാണ് പഠിക്കുന്നത്?"
ത്രേസ്യാമ്മ: (അദ്ഭുതത്തോടെ) കോളേജിലോ, ഞാനോ?
പെൺകുട്ടികൾ കുലുങ്ങിച്ചിരിച്ചുകൊണ്ട് പോവുന്നു.
ത്രേസ്യാമ്മ: എന്നെ കണ്ടാൽ അങ്ങിനെയൊക്കെ തോന്ന്വോ പാറുകുട്ടി?
ചിരിയടക്കാൻ പാടുപെടുന്ന പാറുകുട്ടി.
പാറുകുട്ടി: അമ്മച്ചി ശരിക്കുള്ള മറുപടിയാണ് കൊടുത്തത്.
ത്രേസ്യാമ്മ: ഊം, എന്തേ?
പാറുകുട്ടി: ടിവീല് സിനിമടെ എടേല് പരസ്യം വരുമ്പോ അമ്മച്ചി എഴുന്നേറ്റു പോകാറില്ലേ. അതോണ്ട് പറ്റണതാ.
ത്രേസ്യാമ്മ: (ഒന്നും മനസ്സിലാവുന്നില്ല) എന്തൊക്കെയാണ് പെണ്ണെ നീ പറേണത്?
കാമറ മുമ്പിൽ ഭക്ഷണം കഴിക്കുന്ന അമ്മയുടെയും മകളുടെയും നേർക്ക്. അമ്മ ഉടുത്തിരിക്കുന്നത് സാധാരണ കോട്ടൺ സാരിയാണ്. കഴുത്തിൽ ഒരു നേരിയ സ്വർണ്ണമാല മാത്രം. മകളും ഉടുത്തിരിക്കുന്നത് സാധാരണ ഫ്രോക്കാണ്. കണ്ടാൽത്തന്നെ മനസ്സിലാവും അവർ പാവപെട്ടവരാണെന്ന്.
അമ്മ: മോള് ഇവിടിരിക്ക്. ദോശയായിട്ടുണ്ടാവും. അമ്മ പോയി എടുത്തു കൊണ്ടുവരാം.
മകൾ നിരുത്സാഹത്തോടെ താടിക്കു കൈ കൊടുത്ത് ഇരിക്കുന്നു. ഇടക്ക് തല ചൊറിയുന്നുമുണ്ട്.
ത്രേസ്യാമ്മ അവളെ ശ്രദ്ധിക്കുന്നു.
ത്രേസ്യാമ്മ: എന്താ മോള്ടെ പേര്?
കുട്ടി: ശാലിനി.

ത്രേസ്യാമ്മ: (പാറുകുട്ടിയോട്, താഴ്ന്ന ശബ്ദത്തിൽ) പാവങ്ങളാന്ന് തോന്നുണു. ഉടുപ്പൊക്കെ കണ്ടാലറിയാം.
അമ്മ ദോശയുമായി വരുന്നു. പ്ലെയ്റ്റ് മേശപ്പുറത്തുവച്ച് അവർ കഴിക്കാൻ തുടങ്ങുന്നു. ത്രേസ്യാമ്മ അവരെ നോക്കി ചിരിക്കുന്നു.
ത്രേസ്യാമ്മ: മോക്ക് നല്ല വെശപ്പൊണ്ടെന്ന് തോന്നുണു.
അമ്മ: സ്കൂളിൽനിന്ന് വന്നപ്പോ തൊടങ്ങീതാ ദോശ വേണംന്ന് പറഞ്ഞ് വാശി. ഞാനെവിട്ന്ന് ദോശ കൊടുക്കാനാ. വീട്ടില് മാവൊന്നുംല്ല്യ.
ത്രേസ്യാമ്മയുടെ മുഖത്ത് ദുഃഖം. അവർ കുട്ടിയെ അനുകമ്പാപൂർവ്വം നോക്കുന്നു. താൻ നുണഞ്ഞു കൊണ്ടിരിക്കുന്ന ഐസ്ക്രീം നോക്കുന്നു. അവളോട് ചോദിക്കുന്നു.
ത്രേസ്യാമ്മ: മോക്ക് ഐസ്ക്രീം വേണോ?
മകൾ വേണമെന്ന് തലകുലുക്കുന്നു.
അമ്മ: അയ്യോ, ഞാൻ വാങ്ങിക്കൊടുക്കാം.
ത്രേസ്യാമ്മ: അല്ലല്ല, ഇന്ന് ആന്റിയുടെ വകയാവട്ടെ ഐസ്ക്രീം. (പാറുകുട്ടിയോട്) മോളെ നീ പോയി ഒരു ഐസ്ക്രീം വാങ്ങിക്കൊണ്ടുവാ.
പാറുകുട്ടി ത്രേസ്യാമ്മ കൊടുത്ത 20 രൂപയുടെ നോട്ടുമായി ഓടുന്നു.
അമ്മ: വേണ്ടീര്ന്നില്ല്യ.
ത്രേസ്യാമ്മ: സാരല്ല്യാന്നേയ്. മോള് കഴിക്കട്ടെ.
സീൻ 6 ഇ:
പാറുകുട്ടി ഐസ്ക്രീമുമായി വരുന്നു. ത്രേസ്യാമ്മ ഐസ്ക്രീം കുട്ടിയുടെ മുമ്പിൽ വച്ചുകൊടുക്കുന്നു.
കുട്ടി: താങ്ക്സ് ആന്റി.
കുട്ടി ഉടനെ അതു തിന്നാൻ തുടങ്ങുന്നു. അതു നോക്കിക്കൊണ്ട് ത്രേസ്യാമ്മ എഴുന്നേൽക്കുന്നു. അമ്മ ചിരിക്കുന്നു. ത്രേസ്യാമ്മയും പാറുകുട്ടിയും റസ്റ്റോറണ്ടിന്റെ പടികൾ ഇറങ്ങുന്നു.
സീൻ 7:
ത്രേസ്യാമ്മയും പാറുകുട്ടിയും ഒരു കവലയിൽ നിൽക്കുകയാണ്.
ത്രേസ്യാമ്മ: വയറ് വല്ലാതെ നിറഞ്ഞു. ഇനി ഷോപ്പിങ്ങിനൊന്നും വയ്യ. ഒരു ഭാഗത്ത് കെടക്കണം. നമുക്ക് നേരെ വീട്ടീ പോവ്വാ.
പാറുകുട്ടി: അതെ അമ്മച്ചീ. ബാക്കിള്ള സാധനങ്ങളൊക്കെ അടുത്ത ആഴ്ച വാങ്ങാം.
ത്രേസ്യാമ്മ: നമുക്ക് ഒരു ഓട്ടോ പിടിച്ച് പോവാം. വേഗം വീട്ടിലെത്തൂലോ.
പാറുകുട്ടി: അത്വന്നെ അമ്മച്ചീ.
പാറുകുട്ടി ഓട്ടോവിനു വേണ്ടി ചുറ്റും നോക്കുന്നു. പെട്ടെന്ന് അവൾ ചൂണ്ടിക്കാട്ടിക്കൊണ്ടു പറയുന്നു.
പാറുകുട്ടി: ദേണ്ടേ അമ്മച്ചീ, അവര് വരുണൂ.
ത്രേസ്യാമ്മ: അവര് എങ്ങോട്ടാണ് പോണത്. നമ്മള് പോണ വഴിയിലാണെങ്കില് അവരീം കൂട്ടായിരുന്നു.
അവർ പക്ഷെ ത്രേസ്യാമ്മയെ കാണാതെ റോഡിന്റെ മറുവശത്തേയ്ക്കു കുറുകെ കടക്കുകയായിരുന്നു.
പെട്ടെന്ന് എന്തോ ഓർത്തപോലെ ത്രേസ്യാമ്മ പഴ്സെടുത്ത് തുറന്ന് നോക്കുന്നു. ഒരൊഴിഞ്ഞ ഓട്ടോവിനു വേണ്ടി കൈകാണിക്കുന്ന പാറുകുട്ടിയെ പിടിച്ചു വലിക്കുന്നു.
ത്രേസ്യാമ്മ: പാറുകുട്ടീ, നില്ല്, ഓട്ടോ വിളിക്കാൻ വരട്ടെ. നീ ഈ സഞ്ചിയൊന്ന് പിടിക്ക്.
പാറുകുട്ടി സഞ്ചി പിടിക്കുമ്പോൾ ത്രേസ്യാമ്മ പഴ്സിലുള്ള പണം പുറത്തെടുത്ത് എണ്ണി തിട്ടപ്പെടുത്തുകയാണ്. രണ്ടു രൂപയുടെ നോട്ടുകൾ രണ്ടെണ്ണം. ഒരെണ്ണം നടുവേ കീറിയതാണ്. രണ്ട് അമ്പതു പൈസ നാണ്യങ്ങൾ പിന്നെ കുറെ പത്തു പൈസ ഇരുപതു പൈസ നാണ്യങ്ങളും. എണ്ണിക്കഴിഞ്ഞ ശേഷം അവർ പാറുകുട്ടിയുടെ മുഖത്തേയ്ക്കു നോക്കുന്നു.
ത്രേസ്യാമ്മ: പാറുകുട്ടി, ഒരു കാര്യം പറഞ്ഞാൽ നെനക്ക് വെഷമാവോ.
പാറുകുട്ടി: എന്താ അമ്മച്ചീ?
ത്രേസ്യാമ്മ: ആ കൊച്ചിന് വേണ്ടി ഐസ്ക്രീം വാങ്ങാൻ നെന്റെ കയ്യിൽ തന്നില്ലേ ഒരു ഇരുപതിന്റെ നോട്ട്?
പാറുകുട്ടി: ആ അമ്മച്ചീ?
ത്രേസ്യാമ്മ: അത് അവസാനത്തെതായിരുന്നു. വേഗം ബസ് സ്റ്റോപ്പിലേയ്ക്കു നടന്നോ. നന്നായി ആ പെമ്പ്രന്നോരേം കൊച്ചിനീം വിളിക്കാതിരുന്നത്.
പാറുകുട്ടി: അത്യോ അമ്മച്ചീ?
ത്രേസ്യാമ്മ: കർത്താവ് മാനം കാത്തു. സാരല്ല്യ, ഓട്ടോവിന് പോകാൻ പറ്റീലെങ്കിലും ഒരു പാവപ്പെട്ട കുട്ടിക്ക് ഐസ്ക്രീം വാങ്ങിക്കൊടുക്കാൻ പറ്റീലോ.
പാറുകുട്ടി: അത്വന്നെ.
അത്വന്നെ എന്ന് പറഞ്ഞതും പാറുകുട്ടി നോക്കിയത് റോഡിന്റെ മറുവശത്ത്. അവിടെ കണ്ട കാഴ്ച അവളെ

സ്തബ്ദ്ധയാക്കി.
ത്രേസ്യാമ്മ: വാ പെണ്ണേ ബസ്സ്റ്റോപ്പിലേയ്ക്ക് നടക്കാം.
പാറുകുട്ടി അപ്പോഴും വാ പൊളിച്ച് നിൽക്കുകയാണ്.
ത്രേസ്യാമ്മ: എന്താ പെണ്ണേ?
പാറുകുട്ടി: ദേണ്ടേ, അമ്മച്ചീ നോക്ക്.
ത്രേസ്യാമ്മ, പാറുകുട്ടി ചൂണ്ടിക്കാട്ടിയ സ്ഥലത്തേയ്ക്ക് നോക്കുന്നു. അവിടെ ഒരു പുതിയ തിളങ്ങുന്ന സീലോ കാറിന്റെ ഡോർ തുറന്നുകൊണ്ട് നിൽക്കുന്നത് നേരത്തെ കണ്ട 'പാവപ്പെട്ട സ്ത്രീ'യാണ്. അവർ കയറി വാതിലടച്ചു മറുവശത്തുള്ള വാതിൽ മകൾക്ക് കയറാനായി തുറന്ന് പിടിക്കുന്നു. മകൾ കയറിയശേഷം വാതിലടച്ച് അവർ കാറോടിച്ച് ത്രേസ്യാമ്മയുടെയും പാറുകുട്ടിയുടെയും മുമ്പിലൂടെ പോകുന്നു.
അന്തം വിട്ടു നിൽക്കുന്ന ത്രേസ്യാമ്മ.
ത്രേസ്യാമ്മ: പാറുകുട്ടി, നീയെന്നെ ഒന്ന് നുള്ള്. ഞാൻ സ്വപ്നം കാണ്വാണോ?
പാറുകുട്ടി: അമ്മച്ചീനെ നുള്ളുവല്ല വേണ്ടത് ഇടിക്കുവാ.
സാവധാനത്തിൽ രണ്ടുപേരും പൊരിവെയിലത്ത് ബസ്സ്റ്റോപ്പിലേയ്ക്കു നടക്കുന്ന ഷോട്ട്.

**End of Episode 8**

BACK TO INDEX

*Episode 9*

## ആദ്യത്തെ കല്ലെറിയുമ്പോൾ

### Part I

ഈ എപ്പിസോഡിലേയ്ക്കു വേണ്ട കഥാപാത്രങ്ങൾ

ജോസഫേട്ടൻ
ത്രേസ്യാമ്മ
പാറുകുട്ടി
നഴ്സറിയിലെ കുട്ടികൾ
ഭവാനി
കല്യാണിയമ്മ
ഭവാനിയുടെ മകൾ (2-3 വയസ്സ്)
നളിനി
ദേവകി
കോളനിയിലെ സ്ത്രീജനങ്ങൾ (പത്തിരുപതു പേർ)
തുന്നക്കാരൻ

ടൈറ്റിൽ സീൻ:
ത്രേസ്യാമ്മയുടെ അടുക്കള. ത്രേസ്യാമ്മയും പാറുകുട്ടിയും പാചകത്തിലാണ്. ത്രേസ്യാമ്മ ജനലിൽക്കൂടി നോക്കുമ്പോൾ അയൽപക്കവുമായുള്ള മതിൽ കാണാം. നോക്കുമ്പോൾ മതിലിന്മേൽ ഒരു കുമ്പളങ്ങ കയറ്റി വച്ചപോലെ ത്രേസ്യാമ്മയ്ക്കു തോന്നുന്നു. അവർ വീണ്ടും നോക്കുന്നു. നുറുക്കുന്ന പച്ചക്കറി മേശമേൽ വെച്ച് അവർ പിൻവാതിലിലൂടെ പുറത്തേയ്ക്കിറങ്ങുന്നു. മുറ്റത്തെത്തിയിട്ടും അവർക്കത് ഒരു കുമ്പളങ്ങ പോലെ മാത്രമേ തോന്നുന്നുള്ളൂ. അവർ മതിലിന്നടുത്തേയ്ക്ക് ചെല്ലുന്നു. പകുതി വഴിയെത്തിയപ്പോഴാണ് അത് ഒരു വയസ്സായ സ്ത്രീയുടെ നരച്ച തലയാണെന്ന് മനസ്സിലാവുന്നുള്ളു. അത് അയൽപക്കത്തെ ഭവാനിയുടെ അമ്മായിയമ്മ കല്യാണിയാണ്. അവർ ത്രേസ്യാമ്മയെ വിളിക്കുകയാണ്.
ടൈറ്റിൽസ് കഴിഞ്ഞു.
സീൻ 1:
കല്യാണിയമ്മ: ശ്, ശ്, ശ്.
ത്രേസ്യാമ്മ അടുത്തു ചെല്ലുന്നു.
ത്രേസ്യാമ്മ: എന്റെ കണ്ണ് ! ഞാൻ ശരിക്കും വിചാരിച്ചത് മതിലിമ്മല് ഒരു കുമ്പളങ്ങ കയറ്റിവച്ചതാന്നാ.
കല്യാണിയമ്മ അതു ശ്രദ്ധിക്കുന്നില്ല. അവർ ത്രേസ്യാമ്മ അടുത്തു വരാൻ കാത്തു നിൽക്കയാണ്. അതിനായി അവർ ആംഗ്യം കാണിക്കുന്നുമുണ്ട്. വളരെ വയസ്സായ ഒരു സ്ത്രീയാണ്. അല്പം ചിന്നനുമുണ്ട്.
ത്രേസ്യാമ്മ: എന്താ കല്യാണിച്ചേച്ചീ?

കല്യാണിയമ്മ: (സ്വരം താഴ്ത്തി) നീയിങ്ങ് അടുത്തു വാ മോളെ.
ത്രേസ്യാമ്മ: എന്താണ്, പറ ചേച്ചീ.
കല്യാണിയമ്മ: നീയിങ്ങ് അടുത്തുവാ, ഒരു കാര്യം പറയാണ്ട്, ഭവാനി അമ്പലത്തിലേയ്ക്ക് പോയിരിക്ക്യാണ്.
ത്രേസ്യാമ്മ: എന്താ ചേച്ചീ?
കല്യാണിയമ്മ: നീയൊന്ന് വീട്ടിലോട്ടു വാ, ഞാമ്പറയാം. വെക്കം വരണം കെട്ടോ കൊച്ചു ത്രേസ്യേ.
ത്രേസ്യാമ്മ: ഇപ്പോ അങ്ങോട്ടു വരണെങ്കിൽ ഗെയ്റ്റീക്കൂടെ വളഞ്ഞ് വരണ്ടേ ചേച്ചീ. ചേച്ചി ഇപ്പോത്തന്നെ പറ.
അവർ സംശയിച്ചു, ചുറ്റും നോക്കിക്കൊണ്ട് പറയുന്നു
കല്യാണിയമ്മ: ഞാമ്പറയാറില്ലെ ഒരാളെപ്പറ്റി? ഒരു ടെയ്ലറ്? അയാള് ഇപ്പൊ എടക്കെടക്ക് വര്ണ്ണ്ട്, ശേഖരൻ ഇല്ലാത്തപ്പൊ. ഞാൻ അറീണില്ല്യാന്നാ വിചാരം. ഞാൻ ഒക്കെ അറീണ്ണ്ട് ന്റെ കൊച്ചു ത്രേസ്യേ.
ത്രേസ്യാമ്മ: അയാള് എന്തിനാ വര്ണത്?
കല്യാണിയമ്മ: എന്തിനാച്ചാ പ്പൊ ഞാനെന്താ പറയ്വാ? (ഈർഷയോടെ) അവള് വിളിച്ചുവര്ത്തണതല്ലെ.
ത്രേസ്യാമ്മ: വല്ലതും തുന്നാൻ കൊടുക്കാനായിരിക്കും ചേച്ചീ.
കല്യാണിയമ്മ: അതൊന്നും അല്ല, എന്നും ഉച്ചതിരിഞ്ഞാൽ തുന്നാൻ കൊടുക്കാൻ എന്നതാണുള്ളത്?
ത്രേസ്യാമ്മ: ഭവാനി അങ്ങിനെയൊക്കെ ചെയ്യോ?
കല്യാണിയമ്മ: അവള് ഒരുമ്പെട്ടോളാ, അതും അപ്പുറും ചെയ്യും. എന്റെ മോനറിഞ്ഞാൽ എന്തൊക്ക്യാണ് ണ്ടാവ്വാന്നറിയില്ല.
ത്രേസ്യാമ്മ: ഇനിയിപ്പോ എന്താ ചെയ്യ്യാ?
കല്യാണിയമ്മ: എന്റെ മോനറീം മുമ്പെ എന്തെങ്കിലും ചെയ്യണം. അവനറിഞ്ഞാലത്തെ കാര്യം എനിക്ക് ആലോചിക്കാനും കൂടി വയ്യ.
ത്രേസ്യാമ്മ: ഞാൻ എന്താ ചെയ്യേണ്ടത് കല്യാണിച്ചേച്ചീ?
കല്യാണിയമ്മ: എന്താണ് ചെയ്യേണ്ടത് എന്ന് എനിക്കും അറിയില്ല. എനിക്ക് കൊച്ചുത്രേസ്യേടല്ലാതെ വേറെ ആരോടും പറയാനില്ല. നീയിത് ആരോടും പറയല്ലെ മോളെ
ത്രേസ്യാമ്മ: ഇല്ലാ ചേച്ചീ.
സീൻ 2:
പൂമുഖം. ജോസഫേട്ടൻ ത്രേസ്യാമ്മ പറയുന്നത് സശ്രദ്ധം കേൾക്കുന്നു.
ത്രേസ്യാമ്മ: ശരിയാണ്. ഒരു ചിന്നൻ പിടിച്ച തള്ളതന്നെയാണത്. പക്ഷേ ഇന്ന് പറഞ്ഞതൊക്കെ ശര്യാന്ന് തോന്നുണു. ആ ഭവാനി ഒരു ഒരുമ്പെട്ടോള് തന്ന്യാ.
ജോസഫേട്ടൻ: എന്റെ അഭിപ്രായം നീയിതില് എടപെടേണ്ടാന്നാണ്. ഒരു ചിന്നൻ പിടിച്ച തള്ളയാണ്. അവര് പറേണത് മുഴുവൻ വിശ്വസിക്കാൻ വയ്യ. ഇനി അതൊക്കെ ശര്യാണെങ്കീത്തന്നെ നെനക്കെന്തു ചെയ്യാൻ കഴിയും?
ത്രേസ്യാമ്മ: എന്തെങ്കിലും ചെയ്യേണ്ടേ? നമ്മടെ തൊട്ട അയൽപക്കമല്ലെ?
ജോസഫേട്ടൻ: അതൊക്കെ ശര്യാണ്. പക്ഷെ ഇതൊക്കെ ഓരോരുത്തരുടെ ഇഷ്ടല്ലെ, അതിലൊക്കെ നമ്മള് എടപെട്ടാ ശര്യാവ്വോ?
ത്രേസ്യാമ്മ: അങ്ങിന്യല്ലാ. നമ്മക്കും ഒരു മോനുള്ളതല്ലെ. അവൻ കല്യാണം കഴിച്ചു കൊണ്ടുവരുന്ന പെണ്ണ് ഇങ്ങനൊക്കെ ചെയ്യാൻ തൊടങ്ങ്യാലോ?
ജോസഫേട്ടൻ നിവർന്നിരുന്ന് കുറച്ചുനേരം ആലോചിക്കുന്നു.
ജോസഫേട്ടൻ: അങ്ങിന്യാച്ചാൽ നീ ഒരു കാര്യം ചെയ്യ്. ഇതിന്റെ സത്യാവസ്ഥ കണ്ടുപിടിക്ക്. എന്നിട്ട് നമുക്ക് വേണ്ടതെന്താച്ചാൽ ചെയ്യാം.
ത്രേസ്യാമ്മ: (എഴുന്നേറ്റുകൊണ്ട്) ഞാനൊന്ന് പോയി നോക്കട്ടെ.
സീൻ 3:
അടുക്കളയിൽ. പാറുകുട്ടി അടുപ്പത്ത് എന്തോ ഇളക്കുകയാണ്. ത്രേസ്യാമ്മ വരുന്ന ശബ്ദം കേട്ട് തിരിഞ്ഞു നോക്കുന്നു.
പാറുകുട്ടി: അമ്മച്ചി എങ്ങട്ടാ പോയേ?
ത്രേസ്യാമ്മ: ഞാനേയ് നമ്മടെ മതിലിമ്മല് ആരോ ഒരു കുമ്പളങ്ങ കൊണ്ടുവന്നു വെച്ചപോലെ തോന്നീട്ട് പോയി നോക്കീതാ. ചെന്നു നോക്ക്യപ്പോ അത് ആ തള്ളയാണ്. എന്റെ കാഴ്ച പിന്നീം മോശായിട്ട്ണ്ട്. അടുത്ത തവണ ജോമോൻ വന്നാൽ ഒരു കണ്ണട മേടിക്കണം.
പാറുകുട്ടി: എന്താ ആ ചിന്നൻതള്ളയ്ക്ക് വേണ്ടത്.
ത്രേസ്യാമ്മ: അതേയ് നീയാരോടും പറയര്തു കെട്ടോടി. ഭവാനിടെ അവിടേയ്ക്ക് എന്നും ആ ടെയ്ലറ് വര്ണ്ണ്ട്ത്രെ.
പാറുകുട്ടി: ഭവാനിചേച്ചീ ഇത്രയധികം തുന്നിക്കാറ്ണ്ടോ.

ത്രേസ്യാമ്മ: തുന്നിക്കാനൊന്നും അല്ല പെണ്ണേ. ഞാനെങ്ങനാ നിന്നോട് അതൊക്കെ പറയ്യാ. അയാള് വേറെ ഓരോ കാര്യത്തിനാത്രെ വരണത്. എന്നോട് അതൊന്ന് നിർത്തിക്കൊടുക്കാൻ.

പാറുകുട്ടി: അമ്മച്ചി മിണ്ടാതിരി.

ത്രേസ്യാമ്മ: അതെന്താ പെണ്ണേ?

പാറുകുട്ടി: അമ്മച്ചീ ഒരു കാര്യം ഞാൻ പറഞ്ഞേക്കാം. ഈ കോളനീല് അമ്മച്ചി ഇടപെട്ടിട്ടുള്ള ഒരു കാര്യോം കുഴപ്പത്തിലല്ലാതെ എത്തിയിട്ടില്ല. ഇനി ഇപ്പോ ഈ കാര്യം മാത്രം ശരിയാവുംന്ന് എന്താണുറപ്പ്? അമ്മച്ചി ഒരു ഭാഗത്ത് ഇരുന്നോ.

ത്രേസ്യാമ്മ: നീയെന്താ പെണ്ണേ അങ്ങനെ പറയണത്?

പാറുകുട്ടി: അമ്മച്ചി പറ ഏതു കാര്യാണ് അലമ്പല്ലാതായിട്ടുള്ളത്?

അവർ ആലോചിക്കുന്നു. പക്ഷേ അവരെ സംബന്ധിച്ചേടത്തോളം തീർച്ചയാക്കിയിരിക്കുന്നു.

ത്രേസ്യാമ്മ: ഉച്ച തിരിഞ്ഞ സമയത്താത്രെ അയാള് വരാറ്. നമുക്ക് ഒരു മൂന്നു മണി നേരത്ത് ഒന്നത്രേടം പോയി നോക്കാം. ഭവാനി എന്തു ചെയ്വാന്ന് നോക്കാലോ.

പാറുകുട്ടി: അമ്മച്ചീ ഞാൻ പറേണ്ണ്ട് അമ്മച്ചീ അതിലൊന്നും എടപെടെണ്ടാന്ന്.

ത്രേസ്യാമ്മ: സാരംല്ല്യ പെണ്ണേ, കൊറച്ച് ധൈര്യൊക്കെ വേണ്ടെ നമക്ക്?

പാറുകുട്ടി ത്രേസ്യാമ്മയെ സമ്മിശ്രവികാരങ്ങളോടെ നോക്കി നിൽക്കുന്നു.

സീൻ 4:

പൂമുഖം. ജോസഫേട്ടൻ ദിവാനിൽ കിടന്നുറങ്ങുന്നു. കുട്ടികളെയെല്ലാം കിടത്തി ഉറക്കിയിരിക്കയാണ്. ത്രേസ്യാമ്മ കസേലയിലിരുന്ന് ഇടക്കിടക്ക് ചുമരിലുള്ള ഘടികാരത്തിൽ നോക്കുന്നു. സമയം 3 മണിയാവുന്നു. അവർ ചാടി എഴുന്നേറ്റ് ജോസഫേട്ടനെ വിളിക്കുന്നു. കുട്ടികളെ ഉണർത്താതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്.

ജോസഫേട്ടൻ ഒരു നല്ല ഉറക്കം മുറിഞ്ഞതിലുള്ള അതൃപ്തി കാണിക്കുന്നു.

ത്രേസ്യാമ്മ: നോക്കുന്നേയ്, ഞങ്ങളൊന്ന് പോയി വരട്ടെ.

ജോസഫേട്ടൻ: എങ്ങട്ടാ ഇപ്പൊ? എന്റെ നല്ലൊരുറക്കോം കളഞ്ഞോണ്ട് പോണത്?

ത്രേസ്യാമ്മ: ങാ,ങാ, മറന്നോ. ഞങ്ങള് ഭവാനിടെ വീട്ടിലോളം ഒന്ന് പോയി വരാം.

ജോസഫേട്ടൻ ചെറുതായൊന്ന് ഞെട്ടുന്നു. അതു കാണുന്ന ത്രേസ്യാമ്മയുടെ മുഖത്ത് പിരിമുറുക്കം.

ജോസഫേട്ടൻ: അതു വേണോ കൊച്ചുത്രേസ്യേ?

ത്രേസ്യാമ്മ: ആന്നേയ്, ഞങ്ങളൊന്ന് പോയേച്ചു വരാം. കൊച്ചുങ്ങളെ നോക്കണേയ്. ഞങ്ങളിതാ ഇപ്പൊത്തന്നെ തിരിച്ചുവരും. (അകത്തേയ്ക്കു നോക്കി) പാറുകുട്ടീ.

പാറുകുട്ടി: ഇതാ വന്നു അമ്മച്ചീ.

പാറുകുട്ടി വരുന്നു.

പാറുകുട്ടി: അമ്മച്ചീ, നമുക്കൊരു കത്തി എടുക്കണോ കയ്യില്?

ത്രേസ്യാമ്മ: അതൊന്നും വേണ്ട പെണ്ണേ. ആൾക്കാര് കണ്ടാൽ എന്തു വിചാരിക്കും. നമ്മള് ഇങ്ങനെ ഒരു കാര്യത്തിനേ അല്ല പോണത്ന്ന് ആൾക്കാർക്ക് തോന്നണം.

ജോസഫേട്ടൻ: എന്തെങ്കിലും പ്രശ്നംണ്ടായാൽ പിന്നെ അവിടെ നിക്കര്ത് കെട്ടോ. ഓടിവന്നോ.

ത്രേസ്യാമ്മയുടെ മുഖം കൂടുതൽ പ്രക്ഷുബ്ധമാകുന്നു.

സീൻ 5:

കാമറ കാണിക്കുന്നത് വിജനമായ നിരത്താണ്. നോക്കെത്താ ദൂരത്ത് ഒരു മനുഷ്യനില്ല. അന്തരീക്ഷം പ്രക്ഷുബ്ധമാണെന്ന് തോന്നത്തക്ക വിധത്തിൽ പശ്ചാത്തല സംഗീതം. ഇടക്ക് ഒരു പട്ടി ഒരിയിടുന്ന ശബ്ദം. അടുത്ത ലോങ്ഷോട്ടിൽ കാണുന്നത് ത്രേസ്യാമ്മായും പാറുകുട്ടിയും സംശയിച്ച് അടിവച്ച് അടിവച്ച് നീങ്ങുന്നതാണ്. അവർ ചുറ്റുവട്ടവും നോക്കുന്നുണ്ട്. വീടുകളുടെ മുറ്റത്തും ആരുമില്ല. ത്രേസ്യാമ്മയും പിറകിലായി പാറുകുട്ടിയും നടക്കുന്നു. പെട്ടെന്ന് ഒരു കറുത്തപൂച്ച മുമ്പിൽ കുറുകെ ഓടുന്നു. ത്രേസ്യാമ്മ ഞെട്ടി തിരിഞ്ഞ് പാറുകട്ടിയെ കെട്ടിപ്പിടിക്കുന്നു. പാറുകുട്ടിയും പേടിച്ചിട്ടുണ്ട്.

ത്രേസ്യാമ്മ: പാറുകുട്ടീ....

പാറുകുട്ടി: എന്താ അമ്മച്ചീ?

ത്രേസ്യാമ്മ: (അവളുടെ ചുമലിൽ പിടിച്ച്) നീ മുമ്പില് നടക്ക്.

പാറുകുട്ടി: (വിട്ടുമാറി) വേണ്ട അമ്മച്ചീ... അമ്മച്ചി മുമ്പീ നടന്നാ മതി. ഞാൻ പിറകില് വരാം.

ത്രേസ്യാമ്മ ധൈര്യം സംഭരിച്ച് നടക്കുന്നു. വീണ്ടും ഒരു പട്ടിയുടെ ഓരിയിടൽ, ഒരു കാക്ക തൊട്ടു മുമ്പിലൂടെ പറന്നുപോകുന്നു. ഭവാനിയുടെ വീട്ടിന്റെ പടിക്കൽ അവർ സംശയിച്ചു നിൽക്കുന്നു. തിരിഞ്ഞു നോക്കുന്നു. വിജനമായ നിരത്ത്. ഒരൊറ്റ മനുഷ്യൻ പുറത്തില്ല. ത്രേസ്യാമ്മ ഗെയ്റ്റു കടന്ന് വീട്ടിലേയ്ക്കുള്ള നടപ്പാതയിലൂടെ നടക്കുന്നു. പാറുകുട്ടി തൊട്ടു പിന്നിൽത്തന്നെ ഉണ്ട്.

സീൻ 6:

ഭവാനിയുടെ വീട്ടിൽ ഒരനക്കവുമില്ല. അടഞ്ഞുകിടന്ന കതകിനു മുമ്പിൽ അവർ സംശയിച്ചു നിന്നു. തിരിച്ചു പോകാനായി ഒരിക്കൽ തിരിഞ്ഞു. അവസാനം ധൈര്യം സംഭരിച്ച് വാതിൽക്കൽ മുട്ടാൻ തീരുമാനിക്കുന്നു. കൈ പൊന്തിച്ച് മുട്ടാൻ തയ്യാറെടുക്കുമ്പോൾ വാതിൽ പെട്ടെന്നു തുറന്നു, മുമ്പിൽ കല്യാണിചേച്ചി നിൽക്കുന്നു, തലമുടിയെല്ലാം അലങ്കോലപ്പെട്ട് ഒരു ഭ്രാന്തിയെപ്പോലെ. മുട്ടാതെത്തന്നെ തുറക്കുമെന്ന പ്രതീക്ഷയില്ലാത്തതുകൊണ്ട് പേടിച്ച ഒരു ശബ്ദമുണ്ടാക്കി തിരിഞ്ഞോടാനായി ശ്രമിച്ച ത്രേസ്യാമ്മക്ക് അടിതെറ്റി. പിന്നിൽ പാറുകുട്ടി പിടിക്കാനുണ്ടായതു കൊണ്ട് വീണില്ല എന്നു മാത്രം.

സീൻ 6എ:

ത്രേസ്യാമ്മയും പാറുകുട്ടിയും അകത്ത് കടക്കുന്നു. അകത്ത് സോഫയിൽ ഭവാനിയുടെ മകൾ കിടന്നുറങ്ങുന്നു.

കല്യാണിയമ്മ: (പതിഞ്ഞ സ്വരത്തിൽ) കൊച്ചു ത്രേസ്യേ വാ, അവൻ വന്നിട്ടൊണ്ട്. ഞാൻ ഉറങ്ങ്വാണ്ന്ന് കരുതി അവള്ടെ മുറീക്കേറീട്ട്ണ്ട്, നീ പോയി നോക്ക്.

ത്രേസ്യാമ്മ തളർന്ന് ഒരു കസേലയിൽ ഇരിക്കുന്നു. മുഖം ഭയംകൊണ്ട് വിളറിയിട്ടുണ്ട്.

ത്രേസ്യാമ്മ: (തൊട്ടടുത്തുള്ള പാറുകുട്ടിയോട്) നീ പറഞ്ഞത് ശരിയാടീ, നമുക്കൊരു കത്തി എടുക്കായിര്ന്നു.

പാറുകുട്ടി: ഞാമ്പാറഞ്ഞല്ലേ അമ്മച്ചീ. ഇനി എന്ന ചെയ്വാ?

ത്രേസ്യാമ്മ: നമക്ക് തിരിച്ചു പോയാലോ?

കല്യാണിയമ്മ: ചെല്ല് പെണ്ണേ, ധൈര്യായിട്ട് ചെല്ല്. ഇപ്പൊ പിടിക്കാം അവളെ.

ത്രേസ്യാമ്മ എഴുന്നേൽക്കുന്നു. പെട്ടെന്ന് പാറുകുട്ടി അവരുടെ ചട്ട വലിച്ച് ഇരുത്തുന്നു.

പാറുകുട്ടി: അങ്ങനെ പോവ്വാണെങ്കീ അമ്മച്ചീ നമുക്കൊറ്റക്കു പോണ്ട. ഒന്നു രണ്ടു പെണ്ണുങ്ങളേം കൂടി കൂട്ടിപ്പോവാം. നമുക്കൊരു സാക്ഷിയാവൂലോ.

ത്രേസ്യാമ്മക്ക് നല്ല മതിപ്പാവുന്നു. അവർ ബഹുമാനത്തോടെ പാറുകുട്ടിയെ നോക്കുന്നു.

ത്രേസ്യാമ്മ: നമുക്ക്ന്നാൽ പത്തുമുറീലെ നളിനീം, ദേവകീം വിളിക്കാം. (കല്യാണിയമ്മയോട്) ഞാനിപ്പോ വരാം ചേച്ചീ.

കല്യാണിയമ്മ: ഇപ്പത്തന്നെ വരണം കെട്ടോ. അവൻ പോവാനിട്യാക്കര്ത്.

അവർ പുറത്തിറങ്ങുന്നു.

**End Of Part I**

*Episode 9*

# ആദ്യത്തെ കല്ലേറിയുമ്പോൾ

## Part II

സീൻ 7:

ത്രേസ്യാമ്മയും പാറുകുട്ടിയും ഭവാനിയുടെ വീടിന്റെ ഗെയ്റ്റു കടന്ന് പോകുന്നു. നടക്കുമ്പോൾ ത്രേസ്യാമ്മ ചോദിക്കുന്നു.

ത്രേസ്യാമ്മ: നീയിത് ഏതു സീരിയലിയാണ് കണ്ടത് പാറുകുട്ടീ?

പാറുകുട്ടി: ഏത്, അമ്മച്ചീ?

ത്രേസ്യാമ്മ: ഈ സാക്ഷികളെണ്ടാക്കണംന്നൊക്കെ.

പാറുകുട്ടി: ഒരു സിനിമേല് കണ്ടതാ.

ത്രേസ്യാമ്മ: അപ്പോ ഞാനെന്താ അത് കാണാതിരുന്നത്?

പാറുകുട്ടി: ഉച്ചക്കാണ്, അമ്മച്ചി ഒറങ്ങ്വായിരുന്നു.

സീൻ 7:

പത്തുമുറി വീടിന്റെ മുമ്പിൽ (പത്തുമുറി എന്നത് ഒരേ മാതിരി തുടർച്ചയായി ഉണ്ടാക്കിയിട്ടുള്ള വീടുകളാണ്. ഒരു വീടിന്റെ ചുമരിൽ നിന്നാണ് അടുത്ത വീട് തുടങ്ങുന്നത്) നളിനിയുടെ വീടിന്റെ മുമ്പിൽ പാറുകുട്ടി നിൽക്കുന്നു. വാതിലിന്റെ മുമ്പിൽ ത്രേസ്യാമ്മ നളിനിയുമായി സ്വകാര്യം പറയുകയാണ്.

സീൻ 8:

പത്തുമുറിയിലെ ദേവകിയുടെ വീടിന്റെ മുമ്പിൽ പാറുകുട്ടി നിൽക്കുന്നു. ത്രേസ്യാമ്മയും നളിനിയും ദേവകിയോട് സ്വകാര്യം പറയുന്നു.

സീൻ 9:

അവർ നാലു പേരുംകൂടി യാത്ര തിരിക്കുന്നു. വഴിയിൽ വീടുകളിൽനിന്ന് കർട്ടൻ മാറ്റി ഈ യാത്ര നോക്കുന്ന സ്ത്രീകളുടെ മുഖങ്ങളുടെ ഷോട്ടുകൾ.

സീൻ 10:

ഭവാനിയുടെ ഗെയ്റ്റിൽ ത്രേസ്യാമ്മയും നളിനിയും ദേവകിയും പാറുകുട്ടിയും. പിന്നെ കാമറ പിന്നിലേയ്ക്ക് പെട്ടെന്ന് കൊണ്ടുപോകുമ്പോൾ കാണുന്നത് പത്തിരുപത് സ്ത്രീകളാണ്. ത്രേസ്യാമ്മ ഗെയ്റ്റു കടന്ന് ഉള്ളിലേയ്ക്കു കടക്കുന്നു. ചാരിയ വാതിൽ തുറന്ന് അകത്തു കടക്കുന്നു. ഒപ്പം തന്നെ പിന്നിൽ വന്ന എല്ലാ സ്ത്രീകളും അകത്തു കയറുന്നു.

കല്യാണിയമ്മ: (പരിഭ്രമിച്ചുകൊണ്ട്) ഇതെന്താണ് കൊച്ചു ത്രേസ്യേ ഇത്രീം പേരെ കൊണ്ടുവന്നിരിക്കണത്?

ത്രേസ്യാമ്മ: ചേച്ചീ, അവൻ പോയോ?

കല്യാണിയമ്മ: ആര്?

ത്രേസ്യാമ്മ: അവനേയ്, ആ തുന്നക്കാരൻ?

കല്യാണിയമ്മ: അവൻ പോയി?

ത്രേസ്യാമ്മ: (നിരാശയോടെ) ഏതു വഴിക്കാണ് പോയത് ചേച്ചീ?

കല്യാണയമ്മ: അവൻ ജനലിക്കൂടെ വന്നു, ജനലിക്കൂടെ പറന്നുപോയി.

അതും പറഞ്ഞ് അവർ ചിരിക്കാൻ തുടങ്ങുന്നു. അവർ ചൂണ്ടിക്കാട്ടിയ ജനൽ ഗ്രില്ലുള്ളതാണ്, മനുഷ്യനു പോയിട്ട് ഒരു പൂച്ചക്ക് കഷ്ടിച്ചു കടക്കാൻ പറ്റും. കൂടിയിരുന്ന സ്ത്രീകളെല്ലാം മുഖത്തോടു മുഖം നോക്കുന്നു. നളിനിയാണ് ആദ്യം പറഞ്ഞത്.

നളിനി: എന്റെ ആന്റീ, ഈ ചിന്നൻ പിടിച്ച തള്ള പറഞ്ഞതു കേട്ട് ആന്റിയല്ലാതെ ഈ പരാക്രമൊക്കെ കാണിക്ക്യോ?

സ്ത്രീകൾ ഓരോരുത്തരായി ത്രേസ്യാമ്മയെ കുറ്റപ്പെടുത്തുംവിധം സംസാരിക്കുന്നു. അവിടെ ആകെ ബഹളമാവുന്നു. അതിനിടക്ക് ഭവാനി അകത്തുനിന്ന് വരുന്നു. അവൾ ഉറക്കത്തിൽ നിന്നെഴുന്നേറ്റു വരികയാണ്. സാരി ഉലഞ്ഞിരിക്കുന്നു. അഴിഞ്ഞു തുടങ്ങിയ സാരി അരയിൽ ഉറപ്പിച്ചുകൊണ്ടാണവൾ വരുന്നത്. തലമുടി കെട്ടഴിഞ്ഞ് ഉലഞ്ഞിരിക്കുന്നു. ബ്ലൗസിന്റെ ഒന്നുരണ്ടു ഹുക്കുകൾ അഴിഞ്ഞു കിടക്കുന്നു. ത്രേസ്യാമ്മ ഇതെല്ലാം ശ്രദ്ധിക്കുന്നതായി കാണിക്കണം. മറ്റുള്ളവർ ബഹളം വെക്കുന്ന തിരക്കിൽ ഭവാനിയുടെ വസ്ത്രങ്ങൾ ശ്രദ്ധിക്കുന്നില്ല.

ഭവാനി: എന്തു പറ്റീ?

ഒരു സ്ത്രീ: ഈ ചിന്നൻ തള്ള പറേണ് കേട്ടിട്ട് ഓരോരുത്തര് എറങ്ങും.........

ഭവാനി: (അപ്പോഴാണ് ത്രേസ്യാമ്മയെ കാണുന്നത്) എന്തു പറ്റീ ആന്റീ?

ഓരോരുത്തരായി ത്രേസ്യാമ്മയെ കുറ്റപ്പെടുത്തുന്നു. ഭവാനി ത്രേസ്യാമ്മയുടെ അടുത്തുവന്നു ചോദിച്ചു.

ഭവാനി: ആന്റി ഈ തള്ള പറേണതൊക്കെ വിശ്വസിച്ചുവോ?

ത്രേസ്യാമ്മ ഒന്നും പറയാതെ നിൽക്കുന്നു.

ഭവാനി: അമ്മ അല്ലെങ്കിലും കുറച്ചു കാലമായിട്ട് അങ്ങനാ. ഒരോ കാലത്ത് ഓരോരുത്തരുടെ പേര് കൂട്ടി എന്നെ കുറ്റം പറയും. ആദ്യമൊക്കെ ഒരു തുണിക്കച്ചോടക്കാരനായിരുന്നു. പിന്നെ അതു മാറി ഒരു ഡോക്ടറായി. ഇപ്പോ കൊറച്ചു ദെവസായിട്ട് ഒരു തയ്യൽക്കാരന്റെ കാര്യം പറഞ്ഞോണ്ടാ വരുന്നേ. എന്റെ നിർഭാഗ്യത്തിന് കഴിഞ്ഞ ആഴ്ച തയ്യൽക്കാരൻ തയ്ച ബ്ലൗസ് കൊണ്ടുതരാൻ വന്നിരുന്നു. നാലു പ്രാവശ്യം എന്നെ നടത്തീതാ അയാള്. ഇനി അതിനുവേണ്ടി അയാള്ടെ കടേല് പോവില്ലാന്ന് പറഞ്ഞതാ. അതോണ്ടാ അയാള് ഇവിടെ കൊണ്ടവന്നു തന്നത്. അമ്മ പറേണതൊക്കെ ചേട്ടൻ അറിഞ്ഞാൽ ശരിയായി. തള്ളേടെ ചിന്നൻ തൊടങ്ങീട്ട് കൊറച്ചു കാലായി. ഞാനെന്താ ചെയ്യാ?

ജനക്കൂട്ടത്തിൽ നിന്ന് അനുകമ്പയുടെയും ആർദ്രതയുടേയും ശബ്ദങ്ങൾ പൊങ്ങുന്നു. ഇപ്പോൾ എല്ലാ കണ്ണുകളും കുറ്റത്തിന്റെ മൂർച്ചയുള്ള ആയുധങ്ങളായി ത്രേസ്യാമ്മയുടെ നേർക്കു നീളുകയാണ്. അതിനു മുമ്പിൽ ചൂളുന്ന ത്രേസ്യാമ്മയുടെ മുഖം ക്ലോസപ്പിൽ കാണുന്നു.

സീൻ 10എ:

പാറുകുട്ടിയും നളിനിയും ആരും കാണാതെ അകത്തേയ്ക്കു പോകുന്നു. തിരക്കിൽ ആരും അവരെ ശ്രദ്ധിക്കുന്നില്ല.

സീൻ 10ബി:

ഭവാനിയുടെ കിടപ്പറ. പാറുകുട്ടിയും നളിനിയും പരിശോധിക്കുകയാണ്. കട്ടിലിന്റെ അടിയിലും അലമാറിയുടെ പിന്നിലും എല്ലാം അവർ നോക്കുന്നു. നിരാശരാവുന്നു. തിരിച്ച് പോകുന്നു.

സീൻ 10സി:

ഭവാനിയുടെ പൂമുഖം. ബഹളം കൂടിയിരിക്കുന്നു.

ഒരു സ്ത്രീ: ഞാൻ ഉച്ചക്ക് ഒന്ന് നടു നീർത്തീതാ. അപ്പോഴാണ് ഇങ്ങോട്ട് വലിച്ചു കൊണ്ടുവന്നത്.

ത്രേസ്യാമ്മ: എന്റീശോയേ! ഞാൻ നളിനിയേയും ദേവകിയേയും മാത്രല്ലേ വിളിച്ചൊള്ളു. മറ്റുള്ളവരെല്ലാം നടക്കാൻ പോണ മാമാങ്കം കണ്ട് രസിക്കാൻ എത്ത്യോരല്ലെ.

ഭവാനി: ആന്റിക്ക് സംശയമുണ്ടെങ്കിൽ എന്റെ മുറീല് പോയി നോക്ക്.

ഒരു സ്ത്രീ: വാടി, നമുക്ക് പോവാം.

ഓരോരുത്തരായി പോകാൻ തുടങ്ങുന്നു. ഭവാനി ത്രേസ്യാമ്മയോടു പറയുന്നു.

ഭവാനി: ആന്റി ചായകുടിച്ചിട്ടു പോവാം.

ത്രേസ്യാമ്മ: (വാടിയ മുഖത്തോടെ) വേണ്ട ഭവാനി, ചായയുടെ നേരായിട്ടില്ല. ഞങ്ങള് ഇറങ്ങട്ടെ. നീയ് ഒന്നും വിചാരിക്കരുത് കെട്ടോ.

ഭവാനി: ഏയ്, എന്താ ആന്റി അങ്ങിനെ പറേണത്?

ത്രേസ്യാമ്മയും പാറുകുട്ടിയും മറ്റും പോകാനായി തിരിയുന്നു.

കല്യാണിയമ്മ: ഞാങ്കണ്ടതാ, അയാള് ജനലീക്കൂടെ വന്നു, ജനലീക്കൂടെ പോയി.......

പോകാനായി വാതിലിനു പുറത്തേയ്ക്ക് വെച്ച കാൽ പിൻവലിച്ച് ത്രേസ്യാമ്മ ദേഷ്യത്തോടെ തിരിയുന്നു. പെട്ടെന്ന് പാറുകുട്ടി അവരെ പിടിച്ചു വലിക്കുന്നു.

പാറുകുട്ടി: അമ്മച്ചീ ഇങ്ങു വന്നേ.

അവർ പടികടന്നു പോകുന്ന ദൃശ്യം.
സീൻ 11:
ഗെയ്റ്റിനു പുറത്ത്. ത്രേസ്യാമ്മയും പാറുകുട്ടിയും തലതാഴ്ത്തി നടക്കുന്നു. ചുറ്റുമുള്ള സ്ത്രീകൾ അവരെ നോക്കി കളിയാക്കി ചിരിക്കുന്നു, അടക്കിപ്പറയുന്നു. ത്രേസ്യാമ്മ ഒരിക്കൽ മുഖമുയർത്തി നോക്കുമ്പോൾ കാണുന്നത് ഈ ദൃശ്യമാണ്. പിന്നെ അവർ മുഖമുയർത്താതെ വേഗം നടക്കുന്നു. ഇപ്പോൾ നളിനിയും ദേവകിയും ഒപ്പമില്ല. അവർ കളിപ്പിക്കുന്ന മറ്റു സ്ത്രീകളുടെ ഒപ്പമാണ്.
സീൻ 11എ:
ത്രേസ്യാമ്മയുടെ വീടിന്റെ പടി എത്താറായിരിക്കുന്നു.
ത്രേസ്യാമ്മ: പാറുകുട്ടീ, തിരിഞ്ഞ് നോക്കണ്ട, അവര് പിന്നീത്തന്നേണ്ട്.
അവർ ഗെയ്റ്റു കടന്ന് ഉള്ളിലേയ്ക്ക് പോകുന്നു.
സീൻ 12:
ജോസഫേട്ടനു ചുറ്റും കുട്ടികൾ.  കുട്ടികളെ കഥ പറഞ്ഞ് വളക്കുകയാണ് ജോസഫേട്ടൻ. ത്രേസ്യാമ്മയും പാറുകുട്ടിയും വരുന്നു.
ജോസഫേട്ടൻ: പാറുകുട്ടീ, ചായയുണ്ടാക്ക്.
പാറുകുട്ടി അകത്തേയ്ക്കു പോകുന്നു. ത്രേസ്യാമ്മ ജോസഫേട്ടന്റെ അടുത്ത് വന്നിരിക്കുന്നു.
ജോസഫേട്ടൻ: (കുട്ടികളോട്) മക്കളെ ഇനി നിങ്ങള് സ്വന്തം പോയി കളിക്ക്.
കുട്ടികൾ പോകുന്നു.
ജോസഫേട്ടൻ: എന്തു പറ്റീ കൊച്ചുത്രേസ്യേ? നീ വല്ലാതിരിക്ക്ണ്ണ്ടല്ലോ. വല്ല പ്രശ്നൂണ്ടായോ?
ത്രേസ്യാമ്മയുടെ മുഖം മ്ലാനമാണ്. എന്താണ് പറയേണ്ടതെന്നറിയാതെ അവർ ഇരിക്കുകയാണ്.
ജോസഫേട്ടൻ: എന്താണ്ടായത് മോളെ?
ത്രേസ്യാമ്മ: ആ ചിന്നൻ തള്ള പറഞ്ഞത് വിശ്വസിച്ച് ചെന്ന എന്നെ പറഞ്ഞാ മതി. അങ്ങിനെയൊന്നും ഇല്ല്യാന്ന് മാത്രല്ല ഞാൻ ഇക്കണ്ട പെണ്ണുങ്ങള്ടെ മുമ്പില് വിഡ്ഢ്യാവും ചെയ്തു.
അവർ രണ്ടുപേരും സംസാരിക്കുന്നതിന്റെ ഷോട്ട് അകന്നു പോകുന്നു.
സീൻ 12എ:
പാറുകുട്ടി രണ്ടു കപ്പിൽ ചായയുമായി വരുന്നു. ചായക്കപ്പ് വാങ്ങിക്കൊണ്ട് ജോസഫേട്ടൻ.
ജോസഫേട്ടൻ: ഞാൻ ആദ്യമേ പറഞ്ഞില്ലേ, ഇതിനൊന്നും പോകണ്ടാന്ന്.
ത്രേസ്യാമ്മ അതിശയത്തോടെ ജോസഫേട്ടനെ നോക്കുന്നു.
ത്രേസ്യാമ്മ: (പാറുകുട്ടിയോട്) കണ്ടില്ലേ പെണ്ണേ, അച്ചായൻ പറേണത്. അതിയാൻതന്നാ എന്നോട് പോയിനോക്കാൻ പറഞ്ഞത്.
ജോസഫേട്ടൻ ചിരിക്കുന്നു. പാറുകുട്ടി അകത്തേയ്ക്കു പോകുന്നു. ത്രേസ്യാമ്മ ചായ കുടിക്കുന്നു.  പെട്ടെന്ന് ജോസഫേട്ടന്റെ കണ്ണട അവരുടെ കണ്ണിൽ പെടുന്നു.
ത്രേസ്യാമ്മ: നാളെത്തന്നെ പോയി എന്റെ കണ്ണ് ടെസ്റ്റ് ചെയ്ത് കണ്ണട വാങ്ങിക്കണം. കണ്ണ് വളരെ മോശായിരിക്കുണു. ജോമോൻ വരണവരെയൊന്നും കാത്തിരിക്കാൻ വയ്യ.
ജോസഫേട്ടൻ: പോവാലോ. നെന്റെ കണ്ണ് മോശാന്ന് ഞാൻ പണ്ടേ പറയാറില്ലേ കൊച്ചു ത്രേസ്യേ. എന്നെ കല്യാണം കഴിച്ചപ്പോഴേ എനിക്കറിയായിരുന്നു. നീ സമ്മതിച്ചു തരാത്തതല്ലെ.  നാളെത്തന്നെ ഡോക്ടറുടെ അടുത്തു പോവാം.
ജോസഫേട്ടൻ എഴുന്നേറ്റ് പോകുന്നു. ത്രേസ്യാമ്മ ജോസഫേട്ടന്റെ കണ്ണട എടുത്ത് വെയ്ക്കുന്നു.  പെട്ടെന്ന് അവരുടെ മുഖത്ത് അദ്ഭുതം. ദൂരെയുള്ള കാഴ്ചകൾ തെളിഞ്ഞ് കാണുന്നതായി കാണിക്കണം.  മുറ്റത്തുള്ള പൂച്ചെടികൾ, ഒരു പൂച്ചെടിയിൽ തേൻ കുടിക്കാനെത്തിയ പാമ്പാറ്റയുടെ ചിറക്, അങ്ങിനെ ചെറിയ ചെറിയ കാഴ്ചകൾ. അവരുടെ മുഖത്ത് അദ്ഭുതവും സന്തോഷവും ഉണ്ടാവുന്നു. അവർ എഴുന്നേറ്റ് വാതിൽ കടന്ന് മുറ്റത്തേയ്ക്കിറങ്ങുന്നു.
സീൻ 13:
മുറ്റത്ത് കാഴ്ചകൾ കണ്ട് നടക്കുന്ന ത്രേസ്യാമ്മ. അവർ സ്വയം പറയുന്നു.
ത്രേസ്യാമ്മ: എന്റീശോയേ എത്ര കാലായി ഇങ്ങനൊക്കെ കണ്ടിട്ട്?
അവർ നടന്ന് വീടിനു പിൻവശത്തെത്തുന്നു. കോഴിക്കൂടിനു മുമ്പിൽ ഉറക്കം തൂങ്ങുന്ന കോഴി എഴുന്നേറ്റ് ത്രേസ്യാമ്മയെ മനസ്സിലാവാത്തപോലെ നോക്കുന്നു. അവർ ചുറ്റും നോക്കുന്നു. പെട്ടെന്ന് അവരുടെ കണ്ണുകൾ ഭവാനിയുടെ വീടിന്റെ ടെറസ്സിൽ കണ്ട കാഴ്ചയിൽ ഉടക്കി നിൽക്കുന്നു. അവിടെ ഭവാനി കുമ്പിട്ടുകൊണ്ട് ടെറസ്സിലെ മുറിയുടെ വാതിൽ ഒരു താക്കോൽ കൊണ്ട് തുറക്കുകയാണ്. തുറന്ന വാതിലിൽക്കൂടി ഒരാൾ (തുന്നക്കാരനാണെന്ന് ത്രേസ്യാമ്മയ്ക്കു മനസ്സിലാവുന്നു) പുറത്തുകടന്ന് പിന്നിലുള്ള കോണിയിറങ്ങി ഓടുന്നു. ത്രേസ്യാമ്മ തരിച്ചു നിൽക്കുന്നു. അവരുടെ മുഖത്ത് അര

മണിക്കൂറിനു മുമ്പ് ഏറ്റ അപമാനത്തിന്റെ പാടുകൾ കൂടുതൽ ശക്തമായി തിരിച്ചുവരുന്നു.

സീൻ 13എ:

സാവധാനത്തിൽ ഉമ്മറപ്പടി കയറുന്ന ത്രേസ്യാമ്മയുടെ വാടിയ മുഖം. അവർ കണ്ണട ഊരി ടിവി കണ്ടുകൊണ്ടിരിക്കുന്ന ജോസഫേട്ടന് കൊടുക്കുന്നു.

ജോസഫേട്ടൻ: ആ, നീയ് കൊണ്ടുപോയിരിക്ക്യായിരുന്നു എന്റെ കണ്ണട അല്ലേ? ഞാനിവിട്യൊക്കെ തപ്പി.

ജോസഫേട്ടൻ പെട്ടെന്ന് അവരുടെ മുഖത്തെ ഭാവം കാണുന്നു.

ജോസഫേട്ടൻ: എന്തു പറ്റീ കൊച്ചു ത്രേസ്യേ?

ത്രേസ്യാമ്മ: (വ്യസനത്തോടെ) ഒന്നുംല്ല്യ. ഞാൻ നാളെ  ഡോക്ടറുടെ അടുത്തേയ്ക്ക് വരുന്നില്ല. എനിക്ക് തല്ക്കാലം കണ്ണട വേണ്ട.

അവർ എഴുന്നേറ്റു പോകുന്നു. അവരെ അദ്ഭുതത്തോടെ നോക്കിയിരിക്കുന്ന ജോസഫേട്ടനിൽ ക്യാമറ.

സീൻ 14:

കിടപ്പറയിൽ കർത്താവിന്റെ ചിത്രത്തിനു മുമ്പിൽ പ്രാർത്ഥിക്കുന്ന ത്രേസ്യാമ്മ. അവരുടെ കവിളുകൾ കണ്ണീർ കൊണ്ട് നനഞ്ഞിട്ടുണ്ട്.

ത്രേസ്യാമ്മ: കർത്താവേ ഇതു കാണാനായിരുന്നോ എനിക്ക് അച്ചായന്റെ കണ്ണട ഇടാൻ തോന്നിച്ചത്?

**End of Part II**
**End of Episode 9**

*Episode 10*

# എന്റെ പ്രിയപുത്രൻ

**Part I**

ഈ എപ്പിസോഡിലേയ്ക്കു വേണ്ട കഥാപാത്രങ്ങൾ

ജോസഫേട്ടൻ
ത്രേസ്യാമ്മ
പാറുകുട്ടി
മാളികയിലെ തോട്ടക്കാരൻ
മറിയാമ്മ
പള്ളീലച്ചൻ
കുട്ടികൾ

ടൈറ്റിൽ സീൻ:
ജോസഫേട്ടൻ നടക്കുകയാണ്. രാവിലെ മോണിങ് വാക്കാണ്. കിളികളുടെ ശബ്ദം. സൂര്യവെളിച്ചം മരങ്ങൾക്കിടയിലൂടെ താഴ്ന്നു വരുന്നു. അന്തരീക്ഷത്തിലെ ഫ്രെഷ്നസ്. എല്ലാം ആസ്വദിച്ചു നടക്കുന്ന ജോസഫേട്ടൻ പെട്ടെന്ന് എന്തോ കാഴ്ച കണ്ട് നിൽക്കുന്നു. കാമറ പാൻ ചെയ്യുമ്പോൾ കാണുന്നത് തുറന്നിട്ട ഒരു വലിയ ഗെയ്റ്റാണ്. ഗെയ്റ്റിനു പിന്നിൽ വലിയൊരു മാളികയ്ക്കു മുമ്പിൽ വിശാലമായ മുറ്റം. മുറ്റത്തിന്റെ അരുകിൽ മനോഹരമായ ഒരു പുൽത്തകിടി (lawn). നിമ്നോന്നതങ്ങളായ ലാന്റ്സ്കേപ്പ് നിർമ്മിച്ച് അതിന്മേൽ പുൽ വെച്ച് പിടിപ്പിച്ചിരിക്കുന്നു. ഇടക്കിടക്ക് റോസ് തുടങ്ങിയ പൂച്ചെടികൾ ഭംഗിയുള്ള ചട്ടികളിൽ. കാഴ്ച മനോഹരമാണ്. ജോസഫേട്ടൻ അന്തം വിട്ട് നോക്കി നിൽക്കുകയാണ്.
ടൈറ്റിൽ സീൻ തല്ക്കാലം നിർത്തുന്നു.
സീൻ 1:
ടൈറ്റിൽ സീനിന്റെ തുടർച്ചതന്നെ. ഒരു വാച്ച്മാൻ ഗെയ്റ്റ് അടക്കാൻ വരുന്നു. അകത്തേയ്ക്ക് നോക്കിനിൽക്കുന്ന ജോസഫേട്ടനെ കണ്ട് നിൽക്കുന്നു. ജോസഫേട്ടൻ അടുത്തേയ്ക്കു വരുന്നു.
വാച്ച്മാൻ: എന്താ സാറേ?
ജോസഫേട്ടൻ: ഞാനേയ് ഈ പുൽത്തകിടിടെ ഭംഗി കണ്ട് നോക്കിനിന്നതാ.
വാച്ച്മാൻ: സാറ് അകത്തേയ്ക്കു വന്ന് നോക്കിക്കോ.
ജോസഫേട്ടൻ: ഏയ്, വീട്ടുടമസ്ഥർക്ക് വെഷമാവില്ലേ?
വാച്ച്മാൻ: ഏയ് അവർക്കെന്തു വിഷമം. ഇവിടത്തെ സാറിന് ഇതൊതെക്ക കാണിക്കാൻ ഇഷ്ടാ. പിന്നെ അവരൊന്നും ഇല്ല ഇവിടെ. മുന്നാറീല് പോയിരിക്ക്യാ.
ജോസഫേട്ടൻ: എന്നാൽ കണ്ടുകളയാം.

ജോസഫേട്ടൻ അകത്തു കടക്കുന്നു.
ടൈറ്റിൽ സീൻ വീണ്ടും തുടങ്ങുന്നു. ജോസഫേട്ടന് തോട്ടം കാണിച്ചുകൊടുക്കുന്ന വാച്ച്മാൻ. തോട്ടത്തിന്റെ വിശദാംശങ്ങൾ സൂക്ഷ്മമായി പഠിക്കുന്ന ജോസഫേട്ടൻ. അവർ തമ്മിലുള്ള സംസാരം കേൾക്കുന്നില്ല.
സീൻ 2:
ജോസഫേട്ടന്റെ വീട്ടിന്റെ ഉമ്മറം. ജോസഫേട്ടൻ പ്രാതൽ കഴിക്കുന്നു. മുട്ടക്കറിയും ഇടിയപ്പവുമാണ്. കഴിച്ചു കൊണ്ടിരിക്കുമ്പോൾ മറുവശത്തിരുന്ന് ഭക്ഷണം കഴിക്കുന്ന ഭാര്യയോട് അദ്ദേഹം സംസാരിക്കുന്നു.
ജോസഫേട്ടൻ: ഞാനൊരു ലാണുണ്ടാക്കാൻ പോവ്വാ.
ത്രേസ്യാമ്മ: എന്തിനാ ഇപ്പൊ കടമെടുക്കണത്? മുമ്പൊരിക്കൽ ഇതേപോലെ ലോണെടത്ത് കട തൊടങ്ങാംന്ന് വിചാരിച്ച്, ഭാഗ്യത്തിന് ജോമോൻ മൊടക്കി. കടമെടുത്തിട്ടൊന്നും ബിസിനസ്സ് ചെയ്യേണ്ട.
ജോസഫേട്ടൻ: (ഭാര്യ സംസാരിക്കാൻ തുടങ്ങിയപ്പോൾ തന്നെ ചിരിക്കാൻ തുടങ്ങിയതാണ്.) നീ എന്തു കണ്ടിട്ടാണ് സംസാരിക്കണത്. ലോണല്ല, ഇത് എല്ലെഡബ്ലിയുഎൻ, ലാൺ. അതായത് പുൽത്തകിടി. മുറ്റത്ത് രണ്ടു വശത്തുമായി ഓരോ പുൽത്തകിടി. അതിനു ചുറ്റും തോട്ടച്ചീരകൊണ്ട് ബോർഡറ്. പിന്നെ എടക്കെടക്ക് പൂച്ചെടികള്. റോസ്, തെച്ചി, അങ്ങനെ പലതും. നന്നായിരിക്കും.
ത്രേസ്യാമ്മ: (ഇഷ്ടപ്പെടുന്നില്ലെന്ന് മുഖത്തെ ഭാവം) അതൊന്നും ഇവിടെ വേണ്ട. മുറ്റം നിറയെ പുല്ലും കാടുമൊക്കെയായാൽ പിന്നെ ഇത്തിരി കൊണ്ടാട്ടം ഒണക്കണെങ്കി സ്ഥലംണ്ടാവില്ല.
ജോസഫേട്ടൻ: നീ കണ്ടോ. എല്ലാം ഉണ്ടാക്കിക്കഴിയുമ്പഴേ അതിന്റെ ഭംഗി അറിയൂ.
ത്രേസ്യാമ്മ: ആ നേരം രണ്ടു വെണ്ടത്തയ്യ് നടാൻ നോക്ക്. പച്ചക്കറിക്കൊക്കെ എന്താ വെല?
ജോസഫേട്ടൻ: അമ്മായിയമ്മടെ മരുമോള് തന്ന്യാണല്ലോ.
ത്രേസ്യാമ്മ എഴുന്നേറ്റ് എന്തോ എടുക്കാൻ അടുക്കളയിലേയ്ക്കു പോകുന്നു.
സീൻ 3:
അടുക്കളയിൽ പാറുകുട്ടി അടുപ്പത്ത് എന്തോ ഇളക്കുകയാണ്. ത്രേസ്യാമ്മ അടുത്തു ചെന്ന് സ്വകാര്യമായി പറയുന്നു.
ത്രേസ്യാമ്മ: നോക്ക് പെണ്ണേ, ഇന്ന് നമ്മള് ജോസഫേട്ടന് ഇഷ്ടംള്ള സാധനല്ലെ ഉണ്ടാക്കിക്കൊടുത്തത്?
പാറുകുട്ടി: അതേ അമ്മച്ചീ, ജോസഫേട്ടന് ഏറ്റവും ഇഷ്ടം ഇടിയപ്പും മുട്ടക്കറീയുമാ.
ത്രേസ്യാമ്മ: എന്നിട്ടെന്താ അവിടെ കെടന്ന് അതും ഇതുമൊക്കെ പറേണു.
പാറുകുട്ടി: (പേടിച്ചുകൊണ്ട്) എന്ത് അമ്മച്ചീ. നന്നായില്ലാന്ന് പറഞ്ഞോ?
ത്രേസ്യാമ്മ: അല്ലെടീ ഏതാണ്ട് മുറ്റത്തൊക്കെ പുല്ല് പിടിപ്പിക്ക്യാണ്ന്നൊക്കെ.
പാറുകുട്ടി: (ദേഷ്യത്തോടെ) പിന്നേയ്...
ത്രേസ്യാമ്മ: അതെടീ, എന്നോടിപ്പ പറഞ്ഞതാ. എനിക്ക് ദേഷ്യം പിടിച്ചിട്ട് എണീറ്റുപോന്നതാ.
പാറുകുട്ടി: (മൂക്കത്ത് വിരൽവെച്ചുകൊണ്ട്) എന്താ അമ്മച്ചീ ജോസഫേട്ടന് ഇങ്ങനെ ഒരസുഖം വരാൻ?
ത്രേസ്യാമ്മ: നീയൊന്നു വാ, നീയുംകൂടി ഒന്നു പറഞ്ഞുനോക്ക്.
രണ്ടുപേരും കൂടി ഭക്ഷണമുറിയിലേയ്ക്കു പോകുന്നു.
സീൻ 4:
ജോസഫേട്ടൻ ഭക്ഷണം കഴിച്ചുകൊണ്ടിരിക്കയാണ്. ത്രേസ്യാമ്മയും പാറുകുട്ടിയും വരുന്നു. പാറുകുട്ടി ഒരു പ്രത്യേക ഭാവത്തോടെ ജോസഫേട്ടനെ നോക്കുന്നു.
ജോസഫേട്ടൻ: പാറുകുട്ടീ, മുട്ടക്കറി നന്നായിട്ടൊണ്ട്. കൊറച്ചുകൂടി വിളമ്പ്.
പാറുകുട്ടി മുട്ടക്കറി വിളമ്പുന്നു. ത്രേസ്യാമ്മ ഭക്ഷണം തുടരുന്നു.
ജോസഫേട്ടൻ: അപ്പഴേയ്ക്ക് നീയെങ്ങോട്ടു പോയെന്റെ കൊച്ചുത്രേസ്യേ? ഞാൻ പറഞ്ഞോണ്ടിരുന്നത് ലാണുണ്ടാക്ക്ണേനെപ്പറ്റിയാ. പുല്ല് നഴ്സറീല് കിട്ടും. ഇന്നു തന്നെ പോയി വാങ്ങണം.
ത്രേസ്യാമ്മ അർത്ഥം വച്ച് പാറുകുട്ടിയെ നോക്കുന്നു. ജോസഫേട്ടൻ അതൊന്നും ശ്രദ്ധിക്കുന്നില്ല. അദ്ദേഹം പുൽത്തകിടിയുടെ ലോകത്താണ്.
ജോസഫേട്ടൻ: പിടിച്ചുവന്നാല് നല്ല പച്ചപ്പരവതാനിടെ മാതിരിണ്ടാവും.
ത്രേസ്യാമ്മ: ഇനി അതിനു കൂടിയേ പണം ചെലവാക്കേണ്ടു. നിങ്ങ ഒരു ഭാഗത്തിരി.
ജോസഫേട്ടൻ ഇപ്പോൾ ത്രേസ്യാമ്മയുടെ എതിർപ്പിനെപ്പറ്റി ബോധവാനാണ്. അദ്ദേഹം അവരെ നോക്കിക്കൊണ്ട് തുടരുന്നു.
ജോസഫേട്ടൻ: നടുവിലായി ഒരു ചെറിയ ഫൗണ്ടൻ വെക്കണം. നല്ല രസംണ്ടാവും. അതിൽനിന്ന് വെള്ളം മേളിലേയ്ക്ക് ചീറ്റി വരും.
ത്രേസ്യാമ്മ: ഇനി അത്മ്മലായി. ഞാൻ പറഞ്ഞേക്കാം, ഇങ്ങിനെ അതിനും ഇതിനും ഒന്നും പണം ചെലവാക്കല്ലെ. നല്ല ഒരു മുണ്ട് വാങ്ങാൻ പറഞ്ഞാൽ കേക്കില്ല. കീറിയത് ഇട്ടോണ്ട് നടക്കും. ഇങ്ങിനെ ഒരോ കാര്യത്തിന് എത്രയാ ചെലവാക്കാ.

ജോസഫേട്ടൻ ത്രേസ്യാമ്മയെ ഒരു പ്രത്യേക അർത്ഥത്തിൽ നോക്കുന്നു. (കുറച്ചെങ്കിലും ഭാവന, അത് ഈ സ്ത്രീയുടെ മനസ്സിൽ വിരിയില്ല എന്ന അർത്ഥത്തിൽ)
ത്രേസ്യാമ്മ: ഇനി വല്ലതും പറഞ്ഞാൽ എനിക്ക് ഭാവനയില്ല എന്നൊക്കെ പറയും.
ജോസഫേട്ടൻ: അതിന് കൊച്ചുത്രേസ്യേ ഞാനൊന്നും പറഞ്ഞില്ലല്ലൊ.
ത്രേസ്യാമ്മ: അല്ല നിങ്ങളിനി പറയാൻ പോണത് അതല്ലെ?
ജോസഫേട്ടൻ: (വാശിയോടെ) നീയെന്തു പറഞ്ഞാലും ശരി, ഞാനത്ണ്ടാക്കാൻ തീർച്ചയാക്കിക്കഴിഞ്ഞു.
ജോസഫേട്ടൻ എഴുന്നേറ്റ് വാഷ്ബേസിനിൽ പോയി കൈ കഴുകുന്നു.
ത്രേസ്യാമ്മയും പാറുകുട്ടിയും കൂടി ഒഴിഞ്ഞ പാത്രങ്ങളുമായി അടുക്കളയിലേക്ക് പോകുന്നു.
സീൻ 5:
പാത്രങ്ങൾ സിങ്കിന്റെ അടുത്തുവെച്ച് ത്രേസ്യാമ്മ സ്വകാര്യമായി പറയുന്നു.
ത്രേസ്യാമ്മ: നീ കേട്ടില്ലെടീ പാറുക്കുട്ടി, അതിയാൻ മുറ്റത്ത് ഏതാണ്ടൊക്കെണ്ടാക്കാൻ പോണു. വല്ല കാര്യംണ്ടോ? ഞാൻ പറഞ്ഞാൽ ഒരു വെലേംല്ല്യ. ഇനി അതിനും കുറെ പണം ചെലവാക്കും.
പാറുകുട്ടി: അമ്മച്ചീടെ പ്രശ്നം എന്താന്നറിയോ. ക്ഷമല്ല്യായ. ജോസഫേട്ടൻ എന്തെങ്കിലും പറേമ്പോഴേക്കും അമ്മച്ചി എതിരു പറയും. അപ്പൊപ്പിന്നെ ജോസഫേട്ടനും വാശി കേറും. അതല്ലെങ്കി ജോസഫേട്ടൻ അതൊന്നും ചെയ്യണ്ടാവില്ല്യ. ആദ്യം സമ്മതിക്ക്യാ, പിന്നെ സാവധാനത്തില് അതിന്റെ ഗുണദോഷങ്ങള് പറഞ്ഞുകൊടുക്ക്വാ. അല്ലെങ്കീ ജോസഫേട്ടൻ തന്നെ പിന്നെ അതിന്റെ ഗുണദോഷങ്ങള് മനസ്സിലാക്കി വേണ്ടാന്ന് വെയ്ക്കും.
ത്രേസ്യാമ്മ: ശര്യാല്ലെ? ഞാനേതായാലും ഒന്നുംകൂടി പറഞ്ഞുനോക്കട്ടെ.
ത്രേസ്യാമ്മ പോകുന്നു. ഈ സ്ത്രീ ശരിയാവില്ലെന്ന ഭാവത്തിൽ ആ പോക്കു നോക്കി നിൽക്കുന്ന പാറുകുട്ടി.
സീൻ 6:
ജോസഫേട്ടനെ അന്വേഷിച്ചു പോകുന്ന ത്രേസ്യാമ്മ ഉമ്മറവാതിൽക്കൽ നിൽക്കുന്നു. മുറ്റത്ത് ജോസഫേട്ടൻ ജോലി ചെയ്യുന്നു. ഒരു കൈക്കോട്ടുമായി ഉണങ്ങിയ മണ്ണ് കിളച്ചു മറിക്കയാണ്. കിളച്ച മണ്ണ് ഉടച്ചു പൊടിക്കുന്നു, നിരത്തുന്നു. മുകളിൽ മൊട്ട വെയിലാണ്. അതൊന്നും കൂസാതെ ജോസഫേട്ടൻ ജോലി ചെയ്യുന്നു.
ത്രേസ്യാമ്മ തലയാട്ടിക്കൊണ്ട് തിരിച്ചു പോകുന്നു.
സീൻ 7:
അടുക്കളയിൽ. ഊണിനുള്ള ഒരുക്കങ്ങൾ കൂട്ടുന്ന പാറുകുട്ടി. ചുമരിലെ ഘടികാരത്തിൽ സമയം 12.40 ആയിരിക്കുന്നു. പാറുകുട്ടി കൂട്ടാന്റെ രണ്ടു പാത്രങ്ങളുമായി ഊൺ മുറിയിലേയ്ക്കു പോകുന്നു. ത്രേസ്യാമ്മ ആലോചനയിലാണ്. വളരെ സാവധാനത്തിൽ, കൈ വഴങ്ങാത്ത മട്ടിൽ ജോലി ചെയ്യുന്നു.
സീൻ 8:
എല്ലാവരും കുട്ടികളുടെ ഒപ്പം ഭക്ഷണം കഴിക്കുന്ന ഷോട്ട്. അധികം സംസാരമൊന്നുമില്ല.
ജോസഫേട്ടൻ: ഊണു കഴിഞ്ഞാൽ ഞാൻ പൊറത്തിറങ്ങും.
ത്രേസ്യാമ്മ: അപ്പൊ ഒറങ്ങ്ണില്ല്യേ?
ജോസഫേട്ടൻ: ഇന്ന് ഒറക്കം ഇല്ല. ലാണുണ്ടാക്കാനുള്ള സാധനങ്ങള് വാങ്ങിക്കൊണ്ടരണം.
ത്രേസ്യാമ്മ എന്തോ പറയാൻ ഒരുമ്പെടുന്നു. പാറുകുട്ടി ചുണ്ടിൽ വിരൽവെച്ച് വിലക്കുന്നു.
ഫേയ്ഡൗട്ട്.
സീൻ 9:
സമയം നാലു മണി. കുട്ടികൾ ഉമ്മറത്തും മിറ്റത്തുമായി കളിച്ചുകൊണ്ടിരിക്കുന്നു. ചിലർ ഉമ്മറപ്പടിയിൽ വെറുതെ ഇരിക്കുന്നു. പാറുകുട്ടി ഉമ്മറപ്പടിയിൽ ഇരുന്നുകൊണ്ട് കുട്ടികളെ ശ്രദ്ധിക്കുകയാണ്. കാമറ ഉമ്മറത്തേയ്ക്കു പാൻ ചെയ്യുമ്പോൾ കാണുന്നത് സോഫയിലിരുന്ന് ഉറക്കം തൂങ്ങുന്ന ത്രേസ്യാമ്മയാണ്.
സീൻ 9 എ:
പടിക്കൽ ഒരു ഓട്ടോ വന്നു നിൽക്കുന്നു. പെട്ടെന്ന് എഴുന്നേൽക്കുന്ന പാറുകുട്ടിയുടെ ഷോട്ട്. ഓട്ടോവിൽനിന്ന് പുറത്തേയ്ക്കു നോക്കുന്ന ജോസഫേട്ടന്റെ ഷോട്ട്. പാറുകുട്ടി അകത്തേയ്ക്ക് വിളിച്ചു പറയുന്നു.
പാറുകുട്ടി: ദേണ്ടേ അമ്മച്ചീ, ജോസഫേട്ടൻ വന്നു.
ഞെട്ടി ഉണരുന്ന ത്രേസ്യാമ്മയുടെ മുഖം.
പാറുകുട്ടി: ജോസഫേട്ടൻ വന്നൂ. അമ്മച്ചി വാ.
അതിൽ കാര്യമായെന്തോ ഉണ്ടെന്ന മട്ടിൽ ത്രേസ്യാമ്മ എഴുന്നേറ്റു വരുന്നു.
സീൻ 9ബി:
ഓട്ടോവിൽ നിന്ന് ഒരു ചാക്ക് ഇറക്കുന്ന ജോസഫേട്ടൻ. ഇറക്കിയ ചാക്ക് വലിച്ചുകൊണ്ട് മിറ്റത്തേയ്ക്കു കൊണ്ടുവരുന്നു. കുട്ടികളെല്ലാം ജോസഫേട്ടനു ചുറ്റും നിൽക്കുന്നു. ചാക്കിൽ എന്താണെന്നറിയാനുള്ള

ഔത്സുക്യമാണ് എല്ലാ മുഖത്തും. പാറുകുട്ടിയും, ഉമ്മറത്തുനിന്നു വന്ന ത്രേസ്യാമ്മയും മുറ്റത്തേയ്ക്കിറങ്ങി നിൽക്കുന്നു. പറമ്പിൽനിന്ന് കോഴിയും വന്ന് നോക്കിനിൽക്കുകയാണ്. ജോസഫേട്ടൻ എല്ലാവരേയും നോക്കിക്കൊണ്ട് ഒരു മാന്ത്രികന്റെ ഭാവത്തോടെ ചാക്ക് കെട്ടഴിച്ച് മിറ്റത്തേയ്ക്കു ചെരിയുന്നു. ചാക്കിൽനിന്ന് മണ്ണും വേരും കലർന്ന ഒരു കെട്ട് പുല്ല് വീഴുന്നു.

ഒരു കുട്ടി: ഇതെന്താ അപ്പൂപ്പൻ കൊറെ പുല്ലും മണ്ണും കൊണ്ടന്നിരിക്കണത്?

ആർക്കും ബോധിച്ചിട്ടില്ലെന്ന് ജോസഫേട്ടന് മനസ്സിലാവുന്നു. അദ്ദേഹം പറയുന്നു.

ജോസഫേട്ടൻ: നൂറ്റിയിരുപത്തഞ്ചു രൂപേടെ മൊതലാ ഇക്കെടക്കണത്.

ത്രേസ്യാമ്മ: (മൂക്കത്ത് വിരൽ വെച്ച്) എന്റെ കർത്താവേ!

ആർക്കും ഒരു മതിപ്പുണ്ടായില്ല. ഓരോരുത്തരായി സ്ഥലം വിടുകയാണ്.

ത്രേസ്യാമ്മ: (തിരിഞ്ഞു നടന്നുകൊണ്ട്) എനിക്ക് അടുക്കളേല് ജോലീണ്ട്.

പാറുകുട്ടി: അയ്യോ ഞാൻ പാല് തെളപ്പിക്കാൻ വെച്ചിട്ടൊണ്ട്, മറന്നുപോയി.

പാറുകുട്ടിയും ഓടിപ്പോകുന്നു. കുട്ടികളും കളിക്കാനായി ഓടിപ്പോയി. കോഴി മാത്രം മുന്നോട്ട് വന്ന് കാലുകൊണ്ട് ചിക്കി വല്ല മണ്ണിരയും ഉണ്ടോ എന്ന് കുറച്ചുനേരം പരതിനോക്കി. അവസാനം അതും നിരാശതയോടെ തല വെട്ടിച്ച് നടന്നകന്നു. ജോസഫേട്ടനും മുമ്പിലെ പുല്ലുണ്ടയും ചുറ്റുമുള്ള ഏകാന്തതയും മാത്രം. ഒറ്റയ്ക്കായതിൽ വിഷമമുണ്ടെങ്കിലും അതു മാറ്റിവച്ച് ജോലി ചെയ്യാനിറങ്ങുന്നു.

സീൻ 10:

അടുക്കളയിൽ പാറുകുട്ടി ജോലിയെടുത്തുകൊണ്ടിരിക്കുന്നു. ത്രേസ്യാമ്മ അടുത്തുതന്നെ മൂക്കത്ത് വിരലുംവച്ച് നിൽക്കുകയാണ്.

ത്രേസ്യാമ്മ: നീ കണ്ടോടി വാങ്ങിച്ചുകൊണ്ടോന്നിരിക്കണത്? നൂറ്റിരുപത്തഞ്ചു രൂപേയ്.

പാറുകുട്ടി: ആ അമ്മച്ചീ, ഒരഞ്ചു രൂപ തന്നാൽ ഞാൻ ഇതിലുമധികം പുല്ല് വെട്ടിക്കൊണ്ടു വരാം.

ത്രേസ്യാമ്മ: ഞാൻ പറഞ്ഞാൽ കേക്കുമോ അച്ചായൻ? ഇനി എത്ര രൂപയാ തൊലക്ക്യാന്ന് കണ്ടറിയണം.

പാറുകുട്ടി: ശര്യാ അമ്മച്ചി. വലിയ കൊഴപ്പല്യ്ളാത്ത ആളായിരുന്നു. ഇന്നെന്തു പറ്റിയാവോ. ആരോ ജോസഫേട്ടനിട്ടു വെച്ചതാന്നു തോന്നുണു.

ത്രേസ്യാമ്മ: അല്ലാതെ?

സീൻ 11:

വൈകുന്നേരം 6 മണി. കുട്ടികളെല്ലാം പോയിക്കഴിഞ്ഞു. ജോസഫേട്ടൻ കിളച്ച സ്ഥലത്ത് കൊച്ചുകുന്നുകളും താഴ്വരകളും നിർമ്മിച്ച് പുല്ലെല്ലാം നട്ടു കഴിഞ്ഞു. ഹോസെടുത്ത് നനക്കുകയാണ്. തടത്തിൽ അവിടവിടെയായി വാടിയ പുല്ലുകൾ മാത്രം. ത്രേസ്യാമ്മ വരുന്നു. അവർ കുറച്ചു നേരം ആ കാഴ്ച വിഷമത്തോടെ നോക്കി നിൽക്കുന്നു. ജോസഫേട്ടൻ നന മതിയാക്കി പോകുന്നു.

സീൻ 12:

രാവിലെ സമയം. ജോസഫേട്ടൻ ഹോസെടുത്ത് നനക്കുന്നു.

സീൻ 12എ:

അടുക്കളയിലെ ജനലിലൂടെ ജോസഫേട്ടൻ നനക്കുന്നത് നോക്കി നിൽക്കുന്ന ത്രേസ്യാമ്മ. പാറുകുട്ടി ധൃതിയിൽ ജോലിയെടുക്കുകയാണ്.

ത്രേസ്യാമ്മ: എടീ നോക്ക് അച്ചായൻ കാര്യമായി നനക്ക്ണ്ണ്ട്. ഞാനിന്നലെ നോക്ക്യപ്പൊ അതില്ത്തെ പുല്ലൊക്കെ ഒണങ്ങിപ്പോയിരിക്കുണു. എന്തു മൊളച്ചുവരുംന്ന് വെച്ചിട്ടാണാവോ നനക്ക്ണത്.

പാറുകുട്ടി: ആന്നേയ്.

സീൻ 13:

ഒരാഴ്ചക്കു ശേഷം. വൈകുന്നേരം കുട്ടികളെ ഓരോരുത്തരായി പറഞ്ഞയക്കുന്നു. അവസാനത്തെ കുട്ടിയെ അവരുടെ മാതാപിതാക്കളുടെ ഒപ്പം അയച്ചശേഷം ത്രേസ്യാമ്മ ഉമ്മറപ്പടിമേലിരിക്കുന്നു. പാറുകുട്ടി വെറുതെ മിറ്റത്ത് നടന്നുനോക്കുന്നു. പെട്ടെന്നവൾ എന്തോ കണ്ടപോലെ തടങ്ങളിൽ നോക്കുന്നു. എന്തോ പ്രത്യേകത കണ്ട് അവൾ ഇരുന്നുകൊണ്ട് നോക്കുന്നു. ത്രേസ്യാമ്മയെ മാടി വിളിക്കുന്നു.

പാറുകുട്ടി: അമ്മച്ചീ, ഇങ്ങു വന്നേ.

ത്രേസ്യാമ്മ: എന്താ പെണ്ണേ.

പാറുകുട്ടി: ഇങ്ങു വന്നേ, ഒരു കാര്യം കാണിച്ചുതരാനാ.

ത്രേസ്യാമ്മ എഴുന്നേറ്റു ചെല്ലുന്നു. പാറുകുട്ടിയുടെ അടുത്തിരുന്ന് ചൂണ്ടിക്കാട്ടിയ സ്ഥലം പരിശോധിക്കുന്നു. കാമറ കാണിക്കുന്നത് നിറയെ മുളകൾ പൊട്ടിയിട്ടുള്ള പുല്ലുകളാണ്. ശക്തമായ മുളകൾ. ത്രേസ്യാമ്മയുടെ കണ്ണുകൾ വിടരുന്നു.

ത്രേസ്യാമ്മ: നല്ല രസംണ്ട് ഇല്ലെടീ.

പാറുകുട്ടി: ആ അമ്മച്ചീ, ഉടുപ്പിടാത്ത കൊച്ചുകുട്ടികള്ടെ മാതിരിണ്ട്.

ജോസഫേട്ടൻ പുറത്തുനിന്ന് വരുന്നു. ഭാര്യയും പാറുകുട്ടിയും നോക്കിനിൽക്കുന്നതിനു പിന്നിൽ വന്നുനിൽക്കുന്നു. പെട്ടെന്ന് ഒരു മുത്തങ്ങപ്പുല്ല് മുളച്ചത് കാണുന്നു. ഇരുന്ന് അതു പറച്ചു കളയുന്നു.

ത്രേസ്യാമ്മ: അപ്പൊ നിങ്ങ എന്തിനാ അതു പറച്ചു കളഞ്ഞത്. അതും പുല്ല് തന്നല്ലെ?

ജോസഫേട്ടൻ: അത് മുത്തങ്ങപ്പുല്ലാണ്. നട്ടു പിടിപ്പിച്ചത് ഒരു പ്രത്യേക പുല്ലാണ്. അത് നല്ല കട്ടീല് പരവതാനിപോലെ പടർന്ന് പിടിക്കും. അതിന്റെ എടേല് വേറെ ഒന്നും പാടില്ല. പുല്ലാണെങ്കീത്തന്നെ.

ത്രേസ്യാമ്മ: അതെയല്ലേ?

ജോസഫേട്ടൻ: ഇനി കണ്ടോ. നോക്കിക്കൊണ്ടിരിക്കേ ഈ പുല്ല് വളരും. ഞാൻ വളം ഇട്ടുകൊടുത്തിട്ടൊണ്ട്. എടേല് ഇപ്പ കാണണ മണ്ണൊക്കെ മാഞ്ഞുപോകും. കടും പച്ചപ്പുല്ലുമാത്രം കാണാം. ഇതാ അവിടെ ഞാനൊരു ജലധാരണ്ടാക്കും. ദാ, ഈ അരികിലൊക്കെ തോട്ടച്ചീര ഒരു ബോർഡറായിട്ട്.........

ജോസഫേട്ടൻ പറഞ്ഞുകൊണ്ടിരിക്കുമ്പോൾ തന്നെ പുല്ലുകൾ വളരുന്നതായും കട്ടികൂടിയ ഒരു പരവതാനിയാവുന്നതും, ചുറ്റും ചുവന്ന തോട്ടച്ചീരയുടെ ബോർഡർ തന്നത്താൻ വരുന്നതും, നടുവിൽ ഒരു ജലധാരയിൽനിന്ന് വെള്ളം ചീറ്റി വരുന്നതും മോർഫിങ്ങിലൂടെ കാണിക്കണം.

**End Of Part I**

*Episode 10*

# എന്റെ പ്രിയപുത്രൻ

**Part II**

സീൻ 14:

പൂമുഖം. മുട്ടക്കാരി എലിയാമ്മ വാതിലിന്റെ അടുത്ത് ഇരിക്കുന്നു. ചായയും പലഹാരവും കഴിക്കുന്നുണ്ട്. പാറുകുട്ടി മുട്ടയ്ക്കുള്ള പാത്രവുമായി വരുന്നു.

എലിയാമ്മ: എന്റെ ത്രേസ്യാമ്മേ ജോസഫേട്ടന്റെ കയ്യില് കൊറേ കോപ്പൊണ്ട്. മുമ്പ് കോഴിക്കൂടുണ്ടാക്കിയപ്പോ ത്തന്നെ ഞാൻ പറഞ്ഞില്ലേ. ഈ പുല്ല് വളർത്തീത് എന്തു ഭംഗിയായിരിക്കുണു. വൈകുന്നേരൊക്കെ അതില് കെടന്ന് ഒറങ്ങാൻ പറ്റും.

ത്രേസ്യാമ്മ: ഞങ്ങള് വൈകുന്നേരൊക്കെ അതിമ്മല് ഇരിക്കാറ്ണ്ട്. ആ ജലധാര തൊടങ്ങ്യാല് എന്ത് സുഖാന്നറിയോ.

പാറുകുട്ടി: അത് ണ്ടാക്കാൻ തൊടങ്ങുമ്പ അമ്മച്ചി എന്തൊക്കെ പറഞ്ഞതാ.

ത്രേസ്യാമ്മ: ഇത്ര്യൊക്കെ നന്നാവുംന്ന് ഞാൻണ്ടോ കരുതി?

എലിയാമ്മ: എത്ര മൊട്ട വേണം മോളെ.

പാറുകുട്ടി: പത്തെണ്ണം.

ത്രേസ്യാമ്മ: എട്ടെണ്ണം മതി എലിയാമ്മേ. മൊട്ട കണ്ടാൽ ജോസഫേട്ടന് കൊതിയാ. മൊട്ട കൊടുത്തു പോവരുത്ന്നാ ഡോക്ടറ് പറഞ്ഞിട്ടൊള്ളത്.

എലിയാമ്മ: മൊട്ട തിന്നാലൊന്നും അസുഖം വരില്ല ന്റെ ത്രേസ്യാമ്മേ.

പാറുകുട്ടി: പത്തെണ്ണംതന്നെ ഇരുന്നോട്ടെ അമ്മച്ചീ. ഈയാഴ്ചല്ലേ വല്ല്യമ്മച്ചി വരണത്?

ത്രേസ്യാമ്മ: ഓ, വല്ല്യമ്മച്ചി ഈ വ്യാഴാഴ്ച വരും.

എലിയാമ്മ മൊട്ട എണ്ണി വയ്ക്കുന്നു.

സീൻ 15:

വൈകുന്നേരം അഞ്ചര മണി. ത്രേസ്യാമ്മയുടെ വീടിന്റെ പടിക്കൽ ഒരു ഓട്ടോ വന്നു നിൽക്കുന്നു. ഓട്ടോവിൽനിന്ന് മറിയാമ്മ ഇറങ്ങുന്നു. ഒരു തുണിസഞ്ചിയുണ്ട് കയ്യിൽ. അതിൽനിന്ന് പഴ്സെടുത്ത് ഓട്ടോക്കാരനോട് ചോദിക്കുന്നു.

മറിയാമ്മ: എത്രയായെടോ?

ഓട്ടോക്കാരൻ: പതിനഞ്ചു രൂപ.

മറിയാമ്മ: സൌത്ത് റെയിൽവെ സ്റ്റേഷനീന്ന് ഇത്രേടംവരാൻ പതിനഞ്ചു രൂപയോ? ഞാൻ തന്റെ ഓട്ടോവിന്റെ വിലയല്ല ചോദിച്ചത്, വാടകയാ.

മറിയാമ്മ പത്തു രൂപയെടുത്ത് കൊടുക്കുന്നു.

ഓട്ടോക്കാരൻ: പെട്രോളിന്റെ വില കൂടിയതൊന്നും വല്ല്യമ്മ അറിഞ്ഞില്ലായിരിക്കും.

മറായാമ്മ: ആട്ടെ തനിക്കിനി എത്ര വേണം?

ഓട്ടോക്കാരൻ: ഒരു രണ്ടു രൂപ കൂടി എടുക്ക് വല്ല്യമ്മേ.

പൊക്കണസഞ്ചിയിൽ നിന്ന് രണ്ടു രൂപ കൂടി എടുത്തുകൊടുത്ത് അവർ ഗെയ്റ്റു കടക്കുന്നു. വീട്ടിലേയ്ക്കു നോക്കി വിളിക്കുന്നു.

മറിയാമ്മ: കൊച്ചുത്രേസ്യേ, ജോസേ....

ശബ്ദം കേട്ട് പാറുക്കുട്ടി പുറത്തേക്ക് വരുന്നു.

പാറുകുട്ടി: (സന്തോഷത്തോടെ) വല്ല്യമ്മച്ചി വന്നാ?

മറിയാമ്മ: എടി ജോസെവിടെ? കൊച്ചുത്രേസ്യേം?

പാറുകുട്ടി: അവർ ഒരു വൗത്തീസിന് പോയിരിക്ക്യാണ് വല്ല്യമ്മച്ചി.

മറിയാമ്മ: ആരടെ വൗത്തീസാടി കൊച്ചേ?

പാറുകുട്ടി: ആഹ് അറിയാമ്പാട്ല്ല. അമ്മച്ചീടെ വല്ല്യപ്പച്ചന്റെ മോക്കടെ...... ആ, ആർക്കറിയാം. ഒരു കൊച്ചിന്റേതാ.

മറിയാമ്മ: ആഹാ, വൗത്തീസ് ഒരു കൊച്ചിന്റേതാണല്ലേടി. നീ പോയി ഒരു ചായ ഇട്ടോണ്ടു വാ.

പാറുകുട്ടി പോകാനായി തിരിയുന്നു. മറിയാമ്മ വിളിച്ചു പറയുന്നു.

മറിയാമ്മ: ചായേല് നല്ല മധുരം ഇട്ടോ പെണ്ണേ. നീ കേക്ക്ണ്ണ്ടോ? പിന്നേയ് നീയിത് കൊച്ചുത്രേസ്യയോട് വിളിച്ചു കൂകൊന്നും ചെയ്യല്ലേ.

സീൻ 16:

മറിയാമ്മ ഊൺ മേശമേൽ സഞ്ചി വച്ച് കസേലയിൽ ഇരിക്കുന്നു. സഞ്ചിയിൽ നിന്നെടുത്ത പ്ലാസ്റ്റിക് കൂട തുറന്ന് കുറെ ചെടിത്തൈകൾ പുറത്തെടുക്കുന്നു. പലതരം പച്ചക്കറികളുടെ തൈകൾ. അവയുടെ കഴുത്തുകൾ വാടി കുഴഞ്ഞിരുന്നു.

പാറുകുട്ടി ചായയുമായി വരുന്നു.

പാറുകുട്ടി: ഇതെന്താ വല്ല്യമ്മച്ചീ കൊറേ ചെടികള്?

മറിയാമ്മ: ഇത് കൊറച്ച് വഴുതിനേം, വെണ്ടേം പച്ചമൊളകും ഒക്ക്യാ. പൗലോസിന്റവിടുന്ന് പറിച്ചെടുത്തതാ. അവൻ എല്ലാതരം പച്ചക്കറികളും പറമ്പീത്തന്നെണ്ടാക്കും. പച്ചക്കറിക്കെല്ലാം ഇപ്പൊ എന്നാ വെല്യാ? (പിന്നെ ശബ്ദം താഴ്ത്തി സ്വകാര്യമായി) ജോസിന് പണ്ടും അതൊന്നും വയ്യ. അവന് മെക്കാനിക്ക് പണിയൊക്കെ വശാണ്. കൃഷി ചെയ്യാൻ കൊള്ളൂലാ.

പാറുകുട്ടി: അതു ശര്യാ വല്ല്യമ്മച്ചീ.

മറിയാമ്മ: ജോസ് എങ്ങോട്ടു പോയി..?

പാറുകുട്ടി: പെരുമ്പാവൂരാ വല്ല്യമ്മച്ചി രാത്ര്യാവും എത്താൻന്ന് പറഞ്ഞിരിക്ക്ണ്.

മറിയാമ്മ: ന്നാ പത്രോസിന്റെ മോന്റെ മോക്കടെ മാമൂദീസ്യായിരിക്കും. (അവർ എഴുന്നേറ്റുകൊണ്ട്) എടീ കൊച്ചേ നീ ആ തൂമ്പയൊന്ന് എടുത്തു താ. ഞാനീ ചെടികളൊക്കെ ഒന്നു നടട്ടെ.

പാറുകുട്ടി: അയ്യോ വേണ്ട വല്ല്യമ്മച്ചി, ഞാൻ ചെയ്തോളാം. വല്ല്യമ്മച്ചി ഈ വയസ്സുകാലത്ത് തൂമ്പയെടുത്ത് കെളക്കാനൊന്നും നിൽക്കണ്ട.

മറിയാമ്മ: വല്ല്യമ്മച്ചിക്ക് വയസ്സൊന്നു ആയിട്ടില്ലെടീ. പൗലോസിന്റെവിടെ ഞാൻ തന്ന്യാ പച്ചക്കറിയൊക്കെ കൃഷി ചെയ്യണത്. അവന് എവിടാ നേരം ഏതു സമയോം ഡബ്ബറിന്റെ പിന്നാലെയല്ലെ.

മറിയാമ്മ ചായ കുടിച്ചുകഴിഞ്ഞശേഷം മുറ്റത്തേയ്ക്കിറങ്ങുന്നു.

സീൻ 16എ:

വീടിന്റെ മിറ്റത്ത് തൈകൾ നിറച്ച കൂടയുമായി നിൽക്കുന്ന മറിയാമ്മ. വീടിന്റെ പിന്നിലൂടെ വന്ന പാറുകുട്ടിയുടെ കൈയ്യിൽ കൈക്കോട്ടുണ്ട്.

പാറുകുട്ടി: വല്ല്യമ്മച്ചി ഞാനൊന്ന് അടുക്കളയിലോട്ട് പോട്ടെ. ജോലീണ്ട്. ഉച്ചക്ക് ആരുംല്ല്യാത്തോണ്ട് ഒറങ്ങിപ്പോയി.

മറിയാമ്മ: (കൈക്കോട്ട് വാങ്ങി പാറുകുട്ടിയുടെ തുടുത്ത ദേഹം ആകെയൊന്ന് ഉഴിഞ്ഞുനോക്കിക്കൊണ്ട്) ഉച്ചക്ക് ഒറങ്ങണ്ട പെണ്ണെ, നീ തടിക്ക്ണ്ണ്ട്.

പാറുകുട്ടി: (നാണത്തോടെ) ഇല്ല വല്ല്യമ്മച്ചീ. (പോകുന്നു.)

സീൻ 17:

അടുക്കളയിൽ പാറുകുട്ടി ഭക്ഷണം പാകം ചെയ്യുന്നതിൽ വ്യാപൃതയായിരിക്കുന്നു. ചുറ്റും ഇരുട്ടു പരക്കുന്നു. അവൾ യാന്ത്രികമായി ലൈറ്റിടുന്നു. വീണ്ടും ജോലിയിൽ മുഴുകുന്നു.

പിന്നിലെ വാതിലിലൂടെ മറിയാമ്മ കയറുന്നു. മേശക്കരികെ ഇട്ട കസേലയിൽ ഇരുന്ന് ചട്ടകൊണ്ട് മുഖം തുടക്കുന്നു.

മറിയാമ്മ: ഒരു ചായതാ മോളെ.

പാറുകുട്ടി: (പെട്ടെന്ന് ഞെട്ടി) അയ്യോ ജോലിടെ എടേല് ഞാൻ വല്ല്യമ്മച്ചീടെ കാര്യംതന്നെ മറന്ന്.

മറിയാമ്മ: (തമാശയായി) നെനക്ക് അല്ലേലും വല്ല്യമ്മച്ചീടെ കാര്യം അത്രക്കേള്ളൂന്ന് വല്ല്യമ്മച്ചിക്കും അറിയാമെടീ കൊച്ചേ.

പാറുകുട്ടി: അയ്യോ അങ്ങിനല്ല അമ്മച്ചീ... ഞാൻ....
മറിയാമ്മ: ഞാൻ ചുമ്മാ പറഞ്ഞതല്ലെടീ. നീ ഒരു കാര്യം ചെയ്യ്. എന്റെ സഞ്ചീല് പിണ്ണതൈലംണ്ട്. അതെടുത്ത് കൊണ്ടുവാ. എന്നിട്ട് എന്റെ കയ്യേല് ഒന്നുഴിഞ്ഞു താ.
പാറുകുട്ടി: (ആകാംക്ഷയോടെ) എന്തു പറ്റീ വല്ല്യമ്മച്ചീ.
മറിയാമ്മ: ഒന്നും പറ്റീല്ലെടി. ഒരു കടച്ചില്. വയസ്സായില്ലേ. ഇപ്പോ മുമ്പത്തെപ്പോലൊന്നും ജോലിയെടുക്കാൻ മേല.
പാറുകുട്ടി: അത് തന്നല്ലെ വല്ല്യമ്മച്ചി ഞാൻ പറഞ്ഞേ ഞാൻ നടാംന്ന്.
മറിയാമ്മ: സാരംല്ല്യ എന്റെ കൊച്ചേ. നീയിതൊന്നും കൊച്ചുത്രേസ്യോട് പറയല്ലെ കേട്ടോ.
പാറുകുട്ടി മറിയാമ്മയുടെ ചുളിവു വീണ കൈയിൽ തൈലം പുരട്ടി ഉഴിയന്നു. അവളുടെ മുഖം ആർദ്രമാകുന്നു.
പാറുകുട്ടി: വല്ല്യമ്മച്ചി ഒരു മാസം മുഴുവൻ ഈ ചെടികളൊക്കെ നോക്കി വളർത്തും. പൂവും കായുമാകുമ്പോഴേക്കും മറ്റു മക്കളുടെ അടുത്തേക്ക് പോവ്വേം ചെയ്യും. പിന്നെ വരവാ രണ്ടു മാസം കഴിഞ്ഞിട്ടാ. ഇങ്ങനെ മക്കൾക്കു വേണ്ടി കഷ്ടപ്പെടണ ഒരു അമ്മേ ഞാൻ നടാടെയാ കാണണത്.
മറിയാമ്മ: അങ്ങിനെയൊന്നും ഇല്ലെടി കൊച്ചേ. മതി. ഇപ്പൊ ഭേതായി.
സീൻ 18:
സമയം രാത്രി 8 മണി. മറിയാമ്മ സോഫയിലിരിക്കുന്നു. പാറുകുട്ടി അവരുടെ കാൽക്കലായി നിലത്തിരിക്കുന്നു. ജോസഫേട്ടനും ത്രേസ്യാമ്മയും വാതിൽ കടന്ന് വരുന്നു.
ജോസഫേട്ടനും ത്രേസ്യാമ്മയും ഒന്നിച്ച്: അമ്മച്ചി എപ്പോഴാ വന്നേ?
മറിയാമ്മ: ഞാൻ വൈകീട്ടെത്തി ജോസേ. വൗത്തീസൊക്കെ എങ്ങനെണ്ടാർന്നു?
ജോസഫേട്ടൻ: ഗംഭീരമായി അമ്മച്ചി. നമ്മടെ മാതിര്യാണോ, പണംള്ള പാർട്ടിയല്ലെ, പിന്നെന്താ.
മറിയാമ്മ: നെണക്കെന്താടാ മോശം?
ജോസഫേട്ടൻ: നമുക്കെന്താള്ളത് അമ്മച്ചീ?
പെട്ടെന്ന് സംസാരത്തിന്റെ പോക്ക് ശരിയല്ലാ എന്നു മനസ്സിലാക്കിയ ത്രേസ്യാമ്മ ഇടപെടുന്നു.
ത്രേസ്യാമ്മ: അമ്മച്ചി ഓട്ടോവിൽത്തന്നെയല്ലെ വന്നത്?
മറിയാമ്മ: അതേ കൊച്ചുത്രേസ്യേ.
സീൻ 19:
രാത്രിഭക്ഷണം. മേശക്കു ചുറ്റുമിരുന്ന് എല്ലാവരും ഭക്ഷണം കഴിക്കുന്നു. ഒരോരുത്തർ വ്യത്യസ്ഥഭക്ഷണമാണ് കഴിക്കുന്നത്. മറിയാമ്മയും ജോസഫേട്ടനും ഗോതമ്പു റവകൊണ്ടുള്ള കഞ്ഞി. ത്രേസ്യാമ്മയും പാറുകുട്ടിയും ചോറും കറികളും.
മറിയാമ്മ: ജോസെ, ഞാൻ പൗലോസിന്റോടന്ന് കുറേ തയ്യുകള് കൊണ്ടുവന്നിട്ടുണ്ട്. വഴുതിനീം വെണ്ടീം പാവക്കീം ഒക്കെണ്ട്. എല്ലാം നട്ടിട്ടൊണ്ട്.
ത്രേസ്യാമ്മ: അയ്യോ അമ്മച്ചി തന്നെ എല്ലാം നട്ടുവോ? ഞങ്ങള് വന്നിട്ട് നടാവായിർന്ന്. (തിരിഞ്ഞ് പാറുകുട്ടിയോട്) അപ്പോ പാറുക്കുട്ടി നെനക്കൊന്ന് സഹായിക്കായിർന്നില്ലെ?
പാറുകുട്ടി: ഞാൻ നടാംന്ന് പറഞ്ഞു അമ്മച്ചി, പക്ഷേ കേൾക്കണ്ടെ? ഇപ്പൊ ഇതാ ഇവിടെ വേദന, അവിടെ വേദനാന്നൊക്കെ പറേണ്ണ്ട്.
മറിയാമ്മ: ഇല്ലെടി കൊച്ചെ, അവള് വെറുതെ പറയണതാ. നനഞ്ഞ മണ്ണില് വെട്ടാൻ ഇത്ര പണീണ്ടോ?
ജോസഫേട്ടൻ: നനഞ്ഞ മണ്ണോ? നനഞ്ഞ മണ്ണ് എവിടെ? ഈ കുംഭമാസത്തിൽ മണ്ണ് പാറ പോലാ. പാവം അമ്മച്ചി നല്ലോണം കഷ്ടപ്പെട്ടിട്ടുണ്ടാവും.
മറിയാമ്മ: മുറ്റത്തെന്താ, കൊറേ കാടും പടലും പുല്ലും ഒക്കെ?
ജോസഫേട്ടൻ: (ചിരിച്ചുകൊണ്ട്) അതോ അതിന്റെ ഭംഗി നാളെ അമ്മച്ചിക്കു കാണിച്ചുതരാം.
മറിയാമ്മ ആലോചിക്കുന്നു. ജോസഫിന്റെ കുട്ടിക്കാലം.
ഫ്ളാഷ്ബാക്ക്: പത്തുപന്ത്രണ്ട് വയസ്സുള്ള ജോസഫ്. സ്കൂളിൽനിന്ന് വരുന്നു. പിന്നിൽ ഒരു സാധനം ഒളിപ്പിച്ചുവച്ചിരിക്കുന്നു. അമ്മയുടെ മുമ്പിലെത്തി ചോദിക്കുന്നു. 'അമ്മച്ചിക്ക് ഒരു സാധനം കാണണോ?'
മറിയാമ്മ ചോദിക്കുന്നു. അമ്മച്ചീടെ മുത്ത് ഇന്നെന്താണുണ്ടാക്കീരിക്കണത്? നോക്കട്ടെ. ജോസഫ് പെട്ടെന്ന് ഉണ്ടാക്കിയ സാധനം മുമ്പിലേയ്ക്കു കൊണ്ടുവന്ന് അമ്മയെ കാണിക്കുന്നു.
ഫ്ളാഷ്ബാക്ക് കഴിഞ്ഞു. മറിയാമ്മ ഓർമ്മയിൽ ചിരിക്കുന്നു. പെട്ടെന്ന് അവർ വർത്തമാനകാലത്തിലേക്ക് തിരിച്ചുവരുന്നു.
മറിയാമ്മ: (കുറച്ചു വിഷമത്തോടെ) എടാ ജോസേ ഒരു കാര്യം പറഞ്ഞാൽ നീയ് വഴക്കു പറയ്യോ?
ജോസഫേട്ടൻ: എന്താ അമ്മച്ചീ?
മറിയാമ്മ: ഞാനില്ലേ, ഞാനാ പുല്ലൊക്കെ ....
ജോസഫേട്ടൻ: (ഉദ്വേഗം കൊണ്ട് പകുതി എഴുന്നേറ്റുകൊണ്ട്) പുല്ലൊക്കെ?

മറിയാമ്മ: ഞാനേയ്, ഞാനതൊക്കെ ചെത്തിക്കളഞ്ഞു. അവിടാ തൈകള് നട്ടത്. നല്ല നനവുണ്ടായിരുന്നു അവടെ.

ജോസഫേട്ടൻ: ചതിച്ചോ!

അതും പറഞ്ഞുകൊണ്ട് ചാടിയെഴുന്നേൽക്കുന്നു. അയാൾ അടച്ചിട്ട ഉമ്മറവാതിൽ തുറന്ന് ലൈറ്റിട്ട് മുറ്റത്തേക്ക് ചാടിയിറങ്ങുന്നു.

സീൻ 19എ: ലൈറ്റിട്ടതുകൊണ്ട് മുറ്റം മുഴുവൻ കാണുന്നു. പുൽത്തകിടി മുഴുവൻ പോയിരിക്കുന്നു. പുല്ല് മുഴുവൻ ചെത്തിയെടുത്ത് തടമുണ്ടാക്കി തൈകൾ നട്ടിരിക്കയാണ്. വാടിയ തൈകൾ അവിടവിടെയായി കുഴഞ്ഞു നിൽക്കുന്നു. ജോസഫേട്ടൻ തലയിൽ കൈവച്ചുനിൽക്കുന്നു.

ജോസഫേട്ടൻ: എന്റെ കർത്താവേ!

സീൻ 20:

ഭക്ഷണ മുറി. പുറത്തുനിന്ന് ജോസഫേട്ടന്റെ ആക്രോശങ്ങളും ശകാരങ്ങളും കേൾക്കുന്നുണ്ട്. മറിയാമ്മ ശാന്തയായിരുന്ന് ഭക്ഷണം കഴിക്കുന്നു. ത്രേസ്യാമ്മ  അനങ്ങാതിരിക്കയാണ്. ജോസഫേട്ടന്റെ അടുത്തു പോകാൻ ഭയം. എന്താണ് പെയ്യേണ്ടതെന്നറിയുന്നില്ല. പാറുകുട്ടിയും ഊണു നിർത്തി അനങ്ങാതിരിക്ക യാണ്.

മറിയാമ്മ: കൊച്ചുത്രേസ്യേ, നീ പോയി ജോസിനോട് കഞ്ഞി കുടിക്കാൻ വരാൻ പറ.

ത്രേസ്യാമ്മ അനങ്ങാതിരിക്കയാണ്. മറിയാമ്മ തുടർന്നു.

മറിയാമ്മ: കൊച്ചായിരിക്കുമ്പഴും അവൻ അങ്ങനാ. കണ്ട പുല്ലും കാട്ടുചെടികളും കൊണ്ടുവന്ന് നടും. പൗലോസ് നേരെ മറിച്ചാണ്. അവൻ അന്നും ആവശ്യമുള്ള ചെടികളെ നടു. ചേട്ടൻ നട്ട പാഴ്ച്ചെടികള് അവൻ പറിച്ച് ദൂരെക്കളയും. എന്നും വഴക്കായിരുന്നു വീട്ടില്. കൊറച്ച് കഴിഞ്ഞാൽ അവൻ ശരിയായിക്കൊള്ളും. നീ ഊണു കഴിച്ചോ കൊച്ചുത്രേസ്യേ.

സീൻ 21:

കിടപ്പറ. ജോസഫേട്ടൻ കിടക്കുകയാണ്. ത്രേസ്യാമ്മ മുട്ടുകുത്തിക്കൊണ്ട് പ്രാർത്ഥനയിലാണ്.

ജോസഫേട്ടൻ: അമ്മച്ചിക്ക് എന്നോടൊന്ന് ചോദിക്കായിരുന്നു.

ത്രേസ്യാമ്മ: (തിരിഞ്ഞുകൊണ്ട്) സാരംല്ല്യാന്നേയ്. നമുക്ക് വേണ്ടിയല്ലെ അമ്മച്ചി അതൊക്കെണ്ടാക്കണത്. അത്രയൊന്നും ആലോചിച്ചിട്ട്ണ്ടാവില്ല. വയസ്സായില്ല്യേ. കെളയ്ക്കാൻ  എളുപ്പംള്ള സ്ഥലം കണ്ടപ്പോ കെളച്ചതാ. എന്നിട്ട് തന്നെ കയ്യിന് വേദനാന്ന് പറഞ്ഞ് പാറുക്കുട്ടീനെക്കൊണ്ട് തൈലം പെരട്ടി ഉഴിയിക്ക്യായിരുന്നു. വേദനടെ കാര്യം നമ്മളോടൊന്നും പറയല്ലേന്ന് പാറുക്കുട്ടിയോട് പ്രത്യേകം പറഞ്ഞേല്പിച്ചിരിക്ക്യാണ്, പാവം. ഇങ്ങനത്തെ ഒരമ്മേനെ കാണാൻ കിട്ട്വോ? സാധാരണ അമ്മമാർക്കൊക്കെ ഈ പ്രായമായാൽ പരാതി മാത്രല്ലെണ്ടാവൂ.

ജോസഫേട്ടൻ ഒന്നും പറയാതെ എല്ലാം  കേട്ടുകൊണ്ട് കിടക്കുന്നു. തന്റെ ഡയലോഗ് കുറിക്കു കൊണ്ടിട്ടുണ്ടോ എന്നു നോക്കി ത്രേസ്യാമ്മ പ്രാർത്ഥിക്കാനായി മുട്ടു കുത്തുന്നു. ജോസഫേട്ടൻ സാവധാനത്തിൽ എഴുന്നേറ്റു പോകുന്നത് അവർ കൺകോണിലൂടെ കാണുന്നു.

ത്രേസ്യാമ്മ: (പ്രാർത്ഥനയിൽ) കർത്താവേ ഞാൻ പറയാറില്ലേ, അച്ചായന് അത്രയേയുള്ളു. ആദ്യം ഒരെടുത്തുചാട്ടം. അതു കഴിഞ്ഞാൽ കഴിഞ്ഞു. ഇനി അമ്മ കെടക്കണേടത്ത് പോയി അമ്മയെ കൊഞ്ചിക്കും. എനിക്ക് ഒരു പ്രാർത്ഥനയേയുള്ളു. എന്റെ മോനും എന്നോട് ഇതേ പോലെ സ്നേഹംണ്ടാവണേന്ന് മാത്രം. (കണ്ണിൽ വെള്ളം നിറയുന്നു.)

സീൻ 22:

മറിയാമ്മയുടെ കിടപ്പറ. നേരിയ വെളിച്ചമേ ഉള്ളൂ. മറിയാമ്മ കട്ടിലിൽ കിടക്കുകയാണ്. ജോസഫേട്ടൻ വരുന്നു. ചുമരിലെ സ്വിച്ചിട്ട്  വിളക്കു കത്തിക്കുന്നു.

മറിയാമ്മ: എന്താടാ ജോസേ നീ ഒറങ്ങീലെ?

ജോസഫേട്ടൻ അമ്മയുടെ കട്ടിലിൽ ഇരിക്കുന്നു.

ജോസഫേട്ടൻ: അമ്മച്ചീടെ ഏത് കയ്യിനാ വേദന?

മറിയാമ്മ:  (വലത്തെ കൈ ഉയർത്തിക്കൊണ്ട്) വലത്തെ കയ്യിനായിരുന്നു. അതു മാറിയെടാ.

ജോസഫേട്ടൻ കട്ടിലിലിരുന്ന് അമ്മച്ചിയുടെ കൈയെടുത്ത് മടിയിൽ വെച്ച് തലോടുന്നു.

ഫേയ്ഡൗട്ട്.

സീൻ 23:

രാവിലെ. സൂര്യൻ ഉദിക്കുന്നേയുള്ളൂ. മുറ്റമടിക്കാൻ ചൂലുമായി പാറുകുട്ടി വീടിന്റെ പിറകുവശത്തുനിന്ന് വരുന്നു. മുൻവശത്തേയ്ക്കു തിരിയുമ്പോൾ പെട്ടെന്ന് ഒരു കാഴ്ച കണ്ടപോലെ നിൽക്കുന്നു. അവളുടെ കണ്ണുകളിൽ തമാശയുണ്ട്, കുസൃതിയുമുണ്ട്.

സീൻ 23 എ:

ത്രേസ്യാമ്മയുടെ കിടപ്പറ.  ത്രേസ്യാമ്മ ഉറങ്ങുകയാണ്. പാറുകുട്ടി വന്ന് അവരെ കുലുക്കി വിളിക്കുന്നു.
ത്രേസ്യാമ്മ: എന്താ പെണ്ണേ?
പാറുകുട്ടി: അമ്മച്ചി ഒന്നിങ്ങു വന്നേ.
ത്രേസ്യാമ്മ: എന്താച്ചാ പറേ.
പാറുകുട്ടി: ഇങ്ങു വന്നേ.  ഞാനൊരു തമാശ കാട്ടിത്തരാം.
ത്രേസ്യാമ്മ എഴുന്നേൽക്കുന്നു.
സീൻ 24:
ത്രേസ്യാമ്മയും പാറുകുട്ടിയും കൂടി ഉമ്മറത്തേയ്ക്കു നടക്കുന്നു. ഉമ്മറത്തെ ജനലിലൂടെ പാറുകുട്ടി ചൂണ്ടിക്കാട്ടുന്നു. ത്രേസ്യാമ്മ നോക്കുന്നു.
സീൻ 24എ:
മുറ്റത്ത് ഇന്നലെ മറിയാമ്മ ചെത്തിയിട്ട പുല്ല് മുഴുവൻ കൂട്ടിയിട്ടിട്ടുണ്ട്. മറിയാമ്മ അതിൽനിന്ന് ചെറിയ കഷ്ണങ്ങൾ ഒരു കൈയ്യിലെടുത്ത് മകന് കൊടുക്കുന്നു. ജോസഫേട്ടൻ അതു വാങ്ങി നടുകയാണ്. ഇടക്കിടക്ക് പച്ചക്കറിതൈകൾ വാട്ടം തീർന്ന് ഉഷാറായി നിൽക്കുന്നു. ആ ചെടികൾക്കു ചുറ്റുമാണ് പുല്ലുകൾ നടുന്നത്.
കാമറ പിന്നിലേയ്ക്കു കൊണ്ടുപോകുമ്പോൾ ദൃശ്യം അതിന്റെ ആകത്തുകയിൽ ലഭിക്കുന്നു.  കാമറ പാൻ ചെയ്യുമ്പോൾ കാണുന്നത് ജനലിലൂടെ നോക്കി രസിക്കുന്ന രണ്ടു ജോടി കണ്ണുകളാണ്.

**End of Part II**
**Episode 10**

BACK TO INDEX

*Episode 11*

## വായനയുടെ പ്രശ്നങ്ങൾ

ഈ  എപ്പിസോഡിലേയ്ക്കു വേണ്ട കഥാപാത്രങ്ങൾ

ജോസഫേട്ടൻ
ത്രേസ്യാമ്മ
പാറുകുട്ടി
മനശ്ശാസ്ത്രജ്ഞൻ
മനശ്ശാസ്ത്രജ്ഞന്റെ ഭാര്യ
ഓട്ടോ ഡ്രൈവർ

സീൻ 1:
സീൻ 1എ:
ത്രേസ്യാമ്മയുടെ അടുക്കള. ത്രേസ്യാമ്മയും പാറുകുട്ടിയും ജോലിയെടുക്കുകയാണ്. ജോസഫഫേട്ടൻ ഒരു സഞ്ചി കൊണ്ടുവന്ന് മേശപ്പുറത്തു വെയ്ക്കുന്നു.
ജോസഫേട്ടൻ: എന്താ തെരക്ക് മാർക്കറ്റില്. ഇത്രീം നേർത്തെ ടൗണീത്തെ എല്ലാരും എത്തീട്ട്ണ്ട്ന്ന് തോന്നുന്നു.
ത്രേസ്യാമ്മ: ഞാൻ പറഞ്ഞ കാര്യം വാങ്ങ്യോ:
ജോസഫേട്ടൻ: എന്ത്, കൊച്ചു ത്രേസ്യേ?
ത്രേസ്യാമ്മ: ശർക്കര. കൊറച്ച് കാലായില്ലേ പറയാൻ തൊടങ്ങീട്ട് നെയ്യപ്പംണ്ടാക്കണംന്ന്?
ജോസഫേട്ടൻ: അത് വാങ്ങീട്ട്ണ്ട്. ഞാനൊന്ന് കുളിക്കട്ടെ. (പോകുന്നു).
ത്രേസ്യാമ്മ സഞ്ചിയെടുത്ത് അതിലെ പൊതികളെല്ലാം പുറത്തെടുക്കുന്നു.
പാറുകുട്ടി: അമ്മച്ചീ, ഞാമ്പോയി അടിച്ചു വാരട്ടെ.
ത്രേസ്യാമ്മ: പെണ്ണേ അവിടീം ഇവിടീം ഒക്കെ മാറാലണ്ട്, അതും ചൂലോണ്ട് അടിക്കണം.
പാറുകുട്ടി: ശരി അമ്മച്ചീ. (അവൾ മൂലയിൽനിന്ന് ചൂലും പ്ലാസ്റ്റിക്കിന്റെ കോരികയുമെടുത്ത് പോകുന്നു.)
സീൻ 1ബി:
ത്രേസ്യാമ്മ പൊതികൾ ഓരോന്നായി തുറന്ന് ഡബ്ബകളിലിടുകയാണ്. പെട്ടെന്ന് പൊതിഞ്ഞ കടലാസുകളിലൊന്നിൽ അവരുടെ കണ്ണുകൾ വീഴുന്നു. അവരതെടുത്ത് ജനലിനടുത്തു പോയി വായിക്കുന്നു.
ത്രേസ്യാമ്മ: (സ്വന്തം പറയുകയാണ്.) ഇതെന്താണ് പത്തു ചോദ്യങ്ങൾ? ഇപ്പത്തൊട്ട് പത്തു ചോദ്യങ്ങൾ, പത്തു കല്പനകൾന്നൊക്കെ കേക്കുമ്പൊ വയറ് കാളാണ്. – തുടർന്ന് വായിക്കുന്നു – മനശ്ശാസ്ത്രജ്ഞനോട് ചോദിക്കു. എന്ത്? പത്തു ചോദ്യങ്ങളോ?
(മാസികയുടെ പേജ് വലുതായി കാണിക്കണം. അതിലിട്ട കള്ളികളും മറ്റും ഒരുമാതിരി വ്യക്തമാകുംവിധം. – പേജ് ഈ എപിസോഡിന്റെ അവസാനത്തിൽ കൊടുത്തിട്ടുണ്ട്)

## വിവാഹിതരായവരോട്.

**നിങ്ങൾ മനോരോഗിയാണോ എന്നറിയാൻ പത്തു ചോദ്യങ്ങൾ !**

1. നിങ്ങൾ വിവാഹജീവിതത്തിൽ സംതൃപ്തരാണോ? - പിന്നേ. സംതൃപ്തിക്കെന്താ കൊറവ്? - ത്രേസ്യാമ്മ മേശപ്പുറത്തുനിന്ന് ഒരു പെന്നെടുത്ത് ഉണ്ട് എന്ന കള്ളിയിൽ മാർക്കു ചെയ്യുന്നു. പറ്റുമെങ്കിൽ മാർക്ക് ചെയ്യുന്നത് സ്ക്രീനിൽ കാണിക്കണം.
2. ഭർത്താവിൻെറ/ഭാര്യയുടെ സ്നേഹം കിട്ടുന്നില്ലെന്ന് എപ്പോഴെങ്കിലും തോന്നിയിട്ടുണ്ടോ?
   (ആദ്യം ഇല്ല എന്ന് അടയാളപ്പെടുത്തുന്നു. പിന്നെ കുറച്ചു നേരം എന്തോ ആലോചിച്ചപ്പോൾ സങ്കടം വരുന്നു. അവരുടെ കണ്ണിൽ വെള്ളം നിറഞ്ഞപ്പോൾ ആദ്യം അടയാളപ്പെടുത്തിയത് വെട്ടിത്തിരുത്തി ഉണ്ട് എന്ന കള്ളിയിൽ അടയാളപ്പെടുത്തുന്നു.)
3. ഭർത്താവിനെ/ഭാര്യയെ തല്ലാൻ എപ്പോഴെങ്കിലും തോന്നിയിട്ടുണ്ടോ?
   (എന്താ സംശയം? ഉണ്ടെന്ന് മാർക്കു ചെയ്യുന്നു.)
4. ആരെങ്കിലും നിങ്ങളെ പിൻതുടരുന്നുണ്ടെന്ന് തോന്നാറുണ്ടോ?
   (ആലോചിക്കുന്നു. ഉണ്ട്, എടക്ക് തോന്നാറ്ണ്ട് - ഉണ്ടെന്ന് അടയാളപ്പെടുത്തുന്നു.)
5. നിങ്ങൾക്കെതിരായി ഒരു ഗൂഢാലോചന നടക്കുന്നുണ്ടെന്ന് തോന്നിയിട്ടുണ്ടോ?
   (എപ്പഴും തോന്നാറ്ണ്ട് - ഉണ്ടെന്ന് അടയാളപ്പെടുത്തുന്നു.)
6. ഒറ്റക്കിരിക്കാൻ ഇഷ്ടമാണോ?
   (അതെ, എടക്ക് തോന്നാറ്ണ്ട് - ഉണ്ടെന്ന് അടയാളപ്പെടുത്തുന്നു.)
7. ചെയ്യുന്നതൊന്നും ശരിയാവുന്നില്ലെന്ന് തോന്നാറുണ്ടോ? ഉണ്ട് തോന്നാറ്ണ്ട്. മാത്രല്ല, ചെയ്ത കാര്യൊന്നും ഇതുവരെ ശര്യായിട്ടില്ല. - ഉണ്ടെന്ന് അടയാളപ്പെടുത്തുന്നു.)
8. ഭർത്താവ് /ഭാര്യ അടുത്തില്ലാത്ത അവസരങ്ങളിൽ നിങ്ങൾക്ക്
   ലൈംഗിക തൃഷ്ണയുണ്ടാകാറുണ്ടോ?
   (അയ്യേ. - ഇല്ലെന്ന് അടയാളപ്പെടുത്തുന്നു.)
9. അങ്ങിനെയുള്ള അവസരങ്ങളിൽ പരപുരുഷ/പരസ്ത്രീഗമനത്തെപ്പറ്റി ആലോചിക്കാറുണ്ടോ?
   (ഛീ, ഇയ്യാക്ക് എന്തിന്റെ കേടാ - ഇല്ലെന്ന് അടയാളപ്പെടുത്തുന്നു.)
10. നിങ്ങളുടെ കുടുംബത്തിൽ ആർക്കെങ്കിലും മനോരോഗമുണ്ടായ ചരിത്രമുണ്ടോ? - ഇല്ല - ഇല്ലെന്ന് അടയാളപ്പെടുത്തുന്നു.)

തുടർന്ന് വായിക്കുന്നു.
നിങ്ങളുടെ മാനസികാരോഗ്യം സ്വയം അളന്നുനോക്കാൻ താഴെ കൊടുത്ത സൂചിക നോക്കുക.)
'അതെ/ഉണ്ട്' എന്ന കള്ളിയിൽ അടയാളപ്പെടുത്തിയത്,

10-ൽ 2 എണ്ണമാണെങ്കിൽ .. *വലിയ കുഴപ്പമില്ല.*
10-ൽ 3 എണ്ണമാണെങ്കിൽ .. *മനോരോഗം വരാൻ സാധ്യതയുണ്ട്, ശ്രദ്ധിക്കണം.*
10-ൽ 4 എണ്ണമാണെങ്കിൽ .. *അടുത്ത ഭാവിയിൽത്തന്നെ രോഗം വരും. മനോരോഗവിദഗ്ദനെ കാണുക.*
10-ൽ 5 മുതൽ 7 വരെ .. *നിങ്ങൾ മനോരോഗിയാണ്, ഉടനെ മനോരോഗ വിദഗ്ദനെ സമീപിക്കണം.*
ഏഴിലധികം .. *നിങ്ങൾക്കു കടുത്ത രോഗമാണ്. അടുത്ത ബസ്സിൽ ത്തന്നെ മനോരോഗ വിദഗ്ദന്റെ അടുത്തു പോകുക.*

വിവാഹിതരായവരോട്.

## നിങ്ങൾ മനോരോഗിയാണോ എന്നറിയാൻ പത്തു ചോദ്യങ്ങൾ !

| | ഉണ്ട്/അതെ | ഇല്ല/അല്ല |
|---|---|---|
| 1. നിങ്ങൾ വിവാഹജീവിതത്തിൽ സംതൃപ്തരാണോ? | ☑ | ☐ |
| 2. ഭർത്താവിന്റെ/ഭാര്യയുടെ സ്നേഹം കിട്ടുന്നില്ലെന്ന് എപ്പോഴെങ്കിലും തോന്നിയിട്ടുണ്ടോ? | ☑ | ☒ |
| 3. ഭർത്താവിനെ/ഭാര്യയെ തല്ലാൻ എപ്പോഴെങ്കിലും തോന്നിയിട്ടുണ്ടോ? | ☑ | ☐ |
| 4. ആരെങ്കിലും നിങ്ങളെ പിൻതുടരുന്നുണ്ടെന്ന് തോന്നാറുണ്ടോ? | ☑ | ☐ |
| 5. നിങ്ങൾക്കെതിരായി ഒരു ഗൂഢാലോചന നടക്കുന്നുണ്ടെന്ന് തോന്നിയിട്ടുണ്ടോ? | ☑ | ☐ |
| 6. ഒറ്റക്കിരിക്കാൻ ഇഷ്ടമാണോ? | ☑ | ☐ |
| 7. ചെയ്യുന്നതൊന്നും ശരിയാവുന്നില്ലെന്ന് തോന്നാറുണ്ടോ? | ☑ | ☐ |
| 8. ഭർത്താവ് /ഭാര്യ അടുത്തില്ലാത്ത അവസരങ്ങളിൽ നിങ്ങൾക്ക് ലൈംഗിക തൃഷ്ണയുണ്ടാകാറുണ്ടോ? | ☐ | ☑ |
| 9. അങ്ങിനെയുള്ള അവസരങ്ങളിൽ പരപുരുഷ/പരസ്ത്രീഗമനത്തെപ്പറ്റി ആലോചിക്കാറുണ്ടോ? | ☐ | ☑ |
| 10. നിങ്ങളുടെ കുടുംബത്തിൽ ആർക്കെങ്കിലും മനോരോഗമുണ്ടായ ചരിത്രമുണ്ടോ? | ☐ | ☑ |

**നിങ്ങളുടെ മാനസികാരോഗ്യം സ്വയം അളന്നുനോക്കാൻ താഴെ കൊടുത്ത സൂചിക നോക്കുക.**

'അതെ/ഉണ്ട്' എന്ന കള്ളിയിൽ അടയാളപ്പെടുത്തിയത്,

| | |
|---|---|
| 10-ൽ 2 എണ്ണമാണെങ്കിൽ | .. വലിയ കുഴപ്പമില്ല. |
| 10-ൽ 3 എണ്ണമാണെങ്കിൽ | .. മനോരോഗം വരാൻ സാധ്യതയുണ്ട്, ശ്രദ്ധിക്കണം. |
| 10-ൽ 4 എണ്ണമാണെങ്കിൽ | .. അടുത്ത ഭാവിയിൽതന്നെ രോഗം വരും. മനോരോഗവിദഗ്ദനെ കാണുക. |
| 10-ൽ 5 മുതൽ 7 വരെ | .. നിങ്ങൾ മനോരോഗിയാണ്, ഉടനെ മനോരോഗ വിദഗ്ദനെ സമീപിക്കണം. |
| ഏഴിലധികം | .. നിങ്ങൾക്കു കടുത്ത രോഗമാണ്. അടുത്ത ബസ്സിൽത്തന്നെ മനോരോഗവിദഗ്ദന്റെ അടുത്തു പോകുക. |

ത്രേസ്യാമ്മ ധൃതിയിൽ അടയാളപ്പെടുത്തിയത് എണ്ണുന്നു. ഒന്ന്, രണ്ട്..... ഏഴ്. എഴ്? തലയിൽ കൈവെയ്ക്കുന്നു. കർത്താവേ,എനിക്കിപ്പൊ മുഴുത്ത ഭ്രാന്താണ്. ഞാനൊന്നുംകൂടി നോക്കട്ടെ.

വീണ്ടും നോക്കുന്നു. പെന്നെടുത്ത് അടയാളപ്പെടുത്തിയത് ഒന്നുകൂടി തിരുത്തുന്നു. എണ്ണി നോക്കുന്നു. അയ്യോ ഇപ്പ ഏഴിലധികംണ്ട്. എനിക്കിപ്പത്തന്നെ മനശ്ശാസ്ത്രജ്ഞനെ കാണണം.

അവർ കടലാസും പിടിച്ച് ചുമരരുകിൽ ഇരിക്കുന്നു. മുഖത്ത് പലതരം വികാരങ്ങൾ. ഭയവും അദ്ഭുതവും സങ്കടവും, എല്ലാം ഒന്നിച്ചു കാണുന്നു.

സീൻ 1സി:

പാറുകുട്ടി ചൂലും മുറവുമായി തിരിച്ചുവരുന്നു.

പാറുകുട്ടി: അമ്മച്ചീ, ഞാനിപ്പൊ അടിച്ചു വാരണേള്ളു. ജോസഫേട്ടൻ പൊറത്ത് പോവ്വാൻ നോക്ക്ണ്ണ്ട്. നെലം തൊടക്ക്ല് അപ്പൊ ചെയ്യാം. (പെട്ടെന്ന് ത്രേസ്യാമ്മയുടെ ഇരുത്തത്തിൽ എന്തോ അപാകത അവൾ കാണുന്നു. മുഖത്ത് വല്ലാത്ത സങ്കടവും ഭയവും.) എന്തു പറ്റീ അമ്മച്ചീ? (അടുത്തു ചെല്ലുന്നു.)

അവർ തലയുയർത്തി. പറയണോ വേണ്ടേ എന്ന് ഒരു നിമിഷം സംശയിക്കുന്നു. അവസാനം പറയാമെന്നു തന്നെ തീരുമാനിക്കുന്നു.

ത്രേസ്യാമ്മ: എടീ, നീ ജോസഫേട്ടനോട് പറയ്യോ?

പാറുകുട്ടി: ഇല്ല അമ്മച്ചീ, എന്തേ?

ത്രേസ്യാമ്മ: എനിക്ക് ഭ്രാന്താന്നാ തോന്നണത്.

പാറുകുട്ടി: (തമാശയായി) അമ്മച്ചിക്ക് തോന്നലായിട്ടേ ഉള്ളോ, എനിക്കത് പണ്ടേ അറിയായിര്ന്ന്.

ത്രേസ്യാമ്മ: എന്നിട്ട് നീയെന്താ എന്നോടൊന്നും പറയാതിരുന്നത്?

പാറുകുട്ടി: (ചിരിച്ചുകൊണ്ട്) അമ്മച്ചിക്കറിയാംന്ന് വിചാരിച്ച് ഞാൻ.

ത്രേസ്യാമ്മ: എൻറീശോയേ !

അവർ തളർന്നിരുന്നു. അവരുടെ മനസ്സിലൂടെ ഒര് ഭ്രാന്താശുപത്രിയുടെ ചിത്രം കാണിക്കണം. അവിടെ അഴികൾക്കു പിന്നിൽ പാറിപ്പറന്ന തലമുടിയുമായി.....!

പാറുകുട്ടി: അമ്മച്ചിക്ക് ഭ്രാന്തൊന്നുംല്യ. ഒന്നെണീക്ക്.

ത്രേസ്യാമ്മ: അല്ല പെണ്ണെ, നീയീ കടലാസൊന്ന് വായിച്ചുനോക്ക്.

ജോസഫേട്ടൻ അകത്തുനിന്ന് വിളിച്ചു പറയുന്നു. പാറുകുട്ടീ, നീ ഉമ്മറത്തെ വാതിലടക്ക്. മറക്കണ്ട. ഞാൻ പോവ്വാണ്.

പാറകുട്ടി: (ഉറക്കെ) അടക്കാം ജോസഫേട്ടാ... (കയ്യിലുള്ള കടലാസിലേക്കു തിരിയുന്നു. വായിക്കുംതോറും മുഖം ചുളിയുന്നു.

പാറുകുട്ടി: ഈ അടയാളപ്പെടുത്തീതൊക്കെ അമ്മച്ച്യാണോ?

ത്രേസ്യാമ്മ: ങാ പെണ്ണേ. അതൊരു മനശ്ശാസ്ത്ര മാസിക്യാണ്. അത് പ്രകാരം എനിക്ക് മുഴുത്ത ഭ്രാന്താണ്. നീയതിന്റെ അവസാനം കൊടുത്തതൊന്ന് വായിച്ചുനോക്ക്.

പാറുകുട്ടി വീണ്ടും കടലാസെടുത്ത് നോക്കുന്നു. സഹതാപത്തോടെ ത്രേസ്യാമ്മയെ നോക്കുന്നു. വീണ്ടും കടലാസിലേയ്ക്ക്, വീണ്ടും ത്രേസ്യാമ്മയെ.

പാറുകുട്ടി: ഇനി എന്താ ചെയ്യാ അമ്മച്ചീ?

ത്രേസ്യാമ്മ: എനിക്കൊരു ഡോക്ടറെ കാണണം.

പാറുകുട്ടി: ഏതു ഡോക്ടര്യാണ് കാണ്വാ?

ത്രേസ്യാമ്മ: നീയതില് നോക്ക് വല്ല പേരുംണ്ടോന്ന്. അതുപോലെ അഡ്രസ്സും.

പാറുകുട്ടി വീണ്ടും കടലാസെടുത്ത് വായിക്കുന്നു.

പാറുകുട്ടി: ഉണ്ടമ്മച്ചീ. ഇതെഴുതിയ ആളന്നെ ഭ്രാന്തുള്ളവരെ നോക്ക്ണ്ണ്ട്. അയാള്ടെ അഡ്രസ്സുംണ്ട്. നമുക്ക് ഉച്ചക്ക് ജോസഫേട്ടൻ ഒറങ്ങുമ്പോ പോയി നോക്കാം. ഇപ്പ സമാധാനായിരിക്ക്.

ത്രേസ്യാമ്മ: ഇന്ന് ഓഫീസൊക്കെ ഒഴിവു ദിവസായത് നന്നായി. അല്ലെങ്കിൽ ഇതിനെടയ്ക്ക് കുട്ട്യോളുംണ്ടായേനേ.

പാറുകുട്ടി: ജലജ കൊറച്ച് നേരം മോളെ കൊണ്ടരുംന്ന് പറഞ്ഞിരുന്നില്ലേ?

ത്രേസ്യാമ്മ: അത് വൈകുന്നേരാ. അവർക്ക് സിനിമയ്ക്ക് പോണംത്രെ. അഞ്ചു മണിക്ക്. അല്ലെങ്കിലും മോള്ണ്ടായാൽ കൊഴപ്പല്യ.

സീൻ 2:

സീൻ 2എ:

ത്രേസ്യാമ്മ അടുക്കളയിൽ മേശക്കരികെ കസേലയിലിരിക്കുന്നു. പാറുകുട്ടി അടുപ്പത്ത് എന്തോ ചെയ്യുകയാണ്. ജോസഫേട്ടൻ വരുന്നു. അടുക്കളയിലേയ്ക്ക് കടക്കുമ്പോൾ കാണുന്നത് ഭാര്യ കൈകൊണ്ട് തലയും താങ്ങി മേശക്കരികെ ഇരിക്കുന്നതാണ്.

ജോസഫേട്ടൻ: എന്തു പറ്റീ കൊച്ചുത്രേസ്യേ?
ത്രേസ്യാമ്മ: (തലയുയർത്തി ജോസഫേട്ടനെ ദയനീയമായി നോക്കുന്നു) എനിക്ക്.......
പാറുകുട്ടി പെട്ടെന്ന് പറയുന്നു: അമ്മച്ചിക്ക് വയറ് വേദന്യാ ജോസഫേട്ടാ.
ത്രേസ്യാമ്മ പാറുകുട്ടിയെ നന്ദിപൂർവ്വം നോക്കുന്നു.
ജോസഫേട്ടൻ: നീയിന്നലെ രാത്രി ആ കക്ക പൊരിച്ചത് ആർത്ത്യോട്കൂടി തിന്നണതു കണ്ടപ്പോഴേ എനിക്കു തോന്നിയതാ.
ത്രേസ്യാമ്മ: ഈ പറയണ ആൾക്ക് കക്ക കണ്ടാൽ പിടിക്കൂലല്ലൊ. ഇന്നലെ ഒട്ടും തിന്നില്ലല്ലാ?
ജോസഫേട്ടൻ: വയറ് വേദനാന്നു പറഞ്ഞ് കെടക്കണത് ഞാനല്ല കൊച്ചുത്രേസ്യേ.
(പോകുന്നു.)
ത്രേസ്യാമ്മ പാറുകുട്ടിയെ ദേഷ്യത്തോടെ നോക്കുന്നു.
ത്രേസ്യാമ്മ: നീയ് വയറ് വേദന്യാന്ന് പറയണ്ടീര്ന്നില്ല. വല്ല തലവേദന്യാന്ന് പറഞ്ഞാ മത്യയിരുന്നു. (പെട്ടെന്ന്) അല്ലെങ്കി അതു പറയാഞ്ഞത് നന്നായി, തലയായി ബന്ധപ്പെട്ട ഒന്നും പറയണ്ട.
സീൻ 3.
സീൻ 3എ.
ഉച്ചയ്ക്ക് ഊണു കഴിക്കുന്ന രംഗം. ഓരോരുത്തരും വിളമ്പിയെടുക്കുകയാണ്. പാറുകുട്ടി ഇരുന്നിട്ടില്ല.
ത്രേസ്യാമ്മ: പാറുകുട്ടീ, അടുപ്പത്ത്ന്ന് ആ കക്ക പൊരിച്ചത് വാങ്ങിക്കോ, ഇപ്പൊ നല്ലോണം മൊരിഞ്ഞിട്ട്ണ്ടാവും. (തിരിഞ്ഞ് ജോസഫേട്ടനോട്) ഞാനേയ് ആ കക്ക പൊരിച്ചത് കൊറച്ചുകൂടി വെളിച്ചെണ്ണ ഒഴിച്ച് നല്ലോണം മൊരിയിക്കാൻ പറഞ്ഞിരുന്നു. ഇപ്പൊ ഇന്നലത്തേക്കാളും സ്വാദുണ്ടാവും.
പാറുകുട്ടി അതിനിടയിൽ പോയി ഒരു പാത്രത്തിൽ ആവി പറക്കുന്ന കക്ക പൊരിച്ചത് കൊണ്ടുവന്ന് നടുവിൽ വെയ്ക്കുന്നു.
ത്രേസ്യാമ്മ അതു നീക്കി സ്വന്തം പാത്രത്തിലേയ്ക്ക് വിളമ്പാൻ നോക്കുകയാണ്. പെട്ടെന്ന് ജോസഫേട്ടൻ ആ പാത്രം നീക്കിയെടുത്ത് പറയുന്നു.
ജോസഫേട്ടൻ: അതിനി തിന്നണ്ട കൊച്ചു ത്രേസ്യേ, വയറിന്റെ അസുഖം മാറിയിട്ടു മതി.
(സ്വന്തം പ്ലെയ്റ്റിലേയ്ക്ക് ഒരു കൂമ്പാരമായി വിളമ്പുന്നു.)
ത്രേസ്യാമ്മ ദയനീയമായി പാറുകുട്ടിയെ നോക്കുന്നു.
സീൻ 4:
സീൻ 4എ:
മനശ്ശാസ്ത്രജ്ഞന്റെ വീട്. പുറത്ത് ഗെയ്റ്റിന്റെ തൂണിൽ പേർ എഴുതിവെച്ചതിനു മുമ്പിൽ ത്രേസ്യാമ്മയും പാറുകുട്ടിയും നിൽക്കുന്നു. പേര് വലുതായി കാണിക്കണം.
ഡോ: പുഷ്പബാണൻ, MD., DPM
ഒന്ന് സംശയിച്ച ശേഷം അവർ ഗെയ്റ്റു തുറന്ന് അകത്ത് കടക്കുന്നു. വാതിൽ തുറന്നു കിടക്കുകയാണ്. അവർ അകത്തു കയറുന്നു.
സീൻ 4ബി:
ആ മുറിയിൽ രോഗികൾക്കിരിക്കാൻ ഇട്ട കസേലകളിലൊന്നിൽ അവരിരിക്കുന്നു.
ത്രേസ്യാമ്മ: ആരേം പൊറത്ത് കാണാൻല്യല്ലൊ?
പാറുകുട്ടി: ഡോക്ടറ് ആരെയെങ്കിലും നോക്ക്വായിരിക്കും.
ത്രേസ്യാമ്മ: നീയൊന്ന് വാതില്മ്മല് മുട്ടിനോക്ക്. നമ്മളിവിടെണ്ട്ന്ന് അറീക്കണ്ടെ? പാറുകുട്ടി എഴുന്നേൽക്കാൻ ഭാവിക്കുന്നു. അപ്പോഴേയ്ക്ക് അകത്തുനിന്ന് ഒരു സ്ത്രീ പുറത്തേയ്ക്കു വന്ന് അവരെ ദേഷ്യത്തോടെ നോക്കുന്നു. സാരിയാണ് വേഷം, ഏകദേശം അമ്പതു വയസ്സുണ്ടാവും.
ആ സ്ത്രീ: എന്താ വേണ്ടത്?
ത്രേസ്യാമ്മ: (ഭവ്യതയോടെ) ഞങ്ങള് ഡോക്ടറെ കാണാൻ വന്നതാണ്.
ആ സ്ത്രീ: (ദേഷ്യത്തോടെ) നിങ്ങൾക്ക് വട്ടുണ്ടോ?
ത്രേസ്യാമ്മ: ഇല്ലാ.......... (പെട്ടെന്ന് തിരുത്തുന്നു) അല്ലാ, ഉണ്ട്..
ആ സ്ത്രീ: ഡോക്ടറെ അടുത്തൊന്നും കാണാൻ കഴിയില്ല, അങ്ങേര് വളരെ ബിസിയാണ്.
ത്രേസ്യാമ്മ: അയ്യോ, ഇതൊരത്യാവശ്യ കാര്യത്തിനാ.
ആ സ്ത്രീ: പറ്റില്ലെന്നു പറഞ്ഞില്ലേ?
(അവർ കൗണ്ടറിനു പിന്നിൽ പോയി ഏതോ കടലാസെടുത്തു വായിക്കാൻ തുടങ്ങുന്നു.
പെട്ടെന്ന് ചേമ്പറിന്റെ വാതിൽ പതുക്കെ തുറന്ന് ഒരാൾ തല പുറത്തേക്കിട്ടു നോക്കുന്നു, ഭയത്തോടെ കൗണ്ടറിലിരിക്കുന്ന സ്ത്രീയെയും നോക്കുന്നു. നരച്ചു തുടങ്ങിയ താടിയും സ്വർണഫ്രെയിമിട്ട കണ്ണടയും ധരിച്ച ആ മനുഷ്യൻ തല പിൻവലിച്ച് ഉള്ളിലേയ്ക്ക് മാറിയ ശേഷം അവരെ മാടി വിളിക്കുന്നു, ശബ്ദമുണ്ടാക്കാതെ

വരാൻ ആംഗ്യം  കാണിച്ചു.
പുറത്തിരുന്ന സ്ത്രീ അത്ര പന്തിയല്ലാ എന്ന് ത്രേസ്യാമ്മയ്ക്കു മനസ്സിലാവുന്നു. അവർ ആ സ്തീയെ ഒന്ന് നോക്കി പാറുകുട്ടിയേയും കൂട്ടി ശബ്ദമുണ്ടാക്കാതെ എഴുന്നേറ്റു ചേമ്പറിൽ കടന്നു. ചേമ്പർ എയർ കണ്ടീഷൻ ചെയ്തതാണ്. വലിയ മേശക്കു പിന്നിലിട്ട കസേലകളിൽ ത്രേസ്യാമ്മയും പാറുകുട്ടിയും ഇരുന്നു. ഡോക്ടർ പാറുകുട്ടിയെ അഭിനന്ദനപൂർവ്വം നോക്കുന്നു.
ഡോക്ടർ: ഒറ്റ നോട്ടത്തിൽ എനിക്കു മനസ്സിലാവും, നിങ്ങളുടെ മനോരോഗം വളരെ അഡ്വാ ൻസ്ഡ് സ്റ്റേജിലെത്തിയെന്ന്. പെട്ടെന്ന് ചികിത്സ തുടങ്ങണം.
അയാൾ എഴുന്നേറ്റു രണ്ടു ചാൽ അങ്ങോട്ടും ഇങ്ങോട്ടും ആലോചിച്ചു നടക്കുന്നു. പെട്ടെന്ന് പാറുകുട്ടിയുടെ മുമ്പിൽ വന്നുനിന്നുകൊണ്ട് ചോദിച്ചു.
ഡോക്ടർ: എന്താണ് കുട്ടീടെ പേര്?
പാറുകുട്ടി: പാറുകുട്ടി.
ഡോക്ടർ വീണ്ടും രണ്ടു ചാൽ നടന്നശേഷം അവളുടെ അടുത്തു വന്നുനിന്നു കൊണ്ട് ചോദിക്കുന്നു.
ഡോക്ടർ: എപ്പോഴാണ് പാറുകുട്ടിയുടെ അസുഖം തുടങ്ങിയത്?
പാറുകുട്ടി: എനിക്ക് അസുഖൊന്നുല്ല്യ.
ഡോക്ടർ: ങാ, അതുതന്നെ ഒരു ലക്ഷണമാണ്. തനിക്ക് അസുഖമൊന്നുമില്ലെന്ന് രോഗി വിശ്വസിക്കുന്നു.
ഡോക്ടർ അലമാറിയിൽനിന്ന് ഒരു തടിച്ച പുസ്തകം എടുത്തു നിവർത്തി വായന തുടങ്ങി. ത്രേസ്യാമ്മയും പാറുകുട്ടിയും മുഖത്തോടുമുഖം നോക്കുകയാണ്. ഡോക്ടർ തല്ക്കാലം വായന  നിർത്തി കണ്ണട മൂക്കിന്മേൽ താഴ്ത്തിവച്ച് പാറുകുട്ടിയെ സസൂക്ഷ്മം വീക്ഷിച്ചു. അവൾക്ക് വിഷമമായിത്തുടങ്ങിയിരുന്നു. ഡോക്ടർ എഴുന്നേറ്റു ചേമ്പറിന്റെ ചുമരരുകിൽ വച്ച ചാരുബെഞ്ചിനരുകിലേയ്ക്കു നടന്നു.
ഡോക്ടർ: ഇവിടെ വന്നു കിടക്കു.
പാറുകുട്ടി അനങ്ങിയില്ല. ഡോക്ടർ അവളുടെ അടുത്തേയ്ക്ക് ചെന്ന് അവളുടെ കൈ പിടിക്കുന്നു. ത്രേസ്യാമ്മ എഴുന്നേറ്റുകൊണ്ടു പറഞ്ഞു.
ത്രേസ്യാമ്മ: ഡോക്ടർ, അവൾക്കല്ല, എനിക്കാണ് അസുഖം.
ഡോക്ടർ: ങാ, രണ്ടു രോഗികൾ ! അദ്യം ഒരാൾ വരട്ടെ.  (അയാൾ പാറുകുട്ടിയുടെ കൈ പിടിച്ചു വലിക്കുന്നു. അവൾ കുതറിക്കൊണ്ട് പറയുന്നു.
പാറുകുട്ടി: ഡോക്ടർ എനിക്കല്ല അസുഖം.
ഡോക്ടർ: ങും, വയലന്റായിരിക്കുന്നു. ഞാനൊരു ഇഞ്ചക്ഷൻ തരാം.
(അയാൾ അവളെ ബലമായി പിടിച്ചുകൊണ്ടുവന്ന് ബഞ്ചിന്മേൽ കിടത്തുന്നു. മേശപ്പുറത്തുനിന്ന് സിറിഞ്ചെടുക്കുന്നു. അവൾ ദയനീയയായി ത്രേസ്യാമ്മയെ നോക്കുന്നു.)
പാറുകുട്ടി: അമ്മച്ചീ ഈയ്യാക്ക് എന്തിന്റെ കേടാ, ഒന്ന് പറ അമ്മച്ചീ.
ത്രേസ്യാമ്മ എഴുന്നേറ്റു ഡോക്ടറുടെ കൈ പിടിച്ചു മാറ്റാൻ ശ്രമിക്കയാണ്. ആ നിമിഷത്തിലാണ് കൗണ്ടറിൽ നിന്നിരുന്ന സ്ത്രീ അകത്തേയ്ക്കു വരുന്നത്. അവർ ഒരു നിമിഷം നിർവികാരയായി രംഗം വീക്ഷിച്ചു, പിന്നെ യാതൊരു മുന്നറിയിപ്പും കൂടാതെ കയ്യിലുണ്ടായിരുന്ന ഫയൽ ഡോക്ടറെ നോക്കി എറിയുന്നു. ഡോക്ടർ വിദഗ്ദമായി മാറിയതു കാരണം ഫയൽ മേൽ കൊണ്ടില്ല. പിന്നെ വന്നത് തുരുതുരെ ബാണങ്ങളായിരുന്നു. കയ്യിൽ കണ്ട എന്തുമെടുത്ത് ആ സ്ത്രീ എറിയാൻ തുടങ്ങി. ചിലതെല്ലാം ഡോക്ടറുടെ മേൽ കൊണ്ടു. ഒരൊഴിവു കിട്ടിയപ്പോൾ അയാൾ ത്രേസ്യാമ്മയെ നോക്കി പറയുന്നു.
ഡോക്ടർ: എന്റെ ഭാര്യയാണ്, മൈ വൈഫ്.. (പിന്നെ തലക്ക് മീതെ ചൂണ്ടാണി വിരൽ ചുഴറ്റികാട്ടി അവരുടെ അസുഖം എന്താണെന്ന് ആംഗ്യം വഴി അറിയിക്കയും ചെയ്യുന്നു.)
ത്രേസ്യാമ്മ പാറുകുട്ടിയെ എഴുന്നേൽപ്പിച്ച് കൈപിടിച്ചുകൊണ്ട് വാതിൽ തുറന്ന് പുറത്തു ചാടി ഓടുന്നു. ഗെയിറ്റിലെത്തിയിട്ടുണ്ടാകണം, ഡോക്ടർ പിന്നിൽ നിന്നു വിളിച്ചു പറയുന്നു.
ഡോക്ടർ: എന്റെ ഫീസ്.... ഫീസ് തന്നിട്ടു പോ.
ത്രേസ്യാമ്മ (ഓടുന്നതിനിടയിൽ) തിരിഞ്ഞു നോക്കല്ലെ പെണ്ണേ, അയാള് പിന്നിൽത്തന്നെണ്ട്, ആ പെമ്പ്രന്നോരും, ഓടിക്കോ.
അവർ റോഡു മുറിച്ചുകടന്ന് ഓടി. അപ്പോഴും ഡോക്ടറുടെ ശബ്ദം കേൾക്കാനുണ്ട്.  “എന്റെ ഫീസ്....”
സീൻ 4സി:
ആ വഴി വന്ന ഓട്ടോ കൈ കാണിച്ച്, ഓട്ടോ നിർത്തുന്നതിനുമുമ്പ് അവർ ചാടിക്കയറുന്നു.
ത്രേസ്യാമ്മ: എടോ, വേഗം വിട്ടോ, തിരിഞ്ഞു നോക്കല്ലെ.
ഓട്ടോക്കാരൻ വണ്ടി വിടുന്നു. ത്രേസ്യാമ്മ ആശ്വാസത്തോടെ സീറ്റിൽ ചാഞ്ഞിരിക്കുന്നു.
ത്രേസ്യാമ്മ: കൊച്ചെ, നീ നോക്കിയോ മുഴുപ്രാന്താണ് അയാക്ക്.
പാറുകുട്ടി: അതെയമ്മച്ചീ, അയാക്കടെ ഒരു നോട്ടൂം ഭാവൂം.

ത്രേസ്യാമ്മ: എടീ കൊച്ചേ, എനിക്ക് പ്രാന്തുണ്ടോന്ന് സംശയേണ്ടായിരുന്നുള്ളു. ഇപ്പോ ഒറപ്പായി, അയാളെപ്പോലത്തെ ഒരു മുഴുപ്രാന്തന്റെ അടുത്ത് പോയ എനിക്ക് നട്ടപ്രാന്താണ്ന്ന്.
പാറുകുട്ടി: അതെ അമ്മച്ചീ.
ത്രേസ്യാമ്മ: അല്ലേ?
ഓട്ടോക്കാരന്റെ മുഖം ക്ലോസപ്പിൽ കാണിക്കണം. അയാൾ പിന്നിൽനിന്നു കേൾക്കുന്ന ഡയലോഗ് ആസ്വദിക്കുന്നുണ്ട്.
ഓട്ടോക്കാരൻ: (തിരിഞ്ഞുനോക്കാതെ) ചേച്ചി ആ ഡോക്ടറെ കാണാൻ പോയിരുന്നാ?
ത്രേസ്യാമ്മ: പോയിരുന്ന്.
ഓട്ടോക്കാരൻ: ആരാ ചേച്ചീനെ അയാളടെ അടുത്ത് പറഞ്ഞു വിട്ടത്? അയാക്ക് മുഴുത്ത ഭ്രാന്താ, ആരും ഇപ്പോ അവിടെ പോവാറില്ല. ആ പെമ്പ്രന്നോർക്കും ഭ്രാന്താ.
ത്രേസ്യാമ്മ: (കുരിശു വരച്ചുകൊണ്ട്) എന്റീശോയേ !
സീൻ 5:
സീൻ 5എ:
ഓട്ടോ ഇറങ്ങി വീട്ടിന്റെ ഗെയ്റ്റിലേയ്ക്ക് നടക്കുന്ന ത്രേസ്യാമ്മയും പാറുകുട്ടിയും.
ത്രേസ്യാമ്മ: മോളെ, നീയിതൊന്നും ജോസഫേട്ടനോട് പറയണ്ട കേട്ടോ.
പാറുകുട്ടി: ഇല്ലമ്മച്ചീ.
സീൻ 5ബി:
തളത്തിൽ.
ത്രേസ്യാമ്മ: പാറുകുട്ടീ, നീയൊരു ചായണ്ടാക്ക്. ജോസഫേട്ടനും വേണ്ടിവരും. ജോസഫേട്ടനെവിടെ?
അവർ ജോസഫേട്ടനെ അന്വേഷിച്ച് നടക്കുന്നു.
സീൻ 5ബി:
കിടപ്പറയിൽ കട്ടിലിന്മേൽ വിവർണനായി കിടക്കുന്ന ജോസഫേട്ടൻ. ത്രേസ്യാമ്മ വരുന്നു, ജോസഫേട്ടന്റെ ഇരുത്തം കണ്ടപ്പോൾ ആധിയോടെ ചോദിക്കുന്നു.
ത്രേസ്യാമ്മേ: എന്താ വയ്യായ.
ജോസഫേട്ടൻ: കൊച്ചു ത്രേസ്യേ, ആകെ കുഴപ്പായിരിക്ക്യാണ്.
ത്രേസ്യാമ്മ ഞെട്ടുന്നു.
ത്രേസ്യാമ്മ: അതിന് ഞങ്ങളെങ്ങട്ടാ പോയത്ന്ന് ജോസഫേട്ടനറിയില്ലല്ലൊ.
ജോസഫേട്ടൻ അതു ശ്രദ്ധിക്കുന്നില്ല.
ത്രേസ്യാമ്മ: എന്താ പറ്റീത്, പറയു.
ജോസഫേട്ടൻ: നീ പാറുകുട്ടിയോടൊന്നും പറയണ്ട. എനിക്ക് ഒരു ഡോക്ടറെ കാണണം.
ത്രേസ്യാമ്മ: എന്തു പറ്റീ?
ജോസഫേട്ടൻ: നീ ആരോടും പറയരുത് കെട്ടോ. എന്റെ മനസ്സിന് ......... എന്റെ മനസ്സിന് നല്ല സുഖമില്ലാന്ന് തോന്നുന്നു.
ത്രേസ്യാമ്മ: മനസ്സിനോ?
ജോസഫേട്ടൻ: അതെ, എനിക്കേയ്, എനിക്ക് തലയ്ക്കു സുഖംല്ലാന്നാ തോന്നണേ.
ജോസഫേട്ടൻ കൈയിൽ പിടിച്ച കടലാസ് ഉയർത്തിക്കാണിക്കുന്നു. മനശ്ശാസ്ത്ര മാസികയുടെ താൻ അടയാളപ്പെടുത്തിയ ഏടായിരുന്നു അത്.
ജേസഫേട്ടൻ: ഇതില് പറഞ്ഞ പ്രാകാരാണങ്കില് പത്തില് ഒമ്പതും ശരിയാണ്. അപ്പൊ മുഴുഭ്രാന്താണെന്നർത്ഥം.
ത്രേസ്യാമ്മ: എന്റെ കർത്താവെ !
fade out.

**End of**
**Episode 11**

BACK TO INDEX

*Episode 12*

## വരൻ വന്നത് പല്ലക്കിലായിരുന്നില്ല.

**Part I**

ഈ  എപ്പിസോഡിലേയ്ക്കു വേണ്ട കഥാപാത്രങ്ങൾ

ജോസഫേട്ടൻ
ത്രേസ്യാമ്മ
പാറുകുട്ടി
പാറുകുട്ടിയുടെ അച്ഛൻ ശങ്കരൻ 50 വയസ്സ്
സൈക്കിളുകാരൻ പയ്യൻ 26 വയസ്സ്
പയ്യന്റെ വീട്ടുകാർ
(ഒരു മുതിർന്ന ആൾ, രണ്ടു മുതിർന്ന സ്ത്രീകൾ)

ടൈറ്റിൽ സീൻ:
രാവിലെ ഏഴു മണി. കോളനിയിലെ ഇടനിരത്തുകൾ മിക്കവാറും ശൂന്യമാണ്. ദൂരെനിന്ന് പാറുകുട്ടി നടന്നുവരുന്ന ഷോട്ട്. അവളുടെ കൈയ്യിൽ പാൽപാത്രം. അവൾ അടുത്തെത്തിയ ഷോട്ട്. അവൾ എന്തോ ആലോചിച്ചുകൊണ്ട് അലസമായി നടക്കുകയാണ്. പെട്ടെന്ന് പിന്നിൽ നിന്ന് ശബ്ദം.
പിന്നിൽനിന്ന്: ശ്...ശ്....
പാറുകുട്ടി തിരിഞ്ഞു നോക്കുന്നു. പിന്നിൽ അധികം ദൂരെയല്ലാതെ സൈക്കിളിൽ ഒരു ചെറുപ്പക്കാരൻ. 25 – 26 വയസ്സായിട്ടുണ്ടാകും. മുഖത്ത് ചിരി.
പാറുകുട്ടി പെട്ടെന്ന് മുഖം തിരിച്ച് വേഗത്തിൽ നടക്കുന്നു. അയാൾ സൈക്കിളിന്റെ ബെല്ലടിക്കുന്നു. പാറുകുട്ടി തിരിഞ്ഞു നോക്കുന്നില്ല. വീട്ടിന്റെ ഗെയ്റ്റ് കടന്ന് വേഗം അകത്തു കടക്കുന്നു. തിരിഞ്ഞു നോക്കുന്നില്ല.
സീൻ 1:
ത്രേസ്യാമ്മയുടെ വീടിന്റെ അടുക്കള. പാറുകുട്ടി പാൽപാത്രവുമായി വാതിൽ കടന്ന് വരുന്നു. ധൃതിയിൽ പാൽപാത്രം മേശമേൽ വച്ച്  ജനലിന്റെ ചൂട്ടഴിയ്ക്കരികെ വന്ന് പുറത്തേയ്ക്കു നോക്കുന്നു.
സീൻ 1എ:
റോട്ടിൽ ഗെയ്റ്റിന്നരികെ പയ്യൻ സൈക്കിളിൽ ഒരു കാൽ നിലത്തു കുത്തി വീട്ടിലേയ്ക്കുതന്നെ നോക്കി നിൽക്കുന്നു. പാറുകുട്ടിയെ കാണുന്നില്ല.
സീൻ 1ബി: പാറുകുട്ടി ചൂട്ടഴിയിലൂടെ നോക്കിക്കൊണ്ടിരിക്കുന്നു. അവളുടെ കണ്ണിൽക്കൂടി കാണുന്നത് കാൽ നിലത്തുകുത്തി സൈക്കിളിൽ ഇരിക്കുന്ന പയ്യനെയാണ്. നല്ല ചെത്തു പയ്യൻ. നിറം കുറവാണ്. ജീൻസും ടി ഷർട്ടുമാണ് ഇട്ടിരിക്കുന്നത്. കട്ടിയുള്ള മീശയുണ്ട്. അവന്റെ കണ്ണുകൾ പ്രതീക്ഷയോടെ വീട്ടിലേയ്ക്കാണ്. പക്ഷേ ഒന്നും കാണുന്നില്ലെന്ന് മുഖം വിളിച്ചു പറയുന്നു.
സീൻ 2: ത്രേസ്യാമ്മ അടുക്കളയിലേയ്ക്കു കടക്കുന്നു. കാണുന്നത് പാറുകുട്ടി ചൂട്ടഴിയിലൂടെ നോക്കി

നിൽക്കുന്നതാണ്. അവർ സാവധാനത്തിൽ നടന്ന് പാറുകുട്ടിയുടെ പിന്നിൽനിന്ന് നോക്കുന്നു. അവർ ഒന്നും കാണുന്നില്ല.

ത്രേസ്യാമ്മ: നീയെന്താണു കൊച്ചേ നോക്കിനിക്കണത്വ?

പാറുകുട്ടി: (ഞെട്ടിക്കൊണ്ട് പിന്മാറുന്നു) അമ്മച്ചി എന്നെ പേടിപ്പിച്ചുകളഞ്ഞല്ലൊ.

ത്രേസ്യാമ്മ: നീയെന്താ നോക്കിക്കൊണ്ടിരുന്നത്? ഞാൻ വിചാരിച്ചു വല്ല ആൺപിള്ളാരുമായിരിക്കുംന്ന്.

പാറുകുട്ടി ഭയത്തോടെ വീണ്ടും ചൂട്ടഴിയിലൂടെ നോക്കുന്നു.

സീൻ 2എ:

ഗെയ്റ്റിലേയ്ക്ക് ലോങ് ഷോട്ട്. പയ്യൻ സൈക്കിളിൽ യാത്രയാവുന്നു.

സീൻ 2ബി:

പാറുകുട്ടി പരിഭ്രമത്തോടെ ത്രേസ്യാമ്മയെയും വീണ്ടും ഗെയ്റ്റി ലേയ്ക്കും നോക്കുന്നു. ഗെയ്റ്റിൽ ആരുമില്ല.

പാറുകുട്ടി: ഒന്നുമില്ല അമ്മച്ചീ.

ത്രേസ്യാമ്മ: പാലടുപ്പത്ത് വെച്ചോ പെണ്ണേ?

പാറുകുട്ടി: (പരിഭ്രമത്തോടെ) ഇല്ലമ്മച്ചീ.

ത്രേസ്യാമ്മ: എന്താ പെണ്ണേ നിന്റെ മൊഖത്തൊരു കള്ളത്തരം? പാല് വേഗം അടുപ്പത്തു വെച്ചോ, അച്ചായൻ ഇപ്പോ നടത്തം കഴിഞ്ഞ് എത്തും. വന്നിരുന്നാ ഒടനെ ചായ വേണം. കിട്ടീല്ലങ്കില് ദേഷ്യാ.

പാറുകുട്ടി പാൽ അടുപ്പത്ത് വയ്ക്കുന്നു. ചായയ്ക്കുള്ള വെള്ളം അടുപ്പത്ത് വച്ച് അവൾ തിരിയുന്നു. ത്രേസ്യാമ്മ നേരത്തെ പറിച്ചുവച്ച ചീരയെടുത്ത് ടാപ്പിനു താഴെവച്ച് കഴുകുകയാണ്. പാറുകുട്ടി ത്രേസ്യാമ്മയെ നോക്കുന്നുണ്ട്. ഒരിക്കൽ എന്തോ പറയാനായി ഓങ്ങി, വേണ്ടെന്നു വച്ചു.

ത്രേസ്യാമ്മ ചീരയെടുത്ത് മേശപ്പുറത്ത് വയ്ക്കുന്നു.

ത്രേസ്യാമ്മ: പൂട്ടിനുള്ള പൊടി കൊഴച്ചേ്വാ.

പാറുകുട്ടി: ഇല്ലമ്മച്ചി.

ത്രേസ്യാമ്മ: അതും വേഗം ചെയ്തോ. അച്ചായൻ വന്ന് ചായ കുടി കഴിഞ്ഞാൽ പിന്നെ തിന്നാൻ വല്ലതും കിട്ടോന്നാ നോക്കാ.

ജോസഫേട്ടൻ അടുക്കളയുടെ വാതിൽക്കൽ പ്രത്യക്ഷപ്പെടുന്നു. ത്രേസ്യാമ്മ മേശക്കരികെ പാറുകുട്ടിക്കഭിമുഖമായി നിൽക്കുന്നതു കൊണ്ട് അദ്ദേഹത്തെ കാണുന്നില്ല. സംസാരം തുടരുന്നു.

ത്രേസ്യാമ്മ: പറഞ്ഞ സമയത്ത് കിട്ടീല്ലെങ്കീപ്പിന്നെ ഇവിടെ ആകെ ഇട്ടു പൊളിക്കും.

പാറുകുട്ടി എന്തോ പറയാൻ മുഖമുയർത്തുമ്പോൾ കാണുന്നത് ത്രേസ്യാമ്മയുടെ സംസാരം കേട്ട് രസിക്കുന്ന ജോസഫേട്ടനെയാണ്. അവൾ പെട്ടെന്ന് പറഞ്ഞുപോകുന്നു.

പാറുകുട്ടി: അമ്മച്ചീ......

ത്രേസ്യാമ്മ അതൊന്നും ശ്രദ്ധിക്കുന്നില്ല. ചീര തിരഞ്ഞു വയ്ക്കുന്നതിന്നിടയിൽ അവർ സംസാരം തുടരുക തന്നെയാണ്.

ത്രേസ്യാമ്മ: പണ്ടൊന്നും ഇങ്ങനെയായിരുന്നില്ല. ഇപ്പൊത്തൊട്ട് ..... ങാ... വയസ്സായില്ലേ?

പാറുകുട്ടി: അമ്മച്ചീീീ......

ത്രേസ്യാമ്മ: എന്താടീ?

പാറുകുട്ടി കണ്ണുകൊണ്ട് പിന്നിലേയ്ക്കു കാണിക്കുന്നു. ത്രേസ്യാമ്മയ്ക്ക് മനസ്സിലാവുന്നില്ല.

ത്രേസ്യാമ്മ: എന്താടീ രാവിലെത്തൊട്ട് നെനക്കൊരു കള്ളത്തരം?

ജോസഫേട്ടൻ: ഇട്ടു പൊളിക്കും അല്ലേ?

ത്രേസ്യാമ്മ ഞെട്ടിത്തിരിയുന്നു.

ജോസഫേട്ടൻ: വയസ്സായി അല്ലേ? എന്താ എന്നെ അങ്ങട്ട് ഉപേക്ഷിക്കാമ്പോവ്വാ.

പാറുകുട്ടി വായപൊത്തി ചിരിക്കുകയാണ്. ത്രേസ്യാമ്മ വല്ലാത്തൊരു മുഖത്തോടെ ജോസഫേട്ടനെ നോക്കുന്നു.

ജോസഫേട്ടൻ: (പാറുകുട്ടിയോട്) എടീ ഇളിക്കാതെ ചായണ്ടാക്ക്. അല്ലെങ്കീ ഞാൻ ഇവിട്യൊക്കെ ഇട്ടു പൊളിക്കും....

ജോസഫേട്ടന്റെ മുഖഭാവം മാറുന്നുണ്ട്. ദേഷ്യമൊന്നുമില്ല, കുറേശ്ശേ ചിരിയും വരുന്നുണ്ട്.

ജോസഫേട്ടൻ: ഞാമ്പോയി ആ പേപ്പറ് വായിക്കട്ടെ.

ജോസഫേട്ടൻ പോകുന്നു. ത്രേസ്യാമ്മ പാറുകുട്ടിയുടെ നേരെ തിരിയുന്നു.

ത്രേസ്യാമ്മ: അപ്പൊ പെണ്ണേ നിയെന്താണ് എന്നോട് പറയാഞ്ഞത്?

പാറുകുട്ടി: എന്തമ്മച്ചീ?

ത്രേസ്യാമ്മ: അല്ലാ ജോസഫേട്ടൻ വന്ന് നിൽക്ക്ണ്ണ്ട്ന്ന് എന്തേ എന്നോട് പറയാഞ്ഞത്?

പാറുകുട്ടി: ഞാമ്പറയാൻ പോയതാ.... അമ്മച്ചിക്ക് മനസ്സിലായില്ല. അമ്മച്ചി പറഞ്ഞു എന്റെ മൊകത്ത്

കള്ളത്തരംണ്ട്ന്ന്.
ത്രേസ്യാമ്മ: നീ ആ ചായ ഇങ്ങട്ട് കൊണ്ടുവാ. ഞാൻ കൊണ്ടു പോയി കൊടുക്കട്ടെ.
പാറുകുട്ടി ചായ ഗ്ലാസ്സിലാക്കിയത് കൊടുക്കുന്നു. ത്രേസ്യാമ്മ അതുമായി പോകുന്നു. പാറുകുട്ടി വീണ്ടും ചൂട്ടഴിയിലൂടെ ആലോചിച്ചുകൊണ്ട് നോക്കിനിൽക്കുന്നു. ...........
സീൻ 3:
ഉമ്മറത്ത് ജോസഫേട്ടൻ കസേരയിലിരുന്ന് പേപ്പർ വായിക്കുന്നു. ത്രേസ്യാമ്മ ഉമ്മറവാതിൽക്കൽ ചായഗ്ലാസ്സുമായി വരുന്നു. വാതിൽക്കലെത്തിയപ്പോൾ ഉമ്മറത്തേയ്ക്കു കടക്കാൻ ഒരു വിഷമമുള്ളപോലെ മടിച്ചുനിൽക്കുന്നു. പിന്നെ എന്തുവന്നാലും വേണ്ടില്ല എന്നപോലെ ധൈര്യത്തോടെ ജോസഫേട്ടന്റെ അടുത്തു ചെന്ന് ചായ ഭവ്യതയോടെ കൊടുക്കുന്നു. വായനയിൽ മുഴുകിയ ജാസഫേട്ടൻ അതൊന്നും ശ്രദ്ധിക്കാതെ ചായ വാങ്ങി കുടിക്കുന്നു.
ത്രേസ്യാമ്മ: (മയത്തോടെ) ഇന്ന് നിങ്ങള് മാർക്കറ്റില് പോണ്ണ്ടോ?
ജോസഫേട്ടൻ ശ്രദ്ധിക്കുന്നില്ല. ത്രേസ്യാമ്മ വീണ്ടും ചോദിക്കുന്നു.
ത്രേസ്യാമ്മ: അല്ലെന്നേയ് നിങ്ങ ഇന്ന് മാർക്കറ്റീല് പോണ്ണ്ടോ?
ജോസഫേട്ടൻ: എന്താ പോണോ?
ത്രേസ്യാമ്മ: പൂവ്വാണെങ്കീ കോഴി എറച്ചി വാങ്ങണംന്ന് പറയാനാ. നല്ല തൊടള്ള എറച്ചി.
ജോസഫേട്ടൻ: എന്തിനാ?
ത്രേസ്യാമ്മ: അല്ല നിങ്ങ കൊറച്ച് കാലായില്ല്യേ പറയാൻ തൊടങ്ങീട്ട്, ചില്ലി ചിക്കൻണ്ടാക്കണംന്ന്. ഞാണ്ടാക്കണ ചില്ലിച്ചിക്കൻ നല്ല സ്വാദാണ്ന്ന്......
ജോസഫേട്ടൻ: ഞാമ്പറഞ്ഞോ? അത് നെന്റെ അട്ത്ത്ന്ന് വല്ലതും അടിച്ചെടുക്കാൻ പറഞ്ഞതായിരിക്കും.
ത്രേസ്യാമ്മ: (ദ്വേഷ്യം പിടിച്ചുകൊണ്ട്) നിങ്ങക്കെപ്പഴും ഒരു കള്ള്യാ. നല്ല ചിക്കൻ വാങ്ങിത്തന്നാ ചില്ലിച്ചിക്കൻ ഒണ്ടാക്കാം....
(ധൃതിയിൽ അകത്തേയ്ക്കു പോകുന്നു.)
സീൻ 4:
രാവിലെ സമയം. പാറുകുട്ടി പാലുമായി നടന്നു വരുന്നു. പൊതുവേ വിജനമായ വഴി. അവൾ ഇടയ്ക്കിടയ്ക്ക് തിരിഞ്ഞു നോക്കുന്നുണ്ട്. അവളുടെ മുഖത്ത് വല്ലായ്മയുണ്ട്. അവൾ സൈക്കിളുകാരനെ പ്രതീക്ഷിച്ചിരുന്നു. അയാൾ വരുന്നില്ലെന്ന ആശ്വാസവും മുഖത്ത് കാണുന്നുണ്ട്. അവൾ തലതാഴ്ത്തിക്കൊണ്ട് നടക്കുന്നു. പെട്ടെന്ന് മുമ്പിലെ ഒരു ഇടവഴിയിൽനിന്ന് സൈക്കിളിൽ പയ്യൻ പ്രത്യക്ഷപ്പെടുന്നു. ബെല്ലിന്റെ ശബ്ദം കേട്ട് മുഖമുയർത്തിയ പാറുകുട്ടി കാണുന്നത് സൈക്കിളിൽ തന്റെ നേരെ വരുന്ന പയ്യനാണ്. അവളുടെ മുഖത്ത് പെട്ടെന്ന് ഒരു ചിരി വിടരുന്നത് അവൾ അമർത്തുന്നു. പയ്യൻ രണ്ടു കൈകളും ഹാന്റ്ൽബാറിൽനിന്ന് പൊന്തിച്ച് അവളെനോക്കി വീശുന്നു. അടുത്ത നിമിഷത്തിൽ അവനും സൈക്കിളും താഴത്തെത്തുന്നു. പാറുകുട്ടി പൊട്ടിച്ചിരിക്കുന്നു. പയ്യൻ വീണിടത്തുനിന്ന് തല പൊന്തിച്ച് പാറുകുട്ടിയെ നോക്കുന്നു. അവന്റെ കണ്ണുകളിൽ അദ്ഭുതം. പാറുകുട്ടി നടന്നകലുന്നു. കിടന്നിടത്തുനിന്ന് തലയുയർത്തിനോക്കുന്ന പയ്യന്റെ ക്ലോസപ്പ് ഷോട്ട്.
സീൻ 4എ:
പാറുകുട്ടി വീട്ടിന്റെ പടിക്കലെത്തി തിരിഞ്ഞു നോക്കുന്നു. കാണുന്നത് സൈക്കിളിന്റെ ഹാന്റ്ൽബാർ നേരെയാക്കുന്ന പയ്യൻ.
സീൻ 5:
അടുക്കള ത്രേസ്യാമ്മ മേശപ്പുറത്ത് പച്ചക്കറി നുറുക്കുന്നു. പിൻവാതിലിലൂടെ വരുന്ന പാറുകുട്ടിയുടെ മുഖത്ത് ചിരി. ത്രേസ്യാമ്മ പച്ചക്കറി നുറുക്കൽ നിർത്തി അവളെ നോക്കുന്നു. അവളുടെ ചിരി നിൽക്കുന്നില്ല.
ത്രേസ്യാമ്മ: എന്താടീ നെന്റെ മൊകത്തൊരു ചിരി?
പാറുകുട്ടി: അതേയ് അമ്മച്ചീ,  ഞാനൊരാള് സൈക്കിളീന്ന് വീഴണത് കണ്ടു.
ത്രേസ്യാമ്മ: സൈക്കിളീന്ന് വീഴ്വേ?
പാറുകുട്ടി: (ചിരിച്ചുകൊണ്ടുതന്നെ) അതെ, അമ്മച്ചീ.
ത്രേസ്യാമ്മ: അതിന് ചിരിക്ക്യാ വേണ്ടത്?
പാറുകുട്ടി: അല്ല, അമ്മച്ചീ.......
തുടർന്ന് എന്തോ പറയാൻ പോയത് നിറുത്തുന്നു.
ത്രേസ്യാമ്മ: ഇളിക്കാണ്ടെ ആ പാല് വേഗം തെളപ്പിച്ചോ. അച്ചായൻ വരുമ്പഴയ്ക്ക് ചായ കൊടുത്തില്ലെങ്കീപ്പിന്നെ.......
പെട്ടെന്ന് എന്തോ ഓർമ്മ വന്ന് വാതിൽക്കലേയ്ക്കു നോക്കുന്നു. തുടരുന്നു
ത്രേസ്യാമ്മ: (ആത്മഗതമെന്നോണം) എപ്പഴാ കടന്ന് വര്വാന്ന് അറീല്ല്യ.

പാറുകുട്ടി: ആര് അമ്മച്ചീ?
ത്രേസ്യാമ്മ: ആരാ ഇവിടെ വരാൻ, ജോസഫേട്ടൻതന്നെ.
ഇതു പറഞ്ഞ് തിരിഞ്ഞപ്പോൾ കാണുന്നത് വാതിൽക്കൽ നിൽക്കുന്ന ജോസഫേട്ടനെ. ചമ്മൽ വിദഗ്ധമായി മറച്ചുവെച്ചു കൊണ്ട് പറയുന്നു.
ത്രേസ്യാമ്മ: ഞാൻ പാറുകുട്ടിയോട് പറയ്യായിരുന്നു. വേഗം ചായണ്ടാക്കാൻ.
ജോസഫേട്ടൻ: അല്ലെങ്കീ ഇവിട്യൊക്കെ ഇട്ടു പൊളിക്കുംന്ന് അല്ലെടീ കൊച്ചുത്രേസ്സ്യേ?
ത്രേസ്യാമ്മ: (അല്പം ദ്വേഷ്യവും നാണവും അഭിനയിച്ചുകൊണ്ട്) നിങ്ങ ഒന്ന് മുണ്ടാതിരി......
ഉമ്മറത്തുനിന്ന് ഒരാൾ വിളിക്കുന്ന ശബ്ദം കേൾക്കുന്നുണ്ട്.
ശബ്ദം: ജോസഫേട്ടനില്ലേ ഇവിടെ? പാറുകുട്ടീ....
പാറുകുട്ടി: അച്ഛനാണ്. എന്തേ ഇപ്പോ വരാൻ. കഴിഞ്ഞാഴ്ച വന്നു പോയിട്ടല്ലേ ഉള്ളൂ. അമ്മമ്മയ്ക്ക് വല്ലതും പറ്റിയാവോ?
ജോസഫേട്ടൻ പോകുന്നു.
ത്രേസ്യാമ്മ: ടൗണില് വരണ്ട കാര്യണ്ടായിട്ടുണ്ടാവും. അപ്പൊ മോളെ ഒന്ന് വന്ന് കാണാംന്ന് കരുതീതായിരിക്കും. ഞാനൊന്ന് പോയി നോക്കട്ടെ.
ത്രേസ്യാമ്മ വാതിൽ കടന്ന് പോകുന്നു.
സീൻ 6:
മിറ്റത്ത് ഒരു അമ്പതു വയസ്സുകാരൻ. മുണ്ടും വെള്ള ഷർട്ടുമാണ് വേഷം. നാടനാണ്. നാലു ദിവസം ഷേവു ചെയ്യാത്ത മുഖം. കയ്യിൽ സാമാന്യം വലിയ ഒരു സഞ്ചിയുണ്ട്. ജോസഫേട്ടൻ അകത്തുനിന്ന് ഉമ്മറത്തേയ്ക്കു കടന്നു വരുന്നു.
ജോസഫേട്ടൻ: എന്താ ശങ്കരൻ ഉമ്മറത്ത് കടന്നിരിക്കാഞ്ഞത്?
ശങ്കരൻ സഞ്ചിയും തൂക്കി ഉമ്മറത്തേയ്ക്കു കയറി തിണ്ണമേൽ ഇരിക്കുന്നു. സഞ്ചി നിലത്തു വയ്ക്കുന്നു.
ശങ്കരൻ: അല്ലാ, ജോസഫേട്ടൻ ഇല്ലാന്ന്ണ്ടെങ്കീ പിന്നീപ്പോയി ചേച്ചനേം മോളേം കണ്ട് സംസാരിച്ചിരിക്കാംന്ന് വിചാരിച്ച്. ജോസഫേട്ടൻ നേരത്തെ നടത്തം കഴിഞ്ഞ് വന്നോ.
ജോസഫേട്ടൻ: ഞാനിപ്പോ മുമ്പത്തെ അത്ര നടക്ക്ണില്ല കണാരാ. വയസ്സായില്ലേ? കൊറച്ച് നടന്നാ ക്ഷീണിക്ക്യാ.
ശങ്കരൻ: ഇതൊക്കെ ഒരു വയസ്സാ......
ത്രേസ്യാമ്മ വരുന്നു.
ശങ്കരൻ: ചേച്ചിക്ക് സുഖല്ലേ? മോന്റെ കത്തൊക്കെല്ല്യേ?
ത്രേസ്യാമ്മ: അവനെവിട്യാ നേരം കത്തൊക്കെ എഴുതാൻ.
ശങ്കരൻ: മോന് വല്ല ആലോചനീം നടക്ക്ണ്ണ്ടോ?
ത്രേസ്യാമ്മ: ഇപ്രാവശ്യം വരുമ്പോ നടത്തണംന്ന്ണ്ട്. ചോദിച്ചാൽ വല്ല മറുപടീം കിട്ട്വോ അവന്റെയടുത്ത്ന്ന്.
ജോസഫേട്ടൻ: അതിന് ചോദ്യത്തിന്റെ സ്റ്റൈല് കണ്ടാ മറുപടി കൊടുക്കാൻ തോന്നുംല്ല്യാന്ന് വെച്ചോ.
ത്രേസ്യാമ്മ: അതെന്താ അങ്ങനെ പറയണത്?
ശങ്കരൻ: (ഇടപെടുന്നു). ആ നോക്കണ്ട കാലൊക്കെ ആയി. ഞാൻ പാറകുട്ടിക്ക് ഒരു ആലോചന വന്നത് പറയാൻ വന്നതാ.
ജോസഫേട്ടൻ: നന്നായി, എവിട്ന്നാ.
പാറുകുട്ടി ചായയുമായി വരുന്നു. ഒരു ഗ്ലാസ്സ് ജോസഫേട്ടനും ഒരു ഗ്ലാസ്സ് അച്ഛനും കൊടുക്കുന്നു.
ശങ്കരൻ: മോളെ ഈ സഞ്ചി അകത്തേയ്ക്കു കൊണ്ടു പൊയ്ക്കോ. (തിരിഞ്ഞ് ത്രേസ്യാമ്മയോട്) കൊറച്ച് കൊടമ്പുളീം കൊണ്ടന്ന്ട്ട്ണ്ട്. ഒന്നുംകൂടി ഒണങ്ങണം. (പാറുകുട്ടിയോട്) മോള് പൊയ്ക്കോ ഞങ്ങള് ഒരു കാര്യം പറയ്യാണ് ഇവിടെ.
പാറുകുട്ടി: എന്താ ഞാനിവിടെ നിന്നാൽ?
ജോസഫേട്ടൻ: (ശങ്കരനാട്) കണ്ടില്ലേ മോള് പറേണത്.
ശങ്കരൻ ചിരിക്കുന്നു.
ത്രേസ്യാമ്മ: മോളെ നീ പോയി പിട്ട് അടുപ്പത്ത് വയ്ക്ക്. അച്ഛന് ഇപ്പൊത്തന്നെ പോണ്ടിവരും.
അവൾ അകത്തേയ്ക്കു പോകുന്നു.
ജോസഫേട്ടൻ: എവിട്ന്നാ ആലോചന.
ശങ്കരൻ: നാട്ടീന്നൊന്ന്വല്ല, ഇവിടെ അടുത്ത്ന്ന് തന്ന്യാ, മരട്ടീന്ന്.
ജോസഫേട്ടൻ: പയ്യൻ എന്താ ചെയ്യണത്?
ശങ്കരൻ: ഐലന്റില് ഒരു ചായക്കമ്പനീല് സൂപ്പർവൈസറാ. നല്ല ജോല്യാണ്.
ത്രേസ്യാമ്മ: അവക്കിപ്പോ കല്ല്യാണത്തിനൊക്കെ പ്രായായോ?

ശങ്കരൻ: ഈ വൃശ്ചികത്തില് ഇരുപത് തെകയും.
ജോസഫേട്ടൻ: അല്ലേലും പെൺകുട്ടികൾക്ക് നല്ല ആലോചന വന്നാൽ കെട്ടിച്ചുകൊടുക്കണേ നല്ലത്.
ത്രേസ്യാമ്മ: അത് ശര്യാ.
ശങ്കരൻ: ഒരേയൊരു പ്രശ്നള്ളൂ.
രണ്ടുപേരും ഒരുമിച്ച്: അതെന്താ?....
ശങ്കരൻ: അവർക്ക് ഇവിടെവച്ച് പെണ്ണുകാണണംന്ന്.
ജോസഫേട്ടൻ: അതിനെന്താ. അവര് ഇവിടെ വന്നോട്ടെ. ഇത് അവള്ടെ വീട്മാതിരിത്തന്ന്യല്ലെ?
ത്രേസ്യാമ്മയുടെ മുഖത്ത് സംശയം. എന്തോ പറയാൻ ഓങ്ങുന്നു, പക്ഷേ പറയുന്നില്ല.
ത്രേസ്യാമ്മ: ഞാൻ പോയി ചായെടെ കാര്യങ്ങള് നോക്കട്ടെ.
അകത്തേയ്ക്കു പോകുന്നു.

**End of Part I**

*Episode 12*

# വരൻ വന്നത് പല്ലക്കിലായിരുന്നില്ല.

**Part II**

സീൻ 6 എ:

അടുക്കളയിൽ. പാറുകുട്ടി അടുപ്പത്തുനിന്ന് പിട്ടുകുറ്റി വാങ്ങുന്നു. ത്രേസ്യാമ്മ ഒരു നിമിഷം അവളെ നോക്കി നിൽക്കുന്നു. എന്തോ പറയാൻ ഓങ്ങുന്നുണ്ട്, പക്ഷേ ഒന്നും പറയുന്നില്ല. ഒരുതരം അനിശ്ചിതത്വം ഉണ്ട് അവരുടെ ചലനങ്ങളിൽ.

പാറുകുട്ടി: എന്തിനാ അച്ഛൻ വന്നത്?

ആലോചിച്ചുകൊണ്ടിരുന്ന ത്രേസ്യാമ്മ ഒന്നും പറയുന്നില്ല.

പാറുകുട്ടി: എന്തിനാ അമ്മച്ചീ അച്ഛൻ വന്നത്?

ത്രേസ്യാമ്മ: നെനക്കൊരു ആലോചനേം കൊണ്ട് വന്നതാ മോളെ.

പാറുകുട്ടി: (സന്തോഷത്തോടെ) എനിക്കോ? ആലോചനയോ? ഞാൻ വിചാരിച്ചു കൊറച്ചുകാലം സ്വസ്ഥായിട്ട് ഇരിക്കാംന്ന്.

ത്രേസ്യാമ്മ: അതെന്താ നീ അങ്ങനെ പറേണത്. കല്ല്യാണൊക്കെ അതാത് കാലത്ത് നടത്തണ്ടതല്ലെ?

സാവധാനത്തിൽ പാറുകുട്ടിയുടെ മുഖത്തെ സന്തോഷം മായുന്നു. അവൾ ചൂട്ടഴിയിലൂടെ നോക്കുകയാണ്. കുറച്ച് ടെൻഷനുമുണ്ട്.

ത്രേസ്യാമ്മ: നീ നോക്കിനിൽക്കാതെ ചായ കൂട്ട്. ഞാനിതാ വന്നു.

അവർ വാതിൽ കടന്ന് പോകുന്നു.

സീൻ 6 ബി:

മിറ്റത്ത് ജോസഫേട്ടൻ ശങ്കരനോട് സംസാരിച്ചു നിൽക്കുന്നു.

ശങ്കരൻ: (തെങ്ങുകളുടെ തലപ്പു നോക്കിക്കൊണ്ട്) അടുത്ത മഴയ്ക്ക് നമുക്ക് കൊറച്ച് എല്ലുവളം ഇട്ടുകൊടുക്കണം. തല്യ്യൊക്കെ വാടിത്തൊടങ്ങീരിക്കുണു.

ജോസഫേട്ടൻ: ഞാനും അത് ആലോചിക്ക്യായിരുന്നു. തേങ്ങടെ എണ്ണം കൊറഞ്ഞ് വര്ണ്ണ്ട്. അതുപോലെ വെലേം. ഇപ്പോ കിട്ടണ വെല്യോണ്ട് വളൊന്നും വാങ്ങി ഇടാൻ പറ്റില്ല.

ശങ്കരൻ: ശര്യാണ്.

ഉമ്മറത്ത് വാതിൽക്കൽ ത്രേസ്യാമ്മ വന്നു നിൽക്കുന്നു. അവർ ജോസഫേട്ടന്റെ ശ്രദ്ധ ആകർഷിക്കാനുള്ള ശ്രമത്തിലാണ്.

ത്രേസ്യാമ്മ: ശ്...ശ്.....

ജോസഫേട്ടൻ തിരിഞ്ഞു നോക്കുന്നു.

ത്രേസ്യാമ്മ: (കൈ മാടിക്കൊണ്ട്) ഒന്നിങ്ങുവന്നേ.

ശങ്കരൻ പറമ്പിലേയ്ക്കു നടക്കുകയാണ്. ജോസഫേട്ടൻ ഉമ്മറത്തേയ്ക്കു കയറുന്നു.

ജോസഫേട്ടൻ: എന്തേ കൊച്ചുത്രേസ്യേ?

ത്രേസ്യാമ്മ സംശയത്തോടെ ജോസഫേട്ടനെ നോക്കുന്നു. പിന്നെ ശങ്കരൻ അടുത്തൊന്നുമില്ലല്ലോ എന്ന് ഉറപ്പാക്കാക്കുന്നു.

ജോസഫേട്ടൻ: എന്താ കൊച്ചുത്രേസ്യേ.
ത്രേസ്യാമ്മ: അപ്പളേയ്......
ജോസഫേട്ടൻ: ഊം....?
ത്രേസ്യാമ്മ: ഞാനൊരു കാര്യം ചോദിച്ചോട്ടെ?
ജോസഫേട്ടൻ: നിൽക്ക്, ഞാനെന്റെ ഇയർഫോണെടുക്കട്ടെ.
ത്രേസ്യാമ്മ: ഇതാ ഞാമ്പറയണത്. ഗൗരവള്ള ഒരു കാര്യം പറേമ്പഴും നിങ്ങക്ക് തമാശ്യാ.
ജോസഫേട്ടൻ: എന്താണ്ച്ചാ അതങ്ങട്ട് എഴുന്നള്ളിക്ക് കൊച്ചുത്രേസ്യേ.
ത്രേസ്യാമ്മ: അപ്പളേയ് അവര് ഇവിടെ നമ്മടെ വീട്ടീ വച്ചല്ലേ പെണ്ണിനെ കാണണത്?
ജോസഫേട്ടൻ: അതേ......
ത്രേസ്യാമ്മ: അപ്പളേയ്.... അവര് നമ്മടെ വീട്ടീ വന്ന് കണ്ടാ ഇത് അവളടെ വീടാണ്ന്ന് വിചാരിച്ചാലോ?
ജോസഫേട്ടൻ: നമക്ക് ഈ വീടൊഴിഞ്ഞുകൊടുക്കേണ്ടി വരും.
ത്രേസ്യാമ്മ: (ദ്വേഷ്യത്തോടെ) അതല്ല ഞാൻ ഉദ്ദേശിച്ചത്. ഈ വീട് അവള്ട്യാണ്ന്ന് വിചാരിച്ച് കല്യാണം ഒറപ്പിച്ചശേഷം ഇത് അവള്ട്യല്ലാന്ന് മനസ്സിലാവുമ്പോ അവർക്ക് മനഃപ്രയാസംണ്ടാവില്ല്യേ.
ജോസഫേട്ടൻ: അങ്ങിനെയൊന്നുംണ്ടാവില്ല എന്റെ കൊച്ചു ത്രേസ്യേ. ശങ്കരൻ എല്ലാം പറഞ്ഞുകൊടുത്തിട്ടുണ്ടാവും.
സീൻ 7:
രാവിലെ പാറുകുട്ടി പാൽ വാങ്ങിക്കൊണ്ടുവരുന്നു. അവൾ ചുറ്റും നോക്കുന്നുണ്ട്. ഇട,യ്ക്കിടയ്ക്ക് പിന്നിലേയ്ക്കും നോക്കുന്നു. പെട്ടെന്ന് ഒരു വളവു കഴിഞ്ഞ് പയ്യൻ സൈക്കിളിൽ വരുന്നു. നെറ്റിമേൽ ഒരു ചെറിയ ബാന്റേജുണ്ട്. മുഖത്ത് ചിരിയും. അവളെ കടന്നുപോയപ്പോൾ പാറുകുട്ടി തിരിഞ്ഞുനോക്കുന്നു. അപ്പോൾ കാണുന്നത് പയ്യൻ സൈക്കിൾ തിരിക്കുന്നതാണ്. അവൾ വേഗം നടക്കുന്നു. അയാൾ വളരെ വേഗത്തിൽ സൈക്കിളോടിച്ച് അവളുടെ മുമ്പിലൂടെ പോകുന്നു. അവൾ ആശ്വസിക്കുന്നു. പിന്നെ കാണുന്നത് അവൾ വളരെ വേഗത്തിൽ അവൾക്കു നേരെ സൈക്കിളോടിച്ചു വരുന്നതാണ്. ഇപ്രാവശ്യം രണ്ടു കൈയ്യും വിട്ടിട്ടാണെന്നു മാത്രമല്ല സൈക്കിളിന്മേൽ എഴുന്നേറ്റു നിൽക്കുകയും ചെയ്യുന്നു. പാറുകുട്ടിയുടെ മുഖത്ത് ഭയം. അടുത്ത നിമിഷത്തിൽ ഒരു കല്ല് തടഞ്ഞ് പയ്യനും സൈക്കിളും താഴത്തെത്തുന്നു. പാറുകുട്ടി പൊട്ടിച്ചിരിച്ചുകൊണ്ട് നേരെ നടന്നുപോകുന്നു. ഗെയ്റ്റിന്റെ അടുത്തെത്തി തിരിഞ്ഞു നോക്കുമ്പോൾ പയ്യൻ നിലത്ത് വീണുകിടക്കുകതന്നെയാണ്. നടുറോട്ടിൽ വീണുകിടക്കുന്ന സൈക്കിളിന്റെ ചക്രം തിരിഞ്ഞു കൊണ്ടിരിക്കുന്നു. അവന്റെ കണ്ണുകളിൽ അദ്ഭുതം. പാറുകുട്ടി ഗെയ്റ്റു കടന്ന് പോകുന്നു.
സീൻ 7 എ:
അടുക്കളയിൽ പാൽ അടുപ്പത്തു വയ്ക്കുകയാണ് പാറുകുട്ടി. ത്രേസ്യാമ്മ കടന്നു വരുന്നു. അവൾ ത്രേസ്യാമ്മയെ നോക്കി എന്തോ പറയാൻ ഓങ്ങുന്നു. ഉടനെ വേണ്ടെന്നു വയ്ക്കുന്നു. പിന്നെ ഒരു വീണ്ടുവിചാരത്തിൽ അവൾ സംസാരിക്കാൻ തുടങ്ങുന്നു.
പാറുകുട്ടി: അമ്മച്ചീ.....
ത്രേസ്യാമ്മ: എന്താ പെണ്ണേ?
പാറുകുട്ടി: ഞാനിന്നലെ പറഞ്ഞില്ലേ ഒരാള് സൈക്കിളീന്ന് വീണൂന്ന്.
ത്രേസ്യാമ്മ: അതേ.....
പാറുകുട്ടി: അയാള് ഇന്നും സൈക്കിളീന്ന് വിണു.
ത്രേസ്യാമ്മ: അതെന്താ അങ്ങനെ? അയാള് സൈക്കിള് പഠിക്ക്യാണോ?
പാറുകുട്ടി: അല്ലമ്മച്ചീ, അഭ്യാസം കാട്ടീട്ടാ.
ത്രേസ്യാമ്മ: എന്തിനാണ് അയാള് അഭ്യാസം കാട്ടണത്?
പാറുകുട്ടി: ആ, അറിയാമ്പാട്ല? അയാക്കടെ ഓരോ വേഷങ്ങള്.
ത്രേസ്യാമ്മ: എന്നിട്ട് അയാക്ക് വല്ലതും പറ്റിയോ?
പാറുകുട്ടി: ആ, അറിയില്ലമ്മച്ചീ. പിന്നേയ്, അയാള് കൊറച്ചു ദെവസായി എന്റെ പിന്നാലെ നടക്കുന്നു.
ത്രേസ്യാമ്മ: എന്നിട്ട് നീയെന്താണ് എന്നോട് പറയാഞ്ഞത്?
പാറുകുട്ടി ഒന്നും പറയുന്നില്ല. ഇടക്കിടയ്ക്ക് ചൂട്ടഴിയിലൂടെ ത്രേസ്യാമ്മ കാണാതെ ഒളിഞ്ഞു നോക്കുന്നുണ്ട്.
ത്രേസ്യാമ്മ: നെന്നെ കാണാൻ ആൾക്കാര് വര്ണ്ണ്ട്. കൊഴപ്പത്തിനൊന്നും നിൽക്കണ്ട പെണ്ണേ. ഇനീം ഇങ്ങനെ വല്ലതുംണ്ടായാൽ പറേണം കേട്ടോടീ?
പാറുകുട്ടി: ആ അമ്മച്ചീ.
സീൻ 8:
രാവിലെ പാറുകുട്ടി പാൽ വാങ്ങി വരുന്ന സീൻ. ഇടയ്ക്ക് തിരിഞ്ഞു നോക്കുന്നുണ്ടെങ്കിലും ആരുമില്ല. പെട്ടെന്ന്

മുമ്പിലെ ഒരു വളവു കഴിഞ്ഞ് സൈക്കിളുകാരൻ പ്രത്യക്ഷപ്പെടുന്നു. വലത്തെ കൈകൊണ്ട് ഹാന്റിൽബാർ പിടിച്ച് സൈക്കിൾ ഉന്തിക്കൊണ്ടു വരികയാണ്. ഇടത്തെ കൈ പ്ലാസ്റ്ററിട്ട് ഒരു വെള്ളതുണികൊണ്ട് കഴുത്തിലൂടെ സ്ലിങ്ങായി ഇട്ടിരിക്കുന്നു. പെട്ടെന്ന് പാറുകുട്ടിക്ക് ചിരി പൊട്ടി. അപ്പോഴാണ് അവൾ അയാളുടെ മുഖത്ത് നോക്കുന്നത്. അവിടെ ശോകഭാവം. ചിരിയില്ല, സാഹസികതയില്ല. ആകെ തളർന്ന ഭാവം. പാറുകുട്ടിയുടെ മുഖം കറുക്കുന്നു. അവൾക്ക് സങ്കടം വരുന്നുണ്ട്. അവൾ തലതാഴ്ത്തി നടന്നു പോകുന്നു. ഗെയ്റ്റിന്നടുത്തെത്തി തിരിഞ്ഞു നോക്കുന്നു. പയ്യൻ നേരെ നടന്നുപോകുകയാണ്.

സീൻ 8 എ:

അടുക്കളയിൽ ത്രേസ്യാമ്മ പച്ചക്കറി കഴുകുകയാണ്. പാറുകുട്ടി പാൽപാത്രവുമായി പുറകിലെ വാതിൽ കടന്നു വരുന്നു. ത്രേസ്യാമ്മ മുഖമുയർത്തി നോക്കുന്നു.

ത്രേസ്യാമ്മ: ഇന്ന് ആ സൈക്കിള്കാരനെ കണ്ടോ?

പാറുകുട്ടി: (വിക്കിക്കൊണ്ട്) ഇല്ലമ്മച്ചീ, അല്ലമ്മച്ചീ കണ്ടു....

ത്രേസ്യാമ്മ: (അവളെ സാകൂതം നോക്കിക്കൊണ്ട്) നീയെന്താണ് പറയുന്നത്. കണ്ടൂന്നോ കണ്ടില്ലാന്നോ.

പാറുകുട്ടി: അല്ലമ്മച്ചീ, ഇന്ന് അയാള് സൈക്കിളീന്ന് വീണതൊന്നുംല്ല്യ.

ത്രേസ്യാമ്മ: (കഷ്ടായി എന്ന സ്വരത്തിൽ) അതു നന്നായി. അതോണ്ടാണോ നെന്റെ മൊഖത്ത് ചിരിയില്ലാതായത്?

പാറുകുട്ടി പാത്രമെടുത്ത് പാലുകാച്ചാൻ വെയ്ക്കുന്നു. ചൂട്ടഴിയിലൂടെ നോക്കുന്നു.

സീൻ 8 ബി:

ഗെയ്റ്റിലെ ദൃശ്യം. റോഡ് ഒഴിഞ്ഞു കിടക്കുന്നു. ആരുമില്ല. പാറുകുട്ടിയുടെ മുഖം ഒട്ടും പ്രസന്നമല്ല.

സീൻ 9:

പാറുകുട്ടി രാവിലെ പാൽ വാങ്ങി വരുന്ന സീൻ രണ്ടു മൂന്നു പ്രാവശ്യം ആവർത്തിച്ചു കാണിക്കണം. വിജനമായ റോഡ്. സൈക്കിളുകാരൻ ഇല്ലാത്ത റോഡ്. ഓരോ പ്രാവശ്യവും പാറുകുട്ടിയുടെ മുഖം മ്ലാനമാകുന്നതു വ്യക്തമാക്കണം.

സീൻ 10:

ഉമ്മറത്ത് കസേലയിൽ ജോസഫേട്ടൻ ഇരിക്കുന്നു. കാമറ പാൻ ചെയ്ത് മിറ്റത്തേയ്ക്കു കൊണ്ടുപോകുന്നു. അവിടെ ഗെയ്റ്റിൽ ഒരു ടാക്സിയിൽനിന്ന് അഞ്ചുപേർ ഇറങ്ങുകയാണ്. കാമറ വീണ്ടും ജോസഫേട്ടനിലേയ്ക്ക്. ജോസഫേട്ടൻ മുറ്റത്തേയ്ക്ക് ഇറങ്ങി വന്ന് അവരെ സ്വീകരിക്കുന്നു.

ജോസഫേട്ടൻ: വരൂ, വരൂ......വീട് കണ്ടുപിടിക്കാൻ വെഷമിച്ചോ?

കൂട്ടത്തിൽ പ്രായം തോന്നിക്കുന്ന (50 വയസ്സ്) ഒരാൾ: ഏയ് ഇല്ല.

എല്ലാവരും ഉമ്മറത്തേയ്ക്കു കയറുന്നു. ഓരോ ഇരിപ്പിടങ്ങളിൽ സ്ഥാനം പിടിക്കുന്നു. അമ്പതു വയസ്സുകാരനു പുറമെ നാൽപ്പതു വയസ്സുള്ള ഒരാൾ (പയ്യന്റെ അമ്മാവനാണ്), രണ്ടു സ്ത്രീകൾ, അമ്മയും അമ്മായിയുമാണ്), പിന്നെ പയ്യൻ. മറ്റുള്ളവരുടെ മുഖം കാണിക്കുന്നുണ്ടെങ്കിലും പയ്യന്റെ മുഖം കാമറയിൽ നേരിട്ടു കാണുന്നില്ല.

സീൻ 10 എ:

കിടപ്പു മുറി. ത്രേസ്യാമ്മ പാറുകുട്ടിയെ ഉടുത്തൊരുക്കുകയാണ്. ഒരു മാതിരി കഴിഞ്ഞിരിക്കുന്നു. സാരിയുടെ ചുളിവുകൾ നിവർത്തുകയാണ് ത്രേസ്യാമ്മ. പാറുകുട്ടി ഡ്രെസ്സങ് ടേബിളിന്റെ കണ്ണാടിയിൽ നോക്കുന്നു. ത്രേസ്യാമ്മ കുറച്ചു വിട്ടുനിന്ന് അവളെ നോക്കുകയാണ്. ഓർമ്മകൾ അവരെ അലട്ടിയെന്നു തോന്നുന്നു സാവധാനത്തിൽ അവരുടെ കണ്ണുകൾ നിറയുന്നു. അതു തുടച്ചുകൊണ്ട് അവർ പറയുന്നു.

ത്രേസ്യാമ്മ: നീ പുറപ്പെട്ടുകഴിഞ്ഞ് അടുക്കളയിലോട്ടു വാ പെണ്ണേ, ഞാൻ ചായണ്ടാക്കി വയ്ക്കാം.

പാറുകുട്ടി: ഞാൻ ണ്ടാക്കാം അമ്മച്ചീ ചായ.

ത്രേസ്യാമ്മ: വേണ്ട പെണ്ണേ, നീയിങ്ങനെ ഉടുത്തൊരുങ്ങീട്ട് അടുക്കളേലൊന്നും പോയി വെരകേണ്ട.

ത്രേസ്യാമ്മ അടുക്കളയിലേയ്ക്കു പോകുന്നു. പാറുകുട്ടി മുത്തുകൾ പതിച്ച പൊട്ടെടുത്തു തൊട്ടു കണ്ണാടിയിൽ നോക്കി. സുന്ദരിയായിരിക്കുന്നു. സ്വന്തം പറയുന്നു.

പാറുകുട്ടി: പയ്യന് ബോധിച്ചില്ലെങ്കിൽ വേണ്ട.

അവൾ ഇടനാഴികയിലൂടെ അടുക്കളയിലേയ്ക്കു നടക്കുന്നു. ഇടനാഴികയിലെ കിളിവാതിലിലൂടെ ഉമ്മറത്തേയ്ക്കു നോക്കുന്നു. അവിടെ സോഫയിൽ രണ്ടു സ്ത്രീകളും രണ്ടു പുരുഷന്മാരും ഇരിക്കുന്നു. പിന്നെ കാമറയുടെ കണ്ണുകൾ പതിയുന്നത് പയ്യന്റെ മുഖത്താണ്. പാറുകുട്ടിയുടെ മുഖത്ത് അദ്ഭുതം. കാമറ പയ്യന്റെ മുഖത്തേയ്ക്ക് സൂം ചെയ്യുന്നു. അത് ആ സൈക്കിൾകാരൻ പയ്യനാണ്. പാറുകുട്ടി കണ്ണുതുടച്ച് ഒരിക്കൽക്കൂടി നോക്കുന്നു. പയ്യന്റെ മുഖം വ്യക്തമായി കാണുന്നു. അവൾ തലയിൽ കൈയ്യും വെച്ച് അടുക്കളയിലേയ്ക്ക് ഓടുന്നു.

സീൻ 10 ബി:

അടുക്കളയിൽ ചായകൂട്ടുന്ന ത്രേസ്യാമ്മ. പാറുകുട്ടി പെട്ടെന്ന് ഓടിക്കൊണ്ടു വരുന്നു. ത്രേസ്യാമ്മ പരിഭ്രമിക്കുന്നു.

ത്രേസ്യാമ്മ: എന്താ പെണ്ണേ?

പാറുകുട്ടി: (കിതപ്പിന്നിടയിൽ) അതില്ലേ അമ്മച്ചീ.... അത് അയാളാണ്.

ത്രേസ്യാമ്മ: ഏത്, ആര് പെണ്ണേ?

പാറുകുട്ടി: ഇപ്പോ കാണാൻ വന്ന ആളില്ലേ അമ്മച്ചീ, അതയാളാണ്, ആ സൈക്കിളുകാരൻ.

ത്രേസ്യാമ്മ: (തലയിൽ കൈവയ്ക്കുന്നു) എന്റെ കർത്താവേ! ഇനിയെന്താ ചെയ്യാ

പാറുകുട്ടി: നമുക്കയാക്കടെ കുറുമ്പ് മാറ്റിക്കൊടുക്കാം അമ്മച്ചീ.

ത്രേസ്യാമ്മ: നീയെന്തൊക്കെയാണ് പറയണത്?

അഞ്ചു കപ്പുകളിൽ ചായ പകർന്നുവെച്ചിരുന്നു. പാറുകുട്ടി മുളകുപൊടിയുടെ പാത്രം തുറന്ന് ഒരു സ്പൂൺ പൊടിയെടുത്ത് ഒരു കപ്പ് ചായയിലിട്ട് ഇളക്കുന്നത് അവർ ഭയംകൂറുന്ന കണ്ണുകളോടെ നോക്കിനിൽക്കുന്നു.

ത്രേസ്യാമ്മ: എടി പെണ്ണേ, നീയെന്താണീ ചെയ്യണത്?

പാറുകുട്ടി: അമ്മച്ചി ഒന്നും പറയണ്ട. അയാക്കടെ കുറുമ്പ് ഞാൻ മാറ്റിത്തരാം.

അവൾ ചായയുടെ ട്രേ എടുത്തു പുറപ്പെടുന്നു. കുഴലപ്പവും അച്ചപ്പവുമുള്ള ട്രേയുമായി ത്രേസ്യാമ്മയും നടക്കുന്നു. അവർ ഇടയ്ക്കിടയ്ക്ക് പാറുകുട്ടിയുടെ കൈയ്യിലുള്ള ട്രെയിലേയ്ക്ക് ഭീതിയോടെ നോക്കുന്നുണ്ട്.

സീൻ 11:

ഉമ്മറത്ത് അവർ സംസാരിച്ചുകൊണ്ടിരിക്കുന്നു.

ജോസഫേട്ടൻ: എന്താണ് കൈയ്യിനു പറ്റീത്?

പയ്യൻ: സൈക്കിളീന്ന് വീണതാ.

പറഞ്ഞുകഴിഞ്ഞതും നോക്കിയത് പാറുകുട്ടിയുടെ മുഖത്തേയ്ക്ക്. മുഖത്തുണ്ടായ ചമ്മൽ പുറത്തു കാണിക്കാതിരിക്കാൻ ശ്രമിക്കുന്നു. പാറുകുട്ടി ട്രെയിലുള്ള കപ്പുകൾ ഓരോരുത്തർക്കായി എടുത്തു കൊടുക്കുന്നു. അവസാനം അവൾ മാറ്റിവച്ച കപ്പ് പയ്യനും കൊടുക്കുന്നു, ഒരു ചിരിയോടെ..

ത്രേസ്യാമ്മ പലഹാരങ്ങളുള്ള ട്രെ ടീപോയിമേൽ വച്ച് ഭയത്തോടെ പാറുകുട്ടിയുടെ ചലനങ്ങൾ വീക്ഷിക്കുന്നു.

ജോസഫേട്ടൻ: ഇത് ചെറുക്കന്റെ അച്ഛനാണ്, ഇത് മാമൻ. ഇത് അമ്മയും അമ്മായിയും ആണ്.

ത്രേസ്യാമ്മ: ഞങ്ങടെ മോടെ മാതിര്യാ അവള് ഇവിടെ കഴീണത്.

ത്രേസ്യാമ്മ വീണ്ടും പയ്യനെ ശ്രദ്ധിക്കുന്നു. അയാൾ കപ്പെടുത്ത് ചുണ്ടത്ത് വെയ്ക്കുമ്പോൾ ത്രേസ്യാമ്മ അയ്യോ എന്നൊരു ഭാവത്തിൽ നോക്കി നിൽക്കുന്നു.

മാമൻ: നല്ല ചായ.

ത്രേസ്യാമ്മ: (ധൃതിയിൽ) ഇത് പാറുകുട്ടിണ്ടാക്കീതാണ്.

അവർ വീണ്ടും പയ്യൻ കപ്പെടുത്ത് ആദ്യത്തെ മോന്ത് കുടിക്കുന്നതു കാണുന്നു.

പയ്യൻ: (ഒരിറക്കു കുടിച്ചുകൊണ്ട്) ഔ....

പാറുകുട്ടി ചിരിച്ചുകൊണ്ട് നിൽക്കുന്നു. ത്രേസ്യാമ്മ ആരും കാണാതെ തിരിഞ്ഞുനിന്നുകൊണ്ട് കുരിശു വരക്കുന്നു.

ത്രേസ്യാമ്മ: (താഴ്ന്ന സ്വരത്തിൽ) എന്റെ കർത്താവേ ഈ കൊച്ചുപെണ്ണിനോട് ക്ഷമിക്കണേ.....

പയ്യൻ ചായ കുടിക്കുന്നു. കണ്ണിൽനിന്നും മൂക്കിൽനിന്നും ചുടിനീർ പുറത്തുചാടുന്നു. അയാൾ പാന്റിന്റെ കീശയിൽനിന്നും കർച്ചീഫെടുത്ത് മുഖം തുടക്കുന്നു.

ജോസഫേട്ടൻ: എന്തു പറ്റീ?

പയ്യൻ: ഒന്നുംല്ല, പെട്ടെന്നൊരു ജലദോഷം

പയ്യൻ വീണ്ടും ചായ കുടിക്കുന്നു. ചായ മുഴുവൻ കുടിച്ചശേഷം കപ്പ് ടീപോയിമേൽ വെയ്ക്കുന്നു.

പാറുകുട്ടി അകത്തേയ്ക്കു പോകുന്നു. പിന്നാലെ ത്രേസ്യാമ്മയും.

ഉമ്മറത്ത് സംസാരം നടക്കുന്നു.

സീൻ 11 എ:

അടുക്കളയിൽ ത്രേസ്യാമ്മ ഒരു മുറത്തിൽ അരിയെടുത്ത് കല്ലുപെറുക്കുകയാണ്. അരി ഒരു ചെമ്പിലേയ്ക്കിട്ട് ടാപ്പിന്റെ താഴെ വച്ച് ടാപ്പു തുറക്കുന്നു. ജോസഫേട്ടൻ വരുന്നു.

ജോസഫേട്ടൻ: കൊച്ചു ത്രേസ്യേ?

ത്രേസ്യാമ്മ: (ടാപ്പടച്ചുകൊണ്ട്) എന്തോ?

ജോസഫേട്ടൻ: പാറുകുട്ടി എവിടെ?

ത്രേസ്യാമ്മ: അവള് അകത്തെവിടെങ്കിലുംണ്ടാവും. എന്തേ?

ജോസഫേട്ടൻ: ചെറുക്കൻ തരക്കേടില്ലാന്നാ തോന്നണത് ഒരു പാവാണ്, ചായപ്പൊടിക്കമ്പനീല് സൂപ്പർ വൈസറാണ്. വീട്ടുകാരും മോശല്ല്യാന്ന് തോന്നുണു. നമുക്ക് ഒന്ന് അന്വേഷിക്കാം. പിന്നെ ചെറുക്കന് പെണ്ണിനെ നല്ല ഇഷ്ടായിരിക്കുന്നു. അവൾക്ക് അവനെ ഇഷ്ടായോന്ന് ചോദിക്കാൻ പറഞ്ഞിരിക്കുന്നു. അവൻ തന്നെയാണ് പറഞ്ഞത്. അതറിഞ്ഞിട്ടു മതി ബാക്കി കാര്യങ്ങളൊക്കെ നോക്കാൻന്നാണ് പറേണത്. നീ ഒന്നു ചോദിച്ചുനൊക്ക്.

ത്രേസ്യാമ്മ: എന്താ ഇഷ്ടാവാതെ? (പെട്ടെന്ന് എന്തോ അപകട സാധ്യത ഓർത്ത്) ......അല്ലെങ്കീ വേണ്ട, ഞാനൊന്ന് ചോദിച്ചു നോക്കട്ടെ. ഇപ്പഴത്തെ പെൺകുട്ടികളല്ലെ.

ജോസഫേട്ടൻ: ഞാനങ്ങോട്ട് ചെല്ലട്ടെ. നീ പാറുകുട്ടിയോട് ചോദിച്ചിട്ട് അങ്ങോട്ടു വന്നാമതി.

ജോസഫേട്ടൻ പോകുന്നു.

സീൻ 12:

കിടപ്പറയിൽ പാറുകുട്ടി നിലത്ത് കുമ്പിട്ടിരുന്ന് തേങ്ങിക്കരയുന്നു. ത്രേസ്യാമ്മ വാതിൽ കടന്നു വരുന്നു.

ത്രേസ്യാമ്മ: എന്തു പറ്റീ മോളെ?

അവർ പാറുകുട്ടിയുടെ അടുത്തിരുന്ന് അവളുടെ പുറം തലോടുന്നു.

പാറുകുട്ടി: (തേങ്ങലിന്നിടയിൽ) അയാള് ആ ചായ മുഴുവൻ കുടിച്ചു അമ്മച്ചീ.....

ത്രേസ്യാമ്മ: സാരല്ല്യ മണ്ടീ.... ഓരോന്ന് ചെയ്യും, ന്ന്ട്ട് പിന്നെ ചിണുങ്ങ്വാണ്. അയാക്ക് നെന്നെ നന്നായി പിടിച്ചിരിക്കുണു. നെനക്ക് അയാളെ ഇഷ്ടായോന്ന് ചോദിക്കാൻ പറഞ്ഞു. പയ്യൻ തന്നെയാണ് ചോദിച്ചത്. നീയൊന്നും പറയാണ്ട്യന്നെ എനിക്ക് മനസ്സിലായി.... മണ്ടി.

ത്രേസ്യാമ്മ എഴുന്നേൽക്കുന്നു.

ത്രേസ്യാമ്മ: എഴുന്നേൽക്ക് പെണ്ണേ. മുഖം കഴുകി ഉമ്മറത്തേയ്ക്കു വാ. അവര് പോവ്വാണ്.

ത്രേസ്യാമ്മ അവളെ എഴുന്നേൽപ്പിക്കുന്നു.

ത്രേസ്യാമ്മ വാതിൽ കടന്ന് പോകുന്നു.

പാറുകുട്ടി എഴുന്നേൽക്കുന്നു. കണ്ണാടിയുടെ മുമ്പിൽ കുറച്ചുനേരം നോക്കിനിൽക്കുന്നു. പിന്നെ ഒരു ചിരിയോടെ പുറത്തേയ്ക്ക് ഓടുന്നു.

സീൻ 13:

ഉമ്മറത്ത് എല്ലാവരും ഇരിക്കുകതന്നെയാണ്. ത്രേസ്യാമ്മ വരുന്നു. എല്ലാവരും അവരുടെ മുഖത്ത് ഉൽക്കണ്ഠയോടെ നോക്കുന്നു. അവർ ചിരിച്ചുകൊണ്ടാണ് വരുന്നത്. കാര്യം അനുകൂലമാണെന്ന് എല്ലാവർക്കും മനസ്സിലാവുന്നു.

ത്രേസ്യാമ്മ: പാറുകുട്ടി ഒരു കാര്യം പറഞ്ഞിരിക്കുന്നു. മോനിനി അവളെ കാണിക്കാനായി സൈക്കിളിമ്മല് അഭ്യാസൊന്നും ചെയ്യണ്ടാന്ന് .

എല്ലാവരും വാ പൊളിച്ചു നില്ക്കുന്നു. അവർ തുടർന്നു.

ത്രേസ്യാമ്മ: എന്താണെന്നോ? കല്യാണാവുമ്പോഴേയ്ക്ക് താലി കെട്ടാൻ ഒരു കയ്യെങ്കിലും സ്വാധീനത്തില് വേണ്ടേ?

എല്ലാവരും അദ്ഭുതത്തോടെ നോക്കി നിൽക്കുന്നു.

**End of Part II**
**End of Episode12**

BACK TO INDEX

*Episode 13*

# അമ്മച്ചിക്കൊരു ഈസ്റ്റർ സമ്മാനം

## Part I

ഈ  എപ്പിസോഡിലേയ്ക്കു വേണ്ട കഥാപാത്രങ്ങൾ

ജോസഫേട്ടൻ
ത്രേസ്യാമ്മ
പാറുകുട്ടി
പാറുകുട്ടിയുടെ ഭർത്താവ്
ജോസഫേട്ടന്റെ മകൻ ജോമോൻ
സ്നേഹിത ജെസ്സി
മൂന്നാൻ (പൊരുത്തക്കാരൻ)
ജെസ്സിയുടെ അമ്മാവൻ
ജെസ്സിയുടെ അപ്പൻ
അവരുടെ കാർ ഡ്രൈവർ

സീൻ 1:
ജോസഫേട്ടന്റെ വീട്ടിന്റെ ഉമ്മറം. പാറുകുട്ടി നല്ലൊരു സാരിയിലാണ്. കഴുത്തിൽ താലിമാല കാണാനുണ്ട്. ഒപ്പം ഭർത്താവുമുണ്ട്. അവർ ജോസഫേട്ടനേയും ത്രേസ്യാമ്മയെയും സന്ദർശിച്ചു മടങ്ങാനുള്ള ഒരുക്കത്തിലാണ്. ത്രേസ്യാമ്മയുടെ മുഖത്ത് സന്തോഷമുണ്ട് ഒപ്പംതന്നെ പാറുകുട്ടിയെ വിട്ടുപിരിയുകയാണെന്ന വിഷമവും.
പാറുകുട്ടി: അമ്മച്ചീ ഇനി ഞങ്ങളെറങ്ങട്ടെ.
ത്രേസ്യാമ്മ: പോണ്ടാന്ന് പറയാൻ പറ്റ്വോ മോളെ. നീയ് പോയേപ്പിന്നെ എനിക്ക് ഒരു സുഖുംണ്ടായിട്ടില്ല. എന്തെങ്കിലും വെഷമം തോന്നുമ്പോ നെന്നോടല്ലെ പറയാറ്. നെന്നോട് പറയാൻ വേണ്ടി തിരിഞ്ഞുനോക്കും. അപ്പഴാ നീയിവിടെ ഇല്ല്യാന്ന് ഓർമ്മ വര്വാ. വല്ലാതെ സങ്കടാവും.
പാറുകുട്ടിയ്ക്ക് സങ്കടമാകുന്നു.
പാറുകുട്ടി: സാരല്യ അമ്മച്ചീ. ഞങ്ങള് എടക്ക് വരാം. മരട്ടീന്ന് വരാൻ വല്യ ദൂരൊന്നുംല്ല്യല്ലൊ.
ജോസഫേട്ടൻ: നീ പോയേപ്പിന്നെ ഇവിടെ വായില് വെയ്ക്കാൻ പറ്റണതൊന്നും ണ്ടാക്കാറില്ല.
ത്രേസ്യാമ്മ: പിന്നേയ്, നീ കേട്ടോ പറേണത്. ഇന്നലെ നെയ്മീൻ വറ്ത്ത് കൊടുത്തപ്പൊ എന്താ പറഞ്ഞത്ന്നറയ്യോ? ഇത്പോലത്തെ മീൻ വറത്തത് ഇതുവരെ തിന്നിട്ടില്ലാന്നാ.
ജോസഫേട്ടൻ: അത് തന്നാ ഞാൻ പറേണത്.
(ജോസഫേട്ടൻ പറയുന്നതിലെ വ്യംഗ്യം മനസ്സിലാവാതെ ത്രേസ്യാമ്മ ഒരു നിമിഷം പകച്ചു നിൽക്കുന്നു.
പാറുകുട്ടി: ശരി അമ്മച്ചി, ഞങ്ങള് എറങ്ങട്ടെ. (അവൾ വന്ന് ത്രേസ്യാമ്മയുടെയും ജോസഫേട്ടന്റെയും കാൽ

തൊട്ട് വന്ദിക്കുന്നു. ത്രേസ്യാമ്മയുടെ കാൽ തൊട്ട് വന്ദിക്കുമ്പോൾ അവർ അവളെ കെട്ടിപ്പിടിക്കുന്നു.

പാറുകുട്ടിയുടെ ഭർത്താവ്: ശരി, ഞങ്ങളിനീം വരാം. (ഇറങ്ങുന്നു.) fade out.

സീൻ 2:

ത്രേസ്യാമ്മ അടുക്കളയിൽ പച്ചക്കറി നുറുക്കുകയാണ്. പാറുകുട്ടി പോയതിനു ശേഷം അവർ ഏകയായിരിക്കുന്നു എന്നു കാണിക്കാനുതകുന്ന ഷോട്ടുകളായിരിക്കണം. ജോസഫേട്ടൻ അടുക്കളയ്ലേയ്ക്ക് കടക്കുന്നു.

ജോസഫേട്ടൻ: കൊച്ചുത്രേസ്യേ, ഇതാ ജോമോന്റെ കത്ത്ണ്ട്. (കത്തുയർത്തിക്കാണിക്കുന്നു.)

ത്രേസ്യാമ്മ: (സന്തോഷത്തോടെ) അത്യോ? എന്തൊക്ക്യാണ് വിശേഷം?

ജോസഫേട്ടൻ: വിശേഷംണ്ടല്ലൊ. അവൻ ഈസ്റ്ററിന്റെ തലേന്ന് എത്തും. ഈസ്റ്ററ് അമ്മച്ചീടേം അപ്പന്റീം ഒപ്പം വേണത്രെ.

(ത്രേസ്യാമ്മ സന്തോഷത്തോടെ സിങ്കിൽ പോയി കൈ കഴുകി ചട്ടയിൽ തുടച്ച് കൈനീട്ടിക്കൊണ്ട് വരുന്നു.)

ജോസഫേട്ടൻ കത്ത് കൊടുക്കുന്നു. ത്രേസ്യാമ്മ ധൃതിയിൽ കത്തെടുത്ത് വായിക്കാൻ ശ്രമിക്കുന്നു.

ത്രേസ്യാമ്മ: അവൻ എത്ര ചെറ്തായിട്ടാ എഴ്തീരിക്കണത്. ഇതൊന്ന് വായിച്ചു തരൂ.

ജോസഫേട്ടൻ: അക്ഷരം ചെറുതായിട്ടല്ല കൊച്ചുത്രേസ്യേ. നെന്റെ കണ്ണ് മോശായിട്ടാ. ഞാനെപ്പഴും പറയാറില്ലേ കണ്ണട വെക്കാൻ. നീ തന്ന്യാ പറയാറ് അതിന്റെ ആവശ്യംല്ല്യാന്ന്.

ത്രേസ്യാമ്മ: (കുറച്ചു ദേഷ്യത്തോടെ) നിങ്ങളതൊന്ന് വായിക്ക്ണ്ണ്ടോ?

ജോസഫേട്ടൻ: വായിക്കാനൊന്നുംല്ല്യ. അവൻ ഈസ്റ്ററിനെത്തും. പിന്നെ കല്യാണം വേണം.

ത്രേസ്യാമ്മ: കല്യാണോ? അവന്ണ്ടോ അത്ര്യാക്കെ പ്രായായിരിക്കുണു?

ജേസഫേട്ടൻ: എന്തേ ഇരുപത്താറ് തെകഞ്ഞില്ലേ?

ത്രേസ്യാമ്മ: കർത്താവേ, എന്റെ മോൻ വലുതായിരിക്കുണു.

ജോസഫേട്ടൻ: അവന്റെ ഒരു ഫ്രണ്ടും ഒപ്പം വരുന്നുണ്ടത്രെ. ഒപ്പം ജോലിയെടുക്കുന്ന ആളാണ്.

ത്രേസ്യാമ്മയുടെ മുഖം മങ്ങുന്നുണ്ട്.

ത്രേസ്യാമ്മ: അയാള് എന്തിനാണ് വരണത്? (എന്തോ ആലോചിച്ചുകൊണ്ട്) ഇനി അയാള് നമ്മടെ വീട്ടിലായിരിക്ക്യോ താമസിക്ക്യാ?'

ജോസഫേട്ടൻ: അല്ലാതെ എവിടെ താമസിക്കാനാ, ഹോട്ടലിലോ?

ത്രേസ്യാമ്മ: അതേ, അയാക്ക് ഹോട്ടലീല് താമസിച്ചൂടെ?

ജോസഫേട്ടൻ: അവൻ അവന്റെ സ്നേഹിതനെ കൊണ്ടരുമ്പോ  അമ്മച്ചീടെ പാചകൊക്കെ വർണ്ണിച്ചിട്ടുണ്ടാവും. ഇവിടെ വന്ന് ഭക്ഷണം കഴിച്ചുനോക്കിയാലല്ലെ മനസ്സിലാവൂ. ഇതുവരെയൊക്കെ ചെയ്തിരുന്നത് പാറുകുട്ടിയായതു കൊണ്ട് കുഴപ്പമില്ലായിരുന്നു. ഇപ്പോ അതല്ലല്ലോ സ്ഥിതി.

ത്രേസ്യാമ്മ: എന്റെ പാചകത്തിന് എന്താ ഒരു ദൂഷ്യം?

ജോസഫേട്ടൻ: ദൂഷ്യണ്ടെന്ന് ഞാൻ പറഞ്ഞില്ലല്ലോ കൊച്ചുത്രേസ്യേ. കഴിച്ചുനോക്ക്യാലല്ലെ മനസ്സിലാവൂന്ന് പറഞ്ഞതാ.

(ജോസഫേട്ടൻ പറഞ്ഞതിൽ എന്തെങ്കിലും അപാകതയുണ്ടോ എന്ന് ത്രേസ്യാമ്മ കുറച്ചുനേരം ആലോചിച്ചു നോക്കുന്നു. ഒന്നും കാണുന്നില്ല. അവർ പച്ചക്കറി അരിയാൻ തുടങ്ങുന്നു.)

ജോസഫേട്ടൻ: നീയെനിക്ക് ഒരു ചായ താ. ഞാൻ ജോമോന് ഇന്ന് തന്നെ കത്തയക്കട്ടെ. (പോകുന്നു.)

സീൻ 2എ:

ജോസഫേട്ടൻ ഉമ്മറത്ത് കസേലയിലിരുന്ന് പത്രം വായിക്കുകയാണ്. മുറ്റത്ത് നിന്നൊരാൾ വിളിക്കുന്നതു കേട്ടു തലയുയർത്തുന്നു.

മുറ്റത്തു നിൽക്കുന്നത് മെലിഞ്ഞ ഒരു മനുഷ്യനാണ്. അമ്പത്തഞ്ചിനും അറുപതിനുമിടയിൽ പ്രായം. കയ്യിൽ ഒരു പൗഷുണ്ട്.

ജോസഫേട്ടൻ: എന്തേ?

അയാൾ: ഞാനേയ് ഒരു കാര്യം പറയാൻ വന്നതാ.

ജോസഫേട്ടൻ: കേറി ഇരിക്കാം.

അയാൾ ചെരിപ്പ് ഊരിവെച്ച് ഉമ്മറത്തേയ്ക്കു കടക്കുന്നു. ജോസഫേട്ടൻ എതിർവശത്തിട്ട കസേല ചൂണ്ടിക്കാട്ടുന്നു. അയാൾ ഇരുന്ന് പൗഷ് മടിയിൽ വെക്കുന്നു.

ജോസഫേട്ടൻ: എന്താ കാര്യം?

അയാൾ: ഞാനൊരാലോചനീംകൊണ്ട് വന്നതാ?

ജോസഫേട്ടൻ: ആലോചന്യോ?

മൂന്നാൻ: അതെ, സാറിന്റെ മോൻ ഇല്ല്യേ ദുബായില്. ഈ മാസം വരുല്ലെ? ഞാൻ നല്ലൊരാലോചനീം കൊണ്ടാ വന്നിരിക്കണത്. ഇത് വിടണ്ട.

ജോസഫേട്ടൻ: ഞാനാരോടും ആവശ്യപ്പെട്ടിട്ടില്ലല്ലൊ ആലോചിക്കാൻ.

മൂന്നാൻ: ഇതിന്പ്പൊ ആരെങ്കിലും ആവശ്യപ്പെടണോ? നല്ലോരു ചെറുപ്പക്കാരൻ. നല്ല സ്ഥിതിയാണ്. അപ്പന്റേം അമ്മേടേം ചുറ്റുപാടുകളൊക്കെ നല്ലതാണ്. അപ്പൊ ആലോചനകള് വരില്ല്യേ?

(ക്യാമറ ക്രമേണ സൂം ഔട്ട് ചെയ്ത് പോകുന്നു. അവർ സംസാരിക്കുന്നത് കാണാമെന്നല്ലാതെ കേൾക്കാൻ കഴിയുന്നില്ല.) fade out.

സീൻ 2ബി:

ത്രേസ്യാമ്മ അടുക്കളയിൽ ചായയുണ്ടാക്കുകയാണ്. അടുപ്പത്ത് പിട്ടിന്റെ കുറ്റിയിൽനിന്ന് ആവി വരുന്നുണ്ട്.

ത്രേസ്യാമ്മ (അകത്തേയ്ക്കു നോക്കിക്കൊണ്ട് സ്വയം പറയുന്നു): ഇന്നെന്താ ജോസഫേട്ടന് വെശപ്പൊന്നുംല്യേ ആവോ. കാണാൻല്യ? (പെട്ടെന്ന് ആരോ സംസാരിക്കുന്ന ശബ്ദം കേട്ടപോലെ അവർ തലയുയർത്തി നോക്കുന്നു. പിന്നെ കൈ ഒരു ടവ്വലിൽ തുടച്ച് പുറത്തേയ്ക്കു പോകുന്നു.)

സീൻ 2സി: ഉമ്മറത്ത് നേരത്തെ കണ്ട രംഗം തന്നെ. ത്രേസ്യാമ്മ പ്രവേശിക്കുന്നു.

ത്രേസ്യാമ്മ: ഇന്നെന്താ ഒന്നും കഴിക്കണ്ടെ?

ജോസഫേട്ടൻ തിരിഞ്ഞുനോക്കുന്നു.

ജോസഫേട്ടൻ: കൊച്ചു ത്രേസ്യേ, ജോമോൻ വരണ കാര്യം നീ റേഡിയോവിലോ ടീവീലോ പരസ്യം കൊടുത്തത്?

ത്രേസ്യാമ്മ: (അദ്ഭുതത്തോടെ) ഞാൻ പരസ്യൊന്നും കൊടുത്തിട്ടില്ലല്ലോ?

ജോഫേട്ടൻ: പിന്നെങ്ങനാ അവൻ വരണ കാര്യത്തിന് ഇത്ര പരസ്യം കിട്ടീത്?

ത്രേസ്യാമ്മ: അത്, ഞാനേയ്, ഈ കോളനീലെ പിള്ളാരോട് പറഞ്ഞു.

ജോസഫേട്ടൻ: പോരെ, ഇനിയെന്തിനാ ടീവീലൊക്കെ പരസ്യം ചെയ്യണത്. ഇതാ അന്വേഷിച്ച് മൂന്നാൻ എത്തിയിരിക്കുന്നു.

ത്രേസ്യാമ്മ അപ്പോഴാണ് ജോസഫേട്ടനു മുമ്പിൽ ഇരിക്കുന്ന മനുഷ്യനെ കാണുന്നത്.

ജോസഫേട്ടൻ: നല്ല ആലോചന്യാ കൊച്ചുത്രേസ്യേ. ആറേക്കർ റബ്ബർതോട്ടംണ്ട്, ടൌണീത്തന്നെ എട്ട് കെട്ടിടങ്ങളുണ്ട്, പിന്നെ കണ്ടമാനം സ്വത്തുക്കള് വേറേംണ്ട്. ഈ ആറേക്കർ റബ്ബർതോട്ടും, എട്ട് കെട്ടിടത്തില് മൂന്ന് നെലള്ള നാല് കെട്ടിടവും ജോമോന്റെ ഭാര്യടെ പേരില് എഴുതിത്തരും. പിന്നെ അഞ്ചുലക്ഷം വേറീം തരും. ഒരുമാതിരി കഴിയാനുള്ള വകയായില്ലേ?

മൂന്നാൻ: (ഉത്സാഹത്തോടെ തലയാട്ടുന്നു) അതെയതെ.

ജോസഫേട്ടൻ: ഇതൊക്കെ മേടിച്ചുവെച്ചാൽ പെണ്ണിനെ വീട്ടില് കൊണ്ടുവരണംന്ന് നിർബ്ബന്ധവുംണ്ടാവില്ല അല്ലെ?

മൂന്നാൻ തലയാട്ടുന്നു. പെട്ടെന്ന് ജോസഫേട്ടൻ പറഞ്ഞതിന്റെ അർത്ഥം സംശയം തോന്നി ചോദിക്കുന്നു.

മൂന്നാൻ: ചേട്ടൻ എന്താ പറഞ്ഞത്?

ജോസഫേട്ടൻ: അല്ല, ഇതൊക്കെ കിട്ടിയാൽ പിന്നെ പെണ്ണിന്റെ ആവശ്യം എന്താണ്ന്ന് ചോദിച്ചതാ.

പകച്ചു നിൽക്കുന്ന മൂന്നാൻ. ജോസഫേട്ടൻ എഴുന്നേൽക്കുന്നു. ഒപ്പം തന്നെ മൂന്നാനും. fade out.

സീൻ 2ഡി:

ഊൺമേശക്കിരുവശത്തുമിരുന്ന് ജോസഫേട്ടനും ത്രേസ്യാമ്മയും പ്രാതൽ കഴിക്കുന്നു.

ജോസഫേട്ടൻ: രാവിലെത്തന്നെ ഓരോന്ന് കടന്നു വരും......

ത്രേസ്യാമ്മ: നിങ്ങളെന്തിനാണ് അവരോടൊക്കെ ഇങ്ങനെ കയർക്കണത്? നിങ്ങക്കെന്താ അവരോട് ദേഷ്യം. അതവര്ടെ തൊഴിലല്ലേ?

ജോസഫേട്ടൻ: ഒരു മൂന്നാൻ കാരണാണ് ഇരുപത്തെട്ടു കൊല്ലം ഞാൻ കഷ്ടപ്പെടേണ്ടി വന്നത്. അതറിയോ നെനക്ക്?

ത്രേസ്യാമ്മയ്ക്ക് അതിന്റെ പൊരുൾ മനസ്സിലാവുന്നില്ല. അവർ സംശയത്തോടെ ജോസഫേട്ടനെ നോക്കുന്നു.

ത്രേസ്യാമ്മ: എന്തേ, വല്ല മൂന്നാനും നിങ്ങളെ പറ്റിച്ചു പോയ്യോ?

ജോസഫേട്ടൻ: അതല്ലെ ഇപ്പ പറഞ്ഞത്, മൂന്നാൻ കാരണം 28 കൊല്ലം കഷ്ടപ്പെട്ടൂന്ന്.

ത്രേസ്യാമ്മയ്ക്ക് മനസ്സിലാവുന്നില്ല.

ത്രേസ്യാമ്മ: ഈ മൂന്നാനൊക്കെ വരുമ്പഴാ നമ്മടെ വീട്ടില് കല്യാണം വരാൻ പോണ്ണ്ട്ന്നൊക്കെ തോന്നാ. കല്യാണംന്ന് പറഞ്ഞാ അതൊക്കെല്ല്യേ?

ജോസഫേട്ടൻ: നമുക്ക് നേരിട്ട് എവിടെനിന്നെങ്കിലും ആലോചിക്കാം. പോരാത്തതിന് ജോമോൻ എഴുതിയിട്ടുംണ്ട്, അവൻ വന്ന ശേഷം തുടങ്ങിയാ മതി ആലോചനാന്ന്. നമ്മള് വിചാരിക്കണതാവില്ല അവനു താല്പര്യം.

ത്രേസ്യാമ്മ: നമ്ക്ക് നമ്മടെ വഴിക്കും ആലോചിക്കാം. ആലോചിക്കണതില് എന്താ തരക്കേട്? fade out.

സീൻ 3:

ഞായറാഴ്ച ഉച്ച തിരിഞ്ഞ നേരം. ജോസഫേട്ടൻ പുറത്തു പോയിരിക്കയാണ്. ത്രേസ്യാമ്മ അടുക്കളയെല്ലാം വൃത്തിയാക്കി നടു നിവർത്താനുള്ള പുറപ്പാടാണ്. പെട്ടെന്ന് വാതിൽക്കൽ ബെല്ലടിക്കുന്ന ശബ്ദം കേൾക്കുന്നു.

സീൻ 3എ:

ത്രേസ്യാമ്മ വാതിൽ തുറക്കുന്നു. മുറ്റത്ത് ഒരാൾ നിൽക്കുന്നുണ്ട്. പത്തറുപതു വയസ്സു പ്രായമായിട്ടുണ്ടാകും അയാൾക്ക്. നരയും കഷണ്ടിയും കയറിയ തല.

ത്രേസ്യാമ്മ മാറിനിന്ന് അയാൾക്ക് അകത്തു കയറാൻ വഴി കൊടുക്കുന്നു. അയാൾ അകത്തു കയറിയിരുന്ന് കയ്യിലുള്ള തുകൽസഞ്ചി അടുത്തുള്ള ടീപോയിമേൽ വെച്ചു, അതിന്മേൽ സ്നേഹത്തോടെ തൊട്ടുതലോടുന്നു.

അയാൾ: ഞാനൊരു ആലോചനയുംകൊണ്ട് വന്നതാണ്.

ത്രേസ്യാമ്മ: എനിക്കു മനസ്സിലായി.

അയാൾ: എങ്ങിനെ മനസ്സിലായി? കത്തുണ്ടായിരുന്നോ?

ത്രേസ്യാമ്മ: അല്ലാ, ഇന്ന് രാവിലെത്തൊട്ട് വരുന്ന മൂന്നാമത്തെ മൂന്നാനാണ് നിങ്ങള്. ജോമോന്റെ കത്തു കിട്ടിയശേഷം ആലോചനകള് കൊറച്ചൊന്ന്വോല്ല വരണത്.

വന്ന ആൾ: (ചിരിക്കുന്നു.) മൂന്നാമത്തെ മൂന്നാൻ ! ആ പ്രയോഗം എനിക്കിഷ്ടായി. ങാ, നല്ല പയ്യനല്ലെ? എഞ്ചിനീയറാണ്, ഗൾഫില് നല്ല ജോലീം. അപ്പോപ്പിന്നെ ആലോചനകള് വരാണ്ടിരിക്ക്വോ?

ത്രേസ്യാമ്മ: ജോസഫേട്ടൻ പൊറത്തു പോയിരിക്ക്യാണ്. വിവരങ്ങളൊക്കെ തന്ന് പൊയ്ക്കോളു. ഞങ്ങള് അറിയിക്കാം, താല്പര്യണ്ടെങ്കില്. ഒന്നുരണ്ട് ആലോചനകള് കാര്യായിട്ട്തന്നെണ്ട്. അതിലൊന്ന് മിക്കവാറും ഒറപ്പിക്കും.

വന്ന ആൾ: അപ്പോ ഞാൻ വൈകിയോ വരാൻ?

അയാൾ (സഞ്ചിതുറന്ന് ഒരു ഫോട്ടോ എടുത്തു ത്രേസ്യാമ്മയുടെ കൈയിൽ കൊടുക്കുന്നു): ഇതാണ് കുട്ടി.

ത്രേസ്യാമ്മ വാങ്ങി നോക്കുന്നു. മുഴുവൻ വ്യക്തമായി കാണുന്നില്ലെന്ന തോന്നലുണ്ടാക്കണം.

ത്രേസ്യാമ്മ: അപ്പോ എവിട്യാണ് പെണ്ണിന്റെ വീട്?

വന്ന ആൾ: തിരുവല്ലായിലാണ്.

ത്രേസ്യാമ്മ (കുറച്ചുറക്കെ): തിരുവല്ലായിലോ? ഇത്ര ദൂരത്തൊന്നും പോകാൻ താല്പര്യല്ല്യ. ഞാനിവിടെ അടുത്തെങ്ങാനുമാണെന്നു കരുതിയാ സംസാരിച്ചത്.

വന്ന ആൾ: സാരംല്ല്യ. ഞാൻ വിവരങ്ങളൊക്കെ ഒരു കടലാസിൽ എഴുതിത്തരാം. ചേട്ടൻ വരുമ്പോൾ കൊടുക്കൂ. താല്പര്യംണ്ടാവുംന്ന് തന്ന്യാ എനിക്കു തോന്നണത്. ദൂരൊക്കെ ഇക്കാലത്ത് ഒരു പ്രശ്നാണോ?

അയാൾ പൗഷിൽനിന്ന് കടലാസും പെന്നുമെടുത്ത് വിവരങ്ങളൊക്കെ കുറിച്ച് ത്രേസ്യാമ്മയ്ക്കു കൊടുക്കുന്നു.

വന്ന ആൾ: എന്നാൽ ഞാനിറങ്ങട്ടെ. ഞാനിനിയും വരും.

അയാൾ ചിരിച്ചു കൊണ്ട് കൈ കൂപ്പുന്നു, പിന്നെ ഒതുക്കുകല്ലിൽ വെച്ച ചെരുപ്പിട്ട് നടന്നു പോകുന്നു. ത്രേസ്യാമ്മ അയാൾ നടന്നു പോകുന്നത് നോക്കിനിൽക്കുന്നു.

ത്രേസ്യാമ്മ: (സ്വയം പറയുന്നു.) അയ്യോ, ഞാനയാക്ക് ഒരു ഗ്ലാസ്സ് വെള്ളം വേണോന്ന്കൂടി ചോദിച്ചില്ല. പാവം വെയിലത്ത് നടന്ന് വന്നതാ. അത്പോലെ വണ്ടിക്കാശ് എന്തെങ്കിലും കൊടുക്കായിരുന്നു. പാവം, അല്ലെ പാറുകുട്ടീ?

പെട്ടെന്ന് തിരിഞ്ഞുനോക്കുന്നു. പാറുകുട്ടിയില്ലെന്ന് മനസ്സിലാവുന്നു. മനസ്സിടിയുന്നു. അവർ ഫോട്ടോവും കുറിപ്പുംകൊണ്ട് അകത്തേയ്ക്കു നടക്കുന്നു.

സീൻ 3ബി:

അകത്ത് മേശവലിപ്പ് തുറക്കുന്ന ത്രേസ്യാമ്മ. ഒപ്പം സംസാരിക്കുന്നുമുണ്ട്.

ത്രേസ്യാമ്മ: ഇത് ജോസഫേട്ടനെ കാണിക്കാതിരിക്ക്യാ ഭേദം. ഇങ്ങനത്തെ വല്ലതും കിട്ട്യാൽ പിന്നെ അതിന്റെ പിന്നാലെ പോവും. തിരുവല്ലായിൽ നിന്നേയ്. ഇവിടട്ത്തുള്ള വല്ല ആലോചനീം ആണെങ്കിൽ ഒരു താൽപര്യം കാണിക്കുംല്ല്യ. വകതിരിവില്ലാത്ത സ്വഭാവാ.......

അവർ ഫോട്ടോവും കത്തും മേശവലിപ്പിലിട്ട് പൂട്ടുന്നു.

സീൻ 4:

രാത്രി 9 മണിയായിരിക്കുന്നു. ത്രേസ്യാമ്മ ടിവിയുടെ മുമ്പിലിരിക്കയാണ്. പുറത്ത് ഒരു കാറിന്റെ വാതിലടഞ്ഞ

ശബ്ദം കേട്ടപ്പോൾ അവർ ചാടി എഴുന്നേൽക്കുന്നു.

സീൻ 4എ:

ത്രേസ്യാമ്മ ഉമ്മറത്തെ വാതിൽ തുറന്നു നോക്കുന്നു. ഗെയ്റ്റിനു പുറത്ത് ഒരു ടാക്സിയിൽ നിന്ന് ജോമോൻ രണ്ടു സൂട്ട്കേസുകളിറക്കി ഓരോന്നായി കൊണ്ടുവരുന്നു.. ആദ്യത്തെ സൂട്ടകേസ് ഉമ്മറത്ത് വെയ്ക്കുമ്പോൾ ത്രേസ്യാമ്മ ഗെയ്റ്റിലേയ്ക്കു നോക്കുകയാണ്.

ത്രേസ്യാമ്മ: (ആശ്വാസത്തോടെ) അപ്പ നെന്റെ ഫ്രണ്ട് വന്നില്ലാ അല്ലേ?

ജോമോൻ: ണ്ടമ്മച്ചീ. കാറില്ണ്ട്. രണ്ട് സൂട്ടകേസുകള്കൂടിണ്ട്. ഞാനിപ്പൊ എടുത്തിട്ട് വരാം.

ത്രേസ്യാമ്മ ജോമോൻ കൊണ്ടുവന്നു വെച്ച സൂട്ട് കേസ് ഒരരുകിലേയ്ക്ക് നീക്കി വെയ്ക്കുന്നു. ജോമോൻ അടുത്ത സൂട്ട്കേസുമായി വരുന്നു. പിന്നാലെ കുറച്ചു ബാഗുകളുമായി ഒരു പെൺകുട്ടിയുമുണ്ട്. ഇരുപത്തിരണ്ട് ഇരുപത്തിമൂന്ന് വയസ്സു പ്രായം, സുന്ദരിയാണ്. സൽവാർ കമ്മീസാണ് വേഷം.

ത്രേസ്യാമ്മ പകച്ചു നോക്കിനിൽക്കുന്നു. ജോമോൻ അപ്പോഴേയ്ക്കും മൂന്നാമത്തെ സൂട്ട്കേസും കൊണ്ടുവരുന്നു, അന്തം വിട്ട് നോക്കി നിൽക്കുന്ന ത്രേസ്യാമ്മയോട് പറയുന്നു.

ജോമോൻ: അമ്മച്ചീ, എന്റെ ഫ്രണ്ട് !

**End Of Part I**

*Episode 13*

# അമ്മച്ചിക്കൊരു ഈസ്റ്റർ സമ്മാനം

## Part II

സീൻ 4ബി:
ജോമോൻ: അമ്മച്ചീ, എന്റെ ഫ്രണ്ട് !
ത്രേസ്യാമ്മ: അപ്പോ നെൻെറകൂടെ ഒരു ഫ്രണ്ടുണ്ടാവുംന്നല്ലെ എഴുതിയിര്ന്നത്?
ജോമോൻ: അതെ അമ്മച്ചീ, ഇത് എന്റെ ഫ്രണ്ടാണ്. അല്ലെ ജെസ്സീ?
അവൾ ചിരിച്ചുകൊണ്ട് തല കുലുക്കുന്നു. അപ്പോഴും പുറത്തു നിൽക്കുക തന്നെയാണ്. ജോസഫേട്ടൻ വരുന്നു.
ജോസഫേട്ടൻ: നീയാ കൊച്ചിനെ അകത്തേയ്ക്ക് വിളി ക്ക് കൊച്ചുത്രേസ്യേ.
ത്രേസ്യാമ്മ ഒന്നും പറയുന്നില്ല. ജെസ്സി അകത്തു കടക്കുന്നു. എല്ലാവരും തളത്തിലേയ്ക്ക് നടക്കുന്നു.
സീൻ 4ബി:
ജോസഫേട്ടൻ: (നടന്നുകൊണ്ട്) നീ നാളെ വരുംന്നല്ലെ എഴുതിയത്?
ജോമോൻ: ഞങ്ങള് ശരിക്കു പറഞ്ഞാൽ ഇന്നലെ രാത്രി ബോംബേയിലെത്തി. ജെസ്സിക്ക് കുറച്ചു ഷോപ്പിങ്ങുണ്ടായിരുന്നു. ഇന്നുച്ചക്കുണ്ടായിരുന്ന ഫ്ളൈറ്റ് വൈകി.
ത്രേസ്യാമ്മ: അപ്പൊ നിങ്ങള് ഇന്നലെ രാത്രി ബോംബെയിലെത്ത്യോ?
ജോമോൻ: അതെ അമ്മച്ചീ.
ത്രേസ്യാമ്മ: (ആകെ പ്രശ്നമായി എന്ന് മുഖത്തുനിന്ന് മനസ്സിലാവണം) നിങ്ങള് ബോംബെയില് എവിടാ താമസിച്ചത്?
ത്രേസ്യാമ്മ: നീയെന്താടാ ഞങ്ങളോടൊന്നും പറയാതിരുന്നത്?
ജോമോൻ: സെന്റോർ ഹോട്ടലിലാ അമ്മച്ചീ. എയർലൈൻസ് ഏർപ്പാടു ചെയ്യണതാ.
ത്രേസ്യാമ്മ: ഒരേ ഹോട്ടലിലാ?
ജോമോൻ: അതേ....?
ത്രേസ്യാമ്മയുടെ മുഖത്ത് വിഷമം വർദ്ധിക്കുന്നുണ്ട്. തളത്തിൽ സോഫയിലിരുന്നുകൊണ്ട് ജോസഫേട്ടൻ മകനോട് സംസാരിക്കുകയാണ്. ജെസ്സിയുടെ വീട്ടുകാര്യങ്ങളാണെന്ന് കാണിക്കണം. സംഭാഷണം മുഴുവനും വ്യക്തമാവണമെന്നില്ല.
ത്രേസ്യാമ്മ: അപ്പൊ നീയെന്താടാ ഞങ്ങളോടൊന്നും പറയാതിരുന്നത്?
ജോമോൻ: എന്ത്... അമ്മച്ചീ?
ത്രേസ്യാമ്മ: നെനക്ക് ഇങ്ങനെ ഒരു പ്രേമംണ്ട്ന്ന്.
ജോമോൻ: അതിന് എനിക്കു പ്രേമൊന്നുംല്ല്യല്ലൊ, അമ്മച്ചീ.
ത്രേസ്യാമ്മ: അപ്പോ ഈ പെൺകൊച്ചോ?
ജോമോൻ: അതെന്റെ ഫ്രണ്ടാമ്മച്ചീ. (അവൻ തിരിഞ്ഞ് ജെസ്സിയോട് ചോദിക്കുന്നു.) ജെസ്സിക്കെന്നോട് പ്രേമണ്ടോ?
ജെസ്സി ഇല്ലെന്നു തലയാട്ടുന്നു.

ജോമോൻ: ഞങ്ങൾ ഒപ്പം ഒരേ ഡിപ്പാർട്ട്മെന്റിൽ ജോലിയെടുക്കുന്നു. രണ്ടുപേർക്കും കല്യാണം വേണം. അപ്പോ ഇങ്ങിനെയായിക്കൂടെ എന്ന് തോന്നി.

ത്രേസ്യാമ്മയ്ക്ക് കുറച്ചു സമാധാനമാവുന്നു. സ്വയം പറയുന്നു. പ്രേമൊന്നും ഇല്ല്യാണ്ടിരിക്ക്യന്നാ നല്ലത്. അതൊക്കെ കല്യാണം കഴിച്ചിട്ടു മതി.

സീൻ 5:

ഭക്ഷണം കഴിഞ്ഞ് ഉറങ്ങാനുള്ള ഒരുക്കങ്ങളാണ്.

ത്രേസ്യാമ്മ: (ജോസഫേട്ടനോട്). നോക്കു, നിങ്ങള് എവിട്യാ കെടക്കണത്. നമ്മടെ മുറീല് ഞാനും ജെസ്സീം കൂടി കെടക്കാം. ജോമോൻ അവന്റെ മുറീല് കെടക്കട്ടെ.

ജോസഫേട്ടൻ: ഞാനിവിടെ ഈ ദിവാന്മ്മല് കെടക്കാം. എന്റെ ഉച്ചയൊറക്കത്തിന്റെ സ്ഥാനം. സുഖാണിവിടെ.

എന്റെ പൊതപ്പും ഒരു കൂജേല് വെള്ളും കൊണ്ടന്ന് വെച്ചാ മതി.

ത്രേസ്യാമ്മ അടുക്കളയിൽ പോയി രണ്ടു ജഗ്ഗിൽ വെള്ളവുമായി വരുന്നു. ഒന്ന് ദീവാന്റെ തലയ്ക്കലുള്ള ഉയരം കുറഞ്ഞ മേശമേൽ വയ്ക്കുന്നു. കിടപ്പറയിൽ പോയി പുതപ്പുമായി വരുന്നു. അതിനിടയിൽ ജെസ്സി അകത്തേയ്ക്കു കടക്കുന്നു.

സീൻ 5എ:

ജോമോന്റെ കിടപ്പറ. കിടയ്ക്ക വിരി ചുളിവില്ലാതെ വിരിച്ചിരിക്കുന്നു. ജോമോൻ ഒരു ലുങ്കി മാത്രമുടുത്ത് നിൽക്കുന്നു. ജെസ്സി വരുമ്പോൾ അയാൾ കിടക്ക ചൂണ്ടിക്കൊണ്ട് ആംഗ്യത്തിൽ എന്തോ ചോദിക്കുന്നു. ജെസ്സി ഭയം നടിച്ച്. തിരിഞ്ഞു നോക്കുന്നു. പിന്നെ എന്നർത്ഥത്തിൽ ആംഗ്യം കാണിക്കുന്നു.

ത്രേസ്യാമ്മ: ജെസ്സീ, നീയെവിട്യാണ്.

ജെസ്സി: ആന്റീ, ഞാനിതാ വന്നു.

ജോമോൻ തലയിൽ കൈ വെയ്ക്കുന്നു.

സീൻ 5ബി:

ത്രേസ്യാമ്മയുടെ കിടപ്പറയിൽ. ചുവരിൽ മങ്ങിയ വെളിച്ചം മാത്രം.

ത്രേസ്യാമ്മ:ജെസ്സീ, നീ കിടന്നോ, ഞാനൊന്ന് പ്രാർത്ഥിച്ചിട്ടു വരാം.

ജെസ്സി കിടക്കുന്നു. ത്രേസ്യാമ്മ നിലത്തു കർത്താവിന്റെ ആൾരൂപത്തിനു മുമ്പിൽ മുട്ടുകുത്തിയിരുന്നു പ്രാർത്ഥിക്കാൻ തുടങ്ങുന്നു. മറുവശത്തുള്ള ചുവരിലെ ക്ലോക്കിൽ സമയം പത്തരയാവുന്നേയുള്ളു.

പ്രാർത്ഥന തുടരുന്നു. ക്രമേണ ശബ്ദം കൂടുന്നുണ്ട്.

കർത്താവേ, ഇങ്ങനൊക്ക്യാ സംഭവിച്ചത്. എല്ലാം നല്ലതിന് തന്നെയായിരിക്കുംന്ന് സമാധാനിക്കുന്നു. അവൻ പറേണതിലും കാര്യംണ്ട്. അവളും എഞ്ചിനീയറാണ്. ഒരേ ഡിപ്പാർട്ട്മെന്റിലാണ്. ശമ്പളവും ഏകദേശം ഒപ്പാത്രെ. രണ്ടുപേരുംകൂടി കാശു കൊറച്ചുണ്ടാക്കുന്നുണ്ട്. പ്രേമം ഒന്നുല്ല്യാന്ന് പറഞ്ഞു. അതു നന്നായി. കല്യാണം കഴിച്ചിട്ട് പ്രേമൊക്കെ ആയിക്കോട്ടെ. എന്റേം അച്ചായന്റേം പോലെ. ഞങ്ങക്കെന്താപ്പൊ ഒരു മോശം പറ്റീത്? കൊച്ച് തരക്കേടില്ലകെട്ടോ. നല്ല സൊഭാവാന്നാ തോന്നണത്.........

ത്രേസ്യാമ്മയുടെ പ്രാർത്ഥന തുടങ്ങിയപ്പോൾ തന്നെ ജെസ്സി എഴുന്നേറ്റ് ത്രേസ്യാമ്മ കാണാതെ ജോമോന്റെ മുറിയിലേയ്ക്ക് പോകുന്നതു കാണിക്കണം.

ക്രമേണ ശബ്ദം കുറഞ്ഞു വരുന്നു. മറുവശത്ത് വെച്ച ക്ലോക്കിൽ സമയം പതിനൊന്നു മണിയായെന്നു കാണിക്കുന്നു. പ്രാർത്ഥന നിർത്തുന്നില്ല. ക്ലോക്കിൽ സമയം പതിനൊന്നര. പെട്ടെന്ന് പരിസരബോധം വന്ന ത്രേസ്യാമ്മ പ്രാർത്ഥന നിർത്തി കുരിശു വരച്ച് എഴുന്നേൽക്കുന്നു. അപ്പോഴാണ് കിടക്കയിൽ ജെസ്സിയില്ലെന്ന് അവർ മനസ്സിലാക്കിയത്. കുളിമുറിയിൽ പോയിട്ടുണ്ടാകുമെന്നു കരുതി കുളിമുറിയുടെ ഭാഗത്തു നോക്കുന്നു. കുളിമുറി തുറന്നിട്ടാണ്, അകത്തെ വെളിച്ചവുമില്ല. അവർ എഴുന്നേറ്റു ലൈറ്റിട്ടു പതുക്കെ വിളിക്കുന്നു. “ജെസ്സീ...”

ആന്റീ... എന്നു വിളി കേട്ടുകൊണ്ട് ജെസ്സി ധൃതിയിൽ ഓടിവരുന്നു. ജോമോന്റെ മുറിയിലായിരുന്നു അവൾ എന്ന് ത്രേസ്യാമ്മയ്ക്ക് മനസ്സിലായി.

ത്രേസ്യാമ്മ: നീയെന്തെടുക്കുവാ അവിടെ?

ജെസ്സി: ആന്റീ, (കിതച്ചുകൊണ്ട് ) ഞാൻ ഒരു കാര്യം നോക്കാൻ പോയതാ... എന്റെ പാസ്പോർട്ട്, അത് എയർപോർട്ടീന്ന് എടുത്തുവോന്ന് സംശയായി.

ത്രേസ്യാമ്മ: അപ്പോ നെനക്ക് ലൈറ്റിട്ട് നോക്കായിരുന്നില്ലേ?

ജെസ്സി: അത്, ജോമോൻ ഒറങ്ങ്വല്ലേന്ന് കരുതീട്ടാ.

ത്രേസ്യാമ്മ: അതെല്ലാം നാളെ നോക്കാം, നീ ഒറങ്ങാൻ നോക്ക്. സമയം കൊറ്യായി.

ത്രേസ്യാമ്മ തിരിഞ്ഞ സമയത്ത് അവൾ ജോമോന്റെ മുറിയിലേക്കു നോക്കി ദീർഘശ്വാസമിട്ട് കുരിശ് വര

ക്കുന്നു.
സീൻ 5സി:
കിടക്കയിൽ അവർ അഭിമുഖമായി കിടക്കുന്നു.
ത്രേസ്യാമ്മ: (മയത്തിൽ) ബോംബേല് നിങ്ങള് ഹോട്ടലില് ഒരു മുറിയിലാ താമസിച്ചത്?
ജെസ്സി: അയ്യോ, അല്ല ആന്റീ, ഞങ്ങള് രണ്ടു മുറീലാ താമസിച്ചത്.
ത്രേസ്യാമ്മയ്ക്ക് സമാധാനമാവുന്നു.
ത്രേസ്യാമ്മ: പിന്നെ പെണ്ണേ, നീയെന്നെ ആന്റിയെന്നൊന്നും വിളിക്കണ്ടകെട്ടോ. അമ്മച്ചീന്ന് തന്നെ വിളിച്ചാ മതി.
ജെസ്സി: ശരി അമ്മച്ചീ.....
ത്രേസ്യാമ്മ അവളെ കെട്ടിപ്പിടിച്ചു കിടന്നുകൊണ്ട് സംസാരിക്കുകയാണ്.
ജോമോന്റെ കിടപ്പറയുടെ ഭാഗത്തുനിന്ന് ജോമോൻ അവളോട് ആംഗ്യം കാണിക്കുന്നത് അവൾ കാണുന്നുണ്ട്. ജെസ്സി ജോമോന്റെ കോമാളിത്തം കണ്ട് ചിരിക്കുന്നു.
ത്രേസ്യാമ്മ : എന്തിനാ നീ ചിരിക്കണത് മോളെ?
ജെസ്സി: ഒന്നുല്ല്യ അമ്മച്ചീ, ജോമോൻ ഓരോ തമാശ കാണിക്കണത് കണ്ട്..... അല്ല പറേണത് ഓർത്തു ചിരിച്ചതാ.
ത്രേസ്യാമ്മ: സമയം കൊറ്യായീന്ന് തോന്നുണു. നമ്മക്ക് ഒറങ്ങാം. നാളെ നെന്റെ അപ്പനും അച്ചയും വരില്ലേ നേർത്തെ?
ജെസ്സി: അവര് രാത്രി വണ്ടിക്ക് വരുംന്നാ പറഞ്ഞത്.
ത്രേസ്യാമ്മ: ന്നാ വേഗം ഒറങ്ങിക്കോ.
ജോമോൻ തലയിൽ കയ്യും വെച്ച് തിരിച്ച് പോകുന്നു. പോകുമ്പോൾ ജെസ്സിക്ക് ടാറ്റ കൊടുക്കുന്നു. ജെസ്സി ചിരിയമർത്തുന്നു.

സീൻ 5:

സീൻ 5എ:
രാവിലെ ഏകദേശം എട്ട് മണി. ജോസഫേട്ടന്റെ വീട്ടിലെല്ലാവരും നല്ല വസ്ത്രങ്ങൾ ധരിച്ച് ജെസ്സിയുടെ അപ്പനെയും അമ്മയെയും കാത്തിരിക്കയാണ്.
സീൻ 5എ: അടുക്കളയിൽ ത്രേസ്യാമ്മ പ്രാതലുണ്ടാക്കുന്ന തിരക്കിലാണ്. ഇടിയപ്പവും മുട്ടക്കറിയും. തിരക്കിട്ട് ജോലിയെടുക്കുന്നു. ഒപ്പം ജെസ്സിയുമുണ്ട്. ജെസ്സി ജോലിയെടുക്കുകയൊന്നുമല്ല. ത്രേസ്യാമ്മയോട് സംസാരിക്കുകയാണ്. ജോമോന്റെ കാര്യങ്ങൾ.
ത്രേസ്യാമ്മ: അപ്പ തിരിച്ച് പോയാല് എങ്ങിന്യാ താമസിക്ക്യാ? അവനിപ്പ താമസിക്കണത് കൂട്ടുകാരുടെ ഒപ്പല്ലേ?
ജെസ്സി: കല്യാണം കഴിഞ്ഞാ കമ്പനി ക്വാർട്ടേഴ്സ് തരും അമ്മച്ചീ. നല്ല സൗകര്യള്ള ഫ്‌ളാറ്റാ. രണ്ട് ബെഡറൂമ്ണ്ട്, പിന്നെ ഹാള്, അടുക്കള, വർക്ക് ഏരിയ, ബാൽക്കണി.
ത്രേസ്യാമ്മ: നന്നായി മോളെ.
ജെസ്സി: അമ്മച്ചിയ്ക്ക് ഞാൻ കൊണ്ടന്ന പെർഫ്യൂം ഇഷ്ടായോ?
ത്രേസ്യാമ്മ: ഓ മോളെ, നീ എന്തു കൊണ്ടന്നാലും അമ്മച്ചിക്കിഷ്ടാവില്ലെ? അപ്പച്ചന് കൊടുത്തത് രാവിലെ എടുത്ത് പൂശുണ് കണ്ടു.
പുറത്തുനിന്ന് കാറിന്റെ ഡോറടക്കുന്ന ശബ്ദം കേൾക്കുന്നു.
ത്രേസ്യാമ്മ: നീ കേട്ടോ മോളെ, കാറിന്റ ശബ്ദം? അവര് കാറിലാണോ വരണത്, ട്രെയിനിലല്ലെ?
ജെസ്സി: ചെലപ്പൊ ഡ്രൈവറെ കിട്ടീട്ട്ണ്ടാവും. എന്റെ സൂട്ട്കേസൊക്കെ ഇല്ലേ. ഡ്രൈവറെ കിട്ട്യാല് കാറ് എടുക്കുംന്ന് പറഞ്ഞിരുന്നു.
ഡോർബെല്ലിന്റെ ശബ്ദം. അവർ ധൃതിയിൽ പോകുന്നു.
സീൻ 5ബി:
ത്രേസ്യാമ്മയും ജെസ്സിയും ഉമ്മറത്തേയ്ക്കു വരുമ്പോൾ കാണുന്നത് തുറന്ന വാതിൽക്കൽ ജെസ്സിയുടെ അപ്പനും അച്ചയും നിൽക്കുന്നതാണ്. അപ്പന് അമ്പതിനടുത്ത് പ്രായം. കുറേശ്ശെ കഷണ്ടി കയറിയിട്ടുണ്ട്. അമ്മാവന് കൂടുതൽ വയസ്സായിരിക്കുന്നു, അറുപതിലധികം. അവർ ചെരുപ്പഴിച്ച് അകത്തേയ്ക്കു കടക്കുന്നു. മുഖത്തു സന്തോഷമുണ്ട്. ജോമോൻ അവരെ സ്വീകരിക്കുന്നു. പിന്നിൽത്തന്നെ ജോസഫേട്ടനുമുണ്ട്.
ജെസ്സി അപ്പന്റെ അടുത്തു പോകുന്നു. അപ്പൻ മോളെ വാത്സല്യത്തോടെ അടുപ്പിക്കുന്നു.
ജെസ്സി: കാറിലാണ് വരണത്ച്ചാല് അമ്മേം കൂട്ടായിരുന്നില്ലെ?
അപ്പൻ: ഞാൻ പറഞ്ഞതാ. അപ്പ ഉച്ചത്തെ കാര്യൊന്നും ശരിയാകത്തില്ലാന്ന് പറഞ്ഞു. അവിടെ എന്തൊക്ക്യോ

ണ്ടാക്കണ തെരക്കിലാണ്.
ജോസഫേട്ടൻ: ഓ, അതുണ്ടാവും. മോള് വരുമ്പൊ സദ്യ ഒരുക്കണ്ടെ?
ത്രേസ്യാമ്മ ജെസ്സിയുടെ അപ്പന്റെ ഒപ്പം വന്ന ആളെ എവിടെയോ കണ്ടപോലെ തോന്നുന്നുണ്ടെന്ന മട്ടിൽ നോക്കുന്നു.
അമ്മാവൻ: (ചിരിച്ചുകൊണ്ട്) എന്താ പരിചയണ്ടോ?
ത്രേസ്യാമ്മ ആലോചിക്കുകയാണ്. ഓർമ്മ കിട്ടുന്നില്ല.
ത്രേസ്യാമ്മ: എവിട്യോ കണ്ടിട്ട്ണ്ട്, എവിടുന്നാന്ന് ഓർമ്മ കിട്ട്ണില്ല.
അമ്മാവൻ: (ചിരിച്ചുകൊണ്ടുതന്നെ) തിരുവല്ലായിൽനിന്ന് ഒരു മൂന്നാൻ വന്നത് ഓർമ്മയുണ്ടോ?
ത്രേസ്യാമ്മക്ക് പെട്ടെന്ന് ആളെ മനസ്സിലാവുന്നു. മുഖത്ത് ചമ്മൽ.
അമ്മാവൻ: ചേട്ടൻ ഉണ്ടായിരുന്നില്ല. ഞാൻ ജെസ്സീടെ ഫോട്ടോവും മറ്റു വിവരങ്ങളും ഇവിടെ ഏല്പിച്ചുപോയി.
ത്രേസ്യാമ്മ: അയ്യോ അതു പെണ്ണിന്റെ അച്ചയായിരുന്നൂന്ന് അറിഞ്ഞില്യാട്ടോ. മൂന്നാനാണെന്നാണ് ഞാൻ കരുതീത്. ത്രേസ്യാമ്മ തലയിൽ കൈവെക്കുന്നു.
അമ്മാവൻ: ഞാൻ മൂന്നാന്റെ വേഷമിട്ടുതന്നെയാ അന്നു വന്നത്. (ഉറക്കെ ചിരിക്കുന്നു. എല്ലാവരും ഒപ്പം ചിരിക്കുന്നുണ്ട്.)
എല്ലാവരും അകത്തേയ്ക്കു കടക്കുന്നു.
ജോസഫേട്ടൻ: (നീരസത്തോടെ) നീയെന്നോട് ഒന്നും പറഞ്ഞില്ലല്ലോ കൊച്ചുത്രേസ്യേ?
ത്രേസ്യാമ്മ: ഞാനത് വിട്ടുപോയി. പിന്നെ പെണ്ണ് തിരുവല്ലായീന്നാന്ന് കേട്ടപ്പൊ..........
ജെസ്സിയുടെ അപ്പൻ: സാരല്യ, അതോണ്ട് ഇപ്പൊ കൊഴപ്പൊന്നുംണ്ടായില്യല്ലൊ.
ത്രേസ്യാമ്മ പരിഭവത്തോടെ ജോസഫേട്ടനെ നോക്കുന്നു. fadets out to.....
സീൻ 6:
സീൻ 6എ:
ഊൺമേശയ്ക്കു ചുറ്റും ഇരുന്ന് പ്രാതൽ കഴിക്കുന്ന രംഗം. ഇവിടെ സംഭാഷണങ്ങൾ നടക്കുന്നുണ്ട്, പക്ഷെ ഉറക്കെയല്ല. ഇടയ്ക്ക് പൊട്ടിച്ചിരികൾ.
ജോസഫേട്ടൻ: അപ്പ ഞങ്ങള് എന്നാ അങ്ങട്ട് വരണ്ടത് പെണ്ണു കാണാൻ?
ജോമോൻ: പെണ്ണിനെ നമ്മള് കണ്ടില്ലെ അപ്പച്ചാ?
എല്ലാവരും ചിരിക്കുന്നു.
ജെസ്സിയുടെ അപ്പൻ: നാളെ 31ന് ഈസ്റ്റർ. അതു കഴിഞ്ഞ് ആ ആഴ്ച്യന്നെ ഒരു ദിവസം നിശ്ചയിക്കാം. ഞാൻ വിളിച്ചു പറയാം. എന്താ?
ജോസഫേട്ടൻ: അത്മതി. ഇവർക്ക് ഒരു മാസത്തെ ലീവല്ലെള്ളു. അതിനെടേല് നടത്തണല്ലൊ. കല്യാണം കഴിഞ്ഞാല് ഒരു പത്തു ദിവസേങ്കിലും അവര് നമ്മടെ ഒപ്പം താമസിക്കണ്ടെ?
ജോമോൻ: അത് ശരി, കല്യാണം കഴിഞ്ഞാല് നിങ്ങടെയൊക്കെ ഒപ്പം താമസിക്കുംന്നാ വിചാരിക്കണത്. ഞങ്ങള് ഹണിമൂണിന് ഊട്ടീലിക്ക് പോവ്വാണ്.
എല്ലാവരും ചിരിക്കുന്നു.........സാവധാനത്തിൽ ഫെയ്ഡൗട്ട് ചെയ്യണം.
സീൻ 6ബി:
അവർ പോകാനുള്ള തയ്യാറെടുപ്പിലാണ്. ജെസ്സി ജോമോനോട് ചേർന്നു നിൽക്കുന്നുണ്ട്. എല്ലാവരു മുറ്റത്തേയ്ക്കിറങ്ങി.
ജെസ്സിയുടെ സൂട്ട്കേസുകൾ ഡ്രൈവർ എടുത്തു ഡിക്കിയിൽ വെക്കുന്നു.
ജോമോൻ: അമ്മച്ചീ, ഞാനിവരുടെ ഒപ്പം ടൗണിലോട്ട് പോട്ടെ, ഇവർക്ക് നമ്മടെ സിറ്റിയൊന്ന് കാണിച്ചു കൊടുക്കാം.
ത്രേസ്യാമ്മ ഒന്നും പറയുന്നില്ല. വലിയ ഇഷ്ടമായിട്ടൊന്നുമില്ല മകന്റെ പെരുമാറ്റം. അതിന്റെയൊക്കെ ആവശ്യമുണ്ടോ എന്ന ഭാവം.
അവർ കാറിൽ കയറുന്നു. അമ്മാവൻ മുമ്പിലും അപ്പനും ജെസ്സിയും ജോമോനും പിന്നിലും കയറുന്നു. കാർ നീങ്ങുന്നു. ജെസ്സി കൈ പുറത്തേയ്ക്കിട്ട് ടാറ്റ പറയുന്നു.
സീൻ 6ഡി:
ത്രേസ്യാമ്മ അകത്ത് മേശയുടെ വലിപ്പു തുറന്ന് എന്തോ പരതുകയാണ്. ജോസഫേട്ടൻ സോഫയിലിരിക്കുന്നു. അന്നത്തെ പത്രം മറിച്ചു നോക്കുകയാണ്.
ത്രേസ്യാമ്മയുടെ തിരച്ചിൽ. അവർ ഒരു കവർ എടുത്ത് തുറന്നു നോക്കുന്നു. വലിപ്പടച്ച് ജോസഫേട്ടന്റെ കയ്യിൽ കൊടുക്കുന്നു.
ത്രേസ്യാമ്മ: ഇതാ ഇതാണ് ജെസ്സീടെ അച്ച അന്ന് തന്ന കുറിപ്പ്. അവർ അതിൽ നിന്ന് ഫോട്ടോ എടുത്ത് ജന

ലിൽ വെളിച്ചത്തിൽ നോക്കുന്നു.
ത്രേസ്യാമ്മ: നല്ല കൊച്ച്.
ജോസഫേട്ടൻ കുറിപ്പ് വായിക്കുകയാണ്. അര മിനുറ്റുകൊണ്ടത് വായിച്ചു തീർന്നു.
ജോസഫേട്ടൻ: കൊച്ചുത്രേസ്യേ, നീ ഇങ്ങട്ടൊന്ന് നോക്ക്.
ത്രേസ്യാമ്മ: എന്തോന്നാ.....?
ജോസഫേട്ടൻ: നീ ഈ കത്ത് അന്ന് എന്നെ കാണിച്ചരുന്നുവെങ്കിലീ പങ്കപ്പാടൊന്നംണ്ടാവില്യായിരുന്നു. കത്തില് വിശദായിട്ട് എഴുതീട്ട്ണ്ട്. ഒരേ ഒരു മകളാ. ധാരാളം സ്വത്തുള്ളവരാണ്. നെന്റെ മോന് മോശൊന്നും പറ്റീട്ടില്ല. അപ്പൊ പറേ എന്താ നീയീ കത്ത് എന്നെ കാണിക്കാതിരുന്നത്?
ത്രേസ്യാമ്മ: (കുറ്റബോധത്തോടെ) അതേയ് പെണ്ണ് തിരുവല്ലായീന്നാന്ന് കേട്ടപ്പൊ വേണ്ടാച്ചു. മാത്രല്ല, നമ്മടെ ജോമോന് ജോലിള്ള പെണ്ണിനെ വേണ്ടാന്നുണ്ടായിരുന്നു എനിക്ക്.
ജോസഫേട്ടൻ: ഇപ്പൊ എന്തായീ? നാലു പേരോട് നീ ജോമോൻ പെണ്ണു കാണാൻ വരുംന്ന് പറഞ്ഞുവെച്ചിട്ട്ണ്ട്. അവരോടൊക്കെ നീതന്നെ സമാധാനം പറഞ്ഞാൽ മതി.
ത്രേസ്യാമ്മ വല്ലാത്തൊരു പ്രതിസന്ധിയിൽ നിൽക്കുന്നു.
ത്രേസ്യാമ്മ: അവരോടൊക്കെ എന്താ പറയ്യാ?
ജോസഫേട്ടൻ: പറയ്, മകൻ സ്വന്തം പെണ്ണന്വേഷിച്ച് കൊണ്ടന്നൂന്ന്. അല്ലാതെന്തു പറയാൻ?
സീൻ 7:
സീൻ 7എ:
സമയം ഏകദേശം പത്ത്, പത്തര. ജോസഫേട്ടൻ സോഫയിലിരിക്കുന്നു. ജോമോൻ പുറത്തുനിന്ന് വരുന്നു.
ജോസഫേട്ടൻ: അവര് പോയോ?
ജോമോൻ പോയി, ഞാനവരെ ഹൈവേയിലാക്കി തിരിച്ചു പോന്നു. ഡ്രൈവർക്ക് ഇവിട്യൊന്നും പരിചയല്യ. (അപ്പന്റെ ഒപ്പം സോഫയിലിരിക്കുന്നു.)
ത്രേസ്യാമ്മ അടുക്കളയിൽ നിന്നു വരുന്നു.
ജോമോൻ: അമ്മച്ചിക്കും അപ്പച്ചനും ഇഷ്ടായോ ജെസ്സീനെ?
ത്രേസ്യാമ്മ: (പരിഭവത്തോടെ) ഞങ്ങൾക്കല്ലല്ലോ, നിനക്കല്ലേ ഇഷ്ടമാവേണ്ടത്? പക്ഷെ നിനക്ക് ഇത് ഞങ്ങളോട് ആദ്യമേ പറയായിരുന്നു. പോട്ടെ സാരംല്ല്യ. നല്ല കുട്ടിയാണ്. (പെട്ടെന്ന് എന്തോ ഓർത്തുകൊണ്ട്) അതാ, ഞാൻ എണ്ണ അട്പ്പത്ത് വെച്ചിട്ടാ വന്നിരിക്കണത്. നെന്റെ ശബ്ദം കേട്ടപ്പൊ ഓടി വന്നതാ....... (തിരിച്ചു പോകുന്നു.)
ജോമോൻ: ഇന്നെന്താ അമ്മച്ചീടെ കുട്ടികളൊന്നും വന്നില്ലേ?
ജോസഫേട്ടൻ: ഇല്ല, ഇന്ന് നെന്റെ അമ്മായിയപ്പനൊക്കെ വരണത് പ്രമാണിച്ച് കൊണ്ടരണ്ടാന്ന് പറഞ്ഞു. ഇനി രണ്ടു ദിവസം കൂട്യല്ലെള്ളു. അമ്മച്ചി അതു നിർത്തുവാണ്.
ജോമോൻ: എന്തേ?
ജോസഫേട്ടൻ: അമ്മച്ചീടെ കാര്യൊക്കെ അങ്ങിനാണ് ജോമോനെ. മുട്ടക്കച്ചോടത്തിലാ തൊടക്കം. ഒരേയൊരു കോഴീനിം വെച്ച്, അതും മാവിൻകൊമ്പില് കയറി മുട്ടയിടണ കോഴി, ഒരു കോളനീല് ആവശ്യംള്ള മുട്ട മുഴുവൻ കൊടുക്കാൻ നോക്കീതാ. കർത്താവ് പണ്ട് ഒരപ്പംകൊണ്ട് അയ്യായിരം പേരെ തീറ്റിയിട്ടുണ്ട്. നിന്റെ അമ്മച്ചി വിചാരിച്ചാൽ നടക്കുമോ അത്? പിന്നെ തൊടങ്ങീത് വീഡിയോ ബിസിനസ്സാ, അതും പൊളിഞ്ഞു.
ജോമോൻ: അതെങ്ങനെ പൊളിഞ്ഞു? അന്ന് ഞാൻ കണ്ടപ്പൊ നെറയെ പെണ്ണുങ്ങള് വന്നിരുന്നല്ലൊ.
ജോസഫേട്ടൻ: (കുറച്ചൊന്നു ചമ്മിയ മുഖത്തോടെ) അത് അങ്ങിനീം ഇങ്ങനീം ആയി നിന്നു. പിന്നെ തൊടങ്ങീതാ പ്ലേസ്കൂള്. അത് വലിയ കൊഴപ്പംല്യാതെ കൊണ്ടു നടന്നിരുന്നതാ. ലാഭൊന്നുംല്ല്യ. പിന്നെ പകല് പിള്ളാര്ടെ കളി കണ്ട് സമയം പോണതറിയില്ല. ഇപ്പോ പാറുകുട്ടി പോയപ്പോ അതും നിർത്തേണ്ടിവന്നിരിക്ക്യാണ്. ഈ ഒന്നാന്തി നിർത്തും. ഞാൻ പറയ്ണ്ണ്ട് ഇനി ഒരു ബിസിനസ്സും തൊടങ്ങണ്ടാന്ന്. ഇനി ഒന്നിനുംല്ല്യാന്നൊക്കെ ഇപ്പോ പറയ്ണ്ണ്ട്. എത്രകാലം ഒതുങ്ങിയിരിക്കുംന്ന് കർത്താവിനറിയാം.
അവസാനത്തെ ഭാഗം കേട്ടുകൊണ്ട് ത്രേസ്യാമ്മ വരുന്നു. അവർ അടുത്ത ഒറ്റ സോഫയിലിരിക്കുന്നു.
ത്രേസ്യാമ്മ: ഇല്ലില്ല. ഇനി ബിസിനസ്സിനൊന്നും ഞാനില്ല. എനിക്കേയ് വയസ്സായിത്തൊടങ്ങീരിക്കുണു. അവര് പറഞ്ഞു. ഇനി ഒരു ഭാഗത്ത് ഇരിക്കാമ്പോവ്വാ. ബിസിനസ്സിന്ന് മാത്രല്ല, മറ്റുള്ളോരടെ കാര്യത്തിലൊന്നും ഞാനിനി തലയിടാൻ പോണില്ല. പോയേടത്തൊക്കെ പ്രശ്നങ്ങളുണ്ടായിട്ട്ണ്ട്.
ജോസഫേട്ടൻ: ഈ കുമ്പസാരം നേർത്തെ വരണ്ടതായിരുന്നു. അപ്പൊ കൊറേ പ്രശ്നങ്ങളൊഴിവാക്കായിരുന്നു.
ത്രേസ്യാമ്മ: ശര്യാണ്.
ജോസഫേട്ടൻ: ജോമോനെ ആദ്യായിട്ടാണ് നെന്റെ അമ്മച്ചി ഞാൻ പറഞ്ഞൊരു കാര്യം ശരിയാണ്ന്ന് പറയണ്ത്.

ജോമോൻ: (ചിരിക്കുന്നു.) അമ്മച്ചീ.........!

ത്രേസ്യാമ്മ: ശര്യാണ്. ഇനി ഞാനൊരു ബിസിനസ്സിനും ഇല്ല്യാന്ന് അന്തോണിയോസ് പുണ്യാളനെ പിടിച്ച് ആണ യിട്ടിട്ട്ണ്ട്.

ജോസഫേട്ടൻ: കർത്താവ് രക്ഷിക്കട്ടെ. ആരെ അന്തോണിയോസ് പുണ്യാളനെ?

ജോമോൻ ചിരിച്ചുകൊണ്ട് എഴുന്നേൽക്കുന്നു. അകത്തു പോയി ഉടനെ പുറത്തു വരുന്നു. വരുമ്പോൾ കയ്യി ലൊരു വീഡിയോ ക്യാമറയുണ്ട്. അതുമായി അവൻ അങ്ങോട്ടുമിങ്ങോട്ടും നടക്കുന്നു. ത്രേസ്യാമ്മയക്കും ജോസഫേട്ടനും മുഴുവൻ പിടി കിട്ടുന്നില്ല. ഒന്നു രണ്ടു മിനുറ്റ് അതുമായി നടന്നശേഷം അവൻ ടിവി ഓണാ ക്കുന്നു. വിസിയാറിൽ കാസറ്റിടുന്നു. ടിവിയിൽ ജോസഫേട്ടന്റെയും ത്രേസ്യാമ്മയുടെയും ചലിക്കുന്ന ചിത്ര ങ്ങൾ വരുന്നു.

ത്രേസ്യാമ്മ അന്തംവിട്ട് നിൽക്കുന്നു. ജോസഫേട്ടന് അദ്ഭുതമൊന്നുമില്ല.

ജോസഫേട്ടൻ: ഇവൻ ഫോട്ടോ എടുക്കാണ്ന്ന് അറിഞ്ഞാ കൊറച്ച് പെർഫ്യുമടിക്കായിരുന്നു.

ജോമോൻ (ചിരിക്കുന്നു): ശര്യാണ്. ന്നാ വീഡിയോവിന് നല്ല വാസനണ്ടാവ്വായിരുന്നു.

ത്രേസ്യാമ്മ ജോമോൻ മേശപ്പുറത്ത് വെച്ച ക്യാമറ എടുത്ത് തിരിച്ചും മറിച്ചു നോക്കുന്നു. മുഖത്ത് അദ്ഭുത ഭാവം തന്നെ.

ത്രേസ്യാമ്മ: ജോമോനെ, ഇതോണ്ട് കല്യാണങ്ങളൊക്കെ എടുക്കാൻ പറ്റില്ലേ?

ജോമോൻ: വേണെങ്കിലെടുക്കാം.

ത്രേസ്യാമ്മ (ആലോചിക്കുകയാണ്. അതിന്റെ അന്ത്യത്തിൽ) എടാ ജോമോനെ, നീയ് ഒരു കാര്യം ചെയ്യണം.

ജോമോൻ: എന്തു കാര്യം അമ്മച്ചീ?

ത്രേസ്യാമ്മ: നീയ് എനിക്ക് ഈ സാധനം ഒന്ന് പഠിപ്പിച്ചു തരണം.

ജോമോൻ: എന്തിനാ അമ്മച്ചീ ഇതു പഠിക്കണത്? ഞാനിത് തിരിച്ചു കൊണ്ടുപോണംന്ന് കരുതീതാ.

ത്രേസ്യാമ്മ: വേണ്ട, ജോമോനെ. അതെനിക്ക് വേണം. കോളനീല് ഒന്നുരണ്ടു കല്യാണങ്ങള് അടുത്ത്തന്നെ വര്ണ്ണ്ട്. ഞാനിതൊരു ബിസിനസ്സാക്കാൻ പോവ്വാ!

ജോസഫേട്ടൻ: (തലയിൽ കൈവെച്ചു കൊണ്ട്) എന്റെ കർത്താവേ!

ജോമോൻ ചിരിക്കുന്നു......

fade out.

**End of Part II**
**Episode 13**

BACK TO INDEX